مليباري

# ഇസ്
# ലാമിക
# പാഠങ്ങൾ

ഡോ.
മുഹമ്മദ് ബിൻ സുലൈമാൻ
അൽഅശ്കർ

ISBN : 978-603-90233-9-5

www.tafseer.info

# ആമുഖം

സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അവൻെറ രക്ഷയും സമാധാനവും തിരുദൂതനായ മുഹമ്മദ് നബി ﷺ യിൽ വർഷിക്കുമാറാകട്ടെ.

മുസ്‌ലിം സഹോദരാ, സഹോദരി, അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. നാല് കാര്യങ്ങൾ നാം അറിയൽ അനിവാര്യമാണ്.

**❶ - ജ്ഞാനം.** അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും അവൻെറ മതമായ ഇസ്‌ലാമിനെയും അറിയുകയാണത്. അറിവില്ലാതെ അല്ലാഹുവിനെ ആരാധിക്കാവ തല്ലല്ലോ. അങ്ങനെ ചെയ്താൽ അവൻ വഴിപിഴച്ചുപോകുന്നതാണ്. അതാണ് ക്രിസ് ത്യാനികൾക്ക് സംഭവിച്ചത്.

**❷ - കർമ്മം.** അറിവനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അവൻ ജൂതരോട് സമാനമായി. കാരണം അവർ അപ്രകാരമായിരുന്നു. അജ്ഞത മുഖേന അല്ലാഹുവിൻെറ അടുക്കൽ രക്ഷപ്പെടാൻ സാധിച്ചേക്കുമെന്ന തോന്നലുണ്ടാക്കി അറിവിൽ നിന്ന് അകറ്റുകയാണ് പിശാചിൻെറ കുതന്ത്രം. പഠിക്കാൻ സൗകര്യമുണ്ടായിട്ടും പഠിക്കാതിരിക്കുന്നത് കുററമാണ്. (തങ്ങളുടെ ചെവികളിൽ വിരലുകൾ വെക്കുകയും അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും) ചെയ്തുകൊണ്ട് നൂഹ് നബി عليه السلام യുടെ ജനത ആ കുതന്ത്രം പ്രയോഗിച്ചെങ്കിലും രക്ഷപ്പെട്ടില്ല.

**❸ - പ്രബോധനം ചെയ്യുക.** കാരണം പണ്ഡിതന്മാരും പ്രബോധകരും നബിമാരുടെ അനന്തരാവകാശികളാണ്. ഇസ്രാഈല്യരെ അല്ലാഹു ഇങ്ങനെ ആക്ഷേപിച്ചു: "അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ പരസ്പരം തടയുമായിരുന്നില്ല. അവർ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്ത. (മാഇദ: 79)

പ്രബോധനവും അദ്ധ്യാപനവും സാമൂഹ്യ ബാധ്യതയാണ്. അത് മതിയാവുന്നത്ര ആളുകൾ നിർവ്വഹിക്കുന്നെങ്കിൽ മററുള്ളവർ കുററക്കാരാവുകയില്ല. എന്നാൽ അത് എല്ലാവരും ഉപേക്ഷിച്ചാൽ എല്ലാവരും കുററക്കാരാവുകയും ചെയ്യും.

**❹ - ക്ഷമ പാലിക്കണം.** വിജ്ഞാനസമ്പാദനത്തിനും അത് കർമ്മജീവിതത്തിൽ പകർ ത്തുന്നതിനും അത് പ്രബോധനം ചെയ്യുന്നതിനും ത്യാഗവും ക്ഷമയും വേണം.

✱ അജ്ഞതയുടെ വിപാടനത്തിലും സ്വീകാര്യമായ നബി ﷺ വചനങ്ങൾ അവലംബിച്ച് അനിവാര്യജ്ഞാനം ലളിതമായി അവതരിപ്പിക്കുന്നതിലുമുള്ള ചെറിയ ശ്രമമാണ് ഈ ഗ്രന്ഥം. മതപരമായ സാമാന്യജ്ഞാനം ഇതിൽ സംക്ഷേപിച്ചിട്ടുണ്ട്.

എന്നാൽ ഇതിൽ പരിപൂർണ്ണത പ്രാപിച്ചുവെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും എളിയവൻെറ അദ്ധ്വാ നം മാത്രമായി കാണുക. ഇതിലെ ശരികൾ അല്ലാഹുവിൽ നിന്നും അബദ്ധം നമ്മുടേതും പിശാചിൻേറതുമാണ്. അല്ലാഹുവും റസൂലും അതിൽ നിന്നൊഴിവാണ്. ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നവരെ അല്ലാഹു അനുഗ്രഹിക്കട്ടെ. ഇതിൻെറ പ്രസി ദ്ധീകരണത്തിലും പ്രചരണത്തിലും പഠനത്തിലും പങ്കുവഹിക്കുന്ന സർവ്വർക്കും അല്ലാ ഹു ഇരട്ടിയായി പ്രതിഫലം നൽകട്ടെ. രചയിതാവ്

*വിവർത്തനകുറിപ്പ്:* പ്രസിദ്ധ പണ്ഡിതൻ മുഹമ്മദ് ബിൻസുലയ്മാൻ അൽഅശ്കർ രചിച്ച സുബ്ദത്തുത്തഫ്സീർ എന്ന ഗ്രന്ഥത്തിലെ അവസാന ഭാഗത്തെ അഹ്കാമുൻ തഹുമ്മുൽ മുസ്‌ലിം എന്നതിൻെറ വിവർത്തനമാണിത്. ഇത് ലളിതവും പദാനുപദവുമാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ ആശയാനുവാദം നടത്തിയിട്ടുണ്ട്. വിക്ഷണ വ്യത്യാസമുള്ള വിഷയത്തിലെ അഭിപ്രായം ഗ്രന്ഥകാരൻെറതാണെന്ന് ഉണർത്തുന്നു. തജ്‌വീദ് ഒഴിവാക്കിയിട്ടുണ്ട്. സാമാന്യമായി പുതുമയോടെ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥം ഉപകരിക്കുന്ന സൽകർമ്മമായി അല്ലാഹു സ്വീകരിക്കട്ടെ. പ്രാർത്ഥനയോടെ, വിവർത്തകൻ.


| | | |
|---|---|---|
| ഈ ഗ്രന്ഥം സൗജന്യ വിതരണത്തിനുള്ളതാണ് വിൽകാൻ പാടുള്ളതല്ല. | ആദ്യ പ്രിൻറ് ഹിജ്റ 1432 ശവ്വാലിൽ | ഇസ്‌ലാമിക ലോകത്തുള്ള പണ്ഡിതന്മാരും വിദ്യാർത്ഥികളും ഈ ഗ്രന്ഥത്തെ അഭിനന്ദിച്ചിക്കുണ്ട |
| ഇതിൽ പങ്കാളികളാകാനോ, സംഭാവന ചെയ്യാനോ, ഈ പുസ്തകത്തിനോ, കൂടുതൽ വിവരങ്ങളറിയാനോ ആഗ്രഹിക്കുന്നവർ www.tafseer.info എന്ന സൈററിൽ ബന്ധപ്പെടുക E-mail : mel@tafseer.info | | |

# ഉള്ളടക്കം


| | | |
|---|---|---|
| | ഖുർആൻ പാരായണത്തിൻെറ മഹത്വം | 2 |
| 1 | **വിശുദ്ധ ഖുർആൻ:** അവസാന മൂന്ന് ജുസുഅ് പരിഭാഷ | 5 |
| 2 | മുസ്ലിമിൻെറ ജീവിതത്തിലെ ചില സുപ്രധാന ചോദ്യങ്ങൾ | 68 |
| 3 | മനസ്സിന്റെ പ്രവർത്തനങ്ങൾ | 87 |
| 4 | ശാന്തമായ ഒരു അഭിമുഖം | 101 |
| 5 | ലാ ഇലാഹ ഇല്ലല്ലാഹു | 119 |
| 6 | മുഹമ്മദ് റസൂലുല്ലാഹി | 121 |
| 7 | ശുദ്ധി | 123 |
| 8 | ആർത്തവത്തിൻെറ വിധികൾ | 129 |
| 9 | നിഫാസ്- പ്രസവം നിമിത്തം പുറപ്പെടുന്ന രക്തം | 130 |
| 10 | മുസ്‌ലിം സ്ത്രീ | 131 |
| 11 | നമസ്കാരം | 136 |
| 12 | സകാത്ത് | 143 |
| 13 | വ്രതം | 146 |
| 14 | ഹജ്ജും ഉംറയും | 149 |
| 15 | ഗുണ പാഠങ്ങൾ | 155 |
| 16 | അനുവദിക്കപ്പെട്ട മന്ത്രം | 161 |
| 17 | പ്രാർത്ഥന | 170 |
| 18 | മന:പാഠമാക്കേണ്ട സുപ്രധാന പ്രാർത്ഥനകൾ: | 172 |
| 19 | ലാഭകരമായ കച്ചവടം | 179 |
| 20 | പ്രഭാതത്തിലും വൈകുന്നേരവുമുള്ള ദിക്റുകൾ | 181 |
| 21 | മഹത്തായ പ്രതിഫലമുള്ള വചനങ്ങളും കർമ്മങ്ങളും | 184 |
| 22 | വിരോധിക്കപ്പെട്ട കാര്യങ്ങൾ | 192 |
| 23 | ശാശ്വത യാത്ര | 197 |
| 24 | വുദൂവിൻെറ രൂപം | |
| 25 | നമസ്കാരത്തിൻെറ രൂപം | |
| 26 | അറിവും കർമ്മവും | |

# ഖുർആൻ പാരായണത്തിൻെറ മഹത്വം

ഖുർആൻ അല്ലാഹുവിൻെറ വചനമാണ്. മററു വചനങ്ങളെക്കാൾ അതിൻെറ ശ്രേഷ്ടത സൃഷ്ടികളേക്കാൾ അല്ലാഹൂവിൻെറ ശ്രേഷ്ടത പോലെയാണ്. നാക്കുച്ചരിക്കുന്നതിലേററവും ശ്രേഷ്ടമായത് ഖുർആൻ പാരായണമാണ്.

**✷ഖുർആൻ പഠനവും പഠിപ്പിക്കലും പാരായണവും** പഠിപ്പിക്കുന്നതിൻെറ പ്രതിഫലം : നബി ﷺ പറഞ്ഞു. നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്.(ബുഖാരി) പാരായണത്തതിൻെറ പ്രതിഫലം: നബി ﷺ പറഞ്ഞു: അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ നിന്നൊരക്ഷരം വല്ലവനും പാരായണം ചെയ്താൽ അവനതിന് ഒരു നന്മയുണ്ട്. ഒരോ നന്മക്കും പത്തിരട്ടി പ്രതിഫലവുമുണ്ട്(തുർമുതി) ഖുർആൻ പഠിപ്പിക്കുകയും മനപ്പാഠമാക്കുകയും നൈപുണ്യം നേടുകയും ചെയ്യുന്നതിൻെറ മഹത്വം: നബി ﷺ പറഞ്ഞു: ഖുർആൻ മനപ്പാഠമാക്കുന്നവനായിക്കൊണ്ട് പാരായണം ചെയ്യുന്നവൻെറ ഉപമ പുണ്യവാൻമാരും മാന്യരുമായ മലക്കുകളോടൊപ്പമാണ് അവൻെറ സ്ഥാനം. പ്രയാസപ്പെട്ട് കൊണ്ട് ശ്രദ്ധാപൂർവ്വം ഖുർആൻ പാരായണം ചെയ്യുന്നവൻെറ ഉപമ അവന് രണ്ടിരട്ടി പ്രതിഫലമുണ്ട്.(ബുഖാരി, മുസ്ലിം). നബി ﷺ പറഞ്ഞു: ഖുർആൻ ഓതിയവനോട് പറയപെടും. നീ ഇഹലോകത്ത് വെച്ച് സാവകാശം ഓതിയത് പോലെ ഓതുകയും കയറി പോവുകയും ചെയ്യുക. നീ ഓതിയിട്ട് അവസാന ആയത്ത് തീരുന്നിടത്താണ് സ്വർഗത്തിലെ നിൻെറ സ്ഥാനം. (ബുഖാരി) ഖത്വാബീ ﷺ പറഞ്ഞു; ഖുർആനിലെ ആയത്തുകളുടെ എണ്ണം സ്വർഗത്തിൽ പദവികൾക്ക് സമാനമാണ്. അതിനാൽ ഖുർആൻ മുഴുവൻ ഓതുന്നവന് സ്വർഗത്തിലെ പദവികൾ പൂർണ്ണമായും ലഭിക്കും. അതിൽ നിന്ന് ഒരു ഭാഗം ഓതുന്നവൻ തദനുസൃതമായി പടവുകൾ കയറി പോകുന്നതാണ്. അപ്പോൾ ഖുർആൻ ഓതിത്തീരുന്നിടത്ത് പ്രതിഫലം അവസാനിക്കുന്നതാണ്.

**✷സന്താനങ്ങൾ ഖുർആൻ പഠിച്ചാലുള്ള പ്രതിഫലം** നബി ﷺ പറഞ്ഞു ; ആരെങ്കിലും ഖുർആൻ ഓതുകയും പഠിക്കുകയും അതനുസരിച്ചു പ്രവർത്തിക്കു കയും ചെയ്താൽ അന്ത്യനാളിൽ അവൻെറ മാതാപിതാക്കൾക്ക് സൂര്യനെ പോലെ തിളക്കമുള്ള പ്രകാശത്തിൻെറ കിരീടം അണിയിക്കപ്പെടും. കൂടാതെ അവൻെറ മാതാപിതാക്കളെ രണ്ട് വസ്ത്രം ധരിപ്പിക്കും. അതിൻെറ വിലയോട് ഇഹലോകം തുല്ല്യമാവുകയില്ല. അപ്പോൾ അവർ ചോദിക്കും: ഇത് ഞങ്ങൾക്ക് അണിയിക്കപ്പെട്ടത് എന്ത് കൊണ്ടാണ്? അപ്പോൾ പറയപ്പെടും: നിങ്ങളുടെ സന്താനം ഖുർആൻ പഠിച്ചതിനാലാണത്. (ഹാക്കിം)

**✷ഖുർആൻ പരലോകത്ത് ശുപാർശ ചെയ്യുന്നു.**

നബി ﷺ പറഞ്ഞു; നിങ്ങൾ ഖുർആൻ ഓതുക. ഉയർത്തെഴുന്നേൽപ്പ് ദിവസം അതിൻെറ ആളുകൾക്ക് വേണ്ടി അത് ശുപാർശക്കായി വരുന്നതാണ്. (മുസ്ലിം) നബി ﷺ പറഞ്ഞു; ഖുർആനും വ്രതവും ഖിയാമത്ത് നാളിൽ അടിമക്ക് വേണ്ടി ശുപാർശ ചെയ്യുന്നതാണ്. (അഹമദ്) ഖുർആൻ പാരായണത്തിനും പഠനത്തിനും വേണ്ടി ഒരുമിച്ചുകൂടുന്നതിൻെറ പ്രതിഫലം. നബി ﷺ പറഞ്ഞു; അല്ലാഹുവിൻെറ ഭവനങ്ങളിലൊന്നിൽ ആളുകൾ ഒരുമിച്ചുകൂടി ഖുർആൻ ഓതുകയും

പഠിക്കുകയും ചെയ്താൽ അവർക്ക് ശാന്തി വർഷിക്കുകയും കാരുണ്യം അവരെ പൊതിയുകയും മലക്കുകൾ അവരുടെ ചുററും കൂടുകയും അല്ലാഹു അവരെ കുറിച്ച് അവൻെറ അടുക്കലുള്ളവരോട് പ്രശംസിച്ചു പറയുകയും ചെയ്യാതിരിക്കില്ല. (അബുദാവൂദ്)

✸**പരായണമര്യാദകൾ** ഇബ്നു കസീർ ﵀ പറഞ്ഞു: മര്യാദകളിൽ ചിലത്: ശുദ്ധിയോടെ അല്ലാതെ ഖുർആൻ സ്പർശിക്കുകയും ഓതുകയും ചെയ്യാതിരുക്കുക. ഓതുന്നതിന് മുമ്പ് ദന്തശുദ്ധി വരുത്തുക. നല്ല വസ്ത്രം ധരിക്കുക. ഖിബിലക്ക് നേരേ തിരിയുക. കോട്ടുവായിടുമ്പോൾ ഓത്ത് നിർത്തുക. ആവശ്യമില്ലാതെ സംസാരിച്ചു കൊണ്ട് ഓത്ത് മുറിക്കാതിരിക്കുക. മനസ്സാന്നിദ്ധ്യമുള്ളവനായിരിക്കുക. വാഗ്ദാനത്തിൻെറ ആയത്തോതുമ്പോൾ അത് ചോദിക്കുകയും. താക്കീതിൻെറ ആയത്തോതുമ്പോൾ അതിൽ നിന്ന് അഭയം തേടുകയും ചെയ്യുക. മുസ്ഹഫ് മലർക്കെനിവർത്തി വെക്കാതിരിക്കുക. അതിൻെറ മേലെ മററൊരു വസ്തുവും വെക്കാതിരിക്കുക. ഓതുന്നവർ പരസ്പരം ശബ്ദം ഉച്ചത്തിലാക്കാതിരിക്കുക. അങ്ങാടികളിലും ബഹളമുള്ളിടത്തും വെച്ച് ഓതാതിരിക്കുക.

✸**ഓതേണ്ടതെങ്ങനെ?**__നബി ﷺ യുടെ ഓത്തിനെ പററി അനസ് ﵁ വിനോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: അവിടന്ന് നീട്ടി ഓതുമായിരുന്നു. ബിസ്മില്ലാഹി റഹ്മാനി റഹീം ഓതുമ്പോൾ ബിസ്മില്ലാഹി നീട്ടും. അർറഹ്മാൻ നീട്ടും. അർറഹീം നീട്ടും. (ബുഖാരി)

✸**പ്രതിഫലം ഇരട്ടിപ്പിക്കൽ** അല്ലാഹുവിൻെറ പ്രീതികാംക്ഷിച്ച് നിഷ്ക്കളങ്കമായി ഖുർആൻ പാരായണം ചെയ്യുന്ന എല്ലാവർക്കും പ്രതിഫലമുണ്ട്. പക്ഷേ മനസാന്നിദ്ധ്യത്തോടെയും ആശയം മനസിലാക്കിയും ചിന്തിച്ചും കൊണ്ടാണ് ഓതുന്നതെങ്കിൽ പ്രതിഫലം ഇരട്ടിപ്പിക്കപ്പെടും. ഒരോ അക്ഷരത്തിന്നും 10 മുതൽ. 700 ഇരട്ടി വരെ പ്രതിഫലം വർദ്ധിപ്പിക്കപ്പെടുന്നതാണ്. നബി ﷺ യുടെ സ്വഹാബികൾ എല്ലാ ദിവസവും ഖുർആനോതും. എന്നാൽ ഏഴ് ദിവസത്തേക്കാൾ കുറഞ്ഞ സമയത്തിൽ ഖുർആൻ മുഴുവൻ ഓതുന്ന പതിവ് അവർക്കുണ്ടായിരുന്നില്ല. മാത്രമല്ല മൂന്ന് ദിവസത്തേക്കാൾ കുറഞ്ഞ സമയം കൊണ്ട് അത് മുഴുവൻ ഓതിത്തീർക്കുന്നത് വിരോധിച്ചിട്ടുമുണ്ട്.

**സഹോദരാ,** ഖുർആനോതാൻ സമയം കണ്ടെത്തുക. എന്ത് പ്രശ്നമുണ്ടായാലും അത് എല്ലാ ദിവസവും ഓതുക. കൂടുതൽ പാരായണം ചെയ്ത് ഉപേക്ഷിക്കുന്നതിനെക്കാൾ നല്ലത് നിത്യവും അല്പം ഓതലാണ്. അശ്രദ്ധയോ ഉറക്കമോ കൊണ്ട് നഷ്ടപ്പെട്ടാൽ അടുത്ത ദിവസം അത് വീണ്ടെടുക്കുക. നബി ﷺ പറഞ്ഞു; വല്ലവനും ഉറങ്ങിപോയതിനാൽ ഓതേണ്ട ഭാഗമോ അതിൽ നിന്ന് വല്ലതുമോ പാരായണം ചെയ്യാതെ ഉറങ്ങി പിന്നീട് സുബഹിയുടെയും ദുഹ്റിൻെറയും ഇടയിൽ അത് ഓതിയാൽ രാത്രി പാരായണം ചെയ്തത് പോലെയാകുന്നതാണ്. (മുസ്ലിം) ഖുർആൻ പാരായണം, സാവകാശം നന്നാക്കി ഓതൽ, അതിൽ ചിന്തിക്കൽ, അതനുസരിച്ചു പ്രവർത്തിക്കൽ, അതിലൂടെ ശമനം തേടൽ എന്നീ കാര്യങ്ങളൊന്നും ഉപേക്ഷ വരുത്തി ഖുർആനെ വിസ്മരിക്കുന്നവരിൽ താങ്കളാവരുത്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾
ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾ ٱلرَّحْمَٰنِ
ٱلرَّحِيمِ ﴿٣﴾ مَٰلِكِ يَوْمِ ٱلدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ
نَسْتَعِينُ ﴿٥﴾ ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿٦﴾
صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ
عَلَيْهِمْ وَلَا ٱلضَّآلِّينَ ﴿٧﴾

## ഫാത്വിഹഃ (പ്രാരംഭം)

### അദ്ധ്യായം1

(1) പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.
(2) സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.
(3) (4) പരമകാരുണികനും കരുണാനിധിയും, പ്രതിഫലദിവസത്തിൻെറ ഉടമസ്ഥനുമായ (അല്ലാഹുവിന്).
(5) നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു.[1]
(6) (7) ഞങ്ങളെ നീ നേർമാർഗ്ഗത്തചന്റ [2] അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർ
ക്കേണമേ. കോപത്തിനിരയായവരുടെ മാർഗ്ഗത്തിലല്ല.[3] പിഴച്ചുപോയവരുടെ മാർഗ്ഗത്തിലു മല്ല.

---

1 ആരാധനയും സഹായാഭ്യർത്ഥനയും അഭേദ്യമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. മനുഷ്യർ വിവിധ വ്യക്തികളെയും ശക്തികളെയും ആരാധിച്ചുപോന്നിട്ടുള്ളത് ആരാധ്യനിൽ നിന്ന് അഭൗതികമായ രീതിയിൽ സഹായം ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. പ്രപഞ്ചനാഥ നല്ലാത്ത ആരിൽ നിന്ന് അഭൗതികമായ സഹായം പ്രതീക്ഷിക്കുന്നതും അതിനായി പ്രാർത്ഥിക്കുന്നതും ഇസ്‌ലാം പഠിപ്പിക്കുന്ന ഏകദൈവത്വ ത്തിന് വിരുദ്ധമത്രെ.

2 നിഷ്ക്കളങ്കമായ ഏകദൈവാരാധനയുടെ മാർഗ്ഗത്തിൽ, അല്ലാഹുവോട് നേരിട്ടുള്ള പ്രാർത്ഥനയുടെ മാർഗ്ഗത്തിൽ, അഥവാ പ്രവാച കന്മാരും സജ്ജനങ്ങളും പിന്തുടർന്ന കളങ്കമില്ലാത്ത തൗഹീദിൻെറ മാർഗ്ഗത്തിൽ ഞങ്ങളെ നീ ചേർക്കേണമേ എന്നർത്ഥം.

3 'കോപത്തിന്നിരയായവർ' എന്ന പദത്തിൻെറ പരിധിയിൽ അവിശ്വാസവും സത്യനിഷേധവും മർക്കടമുഷ്ടിയും കൈക്കൊണ്ട എല്ലാവരും ഉൾപ്പെടുമെങ്കിലും ഇവിടെ പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, വേദഗ്രന്ഥത്തിൻെറ വാഹകരാണെന്നതിൽ അഭിമാനം കൊള്ളുന്നതോടൊപ്പം സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി വേദവാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്തത് നിമിത്തം അല്ലാഹുവിൻെറ കോപത്തിന് ഇരയായ യഹൂദരാണ്. ഈ നിലപാട് സ്വീകരിക്കുന്ന ഏത് സമുദായക്കാരുടെ അവസ്ഥയും ഇതുപോലെത്തന്നെ. പിഴച്ചുപോയവർ എന്നതുകൊണ്ട് ഇവിടെ പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് യേശുക്രിസ്തുവെ ദൈവപുത്രനാക്കുകയും പൗരോഹിത്യത്തെ മതത്തിൻെറ അടിത്തറയാക്കുകയും ചെയ്ത ക്രിസ്ത്യാനികളാണ്. ദൈവികസന്ദേശം ലഭിച്ചിട്ട് അതിൽ നിന്ന് വ്യതിചലിച്ചുപോയ ഏതു സമുദായക്കാരും വഴിപിഴച്ച കൂട്ടത്തിൽതന്നെ.

## മുജാദിലഃ
## (തർക്കിക്കുന്നവൾ)
### അദ്ധ്യായം 58

سُورَةُ المُجَادلَةِ
آياتها ٢٢ — ترتيبها ٥٨

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِي تُجَٰدِلُكَ فِي زَوْجِهَا وَتَشْتَكِيٓ إِلَى ٱللَّهِ
وَٱللَّهُ يَسْمَعُ تَحَاوُرَكُمَآۚ إِنَّ ٱللَّهَ سَمِيعُۢ بَصِيرٌ ١ ٱلَّذِينَ يُظَٰهِرُونَ
مِنكُم مِّن نِّسَآئِهِم مَّا هُنَّ أُمَّهَٰتِهِمْۖ إِنْ أُمَّهَٰتُهُمْ إِلَّا ٱلَّٰٓـِٔي
وَلَدْنَهُمْۚ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ ٱلْقَوْلِ وَزُورًاۚ وَإِنَّ
ٱللَّهَ لَعَفُوٌّ غَفُورٌ ٢ وَٱلَّذِينَ يُظَٰهِرُونَ مِن نِّسَآئِهِمْ ثُمَّ يَعُودُونَ
لِمَا قَالُواْ فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن يَتَمَآسَّاۚ ذَٰلِكُمْ تُوعَظُونَ
بِهِۦۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ٣ فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ
مُتَتَابِعَيْنِ مِن قَبْلِ أَن يَتَمَآسَّاۖ فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ
مِسْكِينًاۚ ذَٰلِكَ لِتُؤْمِنُواْ بِٱللَّهِ وَرَسُولِهِۦۚ وَتِلْكَ حُدُودُ ٱللَّهِۗ
وَلِلْكَٰفِرِينَ عَذَابٌ أَلِيمٌ ٤ إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥ كُبِتُواْ
كَمَا كُبِتَ ٱلَّذِينَ مِن قَبْلِهِمْۚ وَقَدْ أَنزَلْنَآ ءَايَٰتٍۭ بَيِّنَٰتٍۚ وَلِلْكَٰفِرِينَ
عَذَابٌ مُّهِينٌ ٥ يَوْمَ يَبْعَثُهُمُ ٱللَّهُ جَمِيعًا فَيُنَبِّئُهُم بِمَا
عَمِلُوٓاْۚ أَحْصَىٰهُ ٱللَّهُ وَنَسُوهُۚ وَٱللَّهُ عَلَىٰ كُلِّ شَيْءٍ شَهِيدٌ ٦

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 (നബിയേ,) തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടു പേരുടെയും സംഭാഷണം കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കു ന്നവനും കാണുന്നവനുമാകുന്നു.

2 നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ[1] (അബദ്ധമാകുന്നു ചെയ്യുന്നത്.) അവർ (ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ മറ്റാരുമല്ല. തീർച്ചയായും അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത്. തീർച്ചയായും അല്ലാഹു അധികം മാപ്പു നൽകുന്നവനും പൊറുക്കുന്നവ നുമാണ്.

3 തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽ നിന്ന് മടങ്ങുകയും ചെയ്യുന്നവർ, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്.[2] അത് നിങ്ങൾക്ക് നൽക പ്പെടുന്ന ഉപദേശമാണ്. അല്ലാഹു നിങ്ങൾ പ്രവർത്തി ക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.

4 ഇനി വല്ലവനും (അടിമയെ) ലഭിക്കാത്തപക്ഷം, അവർ പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി തുടർച്ചയായി രണ്ടു മാസക്കാലം നോമ്പനു ഷ്ഠിക്കേണ്ടതാണ്. വല്ലവന്നും (അത്) സാധ്യമാകാ ത്തപക്ഷം അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്. അത് അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കുവാൻ വേണ്ടിയത്രെ. അവ അല്ലാഹുവിന്റെ പരിധികളാകുന്നു. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്.

5 തീർച്ചയായും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർത്തു കൊണ്ടിരിക്കുന്നവർ അവരുടെ മുമ്പുള്ളവർ വഷളാക്കപ്പെട്ടതു പോലെ വഷളാക്കപ്പെടുന്നതാണ്. സുവ്യക്തമായ പല തെളിവുകളും നാം അവതരിപ്പിച്ചിട്ടുണ്ട്. സത്യനിഷേധികൾക്ക് അപമാനകരമായ ശിക്ഷയുമുണ്ട്.

6 അല്ലാഹു അവരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കുകയും, എന്നിട്ട് അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ വിവരമറിയിക്കുകയും ചെയ്യുന്ന ദിവസം. അല്ലാഹു അത് തിട്ടപ്പെടുത്തുകയും അവരത് മറന്നു പോകുകയും ചെയ്തു. അല്ലാഹു ഏതു കാര്യത്തിനും സാക്ഷിയാകുന്നു.

7 ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുണ്ടെന്ന് നീ കാണുന്നില്ലേ? മൂന്നു പേർ തമ്മിലുള്ള യാതൊരു രഹസ്യസംഭാഷണവും അവൻ (അല്ലാഹു) അവർക്കു നാലാമനായിക്കൊ

---

1 റസൂലി (സ) ന്റെ കാലത്ത് അറബികൾക്കി77 ടയിൽ നിലവിലു ണ്ടായിരുന്ന ഒരു ദുരാചാരമാണ് 'ളിഹാർ'. 'ഇനിമേൽ നീയു മായുള്ള ലൈംഗിക ബന്ധം എനിക്ക് എന്റെ മാതാവുമായുള്ള ലൈംഗികബന്ധം പോലെ നിഷിദ്ധമാകുന്നു' എന്ന് പ്രഖ്യാപിച്ചു കൊണ്ട് ഒരാൾ തന്റെ ഭാര്യയുമായി ബന്ധം വിഛേദിക്കുന്ന സമ്പ്രദായത്തിനാണ് 'ളിഹാർ' എന്നു പറയുന്നത്.

2 'ളിഹാറി'നുള്ള പ്രായശ്ചിത്തമാണിത്.

أَلَمْ تَرَ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ مَا يَكُونُ
مِن نَّجْوَىٰ ثَلَٰثَةٍ إِلَّا هُوَ رَابِعُهُمْ وَلَا خَمْسَةٍ إِلَّا هُوَ سَادِسُهُمْ
وَلَآ أَدْنَىٰ مِن ذَٰلِكَ وَلَآ أَكْثَرَ إِلَّا هُوَ مَعَهُمْ أَيْنَ مَا كَانُوا۟ ۖ ثُمَّ يُنَبِّئُهُم
بِمَا عَمِلُوا۟ يَوْمَ ٱلْقِيَٰمَةِ ۚ إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿٧﴾ أَلَمْ تَرَ إِلَى ٱلَّذِينَ
نُهُوا۟ عَنِ ٱلنَّجْوَىٰ ثُمَّ يَعُودُونَ لِمَا نُهُوا۟ عَنْهُ وَيَتَنَٰجَوْنَ بِٱلْإِثْمِ
وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ وَإِذَا جَآءُوكَ حَيَّوْكَ بِمَا لَمْ يُحَيِّكَ
بِهِ ٱللَّهُ وَيَقُولُونَ فِىٓ أَنفُسِهِمْ لَوْلَا يُعَذِّبُنَا ٱللَّهُ بِمَا نَقُولُ ۚ حَسْبُهُمْ
جَهَنَّمُ يَصْلَوْنَهَا ۖ فَبِئْسَ ٱلْمَصِيرُ ﴿٨﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا
تَنَٰجَيْتُمْ فَلَا تَتَنَٰجَوْا۟ بِٱلْإِثْمِ وَٱلْعُدْوَٰنِ وَمَعْصِيَتِ ٱلرَّسُولِ وَتَنَٰجَوْا۟
بِٱلْبِرِّ وَٱلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٩﴾ إِنَّمَا ٱلنَّجْوَىٰ
مِنَ ٱلشَّيْطَٰنِ لِيَحْزُنَ ٱلَّذِينَ ءَامَنُوا۟ وَلَيْسَ بِضَآرِّهِمْ شَيْـًٔا
إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٠﴾ يَٰٓأَيُّهَا ٱلَّذِينَ
ءَامَنُوٓا۟ إِذَا قِيلَ لَكُمْ تَفَسَّحُوا۟ فِى ٱلْمَجَٰلِسِ فَٱفْسَحُوا۟ يَفْسَحِ
ٱللَّهُ لَكُمْ ۖ وَإِذَا قِيلَ ٱنشُزُوا۟ فَٱنشُزُوا۟ يَرْفَعِ ٱللَّهُ ٱلَّذِينَ ءَامَنُوا۟
مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَٰتٍ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿١١﴾

ണ്ടല്ലാതെ ഉണ്ടാവുകയില്ല. അഞ്ചു പേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്കു ആറാമനായിക്കൊണ്ടുമല്ലാതെ. അതിനെക്കാൾ കുറഞ്ഞവരുടെയോ കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവർ എവിടെയയാിരുന്നാലും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

8 രഹസ്യസംഭാഷണം നടത്തുന്നതിൽ നിന്ന് വില ക്കപ്പെട്ടിട്ടുള്ളവരെ നീ കണ്ടില്ലേ? പിന്നീട് അവർ ഏതൊന്നിൽ നിന്ന് വിലക്കപ്പെട്ടുവോ അതിലേക്ക വർ മടങ്ങുന്നു.[1] പാപത്തിനും അതിക്രമത്തിനും റസൂലിനെ ധിക്കരിക്കുന്നതിനും അവർ പരസ്പരം രഹസ്യ ഉപദേശം നടത്തുകയും ചെയ്യുന്നു. അവർ നിന്റെ അടുത്ത് വന്നാൽ നിന്നെ അല്ലാഹു അഭി വാദ്യം ചെയ്തിട്ടില്ലാത്ത രീതിയിൽ അവർ നിനക്ക് അഭിവാദ്യമർപ്പിക്കുകയും ചെയ്യും.[2] 'ഞങ്ങൾ ഈ പറയുന്നതിന്റെ പേരിൽ അല്ലാഹു ഞങ്ങളെ ശി ക്ഷിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെ'ന്ന് അവർ അന്യോന്യം പറയുകയും ചെയ്യും. അവർക്കു നരകം മതി. അവർ അതിൽ എരിയുന്ന താണ്. ആ പര്യവസാനം എത്ര ചീത്തതന്നെ.

9 സത്യവിശ്വാസികളേ, നിങ്ങൾ രഹസ്യ സംഭാഷണം നടത്തുകയാണെങ്കിൽ അധർമ്മത്തിനും അതിക്രമ ത്തിനും റസൂലിനെ ധിക്കരിക്കുന്നതിനും നിങ്ങൾ രഹസ്യ സംഭാഷണം നടത്തരുത്. പുണ്യത്തി ന്റെയും ഭക്തിയുടെയും കാര്യത്തിൽ നിങ്ങൾ രഹസ്യ ഉപദേശം നടത്തുക. ഏതൊര ല്ലാഹുവിങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

10 ആ രഹസ്യസംസാരം പിശാചിൽ നിന്നുള്ളത് മാത്രമാകുന്നു. സത്യവിശ്വാസികളെ ദുഃഖിപ്പിക്കുവാൻ വേണ്ടിയാകുന്നു അത്. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതവർക്ക് യാതൊരു ഉപദ്രവവും ചെയ്യുന്നതല്ല. സത്യവിശ്വാസികൾ അല്ലാഹുവിന്റെ മേൽ ഭരമേൽപിച്ചു കൊള്ളട്ടെ.

11 സത്യവിശ്വാസികളേ, നിങ്ങൾ സദസ്സുകളിൽ സൗ കര്യപ്പെടുത്തിക്കൊടുക്കുക എന്ന് നിങ്ങളോടു പറയപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുത്തി കൊടു ക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യപ്പെടുത്തിത്തരുന്നതാണ്. നിങ്ങൾ എഴുന്നേറ്റു പോകണമെന്ന് പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റു പോകണം. നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

12 സത്യവിശ്വാസികളേ, നിങ്ങൾ റസൂലുമായി രഹസ്യ സംഭാഷണം നടത്തുകയാണെങ്കിൽ നിങ്ങളുടെ രഹസ്യ സംഭാഷണത്തിന്റെ മുമ്പായി ഏതെങ്കിലുമൊരു ദാനം നിങ്ങൾ അർപ്പിക്കുക.[3] അതാണു നിങ്ങൾക്കു ഉത്തമവും കൂടുതൽ

1 മുസ്‌ലിംകളോടൊപ്പം ഇടകലർന്നു ജീവിച്ചിരുന്ന കപടവിശ്വാസികൾ മുസ്‌ലിംകൾക്കെതിരിൽ പലതരം ഉപജാപങ്ങളിൽ ഏർപ്പെടുന്നതായി വിവരം ലഭിച്ചപ്പോൾ പ്രത്യേകം ഗ്രൂപ്പുകൾ ചേർന്ന് രഹസ്യ സംഭാഷണം നടത്തുന്നത് നബി (സ) നിരോധിക്കുകയുണ്ടായി. പക്ഷെ, കപടന്മാർ ആ വിലക്കു ലംഘിച്ചു കൊണ്ട് വീണ്ടും ഗൂഢാലോചനകളിൽ ഏർപ്പെടാൻ തുടങ്ങി. അതിനെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്.

2 'അസ്സലാമു അലൈക്കും' (നിങ്ങൾക്ക് സമാധാനമുണ്ടായിരിക്കട്ടെ) എന്നതാണ് അല്ലാഹു അംഗീകരിച്ച അഭിവാദ്യം. എന്നാൽ സലാം എന്ന വ്യാജേന കപടന്മാർ മുസ്‌ലിംകളോട് പറഞ്ഞിരുന്നത് 'അസ്സാമു അലൈക്കും' (നിങ്ങൾക്ക് മരണം) എന്നായിരുന്നു.

3 റസൂലി(സ)ന്റെ സദസ്സ് ഒരു തുറന്ന സദസ്സായിരുന്നു. സഹാബികൾ ആർക്കും അവിടെ വെച്ച് റസൂലി (സ) നോട് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാമായിരുന്നു. റസൂൽ (സ) നൽകുന്ന മറുപടി എല്ലാവർക്കും കേട്ടു മനസ്സിലാക്കാൻ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نَٰجَيۡتُمُ ٱلرَّسُولَ فَقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ
صَدَقَةٗۚ ذَٰلِكَ خَيۡرٞ لَّكُمۡ وَأَطۡهَرُۚ فَإِن لَّمۡ تَجِدُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٌ
﴿١٢﴾ ءَأَشۡفَقۡتُمۡ أَن تُقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ صَدَقَٰتٖۚ فَإِذۡ لَمۡ تَفۡعَلُواْ
وَتَابَ ٱللَّهُ عَلَيۡكُمۡ فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَأَطِيعُواْ ٱللَّهَ
وَرَسُولَهُۥۚ وَٱللَّهُ خَبِيرُۢ بِمَا تَعۡمَلُونَ ﴿١٣﴾ ۞ أَلَمۡ تَرَ إِلَى ٱلَّذِينَ تَوَلَّوۡاْ قَوۡمًا
غَضِبَ ٱللَّهُ عَلَيۡهِم مَّا هُم مِّنكُمۡ وَلَا مِنۡهُمۡ وَيَحۡلِفُونَ عَلَى ٱلۡكَذِبِ
وَهُمۡ يَعۡلَمُونَ ﴿١٤﴾ أَعَدَّ ٱللَّهُ لَهُمۡ عَذَابٗا شَدِيدًاۖ إِنَّهُمۡ سَآءَ مَا كَانُواْ
يَعۡمَلُونَ ﴿١٥﴾ ٱتَّخَذُوٓاْ أَيۡمَٰنَهُمۡ جُنَّةٗ فَصَدُّواْ عَن سَبِيلِ ٱللَّهِ فَلَهُمۡ
عَذَابٞ مُّهِينٞ ﴿١٦﴾ لَّن تُغۡنِيَ عَنۡهُمۡ أَمۡوَٰلُهُمۡ وَلَآ أَوۡلَٰدُهُم مِّنَ ٱللَّهِ
شَيۡـًٔاۚ أُوْلَٰٓئِكَ أَصۡحَٰبُ ٱلنَّارِۖ هُمۡ فِيهَا خَٰلِدُونَ ﴿١٧﴾ يَوۡمَ يَبۡعَثُهُمُ
ٱللَّهُ جَمِيعٗا فَيَحۡلِفُونَ لَهُۥ كَمَا يَحۡلِفُونَ لَكُمۡۖ وَيَحۡسَبُونَ أَنَّهُمۡ عَلَىٰ شَيۡءٍۚ أَلَآ
إِنَّهُمۡ هُمُ ٱلۡكَٰذِبُونَ ﴿١٨﴾ ٱسۡتَحۡوَذَ عَلَيۡهِمُ ٱلشَّيۡطَٰنُ فَأَنسَىٰهُمۡ ذِكۡرَ
ٱللَّهِۚ أُوْلَٰٓئِكَ حِزۡبُ ٱلشَّيۡطَٰنِۚ أَلَآ إِنَّ حِزۡبَ ٱلشَّيۡطَٰنِ هُمُ ٱلۡخَٰسِرُونَ
﴿١٩﴾ إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥٓ أُوْلَٰٓئِكَ فِي ٱلۡأَذَلِّينَ ﴿٢٠﴾
كَتَبَ ٱللَّهُ لَأَغۡلِبَنَّ أَنَا۠ وَرُسُلِيٓۚ إِنَّ ٱللَّهَ قَوِيٌّ عَزِيزٞ ﴿٢١﴾

പരിശുദ്ധവുമായിട്ടുള്ളത്. ഇനി നിങ്ങള്‍ക്ക് (ദാനം ചെയ്യാന്‍) ഒന്നും കിട്ടിയില്ലെങ്കില്‍ തീര്‍ച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

13 നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പായി ദാനധര്‍മ്മങ്ങള്‍ അര്‍പ്പിക്കുന്നതിനെപ്പറ്റി നിങ്ങള്‍ ഭയപ്പെട്ടിരിക്കയാണോ?[1] എന്നാല്‍ നിങ്ങളത് ചെയ്യാതിരിക്കുകയും അല്ലാഹു നിങ്ങളുടെ നേരെ മടങ്ങുകയും ചെയ്തിരിക്കയാല്‍ നിങ്ങള്‍ നമസ്കാരം മുറപോലെ നിര്‍വ്വഹിക്കുകയും സകാത്ത് നല്‍കുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും നിങ്ങള്‍ അനുസരിക്കുകയും ചെയ്യുക.[2] അല്ലാഹു നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

14 അല്ലാഹു കോപിച്ച ഒരു വിഭാഗവുമായി (യഹൂദര്‍) മൈത്രിയിലേര്‍പ്പെട്ടവരെ (മുനാഫിഖുകളെ) നീ കണ്ടില്ലേ? അവര്‍ നിങ്ങളില്‍ പെട്ടവരല്ല. അവരില്‍ (യഹൂദരില്‍) പെട്ടവരുമല്ല. അവര്‍ അറിഞ്ഞുകൊണ്ട് കള്ളസത്യം ചെയ്യുകയും ചെയ്യുന്നു.

15 അല്ലാഹു അവര്‍ക്ക് കഠിനമായ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു. തീര്‍ച്ചയായും അവര്‍ ചെയ്തു കൊണ്ടിരിക്കുന്ന കാര്യം എത്രയോ ദുഷിച്ചതായിരിക്കുന്നു.

16 അവരുടെ ശപഥങ്ങളെ അവര്‍ ഒരു പരിചയാക്കി ത്തീര്‍ത്തിരിക്കുന്നു. അങ്ങനെ അവര്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ നിന്ന് (ജനങ്ങളെ) തടഞ്ഞു. അതിനാല്‍ അവര്‍ക്ക് അപമാനകരമായ ശിക്ഷയുണ്ട്.

17 അവരുടെ സമ്പത്തുകളോ സന്താനങ്ങളോ അല്ലാഹുവിങ്കല്‍ അവര്‍ക്ക് ഒട്ടും പ്രയോജനപ്പെടുകയില്ല. അത്തരക്കാരാകുന്നു നരകാവകാശികള്‍. അവര്‍ അതില്‍ നിത്യവാസികളായിരിക്കും.

18 അല്ലാഹു അവരെയെല്ലാം ഉയിര്‍ത്തെഴുന്നേല്‍പിക്കുന്ന ദിവസം. നിങ്ങളോടവര്‍ ശപഥം ചെയ്യുന്നതു പോലെ അവനോടും അവര്‍ ശപഥം ചെയ്യും. തങ്ങള്‍ (ഈ കള്ളസത്യം മൂലം) എന്തോ ഒന്ന് നേടിയതായി അവര്‍ വിചാരിക്കുകയും ചെയ്യും. അറിയുക: തീര്‍ച്ചയായും അവര്‍ തന്നെയാകുന്നു കള്ളം പറയുന്നവര്‍.

19 പിശാച് അവരെ കീഴടക്കി വെക്കുകയും അങ്ങനെ അല്ലാഹുവെപ്പറ്റിയുള്ള ഉദ്ബോധനം അവര്‍ക്ക് വിസ്മരിച്ചു കളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക; തീര്‍ച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാര്‍.

20 തീര്‍ച്ചയായും അല്ലാഹുവോടും അവന്റെ റസൂലിനോടും എതിര്‍ത്തു നില്‍ക്കുന്നവരാരോ അക്കൂട്ടര്‍ ഏറ്റവും നിന്ദ്യന്മാരായവരുടെ കൂട്ടത്തിലാകുന്നു.

21 'തീര്‍ച്ചയായും ഞാനും എന്റെ ദൂതന്മാരും തന്നെയാണ് വിജയം നേടുക' എന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. തീര്‍ച്ചയായും അല്ലാഹു ശക്തനും പ്രതാപിയു മാകുന്നു.

---

സൗര്യപ്പെടുന്നുവെന്നതിനാല്‍ ഈ പൊതുസദസ്സ് ഒരു നല്ല പ്രബോധനോപാധി കൂടിയായിരുന്നു.

എന്നാല്‍ ഇതില്‍ നിന്ന് വ്യത്യസ്തമായി റസൂലു (സ) മായി വിവിധ വിഷയങ്ങളെ സംബന്ധിച്ച് രഹസ്യ സംഭാഷണം നടത്തണമെന്ന് നിര്‍ബന്ധമുള്ള ചിലരുണ്ടായിരുന്നു. റസൂലു (സ) മായി പ്രത്യേക സംഭാഷണം നടത്താന്‍ അവസരം ലഭിക്കുന്നത് ഒരു അഭിമാന പ്രശ്നമായി കരുതിയിരുന്ന സമ്പന്നന്മാരായിരുന്നു ഇവരില്‍ ഭൂരിഭാഗവും. റസൂലി (സ) ന്റെ സന്തതസഹചാരികളില്‍ പലരും ദരിദ്രരായിരുന്നു. അവരോടൊപ്പം സമയം ചെലവഴിക്കാനോ, അവര്‍ക്ക് മാര്‍ഗനിര്‍ദ്ദേശം നല്‍കുവാനോ സാധിക്കാത്ത വിധം സ്വകാര്യ സംഭാഷണങ്ങള്‍ കൂടുതല്‍ കൂടുതല്‍ അനുവദിക്കേണ്ടി വന്ന സാഹചര്യത്തിലാണ് അത്തരം സംഭാഷണങ്ങള്‍ നിയന്ത്രിക്കുന്നതിനും, സ്വകാര്യ സംഭാഷണത്തിന് അവസരം തേടി വരുന്നവരുടെ ആത്മാര്‍ത്ഥത പരിശോധിക്കുവാനും വേണ്ടി റസൂലി (സ) നോട് സ്വകാര്യ സംഭാഷണത്തില്‍ ഏര്‍പ്പെടാന്‍ ആഗ്രഹിക്കുന്നവര്‍ അതിന് മുമ്പായി ഇസ്ലാമിനും മുസ്ലിംകള്‍ക്കും വേണ്ടി എന്തെങ്കിലും ദാനം ചെയ്യണമെന്ന് അനുശാസിക്കപ്പെട്ടത്. ഇത് ധനികര്‍ക്ക് മാത്രമുള്ള ശാസനയായിരുന്നു എന്ന് പല വ്യാഖ്യാതാക്കളും വ്യക്തമാക്കിയിട്ടുണ്ട്.

1 പിശുക്കുള്ള പലരും പിന്നീട് സ്വകാര്യ സംഭാഷണങ്ങള്‍ ആവശ്യപ്പെട്ടു വരാതെയായി.

2 റസൂലു(സ)മായി രഹസ്യ സംഭാഷണം നടത്താന്‍ അവസരം ലഭിക്കുന്നതിലല്ല, ഇസ്ലാമിന്റെ വിധിവിലക്കുകള്‍ പാലിക്കുന്നതിലാണ് മഹത്വം കുടികൊള്ളുന്നത്.

لَّا تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ يُوَآدُّونَ مَنْ
حَآدَّ ٱللَّهَ وَرَسُولَهُۥ وَلَوْ كَانُوٓا۟ ءَابَآءَهُمْ أَوْ أَبْنَآءَهُمْ
أَوْ إِخْوَٰنَهُمْ أَوْ عَشِيرَتَهُمْ ۚ أُو۟لَٰٓئِكَ كَتَبَ فِى قُلُوبِهِمُ
ٱلْإِيمَٰنَ وَأَيَّدَهُم بِرُوحٍ مِّنْهُ ۖ وَيُدْخِلُهُمْ جَنَّٰتٍ تَجْرِى
مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا ۚ رَضِىَ ٱللَّهُ عَنْهُمْ وَرَضُوا۟
عَنْهُ ۚ أُو۟لَٰٓئِكَ حِزْبُ ٱللَّهِ ۚ أَلَآ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ﴿٢٢﴾

ترتيبها ٥٩ — سُورَةُ الحَشْرِ — آياتها ٢٤

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

سَبَّحَ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ
﴿١﴾ هُوَ ٱلَّذِىٓ أَخْرَجَ ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَٰبِ مِن دِيَٰرِهِمْ
لِأَوَّلِ ٱلْحَشْرِ ۚ مَا ظَنَنتُمْ أَن يَخْرُجُوا۟ ۖ وَظَنُّوٓا۟ أَنَّهُم مَّانِعَتُهُمْ
حُصُونُهُم مِّنَ ٱللَّهِ فَأَتَىٰهُمُ ٱللَّهُ مِنْ حَيْثُ لَمْ يَحْتَسِبُوا۟ ۖ وَقَذَفَ
فِى قُلُوبِهِمُ ٱلرُّعْبَ ۚ يُخْرِبُونَ بُيُوتَهُم بِأَيْدِيهِمْ وَأَيْدِى ٱلْمُؤْمِنِينَ
فَٱعْتَبِرُوا۟ يَٰٓأُو۟لِى ٱلْأَبْصَٰرِ ﴿٢﴾ وَلَوْلَآ أَن كَتَبَ ٱللَّهُ عَلَيْهِمُ
ٱلْجَلَآءَ لَعَذَّبَهُمْ فِى ٱلدُّنْيَا ۖ وَلَهُمْ فِى ٱلْءَاخِرَةِ عَذَابُ ٱلنَّارِ ﴿٣﴾

22 അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുല ർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പു കാർ) അവരുടെ പിതാക്കളോ പുത്രന്മാരോ സഹോദര ന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും അത്ത രക്കാരുടെ[1] ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖ പ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരാത്മ ചൈതന്യം കൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യും. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ.

1 അല്ലാഹുവിന്റെയും റസൂലി(സ)ന്റെയും ശത്രുക്കളുമായി സ്നേഹബന്ധം പുലർത്താത്ത യഥാർത്ഥ സത്യവിശ്വാസികളുടെ.

# ഹശ്ർ
# (തുരത്തിയോടിക്കൽ)

## അദ്ധ്യായം 59

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാ ഹുവെ പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു.

2 വേദക്കാരിൽ പെട്ട സത്യനിഷേധികളെ ഒന്നാമത്തെ തുരത്തിയോടിക്കലിൽ തന്നെ അവരുടെ വീടുകളിൽ നിന്നു പുറത്തിറക്കിയവൻ അവനാകുന്നു.[2] അവർ പുറത്തിറങ്ങുമെന്ന് നിങ്ങൾ വിചാരിച്ചിരുന്നില്ല. തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽ നിന്ന് തങ്ങളെ പ്രതിരോധിക്കുമെന്ന് അവർ വിചാരിച്ചിരുന്നു. എന്നാൽ അവർ കണക്കാക്കാത്ത വിധത്തിൽ അല്ലാഹു അവരുടെ അടുക്കൽ ചെല്ലുകയും അവരുടെ മനസ്സുകളിൽ ഭയം ഇട്ടു കൊടുക്കുകയും ചെയ്തു. അവർ സ്വന്തം കൈകൾ കൊണ്ടും സത്യവിശ്വാസികളുടെ കൈകൾ കൊണ്ടും അവരുടെ വീടുകൾ നശിപ്പിച്ചിരുന്നു.[3] ആകയാൽ കണ്ണുകളുള്ളവരെ നിങ്ങൾ ഗുണപാഠം ഉൾക്കൊള്ളുക.

3 അല്ലാഹു അവരുടെ മേൽ നാടുവിട്ടുപോക്ക് വിധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇഹലോകത്തുവെച്ച് അവൻ അവരെ ശിക്ഷിക്കുമായിരുന്നു.[4] പരലോകത്ത് അവർക്ക് നരകശിക്ഷയുമുണ്ട്.

4 അത് അല്ലാഹുവോടും അവന്റെ റസൂലിനോടും അവർ മത്സരിച്ചുനിന്നതിന്റെ ഫലമത്രെ. വല്ലവനും അല്ലാഹുവുമായി മത്സരിക്കുന്നപക്ഷം തീർച്ചയായും

2 മദീനയിൽ ചെന്നയുടനെ യഹൂദരുമായി നബി(സ) സമാധാനസന്ധിയിൽ ഏർപ്പെട്ടിരുന്നു. മുസ്‌ലീംകളും യഹൂദരും പരസ്പരം ആക്രമണം നടത്തുകയോ ആക്രമണത്തിന് കൂട്ടുനിൽക്കുകയോ ചെയ്യില്ലെന്നായിരുന്നു കരാറ്. പക്ഷെ, യഹൂദർ പലപ്പോഴും ഈ കരാറിന്റെ താൽപര്യത്തിനെതിരായി ഇസ്‌ലാമിന്റെ ശത്രുക്കളുമായി ഗൂഢാലോചനകളിലേർപെടുക യുണ്ടായി. തന്നിമിത്തം അല്ലാഹുവിന്റെ കൽപനപ്രകാരം റസൂലും(സ) സഹാബികളും കൂടി ഒരു യഹൂദഗോത്രത്തെ മദീനയിൽ നിന്ന് തുരത്തിയോടിച്ചു. മദീന വിട്ട് യഹൂദർ ഖൈബറിലാണ് താവളമുറപ്പിച്ചത്. എന്നാൽ ഖൈബർ കേന്ദ്രീകരിച്ച് അവർ ശല്യമുണ്ടാക്കാൻ തുടങ്ങിയപ്പോൾ മുസ്‌ലീംകൾക്ക് അവരെ അവിടെനിന്നും തുരത്തിയോടിക്കേണ്ടി വന്നു.

3 യഹൂദർ മദീന വിട്ടുപോകുമ്പോൾ അവരുടെ സാധനസാമഗ്രികൾ കൂടെ കൊണ്ടുപോകാൻ നബി(സ) അനുവദിച്ചിരുന്നു. തദടിസ്ഥാനത്തിൽ തങ്ങളുടെ വീടുകളിൽ നിന്ന് പൊളിച്ചെടുക്കാൻ കിട്ടുന്ന മരക്കഷ്ണങ്ങൾ അവർ എടുത്തിരുന്നു. വീടുകളുടെ അവശേഷിക്കുന്ന ഭാഗങ്ങൾ മുസ്‌ലീംകൾ പെളിച്ചു നിരപ്പാക്കി.

4 മദീനയിലെ മുസ്‌ലീം സമൂഹത്തെ ഉന്മൂലനം ചെയ്യാൻ വേണ്ടി നിരന്തരം ഗൂഢാലോചന നടത്തിപോന്ന യഹൂദ ഗോത്രതെ കൊന്നൊടുക്കുവാൻ തന്നെ തീരുമാനമുണ്ടായാലും അതിൽ അസാംഗത്യം ഇല്ല. പക്ഷെ, അല്ലാഹുവിന്റെ തീരുമാനം അവരെ കുടിയെഴിപ്പിച്ചാൽ മതിയെന്നായിരുന്നു.

ذَٰلِكَ بِأَنَّهُمْ شَآقُّوا۟ ٱللَّهَ وَرَسُولَهُۥ ۖ وَمَن يُشَآقِّ ٱللَّهَ فَإِنَّ ٱللَّهَ شَدِيدُ
ٱلْعِقَابِ ﴿٤﴾ مَا قَطَعْتُم مِّن لِّينَةٍ أَوْ تَرَكْتُمُوهَا قَآئِمَةً
عَلَىٰٓ أُصُولِهَا فَبِإِذْنِ ٱللَّهِ وَلِيُخْزِىَ ٱلْفَٰسِقِينَ ﴿٥﴾ وَمَآ أَفَآءَ ٱللَّهُ
عَلَىٰ رَسُولِهِۦ مِنْهُمْ فَمَآ أَوْجَفْتُمْ عَلَيْهِ مِنْ خَيْلٍ وَلَا رِكَابٍ
وَلَٰكِنَّ ٱللَّهَ يُسَلِّطُ رُسُلَهُۥ عَلَىٰ مَن يَشَآءُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ
قَدِيرٌ ﴿٦﴾ مَّآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْ أَهْلِ ٱلْقُرَىٰ فَلِلَّهِ وَلِلرَّسُولِ
وَلِذِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَٱبْنِ ٱلسَّبِيلِ كَىْ لَا يَكُونَ
دُولَةًۢ بَيْنَ ٱلْأَغْنِيَآءِ مِنكُمْ ۚ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا
نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ۚ وَٱتَّقُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٧﴾
لِلْفُقَرَآءِ ٱلْمُهَٰجِرِينَ ٱلَّذِينَ أُخْرِجُوا۟ مِن دِيَٰرِهِمْ وَأَمْوَٰلِهِمْ
يَبْتَغُونَ فَضْلًا مِّنَ ٱللَّهِ وَرِضْوَٰنًا وَيَنصُرُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ
هُمُ ٱلصَّٰدِقُونَ ﴿٨﴾ وَٱلَّذِينَ تَبَوَّءُو ٱلدَّارَ وَٱلْإِيمَٰنَ مِن قَبْلِهِمْ
يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِى صُدُورِهِمْ حَاجَةً
مِّمَّآ أُوتُوا۟ وَيُؤْثِرُونَ عَلَىٰٓ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ
وَمَن يُوقَ شُحَّ نَفْسِهِۦ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٩﴾

അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

5 നിങ്ങള്‍ വല്ല ഈത്തപ്പനയും മുറിക്കുകയോ അല്ലെങ്കില്‍അവയെ അവയുടെ മുരടുകളില്‍ നില്‍ക്കാന്‍ വിടുകയോ ചെയ്യുന്ന പക്ഷം അത് അല്ലാഹുവിന്റെ അനുമതി പ്രകാരമാണ്. അധര്‍മ്മകാരികളെ അപമാനപ്പെടുത്തുവാന്‍ വേണ്ടിയുമാണ്.

6 അവരില്‍ നിന്ന് (യഹൂദരില്‍ നിന്ന്) അല്ലാഹു അവന്റെ റസൂലിന് കൈവരുത്തി കൊടുത്തതെന്തോ അതിനായി നിങ്ങള്‍ കുതിരകളെയോ ഒട്ടകങ്ങളെയോ ഓടിക്കുകയുണ്ടായിട്ടില്ല.[1] പക്ഷെ, അല്ലാഹു അവന്റെ ദൂതന്മാരെ അവന്‍ ഉദ്ദേശിക്കുന്നവരുടെ നേര്‍ക്ക് അധികാരപ്പെടുത്തി അയക്കുന്നു.[2] അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

7 അല്ലാഹു അവന്റെ റസൂലിന് വിവിധ രാജ്യക്കാരില്‍ നിന്ന് കൈവരുത്തികൊടുത്തതെന്തോ അത് അല്ലാഹു വിനും റസൂലിനും അടുത്ത കുടുംബങ്ങള്‍ക്കും അനാഥകള്‍ക്കും അഗതികള്‍ക്കും വഴി പോക്കര്‍ക്കുമു ള്ളതാകുന്നു. അത് (ധനം) നിങ്ങളില്‍ നിന്നുള്ള ധനികന്മാര്‍ക്കിടയില്‍ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒന്നാവാതിരിക്കാന്‍ വേണ്ടിയാണിത്. നിങ്ങള്‍ക്കു റസൂല്‍ നല്‍കിയതെന്തോ അത് നിങ്ങള്‍ സ്വീകരിക്കുക. ഏതൊന്നില്‍നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതില്‍ നിന്ന് നിങ്ങള്‍ ഒഴിഞ്ഞു നില്‍ക്കുകയും ചെയ്യുക. നിങ്ങള്‍ അല്ലഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീര്‍ച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.

8 അതായത് സ്വന്തം വീടുകളില്‍ നിന്നും സ്വത്തുക്കളില്‍ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രന്മാര്‍ക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം). അവര്‍ അല്ലാഹുവിങ്കല്‍ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവര്‍ തന്നെയാകുന്നു സത്യവാന്മാര്‍.

9 അവരുടെ (മുഹാജിറുകളുടെ) വരവിനുമുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവര്‍ക്കും (അന്‍സാറുകള്‍ക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞുവന്നവരെ അവര്‍ സ്നേഹിക്കുന്നു. അവര്‍ക്ക് (മുഹാജിറുകള്‍ക്ക്) നല്‍കപ്പെട്ട ധനം സംബന്ധിച്ചു തങ്ങ ളുടെ മനസ്സുകളില്‍ ഒരാവശ്യവും അവര്‍ (അന്‍സാറുകള്‍) കണ്ടെത്തുന്നുമില്ല.[3] തങ്ങള്‍ക്ക് ദാരിദ്ര്യമുണ്ടായാല്‍ പോലും സ്വദേഹങ്ങളെക്കാള്‍ മറ്റുള്ളവര്‍ക്ക് അവര്‍ പ്രാധാന്യം നല്‍കുകയും ചെയ്യും. എതൊരാള്‍ തന്റെ മനസ്സിന്റെ പിശുക്കില്‍ നിന്ന് കാത്തു രക്ഷിക്കപ്പെടു ന്നുവോ അത്തരക്കാര്‍ തന്നെയാകുന്നു വിജയം പ്രാപിച്ചവര്‍.

1 യഹൂദഗോത്രത്തിന്റെ അധിവാസകേന്ദ്രങ്ങള്‍ മുസ്‌ലിംകള്‍ക്ക് അധീനമായികിട്ടിയിത് ഒരു പോരാട്ടം കൂടാതെയായിരുന്നു എന്നര്‍ത്ഥം.

2 യുദ്ധം കൂടാതെ റസൂലി(സ)നും അനുയായികള്‍ക്കും അധീനമാകുന്ന സ്വത്തുക്കള്‍ യുദ്ധാര്‍ജിത സ്വത്തുക്കള്‍ പോലെ വിഭജിക്കേണ്ടതല്ലന്നും റസൂല്‍(സ)യുടെ വിവേചനാധികാരമുപ യോഗിച്ചു സത്യവിശ്വാസികളില്‍ അര്‍ഹരായവര്‍ക്ക് വിതിച്ചു കൊടുക്കാനുള്ളതാണെന്നും ഈ ആയത്തിന്റെ അടിസ്ഥാന ത്തില്‍ പല വ്യാഖ്യാതാക്കളും അഭിപ്രായ പ്പെടുന്നു.

3 മക്കയില്‍ നിന്ന് മദീനയില്‍ അഭയാര്‍ത്ഥികളായി എത്തിയ മുസ്‌ലീങ്ങള്‍ക്കാണ് അഭയാര്‍ത്ഥികള്‍ എന്ന് പറയുന്നത്. അവര്‍ക്ക് സംരക്ഷണം നല്‍കി സഹായിച്ച മദീനനിവാസികള്‍ക്കാണ് അന്‍സാറുകള്‍ എന്ന് പറയുന്നത്. മദീനയിലെ 'ബനുന്നളീര്‍' എന്ന യഹൂദ ഗോത്രത്തെ തുരത്തിയോടിച്ചപ്പോള്‍ അവര്‍ വിട്ടേച്ചു പോയ സ്വത്തുക്കളില്‍ അധികപങ്കും മുഹാജിറുകള്‍ക്കാണ് നബി(സ) നല്‍കിയത്. അവരുടെ ദാരിദ്ര്യവും മറ്റും പരിഗണിച്ചാണ് അങ്ങനെ ചെയ്തത്. പ്രസ്തുത സ്വത്തുക്കളുടെ വിഹിതം ലഭിക്കാത്ത അന്‍സാറു കള്‍ക്ക് അതുസംബന്ധമായി യാതൊരു പരാതിയും ഉണ്ടായിരു ന്നില്ലന്ന് ഈ വചനം വ്യക്തമാക്കുന്നു.

وَٱلَّذِينَ جَآءُو مِنۢ بَعۡدِهِمۡ يَقُولُونَ رَبَّنَا ٱغۡفِرۡ لَنَا
وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلۡإِيمَٰنِ وَلَا تَجۡعَلۡ فِي قُلُوبِنَا
غِلّٗا لِّلَّذِينَ ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ ١٠ ۞ أَلَمۡ تَرَ إِلَى
ٱلَّذِينَ نَافَقُواْ يَقُولُونَ لِإِخۡوَٰنِهِمُ ٱلَّذِينَ كَفَرُواْ مِنۡ أَهۡلِ
ٱلۡكِتَٰبِ لَئِنۡ أُخۡرِجۡتُمۡ لَنَخۡرُجَنَّ مَعَكُمۡ وَلَا نُطِيعُ فِيكُمۡ
أَحَدًا أَبَدٗا وَإِن قُوتِلۡتُمۡ لَنَنصُرَنَّكُمۡ وَٱللَّهُ يَشۡهَدُ إِنَّهُمۡ لَكَٰذِبُونَ
١١ لَئِنۡ أُخۡرِجُواْ لَا يَخۡرُجُونَ مَعَهُمۡ وَلَئِن قُوتِلُواْ لَا يَنصُرُونَهُمۡ
وَلَئِن نَّصَرُوهُمۡ لَيُوَلُّنَّ ٱلۡأَدۡبَٰرَ ثُمَّ لَا يُنصَرُونَ ١٢
لَأَنتُمۡ أَشَدُّ رَهۡبَةٗ فِي صُدُورِهِم مِّنَ ٱللَّهِۚ ذَٰلِكَ بِأَنَّهُمۡ قَوۡمٞ
لَّا يَفۡقَهُونَ ١٣ لَا يُقَٰتِلُونَكُمۡ جَمِيعًا إِلَّا فِي قُرٗى
مُّحَصَّنَةٍ أَوۡ مِن وَرَآءِ جُدُرِۭۚ بَأۡسُهُم بَيۡنَهُمۡ شَدِيدٞۚ تَحۡسَبُهُمۡ
جَمِيعٗا وَقُلُوبُهُمۡ شَتَّىٰۚ ذَٰلِكَ بِأَنَّهُمۡ قَوۡمٞ لَّا يَعۡقِلُونَ ١٤
كَمَثَلِ ٱلَّذِينَ مِن قَبۡلِهِمۡ قَرِيبٗاۖ ذَاقُواْ وَبَالَ أَمۡرِهِمۡ وَلَهُمۡ عَذَابٌ
أَلِيمٞ ١٥ كَمَثَلِ ٱلشَّيۡطَٰنِ إِذۡ قَالَ لِلۡإِنسَٰنِ ٱكۡفُرۡ فَلَمَّا كَفَرَ
قَالَ إِنِّي بَرِيٓءٞ مِّنكَ إِنِّيٓ أَخَافُ ٱللَّهَ رَبَّ ٱلۡعَٰلَمِينَ ١٦

(10) അവരുടെ ശേഷം വന്നവർക്കും. അവർ പറയും: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്കു മുമ്പു കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.'

(11) ആ കാപട്യം കാണിച്ചവരെ നീ കണ്ടില്ലേ? വേദക്കാരിൽ പെട്ട സത്യനിഷേധികളായ അവരുടെ സഹോദരങ്ങളോട് അവർ പറയുന്നു: 'തീർച്ചയായും നിങ്ങൾ പുറത്താക്കപ്പെട്ടാൽ ഞങ്ങളും നിങ്ങളുടെ കൂടെ പുറത്തുപോകുന്നതാണ്. നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും ഒരാളെയും അനുസരിക്കുകയില്ല. നിങ്ങൾക്കെതിരിൽ യുദ്ധമുണ്ടായാൽ തീർച്ചയായും ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്.' എന്നാൽ തീർച്ചയായും അവർ കള്ളം പറയുന്നവരാണ് എന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.

(12) അവർ (യഹൂദന്മാർ) പുറത്താക്കപ്പെടുന്ന പക്ഷം ഇവർ (കപടവിശ്വാസികൾ) അവരോടൊപ്പം പുറത്തു പോകുകയില്ല തന്നെ. അവർ ഒരു യുദ്ധത്തെ നേരിട്ടാൽ ഇവർ അവരെ സഹായിക്കുകയുമില്ല. ഇനി ഇവർ അവരെ സഹായിച്ചാൽ തന്നെ ഇവർ പന്തിരിഞ്ഞോടും തീർച്ച. പിന്നീട് അവർക്ക് ഒരു സഹായവും ലഭിക്കുകയില്ല.

(13) തീർച്ചയായും അവരുടെ മനസ്സുകളിൽ അല്ലാഹുവേക്കാൾ കൂടുതൽ ഭയമുള്ളത് നിങ്ങളെപ്പററിയാകുന്നു. അവർ കാര്യം ഗ്രഹിക്കാത്ത ഒരു ജനതയായത് കൊണ്ടാകുന്നു അത്.

(14) കോട്ടകെട്ടിയ പട്ടണങ്ങളിൽ വെച്ചോ മതിലുകളുടെ പിന്നിൽ നിന്നോ അല്ലാതെ അവർ ഒരുമിച്ചു നിങ്ങളോടു യുദ്ധം ചെയ്യുകയില്ല. അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായതുകൊണ്ടാണത്രെ അത്.

(15) അവർക്കു മുമ്പ് അടുത്തു തന്നെ കഴിഞ്ഞുപോയ വരുടെ സ്ഥിതി പോലെത്തന്നെ. അവർ ചെയ്തിരുന്ന കാര്യങ്ങളുടെ ദുഷ്ഫലം അവർ ആസ്വദിച്ചു കഴിഞ്ഞു. അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്.

(16) പിശാചിന്റെ അവസ്ഥപോലെ തന്നെ. മനുഷ്യനോട്, നീ അവിശ്വാസിയാകൂ എന്ന് അവൻ പറഞ്ഞ സന്ദർഭം. അങ്ങനെ അവൻ അവിശ്വസിച്ചു കഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽ നിന്ന് വിമുക്തനാകുന്നു. തീർച്ചയായും ലോകരക്ഷിതാവായ അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നു.

(17) അങ്ങനെ അവർ ഇരുവരുടെയും പര്യവസാനം അവർ നരകത്തിൽ നിത്യവാസികളായികഴിയുക എന്നതായിത്തീർന്നു. അതത്രെ അക്രമകാരികൾക്കുള്ള പ്രതിഫലം.

(18) സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്കുവേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പററി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.

(19) അല്ലാഹുവെ മറന്നു കളഞ്ഞ ഒരു വിഭാഗത്തെ പോലെ നിങ്ങളാകരുത്. തന്മൂലം അല്ലാഹു അവർക്ക് അവരെപ്പറ്റി തന്നെ ഓർമ്മയില്ലാതാക്കി. അക്കൂട്ടർ തന്നെയാകുന്നു ദുർമാർഗികൾ.

فَكَانَ عَٰقِبَتَهُمَآ أَنَّهُمَا فِي ٱلنَّارِ خَٰلِدَيۡنِ فِيهَاۚ وَذَٰلِكَ جَزَٰٓؤُاْ
ٱلظَّٰلِمِينَ ١٧ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَلۡتَنظُرۡ
نَفۡسٞ مَّا قَدَّمَتۡ لِغَدٖۖ وَٱتَّقُواْ ٱللَّهَۚ إِنَّ ٱللَّهَ خَبِيرُۢ بِمَا تَعۡمَلُونَ
١٨ وَلَا تَكُونُواْ كَٱلَّذِينَ نَسُواْ ٱللَّهَ فَأَنسَىٰهُمۡ أَنفُسَهُمۡۚ أُوْلَٰٓئِكَ
هُمُ ٱلۡفَٰسِقُونَ ١٩ لَا يَسۡتَوِيٓ أَصۡحَٰبُ ٱلنَّارِ وَأَصۡحَٰبُ
ٱلۡجَنَّةِۚ أَصۡحَٰبُ ٱلۡجَنَّةِ هُمُ ٱلۡفَآئِزُونَ ٢٠ لَوۡ أَنزَلۡنَا هَٰذَا
ٱلۡقُرۡءَانَ عَلَىٰ جَبَلٖ لَّرَأَيۡتَهُۥ خَٰشِعٗا مُّتَصَدِّعٗا مِّنۡ خَشۡيَةِ
ٱللَّهِۚ وَتِلۡكَ ٱلۡأَمۡثَٰلُ نَضۡرِبُهَا لِلنَّاسِ لَعَلَّهُمۡ يَتَفَكَّرُونَ
٢١ هُوَ ٱللَّهُ ٱلَّذِي لَآ إِلَٰهَ إِلَّا هُوَۖ عَٰلِمُ ٱلۡغَيۡبِ وَٱلشَّهَٰدَةِۖ
هُوَ ٱلرَّحۡمَٰنُ ٱلرَّحِيمُ ٢٢ هُوَ ٱللَّهُ ٱلَّذِي لَآ إِلَٰهَ إِلَّا هُوَ
ٱلۡمَلِكُ ٱلۡقُدُّوسُ ٱلسَّلَٰمُ ٱلۡمُؤۡمِنُ ٱلۡمُهَيۡمِنُ ٱلۡعَزِيزُ
ٱلۡجَبَّارُ ٱلۡمُتَكَبِّرُۚ سُبۡحَٰنَ ٱللَّهِ عَمَّا يُشۡرِكُونَ
٢٣ هُوَ ٱللَّهُ ٱلۡخَٰلِقُ ٱلۡبَارِئُ ٱلۡمُصَوِّرُۖ لَهُ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰۚ
يُسَبِّحُ لَهُۥ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ٢٤

ترتيبها ٦٠ — سُورَةُ ٱلۡمُمۡتَحَنَةِ — آياتها ١٣

20 നരകാവകാശികളും സ്വർഗാവകാശികളും സമമാകുകയില്ല. സ്വർഗാവകാശികൾ തന്നെയാകുന്നു വിജയം നേടിയവർ.

21 ഈ ഖുർആനെ നാം ഒരു പർവ്വതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവ്വതം) വിനീതമാകുന്നതും അല്ലാഹുവെ പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു.[1] ആ ഉദാഹരണങ്ങൾ നാം ജനങ്ങൾക്കുവേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കുവാൻ വേണ്ടി.

22 താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.

23 താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനു മാകുന്നു അവൻ. അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ.

24 സ്രഷ്ടാവും നിർമ്മാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും.

## മുംതഹനഃ (പരീക്ഷിക്കപ്പെടേണ്ടവൾ)[2]

### അദ്ധ്യായം 60

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ഹേ; സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കിവെക്കരുത്. നിങ്ങൾക്കു വന്നുകിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കയാണ്. നിങ്ങൾ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ റസൂലിനെയും നിങ്ങളെയും അവർ നാട്ടിൽ നിന്നു പുറത്താക്കുന്നു. എന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുവാനും എന്റെ പ്രീതി തേടുവാനും നിങ്ങൾ പുറപ്പെട്ടിരിക്കയാണെങ്കിൽ (നിങ്ങൾ അപ്രകാരം മൈത്രീബന്ധം സ്ഥാപിക്കരുത്.) നിങ്ങൾ അവരുമായി രഹസ്യമായി സ്നേഹബന്ധം സ്ഥാപിക്കുന്നു. നിങ്ങൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഞാൻ നല്ല വണ്ണം അറിയുന്നവനാണ്. നിങ്ങളിൽ നിന്ന് വല്ലവനും അപ്രകാരം പ്രവർത്തിക്കുന്ന പക്ഷം അവൻ നേർമാർഗത്തിൽ നിന്നു പിഴച്ചുപോയിരിക്കുന്നു.

2 അവർ നിങ്ങളെ കണ്ടുമുട്ടുന്ന പക്ഷം അവർ നിങ്ങൾക്ക് ശത്രുക്കളായിരിക്കും. നിങ്ങളുടെ നേർക്ക് ദുഷ്ടതയും കൊണ്ട് അവരുടെ കൈകളും നാവുകളും അവർ നീട്ടുകയും നിങ്ങൾ അവിശ്വസിച്ചിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിക്കുകയും ചെയ്യും.

3 ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്തബന്ധങ്ങളോ നിങ്ങളുടെ സന്താനങ്ങളോ

---

1 അല്ലാഹുവിന്റെ വചനം നേരിട്ട് (ഒരു മാദ്ധ്യമവും കൂടാതെ) അവതരിക്കുക എന്നത് നമുക്ക് ഊഹിക്കാൻ പററാത്ത വിധം ശക്തമായ ഒരു മഹാ സംഭവമായിരിക്കുമെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹുവിന്റെ മഹത്വം ഒരു പർവ്വതത്തിന് മുമ്പിൽ പ്രത്യക്ഷമായപ്പോൾ അത് പൊട്ടി പൊടിഞ്ഞുപോയ കാര്യം 7:143ൽ പ്രസ്താവിച്ചിട്ടുണ്ട്.

2 10ാം വചനത്തിൽ അഭയാർത്ഥികളായി വരുന്ന സ്ത്രീകളുടെ വിശ്വാസം പരീക്ഷിച്ചറിയാനുള്ള നിർദ്ദേശമാണ് ഈ പേരിന് നിദാനം.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ عَدُوِّى وَعَدُوَّكُمْ أَوْلِيَآءَ تُلْقُونَ
إِلَيْهِم بِٱلْمَوَدَّةِ وَقَدْ كَفَرُوا۟ بِمَا جَآءَكُم مِّنَ ٱلْحَقِّ يُخْرِجُونَ ٱلرَّسُولَ
وَإِيَّاكُمْ ۙ أَن تُؤْمِنُوا۟ بِٱللَّهِ رَبِّكُمْ إِن كُنتُمْ خَرَجْتُمْ جِهَٰدًا فِى سَبِيلِى
وَٱبْتِغَآءَ مَرْضَاتِى ۚ تُسِرُّونَ إِلَيْهِم بِٱلْمَوَدَّةِ وَأَنَا۠ أَعْلَمُ بِمَآ أَخْفَيْتُمْ
وَمَآ أَعْلَنتُمْ ۚ وَمَن يَفْعَلْهُ مِنكُمْ فَقَدْ ضَلَّ سَوَآءَ ٱلسَّبِيلِ ﴿١﴾ إِن
يَثْقَفُوكُمْ يَكُونُوا۟ لَكُمْ أَعْدَآءً وَيَبْسُطُوٓا۟ إِلَيْكُمْ أَيْدِيَهُمْ وَأَلْسِنَتَهُم
بِٱلسُّوٓءِ وَوَدُّوا۟ لَوْ تَكْفُرُونَ ﴿٢﴾ لَن تَنفَعَكُمْ أَرْحَامُكُمْ وَلَآ أَوْلَٰدُكُمْ
يَوْمَ ٱلْقِيَٰمَةِ يَفْصِلُ بَيْنَكُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٣﴾ قَدْ
كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِىٓ إِبْرَٰهِيمَ وَٱلَّذِينَ مَعَهُۥٓ إِذْ قَالُوا۟ لِقَوْمِهِمْ
إِنَّا بُرَءَٰٓؤُا۟ مِنكُمْ وَمِمَّا تَعْبُدُونَ مِن دُونِ ٱللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا
وَبَيْنَكُمُ ٱلْعَدَٰوَةُ وَٱلْبَغْضَآءُ أَبَدًا حَتَّىٰ تُؤْمِنُوا۟ بِٱللَّهِ وَحْدَهُۥٓ إِلَّا
قَوْلَ إِبْرَٰهِيمَ لِأَبِيهِ لَأَسْتَغْفِرَنَّ لَكَ وَمَآ أَمْلِكُ لَكَ مِنَ ٱللَّهِ مِن شَىْءٍ ۖ
رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ﴿٤﴾ رَبَّنَا لَا تَجْعَلْنَا
فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ لَنَا رَبَّنَآ ۖ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿٥﴾

നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ലതന്നെ. അല്ലാഹു നിങ്ങളെ തമ്മിൽ വേർപിരിക്കും.[1] അല്ലാഹു നിങ്ങൾ പ്രവർത്തി ക്കുന്നത് കണ്ടറിയുന്നവനാകുന്നു.

(4) നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെ യുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: 'നിങ്ങളുമായും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു .നിങ്ങൾ അല്ലാഹു വിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കു മായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും[2] വിദ്വേ ഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.' 'തീർച്ച യായും ഞാൻ താങ്കൾക്കു വേണ്ടി പാപമോചനം തേടാം, താങ്കൾക്കു വേണ്ടി അല്ലാഹുവിങ്കൽ നിന്നു യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല' എന്ന് ഇബ്റാഹീം തന്റെ പിതാവിനോട് പറഞ്ഞവാക്കൊ ഴികെ.[3] (അവർ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു:) ' ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെ യാണ് തിരിച്ചു വരവ്.'

(5) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ സത്യനിഷേധി കളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാ പിയും യുക്തിമാനും.

(6) തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവെയും അന്ത്യ ദിനത്തെയും പ്രതീക്ഷിക്കുന്നവർക്ക് അവരിൽ ഉത്തമ മാതൃകയുണ്ടായിട്ടുണ്ട്. ആരെങ്കിലും തിരിഞ്ഞു കളയുന്ന പക്ഷം തീർച്ചയായും അല്ലാഹുതന്നെ യാകുന്നു പരാശ്രയ മുക്തനും സ്തുത്യർഹനു മായിട്ടുള്ളവൻ.

(7) നിങ്ങൾക്കും അവരിൽ നിന്ന് നിങ്ങൾ ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സ്നേഹബന്ധമു ണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

(8) മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കു കയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താ ക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോ ളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കു ന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

(9) മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നി ങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കു

---

1 'നിങ്ങളുടെ രക്തബന്ധങ്ങളോ നിങ്ങളുടെ സന്താനങ്ങളോ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല തന്നെ. ഉയിർത്തെഴു ന്നേൽപിന്റെ നാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ തീർപ്പു കൽപിക്കുന്നതാണ് ഇങ്ങനെയും അർത്ഥമാകാവുന്നതാണ്.

2 സത്യവിശ്വാസികളോട് ശത്രുതയിൽ വർത്തിക്കുന്നവരോട് മാത്രമേ ശത്രുത കാണിക്കേണ്ടതുള്ളൂവെന്നും, മുസ്‌ലിം കളുമായി സമാധാനപൂർവ്വം സഹവർത്തിക്കാൻ താൽപര്യം കാണിക്കുന്നവരോട് മുസ്‌ലിംകളും സമാധാനപൂർവ്വം സഹ വർത്തിക്കേണ്ടതാണെന്നും വി.ഖു. 8:60,61 വ്യക്തമാക്കിയി ട്ടുണ്ട്. 8,9 വചനങ്ങൾ കൂടി നോക്കുക.

3 ഇബ്റാഹീം നബി (അ) പിതാവിനോട് ചെയ്ത ഒരു വാഗ്ദാ നത്തിന്റെ അടിസ്ഥാനത്തിലാണ് അയാൾക്ക് വേണ്ടി പാപ മോചനത്തിന് പ്രാർത്ഥിച്ചത്. എന്നാൽ മുസ്‌ലിംകൾ ഈ മാതൃക സ്വീകരിച്ചുകൊണ്ട് അവിശ്വാസികളായ മാതാപിതാ ക്കൾക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതില്ലെന്ന് ഈ വചനത്തിൽ നിന്ന് ഗ്രഹിക്കാം.

لَقَدْ كَانَ لَكُمْ فِيهِمْ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ
وَمَن يَتَوَلَّ فَإِنَّ ٱللَّهَ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٦﴾ ۞ عَسَى ٱللَّهُ أَن يَجْعَلَ
بَيْنَكُمْ وَبَيْنَ ٱلَّذِينَ عَادَيْتُم مِّنْهُم مَّوَدَّةً ۚ وَٱللَّهُ قَدِيرٌ ۚ وَٱللَّهُ غَفُورٌ رَّحِيمٌ
﴿٧﴾ لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَـٰتِلُوكُمْ فِى ٱلدِّينِ وَلَمْ يُخْرِجُوكُم
مِّن دِيَـٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ
﴿٨﴾ إِنَّمَا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ قَـٰتَلُوكُمْ فِى ٱلدِّينِ وَأَخْرَجُوكُم
مِّن دِيَـٰرِكُمْ وَظَـٰهَرُوا۟ عَلَىٰٓ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُو۟لَـٰٓئِكَ
هُمُ ٱلظَّـٰلِمُونَ ﴿٩﴾ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا جَآءَكُمُ ٱلْمُؤْمِنَـٰتُ
مُهَـٰجِرَٰتٍ فَٱمْتَحِنُوهُنَّ ۖ ٱللَّهُ أَعْلَمُ بِإِيمَـٰنِهِنَّ ۖ فَإِنْ عَلِمْتُمُوهُنَّ مُؤْمِنَـٰتٍ
فَلَا تَرْجِعُوهُنَّ إِلَى ٱلْكُفَّارِ ۖ لَا هُنَّ حِلٌّ لَّهُمْ وَلَا هُمْ يَحِلُّونَ لَهُنَّ ۖ وَءَاتُوهُم
مَّآ أَنفَقُوا۟ ۚ وَلَا جُنَاحَ عَلَيْكُمْ أَن تَنكِحُوهُنَّ إِذَآ ءَاتَيْتُمُوهُنَّ أُجُورَهُنَّ ۚ
وَلَا تُمْسِكُوا۟ بِعِصَمِ ٱلْكَوَافِرِ وَسْـَٔلُوا۟ مَآ أَنفَقْتُمْ وَلْيَسْـَٔلُوا۟ مَآ أَنفَقُوا۟ ۚ
ذَٰلِكُمْ حُكْمُ ٱللَّهِ ۖ يَحْكُمُ بَيْنَكُمْ ۚ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٠﴾ وَإِن فَاتَكُمْ
شَىْءٌ مِّنْ أَزْوَٰجِكُمْ إِلَى ٱلْكُفَّارِ فَعَاقَبْتُمْ فَـَٔاتُوا۟ ٱلَّذِينَ ذَهَبَتْ
أَزْوَٰجُهُم مِّثْلَ مَآ أَنفَقُوا۟ ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ﴿١١﴾

കയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്രമാണ് അവരോട് മൈത്രി കാണിക്കുന്നത് അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ.

10 സത്യവിശ്വാസികളേ, വിശ്വാസിനികളായ സ്ത്രീകൾ അഭയാർത്ഥിനികളായിക്കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങൾ അവരെ പരീക്ഷിച്ചു നോക്കണം. അവരുടെ വിശ്വാസത്തെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്. എന്നിട്ട് അവർ വിശ്വാസിനികളാണെന്ന് നിങ്ങൾ അറിഞ്ഞു കഴിഞ്ഞാൽ അവരെ നിങ്ങൾ സത്യനിഷേധികളുടെ അടുത്തേക്ക് മടക്കി അയക്കരുത്. ആ സ്ത്രീകൾ അവർക്കു അനുവദനീയമല്ല. അവർ ആ സ്ത്രീകൾക്കും അനുവദനീയമല്ല. അവർക്ക്[1] അവർ ചെലവഴിച്ചത് നിങ്ങൾ നൽകുകയും വേണം. ആ സ്ത്രീകൾക്ക് അവരുടെ പ്രതിഫലങ്ങൾ നിങ്ങൾ കൊടുത്താൽ അവരെ നിങ്ങൾ വിവാഹം കഴിക്കുന്നതിന് നിങ്ങൾക്ക് വിരോധമില്ല. അവിശ്വാസികളുമായുള്ള ബന്ധങ്ങളിൽ നിങ്ങൾ മുറുകെ പിടിച്ചുകൊണ്ടിരിക്കുകയും ചെയ്യരുത്.[2] നിങ്ങൾ ചെലവഴിച്ചതെന്തോ അത് നിങ്ങൾ ചോദിച്ചുകൊള്ളുക.[3] അവർ ചെലവഴിച്ചതെന്തോ അത് അവരും ചോദിച്ചുകൊള്ളട്ടെ. അതാണ് അല്ലാഹുവിന്റെ വിധി. അവൻ നിങ്ങൾക്കിടയിൽ വിധി കൽപിക്കുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു.

11 നിങ്ങളുടെ ഭാര്യമാരിൽ നിന്ന് വല്ലവരും അവിശ്വാസികളുടെ കൂട്ടത്തിലേക്ക് (പോയിട്ട് നിങ്ങൾക്ക്) നഷ്ടപ്പെടുകയും എന്നിട്ട് നിങ്ങൾ അനന്തര നടപടി എടുക്കുകയും ചെയ്യുകയാണെങ്കിൽ ആരുടെ ഭാര്യമാരാണോ നഷ്ടപ്പെട്ടു പോയത് അവർക്ക് അവർ ചെലവഴിച്ച തുക(മഹ്ർ) പോലുള്ളത് നിങ്ങൾ നൽകുക. ഏതൊരു അല്ലാഹുവിൽ നിങ്ങൾ വിശ്വസിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

12 ഓ; നബീ, അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും, മോഷ്ടിക്കുകയില്ലെന്നും, വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ മക്കളെ കൊന്നുകളയുകയില്ലെന്നും, തങ്ങളുടെ കൈകാലുകൾക്കിടയിൽ വ്യാജവാദം കെട്ടിച്ചമച്ചുകൊണ്ടുവരികയില്ലെന്നും,[4] യാതൊരു നല്ല കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും നിന്നോട് പ്രതിജ്ഞ ചെയ്തുകൊണ്ട് സത്യവിശ്വാസിനികൾ നിന്റെ അടുത്ത് വന്നാൽ നീ അവരുടെ പ്രതിജ്ഞ സ്വീകരിക്കുകയും, അവർക്ക് വേണ്ടി അല്ലാ

---

1 അവിശ്വാസികളുടെ സമൂഹത്തിൽ നിന്ന് വിവാഹിതയായ ഒരു സ്ത്രീ ഇസ്ലാം സ്വീകരിച്ചുകൊണ്ട് മുസ്ലിം സമൂഹത്തിലേ ക്ക് വന്നാൽ എന്തു ചെയ്യണമെന്നാണ് ഇവിടെ വിവരിക്കു ന്നത്. അവളെ അവിശ്വാസികളുടെ സമൂഹത്തിലേക്ക് തിരിച്ചയക്കരുത്. ഇസ്ലാം ആശ്ലേഷിച്ച ഒരു സ്ത്രീക്ക് ഒരു അവിശ്വാസിയുടെ ഭാര്യയായി തുടരാവുന്നതല്ല. എന്നാൽ അവിശ്വാസിയായ ഭർത്താവ് അവൾക്ക് കൊടുത്ത വിവാഹ സമ്മാനം (മഹ്ർ) മുസ്ലിംകൾ അയാൾക്ക് നൽകേണ്ടതാണ്. ഏതൊരു മുസ്ലിമിനും ആ സ്ത്രീയെ ന്യായമായ മഹ്ർ നിച്ചയിച്ച് (ഇദ്ദഃ കഴിഞ്ഞ ശേഷം) വിവാഹം കഴിക്കാവുന്നതാണ്.

2 ഇസ്ലാം ആശ്ലേഷിച്ച ഒരാൾക്ക് അവിശ്വാസിനിയായ സ്ത്രീയുമായി ദാമ്പത്യബന്ധം തുടരാൻ പാടില്ല.

3 മുസ്ലിംകളുടെ ഭാര്യമാരാരെങ്കിലും അവിശ്വാസികളായി മാറുകയും, അവിശ്വാസികളിൽ ആരുമായെങ്കിലും വിവാഹബന്ധത്തിലേർപ്പെടുകയും ചെയ്താൽ ആദ്യഭർത്താവ് നൽകിയ മഹർ അമുസ്ലിം സമൂഹത്തോട് വസൂൽ ചെയ്യാൻ മുസ്ലിംകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

4 ജാരസന്തതിക്ക് ജന്മം നൽകിയിട്ട് ഭർത്താവിന്റെ മേൽ വ്യാജമായി കെട്ടിയേൽപ്പിക്കുന്നതിനെപ്പററിയാണ് സൂചന.

يَٰٓأَيُّهَا ٱلنَّبِيُّ إِذَا جَآءَكَ ٱلْمُؤْمِنَٰتُ يُبَايِعْنَكَ عَلَىٰٓ أَن لَّا يُشْرِكْنَ
بِٱللَّهِ شَيْـًٔا وَلَا يَسْرِقْنَ وَلَا يَزْنِينَ وَلَا يَقْتُلْنَ أَوْلَٰدَهُنَّ وَلَا يَأْتِينَ
بِبُهْتَٰنٍ يَفْتَرِينَهُۥ بَيْنَ أَيْدِيهِنَّ وَأَرْجُلِهِنَّ وَلَا يَعْصِينَكَ
فِى مَعْرُوفٍ فَبَايِعْهُنَّ وَٱسْتَغْفِرْ لَهُنَّ ٱللَّهَ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ
(١٢) يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِمْ
قَدْ يَئِسُوا۟ مِنَ ٱلْءَاخِرَةِ كَمَا يَئِسَ ٱلْكُفَّارُ مِنْ أَصْحَٰبِ ٱلْقُبُورِ (١٣)

ترتيبها ٦١ — سُورَةُ الصَّفِّ — آياتها ١٤

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

سَبَّحَ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ
(١) يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ مَا لَا تَفْعَلُونَ (٢)
كَبُرَ مَقْتًا عِندَ ٱللَّهِ أَن تَقُولُوا۟ مَا لَا تَفْعَلُونَ (٣) إِنَّ
ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ فِى سَبِيلِهِۦ صَفًّا كَأَنَّهُم
بُنْيَٰنٌ مَّرْصُوصٌ (٤) وَإِذْ قَالَ مُوسَىٰ لِقَوْمِهِۦ يَٰقَوْمِ لِمَ
تُؤْذُونَنِى وَقَد تَّعْلَمُونَ أَنِّى رَسُولُ ٱللَّهِ إِلَيْكُمْ فَلَمَّا
زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ (٥)

ഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധി യുമാകുന്നു.

13 സത്യവിശ്വാസികളേ, അല്ലാഹു കോപിച്ചിട്ടുള്ള ഒരു ജനതയോട് നിങ്ങൾ മൈത്രിയിലേർപ്പെടരുത്. ഖബ്റുകളിലുള്ളവരെ സംബന്ധിച്ച് അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ പരലോകത്തെപ്പറ്റി അവർ നിരാശപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

## സ്വഫ്ഫ് (അണി)

### അദ്ധ്യായം 61

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു വിന്റെ മഹത്വം പ്രകീർത്തിച്ചിരിക്കുന്നു. അവനാ കുന്നു പ്രതാപിയും യുക്തിമാനും.

2 സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു?

3 നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിനു കാരണമായിരി ക്കുന്നു.

4 (കല്ലുകൾ) സുദൃഢമായി സംയോജിപ്പിച്ച ഒരു മതിൽ പോലെ അണിചേർന്നുകൊണ്ട് തന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ട പ്പെടുന്നു.

5 മൂസാ തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാ ണ് എന്നെ ഉപദ്രവിക്കുന്നത്? ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് നിങ്ങൾക്കറിയാമല്ലോ. അങ്ങനെ അവർ തെററിപ്പോയപ്പോൾ അല്ലാഹു അവരു ടെ ഹൃദയങ്ങളെ തെററിച്ചു കളഞ്ഞു. അല്ലാഹു ദുർമാ ർഗ്ഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

6 മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്ര ദ്ധേയമാകുന്നു:) ഇസ്രാഈൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊ ണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെപ്പററി[1] സന്തോഷവാർത്ത അറിയിക്കുന്നവ നായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂത നായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു.

7 താൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ അല്ലാ ഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനേക്കാൾ വലിയ അക്രമി ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

8 അവർ അവരുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യ നിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു.

9 സന്മാർഗവും സത്യമതവും കൊണ്ട് - എല്ലാ മതങ്ങൾ ക്കും മീതെ അതിനെ തെളിയിച്ചു

---

1 'അഹ്മദ്' എന്നത് നബി (സ) യുടെ മറ്റൊരു നാമമത്രെ. പുകഴ്ത്തപ്പെട്ടവൻ എന്നാണ് അഹ്മദ്, മുഹമ്മദ് എന്നീ ശബ്ദ ങ്ങളുടെ അർത്ഥം. യേശുക്രിസ്തുവിനു ശേഷമുള്ള പ്രവാച കനെ കുറിച്ച് യോഹന്നാൻ സുവിശേഷത്തിൽ പ്രയോഗിച്ചി ട്ടുള്ള 'പെരിക്ളീറ്റസ്' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥവും ഇതു തന്നെയാണ്.

وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يَـٰبَنِىٓ إِسْرَٰٓءِيلَ إِنِّى رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقًا
لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ ۖ فَلَمَّا
جَآءَهُم بِٱلْبَيِّنَـٰتِ قَالُوا۟ هَـٰذَا سِحْرٌ مُّبِينٌ ٦ وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ
عَلَى ٱللَّهِ ٱلْكَذِبَ وَهُوَ يُدْعَىٰٓ إِلَى ٱلْإِسْلَـٰمِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ
٧ يُرِيدُونَ لِيُطْفِـُٔوا۟ نُورَ ٱللَّهِ بِأَفْوَٰهِهِمْ وَٱللَّهُ مُتِمُّ نُورِهِۦ وَلَوْ كَرِهَ
ٱلْكَـٰفِرُونَ ٨ هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ
عَلَى ٱلدِّينِ كُلِّهِۦ وَلَوْ كَرِهَ ٱلْمُشْرِكُونَ ٩ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ هَلْ أَدُلُّكُمْ
عَلَىٰ تِجَـٰرَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ ١٠ تُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ وَتُجَـٰهِدُونَ
فِى سَبِيلِ ٱللَّهِ بِأَمْوَٰلِكُمْ وَأَنفُسِكُمْ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ١١
يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ وَمَسَـٰكِنَ
طَيِّبَةً فِى جَنَّـٰتِ عَدْنٍ ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ١٢ وَأُخْرَىٰ تُحِبُّونَهَا ۖ نَصْرٌ
مِّنَ ٱللَّهِ وَفَتْحٌ قَرِيبٌ ۗ وَبَشِّرِ ٱلْمُؤْمِنِينَ ١٣ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوٓا۟
أَنصَارَ ٱللَّهِ كَمَا قَالَ عِيسَى ٱبْنُ مَرْيَمَ لِلْحَوَارِيِّـۧنَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ
قَالَ ٱلْحَوَارِيُّونَ نَحْنُ أَنصَارُ ٱللَّهِ ۖ فَـَٔامَنَت طَّآئِفَةٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ
وَكَفَرَت طَّآئِفَةٌ ۖ فَأَيَّدْنَا ٱلَّذِينَ ءَامَنُوا۟ عَلَىٰ عَدُوِّهِمْ فَأَصْبَحُوا۟ ظَـٰهِرِينَ ١٤

കാണിക്കുവാൻ വേണ്ടി - തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി.

10 സത്യവിശ്വാസികളേ, വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?

11 നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസി ക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വ ത്തുകൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണക രമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ.

12 എങ്കിൽ നിങ്ങൾക്ക് അവൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും, താഴ്ഭാഗത്തു കൂടി അരുവിക ളൊഴുകുന്ന സ്വർഗത്തോപ്പുകളിലും, സ്ഥിരവാസത്തി നുള്ള സ്വർഗത്തോപ്പുകളിലെ വിശിഷ്ടമായ വസതിക ളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യു ന്നതാണ്. അതത്രെ മഹത്തായ ഭാഗ്യം.

13 നിങ്ങളിഷ്ടപ്പെടുന്ന മറ്റൊരു കാര്യവും (അവൻ നൽ കുന്നതാണ്.) അതെ, അല്ലാഹുവിങ്കൽ നിന്നുള്ള സഹാ യവും ആസന്നമായ വിജയവും. (നബിയേ,) സത്യവിശ്വാ സികൾക്ക് നീ സന്തോഷ വാർത്ത അറിയിക്കുക.

14 സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായി കളായിരിക്കുക. മർയമിന്റെ മകൻ ഈസാ 'അല്ലാഹു വിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതുപോലെ. ഹവാരികൾ പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിന്റെ സഹാ യികളാകുന്നു'. അപ്പോൾ ഇസ്റാഈൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവ ർക്ക് അവരുടെ ശത്രുവിന്നെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവർ മികവുറ്റവരായിത്തീരു കയും ചെയ്തു.

## ജുമുഅഃ[1]

### അദ്ധ്യായം 62

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 രാജാവും പരമപരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ അല്ലാഹുവെ ആകാശത്തിലു ള്ളതും ഭൂമിയിലുള്ളതുമെല്ലാം പ്രകീർത്തിച്ചുകൊ ണ്ടിരിക്കുന്നു.

2 അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃ ഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് തത്വ ജ്ഞാനവും വേദഗ്രന്ഥവും പഠിപ്പിക്കുകയും ചെ യ്യാൻ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു.

3 അവരിൽപെട്ട ഇനിയും അവരോടൊപ്പം വന്നു ചേർന്നിട്ടില്ലാത്ത മററുള്ളവരിലേക്കും[2] (അദ്ദേഹ ത്തെ നിയോഗിച്ചിരിക്കുന്നു.) അവനാകുന്നു പ്ര താപിയും യുക്തിമാനും.

4 അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു.

1 9-ാം വചനത്തിൽ ജുമുഅഃ നമസ്കാരത്തെപറ്റിയുള്ള പരാമർശമാണ് ഈ പേരിന് നിദാനം.

2 നബി (സ)യുടെ ദേശക്കാരും കാലക്കാരുമല്ലാത്ത ജനവിഭാഗങ്ങൾക്ക് കൂടി അദ്ദേഹത്തിന്റെ ദൗത്യം ബാധകമാണെന്ന അർത്ഥം.

## سُورَةُ الجُمُعَةِ

ترتيبها ٦٢ — آياتها ١١

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

يُسَبِّحُ لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ الْمَلِكِ الْقُدُّوسِ الْعَزِيزِ
الْحَكِيمِ ﴿١﴾ هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ يَتْلُو
عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا
مِنْ قَبْلُ لَفِي ضَلَالٍ مُبِينٍ ﴿٢﴾ وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ
وَهُوَ الْعَزِيزُ الْحَكِيمُ ﴿٣﴾ ذَٰلِكَ فَضْلُ اللَّهِ يُؤْتِيهِ مَنْ يَشَاءُ وَاللَّهُ
ذُو الْفَضْلِ الْعَظِيمِ ﴿٤﴾ مَثَلُ الَّذِينَ حُمِّلُوا التَّوْرَاةَ ثُمَّ لَمْ
يَحْمِلُوهَا كَمَثَلِ الْحِمَارِ يَحْمِلُ أَسْفَارًا بِئْسَ مَثَلُ الْقَوْمِ
الَّذِينَ كَذَّبُوا بِآيَاتِ اللَّهِ وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ ﴿٥﴾
قُلْ يَا أَيُّهَا الَّذِينَ هَادُوا إِنْ زَعَمْتُمْ أَنَّكُمْ أَوْلِيَاءُ لِلَّهِ مِنْ
دُونِ النَّاسِ فَتَمَنَّوُا الْمَوْتَ إِنْ كُنْتُمْ صَادِقِينَ ﴿٦﴾ وَلَا يَتَمَنَّوْنَهُ
أَبَدًا بِمَا قَدَّمَتْ أَيْدِيهِمْ وَاللَّهُ عَلِيمٌ بِالظَّالِمِينَ ﴿٧﴾ قُلْ إِنَّ
الْمَوْتَ الَّذِي تَفِرُّونَ مِنْهُ فَإِنَّهُ مُلَاقِيكُمْ ثُمَّ تُرَدُّونَ
إِلَىٰ عَالِمِ الْغَيْبِ وَالشَّهَادَةِ فَيُنَبِّئُكُمْ بِمَا كُنْتُمْ تَعْمَلُونَ ﴿٨﴾

അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹം നൽകുന്നവനത്രെ.

(5) തൗറാത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു.[1] അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു കളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു നേർമാർഗത്തിലാക്കുകയില്ല.

(6) (നബിയേ,) പറയുക: യഹൂദികളായുള്ളവരേ, മറ്റു മനുഷ്യരെ കൂടാതെ നിങ്ങൾ മാത്രം അല്ലാഹുവിന്റെ മിത്രങ്ങളാണെന്ന് നിങ്ങൾ വാദിക്കുകയാണെങ്കിൽ നിങ്ങൾ മരണം കൊതിക്കുക.[2] നിങ്ങൾ സത്യവാന്മാരാണെങ്കിൽ.

(7) എന്നാൽ അവരുടെ കൈകൾ മുൻകൂട്ടി ചെയ്തു വെച്ചതിന്റെ ഫലമായി അവർ ഒരിക്കലും അത് കൊതിക്കുകയില്ല. അല്ലാഹു അക്രമകാരികളെപ്പറ്റി അറിവുള്ളവനാകുന്നു.

(8) (നബിയേ,) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽ നിന്ന് നിങ്ങൾ ഓടി അകലുന്നുവോ തീർച്ചയായും അത് നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.

(9) സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിനു വിളിക്കപ്പെട്ടാൽ അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ.

(10) അങ്ങനെ നമസ്കാരം നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

(11) അവർ ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവയുടെ അടുത്തേക്ക് പിരിഞ്ഞു പോകുകയും നിന്നനിൽപിൽ നിന്നെ വിട്ടേക്കുകയും ചെയ്യുന്നതാണ്.[3] നീ പറയുക: അല്ലാഹുവിന്റെ അടുക്കലു

---

1 വദഗ്രന്ഥത്തിന്റെ വാഹകരാണെന്നതിൽ അഭിമാനിക്കുകയും, വേദത്തിന്റെ ഉള്ളടക്കം ജീവിതത്തിൽ പകർത്താതിരിക്കുകയും ചെയ്യുന്ന എല്ലാവർക്കും ഈ ഉപമ ബാധകമത്രെ.

2 മരണത്തോടെ സ്വർഗീയസുഖങ്ങൾ ലഭിക്കുമെന്ന് ഉറപ്പിക്കാൻ മാത്രം ദൈവസാമീപ്യം നേടിയവരാണ് തങ്ങളെന്നാണ് അവരുടെ അവകാശവാദമെങ്കിൽ അവർ മരണത്തെ കൊതിക്കുകയാണ് വേണ്ടത്. പലതരം വിഷമങ്ങൾ നിറഞ്ഞ ഭൗതിക ലോകത്ത് അവർ തുടരാൻ ആഗ്രഹിക്കുന്നത് അനുചിതമാണ്.

3 ഒരു വെള്ളിയാഴ്ച മദീന പള്ളിയിലെ മിമ്പറിൽ നബി (സ) പ്രസംഗിച്ചു കൊണ്ട് നിൽക്കെ മദീനാ കമ്പോളത്തിൽ ഒരു സാർത്ഥവാഹക സംഘം വന്നു കൊട്ടും കുരവയുമുാക്കിയപ്പോൾ ഖുത്ബഃ കേട്ടുകൊണ്ടിരുന്നവരിൽ ഏതാനും പേരൊഴിച്ച് ബാക്കിയുള്ളവർ കമ്പോളത്തിലേക്ക് ഓടിപ്പോയി. ഈ

ളളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാകുന്നു. അല്ലാഹു ഉപജീവനം നൽകുന്നവരിൽ ഉത്തമനാകുന്നു.

## മുനാഫിഖൂൻ (കപടവിശ്വാസികൾ)
### അദ്ധ്യായം 63

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 കപടവിശ്വാസികൾ നിന്റെ അടുത്ത് വന്നാൽ അവർ പറയും: 'തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു.' അല്ലാഹുവിന്നറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിഖുകൾ (കപടന്മാർ) കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.

2 അവർ അവരുടെ ശപഥങ്ങളെ ഒരു പരിചയാക്കിയിരിക്കുകയാണ്.[1] അങ്ങനെ അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് (ജനങ്ങളെ) തടഞ്ഞിരിക്കുന്നു. തീർച്ചയായും അവർ പ്രവർത്തിക്കുന്നത് എത്രയോ ചീത്ത തന്നെ.

3 അത് അവർ ആദ്യം വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും ചെയ്യുന്നതിന്റെ ഫലമത്രെ. അങ്ങനെ അവരുടെ ഹൃദയങ്ങളിന്മേൽ മുദ്രവെക്കപ്പെട്ടിരിക്കുന്നു. അതിനാൽ അവർ (കാര്യം) ഗ്രഹിക്കുകയില്ല.

4 നീ അവരെ കാണുകയാണെങ്കിൽ അവരുടെ ശരീരങ്ങൾ നിന്നെ അത്ഭുതപ്പെടുത്തും. അവർ സംസാരിക്കുന്നപക്ഷം നീ അവരുടെ വാക്കു കേട്ടിരുന്നു പോകും.[2] അവർ ചാരിവെക്കപ്പെട്ട മരത്തടികൾ പോലെയാകുന്നു. എല്ലാ ഒച്ചയും തങ്ങൾക്കെതിരാണെന്ന് അവർ വിചാരിക്കും.[3] അവരാകുന്നു ശത്രു. അവരെ സൂക്ഷിച്ചുകൊള്ളുക.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نُودِىَ لِلصَّلَوٰةِ مِن يَوْمِ ٱلْجُمُعَةِ
فَٱسْعَوْاْ إِلَىٰ ذِكْرِ ٱللَّهِ وَذَرُواْ ٱلْبَيْعَ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ
تَعْلَمُونَ ﴿٩﴾ فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُواْ فِى ٱلْأَرْضِ
وَٱبْتَغُواْ مِن فَضْلِ ٱللَّهِ وَٱذْكُرُواْ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ
﴿١٠﴾ وَإِذَا رَأَوْاْ تِجَٰرَةً أَوْ لَهْوًا ٱنفَضُّوٓاْ إِلَيْهَا وَتَرَكُوكَ قَآئِمًا قُلْ
مَا عِندَ ٱللَّهِ خَيْرٌ مِّنَ ٱللَّهْوِ وَمِنَ ٱلتِّجَٰرَةِ وَٱللَّهُ خَيْرُ ٱلرَّٰزِقِينَ ﴿١١﴾

ترتيبها ٦٣ — سُورَةُ المُنَافِقُونَ — آياتها ١١

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِذَا جَآءَكَ ٱلْمُنَٰفِقُونَ قَالُواْ نَشْهَدُ إِنَّكَ لَرَسُولُ ٱللَّهِ وَٱللَّهُ يَعْلَمُ
إِنَّكَ لَرَسُولُهُۥ وَٱللَّهُ يَشْهَدُ إِنَّ ٱلْمُنَٰفِقِينَ لَكَٰذِبُونَ ﴿١﴾
ٱتَّخَذُوٓاْ أَيْمَٰنَهُمْ جُنَّةً فَصَدُّواْ عَن سَبِيلِ ٱللَّهِ إِنَّهُمْ سَآءَ مَا كَانُواْ
يَعْمَلُونَ ﴿٢﴾ ذَٰلِكَ بِأَنَّهُمْ ءَامَنُواْ ثُمَّ كَفَرُواْ فَطُبِعَ عَلَىٰ قُلُوبِهِمْ
فَهُمْ لَا يَفْقَهُونَ ﴿٣﴾ ۞ وَإِذَا رَأَيْتَهُمْ تُعْجِبُكَ أَجْسَامُهُمْ
وَإِن يَقُولُواْ تَسْمَعْ لِقَوْلِهِمْ كَأَنَّهُمْ خُشُبٌ مُّسَنَّدَةٌ يَحْسَبُونَ كُلَّ
صَيْحَةٍ عَلَيْهِمْ هُمُ ٱلْعَدُوُّ فَٱحْذَرْهُمْ قَٰتَلَهُمُ ٱللَّهُ أَنَّىٰ يُؤْفَكُونَ ﴿٤﴾

അല്ലാഹു അവരെ നശിപ്പിക്കട്ടെ. എങ്ങനെയാണ് അവർ വഴിതെറ്റിക്കപ്പെടുന്നത്?

5 'നിങ്ങൾ വരൂ. അല്ലാഹുവിന്റെ ദൂതൻ നിങ്ങൾക്കു വേണ്ടി പാപമോചനത്തിന് പ്രാർത്ഥിച്ചുകൊള്ളും' എന്ന് അവരോട് പറയപ്പെട്ടാൽ അവർ അവരുടെ തലതിരിച്ചുകളയും. അവർ അഹങ്കാരം നടിച്ചുകൊണ്ട് തിരിഞ്ഞു പോകുന്നതായി നിനക്ക് കാണുകയും ചെയ്യാം.

6 നീ അവർക്കു വേണ്ടി പാപമോചനത്തിനു പ്രാർത്ഥിച്ചാലും പ്രാർത്ഥിച്ചിട്ടില്ലെങ്കിലും അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അല്ലാഹു ഒരിക്കലും അവർക്ക് പൊറുത്തു കൊടുക്കുകയില്ല. തീർച്ചയായും അല്ലാഹു ദുർമാർഗ്ഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

7 'അല്ലാഹുവിന്റെ ദൂതന്റെ അടുക്കലുള്ളവർക്ക് വേണ്ടി അവർ (അവിടെ നിന്ന്) പിരിഞ്ഞു പോകുന്നതുവരെ നിങ്ങൾ (ഒന്നും) ചെലവ് ചെയ്യരുത്

---

സന്ദർഭത്തിലാണ് ഈ വചനം അവതരിച്ചത്.

1 ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ പല കുതന്ത്രങ്ങളിലും ഏർപ്പെട്ടിരുന്ന കപടന്മാർ ആത്മരക്ഷക്കുവേണ്ടി സ്വീകരിച്ചിരുന്ന ഒരു തന്ത്രം മാത്രമായിരുന്നു തങ്ങൾ സത്യവിശ്വാസികളാണെന്ന് ആണയിട്ടുപറയൽ.

2 നല്ല ആകാരസൗഷ്ഠവമുള്ളവരും സമർത്ഥമായി സംസാരിക്കാൻ കഴിവുള്ളവരുമായിരുന്നു കപടന്മാർ എന്നർത്ഥം.

3 കപടന്മാർക്ക് എപ്പോഴും ആശങ്കയായിരിക്കും. തങ്ങളുടെ നിജസ്ഥിതി ആരെങ്കിലും അറിയുന്നുണ്ടോ എന്നറിയാൻ അവർ സംസാരം കാതോർത്തു നടക്കും. അപ്പോൾ കേൾക്കുന്ന പല ശബ്ദങ്ങളും തങ്ങൾക്കെതിരിൽ ഉള്ളതാണെന്ന് ധരിച്ച് അവർ വേവലാതിപ്പെടും.

وَإِذَا قِيلَ لَهُمْ تَعَالَوْا۟ يَسْتَغْفِرْ لَكُمْ رَسُولُ ٱللَّهِ لَوَّوْا۟ رُءُوسَهُمْ
وَرَأَيْتَهُمْ يَصُدُّونَ وَهُم مُّسْتَكْبِرُونَ ﴿٥﴾ سَوَآءٌ عَلَيْهِمْ
أَسْتَغْفَرْتَ لَهُمْ أَمْ لَمْ تَسْتَغْفِرْ لَهُمْ لَن يَغْفِرَ ٱللَّهُ لَهُمْ ۚ إِنَّ
ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٦﴾ هُمُ ٱلَّذِينَ يَقُولُونَ
لَا تُنفِقُوا۟ عَلَىٰ مَنْ عِندَ رَسُولِ ٱللَّهِ حَتَّىٰ يَنفَضُّوا۟ ۗ وَلِلَّهِ
خَزَآئِنُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَٰكِنَّ ٱلْمُنَٰفِقِينَ لَا يَفْقَهُونَ
﴿٧﴾ يَقُولُونَ لَئِن رَّجَعْنَآ إِلَى ٱلْمَدِينَةِ لَيُخْرِجَنَّ ٱلْأَعَزُّ
مِنْهَا ٱلْأَذَلَّ ۚ وَلِلَّهِ ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ وَلَٰكِنَّ
ٱلْمُنَٰفِقِينَ لَا يَعْلَمُونَ ﴿٨﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُلْهِكُمْ
أَمْوَٰلُكُمْ وَلَآ أَوْلَٰدُكُمْ عَن ذِكْرِ ٱللَّهِ ۚ وَمَن يَفْعَلْ
ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٩﴾ وَأَنفِقُوا۟ مِن مَّا رَزَقْنَٰكُم
مِّن قَبْلِ أَن يَأْتِىَ أَحَدَكُمُ ٱلْمَوْتُ فَيَقُولَ رَبِّ لَوْلَآ أَخَّرْتَنِىٓ
إِلَىٰٓ أَجَلٍ قَرِيبٍ فَأَصَّدَّقَ وَأَكُن مِّنَ ٱلصَّٰلِحِينَ ﴿١٠﴾ وَلَن
يُؤَخِّرَ ٱللَّهُ نَفْسًا إِذَا جَآءَ أَجَلُهَا ۚ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١١﴾

ترتيبها ٦٤ — سُورَةُ التَّغَابُنِ — آياتها ١٨

എന്ന് പറയുന്നവരാകുന്നു അവർ.[1] അല്ലാഹുവിന്റേതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ. പക്ഷെ കപടന്മാർ കാര്യം ഗ്രഹിക്കുന്നില്ല.

8 അവർ പറയുന്നു; ഞങ്ങൾ മദീനയിലേക്ക് മടങ്ങി ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുക തന്നെ ചെയ്യുമെന്ന്.[2] അല്ലാഹുവിനും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം. പക്ഷെ, കപടവിശ്വാസികൾ (കാര്യം) മനസ്സിലാക്കുന്നില്ല.

9 സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുകളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാണ് നഷ്ടക്കാർ.

10 നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്കു നാം നൽകിയതിൽ നിന്നു നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: 'എന്റെ രക്ഷിതാവേ, അടുത്ത ഒരവധിവരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്.

11 ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടിക്കൊടുക്കുകയേ ഇല്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

## തഗാബുൻ (നഷ്ടം വെളിപ്പെടൽ)[3]

### അദ്ധ്യായം 64

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ പ്രകീർത്തിക്കുന്നു. അവന്നാണ് ആധിപത്യം. അവന്നാണ് സ്തുതി. അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.

2 അവനാണ് നിങ്ങളെ സൃഷ്ടിച്ചവൻ. എന്നിട്ട് നിങ്ങളുടെ കൂട്ടത്തിൽ സത്യനിഷേധിയുണ്ട്. നിങ്ങളുടെ കൂട്ടത്തിൽ വിശ്വാസിയുമുണ്ട്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പററി കണ്ടറിയുന്നവനാകുന്നു.

3 ആകാശങ്ങളെയും ഭൂമിയെയും അവൻ മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്കവൻ രൂപം നൽകുകയും, നിങ്ങളുടെ രൂപങ്ങൾ അവൻ നന്നാക്കുകയും ചെയ്തിരിക്കുന്നു. അവങ്കലേക്കാകുന്നു തിരിച്ചുപോക്ക്.

4 ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അവൻ അറിയുന്നു. അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു.

5 മുമ്പ് അവിശ്വസിച്ചവരുടെ വൃത്താന്തം

---

1 മുഹാജിറുകൾക്ക് സഹായം നൽകിയിരുന്ന അൻസാറുകളെ സമീപിച്ച് അത് മുടക്കാൻ വേണ്ടി ശ്രമിക്കുകയായിരുന്നു കപടവിശ്വാസികൾ.

2 കപടവിശ്വാസികൾ കരുതിയിരുന്നത് തങ്ങളാണ് പ്രതാപശാലികളെന്നും, നിന്ദ്യന്മാരായ മുസ്‌ലിംകളെ മദീനയിൽ നിന്ന് പുറംതള്ളാൻ തങ്ങൾക്ക് സാധിക്കുമെന്നുമായിരുന്നു. തദടിസ്ഥാനത്തിലായിരുന്നു ഇസ്‌ലാമിന്റെ ശത്രുക്കളുമായി അവർ ഗൂഢാലോചനകളിൽ ഏർപ്പെട്ടിരുന്നത്. സ്വകാര്യ സംഭാഷണങ്ങളിൽ അവർ ഈ കാര്യം തുറന്നു പറഞ്ഞിരുന്നു.

3 ഒമ്പതാം വചനത്തിൽ നഷ്ടം വെളിപ്പെടുന്ന ദിവസത്തെപ്പറ്റിയുള്ള പരാമർശമാണ് ഈ പേരിന് നിദാനം.

നിങ്ങ ൾക്ക് വന്നു കിട്ടിയിട്ടില്ലേ? അങ്ങനെ അവരുടെ നിലപാടിന്റെ ഭവിഷ്യത്ത് അവർ അനുഭവിച്ചു. അവർക്കു (പരലോകത്ത്) വേദനയേറിയ ശിക്ഷ യുണ്ട്.

(6) അതെന്തു കൊണ്ടെന്നാൽ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞു: 'ഒരു മനുഷ്യൻ നമുക്ക് മാർഗദർശനം നൽകുകയോ?' [1] അങ്ങനെ അവർ അവിശ്വസിക്കുകയും പിന്തിരിഞ്ഞു കളയുകയും ചെയ്തു. അല്ലാഹു സ്വയം പര്യാപ്തനായിരിക്കുന്നു. അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു.

(7) തങ്ങൾ യിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു. (നബിയേ,) പറയുക: അതെ, എന്റെ രക്ഷിതാവിനെ തന്നെയാണ്, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു.

(8) അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും നാം അവതരിപ്പിച്ച പ്രകാശത്തിലും വിശ്വസിച്ചുകൊള്ളുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാണ്.

(9) ആ സമ്മേളനദിനത്തിന് നിങ്ങളെ അവൻ ഒരുമിച്ചു കൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു.) അതാണ് നഷ്ടം വെളിപ്പെടുന്ന ദിവസം.[2] ആർ അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അല്ലാഹു അവന്റെ പാപങ്ങൾ മാച്ചുകളയുകയും താഴ് ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതിൽ (സ്വർഗത്തിൽ) അവർ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.

(10) അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു തള്ളുകയും ചെയ്തവരാകട്ടെ അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. (അവർ) ചെന്നെത്തുന്ന ആ സ്ഥലം വളരെ ചീത്ത തന്നെ.

1 തങ്ങളെപ്പോലുള്ള ഒരു മനുഷ്യനെ മാർഗദർശിയായി അംഗീകരിക്കാൻ തങ്ങൾക്ക് സാധ്യമല്ലെന്നായിരുന്നു അവരുടെ വാദം

2 തങ്ങൾക്ക് എത്ര വലിയ നഷ്ടമാണ് നേരിട്ടിരിക്കുന്നതെന്ന് അന്തിമ ന്യായവിധിയുടെ നാളിൽ സത്യനിഷേധികൾക്ക് വ്യക്തമായി ബോധ്യപ്പെടുന്നതാണ്.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

يُسَبِّحُ لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۖ لَهُ الْمُلْكُ وَلَهُ الْحَمْدُ ۖ
وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿١﴾ هُوَ الَّذِي خَلَقَكُمْ فَمِنكُمْ كَافِرٌ
وَمِنكُم مُّؤْمِنٌ ۚ وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٢﴾ خَلَقَ السَّمَاوَاتِ
وَالْأَرْضَ بِالْحَقِّ وَصَوَّرَكُمْ فَأَحْسَنَ صُوَرَكُمْ ۖ وَإِلَيْهِ الْمَصِيرُ ﴿٣﴾
يَعْلَمُ مَا فِي السَّمَاوَاتِ وَالْأَرْضِ وَيَعْلَمُ مَا تُسِرُّونَ وَمَا تُعْلِنُونَ ۚ وَاللَّهُ
عَلِيمٌ بِذَاتِ الصُّدُورِ ﴿٤﴾ أَلَمْ يَأْتِكُمْ نَبَأُ الَّذِينَ كَفَرُوا مِن قَبْلُ
فَذَاقُوا وَبَالَ أَمْرِهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٥﴾ ذَٰلِكَ بِأَنَّهُ كَانَت تَّأْتِيهِمْ
رُسُلُهُم بِالْبَيِّنَاتِ فَقَالُوا أَبَشَرٌ يَهْدُونَنَا فَكَفَرُوا وَتَوَلَّوا ۚ وَّاسْتَغْنَى
اللَّهُ ۚ وَاللَّهُ غَنِيٌّ حَمِيدٌ ﴿٦﴾ زَعَمَ الَّذِينَ كَفَرُوا أَن لَّن يُبْعَثُوا ۚ قُلْ بَلَىٰ وَرَبِّي
لَتُبْعَثُنَّ ثُمَّ لَتُنَبَّؤُنَّ بِمَا عَمِلْتُمْ ۚ وَذَٰلِكَ عَلَى اللَّهِ يَسِيرٌ ﴿٧﴾ فَآمِنُوا بِاللَّهِ
وَرَسُولِهِ وَالنُّورِ الَّذِي أَنزَلْنَا ۚ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿٨﴾ يَوْمَ
يَجْمَعُكُمْ لِيَوْمِ الْجَمْعِ ۖ ذَٰلِكَ يَوْمُ التَّغَابُنِ ۗ وَمَن يُؤْمِن بِاللَّهِ وَيَعْمَلْ
صَالِحًا يُكَفِّرْ عَنْهُ سَيِّئَاتِهِ وَيُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا
الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ۚ ذَٰلِكَ الْفَوْزُ الْعَظِيمُ ﴿٩﴾

(11) അല്ലാഹുവിന്റെ അനുമതി പ്രകാരമല്ലാതെ യാതൊരു വിപത്തും ബാധിച്ചിട്ടില്ല. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

(12) അല്ലാഹുവെ നിങ്ങൾ അനുസരിക്കുക. റസൂലി നെയും നിങ്ങൾ അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിയുന്ന പക്ഷം നമ്മുടെ റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു.

(13) അല്ലാഹു – അവനല്ലാതെ യാതൊരു ദൈവവു മില്ല. അല്ലാഹുവിന്റെ മേലായിരിക്കട്ടെ സത്യവിശ്വാ സികൾ ഭാരമേൽപിക്കുന്നത്.

(14) സത്യവിശ്വാസികളേ, തീർച്ചയായും നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതിനാൽ അവരെ നിങ്ങൾ സൂക്ഷി ച്ചുകൊള്ളുക. നിങ്ങൾ മാപ്പു നൽകുകയും, വിട്ടു വീഴ്ച കാണിക്കുകയും പൊറുത്തു കൊടുക്കുക യും ചെയ്യുന്ന പക്ഷം

وَٱلَّذِينَ كَفَرُواْ وَكَذَّبُواْ بِـَٔايَٰتِنَآ أُوْلَٰٓئِكَ أَصۡحَٰبُ
ٱلنَّارِ خَٰلِدِينَ فِيهَاۖ وَبِئۡسَ ٱلۡمَصِيرُ ﴿١٠﴾ مَآ أَصَابَ مِن
مُّصِيبَةٍ إِلَّا بِإِذۡنِ ٱللَّهِۗ وَمَن يُؤۡمِنۢ بِٱللَّهِ يَهۡدِ قَلۡبَهُۥۚ وَٱللَّهُ بِكُلِّ
شَيۡءٍ عَلِيمٞ ﴿١١﴾ وَأَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَۚ فَإِن
تَوَلَّيۡتُمۡ فَإِنَّمَا عَلَىٰ رَسُولِنَا ٱلۡبَلَٰغُ ٱلۡمُبِينُ ﴿١٢﴾ ٱللَّهُ لَآ إِلَٰهَ
إِلَّا هُوَۚ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ﴿١٣﴾ يَٰٓأَيُّهَا
ٱلَّذِينَ ءَامَنُوٓاْ إِنَّ مِنۡ أَزۡوَٰجِكُمۡ وَأَوۡلَٰدِكُمۡ عَدُوّٗا
لَّكُمۡ فَٱحۡذَرُوهُمۡۚ وَإِن تَعۡفُواْ وَتَصۡفَحُواْ وَتَغۡفِرُواْ
فَإِنَّ ٱللَّهَ غَفُورٞ رَّحِيمٌ ﴿١٤﴾ إِنَّمَآ أَمۡوَٰلُكُمۡ وَأَوۡلَٰدُكُمۡ
فِتۡنَةٞۚ وَٱللَّهُ عِندَهُۥٓ أَجۡرٌ عَظِيمٞ ﴿١٥﴾ فَٱتَّقُواْ ٱللَّهَ مَا ٱسۡتَطَعۡتُمۡ
وَٱسۡمَعُواْ وَأَطِيعُواْ وَأَنفِقُواْ خَيۡرٗا لِّأَنفُسِكُمۡۗ وَمَن
يُوقَ شُحَّ نَفۡسِهِۦ فَأُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ ﴿١٦﴾ إِن تُقۡرِضُواْ
ٱللَّهَ قَرۡضًا حَسَنٗا يُضَٰعِفۡهُ لَكُمۡ وَيَغۡفِرۡ لَكُمۡۚ وَٱللَّهُ شَكُورٌ
حَلِيمٌ ﴿١٧﴾ عَٰلِمُ ٱلۡغَيۡبِ وَٱلشَّهَٰدَةِ ٱلۡعَزِيزُ ٱلۡحَكِيمُ ﴿١٨﴾

ترتيبها ٦٥ — سُورَةُ الطَّلَاقِ — آياتها ١٢

തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകു ന്നു.

(15) നിങ്ങളുടെ സ്വത്തുകളും നിങ്ങളുടെ സന്താന ങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹു വിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്.

(16) അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാ ഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കു കയും അനുസരിക്കുകയും നിങ്ങൾക്കു തന്നെ ഗുണകരമായ നിലയിൽ ചെലവഴിക്കുകയും ചെ യ്യുക.[1] ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തു രക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ.

(17) നിങ്ങൾ അല്ലാഹുവിന് ഉത്തമമായ കടം കൊ ടുക്കുന്ന പക്ഷം അവനത് നിങ്ങൾക്ക് ഇരട്ടിയാ ക്കിത്തരുകയും നിങ്ങൾക്ക് പൊറുത്തു തരിക യും ചെയ്യുന്നതാണ്. അല്ലാഹു ഏറ്റവും അധികം നന്ദിയുള്ളവനും സഹനശീലനുമാകുന്നു.

(18) അദൃശ്യവും ദൃശ്യവും അറിയുന്നവനും പ്രതാപി യും യുക്തിമാനുമാകുന്നു അവൻ.

## ത്വലാഖ്
## (വിവാഹമോചനം)
## അദ്ധ്യായം 65

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദഃ കാലം നിങ്ങൾ എണ്ണിക്കണക്കാക്കുകയും ചെയ്യുക.[2] നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക യും ചെയ്യുക. അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്.[3] പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാ ണെങ്കിലല്ലാതെ. അവ അല്ലാഹുവിന്റെ നിയമ പരിധികളാകുന്നു. അല്ലാഹുവിന്റെ നിയമപരിധി കളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരി ക്കുന്നു. അതിനു ശേഷം അല്ലാഹു പുതുതായി വല്ല കാര്യവും കൊണ്ടു വന്നേക്കുമോ എന്ന് നിനക്ക് അറിയില്ല.[4]

(2) അങ്ങനെ അവർ (വിവാഹമുക്തകൾ) അവരുടെ അവധിയിൽ എത്തുമ്പോൾ നിങ്ങൾ ന്യായമായ നിലയിൽ അവരെ പിടിച്ചു

---

1 അല്ലാഹു നിർദ്ദേശിക്കുന്ന വിധത്തിൽ ചെലവഴിക്കുന്നത്, ചെലവഴിക്കുന്ന വ്യക്തിക്ക് ഇഹത്തിലും പരത്തിലും ഗുണ കരമായിത്തീരുന്നതാണ്. അല്ലാഹു നിരോധിക്കുന്ന മാർഗ ത്തിലുള്ള ധനവ്യയം ഒരു നിലയിലും ഗുണകരമായി കലാ ശിക്കുകയില്ല.

2 ഗർഭിണികളല്ലാത്ത വിവാഹമുക്തകളുടെ ഇദ്ദഃകാലം അഥവാ പുനർവിവാഹം ചെയ്യാതെ അവർ കാത്തിരിക്കേണ്ട കാലം മൂന്ന് ശുദ്ധിവേളകളാണ്. ലൈംഗിക വേഴ്ച നടന്നിട്ടില്ലാത്ത ശുദ്ധിവേ ളയിൽ മാത്രമേ ഒരു പുരുഷൻ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്യാവൂ. ആർത്തവ കാലത്ത് ത്വലാഖ് പാടില്ല. ഗർഭിണികളുടെ ഇദ്ദഃ അവരുടെ പ്രസവം വരെയാണ്.

3 വിവാഹമോചനം ചെയ്ത ഭർത്താവിന്റെ വീട്ടിൽ തന്നെയാണ് ഇദ്ദഃ കാലത്ത് വിവാഹമുക്ത താമസിക്കേണ്ടത്. ദാമ്പത്യം പുനഃസ്ഥാപിക്കാൻ ഇത് സാധ്യയുണ്ടാക്കുകയും, ബ ന്ധവിച്ഛേദത്തിന്റെ വേദന ലഘൂകരിക്കുകയും ചെയ്യുന്നു.

4 പിണക്കത്തിനും വിവാഹമോചനത്തിനും ശേഷം സ്ത്രീ പുരുഷ ന്മാരുടെ മനസ്സിൽ ഖേദവും, ബന്ധം പുനഃസ്ഥാപിക്കാനുള്ള മോഹവും അല്ലാഹു ജനിപ്പിച്ചേക്കാം. അത് മനുഷ്യർക്ക് മുൻ കൂട്ടി മനസ്സിലാക്കാൻ കഴിയില്ല എന്നർത്ഥം.

നിർത്തുകയോ ന്യായ മായ നിലയിൽ അവരുമായി വേർപിരിയുകയോ ചെയ്യുക. നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാന്മാ രെ നിങ്ങൾ സാക്ഷി നിർത്തുകയും അല്ലാഹു വിനു വേണ്ടി സാക്ഷ്യം നേരാം വണ്ണം നിലനിർത്തു കയും ചെയ്യുക.[1] അല്ലാഹുവിലും അന്ത്യദിനത്തി ലും വിശ്വസിച്ചുകൊണ്ടിരിക്കുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതത്രെ അത്. അല്ലാഹുവെ വല്ലവ നും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും,

3 അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്ന പക്ഷം അ വന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ച യായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാ കുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപ്പെടുത്തിയിട്ടുണ്ട്.

4 നിങ്ങളുടെ സ്ത്രീകളിൽ നിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ[2] സംബന്ധിച്ചിട ത്തോളം നിങ്ങൾ അവരുടെ ഇദ്ദ:യുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്നു മാസമാകുന്നു. ആർത്തവമുണ്ടായിട്ടില്ലാത്തവരുടെതും അങ്ങനെ തന്നെ. ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകു ന്നു. വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവന്ന് അവന്റെ കാര്യത്തിൽ അല്ലാഹു എളു പ്പമുണ്ടാക്കിക്കൊടുക്കുന്നതാണ്.

5 അത് അല്ലാഹുവിന്റെ കൽപനയാകുന്നു. അവ നത് നിങ്ങൾക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവന്റെ തിന്മകളെ അവൻ മാച്ചുകളയുകയും അവന്നുള്ള പ്രതിഫലം അവൻ വലുതാക്കിക്കൊ ടുക്കുകയും ചെയ്യുന്നതാണ്.

6 നിങ്ങളുടെ കഴിവിൽപെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം. അവർക്കു ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്. അവർ ഗർഭിണികളാണെ ങ്കിൽ അവർ അവരുടെ ഗർഭം പ്രസവിക്കുന്നതു വരെ നിങ്ങൾ അവർക്ക് ചെലവു കൊടുക്കുകയും

---

1 ആവശ്യം വരുന്ന സമയത്ത് സാക്ഷികൾ നിഷ്പക്ഷമായി സാക്ഷിമൊഴി നൽകണമെന്നർത്ഥം.

2 ആർത്തവ പ്രായം കഴിഞ്ഞു പോയവർ.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

يَٰٓأَيُّهَا ٱلنَّبِيُّ إِذَا طَلَّقۡتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحۡصُواْ
ٱلۡعِدَّةَۖ وَٱتَّقُواْ ٱللَّهَ رَبَّكُمۡۖ لَا تُخۡرِجُوهُنَّ مِنۢ بُيُوتِهِنَّ
وَلَا يَخۡرُجۡنَ إِلَّآ أَن يَأۡتِينَ بِفَٰحِشَةٖ مُّبَيِّنَةٖۚ وَتِلۡكَ حُدُودُ
ٱللَّهِۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ فَقَدۡ ظَلَمَ نَفۡسَهُۥۚ لَا تَدۡرِي لَعَلَّ
ٱللَّهَ يُحۡدِثُ بَعۡدَ ذَٰلِكَ أَمۡرٗا ١ فَإِذَا بَلَغۡنَ أَجَلَهُنَّ فَأَمۡسِكُوهُنَّ
بِمَعۡرُوفٍ أَوۡ فَارِقُوهُنَّ بِمَعۡرُوفٖ وَأَشۡهِدُواْ ذَوَيۡ عَدۡلٖ مِّنكُمۡ
وَأَقِيمُواْ ٱلشَّهَٰدَةَ لِلَّهِۚ ذَٰلِكُمۡ يُوعَظُ بِهِۦ مَن كَانَ يُؤۡمِنُ
بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ وَمَن يَتَّقِ ٱللَّهَ يَجۡعَل لَّهُۥ مَخۡرَجٗا ٢ وَيَرۡزُقۡهُ
مِنۡ حَيۡثُ لَا يَحۡتَسِبُۚ وَمَن يَتَوَكَّلۡ عَلَى ٱللَّهِ فَهُوَ حَسۡبُهُۥٓۚ إِنَّ ٱللَّهَ
بَٰلِغُ أَمۡرِهِۦۚ قَدۡ جَعَلَ ٱللَّهُ لِكُلِّ شَيۡءٖ قَدۡرٗا ٣ وَٱلَّٰٓـِٔي يَئِسۡنَ
مِنَ ٱلۡمَحِيضِ مِن نِّسَآئِكُمۡ إِنِ ٱرۡتَبۡتُمۡ فَعِدَّتُهُنَّ ثَلَٰثَةُ أَشۡهُرٖ
وَٱلَّٰٓـِٔي لَمۡ يَحِضۡنَۚ وَأُوْلَٰتُ ٱلۡأَحۡمَالِ أَجَلُهُنَّ أَن يَضَعۡنَ حَمۡلَهُنَّۚ
وَمَن يَتَّقِ ٱللَّهَ يَجۡعَل لَّهُۥ مِنۡ أَمۡرِهِۦ يُسۡرٗا ٤ ذَٰلِكَ أَمۡرُ ٱللَّهِ أَنزَلَهُۥٓ
إِلَيۡكُمۡۚ وَمَن يَتَّقِ ٱللَّهَ يُكَفِّرۡ عَنۡهُ سَيِّـَٔاتِهِۦ وَيُعۡظِمۡ لَهُۥٓ أَجۡرًا ٥

ചെയ്യുക. ഇനി അവർ നിങ്ങൾക്കു വേണ്ടി (കുഞ്ഞി നു) മുല കൊടുക്കുന്നപക്ഷം അവർക്കു നിങ്ങൾ അവരുടെ പ്രതിഫലം കൊടുക്കുക. നിങ്ങൾ ത മ്മിൽ മര്യാദപ്രകാരം കൂടിയാലോചിക്കുകയും ചെ യ്യുക. ഇനി നിങ്ങൾ ഇരുവിഭാഗത്തിനും ഞെരുക്ക മാവുകയാണെങ്കിൽ അയാൾക്കു വേണ്ടി മറ്റൊരു സ്ത്രീ മുല കൊടുത്തുകൊള്ളട്ടെ.

7 കഴിവുള്ളവൻ തന്റെ കഴിവിൽ നിന്ന് ചെലവി നു കൊടുക്കട്ടെ. വല്ലവന്നും തന്റെ ഉപജീവനം ഇടുങ്ങിയതായാൽ അല്ലാഹു അവന്നു കൊടുത്ത തിൽ നിന്ന് അവൻ ചെലവിനു കൊടുക്കട്ടെ. ഒരാളോടും അല്ലാഹു അയാൾക്ക് കൊടുത്തത ല്ലാതെ (നൽകാൻ) നിർബന്ധിക്കുകയില്ല. അല്ലാ ഹു ഞെരുക്കത്തിനു ശേഷം സൗകര്യം ഏർപ്പെ ടുത്തിക്കൊടുക്കുന്നതാണ്.

8 എത്രയെത്ര രാജ്യക്കാർ അവരുടെ രക്ഷിതാവി ന്റെയും അവന്റെ ദൂതന്മാരുടെയും കൽപനവിട്ടു ധിക്കാരം പ്രവർത്തിച്ചിട്ടുണ്ട്. അതിനാൽ നാം അവരോട് കർക്കശമായ നിലയിൽ

أَسْكِنُوهُنَّ مِنْ حَيْثُ سَكَنتُم مِّن وُجْدِكُمْ وَلَا تُضَآرُّوهُنَّ لِتُضَيِّقُوا۟
عَلَيْهِنَّ ۚ وَإِن كُنَّ أُو۟لَٰتِ حَمْلٍ فَأَنفِقُوا۟ عَلَيْهِنَّ حَتَّىٰ يَضَعْنَ حَمْلَهُنَّ ۚ
فَإِنْ أَرْضَعْنَ لَكُمْ فَـَٔاتُوهُنَّ أُجُورَهُنَّ ۖ وَأْتَمِرُوا۟ بَيْنَكُم بِمَعْرُوفٍ ۖ وَإِن
تَعَاسَرْتُمْ فَسَتُرْضِعُ لَهُۥٓ أُخْرَىٰ ﴿٦﴾ لِيُنفِقْ ذُو سَعَةٍ مِّن سَعَتِهِۦ ۖ
وَمَن قُدِرَ عَلَيْهِ رِزْقُهُۥ فَلْيُنفِقْ مِمَّآ ءَاتَىٰهُ ٱللَّهُ ۚ لَا يُكَلِّفُ ٱللَّهُ نَفْسًا
إِلَّا مَآ ءَاتَىٰهَا ۚ سَيَجْعَلُ ٱللَّهُ بَعْدَ عُسْرٍ يُسْرًا ﴿٧﴾ وَكَأَيِّن مِّن قَرْيَةٍ
عَتَتْ عَنْ أَمْرِ رَبِّهَا وَرُسُلِهِۦ فَحَاسَبْنَٰهَا حِسَابًا شَدِيدًا وَعَذَّبْنَٰهَا
عَذَابًا نُّكْرًا ﴿٨﴾ فَذَاقَتْ وَبَالَ أَمْرِهَا وَكَانَ عَٰقِبَةُ أَمْرِهَا خُسْرًا ﴿٩﴾
أَعَدَّ ٱللَّهُ لَهُمْ عَذَابًا شَدِيدًا ۖ فَٱتَّقُوا۟ ٱللَّهَ يَٰٓأُو۟لِى ٱلْأَلْبَٰبِ ٱلَّذِينَ ءَامَنُوا۟ ۚ
قَدْ أَنزَلَ ٱللَّهُ إِلَيْكُمْ ذِكْرًا ﴿١٠﴾ رَّسُولًا يَتْلُوا۟ عَلَيْكُمْ ءَايَٰتِ ٱللَّهِ مُبَيِّنَٰتٍ
لِّيُخْرِجَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ
وَمَن يُؤْمِنۢ بِٱللَّهِ وَيَعْمَلْ صَٰلِحًا يُدْخِلْهُ جَنَّٰتٍ تَجْرِى مِن تَحْتِهَا
ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ۖ قَدْ أَحْسَنَ ٱللَّهُ لَهُۥ رِزْقًا ﴿١١﴾ ٱللَّهُ ٱلَّذِى خَلَقَ
سَبْعَ سَمَٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ لِتَعْلَمُوٓا۟ أَنَّ
ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًۢا ﴿١٢﴾

കണക്കു ചോദി ക്കുകയും അവരെ നാം ഹീനമായ വിധത്തിൽ ശിക്ഷിക്കുകയും ചെയ്തു.
9 അങ്ങനെ അവർ അവരുടെ നിലപാടിന്റെ ദുഷ്ഫലം ആസ്വദിച്ചു. അവരുടെ നിലപാടിന്റെ പര്യവസാനം നഷ്ടം തന്നെയായിരുന്നു.
10 അല്ലാഹു അവർക്കു കഠിനമായ ശിക്ഷ ഒരുക്കി വെച്ചിരിക്കുന്നു. അതിനാൽ സത്യവിശ്വാസികളായ ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു ക. തീർച്ചയായും അല്ലാഹു നിങ്ങൾക്ക് ഒരു ഉൽബോധകനെ
11 അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതികേൾപിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി. വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. അങ്ങനെയുള്ളവന്ന് അല്ലാഹു ഉപജീവനം മെച്ചപ്പെടുത്തിയിരിക്കുന്നു.
12 അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതും സൃഷ്ടിച്ചവൻ.[1] അവയ്ക്കിടയിൽ (അവന്റെ) കൽപന ഇറങ്ങുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏതു വസ്തുവെയും ചൂഴ്ന്ന് അറിയുന്ന വനായിരിക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാ ൻ വേണ്ടി.

## തഹ്‌രീം (നിഷിദ്ധമാക്കൽ)
## അദ്ധ്യായം 66

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ഓ; നബീ, നീയെന്തിനാണ് നിന്റെ ഭാര്യമാരുടെ പ്രീതിതേടിക്കൊണ്ട്, അല്ലാഹു നിനക്ക് അനുവദിച്ചു തന്നത് നിഷിദ്ധമാക്കുന്നത്?[2] അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.
2 നിങ്ങളുടെ ശപഥങ്ങൾക്കുള്ള പരിഹാരം[3] അല്ലാഹു നിങ്ങൾക്ക് നിയമമാക്കിത്തന്നിരിക്കുന്നു. അല്ലാഹു നിങ്ങളുടെ യജമാന

---

1 ഏഴു ആകാശങ്ങൾ പോലെ ഏഴു ഭൂമികളും ഉണ്ടെന്നാണ് വ്യാഖ്യാതാക്കൾ ഈ വചനത്തിന് വിശദീകരണം നൽകിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങളെപറ്റി പല ചർച്ചകളും തഫ്സീറുകളിൽ കാണാമെങ്കിലും ഖണ്ഡിതമായ തെളിവുകളുടെ പിൻബലം അവക്കൊന്നുമില്ല.

2 പ്രവാചക പത്നിമാർ ഉന്നതമായ ധാർമ്മികമാനദണ്ഡങ്ങൾ പുലർത്തുന്നവരായിരുന്നുവെങ്കിലും സ്ത്രീ സഹജമായ ചില ദൗർബല്യങ്ങൾ അവർക്കുമുണ്ടായിരുന്നു. നബി(സ)ക്ക് മറ്റു പത്നിമാരോടുള്ളതിനെക്കാൾ കൂടുതൽ സ്നേഹം തങ്ങളോടായിരിക്കണമെന്ന് അവരിൽ ചിലർ ആഗ്രഹിച്ചിരുന്നു. ഒരിക്കൽ നബി (സ) പത്നിമാരിൽ ഒരാളായ സൈനബ് ബിൻതു ജഹ്ശിന്റെ വീട്ടിൽ വെച്ച് അൽപം തേൻ കഴിച്ചു. ഈ വിവരം എങ്ങനെയോ ആയിശയും ഹഫ്സയും അറിഞ്ഞു. അവർക്കത് അത്ര ഇഷ്ടമായില്ല. അവരിരുവരും ചേർന്ന് ഒരു തീരുമാനമെടുത്തു. നബി (സ) തങ്ങളുടെ അടുത്ത് വന്നാൽ 'താങ്കൾ 'മഹാഫിർ' പശ ചവച്ചു അല്ലേ, താങ്കളുടെ വായ് നാറുന്നു' എന്ന് അദ്ദേഹത്തോട് പറയണമെന്നായിരുന്നു തീരുമാനം. താൻ അൽപം തേൻ കഴിച്ചതേയുള്ളൂവെന്ന് നബി (സ) അവരോട് വ്യക്തമാക്കുകയും, സഹധർമ്മിണിമാരുടെ അനിഷ്ടം പരിഗണിച്ച് ഇനിമേൽ താൻ തേൻ കഴിക്കുകയില്ലെന്ന് ശപഥം ചെയ്യുകയും ചെയ്തു. അല്ലാഹു അനുവദനീയമാക്കിയ തേൻ ഭാര്യമാരുടെ താൽപര്യം മാനിച്ച് വർജിക്കാൻ തീരുമാനിച്ചത് ഉചിതമായില്ലെന്ന് അല്ലാഹു ഈ വചനത്തിലൂടെ നബി (സ) യെ ഉണർത്തുന്നു.

3 ഒരു സൽകർമ്മമോ, അനുവദനീയമായ കാര്യമോ ചെയ്യുകയില്ലെന്ന് അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്യാൻ പാടില്ല. അങ്ങനെ ആരെങ്കിലും ചെയ്താൽ ആ ശപഥം ലംഘിക്കുകയും പ്രായശ്ചിത്തം ചെയ്യുകയുമാണ് വേണ്ടത്.

## سُورَةُ التَّحْرِيمِ

ترتيبها ٦٦ — آياتها ١٢

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

يَٰٓأَيُّهَا ٱلنَّبِيُّ لِمَ تُحَرِّمُ مَآ أَحَلَّ ٱللَّهُ لَكَۖ تَبْتَغِي مَرْضَاتَ أَزْوَٰجِكَۚ وَٱللَّهُ
غَفُورٌ رَّحِيمٌ ﴿١﴾ قَدْ فَرَضَ ٱللَّهُ لَكُمْ تَحِلَّةَ أَيْمَٰنِكُمْۚ وَٱللَّهُ مَوْلَىٰكُمْۖ
وَهُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿٢﴾ وَإِذْ أَسَرَّ ٱلنَّبِيُّ إِلَىٰ بَعْضِ أَزْوَٰجِهِۦ حَدِيثًا
فَلَمَّا نَبَّأَتْ بِهِۦ وَأَظْهَرَهُ ٱللَّهُ عَلَيْهِ عَرَّفَ بَعْضَهُۥ وَأَعْرَضَ عَنۢ بَعْضٍۖ
فَلَمَّا نَبَّأَهَا بِهِۦ قَالَتْ مَنْ أَنۢبَأَكَ هَٰذَاۖ قَالَ نَبَّأَنِيَ ٱلْعَلِيمُ ٱلْخَبِيرُ
﴿٣﴾ إِن تَتُوبَآ إِلَى ٱللَّهِ فَقَدْ صَغَتْ قُلُوبُكُمَاۖ وَإِن تَظَٰهَرَا عَلَيْهِ
فَإِنَّ ٱللَّهَ هُوَ مَوْلَىٰهُ وَجِبْرِيلُ وَصَٰلِحُ ٱلْمُؤْمِنِينَۖ وَٱلْمَلَٰٓئِكَةُ
بَعْدَ ذَٰلِكَ ظَهِيرٌ ﴿٤﴾ عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ أَزْوَٰجًا
خَيْرًا مِّنكُنَّ مُسْلِمَٰتٍ مُّؤْمِنَٰتٍ قَٰنِتَٰتٍ تَٰٓئِبَٰتٍ عَٰبِدَٰتٍ سَٰٓئِحَٰتٍ
ثَيِّبَٰتٍ وَأَبْكَارًا ﴿٥﴾ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ قُوٓا۟ أَنفُسَكُمْ وَأَهْلِيكُمْ
نَارًا وَقُودُهَا ٱلنَّاسُ وَٱلْحِجَارَةُ عَلَيْهَا مَلَٰٓئِكَةٌ غِلَاظٌ شِدَادٌ
لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿٦﴾ يَٰٓأَيُّهَا
ٱلَّذِينَ كَفَرُوا۟ لَا تَعْتَذِرُوا۟ ٱلْيَوْمَۖ إِنَّمَا تُجْزَوْنَ مَا كُنتُمْ تَعْمَلُونَ ﴿٧﴾

നാകുന്നു. അവനത്രെ സർവ്വജ്ഞനും യുക്തി മാനും.

(3) നബി അദ്ദേഹത്തിന്റെ ഭാര്യമാരിൽ ഒരാളോട് ഒരു വർത്തമാനം രഹസ്യമായി പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.)[1] എന്നിട്ട് ആ ഭാര്യ അത് (മറ്റൊരാളെ) അറിയിക്കുകയും, നബിക്ക് അല്ലാഹു അത് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തപ്പോൾ അതിന്റെ ചില ഭാഗം അദ്ദേഹം (ആ ഭാര്യക്ക്) അറിയിച്ചു കൊടുക്കുകയും ചില ഭാഗം വിട്ടുകളയുകയും ചെയ്തു. അങ്ങനെ അവളോട് (ആ ഭാര്യയോട്) അദ്ദേഹം അതിനെപ്പറ്റി വിവരം അറിയിച്ചപ്പോൾ അവൾ പറഞ്ഞു: താങ്കൾക്ക് ആരാണ് ഈ വിവരം അറിയിച്ചുതന്നത്? നബി(സ) പറഞ്ഞു: സർവ്വജ്ഞനും സൂക്ഷ്മ ജ്ഞാനിയുമായിട്ടുള്ളവനാണ് എനിക്ക് വിവരമറിയിച്ചുതന്നത്.

(4) നിങ്ങൾ രണ്ടുപേരും[2] അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നുവെങ്കിൽ (അങ്ങനെ ചെയ്യുക.) കാരണം നിങ്ങളുടെ രണ്ടു പേരുടെയും ഹൃദയങ്ങൾ (തിന്മയിലേക്ക്) ചാഞ്ഞുപോയിരിക്കുന്നു. ഇനി നിങ്ങൾ ഇരുവരും അദ്ദേഹത്തിനെതിരിൽ (റസൂലിനെതിരിൽ) പരസ്പരം സഹകരിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹുവാകുന്നു അദ്ദേഹത്തിന്റെ യജമാനൻ. ജിബ്‌രീലും സദ്‌വൃത്തരായ സത്യവിശ്വാസികളും അതിനു പുറമെ മലക്കുകളും അദ്ദേഹത്തിന് സഹായികളായിരിക്കുന്നതാണ്.

(5) (പ്രവാചക പത്നിമാരേ,) നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പക്ഷം, നിങ്ങളെക്കാൾ നല്ലവരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രക്ഷിതാവ് പകരം നൽകിയേക്കും. മുസ്‌ലിംകളും സത്യവിശ്വാസിനികളും ഭയഭക്തിയുള്ളവരും പശ്ചാത്താപമുള്ളവരും ആരാധനാനിരതരും വ്രതമനുഷ്ഠിക്കുന്നവരും വിധവകളും കന്യകകളുമായിട്ടുള്ള സ്ത്രീകളെ.

(6) സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തു രക്ഷിക്കുക. അതിന്റെമേൽ നോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേടു കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.

(7) സത്യനിഷേധികളേ, നിങ്ങൾ ഇന്ന് ഒഴികഴിവ് പറയേണ്ട. നിങ്ങൾ ചെയ്തുകൊണ്ടിരുന്നതിനു മാത്രമാണ് നിങ്ങൾക്കു പ്രതിഫലം നൽകപ്പെടുന്നത്.[3]

(8) സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേ

---

1 താൻ മേലിൽ തേൻ കഴിക്കുകയില്ലെന്ന് ശപഥം ചെയ്ത കാര്യവും, മറ്റു ചില വിവരങ്ങളും നബി (സ) പത്നിമാരിലൊരാളായ ഹഫ്സയോട് രഹസ്യമായി അറിയിച്ചതായിരുന്നു. ഈ കാര്യങ്ങൾ മറ്റാരെയും അറിയിക്കരുതെന്ന് അദ്ദേഹം ഹഫ്സയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്ര ഗൗരവമുള്ള വിഷയമൊന്നുമല്ലല്ലോ എന്ന നിലയിൽ ഹഫ്സ ഈ വിവരം ആയിശയോട് പറഞ്ഞു.

2 പ്രവാചക പത്നിമാരായ ആയിശയെയും ഹഫ്സയെയും പറ്റിയാണ് പരാമർശം. ഏത് ചെറിയ കാര്യത്തിലും നബി (സ)യുടെ കൽപനകൾ പൂർണമായി അനുസരിക്കേണ്ടവരാണ് അവിടുത്തെ പത്നിമാർ. ആ കാര്യത്തിലുള്ള ചെറിയ വീഴ്ചപോലും അല്ലാഹു ഗൗരവപൂർവ്വം വീക്ഷിക്കുന്നു.

3 നരകത്തിൽ പ്രവേശിപ്പിപ്പിക്കുന്ന സമയത്ത് സത്യനിഷേധികളോട് പറയപ്പെടുന്നതാണിത്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ تُوبُوٓاْ إِلَى ٱللَّهِ تَوۡبَةٗ نَّصُوحًا عَسَىٰ رَبُّكُمۡ
أَن يُكَفِّرَ عَنكُمۡ سَيِّـَٔاتِكُمۡ وَيُدۡخِلَكُمۡ جَنَّٰتٖ تَجۡرِي
مِن تَحۡتِهَا ٱلۡأَنۡهَٰرُ يَوۡمَ لَا يُخۡزِي ٱللَّهُ ٱلنَّبِيَّ وَٱلَّذِينَ ءَامَنُواْ
مَعَهُۥۖ نُورُهُمۡ يَسۡعَىٰ بَيۡنَ أَيۡدِيهِمۡ وَبِأَيۡمَٰنِهِمۡ يَقُولُونَ رَبَّنَآ
أَتۡمِمۡ لَنَا نُورَنَا وَٱغۡفِرۡ لَنَآۖ إِنَّكَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ٨
يَٰٓأَيُّهَا ٱلنَّبِيُّ جَٰهِدِ ٱلۡكُفَّارَ وَٱلۡمُنَٰفِقِينَ وَٱغۡلُظۡ عَلَيۡهِمۡۚ
وَمَأۡوَىٰهُمۡ جَهَنَّمُۖ وَبِئۡسَ ٱلۡمَصِيرُ ٩ ضَرَبَ ٱللَّهُ مَثَلٗا
لِّلَّذِينَ كَفَرُواْ ٱمۡرَأَتَ نُوحٖ وَٱمۡرَأَتَ لُوطٖۖ كَانَتَا تَحۡتَ
عَبۡدَيۡنِ مِنۡ عِبَادِنَا صَٰلِحَيۡنِ فَخَانَتَاهُمَا فَلَمۡ يُغۡنِيَا عَنۡهُمَا
مِنَ ٱللَّهِ شَيۡـٔٗا وَقِيلَ ٱدۡخُلَا ٱلنَّارَ مَعَ ٱلدَّٰخِلِينَ ١٠
وَضَرَبَ ٱللَّهُ مَثَلٗا لِّلَّذِينَ ءَامَنُواْ ٱمۡرَأَتَ فِرۡعَوۡنَ إِذۡ
قَالَتۡ رَبِّ ٱبۡنِ لِي عِندَكَ بَيۡتٗا فِي ٱلۡجَنَّةِ وَنَجِّنِي مِن فِرۡعَوۡنَ
وَعَمَلِهِۦ وَنَجِّنِي مِنَ ٱلۡقَوۡمِ ٱلظَّٰلِمِينَ ١١ وَمَرۡيَمَ ٱبۡنَتَ
عِمۡرَٰنَ ٱلَّتِيٓ أَحۡصَنَتۡ فَرۡجَهَا فَنَفَخۡنَا فِيهِ مِن رُّوحِنَا
وَصَدَّقَتۡ بِكَلِمَٰتِ رَبِّهَا وَكُتُبِهِۦ وَكَانَتۡ مِنَ ٱلۡقَٰنِتِينَ ١٢

ക്ക് നിഷ്കളങ്കമായ പച്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മാച്ചുകളയുകയും സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും, അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ. അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും വലതു വശങ്ങളിലൂടെയും സഞ്ചരിക്കും. അവർ പറയും: ഞങ്ങളുടെ രക്ഷതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ചു തരികയും ഞങ്ങൾക്കു നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

(9) ഓ; നബീ, സത്യനിഷേധികളോടും കപടവിശ്വാ സികളോടും നീ സമരം ചെയ്യുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവ രുടെ സങ്കേതം നരകമാകുന്നു. എത്തിച്ചേരാ നുള്ള ആ സ്ഥലം എത്രയോ ചീത്ത!

(10) സത്യനിഷേധികൾക്ക് ഉദാഹരണമായി നൂഹിന്റെ ഭാര്യയെയും, ലൂത്വിന്റെ ഭാര്യയെയും അല്ലാഹു ഇതാ എടുത്തു കാണിച്ചിരിക്കുന്നു. അവർ രണ്ടു പേരും നമ്മുടെ ദാസന്മാരിൽപെട്ട സദ്വൃത്തരായ രണ്ട് ദാസന്മാരുടെ കീഴിലായിരുന്നു. എന്നിട്ട് അവരെ രണ്ടുപേരെയും ഇവർ വഞ്ചിച്ചു കളഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് യാതൊന്നും അവർ രണ്ടു പേരും ഇവർക്ക് ഒഴിവാക്കിക്കൊടുത്തില്ല.[1] നിങ്ങൾ രണ്ടുപേരും നരകത്തിൽ കടക്കുന്നവരോടൊപ്പം കടന്നുകൊള്ളുക എന്ന് പറയപ്പെടുകയും ചെയ്തു.

(11) സത്യവിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔന്റെ ഭാര്യയെ എടുത്തു കാണിച്ചിരിക്കുന്നു.[2] അവൾ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും, ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനത്തിൽ നിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ. അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ.

(12) തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും (ഉപമയായി എടുത്തു കാണിച്ചിരിക്കുന്നു.) അപ്പോൾ നമ്മുടെ ആത്മചൈതന്യത്തിൽ നിന്നും നാം അതിൽ ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു.

---

1 രണ്ടു പ്രവാചകന്മാരുടെ ഭാര്യമാരായിട്ടും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷ നൽകാൻ ആ ദാമ്പത്യബന്ധം അവർക്ക് സഹായകമായില്ല. അതുപോലെതന്നെ മുഹമ്മദ് നബി (സ) യുടെ കുടുംബ ബന്ധമുണ്ടായതിന്റെ പേരിലും ആർക്കും മോക്ഷം നേടാനാവില്ല. അവരവർ സത്യവിശ്വാസം സ്വീകരിക്കുകയും സത്കർമ്മങ്ങളിൽ ഏർപ്പെടുകയും ചെയ്തെങ്കിലല്ലാതെ

2 മൂസാ നബി (അ) യുടെ പ്രതിയോഗിയും നിഷ്ഠൂരനുമായ സ്വേച്ഛാധിപതിയായിരുന്ന ഫിർഔന്റെ ഭാര്യ (ആസിയ എന്നാണ് വ്യാഖ്യാന ഗ്രന്ഥങ്ങളിൽ അവരുടെ പേര് രേഖപ്പെടുത്തിയിട്ടുള്ളത്) മൂസാനബി(അ)യുടെ സന്ദേശത്തിൽ അടിയുറച്ചു വിശ്വസിച്ച ഒരു മഹതിയായിരുന്നു. അവർ സത്യവിശ്വാസം സ്വീകരിച്ച വിവരം മനസ്സിലാക്കിയ ഫിർഔൻ അവരെ ക്രൂരമായി പീഢനങ്ങളേൽപിച്ചിരുന്നു.

## سُورَةُ المُلْك

ترتيبها ٦٧ — آياتها ٣٠

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾ ٱلَّذِى خَلَقَ
ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾
ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ طِبَاقًا ۖ مَّا تَرَىٰ فِى خَلْقِ ٱلرَّحْمَٰنِ مِن
تَفَٰوُتٍ ۖ فَٱرْجِعِ ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ ﴿٣﴾ ثُمَّ ٱرْجِعِ ٱلْبَصَرَ كَرَّتَيْنِ
يَنقَلِبْ إِلَيْكَ ٱلْبَصَرُ خَاسِئًا وَهُوَ حَسِيرٌ ﴿٤﴾ وَلَقَدْ زَيَّنَّا ٱلسَّمَآءَ
ٱلدُّنْيَا بِمَصَٰبِيحَ وَجَعَلْنَٰهَا رُجُومًا لِّلشَّيَٰطِينِ ۖ وَأَعْتَدْنَا لَهُمْ عَذَابَ
ٱلسَّعِيرِ ﴿٥﴾ وَلِلَّذِينَ كَفَرُوا۟ بِرَبِّهِمْ عَذَابُ جَهَنَّمَ ۖ وَبِئْسَ ٱلْمَصِيرُ
﴿٦﴾ إِذَآ أُلْقُوا۟ فِيهَا سَمِعُوا۟ لَهَا شَهِيقًا وَهِىَ تَفُورُ ﴿٧﴾ تَكَادُ تَمَيَّزُ
مِنَ ٱلْغَيْظِ ۖ كُلَّمَآ أُلْقِىَ فِيهَا فَوْجٌ سَأَلَهُمْ خَزَنَتُهَآ أَلَمْ يَأْتِكُمْ نَذِيرٌ ﴿٨﴾
قَالُوا۟ بَلَىٰ قَدْ جَآءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا مَا نَزَّلَ ٱللَّهُ مِن شَىْءٍ إِنْ أَنتُمْ
إِلَّا فِى ضَلَٰلٍ كَبِيرٍ ﴿٩﴾ وَقَالُوا۟ لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا فِىٓ أَصْحَٰبِ
ٱلسَّعِيرِ ﴿١٠﴾ فَٱعْتَرَفُوا۟ بِذَنۢبِهِمْ فَسُحْقًا لِّأَصْحَٰبِ ٱلسَّعِيرِ ﴿١١﴾
إِنَّ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ﴿١٢﴾

## മുൽക് (ആധിപത്യം)

### അദ്ധ്യായം 67

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

2 നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ എന്നു പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാ കുന്നു.

3 ഏഴു ആകാശങ്ങളെ 'അടുക്കുക'ളായി സൃഷ്ടിച്ച വനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടി പ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ടു വരൂ. വല്ല 'വിടവും' നീ കാണുന്നുണ്ടോ?[1]

4 പിന്നീട് രണ്ടു തവണ നീ കണ്ണിനെ തിരിച്ചു കൊ ണ്ടുവരൂ. നിന്റെ അടുത്തേക്ക് ആ കണ്ണ് പരാജയ പ്പെട്ടനിലയിലും പരവശമായിക്കൊണ്ടും മടങ്ങി വരും.

5 ഏറ്റവും അടുത്ത ആകാശത്തെ നാം ചില വിള ക്കുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു.[2] അവയെ നാം പിശാചുകളെ എറിഞ്ഞോടിക്കാനുള്ളവയുമാ ക്കിയിരിക്കുന്നു.[3] അവർക്ക് നാം ജ്വലിക്കുന്ന നര ക ശിക്ഷ ഒരുക്കിവെച്ചിരിക്കുകയും ചെയ്തിരി ക്കുന്നു.

6 തങ്ങളുടെ രക്ഷിതാവിൽ അവിശ്വസിച്ചവർക്കാണ് നരക ശിക്ഷയുള്ളത്. തിരിച്ചെത്തുന്ന ആ സ്ഥലം വളരെ ചീത്ത തന്നെ.

7 അവർ അതിൽ (നരകത്തിൽ) എറിയപ്പെട്ടാൽ അതിന്നവർ ഒരു ഗർജ്ജനം കേൾക്കുന്നതാണ്. അത് തിളച്ചു മറിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യും.

8 'കോപം' നിമിത്തം അത് പൊട്ടിപ്പിളർന്ന് പോകു മാറാകും. അതിൽ (നരകത്തിൽ) ഓരോ സംഘവും എറിയപ്പെടുമ്പോഴൊക്കെ അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും: 'നിങ്ങളുടെ അടുത്ത് മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ?'

9 അവർ പറയും: അതെ ഞങ്ങൾക്ക് മുന്നറിയിപ്പു കാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു തള്ളുകയും, അല്ലാഹു യാതൊന്നും ഇറക്കിയിട്ടില്ല, നിങ്ങൾ വലിയ വഴികേടിൽ തന്നെയാകുന്നു[4] എന്ന് ഞങ്ങൾ പറയുകയുമാണ് ചെയ്തത്.

10 'ഞങ്ങൾ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ജ്വലിക്കുന്ന നരകാഗ്നിയു ടെ അവകാശികളുടെ കൂട്ടത്തിലാകുമായിരുന്നില്ല' എന്നും അവർ പറയും.

11 അങ്ങനെ അവർ തങ്ങളുടെ കുറ്റം ഏറ്റു പറയും. അപ്പോൾ നരകാഗ്നിയുടെ ആൾക്കാർക്കു ശാപം.

12 തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെ അദൃശ്യ നിലയിൽ ഭയപ്പെടുന്നവരാരോ അവർക്ക് പാപ മോചനവും വലിയ പ്രതിഫലവുമുണ്ട്.

---

1 ഉപരിലോകത്തിന്റെ വിശാലപ്രപഞ്ചത്തിന്റെ ഘടനയെപറ്റി വളരെ കുറച്ചേ മനുഷ്യന് അറിയാൻ കഴിഞ്ഞിട്ടുള്ളൂ. ലഭിച്ചേടത്തോളം അറിവിന്റെ വെളിച്ചത്തിൽ നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയും; ആകാശഗോളങ്ങളുടെ സ്ഥാനവും ചലനങ്ങളുമെല്ലാം വ്യവസ്ഥാപിതമാണെന്ന്, എവിടെയും അവ്യവസ്ഥിതത്വം ദൃശ്യമല്ലെന്ന്.

2 ഒന്നാമത്തെ ആകാശം തന്നെ അനേകം നക്ഷത്ര സമൂഹങ്ങളെ ഉൾക്കൊള്ളുന്നതാണെന്ന് ഈ വചനം സൂചിപ്പിക്കുന്നു.

3 കൊള്ളിമീനുകളാണ് ഇതു കൊണ്ടുദ്ദേശിക്കപ്പെടുന്നതെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. വേറെയും വ്യാഖ്യാനങ്ങൾ തഫ്സീറുകളിൽ കാണാം. ഇത്തരം കാര്യങ്ങൾ അല്ലാഹു അറിയിച്ചു തന്നതിലുപരി യാതൊന്നും ഖണ്ഡിതമായി പറയുവാൻ നമുക്കാവില്ല.

4 ഇഹലോകത്ത് വെച്ച് സത്യമതത്തിന്റെ വക്താക്കളോട് അവർ പറഞ്ഞിരുന്ന വാക്കാണ് നരകത്തിന്റെ കാവൽക്കാരോട് അവർ ഏറ്റു പറയുന്നത്.

وَأَسِرُّوا۟ قَوْلَكُمْ أَوِ ٱجْهَرُوا۟ بِهِۦٓ ۖ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿١٣﴾ أَلَا
يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ﴿١٤﴾ هُوَ ٱلَّذِى جَعَلَ لَكُمُ
ٱلْأَرْضَ ذَلُولًا فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ ٱلنُّشُورُ
﴿١٥﴾ ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ
تَمُورُ ﴿١٦﴾ أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ حَاصِبًا ۖ
فَسَتَعْلَمُونَ كَيْفَ نَذِيرِ ﴿١٧﴾ وَلَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ فَكَيْفَ
كَانَ نَكِيرِ ﴿١٨﴾ أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا
يُمْسِكُهُنَّ إِلَّا ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ شَىْءٍۭ بَصِيرٌ ﴿١٩﴾ أَمَّنْ هَٰذَا ٱلَّذِى
هُوَ جُندٌ لَّكُمْ يَنصُرُكُم مِّن دُونِ ٱلرَّحْمَٰنِ ۚ إِنِ ٱلْكَٰفِرُونَ إِلَّا فِى غُرُورٍ
﴿٢٠﴾ أَمَّنْ هَٰذَا ٱلَّذِى يَرْزُقُكُمْ إِنْ أَمْسَكَ رِزْقَهُۥ ۚ بَل لَّجُّوا۟ فِى عُتُوٍّ
وَنُفُورٍ ﴿٢١﴾ أَفَمَن يَمْشِى مُكِبًّا عَلَىٰ وَجْهِهِۦٓ أَهْدَىٰٓ أَمَّن يَمْشِى سَوِيًّا
عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٢﴾ قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ ٱلسَّمْعَ
وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ﴿٢٣﴾ قُلْ هُوَ ٱلَّذِى ذَرَأَكُمْ
فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ ﴿٢٤﴾ وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ
صَٰدِقِينَ ﴿٢٥﴾ قُلْ إِنَّمَا ٱلْعِلْمُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٢٦﴾

(13) നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയാ യും അവൻ (അല്ലാഹു) ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു.

(14) സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയി ല്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവ നും സൂക്ഷ്മജ്ഞാനിയുമാകുന്നു.

(15) അവനാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ അതിന്റെ 'ചുമലു'കളിലൂടെ നിങ്ങൾ നടക്കുകയും, അവ ന്റെ ഉപജീവനത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുക യും ചെയ്തു കൊള്ളുക. അവങ്കലേക്ക് തന്നെയാ ണ് ഉയിർത്തെഴുന്നേൽപ്.

(16) ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തി ക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്ക യാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞു കൊണ്ടിരിക്കും.

(17) അതല്ല, ആകാശത്തുള്ളവൻ നിങ്ങളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കയാണോ? എന്റെ താക്കീത് എങ്ങ നെയുണ്ടെന്ന് വഴിയെ നിങ്ങൾ അറിഞ്ഞുകൊ ള്ളും.

(18) തീർച്ചയായും അവർക്ക് മുമ്പുള്ളവരും നിഷേധി ച്ചു തള്ളിയിട്ടുണ്ട്. അപ്പോൾ എന്റെ പ്രതിഷേധം എങ്ങനെയായിരുന്നു?

(19) അവർക്കു മുകളിൽ ചിറകു വിടർത്തിക്കൊണ്ടും ചിറകു കൂട്ടിപ്പിടിച്ചുകൊണ്ടും പറക്കുന്ന പക്ഷിക ളുടെ നേർക്ക് അവർ നോക്കിയില്ലേ? പരമകാരു ണികനല്ലാതെ (മറ്റാരും) അവയെ താങ്ങിനിറുത്തു ന്നില്ല. തീർച്ചയായും അവൻ എല്ലാ കാര്യവും കണ്ട റിയുന്നവനാകുന്നു.

(20) അതല്ല, പരമകാരുണികന്ന് പുറമെ നിങ്ങളെ സ ഹായിക്കുവാൻ ഒരു പട്ടാളമായിട്ടുള്ളവൻ ആരു ണ്ട്? സത്യനിഷേധികൾ വഞ്ചനയിൽ അകപ്പെട്ടിരി ക്കുക മാത്രമാകുന്നു.

(21) അതല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർ ത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം നൽകുന്നവ നായി ആരുണ്ട്? എങ്കിലും അവർ ധിക്കാരത്തി ലും വെറുപ്പിലും മുഴുകിയിരിക്കയാകുന്നു.

(22) അപ്പോൾ, മുഖം നിലത്തു കുത്തിക്കൊണ്ട് നട ക്കുന്നവനാണോ[1] സന്മാർഗ്ഗം പ്രാപിക്കുന്നവൻ? അതല്ല, നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കു ന്നവനോ?

(23) പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചുണ്ടാ ക്കുകയും, നിങ്ങൾക്ക് കേൾവിയും കാഴ്ചയും ഹൃദയങ്ങളും ഏർപ്പെടുത്തിത്തരികയും ചെയ്ത വൻ. കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നു ള്ളൂ.

(24) പറയുക: അവനാണ് നിങ്ങളെ ഭൂമിയിൽ സൃ ഷ്ടിച്ച് വളർത്തിയവൻ. അവങ്കലേക്കാണ് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത്.

(25) (26) അവർ പറയുന്നു: എപ്പോഴാണ് ഈ വാഗ്ദാനം (പുലരുന്നത്?) നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതൊന്ന് പറഞ്ഞു തരൂ.) പറയുക: ആ അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു.

(27) അത് (താക്കീത് നൽകപ്പെട്ട കാര്യം) സമീപ സ്ഥമായി അവർ കാണുമ്പോൾ സത്യനിഷേധി കളുടെ മുഖങ്ങൾക്ക് മ്ലാനത ബാധിക്കുന്നതാണ്. നിങ്ങൾ ഏതൊന്നിനെപ്പറ്റി വാദിച്ചുകൊണ്ടിരുന്നു വോ അതാകുന്നു ഇത് എന്ന് (അവരോട്) പറയ പ്പെടുകയും ചെയ്യും.

(28) പറയുക: നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? എന്നെയും എന്നോടപ്പമുള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ അല്ലെങ്കിൽ ഞങ്ങളോടവൻ

---

1 ദുർമാർഗ്ഗങ്ങളിൽ തല കുത്തിമറിയുന്നവൻ.

فَلَمَّا رَأَوْهُ زُلْفَةً سِيٓـَٔتْ وُجُوهُ ٱلَّذِينَ كَفَرُوا۟ وَقِيلَ هَٰذَا ٱلَّذِى
كُنتُم بِهِۦ تَدَّعُونَ ﴿٢٧﴾ قُلْ أَرَءَيْتُمْ إِنْ أَهْلَكَنِىَ ٱللَّهُ وَمَن مَّعِىَ
أَوْ رَحِمَنَا فَمَن يُجِيرُ ٱلْكَٰفِرِينَ مِنْ عَذَابٍ أَلِيمٍ ﴿٢٨﴾ قُلْ هُوَ
ٱلرَّحْمَٰنُ ءَامَنَّا بِهِۦ وَعَلَيْهِ تَوَكَّلْنَا ۖ فَسَتَعْلَمُونَ مَنْ هُوَ فِى ضَلَٰلٍ مُّبِينٍ
﴿٢٩﴾ قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍۭ ﴿٣٠﴾

ترتيبها ٦٨ — سُورَةُ ٱلْقَلَمِ — آياتها ٥٢

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

نٓ ۚ وَٱلْقَلَمِ وَمَا يَسْطُرُونَ ﴿١﴾ مَآ أَنتَ بِنِعْمَةِ رَبِّكَ بِمَجْنُونٍ ﴿٢﴾
وَإِنَّ لَكَ لَأَجْرًا غَيْرَ مَمْنُونٍ ﴿٣﴾ وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾
فَسَتُبْصِرُ وَيُبْصِرُونَ ﴿٥﴾ بِأَييِّكُمُ ٱلْمَفْتُونُ ﴿٦﴾ إِنَّ رَبَّكَ هُوَ
أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿٧﴾ فَلَا تُطِعِ
ٱلْمُكَذِّبِينَ ﴿٨﴾ وَدُّوا۟ لَوْ تُدْهِنُ فَيُدْهِنُونَ ﴿٩﴾ وَلَا تُطِعْ كُلَّ
حَلَّافٍ مَّهِينٍ ﴿١٠﴾ هَمَّازٍ مَّشَّآءٍۭ بِنَمِيمٍ ﴿١١﴾ مَّنَّاعٍ لِّلْخَيْرِ مُعْتَدٍ
أَثِيمٍ ﴿١٢﴾ عُتُلٍّۭ بَعْدَ ذَٰلِكَ زَنِيمٍ ﴿١٣﴾ أَن كَانَ ذَا مَالٍ وَبَنِينَ
﴿١٤﴾ إِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا قَالَ أَسَٰطِيرُ ٱلْأَوَّلِينَ ﴿١٥﴾

**കരുണ കാണിക്കുകയോ ചെയ്താൽ വേദനയേറിയ ശിക്ഷയിൽ നിന്ന് സത്യനിഷേധികളെ രക്ഷിക്കാനാരുണ്ട്?[1]**

**(29) പറയുക: അവനാകുന്നു പരമകാരുണികൻ. അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ വഴിയെ നിങ്ങൾക്കറിയാം: ആരാണ് വ്യക്തമായ വഴികേടിലെന്ന്.**

**(30) പറയുക: നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങ ൾക്ക് ഒഴുകുന്ന ഉറവു വെള്ളം കൊണ്ടുവന്നു തരിക?**

## ഖലം (പേന)
## അദ്ധ്യായം 68

**പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

**(1) നൂൻ – പേനയും അവർ എഴുതുന്നതും തന്നെയാണ സത്യം.**

**(2) നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം കൊണ്ട് നീ ഒരു ഭ്രാന്തനല്ല.**

**(3) തീർച്ചയായും നിനക്ക് മുറിഞ്ഞു പോകാത്ത പ്രതിഫലമുണ്ട്.**

**(4) തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകു ന്നു.**

**(5) ആകയാൽ വഴിയെ നീ കണ്ടറിയും; അവ രും കണ്ടറിയും;**

**(6) നിങ്ങളിൽ ആരാണ് കുഴപ്പത്തിലകപ്പെട്ടവനെന്ന്.[2]**

**(7) തീർച്ചയായും നിന്റെ രക്ഷിതാവ് അവന്റെ മാർഗ്ഗം വിട്ടു പിഴച്ചു പോയവരെപ്പറ്റി നല്ലവണ്ണം അറിയു ന്നവനാകുന്നു. സന്മാർഗ്ഗം പ്രാപിച്ചവരെ പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാണ്.**

**(8) അതിനാൽ സത്യനിഷേധികളെ നീ അനുസരി ക്കരുത്.**

**(9) നീ വഴങ്ങിക്കൊടുത്തിരുന്നെങ്കിൽ അവർക്കും വഴങ്ങിത്തരാമായിരുന്നു എന്നവർ ആഗ്രഹിക്കു ന്നു.[3]**

**(10)-(13) അധികമായി സത്യം ചെയ്യുന്നവനും,[4] നീചനും, കുത്തുവാക്കു പറയുന്നവനും, ഏഷണിയുമായി നടക്കുന്നവനും, നന്മയക്ക് തടസ്സം നിൽക്കുന്നവനും, അതിക്രമിയും മഹാപാപിയും, ക്രൂരനും അതിനുപുറമെ ദുഷ്കീർത്തി നേടിയവനുമായിട്ടുള്ള യാതൊരാളെയും നീ അനുസരിച്ചുപോകരുത്.**

**(14) അവൻ സ്വത്തും സന്താനങ്ങളും ഉള്ളവനായി എന്നതിനാൽ (അവൻ അത്തരം നിലപാട് സ്വീ കരിച്ചു.)**

**(15) നമ്മുടെ ദൃഷ്ടാന്തങ്ങൾ അവന്ന് വായിച്ചു കേൾ പ്പിക്കപ്പെട്ടാൽ അവൻ പറയും; പൂർവ്വികന്മാരുടെ പുരാണ കഥകൾ എന്ന്.**

**(16) വഴിയെ (അവന്റെ) തുമ്പിക്കൈമേൽ നാം**

---

1 അല്ലാഹുവിന്റെ ലൗകികമായ ശിക്ഷ ഉണ്ടാകുന്നപക്ഷം തങ്ങളെ മാത്രമല്ല നബി(സ) യെയും അനുയായികളെയും കൂടി അത് ബാധിക്കുന്നതായിരിക്കും എന്ന് കരുതി സമാധാനിച്ചിരുന്ന അവിശ്വാസികൾക്കുള്ള മറുപടിയാണിത്.
നബി(സ)യും അനുയായികളും ശിക്ഷിക്കപ്പെടുന്നുവോ അതല്ല രക്ഷിക്കപ്പെടുന്നുവോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കില്ല അവിശ്വാസികളുടെ ഭാഗദേയം നിർണ്ണയിക്കപ്പെടുന്നത്. അവിശ്വാസത്തിന്റെയും അധർമ്മത്തിന്റെയും ദുഷ്ഫലത്തിൽ നിന്ന് അവർക്കെങ്ങനെ മോചനം നേടാനാകുമെന്നാണ് അവർ ആലോചിക്കേണ്ടത്.

2 മാനസികമായി എന്തോ കുഴപ്പം ബാധിച്ച വ്യക്തിയാണ് നബി (സ) യെന്ന് ആക്ഷേപിച്ചവർക്കുള്ള മറുപടിയാണിത്. ഇരുപത്തിമൂന്ന് വർഷക്കാലം തികഞ്ഞ മനസ്സാന്നിദ്ധ്യത്തോടെ പ്രബോധന ദൗത്യം വിജയകരമായി നിർവ്വഹിച്ച നബി (സ) അന്യൂനവും അവികലവുമായ ഒരു മനസ്സിന്റെ ഉടമയായിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്.

3 ഇസ്ലാമിന്റെ വിശ്വാസാദർശങ്ങൾ നിഷ്കൃഷ്ടമായി പ്രബോധനം ചെയ്യുന്നതിനു പകരം ജാഹിലിയ്യത്തിന്റെ ചില അംശങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്ന ഒരു നിലപാട് സ്വീകരിക്കാൻ നബി (സ) സന്നദ്ധനാകുന്ന പക്ഷം അറേബ്യയിലെ ബഹുദൈവാരാധകർ നബി (സ) യോടും വിട്ടുവീഴ്ച ചെയ്യാൻ സന്നദ്ധരായിരുന്നു.

4 ചില നുണയന്മാരുണ്ട്. സാധാരണ നിലയിൽ അവരുടെ വാക്കുകൾ പലരും മുഖവിലക്കെടുക്കുകയില്ല. അവർക്ക് തന്നെ ഇത് നന്നായി അറിയാം. അതിനാൽ അവർ എന്ത് പറയുമ്പോഴും മറ്റുള്ളവരെകൊണ്ട് വിശ്വസിപ്പിക്കാനുള്ള നിർബന്ധബുദ്ധി നിമിത്തം ആണയിട്ടുകൊണ്ടിരിക്കും.

سَنَسِمُهُۥ عَلَى ٱلۡخُرۡطُومِ ١٦ إِنَّا بَلَوۡنَٰهُمۡ كَمَا بَلَوۡنَآ أَصۡحَٰبَ ٱلۡجَنَّةِ إِذۡ أَقۡسَمُواْ
لَيَصۡرِمُنَّهَا مُصۡبِحِينَ ١٧ وَلَا يَسۡتَثۡنُونَ ١٨ فَطَافَ عَلَيۡهَا طَآئِفٞ مِّن رَّبِّكَ
وَهُمۡ نَآئِمُونَ ١٩ فَأَصۡبَحَتۡ كَٱلصَّرِيمِ ٢٠ فَتَنَادَوۡاْ مُصۡبِحِينَ ٢١ أَنِ
ٱغۡدُواْ عَلَىٰ حَرۡثِكُمۡ إِن كُنتُمۡ صَٰرِمِينَ ٢٢ فَٱنطَلَقُواْ وَهُمۡ يَتَخَٰفَتُونَ ٢٣
أَن لَّا يَدۡخُلَنَّهَا ٱلۡيَوۡمَ عَلَيۡكُم مِّسۡكِينٞ ٢٤ وَغَدَوۡاْ عَلَىٰ حَرۡدٖ قَٰدِرِينَ ٢٥ فَلَمَّا
رَأَوۡهَا قَالُوٓاْ إِنَّا لَضَآلُّونَ ٢٦ بَلۡ نَحۡنُ مَحۡرُومُونَ ٢٧ قَالَ أَوۡسَطُهُمۡ أَلَمۡ أَقُل
لَّكُمۡ لَوۡلَا تُسَبِّحُونَ ٢٨ قَالُواْ سُبۡحَٰنَ رَبِّنَآ إِنَّا كُنَّا ظَٰلِمِينَ ٢٩ فَأَقۡبَلَ
بَعۡضُهُمۡ عَلَىٰ بَعۡضٖ يَتَلَٰوَمُونَ ٣٠ قَالُواْ يَٰوَيۡلَنَآ إِنَّا كُنَّا طَٰغِينَ ٣١ عَسَىٰ
رَبُّنَآ أَن يُبۡدِلَنَا خَيۡرٗا مِّنۡهَآ إِنَّآ إِلَىٰ رَبِّنَا رَٰغِبُونَ ٣٢ كَذَٰلِكَ ٱلۡعَذَابُۖ وَلَعَذَابُ
ٱلۡأٓخِرَةِ أَكۡبَرُۚ لَوۡ كَانُواْ يَعۡلَمُونَ ٣٣ إِنَّ لِلۡمُتَّقِينَ عِندَ رَبِّهِمۡ جَنَّٰتِ ٱلنَّعِيمِ
٣٤ أَفَنَجۡعَلُ ٱلۡمُسۡلِمِينَ كَٱلۡمُجۡرِمِينَ ٣٥ مَا لَكُمۡ كَيۡفَ تَحۡكُمُونَ ٣٦ أَمۡ
لَكُمۡ كِتَٰبٞ فِيهِ تَدۡرُسُونَ ٣٧ إِنَّ لَكُمۡ فِيهِ لَمَا تَخَيَّرُونَ ٣٨ أَمۡ لَكُمۡ أَيۡمَٰنٌ
عَلَيۡنَا بَٰلِغَةٌ إِلَىٰ يَوۡمِ ٱلۡقِيَٰمَةِ إِنَّ لَكُمۡ لَمَا تَحۡكُمُونَ ٣٩ سَلۡهُمۡ أَيُّهُم
بِذَٰلِكَ زَعِيمٌ ٤٠ أَمۡ لَهُمۡ شُرَكَآءُ فَلۡيَأۡتُواْ بِشُرَكَآئِهِمۡ إِن كَانُواْ صَٰدِقِينَ ٤١
يَوۡمَ يُكۡشَفُ عَن سَاقٖ وَيُدۡعَوۡنَ إِلَى ٱلسُّجُودِ فَلَا يَسۡتَطِيعُونَ ٤٢

അവന്ന് അടയാളം വെക്കുന്നതാണ്.[1]
(17) ആ തോട്ടക്കാരനെ നാം പരീക്ഷിച്ചതു പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്ക യാണ്. പ്രഭാതവേളയിൽ ആ തോട്ടത്തിലെ പഴ ങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം.
(18) അവർ (യാതൊന്നും) ഒഴിവാക്കിപ്പറഞ്ഞിരുന്നില്ല.[2]
(19) എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ശിക്ഷ ആ തോട്ട ത്തെ ബാധിച്ചു.
(20) അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടതുപോലെ ആയിത്തീർന്നു.
(21) അങ്ങനെ പ്രഭാതവേളയിൽ അവർ പരസ്പരം വിളിച്ചു പറഞ്ഞു.
(22) 'നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്തു തന്നെ പുറപ്പെടുക'
(23) (24) ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുത്ത് ഒരു സാധുവും കടന്നുവരാൻ ഇടയാവരുത്. എന്ന് അവരന്യോന്യം മന്ത്രിച്ചുകൊണ്ടു പോയി.
(25) അവർ (സാധുക്കളെ) തടസ്സപ്പെടുത്താൻ കഴിവു ള്ളരായിക്കൊണ്ടുതന്നെ കാലത്ത് പുറപ്പെടുകയും ചെയ്തു.
(26) അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ അവർ പറ ഞ്ഞു: തീർച്ചയായും നാം പിഴവുപറ്റിയവരാകുന്നു.
(27) അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു.
(28) അവരുടെ കൂട്ടത്തിൽ മദ്ധ്യനിലപാടുകാരനായ ഒരാൾ പറഞ്ഞു: ഞാൻ നിങ്ങളോടു പറഞ്ഞില്ലേ? എന്താണു നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാ തിരുന്നത്?
(29) അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് എത്രയോ പരിശുദ്ധൻ! തീർച്ചയായും നാം അക്രമികളാ യിരിക്കുന്നു.
(30) അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു.
(31) അവർ പറഞ്ഞു: നമ്മുടെ നാശമേ! തീർച്ചയായും നാം അതിക്രമകാരികളായിരിക്കുന്നു.
(32) നമ്മുടെ രക്ഷിതാവ് അതിനേക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ച് ചെല്ലുന്ന വരാകുന്നു.
(33) അപ്രകാരമാകുന്നു ശിക്ഷ. പരലോക ശിക്ഷയാ കട്ടെ കൂടുതൽ ഗൗരവമുള്ളതാകുന്നു. അവർ അറിഞ്ഞിരുന്നെങ്കിൽ!
(34) തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗത്തോപ്പുകളുണ്ട്.
(35) അപ്പോൾ മുസ്ലീംകളെ നാം കുറ്റവാളികളെപ്പോ ലെ ആക്കുമോ?
(36) നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ എങ്ങനെയാണ് വിധി കൽപ്പിക്കുന്നത്?
(37) അതല്ല, നിങ്ങൾക്കു വല്ല ഗ്രന്ഥവും കിട്ടിയിട്ട് നി ങ്ങൾ അതിൽ പഠനം നടത്തികൊണ്ടിരിക്കുക യാണോ?
(38) നിങ്ങൾ (യഥേഷ്ടം) തെരഞ്ഞെടുക്കുന്ന കാര്യങ്ങ ൾ നിങ്ങൾക്ക് അതിൽ (ആ ഗ്രന്ഥത്തിൽ) വന്നിട്ടു ണ്ടോ?
(39) അതല്ല, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ എത്തുന്ന -നിങ്ങൾക്ക് വിധിക്കുന്നതെല്ലാം നിങ്ങ ൾക്കായിരിക്കുമെന്നതിനുള്ള- വല്ല കരാറുകളും നിങ്ങളോട് നാം ബാദ്ധ്യതയേറ്റതായി ഉണ്ടോ?

---

1 നബി(സ)യെയും അനുയായികളെയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടിയുള്ള ഹീനമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വലീദുബ്നുമുഗീറയുടെ കാര്യത്തിലാണ് ഈ വചനങ്ങൾ അവതരിച്ചതെങ്കിലും പരാമൃഷ്ട ദുർഗു ണങ്ങളുള്ള എല്ലാവർക്കും ഇവിടെ പറഞ്ഞ കാര്യങ്ങൾ ബാധകമാണ്.

2 പഴങ്ങൾ പറിക്കാൻ തീരുമാനിച്ചപ്പോൾ അവർ 'ഇൻശാ അല്ലാഹ്' (അല്ലാഹു ഉദ്ദേശിച്ചെങ്കിൽ) എന്ന് പറഞ്ഞിരുന്നില്ല എന്നാണ് 'വലാ യസ്തഥ്നൂൻ' എന്ന വാക്കിന് മിക്ക വ്യാഖ്യാതാക്കളും വിശദീകരണം. നൽകിയിട്ടുള്ളത്... 'പാവ ങ്ങൾക്ക് വേണ്ടി അവർ യാതൊന്നും മാറ്റി വെക്കാൻ തീരു മാനിച്ചിരുന്നില്ല' എന്നാണ് ചില വ്യാഖ്യാതാക്കൾ വിശദീകരണം നൽകിയത്.

خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۖ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَٰلِمُونَ
﴿٤٣﴾ فَذَرْنِى وَمَن يُكَذِّبُ بِهَٰذَا ٱلْحَدِيثِ ۖ سَنَسْتَدْرِجُهُم مِّنْ حَيْثُ
لَا يَعْلَمُونَ ﴿٤٤﴾ وَأُمْلِى لَهُمْ ۚ إِنَّ كَيْدِى مَتِينٌ ﴿٤٥﴾ أَمْ تَسْـَٔلُهُمْ أَجْرًا فَهُم
مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٦﴾ أَمْ عِندَهُمُ ٱلْغَيْبُ فَهُمْ يَكْتُبُونَ ﴿٤٧﴾ فَٱصْبِرْ
لِحُكْمِ رَبِّكَ وَلَا تَكُن كَصَاحِبِ ٱلْحُوتِ إِذْ نَادَىٰ وَهُوَ مَكْظُومٌ ﴿٤٨﴾ لَّوْلَآ
أَن تَدَٰرَكَهُۥ نِعْمَةٌ مِّن رَّبِّهِۦ لَنُبِذَ بِٱلْعَرَآءِ وَهُوَ مَذْمُومٌ ﴿٤٩﴾ فَٱجْتَبَٰهُ رَبُّهُۥ
فَجَعَلَهُۥ مِنَ ٱلصَّٰلِحِينَ ﴿٥٠﴾ وَإِن يَكَادُ ٱلَّذِينَ كَفَرُوا۟ لَيُزْلِقُونَكَ بِأَبْصَٰرِهِمْ
لَمَّا سَمِعُوا۟ ٱلذِّكْرَ وَيَقُولُونَ إِنَّهُۥ لَمَجْنُونٌ ﴿٥١﴾ وَمَا هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿٥٢﴾

## سُورَةُ الحَاقَّةِ

ترتيبها ٦٩ — آياتها ٥٢

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

ٱلْحَآقَّةُ ﴿١﴾ مَا ٱلْحَآقَّةُ ﴿٢﴾ وَمَآ أَدْرَىٰكَ مَا ٱلْحَآقَّةُ ﴿٣﴾ كَذَّبَتْ ثَمُودُ
وَعَادٌۢ بِٱلْقَارِعَةِ ﴿٤﴾ فَأَمَّا ثَمُودُ فَأُهْلِكُوا۟ بِٱلطَّاغِيَةِ ﴿٥﴾ وَأَمَّا
عَادٌ فَأُهْلِكُوا۟ بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾ سَخَّرَهَا عَلَيْهِمْ
سَبْعَ لَيَالٍ وَثَمَٰنِيَةَ أَيَّامٍ حُسُومًا فَتَرَى ٱلْقَوْمَ فِيهَا صَرْعَىٰ
كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾ فَهَلْ تَرَىٰ لَهُم مِّنۢ بَاقِيَةٍ ﴿٨﴾

(40) അവരിൽ ആരാണ് ആ കാര്യത്തിന് ഉത്തരവാദിത്തം ഏല്ക്കാനുള്ളത് എന്ന് അവരോട് ചോദിച്ചു നോക്കുക.
(41) അതല്ല, അവർക്ക് വല്ല പങ്കുകാരുമുണ്ടോ? എങ്കിൽ അവരുടെ ആ പങ്കുകാരെ അവർ കൊണ്ടുവരട്ടെ. അവർ സത്യവാന്മാരാണെങ്കിൽ.
(42) കണങ്കാൽ 'വെളിവാക്കപ്പെടുന്ന'[1] (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർ ക്കതിന് സാധിക്കുകയില്ല.
(43) അവരുടെ കണ്ണുകൾ കീഴ്പോട്ട് താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്യും. അവർ സുര ക്ഷിതരായിരുന്ന സമയത്ത് സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു.[2]
(44) ആകയാൽ എന്നെയും ഈ വർത്തമാനം നിഷേധിച്ചു കളയുന്നവരെയും കൂടി വിട്ടേക്കുക.[3] അവർ അറിയാത്ത വിധത്തിലൂടെ നാം അവരെ പടിപടിയായി പിടികൂടിക്കൊള്ളാം.
(45) ഞാൻ അവർക്ക് നീട്ടിയിട്ടുകൊടുക്കുകയും ചെയ്യും. തീർച്ചയായും എന്റെ തന്ത്രം ശക്തമാകുന്നു.
(46) അതല്ല, നീ അവരോട് വല്ല പ്രതിഫലവും ചോദിച്ചിട്ട് അവർ കടബാധ്യതയാൽ ഞെരുങ്ങിയിരിക്കു കയാണോ?
(47) അതല്ല, അവരുടെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അവർ എഴുതിയെടുത്തുകൊണ്ടിരിക്ക യാണോ?[4]
(48) അതുകൊണ്ട് നിന്റെ രക്ഷിതാവിന്റെ വിധികാത്ത് നീ ക്ഷമിച്ചുകൊള്ളുക. നീ മത്സ്യത്തിന്റെ ആളെപ്പോലെ (യൂനുസ് നബിയെപ്പോലെ) ആകരുത്. അദ്ദേഹം ദുഃഖനിമഗ്നനായിക്കൊണ്ട് വിളിച്ചു പ്രാർത്ഥിച്ച സന്ദർഭം.
(49) അദ്ദേഹത്തിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം അദ്ദേഹത്തെ വീണ്ടെടുത്തില്ലായിരുന്നെങ്കിൽ അദ്ദേഹം ആ പാഴ്ഭൂമിയിൽ ആക്ഷേപാർഹനായിക്കൊ ണ്ട് പുറന്തള്ളപ്പെടുമായിരുന്നു.
(50) അപ്പോൾ അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും എന്നിട്ട് അദ്ദേഹത്തെ സജ്ജനങ്ങളുടെ കൂട്ടത്തിലാക്കുകയും ചെയ്തു.
(51) സത്യനിഷേധികൾ ഈ ഉൽബോധനം കേൾക്കു മ്പോൾ അവരുടെ കണ്ണുകൾകൊണ്ട് നോക്കിയിട്ട് നീ ഇടറി വീഴുമാറാക്കുക തന്നെ ചെയ്യും.[5] തീർ ച്ചയായും ഇവൻ ഒരു ഭ്രാന്തൻ തന്നെയാണ് എന്നവർ പറയും.
(52) ഇത് ലോകത്തിനുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല.

## ഹാഖ്ഖഃ
## (യഥാർത്ഥ സംഭവം)

### അദ്ധ്യായം 69

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) - (3) ആ യഥാർത്ഥ സംഭവം! എന്താണ് ആ യഥാർത്ഥ സംഭവം? ആ യഥാർത്ഥ സംഭവം എന്താണെന്ന് നിനക്കെന്തറിയാം?
(4) ഥമൂദ് സമുദായവും ആദ് സമുദായവും ആ

---

1 യുദ്ധത്തിൽ പരാജയം ഉറപ്പുവരുന്ന സന്ദർത്തിൽ കണങ്കാലിൽ നിന്ന് വസ്ത്രം കയറ്റിപ്പിടിച്ച് ഓടുക സ്വാഭാവികമാണല്ലോ. ഭയം കൊടുംമ്പിരികൊള്ളുന്ന സന്ദർഭങ്ങളിലും ഇങ്ങനെ സംഭവിക്കാം. അതുകൊണ്ടാണ് ഭയം കൊടുംമ്പിരികൊള്ളുക എന്ന അർത്ഥത്തിൽ കണങ്കാൽ വെളിവാക്കപ്പെടുക എന്നൊരു ശൈലി അറബിയിൽ നിലവിൽ വന്നത്.

2 ഇഹലോകത്ത് അവർ സ്വതന്ത്ര്യരും കഴിവുള്ളവരുമായിരുന്നപ്പോൾ അല്ലാഹുവിന്ന് സുജൂദ് ചെയ്യാൻ കൽപ്പിക്കപ്പെട്ട സന്ദർഭത്തിൽ അവർ ധിക്കരിക്കുകയായിരുന്നു.

3 സത്യനിഷേധികളുടെ വിളയാട്ടം കണ്ട് വ്യാകുലപ്പെടേണ്ടന്നും, താൻ തന്നെ അവരെ ഉചിതമായ വിധത്തിൽ കൈകാര്യം ചെയ്തുകൊള്ളാമെന്നും നബി(സ)യെയും സത്യവിശ്വാസികളെയും അല്ലാഹു ഉണർത്തുന്നു.

4 ബഹുദൈവാരാധകർക്ക് അദൃശ്യജ്ഞാനത്തെ ആസ്പദമാക്കിയുള്ള വല്ല പ്രമാണവുമുണ്ടോ? എന്നർത്ഥം.

5 പുച്ഛവും പരിഹാസവും നിറഞ്ഞ നോട്ടം കൊണ്ട് നബി(സ)യെ പിന്തിരിപ്പിക്കുവാനും, ദൗത്യനിർവ്വഹണത്തിൽ അടിതെറ്റിക്കുവാനും അവർ ശ്രമിച്ചുനോക്കുകതന്നെ ചെയ്യുമെന്നർത്ഥം.

وَجَآءَ فِرۡعَوۡنُ وَمَن قَبۡلَهُۥ وَٱلۡمُؤۡتَفِكَٰتُ بِٱلۡخَاطِئَةِ ﴿٩﴾ فَعَصَوۡاْ رَسُولَ
رَبِّهِمۡ فَأَخَذَهُمۡ أَخۡذَةٗ رَّابِيَةً ﴿١٠﴾ إِنَّا لَمَّا طَغَا ٱلۡمَآءُ حَمَلۡنَٰكُمۡ فِي ٱلۡجَارِيَةِ
﴿١١﴾ لِنَجۡعَلَهَا لَكُمۡ تَذۡكِرَةٗ وَتَعِيَهَآ أُذُنٞ وَٰعِيَةٞ ﴿١٢﴾ فَإِذَا نُفِخَ فِي ٱلصُّورِ
نَفۡخَةٞ وَٰحِدَةٞ ﴿١٣﴾ وَحُمِلَتِ ٱلۡأَرۡضُ وَٱلۡجِبَالُ فَدُكَّتَا دَكَّةٗ وَٰحِدَةٗ ﴿١٤﴾
فَيَوۡمَئِذٖ وَقَعَتِ ٱلۡوَاقِعَةُ ﴿١٥﴾ وَٱنشَقَّتِ ٱلسَّمَآءُ فَهِيَ يَوۡمَئِذٖ وَاهِيَةٞ
﴿١٦﴾ وَٱلۡمَلَكُ عَلَىٰٓ أَرۡجَآئِهَاۚ وَيَحۡمِلُ عَرۡشَ رَبِّكَ فَوۡقَهُمۡ يَوۡمَئِذٖ ثَمَٰنِيَةٞ
﴿١٧﴾ يَوۡمَئِذٖ تُعۡرَضُونَ لَا تَخۡفَىٰ مِنكُمۡ خَافِيَةٞ ﴿١٨﴾ فَأَمَّا مَنۡ أُوتِيَ
كِتَٰبَهُۥ بِيَمِينِهِۦ فَيَقُولُ هَآؤُمُ ٱقۡرَءُواْ كِتَٰبِيَهۡ ﴿١٩﴾ إِنِّي ظَنَنتُ أَنِّي مُلَٰقٍ
حِسَابِيَهۡ ﴿٢٠﴾ فَهُوَ فِي عِيشَةٖ رَّاضِيَةٖ ﴿٢١﴾ فِي جَنَّةٍ عَالِيَةٖ ﴿٢٢﴾
قُطُوفُهَا دَانِيَةٞ ﴿٢٣﴾ كُلُواْ وَٱشۡرَبُواْ هَنِيٓـَٔۢا بِمَآ أَسۡلَفۡتُمۡ فِي ٱلۡأَيَّامِ
ٱلۡخَالِيَةِ ﴿٢٤﴾ وَأَمَّا مَنۡ أُوتِيَ كِتَٰبَهُۥ بِشِمَالِهِۦ فَيَقُولُ يَٰلَيۡتَنِي لَمۡ أُوتَ كِتَٰبِيَهۡ
﴿٢٥﴾ وَلَمۡ أَدۡرِ مَا حِسَابِيَهۡ ﴿٢٦﴾ يَٰلَيۡتَهَا كَانَتِ ٱلۡقَاضِيَةَ ﴿٢٧﴾ مَآ أَغۡنَىٰ
عَنِّي مَالِيَهۡۜ ﴿٢٨﴾ هَلَكَ عَنِّي سُلۡطَٰنِيَهۡ ﴿٢٩﴾ خُذُوهُ فَغُلُّوهُ ﴿٣٠﴾ ثُمَّ ٱلۡجَحِيمَ
صَلُّوهُ ﴿٣١﴾ ثُمَّ فِي سِلۡسِلَةٖ ذَرۡعُهَا سَبۡعُونَ ذِرَاعٗا فَٱسۡلُكُوهُ ﴿٣٢﴾ إِنَّهُۥ
كَانَ لَا يُؤۡمِنُ بِٱللَّهِ ٱلۡعَظِيمِ ﴿٣٣﴾ وَلَا يَحُضُّ عَلَىٰ طَعَامِ ٱلۡمِسۡكِينِ ﴿٣٤﴾

ഭയങ്കര സംഭവത്തെ നിഷേധിച്ചു കളഞ്ഞു.

5 എന്നാൽ ഥമൂദ് സമുദായം അത്യന്തം ഭീകരമായ ഒരു ശിക്ഷകൊണ്ട് നശിപ്പിക്കപ്പെട്ടു.

6 എന്നാൽ ആദ് സമുദായം, ആഞ്ഞു വീശുന്ന അത്യുഗ്രമായ ഒരു കാറ്റുകൊണ്ട് നശിപ്പിക്കപ്പെട്ടു.

7 തുടർച്ചയായ ഏഴു രാത്രിയും എട്ടുപകലും അ ത് (കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചു വിട്ടു. അപ്പോൾ കടപുഴകി വീണ ഈത്തപ്പനത്തടികൾ പോലെ ആ കാറ്റിൽ ജനങ്ങൾ വീണുകിടക്കുന്നതാ യി നിനക്ക് കാണാം

8 ഇനി അവരുടെതായി അവശേഷിക്കുന്ന വല്ലതും നീ കാണുന്നുണ്ടോ?

9 ഫിർഔനും, അവന്റെ മുമ്പുള്ളവരും കീഴ്മേൽ മറി ഞ്ഞ രാജ്യങ്ങളും[1] തെറ്റായ പ്രവർത്തനം കൊണ്ടു വന്നു.

10 അവർ അവരുടെ രക്ഷിതാവിന്റെ ദൂതനെ ധിക്കരിക്കുകയും, അപ്പോൾ അവൻ അവരെ ശക്തിയേറിയ ഒരു പിടുത്തം പിടിക്കുകയും ചെ യ്തു.

11 തീർച്ചയായും നാം, വെള്ളം അതിരുകവിഞ്ഞ സമയത്ത് നിങ്ങളെ കപ്പലിൽ കയറ്റി രക്ഷിക്കുക യുണ്ടായി.[2]

12 നിങ്ങൾക്ക് നാം അതൊരു സ്മരണയാക്കുവാനും ശ്രദ്ധിച്ചു മനസ്സിലാക്കുന്ന കാതുകൾ അതു ശ്രദ്ധിച്ചു മനസ്സിലാക്കുവാനും വേണ്ടി.

13 കാഹളത്തിൽ ഒരു ഊത്ത് ഊതപ്പെട്ടാൽ,

14 ഭൂമിയും പർവ്വതങ്ങളും പൊക്കിയെടുക്കപ്പെടു കയും എന്നിട്ട് അവ രണ്ടും ഒരു ഇടിച്ചു തകർ ക്കലിന് വിധേയമാക്കുകയും ചെയ്താൽ!

15 അന്നേ ദിവസം ആ സംഭവം സംഭവിക്കുകയായി.

16 ആകാശം പൊട്ടിപിളരുകയും ചെയ്യും. അന്ന് അത് ദുർബലമായിരിക്കും.

17 മലക്കുകൾ അതിന്റെ നാനാഭാഗങ്ങളിലുമുണ്ടാ യിരിക്കും. നിന്റെ രക്ഷിതാവിന്റെ സിംഹാസന ത്തെ അവരുടെ മീതെ അന്ന് എട്ടു കൂട്ടർ വഹി ക്കുന്നതാണ്.[3]

18 അന്നേ ദിവസം നിങ്ങൾ പ്രദർശിപ്പിക്കപ്പെ ടുന്നതാണ്. യാതൊരു മറഞ്ഞ കാര്യവും നിങ്ങ ളിൽ നിന്ന് മറഞ്ഞുപോകുന്നതല്ല.[4]

19 എന്നാൽ വലതുകയ്യിൽ തന്റെ രേഖ നൽ കപ്പെട്ടവൻ പറയും: ഇതാ എന്റെ ഗ്രന്ഥം വായി ച്ചുനോക്കൂ.

20 തീർച്ചയായും ഞാൻ വിചാരിച്ചിരുന്നു; ഞാൻ എന്റെ വിചാരണയെ[5] നേരിടേണ്ടി വരുമെന്ന്.

21 അതിനാൽ അവൻ[6] തൃപ്തികരമായ ജീവി തത്തിലാകുന്നു.

22 ഉന്നതമായ സ്വർഗത്തിൽ.

23 അവയിലെ പഴങ്ങൾ അടുത്ത് വരുന്നവയാകു ന്നു.

24 'കഴിഞ്ഞു പോയ ദിവസങ്ങളിൽ നിങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി നിങ്ങൾ ആനന്ദത്തോടെ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക'. (എന്ന് അവരോട് പറയപ്പെടും)

25 എന്നാൽ ഇടതുകയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവനാ കട്ടെ ഇപ്രകാരം പറയുന്നതാണ്. ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ,

26 എന്റെ വിചരണ എന്താണെന്ന് ഞാൻ

---

1 ലൂത്വ് നബി(അ)യുടെ ജനതയുടെ അധിവാസകേന്ദ്രങ്ങളത്രെ ഉദ്ദേശം.

2 നൂഹ് നബി(അ)യുടെ കാലത്തുണ്ടായ മഹാപ്രളയത്തിൽ സത്യവിശ്വാസികളെ അല്ലാഹു കപ്പലിൽ കയറ്റി രക്ഷിച്ചതിനെ പറ്റിയത്രെ ഈ പരാമർശം.

3 ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ദൈവിക സിംഹാസനത്തെ എട്ടു മലക്കുകളായിരിക്കും വഹിക്കുകയെന്ന് ചില വ്യാഖ്യാ താക്കളും, എട്ടു വിഭാഗം മലക്കുകളായിരിക്കും വഹിക്കുക യെന്ന് മറ്റു ചില വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു.

4 നിങ്ങൾ ഗോപ്യമാക്കി വെച്ചിരുന്ന വാക്കുകളും പ്രവൃത്തി കളുമൊക്കെ അന്ന് അനാവൃതമാകുമെന്നർത്ഥം.

5 'ഹിസാബ് ' എന്ന പദത്തിന് വിചരണ അഥവാ കണക്കു ചോദിക്കലെന്നും (കർമ്മങ്ങളുടെ) കണക്ക് എന്നും അർത്ഥ മുണ്ട്.

6 കർമ്മങ്ങളുടെ രേഖ വലതുകയ്യിൽ നൽകപ്പെട്ടവൻ.

فَلَيْسَ لَهُ ٱلْيَوْمَ هَٰهُنَا حَمِيمٌ ﴿٣٥﴾ وَلَا طَعَامٌ إِلَّا مِنْ غِسْلِينٍ ﴿٣٦﴾ لَّا يَأْكُلُهُۥٓ
إِلَّا ٱلْخَٰطِـُٔونَ ﴿٣٧﴾ فَلَآ أُقْسِمُ بِمَا تُبْصِرُونَ ﴿٣٨﴾ وَمَا لَا تُبْصِرُونَ ﴿٣٩﴾
إِنَّهُۥ لَقَوْلُ رَسُولٍ كَرِيمٍ ﴿٤٠﴾ وَمَا هُوَ بِقَوْلِ شَاعِرٍ ۚ قَلِيلًا مَّا تُؤْمِنُونَ ﴿٤١﴾
وَلَا بِقَوْلِ كَاهِنٍ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٤٢﴾ تَنزِيلٌ مِّن رَّبِّ ٱلْعَٰلَمِينَ ﴿٤٣﴾ وَلَوْ
تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ﴿٤٤﴾ لَأَخَذْنَا مِنْهُ بِٱلْيَمِينِ ﴿٤٥﴾ ثُمَّ لَقَطَعْنَا
مِنْهُ ٱلْوَتِينَ ﴿٤٦﴾ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَٰجِزِينَ ﴿٤٧﴾ وَإِنَّهُۥ لَتَذْكِرَةٌ
لِّلْمُتَّقِينَ ﴿٤٨﴾ وَإِنَّا لَنَعْلَمُ أَنَّ مِنكُم مُّكَذِّبِينَ ﴿٤٩﴾ وَإِنَّهُۥ لَحَسْرَةٌ عَلَى
ٱلْكَٰفِرِينَ ﴿٥٠﴾ وَإِنَّهُۥ لَحَقُّ ٱلْيَقِينِ ﴿٥١﴾ فَسَبِّحْ بِٱسْمِ رَبِّكَ ٱلْعَظِيمِ ﴿٥٢﴾

## سُورَةُ الْمَعَارِجِ

ترتيبها ٧٠ — آياتها ٤٤

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

سَأَلَ سَآئِلٌۢ بِعَذَابٍ وَاقِعٍ ﴿١﴾ لِّلْكَٰفِرِينَ لَيْسَ لَهُۥ دَافِعٌ ﴿٢﴾ مِّنَ
ٱللَّهِ ذِى ٱلْمَعَارِجِ ﴿٣﴾ تَعْرُجُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ إِلَيْهِ فِى
يَوْمٍ كَانَ مِقْدَارُهُۥ خَمْسِينَ أَلْفَ سَنَةٍ ﴿٤﴾ فَٱصْبِرْ صَبْرًا جَمِيلًا ﴿٥﴾
إِنَّهُمْ يَرَوْنَهُۥ بَعِيدًا ﴿٦﴾ وَنَرَىٰهُ قَرِيبًا ﴿٧﴾ يَوْمَ تَكُونُ ٱلسَّمَآءُ كَٱلْمُهْلِ
﴿٨﴾ وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ﴿٩﴾ وَلَا يَسْـَٔلُ حَمِيمٌ حَمِيمًا ﴿١٠﴾

അറിയാ തിരുന്നെങ്കിൽ (എത്ര നന്നായിരുന്നു)
(27) അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുയെന്നെങ്കിൽ (എത്ര നന്നായിരുന്നു)
(28) എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല.
(29) എന്റെ അധികാരം എന്നിൽ നിന്നു നഷ്ട്ടപ്പെട്ടു പോയി.
(30) (അപ്പോൾ ഇപ്രകാരം കൽപനയുണ്ടാകും:) നിങ്ങ ൾ അവനെ പിടിച്ച് ബന്ധനത്തിലിടു.
(31) പിന്നെ അവനെ നിങ്ങൾ ജ്വലിക്കുന്ന നരകത്തി ൽ പ്രവേശിപ്പിക്കൂ.
(32) പിന്നെ, എഴുപത് മുഴം നീളമുള്ള ഒരു ചങ്ങല യിൽ അവനെ നിങ്ങൾ പ്രവേശിപ്പിക്കൂ.
(33) തീർച്ചയായും അവൻ മഹാനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല.
(34) സാധുവിന് ഭക്ഷണം കൊടുക്കുവാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല.
(35) അതിനാൽ ഇന്ന് ഇവിടെ അവന്ന് ഒരു ഉറ്റ ബന്ധുവുമില്ല.
(36) ദുർനീരുകൾ ഒലിച്ചു കൂടിയതിൽ നിന്നല്ലാതെ മറ്റു ആഹാരവുമില്ല.
(37) തെറ്റുകാരല്ലാതെ അത് ഭക്ഷിക്കുകയില്ല.
(38) (39) എന്നാൽ നിങ്ങൾ കാണുന്നവയെക്കൊണ്ടും കാണാത്തവയെക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു.
(40) തീർച്ചായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കു തന്നെയാകുന്നു.
(41) ഇതൊരു കവിയുടെ വാക്കല്ല. വളരെ കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ.
(42) ഒരു ജോത്സ്യന്റെ വാക്കുമല്ല. വളരെ കുറച്ചേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ.
(43) ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിക്ക പ്പെട്ടതാകുന്നു.
(44) നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കു കളും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ.
(45) അദ്ദേഹത്തെ നാം വലതു കൈകൊണ്ട് പിടികൂ ടുകയും.
(46) എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചു കളയുകയും ചെയ്യുമായിരുന്നു.
(47) അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാവില്ല.
(48) തീർച്ചയായും ഇത് (ഖുർആൻ) ഭയഭക്തിയുള്ള വർക്ക് ഒരു ഉൽബോധനമാകുന്നു.
(49) തീർച്ചയായും നിങ്ങളുടെ കൂട്ടത്തിൽ (ഇതിനെ) നിഷേധിച്ച് തള്ളുന്നവരുണ്ടെന്ന് നമുക്കറിയാം.
(50) തീർച്ചയായും ഇത് സത്യനിഷേധികൾക്ക് ഖേദ ത്തിന് കാരണമാകുന്നു.
(51) തീർച്ചയായും ഇത് ദൃഢമായ യാഥാർത്ഥ്യമാകുന്നു.
(52) അതിനാൽ നീ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമത്തെ പ്രകീർത്തിക്കുക.

## മആരിജ്
## (കയറുന്ന വഴികൾ)
### അദ്ധ്യായം 70

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) - (3) സത്യനിഷേധികൾക്ക് സംഭവിക്കാനിരിക്കു ന്നതും, തടുക്കുവാൻ ആരും ഇല്ലാത്തതും, കയറി പോകുന്ന വഴികളുടെ അധിപനായ അല്ലാഹു വിങ്കൽ നിന്ന് വരുന്നതുമായ ഒരു ശിക്ഷയെ ഒരു ചോദ്യകർത്താവ് അതാ ആവശ്യപ്പെട്ടിരിക്കുന്നു.[1]
(4) അമ്പതിനായിരം കൊല്ലത്തിന്റെ അളവുള്ളതായ ഒരു ദിവസത്തിൽ മലക്കുകളും ആത്മാവും അവ ങ്കലേക്ക് കയറിപ്പോകുന്നു.
(5) എന്നാൽ (നബിയേ,) നീ ഭംഗിയായ ക്ഷമ കൈക്കൊള്ളുക.
(6) തീർച്ചയായും അവർ അതിനെ വിദൂരമായി കാ ണുന്നു.

---

1 സഅല എന്ന പദത്തിന് ചേദിച്ചു എന്നും ആവശ്യപ്പെട്ടു എന്നും അർത്ഥമുണ്ട്.

يُبَصَّرُونَهُمْ ۚ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍۭ بِبَنِيهِ ١١
وَصَـٰحِبَتِهِۦ وَأَخِيهِ ١٢ وَفَصِيلَتِهِ ٱلَّتِى تُـْٔوِيهِ ١٣ وَمَن فِى ٱلْأَرْضِ
جَمِيعًا ثُمَّ يُنجِيهِ ١٤ كَلَّآ ۖ إِنَّهَا لَظَىٰ ١٥ نَزَّاعَةً لِّلشَّوَىٰ ١٦ تَدْعُوا۟
مَنْ أَدْبَرَ وَتَوَلَّىٰ ١٧ وَجَمَعَ فَأَوْعَىٰٓ ١٨ ۞ إِنَّ ٱلْإِنسَـٰنَ خُلِقَ هَلُوعًا
١٩ إِذَا مَسَّهُ ٱلشَّرُّ جَزُوعًا ٢٠ وَإِذَا مَسَّهُ ٱلْخَيْرُ مَنُوعًا ٢١ إِلَّا
ٱلْمُصَلِّينَ ٢٢ ٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ دَآئِمُونَ ٢٣ وَٱلَّذِينَ فِىٓ
أَمْوَٰلِهِمْ حَقٌّ مَّعْلُومٌ ٢٤ لِّلسَّآئِلِ وَٱلْمَحْرُومِ ٢٥ وَٱلَّذِينَ يُصَدِّقُونَ
بِيَوْمِ ٱلدِّينِ ٢٦ وَٱلَّذِينَ هُم مِّنْ عَذَابِ رَبِّهِم مُّشْفِقُونَ ٢٧ إِنَّ عَذَابَ
رَبِّهِمْ غَيْرُ مَأْمُونٍ ٢٨ وَٱلَّذِينَ هُمْ لِفُرُوجِهِمْ حَـٰفِظُونَ ٢٩ إِلَّا عَلَىٰٓ
أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَـٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ٣٠ فَمَنِ ٱبْتَغَىٰ وَرَآءَ
ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْعَادُونَ ٣١ وَٱلَّذِينَ هُمْ لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ رَٰعُونَ
٣٢ وَٱلَّذِينَ هُم بِشَهَـٰدَٰتِهِمْ قَآئِمُونَ ٣٣ وَٱلَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ
٣٤ أُو۟لَـٰٓئِكَ فِى جَنَّـٰتٍ مُّكْرَمُونَ ٣٥ فَمَالِ ٱلَّذِينَ كَفَرُوا۟ قِبَلَكَ مُهْطِعِينَ
٣٦ عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ عِزِينَ ٣٧ أَيَطْمَعُ كُلُّ ٱمْرِئٍ مِّنْهُمْ
أَن يُدْخَلَ جَنَّةَ نَعِيمٍ ٣٨ كَلَّآ ۖ إِنَّا خَلَقْنَـٰهُم مِّمَّا يَعْلَمُونَ ٣٩

(7) നാം അതിനെ അടുത്തതായും കാണുന്നു.

(8) (9) ആകാശം ഉരുകിയ ലോഹം പോലെയും പർവ്വ തങ്ങൾ കടഞ്ഞ രോമം പോലെയും ആവുന്ന ദിവസം!

(10) ഒരുറ്റ ബന്ധുവും മറ്റൊരു ഉറ്റബന്ധുവിനോട് (അന്ന്) യാതൊന്നും ചോദിക്കുകയില്ല.

(11) - (14) അവർക്ക് അന്യോന്യം കാണിക്കപ്പെടും. തന്റെ മക്കളെയും ഭാര്യയെയും സഹോദരനെയും തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്ക ളെയും, ഭൂമിയിലുള്ള മുഴുവനാളുകളെയും പ്രായ ശ്ചിത്തമായി നൽകിക്കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോചനം തേടുകയും എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെ ങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും.

(15) സംശയം വേണ്ട, തീർച്ചയായും അത് ആളി ക്കത്തുന്ന നരകമാകുന്നു.

(16) തലയുടെ തൊലിയുരിച്ചു കളയുന്ന നരകാഗ്നി.

(17) (18) പിന്നോക്കം മാറുകയും, തിരിഞ്ഞുകളയുകയും ചെയ്തവരേയും, ശേഖരിച്ചു സൂക്ഷിച്ചു വെച്ചവ രെയും അതു ക്ഷണിക്കും.[1]

(19) തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കു ന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ്.

(20) (21) അതായത് തിന്മ ബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായികൊണ്ടും, നന്മ വന്നാൽ തട ഞ്ഞുവെക്കുന്നവനായിക്കൊണ്ടും.

(22) - (27) നമസ്കരിക്കുന്നവരൊഴികെ, അതാ യത് തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരമായി നിഷ്ഠയുള്ളവരും, തങ്ങളുടെ സ്വത്തുക്കളിൽ ചോ ദിച്ചുവരുന്നവന്നും ഉപജീവനമാർഗ്ഗം തടയപ്പെട്ട വന്നും നിർണ്ണിതമായ അവകാശം നൽകുന്ന വരും, പ്രതിഫല ദിവസത്തിൽ വിശ്വസിക്കുന്ന വരും, തങ്ങളുടെ രക്ഷിതാവിന്റെ ശിക്ഷയെ പറ്റി ഭയമുള്ളവരുമൊഴികെ.

(28) തീർച്ചയായും അവരുടെ രക്ഷിതാവിന്റെ ശിക്ഷ (വരുകയില്ലെന്ന്) സമാധാനപ്പെടാൻ പറ്റാത്തതാ കുന്നു.

(29) തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷി ക്കുന്നവരും (ഒഴികെ)

(30) തങ്ങളുടെ ഭാര്യമാരുടെയോ വലതുകൈകൾ ഉടമപ്പെടുത്തിയവരുടെയോ[2] കാര്യത്തിലൊഴികെ. തീർച്ചയായും അവർ ആക്ഷേപമുക്തരാകുന്നു.

(31) എന്നാൽ അതിലപ്പുറം ആരെങ്കിലും ആഗ്രഹിക്കു ന്നപക്ഷം അത്തരക്കാർ തന്നെയാകുന്നു അതിരു കവിയുന്നവർ.

(32) തങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളും തങ്ങളു ടെ ഉടമ്പടികളും പാലിച്ചുപോരുന്നവരും.

(33) തങ്ങളുടെ സാക്ഷ്യങ്ങൾ മുറപ്രകാരം നിർവ്വഹി ക്കുന്നവരും.

(34) തങ്ങളുടെ നമസ്കാരങ്ങൾ നിഷ്ഠയോടെ നിർവ ഹിക്കുന്നവരും (ഒഴികെ).

(35) അത്തരക്കാർ സ്വർഗ്ഗത്തോപ്പുകളിൽ ആദരിക്ക പ്പെടുന്നവരാകുന്നു.

(36) (37) അപ്പോൾ സത്യനിഷേധികൾക്കെന്തുപറ്റി! അവർ നിന്റെ നേരെ കഴുത്തുനീട്ടിവന്നിട്ട് വലത്തോട്ടും ഇടത്തോട്ടും കൂട്ടങ്ങളായി ചിതറിപ്പോകുന്നു.[3]

(38) സുഖാനുഭൂതിയുടെ സ്വർഗത്തിൽ താൻ പ്രവേശി ക്കപ്പെടണമെന്ന് അവരിൽ ഓരോ മനുഷ്യനും മോ ഹിക്കുന്നുണ്ടോ?

(39) അത് വേണ്ട. തീർച്ചയായും അവർക്കറിയാവു

---

1 സത്യസന്ദേശം ശ്രവിക്കാതെ പിന്തിരിഞ്ഞ കളഞ്ഞവനെയും, അല്ലാഹു നിർദ്ദേശിച്ച മാർഗത്തിൽ ചെലവഴിക്കാതെ ധനം കെട്ടിപ്പൂട്ടിവെച്ചവനെയും നരകശിക്ഷ പിടികൂടുമെന്നർത്ഥം

2 ഇസ്‌ലാം നിർദ്ദേശിക്കുന്ന നിയമങ്ങൾക്ക് അനുസരിച്ച് സ്വീക രിക്കുന്ന വെപ്പാട്ടികളത്രെ വലതുകൈകൾ ഉടമപ്പെടുത്തിയവർ എന്നവാക്കുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.

3 ഇടത്തുനിന്നും വലത്തുനിന്നും കൂട്ടങ്ങളായി അവർ നിന്റെ നേർക്ക് കഴുത്ത് നീട്ടിവരുന്നു, എന്നാണ് ചില വ്യാഖ്യാതാക്കൾ അർത്ഥം നൽകിയിട്ടുള്ളത്.

ന്നതിൽ നിന്നാണ് നാം അവരെ സൃഷ്ടിച്ചിട്ടുള്ളത്[1]
40 41 എന്നാൽ ഉദയസ്ഥാനങ്ങളുടെയും അസ്തമയ സ്ഥാനങ്ങളുടെയും രക്ഷിതാവിന്റെ പേരിൽ ഞാൻ സത്യം ചെയ്തു പറയുന്നു: അവരെക്കാൾ നല്ലവരെ പകരം കൊണ്ടുവരാൻ തീർച്ചയായും നാം കഴിവുള്ള വനാണെന്ന്. നാം തോൽപിക്കപ്പെടുന്നവനല്ലതാ നും.
42 ആശയിൽ അവർക്ക് താക്കീതു നൽകപ്പെടുന്ന അവരുടെ ആ ദിവസത്തെ അവർ കണ്ടുമുട്ടുന്ന തുവരെ അവർ തോന്നിവാസത്തിൽ മുഴുകുക യും കളിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ നീ അവരെ വിട്ടേക്കുക.
43 അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ട് പോകുന്നതുപോലെ ഖബറുകളിൽ നിന്ന് ധൃതിയിൽ പുറപ്പെട്ടുപോകുന്ന ദിവസം.
44 അവരുടെ കണ്ണുകൾ കീഴ്പോട്ട് താണിരിക്കും അപമാനം അവരെ ആവരണം ചെയ്തിരിക്കും. അതാണ് അവർക്ക് താക്കീത് നൽകപ്പെട്ടിരുന്ന ദിവസം.

## നൂഹ്

## അദ്ധ്യായം 71

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 തീർച്ചയായും നൂഹിനെ അദ്ദേഹത്തിന്റെ ജനത യിലേക്ക് നാം അയച്ചു. നിന്റെ ജനതക്ക് വേദന യേറിയ ശിക്ഷ വരുന്നതിന്റെ മുമ്പ് അവർക്ക് താ ക്കീത് നൽകുക. എന്ന് നിർദ്ദേശിച്ചുകൊണ്ട്.
2 അദ്ദേഹം പഞ്ഞു: എന്റെ ജനങ്ങളെ, തീർച്ച യായും ഞാൻ നിങ്ങൾക്ക് വ്യക്തമായ താക്കീതു കാരനാക്കുന്നു.
3 നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവ നെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുക യും ചെയ്യുവിൻ.
4 എങ്കിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ പാപ ങ്ങളിൽ ചിലത് പൊറുത്തു തരികയും, നിർണ്ണയി ക്കപ്പെട്ട ഒരവധിവരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ വിധി വന്നാൽ അത് നീട്ടികൊടുക്കപ്പെടുയില്ല. നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ.
5 അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവെ, തീർച്ച യായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു.

1 നിസ്സാരമായ ബീജത്തിൽ നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്ന കാര്യം എല്ലാവർക്കും അറിയാം. ജന്മം കൊണ്ട് ആർക്കും സവിശേ ഷമായ ഒരു മഹത്വവും ഇല്ല. ആദർശാധിഷ്ഠിതമായ ജീവിതരീ തിയാണ് മഹത്വത്തിന് നിതാനമായി ട്ടുള്ളത്.

فَلَآ أُقۡسِمُ بِرَبِّ ٱلۡمَشَٰرِقِ وَٱلۡمَغَٰرِبِ إِنَّا لَقَٰدِرُونَ ٤٠ عَلَىٰٓ أَن نُّبَدِّلَ خَيۡرًا مِّنۡهُمۡ
وَمَا نَحۡنُ بِمَسۡبُوقِينَ ٤١ فَذَرۡهُمۡ يَخُوضُواْ وَيَلۡعَبُواْ حَتَّىٰ يُلَٰقُواْ يَوۡمَهُمُ ٱلَّذِي
يُوعَدُونَ ٤٢ يَوۡمَ يَخۡرُجُونَ مِنَ ٱلۡأَجۡدَاثِ سِرَاعًا كَأَنَّهُمۡ إِلَىٰ نُصُبٖ يُوفِضُونَ
٤٣ خَٰشِعَةً أَبۡصَٰرُهُمۡ تَرۡهَقُهُمۡ ذِلَّةٞۚ ذَٰلِكَ ٱلۡيَوۡمُ ٱلَّذِي كَانُواْ يُوعَدُونَ ٤٤

## سُورَةُ نُوحٍ

آياتها ٢٨ — ترتيبها ٧١

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِنَّآ أَرۡسَلۡنَا نُوحًا إِلَىٰ قَوۡمِهِۦٓ أَنۡ أَنذِرۡ قَوۡمَكَ مِن قَبۡلِ أَن يَأۡتِيَهُمۡ
عَذَابٌ أَلِيمٞ ١ قَالَ يَٰقَوۡمِ إِنِّي لَكُمۡ نَذِيرٞ مُّبِينٌ ٢ أَنِ ٱعۡبُدُواْ
ٱللَّهَ وَٱتَّقُوهُ وَأَطِيعُونِ ٣ يَغۡفِرۡ لَكُم مِّن ذُنُوبِكُمۡ وَيُؤَخِّرۡكُمۡ
إِلَىٰٓ أَجَلٖ مُّسَمًّىۚ إِنَّ أَجَلَ ٱللَّهِ إِذَا جَآءَ لَا يُؤَخَّرُۖ لَوۡ كُنتُمۡ تَعۡلَمُونَ
٤ قَالَ رَبِّ إِنِّي دَعَوۡتُ قَوۡمِي لَيۡلٗا وَنَهَارٗا ٥ فَلَمۡ يَزِدۡهُمۡ دُعَآءِيٓ إِلَّا
فِرَارٗا ٦ وَإِنِّي كُلَّمَا دَعَوۡتُهُمۡ لِتَغۡفِرَ لَهُمۡ جَعَلُوٓاْ أَصَٰبِعَهُمۡ
فِيٓ ءَاذَانِهِمۡ وَٱسۡتَغۡشَوۡاْ ثِيَابَهُمۡ وَأَصَرُّواْ وَٱسۡتَكۡبَرُواْ ٱسۡتِكۡبَارٗا
٧ ثُمَّ إِنِّي دَعَوۡتُهُمۡ جِهَارٗا ٨ ثُمَّ إِنِّيٓ أَعۡلَنتُ لَهُمۡ وَأَسۡرَرۡتُ
لَهُمۡ إِسۡرَارٗا ٩ فَقُلۡتُ ٱسۡتَغۡفِرُواْ رَبَّكُمۡ إِنَّهُۥ كَانَ غَفَّارٗا ١٠

6 എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ.
7 തീർച്ചയായും നീ അവർക്ക് പൊറുത്തു കൊടു ക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊ ക്കയും അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുത ക്കുകയും, അവർ ശഠിച്ചു നിൽക്കുകയും, കടു ത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്.
8 പിന്നീട് ഞാൻ അവരെ ഉറക്കെ വിളിച്ചു.
9 പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി.
10 അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയാ യും അവൻ ഏറെ പൊറുക്കുന്നവനകുന്നു.
11 അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും.
12 സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കും, നിങ്ങൾക്കവൻ തോട്ടങ്ങ ഉണ്ടാക്കിത്തരികയും, നിങ്ങൾക്കവൻ അരുവിക ഉണ്ടാക്കിക്കരികയും ചെയ്യും.
13 നിങ്ങൾക്കെന്തുപറ്റി? അല്ലഹുവിന് ഒരു

يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا ﴿١١﴾ وَيُمْدِدْكُم بِأَمْوَٰلٍ وَبَنِينَ وَيَجْعَل
لَّكُمْ جَنَّـٰتٍ وَيَجْعَل لَّكُمْ أَنْهَـٰرًا ﴿١٢﴾ مَّا لَكُمْ لَا تَرْجُونَ لِلَّهِ وَقَارًا ﴿١٣﴾
وَقَدْ خَلَقَكُمْ أَطْوَارًا ﴿١٤﴾ أَلَمْ تَرَوْا۟ كَيْفَ خَلَقَ ٱللَّهُ سَبْعَ سَمَـٰوَٰتٍ
طِبَاقًا ﴿١٥﴾ وَجَعَلَ ٱلْقَمَرَ فِيهِنَّ نُورًا وَجَعَلَ ٱلشَّمْسَ سِرَاجًا ﴿١٦﴾
وَٱللَّهُ أَنۢبَتَكُم مِّنَ ٱلْأَرْضِ نَبَاتًا ﴿١٧﴾ ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ
إِخْرَاجًا ﴿١٨﴾ وَٱللَّهُ جَعَلَ لَكُمُ ٱلْأَرْضَ بِسَاطًا ﴿١٩﴾ لِّتَسْلُكُوا۟ مِنْهَا
سُبُلًا فِجَاجًا ﴿٢٠﴾ قَالَ نُوحٌ رَّبِّ إِنَّهُمْ عَصَوْنِى وَٱتَّبَعُوا۟ مَن لَّمْ يَزِدْهُ
مَالُهُۥ وَوَلَدُهُۥٓ إِلَّا خَسَارًا ﴿٢١﴾ وَمَكَرُوا۟ مَكْرًا كُبَّارًا ﴿٢٢﴾ وَقَالُوا۟
لَا تَذَرُنَّ ءَالِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ
وَنَسْرًا ﴿٢٣﴾ وَقَدْ أَضَلُّوا۟ كَثِيرًا ۖ وَلَا تَزِدِ ٱلظَّـٰلِمِينَ إِلَّا ضَلَـٰلًا ﴿٢٤﴾
مِّمَّا خَطِيٓـَٔـٰتِهِمْ أُغْرِقُوا۟ فَأُدْخِلُوا۟ نَارًا فَلَمْ يَجِدُوا۟ لَهُم مِّن دُونِ
ٱللَّهِ أَنصَارًا ﴿٢٥﴾ وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَـٰفِرِينَ
دَيَّارًا ﴿٢٦﴾ إِنَّكَ إِن تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا
كَفَّارًا ﴿٢٧﴾ رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ
مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ وَلَا تَزِدِ ٱلظَّـٰلِمِينَ إِلَّا تَبَارًۢا ﴿٢٨﴾

ഗാഭീര്യ വും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല?

14 നിങ്ങളെ അവൻ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചി രിക്കയാണല്ലോ .

15 നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്?

16 ചന്ദ്രനെ അവിടെ അവൻ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ അവൻ വിളക്കുമാക്കിയിരിക്കുന്നു.[1]

17 അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്ന് ഒരു മുളപ്പി ക്കൽ മുളപ്പിച്ചിരിക്കുന്നു.[2]

18 പിന്നെ അതിൽ തന്നെ നിങ്ങമള അവൻ മടക്കു കയും നിങ്ങളെ ഒരിക്കൽ അവൻ പുറത്തുകൊ ണ്ടുവരികയും ചെയ്യുന്നതാണ്.

19 അല്ലാഹു നിങ്ങൾക്കുവേണ്ടി ഭൂമിയെ ഒരു വിരി പ്പാക്കുകയും ചെയ്തിരിക്കുന്നു.

20 അതിലെ വിസ്താരമുള്ള പാതകളിൽ നിങ്ങൾ പ്രവേശിക്കാൻ വേണ്ടി.

21 നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവെ, തീർച്ചയായും ഇവർ എന്നോട് അനുസരണക്കേട് കാണിക്കുകയും, ഒരു വിഭാഗത്തെ പിന്തുടരുകയും ചെയ്തിരിക്കുന്നു. അവർക്ക് (പിന്തുടരപ്പെട്ട നേതൃ വിഭാഗത്തിന്) സ്വത്തും സന്താനവും മൂലം (ആത്മീയവും പാരത്രികവുമായ) നഷ്ടം കൂടുക മാത്രമാണുണ്ടായത്.

22 (പുറമെ) അവർ (നേതാക്കൾ) വലിയ കുതന്ത്രം പ്രയോഗിക്കുകയും ചെയ്തിരിക്കുന്നു.

23 അവർ പറഞ്ഞു: (ജനങ്ങളെ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്.

24 അങ്ങനെ അവർ വളരെയധികം ആളുകളെ വഴിപിഴപ്പിച്ചു. (രക്ഷിതാവേ,) ആ അക്രമകാരികൾക്ക് വഴിപിഴവല്ലാതെ മറ്റൊന്നും വർദ്ദിപ്പിക്കരുതെ.

25 അവരുടെ പാപങ്ങൾ നിമിത്തം അവർ മുക്കി നശിപ്പിക്കപ്പെട്ടു. അന്നിട്ട് അവർ നരകാഗ്നിയിൽ പ്രവേശിക്കപ്പെട്ടു.[3] അപ്പോൾ തങ്ങൾക്കു അല്ലാഹുവിനുപുറമെ സഹായികളാരെയും അവർ കണ്ടെത്തിയില്ല.

26 നൂഹ് പറഞ്ഞു: എന്റെ രക്ഷിതാവെ, ഭൂമുഖത്ത് സത്യനിഷേധികളൽ പെട്ട ഒരു പൗരനേയും നീ വിട്ടേക്കരുതേ.

27 തീർച്ചയായും നീ അവരെ വിട്ടേക്കുകയാണങ്കി ൽ നിന്റെ ദാസന്മാരെ അവർ പിഴപ്പിച്ചുകളയും. ദുർവൃത്തന്നും സത്യനിഷേധിക്കുമല്ലാതെ അവർ ജന്മം നൽകുകയില്ല.

28 എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപി താക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊ ണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യ വിശ്വാസിനികൾക്കും നീ പൊറുത്ത് തരണമേ. അ ക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർദ്ധിപ്പി ക്കരുതേ.

---

1 പ്രകാശത്തിന്റെ ഉറവിടമായ സൂര്യനെ വിളക്കെന്നും, സൂര്യപ്രകാശം പ്രതിഫലിപ്പിക്കുക മാത്രം ചെയ്യുന്ന ചന്ദ്രനെ ഒരു പ്രകാശമെന്നുമാണ് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് സൂര്യന്റെയും ചന്ദ്രന്റെയും പ്രകാശങ്ങൾ തമ്മിലുള്ള മൗലികമായ ഈ അന്തരം പണ്ഡിതൻമാർക്ക് അജ്ഞാതമായിരുന്നു. അതിനാൽ ഇത് വിശുദ്ധ ഖുർആന്റെ അമാനുഷികതയ്ക്കുള്ള ഒരു തെളിവത്രെ.

2 അന്തിമ വിശകലനത്തിൽ ഭൂമിയിലെ ധാതുലവണങ്ങളാണ് മനുഷ്യനെന്ന മഹാപ്രതിഭാസമായി വളരുന്നത്. തികച്ചും ആസൂത്രിതവും വ്യവസ്ഥാപിതവുമായ ആ വളർച്ചയെപ്പറ്റി ചിന്തിക്കുന്ന ഒരാൾക്കും അല്ലാഹുവിന്റെ സാന്നിദ്ധ്യം നിഷേധിക്കാനാവില്ല.

3 ഭാവിയിൽ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരെ സംബന്ധിച്ച് ‘പ്രവേശിപ്പിക്കപ്പെട്ടു’ എന്ന ഭൂതകാലക്രിയ പ്രയോഗിച്ചത് നരക പ്രവേശത്തിന്റെ സുനിശ്ചിതത്വത്തെ സൂചിപ്പിക്കാൻ വേണ്ടിയായിരിക്കാം.

سُورَةُ الْجِنِّ
ترتيبها ٧٢ — آياتها ٢٨

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

قُلْ أُوحِيَ إِلَيَّ أَنَّهُ اسْتَمَعَ نَفَرٌ مِّنَ الْجِنِّ فَقَالُوا إِنَّا سَمِعْنَا قُرْآنًا
عَجَبًا ﴿١﴾ يَهْدِي إِلَى الرُّشْدِ فَآمَنَّا بِهِ ۖ وَلَن نُّشْرِكَ بِرَبِّنَا أَحَدًا ﴿٢﴾
وَأَنَّهُ تَعَالَىٰ جَدُّ رَبِّنَا مَا اتَّخَذَ صَاحِبَةً وَلَا وَلَدًا ﴿٣﴾ وَأَنَّهُ كَانَ
يَقُولُ سَفِيهُنَا عَلَى اللَّهِ شَطَطًا ﴿٤﴾ وَأَنَّا ظَنَنَّا أَن لَّن تَقُولَ الْإِنسُ
وَالْجِنُّ عَلَى اللَّهِ كَذِبًا ﴿٥﴾ وَأَنَّهُ كَانَ رِجَالٌ مِّنَ الْإِنسِ يَعُوذُونَ بِرِجَالٍ
مِّنَ الْجِنِّ فَزَادُوهُمْ رَهَقًا ﴿٦﴾ وَأَنَّهُمْ ظَنُّوا كَمَا ظَنَنتُمْ أَن لَّن يَبْعَثَ
اللَّهُ أَحَدًا ﴿٧﴾ وَأَنَّا لَمَسْنَا السَّمَاءَ فَوَجَدْنَاهَا مُلِئَتْ حَرَسًا
شَدِيدًا وَشُهُبًا ﴿٨﴾ وَأَنَّا كُنَّا نَقْعُدُ مِنْهَا مَقَاعِدَ لِلسَّمْعِ ۖ فَمَن
يَسْتَمِعِ الْآنَ يَجِدْ لَهُ شِهَابًا رَّصَدًا ﴿٩﴾ وَأَنَّا لَا نَدْرِي أَشَرٌّ أُرِيدَ
بِمَن فِي الْأَرْضِ أَمْ أَرَادَ بِهِمْ رَبُّهُمْ رَشَدًا ﴿١٠﴾ وَأَنَّا مِنَّا الصَّالِحُونَ
وَمِنَّا دُونَ ذَٰلِكَ ۖ كُنَّا طَرَائِقَ قِدَدًا ﴿١١﴾ وَأَنَّا ظَنَنَّا أَن لَّن نُّعْجِزَ
اللَّهَ فِي الْأَرْضِ وَلَن نُّعْجِزَهُ هَرَبًا ﴿١٢﴾ وَأَنَّا لَمَّا سَمِعْنَا الْهُدَىٰ
آمَنَّا بِهِ ۖ فَمَن يُؤْمِن بِرَبِّهِ فَلَا يَخَافُ بَخْسًا وَلَا رَهَقًا ﴿١٣﴾

## ജിന്ന്
### അദ്ധ്യായം 72

**പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

(1) (നബിയേ,) പറയുക: ജിന്നുകളിൽ നിന്നുള്ള ഒരു സംഘം ഖുർആൻ ശ്രദ്ധിച്ചു കേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കു ന്നു. എന്നിട്ട് അവർ (സ്വന്തം സമൂഹത്തോട്) പറ ഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ഖുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു.

(2) അത് സന്മാർഗ്ഗത്തിലേക്ക് വഴി കാണിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു. മേലിൽ ഞങ്ങളുടെ രക്ഷിതാവിനോട് ആരെയും ഞങ്ങൾ പങ്കുചേർക്കുകയില്ല.

(3) നമ്മുടെ രക്ഷിതാവിന്റെ മഹത്വം ഉന്നതമാകുന്നു. അവൻ കൂട്ടുകാരിയെയോ സന്താനത്തെയോ സ്വീ കരിച്ചിട്ടില്ല.

(4) ഞങ്ങളിലുള്ള വിഡ്ഢികൾ അല്ലാഹുവെ പറ്റി അതിക്രമപരമായ പരാമർശം നടത്തുമായിരുന്നു.

(5) ഞങ്ങൾ വിചാരിച്ചു; മനുഷ്യരും ജിന്നുകളും അല്ലാഹുവിന്റെ പേരിൽ ഒരിക്കലുംകള്ളം പറയു കയില്ലെന്ന്, എന്നും (അവർ പറഞ്ഞു)

(6) മനുഷ്യരിൽപ്പെട്ട ചില വ്യക്തികൾ ജിന്നുകളിൽ പ്പെട്ട ചില വ്യക്തികളോട് ശരണം തേടാറുണ്ടായി രുന്നു. അങ്ങനെ അതവർക്ക് (ജിന്നുകൾക്ക്) ഗർവ്വ് വർദ്ധിപ്പിച്ചു.

(7) നിങ്ങൾ ധരിച്ചതു പോലെ അവരും ധരിച്ചു; അല്ലാഹു അവരെയും ഉയിർത്തെഴുന്നേൽപ്പിക്കുക യില്ലെന്ന് എന്നും (അവർ പറഞ്ഞു).

(8) ഞങ്ങൾ ആകാശത്തെ സ്പർശിച്ചു നോക്കി[1]. അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാലും തീജ്വാലകളാലും നിറക്കപ്പെട്ടതായി ഞങ്ങൾ കണ്ടെ ത്തി. എന്നും (അവർ പറഞ്ഞു).

(9) ആകാശത്തിലെ ചില ഇരിപ്പിടങ്ങളിൽ ഞങ്ങൾ കേൾക്കാൻ വേണ്ടി ഇരിക്കാറുണ്ടായിരുന്നു എന്നാൽ ഇപ്പോൾ[2] ആരെങ്കിലും ശ്രദ്ധിച്ചു കേൾക്കുക യാണെങ്കിൽ കാത്തിരിക്കുന്ന അഗ്നിജ്വാലയെ അവന്ന് കണ്ടെത്താനാകും. എന്നും (അവർ പറഞ്ഞു).

(10) ഭൂമിയിലുള്ളവരുടെ കാര്യത്തിൽ തിന്മയാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, അതല്ല അവരുടെ രക്ഷിതാ വ് അവരെ നേർവഴിയിലാക്കാൻ ഉദ്ദേശിച്ചിരിക്കയാ ണോ എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ.

(11) ഞങ്ങളിലാകട്ടെ, ഞങ്ങളുടെ കൂട്ടത്തിൽ സദ്വൃത്ത ന്മാരുണ്ട്, അതിൽ താഴെയുള്ളവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. ഞങ്ങൾ വിഭിന്ന മാർഗങ്ങളായിതീർ ന്നിരിക്കുന്നു. എന്നും (അവർ പറഞ്ഞു)

(12) ഭൂമിയിൽ വെച്ച് അല്ലാഹുവെ ഞങ്ങൾക്ക് തോ ൽപ്പിക്കാനാവില്ല എന്നും, ഓടി മാറിക്കളഞ്ഞിട്ട് അ വനെ തേ ൽപ്പിക്കാനാവില്ലന്നും[3] ഞങ്ങൾ ധരിച്ചിരി ക്കുന്നു.

(13) സന്മാർഗം കേട്ടപ്പോൾ ഞങ്ങൾ അതിൽ വിശ്വ സിച്ചിരിക്കുന്നു. അപ്പേൾ ഏതൊരുത്തൻ തന്റെ രക്ഷിതാവിൽ വിശ്വസിക്കുന്നുവോ അവൻ യാതൊ രു നഷ്ടത്തെയും, അനീതിയെയും പറ്റി ഭയപ്പെടേ ണ്ടി വരില്ല. എന്നും (അവർപറഞ്ഞു)

(14) ഞങ്ങളുടെ കൂട്ടത്തിൽ കീഴ്പ്പെട്ട് ജീവിക്കുന്നവ രുണ്ട്. അനീതി പ്രവർത്തിക്കുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. എന്നാൽ ആർ കീഴ്പ്പെട്ടിരിക്കുന്നു

---

1 ആകാശത്തിലെ രഹസ്യങ്ങൾ കണ്ടെത്താൻ വേണ്ടി ശ്രമിച്ചു നോക്കി എന്നർത്ഥം.

2 ഇപ്പോൾ എന്ന വാക്കിന് ഖുർആൻ അവതരിച്ചു തുടങ്ങിയ തിനുശേഷം എന്നാണ് മിക്ക വ്യാഖ്യാതാക്കളും വിശദീകരണം നൽകിയിട്ടുള്ളത്. വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നതിന് മുമ്പ് ജിന്നുകൾ ഉപരിലോകത്ത് നിന്ന് എന്തോ ചിലത് ശ്രദ്ധി ച്ചുകേട്ടിരുന്നുവെന്നും പിന്നീട് അതവർക്ക് അസാദ്ധ്യമായി തീർന്നുവെന്നുംഈ വചനങ്ങൾ വ്യക്തമാക്കുന്നു. കൂടുതൽ വിശദാംശങ്ങൾ ഖുർആനിൽ നിന്നോ സഹീഹായ ഹദീസിൽ നിന്നോ ലഭ്യമല്ല. ആധുനികരും പ്രാചീനരുമായ വ്യാഖ്യാതാക്കൾ പലതരം വിശദീകരണങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അവയിൽ മിക്കതിനും അനിഷേധ്യമായ തെളിവുകളുടെ പിൻബലമില്ല.

3 അല്ലഹുവിന്ന് പിടിക്കിട്ടാത്തവിധം എവിടേക്കും ഓടി മാറി ക്കളയാനാവില്ലെന്ന്.

وَأَنَّا مِنَّا الْمُسْلِمُونَ وَمِنَّا الْقَاسِطُونَ ۖ فَمَنْ أَسْلَمَ فَأُولَٰئِكَ
تَحَرَّوْا رَشَدًا ﴿١٤﴾ وَأَمَّا الْقَاسِطُونَ فَكَانُوا لِجَهَنَّمَ حَطَبًا ﴿١٥﴾
وَأَلَّوِ اسْتَقَامُوا عَلَى الطَّرِيقَةِ لَأَسْقَيْنَاهُم مَّاءً غَدَقًا ﴿١٦﴾ لِّنَفْتِنَهُمْ
فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِ يَسْلُكْهُ عَذَابًا صَعَدًا ﴿١٧﴾ وَأَنَّ
الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ﴿١٨﴾ وَأَنَّهُ لَمَّا قَامَ عَبْدُ اللَّهِ
يَدْعُوهُ كَادُوا يَكُونُونَ عَلَيْهِ لِبَدًا ﴿١٩﴾ قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ
بِهِ أَحَدًا ﴿٢٠﴾ قُلْ إِنِّي لَا أَمْلِكُ لَكُمْ ضَرًّا وَلَا رَشَدًا ﴿٢١﴾ قُلْ إِنِّي
لَن يُجِيرَنِي مِنَ اللَّهِ أَحَدٌ وَلَنْ أَجِدَ مِن دُونِهِ مُلْتَحَدًا ﴿٢٢﴾ إِلَّا بَلَاغًا
مِّنَ اللَّهِ وَرِسَالَاتِهِ ۚ وَمَن يَعْصِ اللَّهَ وَرَسُولَهُ فَإِنَّ لَهُ نَارَ جَهَنَّمَ
خَالِدِينَ فِيهَا أَبَدًا ﴿٢٣﴾ حَتَّىٰ إِذَا رَأَوْا مَا يُوعَدُونَ فَسَيَعْلَمُونَ
مَنْ أَضْعَفُ نَاصِرًا وَأَقَلُّ عَدَدًا ﴿٢٤﴾ قُلْ إِنْ أَدْرِي أَقَرِيبٌ
مَّا تُوعَدُونَ أَمْ يَجْعَلُ لَهُ رَبِّي أَمَدًا ﴿٢٥﴾ عَالِمُ الْغَيْبِ فَلَا
يُظْهِرُ عَلَىٰ غَيْبِهِ أَحَدًا ﴿٢٦﴾ إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ فَإِنَّهُ
يَسْلُكُ مِن بَيْنِ يَدَيْهِ وَمِنْ خَلْفِهِ رَصَدًا ﴿٢٧﴾ لِّيَعْلَمَ أَن قَدْ أَبْلَغُوا
رِسَالَاتِ رَبِّهِمْ وَأَحَاطَ بِمَا لَدَيْهِمْ وَأَحْصَىٰ كُلَّ شَيْءٍ عَدَدًا ﴿٢٨﴾

വോ അത്തരക്കാർ സന്മാർഗം അവലംബിച്ചിരിക്കുന്നു.

15 അനീതി പ്രവർത്തിച്ചവരാകട്ടെ നരകത്തിനുള്ള വിറ കായിത്തീരുന്നതാണ് (എന്നും അവർ പറഞ്ഞു).

16 ആമാർഗത്തിൽ (ഇസ്‌ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്.

17 അതിലൂടെ നാം അവരെ പരീക്ഷിക്കുവാൻ വേ ണ്ടിയത്രെ അത്. തന്റെ രക്ഷിതാവിന്റെ ഉൽബോ ധനത്തെ വിട്ട് ആർ തിരിഞ്ഞു കളയുന്നുവോ അവനെ അവൻ (രക്ഷിതാവ്) പ്രയാസകരമായ ശിക്ഷയിൽ പ്രവേശിപ്പിക്കുന്നതാണ്. (എന്നും എനി ക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു.)

18 പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്[1] എന്നും.

19 അല്ലാഹുവിന്റെ ദാസൻ (നബി) അവനോട് പ്രാർത്ഥി ക്കുവാനായി എഴുന്നേറ്റുനിന്നപ്പോൾ അവർ[2] അദ്ദേഹ ത്തിനു ചുറ്റും തിങ്ങിക്കൂടുവാനൊരുങ്ങി എന്നും.

20 (നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും പങ്കുചേർക്കുകയില്ല.

21 പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല.

22 പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽ നിന്ന് ഒരാളും എനിക്ക് അഭയം നൽകുകയില്ല; തീർച്ച. അവന് പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല.

23 അല്ലാഹുവിങ്കൽ നിന്നുള്ള പ്രബോധനവും അവന്റെ സന്ദേശങ്ങളും ഒഴികെ (മറ്റൊന്നും എന്റെ അധീനയിലല്ല). വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം തീർച്ചയായും അവനുള്ളതാണ് നരകാഗ്നി. അത്തരക്കാർ അതിൽ നിത്യവാസികളായിരിക്കും.

24 അങ്ങനെ അവർക്ക് താക്കീതു നൽകപ്പെടുന്ന കാര്യം അവർ കണ്ടുകഴിഞ്ഞാൽ ഏറ്റവും ദുർബലനായ സഹായി ആരാണെന്നും, എണ്ണത്തിൽ ഏറ്റവും കുറവ് ആരാണെന്നും അവർ മനസ്സിലാക്കിക്കൊള്ളും[3].

25 (നബിയേ,) പറയുക: നിങ്ങൾക്ക് താക്കീത് നൽ കപ്പെടുന്ന കാര്യം അടുത്തുതന്നെയാണോ അതല്ല എന്റെ രക്ഷിതാവ് അതിന് അവധി വെച്ചേക്കുമോ എന്ന് എനിക്ക് അറിയില്ല.

26 അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല.

27 അവൻ തൃപ്തിപ്പെട്ട വല്ല ദൂതനുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപ്പെടുത്തുക തന്നെ ചെയ്യുന്നതാണ്.

28 അവർ (ദൂതന്മാർ) തങ്ങളുടെ രക്ഷിതാവിന്റെ ദൗത്യങ്ങൾ എത്തിച്ചു കൊടുത്തിട്ടുണ്ട് എന്ന് (അവൻ) അറിയാൻ വേണ്ടി,[4] അവരുടെ പക്കലുള്ളതിനെ അവൻ പരിപൂർണ്ണമായി അറിഞ്ഞിരിക്കുന്നു. എല്ലാ വസ്തുവിന്റെയും എണ്ണം അവൻ തിട്ട പ്പെടുത്തിയിരിക്കുന്നു.

---

1 ഇന്ന് ചില പണ്ഡിതന്മാർ അല്ലാഹുവിന്റെ പള്ളികളിൽ വെച്ച് സൃഷ്ടികളെ വിളിച്ചു പ്രാർത്ഥിക്കുന്നതിന് പലതരം ന്യായങ്ങൾ പറഞ്ഞുണ്ടാക്കുകയും ഈ വചനത്തിനും 20 ാം വചനത്തിനും തെറ്റായ അർത്ഥങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

2 അവർ, എന്ന വാക്ക് ജിന്നുകളെ പറ്റിയാണെന്നും, സഹാബികളെ പറ്റിയാണെന്നും, നബി(സ)യെ പരിഹസിക്കുവാനും അപമാനിക്കുവാനും വേണ്ടി തിങ്ങികൂടിയ ശത്രുക്കളെ പറ്റിയാണെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ വ്യാഖ്യാതാക്കൾ പ്രകടിപ്പിച്ചിട്ടുണ്ട്. ശത്രുക്കളാണെന്നാണ് പ്രബലാഭിപ്രായം.

3 ഭൗതികമായ ശക്തിയും സംഖ്യബലവും കണ്ടിട്ടാണ് പലരും അസത്യത്തിന്റെ പക്ഷത്ത് ചേരുന്നത്. എന്നാൽ അല്ലാഹുവിന്റെ ശിക്ഷ (ഐഹികവും പാരത്രികവും) വരുമ്പോൾ വ്യക്തമാകും; അസത്യത്തിന്റെ വക്താക്കളെ സഹായിക്കാനാരുമില്ലന്ന്.

4 അവർ (ദൂതന്മാർ) തങ്ങളുടെ രക്ഷിതാവിന്റെ ദൗത്യങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ട് എന്ന് അദ്ദേഹം (മുഹമ്മദ് നബി (സ)) അറിയുവാൻ വേണ്ടി എന്നും അർത്ഥം നൽകപ്പെട്ടിട്ടുണ്ട്.

## മുസ്സമ്മിൽ
## (വസ്ത്രത്താൽ മൂടിയവൻ)
### അദ്ധ്യായം 73

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ഹേ, വസ്ത്രം കൊണ്ട് മൂടിയവനേ,[1]
(2) രാത്രി അൽപസമയം ഒഴിച്ച് എഴുന്നേറ്റു നിന്നു പ്രാർത്ഥിക്കുക.
(3) അതിന്റെ (രാത്രിയുടെ) പകുതി, അല്ലെങ്കിൽ അതിൽ നിന്ന് (അൽപം) കുറച്ചുകൊള്ളുക.
(4) അല്ലെങ്കിൽ അതിനെക്കാൾ വർദ്ധിപ്പിച്ചുകൊള്ളുക. ഖുർആൻ സാവകാശത്തിൽ പാരായണം നടത്തുക യും ചെയ്യുക.
(5) തീർച്ചയായും നാം നിന്റെ മേൽ ഒരു കനപ്പെട്ട വാക്ക്[2] ഇട്ടുതരുന്നതാണ്.
(6) തീർച്ചയായും രാത്രിയിൽ എഴുന്നേറ്റു നമസ്ക്കരി ക്കൽ കൂടുതൽ ശക്തമായ ഹൃദയ സാന്നിദ്ധ്യം നൽകുന്നതും വാക്കിനെ കൂടുതൽ നേരെ നിർത്തു ന്നതുമാകുന്നു.
(7) തീർയായും നിനക്ക് പകൽ സമയത്ത് ദീർഘ മായ ജോലിത്തിരക്കുണ്ട്.[3]
(8) നിന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും (മറ്റു ചിന്തകൾ വെടിഞ്ഞ്) അവങ്കലേക്കു മാത്രമായി മടങ്ങുകയും ചെയ്യുക.
(9) ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തി ന്റെയും രക്ഷിതാവാകുന്നു അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ ഭരമേൽപ്പിക്ക പ്പെട്ടവനായി അവനെ സ്വീകരിക്കുക.
(10) അവർ (അവിശ്വാസികൾ) പറയുന്നതിനെപ്പറ്റി നീ ക്ഷമിക്കുകയും, ഭംഗിയായ വിധത്തിൽ അവരിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക.[4]
(11) എന്നെയും, സുഖാനുഗ്രഹങ്ങൾ ഉള്ളവരായ സത്യനിഷേധികളെയും വിട്ടേക്കുക. അവർക്കു അൽപം ഇടകൊടുക്കുകയും ചെയ്യുക.[5]
(12) തീർച്ചയായും നമ്മുടെ അടുക്കൽ കാൽചങ്ങല യും ജ്വലിക്കുന്ന നരകാഗ്നിയും
(13) തൊണ്ടയിൽ അടഞ്ഞുനിൽക്കുന്ന ഭക്ഷണവും വേദനയേറിയ ശിക്ഷയുമുണ്ട്.
(14) ഭൂമിയും പർവ്വതങ്ങളും വിറകൊള്ളുകയും പർവ്വ തങ്ങൾ ഒലിച്ചുപോകുന്ന മണൽകുന്നു പോലെയാ കുകയും ചെയ്യുന്ന ദിവസത്തിൽ.
(15) തീർച്ചയായും നിങ്ങളിലേക്ക് നിങ്ങളുടെ കാര്യത്തിന് സാക്ഷിയായിട്ടുള്ള ഒരു ദൂതനെ നാം നിയോഗിച്ചിരിക്കു ന്നു. ഫിർഔന്റെ അടുത്തേക്ക് നാം ഒരു ദൂതനെ നിയോഗിച്ചതുപോലെത്തന്നെ.
(16) എന്നിട്ട് ഫിർഔൻ ആ ദൂതനോട് ധിക്കാരം കാണി ച്ചു. അപ്പോൾ നാം അവനെ കടുത്ത ഒരു പിടുത്തം പിടിക്കുകയുണ്ടായി.
(17) എന്നാൽ നിങ്ങൾ അവിശ്വസിക്കുകയാണങ്കിൽ, കുട്ടികളെ നരച്ചവരാക്കിത്തീർക്കുന്ന ഒരു ദിവസ ത്തെ നിങ്ങൾക്ക് എങ്ങനെ സൂക്ഷിക്കാനാകും?[6].

سُورَةُ ٱلْمُزَّمِّلِ
آياتها ٢٠ — ترتيبها ٧٣

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

يَٰٓأَيُّهَا ٱلْمُزَّمِّلُ ﴿١﴾ قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾ نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا
﴿٣﴾ أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ﴿٤﴾ إِنَّا سَنُلْقِى عَلَيْكَ قَوْلًا
ثَقِيلًا ﴿٥﴾ إِنَّ نَاشِئَةَ ٱلَّيْلِ هِىَ أَشَدُّ وَطْـًٔا وَأَقْوَمُ قِيلًا ﴿٦﴾ إِنَّ لَكَ فِى
ٱلنَّهَارِ سَبْحًا طَوِيلًا ﴿٧﴾ وَٱذْكُرِ ٱسْمَ رَبِّكَ وَتَبَتَّلْ إِلَيْهِ تَبْتِيلًا ﴿٨﴾
رَّبُّ ٱلْمَشْرِقِ وَٱلْمَغْرِبِ لَآ إِلَٰهَ إِلَّا هُوَ فَٱتَّخِذْهُ وَكِيلًا ﴿٩﴾ وَٱصْبِرْ
عَلَىٰ مَا يَقُولُونَ وَٱهْجُرْهُمْ هَجْرًا جَمِيلًا ﴿١٠﴾ وَذَرْنِى وَٱلْمُكَذِّبِينَ
أُو۟لِى ٱلنَّعْمَةِ وَمَهِّلْهُمْ قَلِيلًا ﴿١١﴾ إِنَّ لَدَيْنَآ أَنكَالًا وَجَحِيمًا ﴿١٢﴾
وَطَعَامًا ذَا غُصَّةٍ وَعَذَابًا أَلِيمًا ﴿١٣﴾ يَوْمَ تَرْجُفُ ٱلْأَرْضُ وَٱلْجِبَالُ
وَكَانَتِ ٱلْجِبَالُ كَثِيبًا مَّهِيلًا ﴿١٤﴾ إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَٰهِدًا
عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا ﴿١٥﴾ فَعَصَىٰ فِرْعَوْنُ ٱلرَّسُولَ
فَأَخَذْنَٰهُ أَخْذًا وَبِيلًا ﴿١٦﴾ فَكَيْفَ تَتَّقُونَ إِن كَفَرْتُمْ يَوْمًا يَجْعَلُ
ٱلْوِلْدَٰنَ شِيبًا ﴿١٧﴾ ٱلسَّمَآءُ مُنفَطِرٌۢ بِهِۦ ۚ كَانَ وَعْدُهُۥ مَفْعُولًا ﴿١٨﴾
إِنَّ هَٰذِهِۦ تَذْكِرَةٌ ۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلًا ﴿١٩﴾

---

1 നബി(സ)യെ വസ്ത്രം കൊണ്ട് മൂടിയവനെന്ന് വിശേഷിപ്പിച്ചതിന്റെ പശ്ചാത്തലത്തെ പറ്റി വ്യാഖ്യാതാക്കൾക്ക് വ്യത്യസ്തമായ വീക്ഷ ണങ്ങളുണ്ട്. പ്രവാചകത്വമായ വസ്ത്രത്തിൽ പൊതിഞ്ഞവൻ, ആദ്യത്തെ ദിവ്യസന്ദേശം ലഭിച്ച സമയത്തുണ്ടായ ഭയവിഹ്വലത നിമിത്തം പുതച്ചുമൂടിയവൻ, പ്രാർത്ഥനക്കായി വസ്ത്രങ്ങൾ ധരിച്ച് ഒരുങ്ങിയവൻ, മൂടിപുതച്ചു ഉറങ്ങാൻ പോകുന്നവൻ, എന്നിങ്ങനെ പല വിധത്തിലും മുസ്സമ്മിൽ എന്ന വാക്ക് വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

2 പിൽക്കാലത്ത് നബി(സ)ക്ക് അവതരിപ്പിച്ചു കൊടുക്കാൻ അല്ലാഹു ഉദ്ദേശിക്കുന്ന മതാദ്ധ്യാപനങ്ങളെയും വിധിവിലക്കു കളെയും പറ്റിയാണ് ഇവിടെ 'കനപ്പെട്ട വാക്ക്' എന്നു പറഞ്ഞത്. പ്രവാചകനിയോഗത്തിന്റെ ആദ്യഘട്ടങ്ങളിൽ അവത രിച്ച അദ്ധ്യായങ്ങളിൽ ഒന്നാണ് സൂറത്തുൽ മുസ്സമ്മിൽ.

3 പകൽ സമയത്ത് ജോലിത്തിരക്കുള്ളതിനാൽ ദീർഘനേരം പ്രാർത്ഥനയിൽ മുഴുകാനാവില്ല. അതിനാൽ രാത്രിയിൽ കഴി യുന്നത്ര ദീർഘമായി പ്രാർത്ഥനയിൽ മുഴുകുക. ഇതാണ് നബി(സ)ക്ക് അല്ലാഹു നൽകുന്ന നിർദ്ദേശം.

4 സത്യനിഷേധികൾ പരിഹസിക്കാൻ തുടങ്ങുമ്പോൾ അവരുമായി ശണ്ഠകൂടാൻ ഒരുങ്ങാതെ മാന്യമായി അവരിൽ നിന്ന് മാറിനി ൽക്കാൻ അല്ലാഹു നബി(സ)യെ ഉദ്ബോധിപ്പിക്കുന്നു.

5 സുഖലോലുപരായ സത്യനിഷേധികളുടെ കൂത്താട്ടത്തെ പറ്റി വ്യാകുലപ്പെടേണ്ടതില്ലെന്നും അവരെ താൻ തന്നെ കൈകാര്യം ചെയ്തു കൊള്ളാമെന്നും അല്ലഹു നബി(സ)യെ ഉണർത്തുന്നു.

6 ഭയവിഹ്വലത നിമിത്തം കുട്ടികൾ പെട്ടന്ന് വാർദ്ധക്യം ബാധിച്ച് നരച്ചവരായിതീരുന്ന ഒരു ഭയങ്കര ദിവസത്തെ ശിക്ഷയിൽ നിന്ന്

۞ إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَيِ ٱلَّيْلِ وَنِصْفَهُۥ وَثُلُثَهُۥ وَطَآئِفَةٌ
مِّنَ ٱلَّذِينَ مَعَكَ ۚ وَٱللَّهُ يُقَدِّرُ ٱلَّيْلَ وَٱلنَّهَارَ ۚ عَلِمَ أَن لَّن تُحْصُوهُ فَتَابَ
عَلَيْكُمْ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنَ ٱلْقُرْءَانِ ۚ عَلِمَ أَن سَيَكُونُ مِنكُم مَّرْضَىٰ ۙ
وَءَاخَرُونَ يَضْرِبُونَ فِى ٱلْأَرْضِ يَبْتَغُونَ مِن فَضْلِ ٱللَّهِ ۙ وَءَاخَرُونَ
يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ ۖ فَٱقْرَءُوا۟ مَا تَيَسَّرَ مِنْهُ ۚ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟
ٱلزَّكَوٰةَ وَأَقْرِضُوا۟ ٱللَّهَ قَرْضًا حَسَنًا ۚ وَمَا تُقَدِّمُوا۟ لِأَنفُسِكُم مِّنْ خَيْرٍ تَجِدُوهُ
عِندَ ٱللَّهِ هُوَ خَيْرًا وَأَعْظَمَ أَجْرًا ۚ وَٱسْتَغْفِرُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌۢ ﴿٢٠﴾

ترتيبها ٧٤ | سُورَةُ المُدَّثِّرِ | آياتها ٢٠

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

يَـٰٓأَيُّهَا ٱلْمُدَّثِّرُ ﴿١﴾ قُمْ فَأَنذِرْ ﴿٢﴾ وَرَبَّكَ فَكَبِّرْ ﴿٣﴾ وَثِيَابَكَ فَطَهِّرْ ﴿٤﴾
وَٱلرُّجْزَ فَٱهْجُرْ ﴿٥﴾ وَلَا تَمْنُن تَسْتَكْثِرُ ﴿٦﴾ وَلِرَبِّكَ فَٱصْبِرْ ﴿٧﴾
فَإِذَا نُقِرَ فِى ٱلنَّاقُورِ ﴿٨﴾ فَذَٰلِكَ يَوْمَئِذٍ يَوْمٌ عَسِيرٌ ﴿٩﴾ عَلَى ٱلْكَـٰفِرِينَ
غَيْرُ يَسِيرٍ ﴿١٠﴾ ذَرْنِى وَمَنْ خَلَقْتُ وَحِيدًا ﴿١١﴾ وَجَعَلْتُ لَهُۥ مَالًا
مَّمْدُودًا ﴿١٢﴾ وَبَنِينَ شُهُودًا ﴿١٣﴾ وَمَهَّدتُّ لَهُۥ تَمْهِيدًا ﴿١٤﴾ ثُمَّ يَطْمَعُ
أَنْ أَزِيدَ ﴿١٥﴾ كَلَّآ ۖ إِنَّهُۥ كَانَ لِـَٔايَـٰتِنَا عَنِيدًا ﴿١٦﴾ سَأُرْهِقُهُۥ صَعُودًا ﴿١٧﴾

18 അതുനിമിത്തം ആകാശം പൊട്ടിപ്പിളരുന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനം പ്രാവർത്തികമാക്കപ്പെ ടുന്നതാകുന്നു.
19 തീർച്ചയായും ഇതൊരു ഉൽബോധനമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം അവൻ തന്റെ രക്ഷിതാവിങ്കലേക്ക് ഒരു മാർഗം സ്വീകരിച്ചു കൊള്ളട്ടെ.
20 നീയും നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും രാത്രിയുടെ മിക്കവാറും മൂന്നിൽ രണ്ടു ഭാഗവും (ചില പ്പോൾ) പകുതിയും (ചിലപ്പോൾ) മൂന്നിലൊന്നും നിന്ന് നമസ്കരിക്കുന്നുണ്ട് എന്ന് തീർച്ചയായും നിന്റെ രക്ഷിതാവിന്നറിയാം. അല്ലാഹുവാണ് രാത്രിയേയും പകലിനേയും കണക്കാക്കുന്നത്. നിങ്ങൾക്ക് അത് ക്ലിപ്തപ്പെടുത്താനാവുകയില്ലെന്ന് അവന്നറിയാം.[1] അതിനാൽ അവൻ നിങ്ങൾക്ക് ഇളവ് ചെയ്തിരിക്കുന്നു.[2] ആകയാൽ നിങ്ങൾ ഖുർആനിൽ നിന്ന് സൗകര്യപ്പെട്ടത് ഓതികൊണ്ട് നമസ്ക്കരിക്കുക. നിങ്ങളുടെ കൂട്ടത്തിൽ രോഗികളും ഭൂമിയിൽ സഞ്ചരിച്ച് അല്ലാഹുവിന്റെ അനുഗ്രഹം തേടി ക്കൊണ്ടിരിക്കുന്ന വേറെ ചലരും അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന മറ്റു ചിലരും ഉണ്ടാകും എന്ന് അല്ലാഹുവിന്നറിയാം. അതിനാൽ അതിൽ (ഖുർആനിൽ) നിന്ന് സൗകര്യപ്പെട്ടത് നിങ്ങൾ പാരായണം ചെയ്തുകൊള്ളുകയും നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുകയും സകാത്ത് നൽകുകയും അല്ലഹുവിന്ന് ഉത്തമമായ കടം നൽകുകയും ചെയ്യുക. സ്വദേഹങ്ങൾക്ക് വേണ്ടി നിങ്ങൾ എന്തൊരു നന്മ മുൻകൂട്ടി ചെയ്തു വെക്കുകയാണങ്കിലും അല്ലാഹുവിങ്കൽ അത് ഗുണകരവും ഏറ്റവും മഹത്തായ പ്രതിഫലമുള്ളതുമായി നിങ്ങൾ കണ്ടെത്തുന്നതാണ്. നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

## മുദ്ദഥ്ഥിർ
## (പുതച്ചുമൂടിയവൻ)
### അദ്ധ്യായം 74

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 ഹേ, പുതച്ചു മൂടിയവനെ,[3]
2 എഴുന്നേറ്റു (ജനങ്ങളെ) താക്കീതു ചെയ്യുക.
3 നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും
4 നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും
5 പാപം വെടിയുകയും ചെയ്യുക.
6 കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്.[4]
7 നിന്റെ രക്ഷിതാവിനുവേണ്ടി നീ ക്ഷമ കൈകൊള്ളുക.
8 എന്നാൽ കാഹളത്തിൽ മുഴക്കപ്പെട്ടാൽ
9 അന്ന് അത് ഒരു പ്രയാസകരമായ ദിവസമായി രിക്കും.
10 സത്യനിഷേധികൾക്ക് എളുപ്പമുള്ളതല്ലാത്ത ഒരു ദിവസം.
11 എന്നെയും ഞാൻ ഏകനായിക്കൊണ്ട് സൃഷ്ടിച്ച ഒരുത്തനെയും വിട്ടേക്കുക.[5]
12 13 അവന്ന് ഞാൻ സമൃദ്ധമായ സമ്പത്തും, സന്ന ദ്ധരായി നിൽക്കുന്ന സന്തതികളെയും ഉണ്ടാക്കിക്കൊടുക്കുകയും.
14 അവന്നു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.
15 പിന്നെയും ഞാൻ കൂടുതൽ കൊടുക്കണ മെന്ന്

---

നിങ്ങൾക്കെങ്ങനെ സ്വയം രക്ഷിക്കാനാകും എന്നർത്ഥം.

1 രാപ്പകലുകളുടെ അളവിൽ ദിവസേന ചെറിയ വ്യത്യാസമുണ്ടായിരിക്കും തന്നിമിത്തം രാത്രിയുടെ നേർപകുതി അല്ലെങ്കിൽ കൃത്യം മൂന്നിലൊന്ന് കണിശമായി കണക്കാക്കുക. ബഹുജനങ്ങളെ സംബന്ധിച്ചേടത്തോളം അസാദ്ധ്യമായിരിക്കും. ഇസ്‌ലാം എല്ലാവർക്കും അനുഷ്ഠിക്കാവുന്ന കാര്യങ്ങളേ നിർദേശിക്കാറുള്ളൂ.

2 2,3,4വചനങ്ങളിൽ പറഞ്ഞതുപോലെ രിത്രിയുടെ ഒരു നിശ്ചിത ഭാഗം മുഴുവൻ പ്രാർത്ഥനയിൽ മുഴുകണമെന്ന കൽപനയിൽ ഈ വചനം മുഖേന അല്ലാഹു ഇളവ് നൽകി.

3 നബി(സ)ക്ക് ആദ്യമായി ഹിറാഗുഹയിൽ വെച്ച് ലഭിച്ച ദിവ്യ സന്ദേശം സൂറത്തുൽ അലഖ് ആയിരുന്നു. അതിന് ശേഷം കുറച്ചു കാലത്തേക്ക് ദിവ്യ സന്ദേശമൊന്നും ലഭിക്കുകയുണ്ടായില്ല. അങ്ങനെ ഒരു ഇടവേളയ്ക്ക് ശേഷം ആദ്യമായി അവതരിച്ചത് ഈ അദ്ധ്യായമത്രെ പല റിപ്പേർട്ടുകളും സൂചിപ്പിക്കുന്നത്. ഭയമുളവാക്കുന്നൊരു ദർശനമുണ്ടായതിനെ തുടർന്ന് നബി(സ) പുതച്ചു മൂടിക്കിടക്കുമ്പോഴാണ് ഈ അദ്ധ്യയം അവതരിച്ചതെന്നാണ് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്.

4 ജനങ്ങളിൽ നിന്ന് പ്രത്യുപകാരമോ, ഉദാരമായ ആനുകൂല്യങ്ങളോ ലഭിക്കണമെന്ന ഉദ്ദേശത്തോടെയാകരുത് ഒരു സത്യവിശ്വാസി ഔദാ ര്യം കാണിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം മാത്രമേ സത്യവിശ്വാസി ചെയ്യുന്ന ഏത് സൽകർമ്മത്തിന്റെയും ആത്യന്തിക ലക്ഷ്യമാകാവൂ

5 അവനെ അല്ലാഹുതന്നെ കൈകാര്യം ചെയ്തുകൊള്ളും എന്ന ർത്ഥം.

إِنَّهُۥ فَكَّرَ وَقَدَّرَ ﴿١٨﴾ فَقُتِلَ كَيۡفَ قَدَّرَ ﴿١٩﴾ ثُمَّ قُتِلَ كَيۡفَ قَدَّرَ ﴿٢٠﴾ ثُمَّ نَظَرَ
﴿٢١﴾ ثُمَّ عَبَسَ وَبَسَرَ ﴿٢٢﴾ ثُمَّ أَدۡبَرَ وَٱسۡتَكۡبَرَ ﴿٢٣﴾ فَقَالَ إِنۡ هَٰذَآ إِلَّا سِحۡرٞ
يُؤۡثَرُ ﴿٢٤﴾ إِنۡ هَٰذَآ إِلَّا قَوۡلُ ٱلۡبَشَرِ ﴿٢٥﴾ سَأُصۡلِيهِ سَقَرَ ﴿٢٦﴾ وَمَآ أَدۡرَىٰكَ
مَا سَقَرُ ﴿٢٧﴾ لَا تُبۡقِي وَلَا تَذَرُ ﴿٢٨﴾ لَوَّاحَةٞ لِّلۡبَشَرِ ﴿٢٩﴾ عَلَيۡهَا تِسۡعَةَ عَشَرَ
﴿٣٠﴾ وَمَا جَعَلۡنَآ أَصۡحَٰبَ ٱلنَّارِ إِلَّا مَلَٰٓئِكَةٗۖ وَمَا جَعَلۡنَا عِدَّتَهُمۡ إِلَّا فِتۡنَةٗ
لِّلَّذِينَ كَفَرُواْ لِيَسۡتَيۡقِنَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ وَيَزۡدَادَ ٱلَّذِينَ ءَامَنُوٓاْ إِيمَٰنٗا
وَلَا يَرۡتَابَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ وَٱلۡمُؤۡمِنُونَ وَلِيَقُولَ ٱلَّذِينَ فِي قُلُوبِهِم مَّرَضٞ
وَٱلۡكَٰفِرُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلٗاۚ كَذَٰلِكَ يُضِلُّ ٱللَّهُ مَن يَشَآءُ وَيَهۡدِي
مَن يَشَآءُۚ وَمَا يَعۡلَمُ جُنُودَ رَبِّكَ إِلَّا هُوَۚ وَمَا هِيَ إِلَّا ذِكۡرَىٰ لِلۡبَشَرِ ﴿٣١﴾ كَلَّا
وَٱلۡقَمَرِ ﴿٣٢﴾ وَٱلَّيۡلِ إِذۡ أَدۡبَرَ ﴿٣٣﴾ وَٱلصُّبۡحِ إِذَآ أَسۡفَرَ ﴿٣٤﴾ إِنَّهَا لَإِحۡدَى
ٱلۡكُبَرِ ﴿٣٥﴾ نَذِيرٗا لِّلۡبَشَرِ ﴿٣٦﴾ لِمَن شَآءَ مِنكُمۡ أَن يَتَقَدَّمَ أَوۡ يَتَأَخَّرَ ﴿٣٧﴾ كُلُّ
نَفۡسِۭ بِمَا كَسَبَتۡ رَهِينَةٌ ﴿٣٨﴾ إِلَّآ أَصۡحَٰبَ ٱلۡيَمِينِ ﴿٣٩﴾ فِي جَنَّٰتٖ يَتَسَآءَلُونَ
﴿٤٠﴾ عَنِ ٱلۡمُجۡرِمِينَ ﴿٤١﴾ مَا سَلَكَكُمۡ فِي سَقَرَ ﴿٤٢﴾ قَالُواْ لَمۡ نَكُ مِنَ
ٱلۡمُصَلِّينَ ﴿٤٣﴾ وَلَمۡ نَكُ نُطۡعِمُ ٱلۡمِسۡكِينَ ﴿٤٤﴾ وَكُنَّا نَخُوضُ مَعَ
ٱلۡخَآئِضِينَ ﴿٤٥﴾ وَكُنَّا نُكَذِّبُ بِيَوۡمِ ٱلدِّينِ ﴿٤٦﴾ حَتَّىٰٓ أَتَىٰنَا ٱلۡيَقِينُ ﴿٤٧﴾

അവൻ മോഹിക്കുന്നു.
16 അല്ല, തീർച്ചയായും അവൻ നമ്മുടെ ദൃഷ്ടാന്ത ങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു.
17 പ്രയാസമുള്ള ഒരു കയറ്റം കയറാൻ നാം വഴിയെ അവനെ നിർബന്ധിക്കന്നതാണ്.
18 തീർച്ചയായും അവനെന്നു ചന്തിച്ചു, അവ നൊന്നു കണക്കാക്കുകയും ചെയ്തു.
19 അതിനാൽ അവൻ നശിക്കട്ടെ, എങ്ങനെ യാണവൻ കണക്കാക്കിയത്?
20 വീണ്ടും അവൻ നശിക്കട്ടെ, എങ്ങനെയാണവൻ കണക്കാക്കിയത്?
21 പിന്നീടവനൊന്നു നോക്കി.
22 പിന്നെ അവൻ മുഖം ചുളിക്കുകയും, മുഖം ക റുപ്പിക്കുകയും ചെയ്തു.
23 പിന്നെ അവൻ പിന്നോട്ട് മാറുകയും അഹ ങ്കാരം നടിക്കുകയും ചെയ്തു.
24 എന്നിട്ടവൻ പറഞ്ഞു: ഇത് (ആരിൽ നിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല.
25 ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല.[1]
26 വഴിയെ ഞാൻ അവനെ 'സഖറി'ൽ (നരക ത്തിൽ) ഇട്ട് എരിക്കുന്നതാണ്.
27 സഖർ എന്നാൽ എന്താണെന്ന് നിനക്കറിയാമോ?
28 അത് ഒന്നും ബാക്കിയാക്കുകയോ വിട്ടുകളയു കയോ ഇല്ല.
29 അത് തെലി കരിച്ച് രൂപം മാറ്റി കളയുന്നതാണ്.
30 അതിന്റെ മേൽനോട്ടത്തിന് പത്തൊമ്പത് പേരുണ്ട്.
31 നരകത്തിന്റെ മേൽനോട്ടക്കാരായി നാം മലക്കു കളെ മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്. അ വരുടെ എണ്ണത്തെ നാം സത്യനിഷേധികൾക്ക് ഒരു പരീക്ഷണം മാത്രമാക്കിയിരിക്കുന്നു.[2] വേദം നൽ കപ്പെട്ടിട്ടുള്ളവർക്ക് ദൃഢബോധ്യം വരുവാനും[3] സത്യവിശ്വാസികൾക്ക് വിശ്വാസം വർദ്ധിക്കുവാനും വേദം നൽകപ്പെട്ടവരും സത്യവിശ്വാസികളും സംശയ ത്തിലകപ്പെടാതിരിക്കുവാനും, അല്ലാഹു എന്തൊരു ഉപമയാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് ഹൃദയങ്ങളിൽ രോഗമുള്ളവരും[4] സത്യ നിഷേധികളും പറയുവാനും വേണ്ടിയത്രെ അത്. അപ്രകാരം അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ പിഴപ്പിക്കു കയും, താൻ ഉദ്ദേശിക്കുന്നവരെ നേർ വഴിയിലാ ക്കുകയും ചെയ്യുന്നു. നിന്റെ രക്ഷിതാവിന്റെ സൈന്യങ്ങളെ അവനല്ലാതെ മറ്റാരും അറിയുകയില്ല. ഇത് മനുഷ്യർക്ക് ഒരു ഉൽബോ ധനമല്ലാതെ മറ്റൊന്നുമല്ല.
32 നിസ്സംശയം, ചന്ദ്രനെ തന്നെയാണ സത്യം.
33 രത്രി പിന്നിട്ടു പോകുമ്പോൾ അതിനെ തന്നെ യാണ സത്യം.
34 പ്രഭാതം പുലർന്നാൽ അതു തന്നെയാണ സത്യം.
35 തീർച്ചയായും അത് (നരകം) ഗൗരവമുള്ള കാര്യ ങ്ങളിൽ ഒന്നാകുന്നു.
36 മനുഷ്യർക്ക് ഒരു താക്കീതെന്ന നിലയിൽ.
37 അതായത് നിങ്ങളിൽ നിന്ന് മുന്നോട്ട് പോകുവാ നോ പിന്നോട്ടു വെക്കുവാനോ ഉദ്ദേശിക്കുന്നവ ക്ക്.[5]

---

1 നബി(സ)യെ സന്ദർശിക്കുകയും, വിശുദ്ധ ഖുർആൻ ദിവ്യ വെളിപാടാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിനുശേഷം അബുജഹലിന്റെയും മറ്റും പ്രേരണയ്ക്കു വഴങ്ങി നബി(സ) യെ തള്ളിപ്പറഞ്ഞ വലീദുബ്നുമുഗീറഃ എന്ന ഖുറൈശി പ്രമുഖന്റെ കാര്യത്തിലാണ് 11 മുതൽ 30 വരെ വചനങ്ങൾ അവതരിച്ചത്. അത്തരം നിലപാട് സ്വീകരിക്കുന്ന എല്ലാവർക്കും ഇത് ബാധക മത്രെ.

2 ഭൗതിക വിഷയങ്ങളെ പറ്റിയുള്ള ഏത് വിശദീകരണത്തേയും സത്യനിഷേധികൾ പുച്ഛിച്ചുതള്ളുകയാണ് പതിവ്. നരകത്തിന്റെ കവൽക്കാരായ മലക്കുകളുടെ എണ്ണവും അതുപോലെ അവരുടെ പരിഹാസത്തിന് വധേയമാകുക സ്വാഭാവികമാണ്.

3 തൗറാത്തിലും ഇൻജീലിലും മലക്കുകളെപ്പറ്റിയും സ്വർഗനരക ങ്ങളെപറ്റിയും ധാരാളം പരാമർശങ്ങളുള്ളതിനാൽ വേദക്കാർ ക്ക് ഈ വിഷയം അപരിചിതമായി തോന്നാനിടയില്ല.

4 എന്താണൊരു പത്തൊൻപതിന്റെ കണക്ക്?. പതിനെട്ടോ ഇ രുപതോ അതിൽ കൂടുതലോ കുറവോ ആയിക്കൂടേ എന്നാ യിരിക്കും വിമർശകന്മരുടെ ചോദ്യം. എന്നാൽ അല്ലാഹുവിന്റെ നിശ്ചയങ്ങൾ അവന്റെ ഹിതവും യുക്തിയുമനുസരിച്ചുള്ളതാണ്. സൃഷ്ടികൾക്ക് അവ യുക്തിപരമായി തോന്നിയേ തീരൂ എന്ന് ശഠിക്കുന്നത് നിരർത്ഥകമാണ്. ഈ പത്തൊൻപതിന് ചുറ്റും പലരും പലതരം ഊഹങ്ങൾ നെയ്തെടുത്തിട്ടുണ്ട്. ഖണ്ഡിതമായ തെളിവുകളുടെ പിൻബലമില്ലാത്ത നിഗമനങ്ങൾക്കൊപ്പിച്ച് ഖുർആൻ വാക്യങ്ങൾ വ്യാഖ്യാനിക്കുന്നത് അസംഗതമത്രെ.

5 താക്കീതുകൾ ശ്രദ്ധിച്ച് സന്മാർഗത്തിലൂടെ മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നവർക്ക് അങ്ങനെ ചെയ്യാം. താക്കീതുകൾ അവ

فَمَا تَنفَعُهُمْ شَفَٰعَةُ ٱلشَّٰفِعِينَ ﴿٤٨﴾ فَمَا لَهُمْ عَنِ ٱلتَّذْكِرَةِ مُعْرِضِينَ
﴿٤٩﴾ كَأَنَّهُمْ حُمُرٌ مُّسْتَنفِرَةٌ ﴿٥٠﴾ فَرَّتْ مِن قَسْوَرَةٍۭ ﴿٥١﴾ بَلْ يُرِيدُ
كُلُّ ٱمْرِئٍ مِّنْهُمْ أَن يُؤْتَىٰ صُحُفًا مُّنَشَّرَةً ﴿٥٢﴾ كَلَّا ۖ بَل لَّا يَخَافُونَ
ٱلْءَاخِرَةَ ﴿٥٣﴾ كَلَّآ إِنَّهُۥ تَذْكِرَةٌ ﴿٥٤﴾ فَمَن شَآءَ ذَكَرَهُۥ ﴿٥٥﴾
وَمَا يَذْكُرُونَ إِلَّآ أَن يَشَآءَ ٱللَّهُ ۚ هُوَ أَهْلُ ٱلتَّقْوَىٰ وَأَهْلُ ٱلْمَغْفِرَةِ ﴿٥٦﴾

ترتيبها ٧٥ — سُورَةُ القِيَامَةِ — آياتها ٤٠

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

لَآ أُقْسِمُ بِيَوْمِ ٱلْقِيَٰمَةِ ﴿١﴾ وَلَآ أُقْسِمُ بِٱلنَّفْسِ ٱللَّوَّامَةِ ﴿٢﴾ أَيَحْسَبُ
ٱلْإِنسَٰنُ أَلَّن نَّجْمَعَ عِظَامَهُۥ ﴿٣﴾ بَلَىٰ قَٰدِرِينَ عَلَىٰٓ أَن نُّسَوِّىَ بَنَانَهُۥ ﴿٤﴾ بَلْ
يُرِيدُ ٱلْإِنسَٰنُ لِيَفْجُرَ أَمَامَهُۥ ﴿٥﴾ يَسْـَٔلُ أَيَّانَ يَوْمُ ٱلْقِيَٰمَةِ ﴿٦﴾ فَإِذَا بَرِقَ ٱلْبَصَرُ
﴿٧﴾ وَخَسَفَ ٱلْقَمَرُ ﴿٨﴾ وَجُمِعَ ٱلشَّمْسُ وَٱلْقَمَرُ ﴿٩﴾ يَقُولُ ٱلْإِنسَٰنُ يَوْمَئِذٍ
أَيْنَ ٱلْمَفَرُّ ﴿١٠﴾ كَلَّا لَا وَزَرَ ﴿١١﴾ إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمُسْتَقَرُّ ﴿١٢﴾ يُنَبَّؤُا۟ ٱلْإِنسَٰنُ
يَوْمَئِذٍۭ بِمَا قَدَّمَ وَأَخَّرَ ﴿١٣﴾ بَلِ ٱلْإِنسَٰنُ عَلَىٰ نَفْسِهِۦ بَصِيرَةٌ ﴿١٤﴾ وَلَوْ أَلْقَىٰ
مَعَاذِيرَهُۥ ﴿١٥﴾ لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾ إِنَّ عَلَيْنَا جَمْعَهُۥ
وَقُرْءَانَهُۥ ﴿١٧﴾ فَإِذَا قَرَأْنَٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾ ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾

(38) ഓരോ വ്യക്തിയും താൻ സമ്പാദിച്ചുവെച്ചതിന് പണയപ്പെട്ടിരിക്കുന്നു.[1]

(39) വലതുപക്ഷ'ക്കാരൊഴികെ.[2]

(40) - (42) ചില സ്വർഗത്തോപ്പുകളിലായിരിക്കും അവർ. കുറ്റവാളികളെപറ്റി അവർ അന്വേഷിക്കും; നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്തൊന്നാണെന്ന്.

(43) അവർ (കുറ്റവാളികൾ) മറുപടി പറയും; ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല.

(44) ഞങ്ങൾ അഗതിക്ക് ആഹാരം നൽകുമായിരുന്നില്ല.

(45) തോന്നിവാസത്തിൽ മുഴുകുന്നവരുടെ കൂടെ ഞങ്ങ ളും മുഴുകുമായിരുന്നു.

(46) പ്രതിഫലത്തിന്റെ നാളിനെ ഞങ്ങൾ നിഷേധിച്ച് കളയുമായിരുന്നു.

(47) അങ്ങനെയിരിക്കെ ആ ഉറപ്പായ മരണം ഞങ്ങ ൾക്ക് വന്നെത്തി.

(48) ഇനി അവർക്ക് ശുപാർശക്കാരുടെ ശുപാർശ യൊന്നും പ്രയോജനപ്പെടുകയില്ല.

(49) - (51) എന്നിരിക്കെ അവർക്കെന്തു പറ്റി? സിംഹത്തിൽ നിന്ന് ഓടി രക്ഷപ്പെടുന്ന വിറളി പിടിച്ച കഴുതക ളെന്നോണം അവർ ഉൽബോധനത്തിൽ നിന്ന് തിരിഞ്ഞുകളയുന്നവരായിരിക്കുന്നു.

(52) അല്ല, അവരിൽ ഓരോരുത്തരും ആഗ്രഹിക്കു ന്നു; തനിക്ക് അല്ലാഹുവിങ്കൽ നിന്ന് നിവർത്തിയ ഏടുകൾ നൽകപ്പെടണമെന്ന്.[3]

(53) അല്ല, പക്ഷെ, അവർ പരലോകത്തെ ഭയപ്പെടു ന്നില്ല.

(54) അല്ല, തീർച്ചയായും ഇത് ഒരു ഉൽബോധനമാ കുന്നു.

(55) ആകയാൽ ആർ ഉദ്ദേശിക്കുന്നുവോ അവരത് ഓർമ്മിച്ചുകൊള്ളട്ടെ.

(56) അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ അവർ ഓർ മ്മിക്കുന്നതല്ല. അവനാകുന്നു ഭക്തിക്കവകാശപ്പെ ട്ടവൻ. പാപമോചനത്തിനവകാശപ്പെട്ടവൻ.

## ഖിയാമഃ
## (ഉയിർത്തെഴുന്നേറ്റവൻ)
### അദ്ധ്യായം 75

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ഉയിർത്തെഴുന്നേല്പ്പിന്റെ നാളുകൊണ്ട് ഞാനി താ സത്യം ചെയ്യുന്നു.

(2) കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു.

(3) മനുഷ്യൻ വിചാരിക്കുന്നുണ്ടോ, നാം അവന്റെ എല്ലുകളെ ഒരുമിച്ചു കൂട്ടുകയില്ലെന്ന്?.[4]

(4) അതെ നാം അവന്റെ വിരൽത്തുമ്പുകളെ പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ.[5]

(5) (6) പക്ഷെ (എന്നിട്ടും) മനുഷ്യൻ അവന്റെ ഭാവി ജീവി തത്തിൽ തോന്നിവാസം ചെയ്യാനുദ്ദേശിക്കുന്നു. എപ്പോ ഴാണ് ഈ ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ എന്നവൻ ചോദിക്കുന്നു.

(7) - (9) എന്നാൽ കണ്ണ് അഞ്ചിപ്പോകുകയും

---

ഗണിച്ച് പുറകോട്ടുപോകുന്നവർക്ക് അതിനും സ്വാതന്ത്ര്യമുണ്ട്.

1 ഏതെരു മനുഷ്യനും ഇഹലോകത്ത് ചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ എന്നെന്നേക്കുമായി അനുഭവിക്കാൻ വിധി ക്കപ്പെട്ടവനായിരിക്കും എന്നർത്ഥം.

2 സത്യവിശ്വാസം കൈക്കൊള്ളുകയും, ദുഷ്കർമ്മങ്ങളെക്കാളധികം സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവർ തങ്ങളുടെ ചില്ലറതെറ്റുകൾക്ക് ശിക്ഷയനുഭവിക്കേണ്ടിവരില്ല. ബോധപൂർവ്വം കുറ്റം ചെയ്യുകയും പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവർ ശിക്ഷ അനുഭവിക്കുക തന്നെ വേണ്ടിവരും

3 നബി(സ)യെ പ്രവാചകനായി അംഗീകരിക്കാത്ത സത്യനി ഷേധികളിൽ ഓരോരുത്തരും, താൻ വിശ്വസിക്കേണമെങ്കിൽ തനിക്ക് തന്നെ നേരിട്ട് വേദം ലഭിച്ചേ തീരൂ എന്ന നിലപാ ടുകരായിരുന്നുവെന്നർത്ഥം.

4 ഞങ്ങൾ മണ്ണും അസ്ഥിശലകങ്ങളുമായി മാറിക്കഴിഞ്ഞാലും ഞങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമോ എന്ന് ചോ ദിച്ചിരുന്നവരോടാണ് ഈ ചോദ്യം. ഒരിക്കൽ മനുഷ്യശരീരത്തെ ശരിയായ വ്യവസ്ഥയിൽ സംവിധാനിച്ചവന് ചിന്നിച്ചിതറിയ അ സ്ഥിശിലകളെ പുനസ്സംയോജിപ്പിക്കുക ഒട്ടും വിഷമകരമാവില്ല.

5 കോടാനുകോടി മനുഷ്യരിൽ ഓരോരുത്തരുടെയും വിരൽത്തു മ്പുകൾ തികച്ചും വ്യത്യസ്ഥമാണ്. തിരിച്ചറിയാനുള്ള ഒരിക്കലും മാറിപ്പോകാത്ത ഉപാധിയത്രെ വിരലടയാളം. വിരൽത്തു മ്പുകളുടെ വലുപ്പത്തിലുള്ള ആനുപാതിക വ്യത്യാസം അത്യന്തം പ്രയോജനകരമാണ്. ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടി വൈ ഭവത്തിന്റെ ഉത്തമ നിദർശനമത്രെ.

كَلَّا بَلْ تُحِبُّونَ ٱلْعَاجِلَةَ ﴿٢٠﴾ وَتَذَرُونَ ٱلْـَٔاخِرَةَ ﴿٢١﴾ وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾
إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾ وَوُجُوهٌ يَوْمَئِذٍۭ بَاسِرَةٌ ﴿٢٤﴾ تَظُنُّ أَن يُفْعَلَ بِهَا فَاقِرَةٌ ﴿٢٥﴾
كَلَّآ إِذَا بَلَغَتِ ٱلتَّرَاقِىَ ﴿٢٦﴾ وَقِيلَ مَنْ ۜ رَاقٍ ﴿٢٧﴾ وَظَنَّ أَنَّهُ ٱلْفِرَاقُ ﴿٢٨﴾ وَٱلْتَفَّتِ
ٱلسَّاقُ بِٱلسَّاقِ ﴿٢٩﴾ إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمَسَاقُ ﴿٣٠﴾ فَلَا صَدَّقَ وَلَا صَلَّىٰ
﴿٣١﴾ وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾ ثُمَّ ذَهَبَ إِلَىٰٓ أَهْلِهِۦ يَتَمَطَّىٰٓ ﴿٣٣﴾ أَوْلَىٰ لَكَ
فَأَوْلَىٰ ﴿٣٤﴾ ثُمَّ أَوْلَىٰ لَكَ فَأَوْلَىٰٓ ﴿٣٥﴾ أَيَحْسَبُ ٱلْإِنسَٰنُ أَن يُتْرَكَ سُدًى ﴿٣٦﴾
أَلَمْ يَكُ نُطْفَةً مِّن مَّنِىٍّ يُمْنَىٰ ﴿٣٧﴾ ثُمَّ كَانَ عَلَقَةً فَخَلَقَ فَسَوَّىٰ ﴿٣٨﴾ فَجَعَلَ مِنْهُ
ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰٓ ﴿٣٩﴾ أَلَيْسَ ذَٰلِكَ بِقَٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ﴿٤٠﴾

## سُورَةُ الإنسَانِ

ترتيبها ٧٦ — آياتها ٣١

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

هَلْ أَتَىٰ عَلَى ٱلْإِنسَٰنِ حِينٌ مِّنَ ٱلدَّهْرِ لَمْ يَكُن شَيْـًٔا مَّذْكُورًا ﴿١﴾
إِنَّا خَلَقْنَا ٱلْإِنسَٰنَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ فَجَعَلْنَٰهُ سَمِيعًۢا
بَصِيرًا ﴿٢﴾ إِنَّا هَدَيْنَٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا ﴿٣﴾
إِنَّآ أَعْتَدْنَا لِلْكَٰفِرِينَ سَلَٰسِلَا۟ وَأَغْلَٰلًا وَسَعِيرًا ﴿٤﴾ إِنَّ
ٱلْأَبْرَارَ يَشْرَبُونَ مِن كَأْسٍ كَانَ مِزَاجُهَا كَافُورًا ﴿٥﴾

ചന്ദ്രന് ഗ്രഹണം ബാധിക്കുകയും സൂര്യനും ചന്ദ്രനും ഒരുമി ച്ചു കൂട്ടപ്പെടുകയും ചെയ്താൽ!

10 അന്നേദിവസം മനുഷ്യൻ പറയും; എവിടെയാണ് ഓടി രക്ഷപ്പെടുവാനുള്ളതെന്ന്.

11 ഇല്ല. യാതൊരു രക്ഷയുമില്ല.[1]

12 നിന്റെ രക്ഷിതാവിങ്കലേക്കാണ് അന്നേ ദിവസം ചെന്നുകൂടൽ.

13 അന്നേ ദിവസം മനുഷ്യൻ മുൻകൂട്ടി ചെ യ്തതിനെപ്പറ്റിയും നീട്ടി വെച്ചതിനെപ്പറ്റിയും അവന്ന് വിവരമറിയിക്കപ്പെടും.

14 തന്നെയുമല്ല, മനുഷ്യൻ തനിക്കെതിരിൽ തന്നെ ഒരു തെളിവായിരിക്കും.

15 അവൻ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.

16 നീ അത് (ഖുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി അതും കൊണ്ട് നിന്റെ നാവു ചലിപ്പിക്കേണ്ട.

17 തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹ രണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാ കുന്നു.[2]

18 അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക.

19 പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു.

20 അല്ല, നിങ്ങൾ ക്ഷണികമായ ഈ ജീവിതത്തെ ഇഷ്ടപ്പെടുന്നു.

21 പരലേകത്തെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു.

22 ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും.

23 അവരുടെ രക്ഷിതാവിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും.

24 ചില മുഖങ്ങൾ അന്നു കരുവാളിച്ചതായിരിക്കും

25 ഏതോ അത്യാപത്ത് അവയെ പടികൂടാൻ പോകുകയാണ് എന്ന് അവർ വിചാരിക്കും.

26 അല്ല, (പ്രാണൻ) തൊണ്ടക്കുഴിയിൽ എത്തുകയും,

27 മന്ത്രിക്കാനാരുണ്ട് എന്ന് പറയപ്പെടുകയും,

28 അത് (തന്റെ) വേർപാടാണെന്ന് അവൻ വിചാരി ക്കുകയും,

29 കണങ്കാലും കണങ്കാലുമായി കൂടിപ്പിണയുകയും ചെയ്താൽ,[3]

30 അന്ന് നിന്റെ രക്ഷിതാവിങ്കലേക്കായിരിക്കും തെളി ച്ചുകൊണ്ടുപോകുന്നത്.

31 എന്നിൽ അവൻ വിശ്വസിച്ചില്ല. നമസ്ക്കരിച്ചതുമില്ല.

32 എന്നാൽ അവൻ നിഷേധിക്കുകയും പിന്തിരിയുക യും ചെയ്തു.

33 എന്നിട്ടു ദുരഭിമാനം നടിച്ചുകൊണ്ട് അവൻ അവന്റെ സ്വന്തക്കാരുടെ അടുത്തേക്ക് പോയി.

34 (ശിക്ഷ) നിനക്കേറ്റവും അർഹമായതു തന്നെ. നിന ക്കേറ്റവും അർഹമായതുതന്നെ.

35 വീണ്ടും നിനക്കേറ്റവും അർഹമായതു തന്നെ. നിന ക്കേറ്റവും അർഹമായതു തന്നെ.[4]

36 മനുഷ്യൻ വചാരിക്കുന്നുവോ; അവൻ വെറുതെയ ങ്ങു വിട്ടേക്കുമെന്ന്;

37 അവൻ ശ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ?

38 പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു (അവനെ) സൃഷ്ടിച്ചു സംവിധാനിച്ചു.

39 അങ്ങനെ അതിൻ നിന്ന് ആണും പെണ്ണുമാകുന്ന രണ്ടു ഇണകളെ അവൻ ഉണ്ടാക്കി.

40 അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലെ?

---

1 ‘വസർ’ എന്നവാക്കിന് രക്ഷ എന്നും, രക്ഷാസങ്കേതം എന്നും അർത്ഥമുണ്ട്.

2 ജിബ്‌രീൽ എന്ന മലക്ക് ദിവ്യസന്ദേശം കേൾപ്പിച്ചുപോയിക്ക ഴിഞ്ഞാൽ ഉടനെ നബി(സ) അത് ഹൃദിസ്ഥമാക്കാൻ വേണ്ടി ആവർത്തിച്ച് ഉരുവിടുക പതിവായിരുന്നു. അങ്ങനെ ഉരുവിട്ട് പടിച്ചില്ലെങ്കിൽ മറന്നു പോകുമോ എന്ന് അദ്ദേഹത്തിന് ആശ ങ്കയായിരുന്നു. ഈ ആശങ്ക അസ്ഥാനത്താണെന്നും വിശുദ്ധ ഖുർആൻ മുഴുവൻ അദ്ദേഹത്തിന്റെ മനസ്സിൽ സമാഹരിച്ചു നിർത്തുന്ന കാര്യം അല്ലാഹുതന്നെ ചെയ്യുന്നതാണെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

3 മരണവെപ്രാളം കൊണ്ട് കണങ്കാലുകൾ കൂടിപ്പിണയുന്ന അവസ്ഥയായിരിക്കാം ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത്.

4 ശിക്ഷയുടെ സുനിശ്ചിതത്വം ഊന്നിപ്പറയാൻ വേണ്ടിയാണ് നാലുപ്രാവശ്യം അതിനെപ്പറ്റി ആവർത്തിച്ചു പറഞ്ഞത്.

عَيْنًا يَشْرَبُ بِهَا عِبَادُ ٱللَّهِ يُفَجِّرُونَهَا تَفْجِيرًا ﴿٦﴾ يُوفُونَ بِٱلنَّذْرِ وَيَخَافُونَ
يَوْمًا كَانَ شَرُّهُۥ مُسْتَطِيرًا ﴿٧﴾ وَيُطْعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا
وَيَتِيمًا وَأَسِيرًا ﴿٨﴾ إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا
﴿٩﴾ إِنَّا نَخَافُ مِن رَّبِّنَا يَوْمًا عَبُوسًا قَمْطَرِيرًا ﴿١٠﴾ فَوَقَىٰهُمُ ٱللَّهُ شَرَّ ذَٰلِكَ
ٱلْيَوْمِ وَلَقَّىٰهُمْ نَضْرَةً وَسُرُورًا ﴿١١﴾ وَجَزَىٰهُم بِمَا صَبَرُوا۟ جَنَّةً وَحَرِيرًا
﴿١٢﴾ مُّتَّكِـِٔينَ فِيهَا عَلَى ٱلْأَرَآئِكِ ۖ لَا يَرَوْنَ فِيهَا شَمْسًا وَلَا زَمْهَرِيرًا ﴿١٣﴾
وَدَانِيَةً عَلَيْهِمْ ظِلَٰلُهَا وَذُلِّلَتْ قُطُوفُهَا تَذْلِيلًا ﴿١٤﴾ وَيُطَافُ عَلَيْهِم بِـَٔانِيَةٍ
مِّن فِضَّةٍ وَأَكْوَابٍ كَانَتْ قَوَارِيرَا۠ ﴿١٥﴾ قَوَارِيرَا۟ مِن فِضَّةٍ قَدَّرُوهَا تَقْدِيرًا ﴿١٦﴾
وَيُسْقَوْنَ فِيهَا كَأْسًا كَانَ مِزَاجُهَا زَنجَبِيلًا ﴿١٧﴾ عَيْنًا فِيهَا تُسَمَّىٰ سَلْسَبِيلًا
﴿١٨﴾ ۞ وَيَطُوفُ عَلَيْهِمْ وِلْدَٰنٌ مُّخَلَّدُونَ إِذَا رَأَيْتَهُمْ حَسِبْتَهُمْ لُؤْلُؤًا مَّنثُورًا
﴿١٩﴾ وَإِذَا رَأَيْتَ ثَمَّ رَأَيْتَ نَعِيمًا وَمُلْكًا كَبِيرًا ﴿٢٠﴾ عَٰلِيَهُمْ ثِيَابُ سُندُسٍ
خُضْرٌ وَإِسْتَبْرَقٌ ۖ وَحُلُّوٓا۟ أَسَاوِرَ مِن فِضَّةٍ وَسَقَىٰهُمْ رَبُّهُمْ شَرَابًا
طَهُورًا ﴿٢١﴾ إِنَّ هَٰذَا كَانَ لَكُمْ جَزَآءً وَكَانَ سَعْيُكُم مَّشْكُورًا ﴿٢٢﴾ إِنَّا
نَحْنُ نَزَّلْنَا عَلَيْكَ ٱلْقُرْءَانَ تَنزِيلًا ﴿٢٣﴾ فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تُطِعْ
مِنْهُمْ ءَاثِمًا أَوْ كَفُورًا ﴿٢٤﴾ وَٱذْكُرِ ٱسْمَ رَبِّكَ بُكْرَةً وَأَصِيلًا ﴿٢٥﴾

## ഇൻസാൻ (മനുഷ്യൻ)

### അദ്ധ്യായം 76

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ?[1]

(2) കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവനെ നാം പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു.

(3) തീർച്ചയായും നാം അവന്ന് വഴി കാണിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദി കെട്ടവനാകുന്നു.

(4) തീർച്ചയായും സത്യനിഷേധികൾക്ക് നാം ചങ്ങലകളും വിലങ്ങുകളും കത്തിജ്വലിക്കുന്ന നരകാഗ്നിയും ഒരുക്കിവെച്ചിരിക്കുന്നു.

(5) തീർച്ചയായും പുണ്യവാന്മാർ (സ്വർഗത്തിൽ) ഒരു പാനപാത്രത്തിൽ നിന്ന് കുടിക്കുന്നതാണ്. അതിന്റെ ചേരുവ കർപ്പൂരമായിരിക്കും.

(6) അല്ലാഹുവിന്റെ ദാസന്മാർ കുടിക്കുന്ന ഒരു ഉറവു വെള്ളമത്രെ അത്. അവരത് പൊട്ടിച്ചൊഴുക്കിക്കൊണ്ടിരിക്കും.

(7) നേർച്ച അവർ നിറവേറ്റുകയും ആപത്ത് പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും.[2]

(8) ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥക്കും തടവുകാരനും അവരത് നൽകുകയും ചെയ്യും.

(9) (അവർ പറയും) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

(10) മുഖം ചുളിച്ചുപോകുന്നതും, ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു.

(11) അതിനാൽ ആ ദിവസത്തിന്റെ തിന്മയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും, പ്രസന്നതയും സന്തോഷവും അവർക്കു അവൻ നൽകുകയും ചെയ്യുന്നതാണ്.

(12) അവർ ക്ഷമിച്ചതിനാൽ സ്വർഗത്തോപ്പും പട്ടുവസ്ത്രങ്ങളും അവർക്കവൻ പ്രതിഫലമായി നൽകുന്നതാണ്.

(13) അവരവിടെ സോഫകളിൽ ചാരിയിരിക്കുന്നവരായിരിക്കും. വെയിലോ കൊടും തണുപ്പോ അവർ അവിടെ കാണുകയില്ല.

(14) ആ സ്വർഗത്തിലെ തണലുകൾ അവരുടെ മേൽ അടുത്തു നിൽക്കുന്നതായിരിക്കും. അതിലെ പഴങ്ങൾ പറിച്ചെടുക്കാൻ സൗകര്യമുള്ളതാക്കപ്പെടുകയും ചെയ്തിരിക്കുന്നു.

(15) (16) വെള്ളിയുടെ പാത്രങ്ങളും (മിനുസം കൊണ്ട്) സ്ഫടികം പോലെയായിത്തീർന്നിട്ടുള്ള വെള്ളിക്കോപ്പകളുമായി അവർക്കിടയിൽ (പരിചാരകന്മാർ) ചുറ്റിനടക്കുന്നതാണ്. അവർ അവയ്ക്ക് (പാത്രങ്ങൾക്ക്) ഒരു തോതനുസരിച്ച് അളവു നിർണ്ണയിച്ചിരിക്കും.

(17) ഇഞ്ചിനീരിന്റെ ചേരുവയുള്ള ഒരു കോപ്പ അവർക്കവിടെ കുടിക്കാൻ നൽകപ്പെടുന്നതാണ്.

(18) അതായത് അവിടത്തെ (സ്വർഗത്തിലെ) സൽസബീൽ എന്നു പേരുള്ള ഒരു ഉറവിലെ വെള്ളം.

(19) അനശ്വര ജീവിതം നൽകപ്പെട്ട ചില കുട്ടികൾ അവർക്കിടയിലൂടെ ചുറ്റിനടന്നുകൊണ്ടുമിരിക്കും. അവരെ നീ കണ്ടാൽ വിതറിയ മുത്തുകളാണ് അവരെന്ന് നീ വിചാരിക്കും.

(20) അവിടം നീ കണ്ടാൽ സുഖാനുഗ്രഹവും വലിയൊരു സാമ്രാജ്യവും നീ കാണുന്നതാണ്.

---

1 പ്രപഞ്ചമാകെ തന്റെ ഇച്ഛക്കൊത്ത് വർത്തിക്കണമെന്ന് മോഹിക്കുന്ന സ്വേച്ഛാധിപതി തന്റെ അസ്തിത്വത്തിന്റെ ക്ഷണികതയെപ്പറ്റി മറന്നുപോകുന്നു. ഏതാനം വർഷങ്ങൾക്കു മുമ്പ് തനിക്ക് അസ്തിത്വമേ ഇല്ലായിരുന്നുവെന്നും, തന്റെ അഭാവത്തിൽ തനിക്കു മുമ്പ് ലോകം നിലനിന്നിരുന്നുവെന്നുമുള്ള വസ്തുത അവൻ വിസ്മരിക്കുന്നു.

2 സ്വർഗാവകാശികൾ ഇഹലോകത്ത് സ്വീകരിക്കുന്ന ജീവിതരീതിയാണ് 7 മുതൽ 10 വരെ വചനങ്ങളിൽ വിവരിക്കുന്നത്.

وَمِنَ ٱلَّيۡلِ فَٱسۡجُدۡ لَهُۥ وَسَبِّحۡهُ لَيۡلٗا طَوِيلًا ﴿٢٦﴾ إِنَّ
هَٰٓؤُلَآءِ يُحِبُّونَ ٱلۡعَاجِلَةَ وَيَذَرُونَ وَرَآءَهُمۡ يَوۡمٗا ثَقِيلٗا ﴿٢٧﴾ نَّحۡنُ
خَلَقۡنَٰهُمۡ وَشَدَدۡنَآ أَسۡرَهُمۡۖ وَإِذَا شِئۡنَا بَدَّلۡنَآ أَمۡثَٰلَهُمۡ تَبۡدِيلًا
﴿٢٨﴾ إِنَّ هَٰذِهِۦ تَذۡكِرَةٞۖ فَمَن شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ سَبِيلٗا ﴿٢٩﴾
وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُۚ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمٗا ﴿٣٠﴾
يُدۡخِلُ مَن يَشَآءُ فِي رَحۡمَتِهِۦۚ وَٱلظَّٰلِمِينَ أَعَدَّ لَهُمۡ عَذَابًا أَلِيمَۢا ﴿٣١﴾

## سُورَةُ المُرۡسَلَاتِ

ترتيبها ٧٧ — آياتها ٥٠

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلۡمُرۡسَلَٰتِ عُرۡفٗا ﴿١﴾ فَٱلۡعَٰصِفَٰتِ عَصۡفٗا ﴿٢﴾ وَٱلنَّٰشِرَٰتِ نَشۡرٗا ﴿٣﴾
فَٱلۡفَٰرِقَٰتِ فَرۡقٗا ﴿٤﴾ فَٱلۡمُلۡقِيَٰتِ ذِكۡرًا ﴿٥﴾ عُذۡرًا أَوۡ نُذۡرًا ﴿٦﴾ إِنَّمَا
تُوعَدُونَ لَوَٰقِعٞ ﴿٧﴾ فَإِذَا ٱلنُّجُومُ طُمِسَتۡ ﴿٨﴾ وَإِذَا ٱلسَّمَآءُ فُرِجَتۡ
﴿٩﴾ وَإِذَا ٱلۡجِبَالُ نُسِفَتۡ ﴿١٠﴾ وَإِذَا ٱلرُّسُلُ أُقِّتَتۡ ﴿١١﴾ لِأَيِّ يَوۡمٍ أُجِّلَتۡ
﴿١٢﴾ لِيَوۡمِ ٱلۡفَصۡلِ ﴿١٣﴾ وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلۡفَصۡلِ ﴿١٤﴾ وَيۡلٞ يَوۡمَئِذٖ
لِّلۡمُكَذِّبِينَ ﴿١٥﴾ أَلَمۡ نُهۡلِكِ ٱلۡأَوَّلِينَ ﴿١٦﴾ ثُمَّ نُتۡبِعُهُمُ ٱلۡأٓخِرِينَ
﴿١٧﴾ كَذَٰلِكَ نَفۡعَلُ بِٱلۡمُجۡرِمِينَ ﴿١٨﴾ وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ﴿١٩﴾

(21) അവരുടെ മേൽ പച്ചനിറമുള്ള പട്ടുവസ്ത്രങ്ങളും കട്ടികൂടിയ പട്ടുവസ്ത്രവും ഉണ്ടായിരിക്കും. വെള്ളിയുടെ വളകളും അവർക്ക് അണിയിക്കപ്പെടുന്നതാണ്. അവർക്ക് അവരുടെ രക്ഷിതാവ് തികച്ചും ശുദ്ധമായ പാനീയം കുടിക്കാൻ കൊടുക്കുന്നതുമാണ്.[1]

(22) (അവരോട് പറയപ്പെടും) തീർച്ചയായും ഇത് നിങ്ങൾക്കുള്ള പ്രതിഫലമാകുന്നു. നിങ്ങളുടെ പരിശ്രമം നന്ദിപൂർവ്വം സ്വീകരിക്കപ്പെട്ടിരിക്കയാ കുന്നു.

(23) തീർച്ചയായും നാം നിനക്ക് ഈ ഖുർആനിനെ അല്പാല്പമായി അവതരിപ്പിച്ചു തന്നിരിക്കുന്നു.

(24) ആകയാൽ നിന്റെ രക്ഷിതാവിന്റെ തീരുമാനത്തിന് നീ ക്ഷമയോടെ കാത്തിരിക്കുക. അവരുടെ കൂട്ടത്തിൽ നിന്ന് യാതൊരു പാപിയെയും നന്ദി കെട്ടവനെയും നീ അനുസരിച്ചുപോകരുത്.

(25) നിന്റെ രക്ഷിതാവിന്റെ നാമം കാലത്തും വൈകുന്നേരവും നീ സ്മരിക്കുകയും ചെയ്യുക.

(26) രാത്രിയിൽ നീ അവനെ പ്രണമിക്കുകയും ദീർഘ മായ നിശാവേളയിൽ അവനെ പ്രകീർത്തിക്കുകയും ചെയ്യുക.

(27) തീർച്ചയായും ഇക്കൂട്ടർ ക്ഷണികമായ ഐഹികജീ വിതത്തെ ഇഷ്ടപ്പെടുന്നു. ഭാരമേറിയ ഒരു ദിവസത്തി ന്റെ കാര്യം അവർ തങ്ങളുടെ പുറകിൽ വിട്ടുകള യുകയും ചെയ്യുന്നു.

(28) നാമാണ് അവരെ സൃഷ്ടിക്കുകയും അവരുടെ ശരീരഘടന ബലപ്പെടുത്തുകയും ചെയ്തത്. നാം ഉദ്ദേശിക്കുന്നപക്ഷം അവർക്കു തുല്യരായിട്ടുള്ളവരെ നാം അവർക്കു പകരം കൊണ്ടുവരുന്നതു മാണ്.

(29) തീർച്ചയായും ഇത് ഒരു ഉൽബോധനമാകുന്നു. ആകയാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം തന്റെ രക്ഷിതാവിങ്കലേക്കുള്ള മാർഗം സ്വീകരിച്ചുകൊള്ളട്ടെ.

(30) അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷമല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.[2]

(31) അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ കാരുണ്യത്തിൽ അവൻ പ്രവേശിപ്പിക്കുന്നതാണ്. അക്രമകാരികൾക്കാ കട്ടെ അവൻ വേദനയേറിയ ശിക്ഷ ഒരുക്കി വെച്ചിരി ക്കുന്നു.

## മുർസലാത്ത് (അയക്കപ്പെടുന്നവ)

### അദ്ധ്യായം 77

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) - (6) തുടരെത്തുടരെ അയക്കപ്പെടുന്നവയും, ശക്തിയായി ആഞ്ഞടിക്കുന്നവയും, പരക്കെ വ്യാപിപ്പി ക്കുന്നവയും, വേർത്തിരിച്ചു വിവേചനം ചെയ്യുന്നവ യും, ഒരു ഒഴികഴിവായിക്കൊണ്ടോ താക്കീതായിക്കൊ ണ്ടോ ദിവ്യസന്ദേശം ഇട്ടുകൊടുക്കുന്നവയുമായിട്ടുള്ള വയെതന്നെയാണ് സത്യം.[3]

(7) തീർച്ചയായും നിങ്ങളോട് താക്കീതുചെയ്യപ്പെടുന്ന കാര്യം സംഭവിക്കുന്നതു തന്നെയാകുന്നു.

(8) നക്ഷത്രങ്ങളുടെ പ്രകാശം മായ്ക്കപ്പെടുകയും,

(9) ആകാശം പിളർത്തപ്പെടുകയും,

(10) പർവ്വതങ്ങൾ പൊടിക്കപ്പെടുകയും,

(11) ദൂതന്മാർക്കു സമയം നിർണ്ണയിച്ചു കൊടുക്കപ്പെടു കയും ചെയ്താൽ![4]

---

1 സ്വർഗത്തിലെ അനുഗ്രഹങ്ങൾ മനുഷ്യർക്ക് പരിചിതമായ രീതിയിൽ വിവരിച്ചാലെ അവർക്ക് ഗ്രഹിക്കാനാകൂ. എന്നാൽ അവ ഈ ഭൂമിയിലെ അനുഗ്രഹങ്ങൾ പോലെ പരിമിതവും ശുഷ്കവും ക്ഷണികവുമായിരിക്കുമെന്ന് കരുതുന്നത് തെറ്റാണ്. ഭൂമിയിലുള്ളതിനെക്കാൾ തീർത്തും വ്യത്യസ്തമായി രിക്കും സ്വർഗത്തിലെ സുഖാനുഗ്രഹങ്ങൾ.

2 .പ്രപഞ്ചത്തിലെ സൂക്ഷ്മവും സ്ഥൂലവുമായ ഏത് വസ്തു വും, മനുഷ്യനടക്കമുള്ള ഏത് ജീവിയും എങ്ങനെ വർത്തി ക്കണമെന്ന് തീരുമാനിക്കുന്നത് പ്രപഞ്ചനാഥനാണ്. അവന്റെ തീരുമാനമനുസരിച്ചല്ലാതെ യാതൊന്നും നടക്കുകയില്ല.

3 ഒന്നുമുതൽ അഞ്ചുവരെ വചനങ്ങളിൽ പരാമർശിക്കപ്പെട്ട വിശേഷണങ്ങളൊക്കെ മലക്കുകളെ പറ്റിയാണെന്ന് ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം. 1,2,3 വചനങ്ങൾ കാറ്റിനെ പറ്റിയും, 4,5 വചനങ്ങളിൽ മലക്കുകളെ പറ്റിയുമാണ് പരാമർശിച്ചിട്ടുള്ളതെന്നാണ് മറ്റൊരഭിപ്രായം.

4 ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഓരോ റസൂലിനെയും അല്ലാഹു പ്രത്യേകം വിളിക്കും. എന്നിട്ട് അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തിന്റെ പ്രബോധനത്തോട് അങ്ങിനെ പ്രതികരി ച്ചുവെന്ന് ചോദിക്കും. അങ്ങനെ സമുദായങ്ങളുടെ കാര്യത്തിൽ സാക്ഷ്യം വഹിക്കുവാൻ ദൂതന്മാർക്ക് സമയം നിശ്ചയിച്ചു കൊടുക്കുന്നതിനെപ്പറ്റിയാണ് ഇവിടെ പരാമർശിക്കു ന്നത്.

أَلَمْ نَخْلُقكُّم مِّن مَّآءٍ مَّهِينٍ ﴿٢٠﴾ فَجَعَلْنَٰهُ فِى قَرَارٍ مَّكِينٍ ﴿٢١﴾ إِلَىٰ قَدَرٍ
مَّعْلُومٍ ﴿٢٢﴾ فَقَدَرْنَا فَنِعْمَ ٱلْقَٰدِرُونَ ﴿٢٣﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٤﴾
أَلَمْ نَجْعَلِ ٱلْأَرْضَ كِفَاتًا ﴿٢٥﴾ أَحْيَآءً وَأَمْوَٰتًا ﴿٢٦﴾ وَجَعَلْنَا فِيهَا رَوَٰسِىَ
شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً فُرَاتًا ﴿٢٧﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٨﴾
ٱنطَلِقُوٓا۟ إِلَىٰ مَا كُنتُم بِهِۦ تُكَذِّبُونَ ﴿٢٩﴾ ٱنطَلِقُوٓا۟ إِلَىٰ ظِلٍّ ذِى ثَلَٰثِ
شُعَبٍ ﴿٣٠﴾ لَّا ظَلِيلٍ وَلَا يُغْنِى مِنَ ٱللَّهَبِ ﴿٣١﴾ إِنَّهَا تَرْمِى بِشَرَرٍ
كَٱلْقَصْرِ ﴿٣٢﴾ كَأَنَّهُۥ جِمَٰلَتٌ صُفْرٌ ﴿٣٣﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٤﴾
هَٰذَا يَوْمُ لَا يَنطِقُونَ ﴿٣٥﴾ وَلَا يُؤْذَنُ لَهُمْ فَيَعْتَذِرُونَ ﴿٣٦﴾ وَيْلٌ يَوْمَئِذٍ
لِّلْمُكَذِّبِينَ ﴿٣٧﴾ هَٰذَا يَوْمُ ٱلْفَصْلِ ۖ جَمَعْنَٰكُمْ وَٱلْأَوَّلِينَ ﴿٣٨﴾ فَإِن كَانَ
لَكُمْ كَيْدٌ فَكِيدُونِ ﴿٣٩﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٠﴾ إِنَّ ٱلْمُتَّقِينَ فِى
ظِلَٰلٍ وَعُيُونٍ ﴿٤١﴾ وَفَوَٰكِهَ مِمَّا يَشْتَهُونَ ﴿٤٢﴾ كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔۢا
بِمَا كُنتُمْ تَعْمَلُونَ ﴿٤٣﴾ إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٤٤﴾ وَيْلٌ يَوْمَئِذٍ
لِّلْمُكَذِّبِينَ ﴿٤٥﴾ كُلُوا۟ وَتَمَتَّعُوا۟ قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾ وَيْلٌ يَوْمَئِذٍ
لِّلْمُكَذِّبِينَ ﴿٤٧﴾ وَإِذَا قِيلَ لَهُمُ ٱرْكَعُوا۟ لَا يَرْكَعُونَ ﴿٤٨﴾ وَيْلٌ
يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٩﴾ فَبِأَىِّ حَدِيثٍۭ بَعْدَهُۥ يُؤْمِنُونَ ﴿٥٠﴾

(12) ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്?

(13) തീരുമാനത്തിന്റെ ദിവസത്തേക്ക്!

(14) ആ തീരുമാനത്തിന്റെ ദിവസം എന്താണ് എന്ന് നിനക്കറിയുമോ?

(15) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(16) പൂർവ്വികന്മാരെ നാം നശിപ്പിച്ചുകളഞ്ഞില്ലേ?

(17) പിന്നീട് പിൻഗാമികളെയും അവരുടെ പിന്നാലെ നാം അയക്കുന്നതാണ്.

(18) അപ്രകാരമാണ് നാം കുറ്റവാളികളെക്കൊണ്ട് പ്രവർ ത്തിക്കുക.

(19) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(20) നിസ്സാരപ്പെട്ട ഒരു ദ്രാവകത്തിൽ നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ?

(21) (22) എന്നിട്ട് നാം അതിനെ നിശ്ചിതമായ ഒരവധി വരെ ഭദ്രമായ ഒരു സങ്കേതത്തിൽ വെച്ചു.

(23) അങ്ങനെ നാം (എല്ലാം) നിർണ്ണയിച്ചു. അപ്പോൾ നാം എത്ര നല്ല നിർണ്ണയക്കാരൻ.[1]

(24) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(25) (26) ഭൂമിയെ നാം മരിച്ചവരെയും ജീവിച്ചിരിക്കുന്ന വരെയും ഉൾകൊള്ളുന്നതാക്കിയിട്ടില്ലേ?

(27) അതിൽ ഉന്നതങ്ങളായി ഉറച്ചു നിൽക്കുന്ന പർവ്വ തങ്ങളെ നാം വെക്കുകയും ചെയ്തിരിക്കുന്നു. നിങ്ങ ൾക്കു നാം സ്വച്ഛ ജലം കുടിക്കാൻ തരികയും ചെ യ്തിരിക്കുന്നു.

(28) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(29) (ഹേ, സത്യനിഷേധികളെ) നിങ്ങൾ എന്തൊന്നിനെ യാണോ നിഷേധിച്ചു തള്ളിയിരുന്നത് അതിലേക്ക് നിങ്ങൾ പോയിക്കൊള്ളുക.

(30) മൂന്നു ശാഖകളുള്ള ഒരു തരം തണലിലേക്ക്[2] നിങ്ങൾ പോയിക്കൊള്ളുക.

(31) അത് തണൽ നൽകുന്നതല്ല. തീജ്വാലയിൽ നിന്ന് സംരക്ഷണം നൽകുന്നതുമല്ല.

(32) തീർച്ചയായും അത് (നരകം) വലിയ കെട്ടിടം പോലെ ഉയരമുള്ള തീപ്പൊരി തെറിപ്പിച്ചു കൊണ്ടിരിക്കും.

(33) അത് (തീപ്പൊരി) മഞ്ഞനിറമുള്ള ഒട്ടക കൂട്ടങ്ങളെ പോലെയായിരിക്കും.

(34) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(35) അവർ മിണ്ടാതായ ദിവസമാകുന്നു ഇത്.

(36) അവർക്കു ഒഴികഴിവു ബോധിപ്പിക്കാൻ അനുവാദം നല്കപ്പെടുകയില്ല.

(37) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നുനാശം.

(38) (അന്നവരോട് പറയപ്പെടും:) തീരുമാനത്തിന്റെ ദിവസ മാണിത്. നിങ്ങളെയും പൂർവ്വികന്മാരെയും നാം ഇതാ ഒരുമിച്ചു കിട്ടിയിരിക്കുന്നു.

(39) ഇനി നിങ്ങൾക്കു വല്ല തന്ത്രവും പ്രയോഗിക്കാ നുണ്ടെങ്കിൽ ആ തന്ത്രം പ്രയോഗിച്ചുകൊള്ളുക.

(40) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(41) തീർച്ചയായും സൂക്ഷ്മത പാലിച്ചവർ (സ്വർഗത്തിൽ) തണലുകളിലും അരുവികൾക്കിടയിലുമാകുന്നു.

(42) അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴവർഗങ്ങൾ ക്കിടയിലും.

(43) (അവരോട് പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരു ന്നതിന്റെ ഫലമായി ആഹ്ളാദത്തോടെ നിങ്ങൾ തിന്നു കയും കുടിക്കുകയും ചെയ്തു കൊള്ളുക.

(44) തീർച്ചയായും നാം അപ്രകാരമാകുന്നു സദ്‌വൃത്ത ർക്ക് പ്രതിഫലം നല്കുന്നത്.

(45) അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

(46) (അവരോട് പറയപ്പെടും:) നിങ്ങൾ അല്പം തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തു

---

1 അത്യന്തം നിസ്സാരമായി തോന്നുന്ന ബീജത്തിൽ നിന്നും അണ്ഡത്തിൽ നിന്നുമായി കോടാനുകോടി സൂക്ഷ്മാം ശങ്ങളടങ്ങുന്ന മനുഷ്യനെ അത്യന്തം കണിശതയോടെ വളർ ത്തിയെടുത്ത് അല്ലാഹു പുറത്തുകൊണ്ടുവരുന്നു.

2 നരകത്തിൽ നിന്ന് ശാഖകളായി പിരിഞ്ഞുയരുന്ന കരിമ്പുക യുടെ നിഴലിനെപറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്.

കൊള്ളുക. തീർച്ച യായും നിങ്ങൾ കുറ്റവാളികളാകുന്നു.

47 അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

48 അവരോട് കുമ്പിടൂ എന്ന് പറയപ്പെട്ടാൽ അവർ കുമ്പിടുകയില്ല.[1]

49 അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.

50 ഇനി ഇതിന് (ഖുർആന്ന്) ശേഷം ഏതൊരു വർത്ത മാനത്തിലാണ് അവർ വിശ്വസിക്കുന്നത്?

## നബഅ് (വൃത്താന്തം)

### അദ്ധ്യായം 78

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 എന്തിനെപറ്റിയാണ് അവർ പരസ്പരം ചോദിച്ചു കൊണ്ടിരിക്കുന്നത്?

2 3 അവർ ഏതുകാര്യത്തിൽ അഭിപ്രായവ്യത്യാത്തിലായിക്കൊണ്ടിരിക്കുന്നുവോ ആ മഹത്തായ വൃത്താന്തത്തെപ്പറ്റി.

4 നിസ്സംശയം; അവർ വഴിയെ അറിഞ്ഞുകൊള്ളും.

5 വീണ്ടും നിസ്സംശയം; അവർ വഴിയെ അറിഞ്ഞുകൊ ള്ളും.

6 7 ഭൂമിയെ നാം ഒരു വിരിപ്പും പർവ്വതങ്ങളെ ആണി കളും ആക്കിയില്ലെ?

8 നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്‌ തിരിക്കുന്നു.

9 നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു.

10 രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും,[2]

11 പകലിനെ നാം ഒരു ജീവസന്ധാരണവേളയാക്കുകയും ചെയ്തിരിക്കുന്നു.

12 നിങ്ങൾക്കു മീതെ ബലിഷ്ഠമായ ഏഴ് ആകാശങ്ങൾ നാം നിർമ്മിക്കുകയും.

13 കത്തിജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

14 കാർമേഘങ്ങളിൽ നിന്ന് കുത്തിയൊഴുകുന്ന വെള്ളം നാം ഇറക്കുകയും ചെയ്തു.

15 16 അതുമുഖേന ധാന്യവും സസ്യവും, ഇടതൂർന്ന തോട്ടങ്ങളും നാം പുറത്തുകൊണ്ടുവരാൻ വേണ്ടി.

17 തീർച്ചയായും തീരുമാനത്തിന്റെ ദിവസം സമയം നിർണ്ണയിക്കപ്പെട്ടതായിരിക്കുന്നു.

18 അതായത്, കാഹളത്തിൽ ഊതപ്പെടുകയും, നിങ്ങൾ കൂട്ടം കൂട്ടമായി വന്നെത്തുകയും ചെയ്യുന്ന ദിവസം.

19 ആകാശം തുറക്കപ്പെടുകയും[3] എന്നിട്ടത് പല

سُورَةُ النَّبَإِ

ترتيبها ٧٨ — آياتها ٤٠

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

عَمَّ يَتَسَآءَلُونَ ﴿١﴾ عَنِ ٱلنَّبَإِ ٱلْعَظِيمِ ﴿٢﴾ ٱلَّذِى هُمْ فِيهِ مُخْتَلِفُونَ ﴿٣﴾
كَلَّا سَيَعْلَمُونَ ﴿٤﴾ ثُمَّ كَلَّا سَيَعْلَمُونَ ﴿٥﴾ أَلَمْ نَجْعَلِ ٱلْأَرْضَ مِهَٰدًا ﴿٦﴾
وَٱلْجِبَالَ أَوْتَادًا ﴿٧﴾ وَخَلَقْنَٰكُمْ أَزْوَٰجًا ﴿٨﴾ وَجَعَلْنَا نَوْمَكُمْ سُبَاتًا
﴿٩﴾ وَجَعَلْنَا ٱلَّيْلَ لِبَاسًا ﴿١٠﴾ وَجَعَلْنَا ٱلنَّهَارَ مَعَاشًا ﴿١١﴾ وَبَنَيْنَا
فَوْقَكُمْ سَبْعًا شِدَادًا ﴿١٢﴾ وَجَعَلْنَا سِرَاجًا وَهَّاجًا ﴿١٣﴾ وَأَنزَلْنَا
مِنَ ٱلْمُعْصِرَٰتِ مَآءً ثَجَّاجًا ﴿١٤﴾ لِّنُخْرِجَ بِهِۦ حَبًّا وَنَبَاتًا ﴿١٥﴾ وَجَنَّٰتٍ
أَلْفَافًا ﴿١٦﴾ إِنَّ يَوْمَ ٱلْفَصْلِ كَانَ مِيقَٰتًا ﴿١٧﴾ يَوْمَ يُنفَخُ فِى ٱلصُّورِ
فَتَأْتُونَ أَفْوَاجًا ﴿١٨﴾ وَفُتِحَتِ ٱلسَّمَآءُ فَكَانَتْ أَبْوَٰبًا ﴿١٩﴾ وَسُيِّرَتِ
ٱلْجِبَالُ فَكَانَتْ سَرَابًا ﴿٢٠﴾ إِنَّ جَهَنَّمَ كَانَتْ مِرْصَادًا ﴿٢١﴾ لِّلطَّٰغِينَ
مَـَٔابًا ﴿٢٢﴾ لَّٰبِثِينَ فِيهَآ أَحْقَابًا ﴿٢٣﴾ لَّا يَذُوقُونَ فِيهَا بَرْدًا وَلَا شَرَابًا
﴿٢٤﴾ إِلَّا حَمِيمًا وَغَسَّاقًا ﴿٢٥﴾ جَزَآءً وِفَاقًا ﴿٢٦﴾ إِنَّهُمْ كَانُوا۟
لَا يَرْجُونَ حِسَابًا ﴿٢٧﴾ وَكَذَّبُوا۟ بِـَٔايَٰتِنَا كِذَّابًا ﴿٢٨﴾ وَكُلَّ شَىْءٍ
أَحْصَيْنَٰهُ كِتَٰبًا ﴿٢٩﴾ فَذُوقُوا۟ فَلَن نَّزِيدَكُمْ إِلَّا عَذَابًا ﴿٣٠﴾

കവാടങ്ങളായി തീരുകയും ചെയ്യും.

20 പർവ്വതങ്ങൾ സഞ്ചരിക്കപ്പെടുകയും അങ്ങനെ അവ മരീചികപോലെ ആയിതീരുകയും ചെയ്യും.

21 22 തീർച്ചയായും നരകം അതിക്രമകാരികൾക്കായി കാത്തിരിക്കുകയും (അവർക്കു) മടങ്ങിച്ചെല്ലാനുള്ളതു മായ സ്ഥലമാകുന്നു.

23 അതിൽ അവർ യുഗങ്ങളോളം താമസിക്കുന്നവരാ യിരിക്കും.

24 കുളിർമയോ കുടിനീരോ അവിടെ ആസ്വദിക്കു കയില്ല.

25 കൊടുംചൂടുള്ള വെള്ളവും കെടുംതണുപ്പുള്ള വെള്ളവുമല്ലാതെ.

26 അനുയേജ്യമായ പ്രതിഫലമത്രെ അത്.

27 തീർച്ചയായും അവർ വിചാരണ പ്രതീക്ഷിക്കുന്നില്ലാ യിരുന്നു.

28 നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ തീർത്തും നിഷേധി ച്ചുതള്ളുകയും ചെയ്തു.

29 ഏതു കാര്യവും നാം എഴുതി തിട്ടപ്പെടുത്തിയിരിക്കു ന്നു.

30 അതിനാൽ നിങ്ങൾ (ശിക്ഷ) ആസ്വദിച്ചു

---

1 ഇഹലോകത്ത് സത്യനിഷേധികൾ സ്വീകരിക്കുന്ന നിലപാടാണ് ഇവിടെ പരാമർശിക്കപ്പെട്ടത്. കുമ്പിട്ട് നിന്നും സാഷ്ടാംഗത്തിലായും അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ നിർദ്ദേശിക്കപ്പെട്ടാൽ അവരത് സ്വീകരിക്കുകയില്ല.

2 ഒരു വസ്ത്രം നൽകുന്നതുപോലെയുള്ള മറവും, സ്വകാര്യതയും രാത്രിയിലെ ഇരുട്ട് നമ്മുക്ക് നൽകുന്നു.

3 ആകാശം തുറക്കപ്പെടുക എന്ന് പറഞ്ഞത് ബാഹ്യകാശത്തു നിന്ന് വരുന്ന പദാർത്ഥപതനത്തിൽ നിന്നും രശ്മി പ്രസരത്തിൽ നിന്നും ഭൂമുഖത്തെ സംരക്ഷിക്കുന്ന അന്തരീക്ഷ വ്യവസ്ഥകളിൽ വിടവുണ്ടാകുന്നതിനെപ്പറ്റിയാകാൻ സാധ്യതയുണ്ട്.

إِنَّ لِلْمُتَّقِينَ مَفَازًا ﴿٣١﴾ حَدَآئِقَ وَأَعْنَٰبًا ﴿٣٢﴾ وَكَوَاعِبَ أَتْرَابًا ﴿٣٣﴾ وَكَأْسًا
دِهَاقًا ﴿٣٤﴾ لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا ﴿٣٥﴾ جَزَآءً مِّن رَّبِّكَ عَطَآءً
حِسَابًا ﴿٣٦﴾ رَّبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَٰنِ ۖ لَا يَمْلِكُونَ
مِنْهُ خِطَابًا ﴿٣٧﴾ يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ
إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾ ذَٰلِكَ ٱلْيَوْمُ ٱلْحَقُّ ۖ فَمَن
شَآءَ ٱتَّخَذَ إِلَىٰ رَبِّهِۦ مَـَٔابًا ﴿٣٩﴾ إِنَّآ أَنذَرْنَٰكُمْ عَذَابًا قَرِيبًا يَوْمَ
يَنظُرُ ٱلْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ ٱلْكَافِرُ يَٰلَيْتَنِى كُنتُ تُرَٰبًا ﴿٤٠﴾

## سُورَةُ النَّازِعَاتِ

ترتيبها ٧٩ — آياتها ٤٦

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلنَّٰزِعَٰتِ غَرْقًا ﴿١﴾ وَٱلنَّٰشِطَٰتِ نَشْطًا ﴿٢﴾ وَٱلسَّٰبِحَٰتِ سَبْحًا
﴿٣﴾ فَٱلسَّٰبِقَٰتِ سَبْقًا ﴿٤﴾ فَٱلْمُدَبِّرَٰتِ أَمْرًا ﴿٥﴾ يَوْمَ تَرْجُفُ ٱلرَّاجِفَةُ
﴿٦﴾ تَتْبَعُهَا ٱلرَّادِفَةُ ﴿٧﴾ قُلُوبٌ يَوْمَئِذٍ وَاجِفَةٌ ﴿٨﴾ أَبْصَٰرُهَا
خَٰشِعَةٌ ﴿٩﴾ يَقُولُونَ أَءِنَّا لَمَرْدُودُونَ فِى ٱلْحَافِرَةِ ﴿١٠﴾ أَءِذَا كُنَّا
عِظَٰمًا نَّخِرَةً ﴿١١﴾ قَالُوا۟ تِلْكَ إِذًا كَرَّةٌ خَاسِرَةٌ ﴿١٢﴾ فَإِنَّمَا هِىَ زَجْرَةٌ
وَٰحِدَةٌ ﴿١٣﴾ فَإِذَا هُم بِٱلسَّاهِرَةِ ﴿١٤﴾ هَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿١٥﴾

കൊള്ളുക. തീർച്ചയായും നാം നിങ്ങൾക്കു ശിക്ഷയല്ലാതൊന്നും വർദ്ധിപ്പിച്ചു തരുകയില്ല.

(31) തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമുണ്ട്.

(32) അതായത് (സ്വർഗത്തിലെ) തോട്ടങ്ങളും മുന്തിരികളും.

(33) തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണി കളും.

(34) നിറഞ്ഞ പാനപാത്രവും.

(35) അവിടെ വെച്ച് അനാവശ്യമായ ഒരു വാക്കോ ഒരു വ്യാജവാർത്തയോ അവർ കേൾക്കുകയില്ല.

(36) (അത്) നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രതിഫലവും, കണക്കൊത്ത ഒരു സമ്മാനമാകുന്നു.

(37) ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവും പരമകാരുണികനുമായുള്ളവന്റെ (സമ്മാനം). അവനുമായി സംഭാഷണത്തിലേർപ്പെടാൻ അവർക്കു സാധിക്കുകയില്ല.[1]

(38) 'റൂഹും'[2] മലക്കുകളും അണിയണിയായി നിൽക്കുന്ന ദിവസം. പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല.

(39) അതത്രെ യഥാർത്ഥമായ ദിവസം. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം തന്റെ രക്ഷിതാവിങ്കലേക്കുള്ള മടക്കത്തിന്റെ മാർഗം അവൻ സ്വീകരിക്കട്ടെ.

(40) ആസന്നമായ ഒരു ശിക്ഷയെപ്പറ്റി തീർച്ചയായും നിങ്ങൾക്ക് നാം മുന്നറിയിപ്പ് നൽകിയിരിക്കുന്നു. മനുഷ്യൻ തന്റെ കൈകൾ മുൻകൂട്ടി ചെയ്തു വെച്ചത് നോക്കിക്കാണുകയും, 'അയ്യോ, ഞാൻ മണ്ണായിരുന്നെ ങ്കിൽ എത്ര നന്നായിരുന്നേനെ' എന്ന് സത്യനിഷേധി പറയുകയും ചെയ്യുന്ന ദിവസം.

## നാസിആത്ത് (ഊരിയെടുക്കുന്നവ)

### അദ്ധ്യായം 79

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) - (5) (അവിശ്വാസികളിലേക്ക്) ഇറങ്ങിച്ചെന്ന് (അവരുടെ ആത്മാവുകളെ) ഊരിയെടുക്കുന്നവ തന്നെയാണ സത്യം. (സത്യവിശ്വാസികളുടെ ആത്മാവുകളെ) സൗമ്യതയോടെ പുറത്തെടുക്കുന്നവ തന്നെയാണ, സത്യം. ഊക്കോടെ ഒഴുകി വരുന്നവ തന്നെയാണ, സത്യം. എന്നിട്ടു മുന്നോട്ടു കുതിച്ചു പോകുന്നവയും, കാര്യം നിയന്ത്രിക്കുന്നവയും തന്നെയാണ, സത്യം.[3]

(6) ആ നടുക്കുന്ന സംഭവം നടുക്കമുണ്ടാക്കുന്ന ദിവസം.

(7) അതിനെതുടർന്ന് അതിന്റെ പിന്നാലെ മറ്റൊന്നും.[4]

(8) ചില ഹൃദയങ്ങൾ അന്നു വിറച്ചുകൊണ്ടിരിക്കും.

(9) അവയുടെ കണ്ണുകൾ അന്നു കീഴ്പോട്ടു താഴ്ന്നിരിക്കും.

(10) അവർ പറയും: തീർച്ചയായും നാം (നമ്മുടെ) മുൻ സ്ഥിതിയിലേക്ക് മടക്കപ്പെടുകയാണോ?

(11) നാം ജീർണ്ണിച്ച എല്ലുകളായിക്കഴിഞ്ഞാലും (നമുക്ക് മടക്കമോ?)

(12) അവർ പറയുകയാണ്: അങ്ങനെയാണെങ്കിൽ നഷ്ട കരമായ ഒരു തിരിച്ചുവരവായാരിക്കും അത്.

(13) അത് ഒരേയൊരു ഘോരശബ്ദം മാത്രമായിരിക്കും.[5]

(14) അപ്പോഴതാ അവർ ഭൂമുഖത്തെത്തിക്കഴിഞ്ഞു.

---

1 അല്ലാഹുവോട് സംസാരിച്ചിട്ട് അവന്റെ തീരുമാനങ്ങൾ മാറ്റിക്കാനോ, അവന്റെ ശിക്ഷ ലഘൂകരിക്കാനോ, അവന്റെ അനുഗ്രഹങ്ങൾ പിൻവലിക്കാനോ ആർക്കും സാധിക്കുകയില്ല.

2 വിശുദ്ധ ഖുർആനിൽ ആത്മാവ് എന്ന അർത്ഥത്തിൽ 'റൂഹ്'എന്നപദം ധാരാളമായി പ്രയോഗിച്ചിട്ടുണ്ട്. ജിബിരീൽ എന്ന മലക്കിനെ കുറിക്കുവാനും 'റൂഹ്' എന്ന പദം ചില സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. ഇവിടെ ഏത് അർത്ഥത്തി ലാണ് പ്രയോഗിക്കപ്പെട്ടതെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾ ഏകാഭിപ്രായമില്ല.

3 ഒന്നു മുതൽ അഞ്ചു കൂടിയുള്ള വചനങ്ങളിലെ വിശേഷണങ്ങളൊക്കെ മലക്കുകളെപ്പറ്റിയാണെന്ന അഭിപ്രായക്കാരാണ് പ്രമുഖ വ്യാഖ്യാതാക്കൾ. അല്ലാഹു തന്റെ സൃഷ്ടികളിൽ താനുദ്ദേശിക്കുന്നവയുടെ പേരിൽ സത്യം ചെയ്യുന്നു.

4 ലോകാവസാനത്തിൽ കാഹളം മുഴക്കപ്പെടുന്ന രണ്ടു സന്ദർഭങ്ങളെപ്പറ്റിയാണ് പരാമർശം.

5 എല്ലാവരും ഖബ്റുകളിൽ നിന്ന് പുറത്തുവന്ന്, നിരപ്പായ ഭൂതലത്തിൽ സമ്മേളിക്കുമെന്നർത്ഥം. ലോകാവസാനത്തോടെ ഭൂമിയിലുള്ളതൊക്കെ നശിക്കുകയും, ഭൂമുഖം ഒരു നിരന്ന പ്രതലമാകുകയും ചെയ്യുന്നതാണ്. അവിടെയാണ് ഉയിർത്തെഴുന്നേറ്റ മനുഷ്യർ സമ്മേളിക്കുന്നത്.

إِذۡ نَادَىٰهُ رَبُّهُۥ بِٱلۡوَادِ ٱلۡمُقَدَّسِ طُوًى ١٦ ٱذۡهَبۡ إِلَىٰ فِرۡعَوۡنَ إِنَّهُۥ طَغَىٰ ١٧
فَقُلۡ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ١٨ وَأَهۡدِيَكَ إِلَىٰ رَبِّكَ فَتَخۡشَىٰ ١٩ فَأَرَىٰهُ
ٱلۡأٓيَةَ ٱلۡكُبۡرَىٰ ٢٠ فَكَذَّبَ وَعَصَىٰ ٢١ ثُمَّ أَدۡبَرَ يَسۡعَىٰ ٢٢ فَحَشَرَ
فَنَادَىٰ ٢٣ فَقَالَ أَنَا۠ رَبُّكُمُ ٱلۡأَعۡلَىٰ ٢٤ فَأَخَذَهُ ٱللَّهُ نَكَالَ ٱلۡأٓخِرَةِ وَٱلۡأُولَىٰٓ
٢٥ إِنَّ فِي ذَٰلِكَ لَعِبۡرَةً لِّمَن يَخۡشَىٰٓ ٢٦ ءَأَنتُمۡ أَشَدُّ خَلۡقًا أَمِ ٱلسَّمَآءُۚ بَنَىٰهَا
٢٧ رَفَعَ سَمۡكَهَا فَسَوَّىٰهَا ٢٨ وَأَغۡطَشَ لَيۡلَهَا وَأَخۡرَجَ ضُحَىٰهَا ٢٩
وَٱلۡأَرۡضَ بَعۡدَ ذَٰلِكَ دَحَىٰهَآ ٣٠ أَخۡرَجَ مِنۡهَا مَآءَهَا وَمَرۡعَىٰهَا ٣١
وَٱلۡجِبَالَ أَرۡسَىٰهَا ٣٢ مَتَٰعٗا لَّكُمۡ وَلِأَنۡعَٰمِكُمۡ ٣٣ فَإِذَا جَآءَتِ ٱلطَّآمَّةُ
ٱلۡكُبۡرَىٰ ٣٤ يَوۡمَ يَتَذَكَّرُ ٱلۡإِنسَٰنُ مَا سَعَىٰ ٣٥ وَبُرِّزَتِ ٱلۡجَحِيمُ
لِمَن يَرَىٰ ٣٦ فَأَمَّا مَن طَغَىٰ ٣٧ وَءَاثَرَ ٱلۡحَيَوٰةَ ٱلدُّنۡيَا ٣٨ فَإِنَّ ٱلۡجَحِيمَ
هِيَ ٱلۡمَأۡوَىٰ ٣٩ وَأَمَّا مَنۡ خَافَ مَقَامَ رَبِّهِۦ وَنَهَى ٱلنَّفۡسَ عَنِ ٱلۡهَوَىٰ
٤٠ فَإِنَّ ٱلۡجَنَّةَ هِيَ ٱلۡمَأۡوَىٰ ٤١ يَسۡـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرۡسَىٰهَا
٤٢ فِيمَ أَنتَ مِن ذِكۡرَىٰهَآ ٤٣ إِلَىٰ رَبِّكَ مُنتَهَىٰهَآ ٤٤ إِنَّمَآ أَنتَ مُنذِرُ
مَن يَخۡشَىٰهَا ٤٥ كَأَنَّهُمۡ يَوۡمَ يَرَوۡنَهَا لَمۡ يَلۡبَثُوٓاْ إِلَّا عَشِيَّةً أَوۡ ضُحَىٰهَا ٤٦

ترتيبها ٨٠ — سُورَةُ عَبَسَ — آياتها ٤٢

(15) മൂസാ നബിയുടെ വർത്തമാനം നിനക്ക് വന്നെത്തിയോ?

(16) 'ത്വുവാ' എന്ന പരിശുദ്ധമായ താഴ്‌വരയിൽ വെച്ച് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ വിളിച്ച് ഇപ്രകാരം പറഞ്ഞ സന്ദർഭം:

(17) നീ ഫിർഔന്റെ അടുത്തേക്കു പോകുക. തീർച്ചയായും അവൻ അതിരു കവിഞ്ഞിരിക്കുന്നു.

(18) എന്നിട്ട് ഇപ്രകാരം ചോദിക്കുക: നീ പരിശുദ്ധി പ്രാപിക്കാൻ തയ്യാറുണ്ടോ?

(19) നിന്റെ രക്ഷിതാവിങ്കലേക്ക് നിനക്ക് ഞാൻ വഴി കാണിച്ചു തരാം. എന്നിട്ട് നീ ഭയപ്പെടാനും (തയ്യാറു ണ്ടോ?)

(20) അങ്ങനെ അദ്ദേഹം (മൂസാ) വന്ന് ആ മഹത്തായ ദൃഷ്ടാന്തം കാണിച്ചുകൊടുത്തു.[1]

(21) അപ്പോൾ അവൻ നിഷേധിച്ചു തള്ളുകയും ധിക്കരി ക്കുകയും ചെയ്തു.

(22) പിന്നെ, അവൻ എതിർശ്രമങ്ങൾ നടത്തുവാനായി പിന്തിരിഞ്ഞുപോയി.

(23) അങ്ങനെ അവൻ (തന്റെ ആൾക്കാരെ) ശേഖരിച്ചു. എന്നിട്ടു വിളംബരം ചെയ്തു.

(24) ഞാൻ നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവാകുന്നു എന്ന് അവൻ പറഞ്ഞു.

(25) അപ്പോൾ പരലോകത്തിലേയും ഇഹലോകത്തിലേയും ശിക്ഷയ്ക്കായി അല്ലാഹു അവനെ പിടികൂടി.

(26) തീർച്ചയായും അതിൽ ഭയപ്പെടുന്നവർക്ക് ഒരു ഗുണപാഠ മുണ്ട്.

(27) നിങ്ങളാണോ സൃഷ്ടിക്കപ്പെടാൻ കൂടുതൽ പ്രയാസമുള്ള വർ. അതല്ല ആകാശമാണോ? അതിനെ (ആകാശത്തെ) അവൻ നിർമ്മിച്ചിരിക്കുന്നു.

(28) അതിന്റെ വിതാനം അവൻ ഉയർത്തുകയും, അതിനെ അവൻ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

(29) അതിലെ രാത്രിയെ അവൻ ഇരുട്ടാക്കുകയും, അതിലെ പകലിനെ അവൻ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

(30) അതിനു ശേഷം ഭൂമിയെ അവൻ വികസിപ്പിച്ചിരി ക്കുന്നു.

(31) അതിൽ നിന്ന് അതിലെ വെള്ളവും സസ്യജാലങ്ങളും അവൻ പുറത്തുകൊണ്ടുവരികയും ചെയ്തിരിക്കുന്നു.

(32) പർവ്വതങ്ങളെ അവൻ ഉറപ്പിച്ചുനിർത്തുകയും ചെയ് തിരിക്കുന്നു.

(33) നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപ യോഗത്തിനായിട്ട്.[2]

(34) എന്നാൽ ആ മഹാവിപത്ത് വരുന്ന സന്ദർഭം.

(35) അതായതു മനുഷ്യൻ താൻ അദ്ധ്വാനിച്ചു വെച്ചതി നെപ്പറ്റി ഓർമ്മിക്കുന്ന ദിവസം.

(36) കാണുന്നവർക്ക് വേണ്ടി നരകം വെളിവാക്കപ്പെടുന്ന ദിവസം.

(37) - (39) (അന്ന്) ആർ അതിരുകവിയുകയും, ഇഹലോക ജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം.

(40) (41) അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാ നത്തെ[3] ഭയപ്പെടുകയും, മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം.

(42) ആ അന്ത്യസമയത്തെപ്പറ്റി, അതെപ്പോഴാണ് സംഭവിക്കുക എന്ന് അവൻ നിന്നോട് ചോദിക്കുന്നു.

(43) നിനക്ക് അതിനെപ്പറ്റി എന്തു പറയാനാണുള്ളത്?[4]

(44) നിന്റെ രക്ഷിതാവിങ്കലേക്കാണ് അതിന്റെ കലാശം.

(45) അതിനെ ഭയപ്പെടുന്നവർക്ക് ഒരു താക്കീതുകാരൻ മാത്രമാണ് നീ.

(46) അതിനെ അവർ കാണുന്ന ദിവസം ഒരു വൈകുന്നേരമോ ഒരു പ്രഭാതത്തിലോ അല്ലാതെ അവർ (ഇവിടെ) കഴിച്ചു

---

1 അദ്ദേഹം താഴെയിടുന്ന വടി പാമ്പായി മാറുക എന്നതായിരുന്നു ആ മഹാദൃഷ്ടാന്തം.

2 'നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗത്തിനായിട്ട്' എന്ന വാക്യാംശം 30, 31, 32 വചനങ്ങളോട് ഒന്നിച്ച് ബന്ധപ്പെട്ടതാണ്.

3 'രക്ഷിതാവിന്റെ സ്ഥാനം' എന്നതിന് രക്ഷിതാവിന്റെ മുമ്പിൽ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ വിചാരണയ്ക്ക് വിധേയനായി നില്ക്കുന്ന സ്ഥാനം, അഥവാ ആ നില്പ് എന്നാണ് മിക്ക വ്യഖാതാക്കളും വിശദീകരണം നല്കിയിട്ടുള്ളത്.

4 അന്ത്യദിനം കൃത്യമായി എപ്പോഴാണ് സംഭവിക്കുകയെന്ന് നബി(സ)ക്ക് അല്ലാഹു അറിയിച്ചുകൊടുത്തിട്ടില്ലെന്നത്രെ ഇതിന്റെ സൂചന.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

عَبَسَ وَتَوَلَّىٰٓ ١ أَن جَآءَهُ ٱلۡأَعۡمَىٰ ٢ وَمَا يُدۡرِيكَ لَعَلَّهُۥ يَزَّكَّىٰٓ ٣ أَوۡ
يَذَّكَّرُ فَتَنفَعَهُ ٱلذِّكۡرَىٰٓ ٤ أَمَّا مَنِ ٱسۡتَغۡنَىٰ ٥ فَأَنتَ لَهُۥ تَصَدَّىٰ ٦
وَمَا عَلَيۡكَ أَلَّا يَزَّكَّىٰ ٧ وَأَمَّا مَن جَآءَكَ يَسۡعَىٰ ٨ وَهُوَ يَخۡشَىٰ ٩ فَأَنتَ
عَنۡهُ تَلَهَّىٰ ١٠ كَلَّآ إِنَّهَا تَذۡكِرَةٞ ١١ فَمَن شَآءَ ذَكَرَهُۥ ١٢ فِي صُحُفٖ مُّكَرَّمَةٖ
١٣ مَّرۡفُوعَةٖ مُّطَهَّرَةِۭ ١٤ بِأَيۡدِي سَفَرَةٖ ١٥ كِرَامِۭ بَرَرَةٖ ١٦ قُتِلَ ٱلۡإِنسَٰنُ
مَآ أَكۡفَرَهُۥ ١٧ مِنۡ أَيِّ شَيۡءٍ خَلَقَهُۥ ١٨ مِن نُّطۡفَةٍ خَلَقَهُۥ فَقَدَّرَهُۥ ١٩ ثُمَّ
ٱلسَّبِيلَ يَسَّرَهُۥ ٢٠ ثُمَّ أَمَاتَهُۥ فَأَقۡبَرَهُۥ ٢١ ثُمَّ إِذَا شَآءَ أَنشَرَهُۥ ٢٢ كَلَّا لَمَّا
يَقۡضِ مَآ أَمَرَهُۥ ٢٣ فَلۡيَنظُرِ ٱلۡإِنسَٰنُ إِلَىٰ طَعَامِهِۦٓ ٢٤ أَنَّا صَبَبۡنَا ٱلۡمَآءَ صَبّٗا
٢٥ ثُمَّ شَقَقۡنَا ٱلۡأَرۡضَ شَقّٗا ٢٦ فَأَنۢبَتۡنَا فِيهَا حَبّٗا ٢٧ وَعِنَبٗا وَقَضۡبٗا ٢٨
وَزَيۡتُونٗا وَنَخۡلٗا ٢٩ وَحَدَآئِقَ غُلۡبٗا ٣٠ وَفَٰكِهَةٗ وَأَبّٗا ٣١ مَّتَٰعٗا لَّكُمۡ
وَلِأَنۡعَٰمِكُمۡ ٣٢ فَإِذَا جَآءَتِ ٱلصَّآخَّةُ ٣٣ يَوۡمَ يَفِرُّ ٱلۡمَرۡءُ مِنۡ أَخِيهِ ٣٤
وَأُمِّهِۦ وَأَبِيهِ ٣٥ وَصَٰحِبَتِهِۦ وَبَنِيهِ ٣٦ لِكُلِّ ٱمۡرِيٕٖ مِّنۡهُمۡ يَوۡمَئِذٖ شَأۡنٞ
يُغۡنِيهِ ٣٧ وُجُوهٞ يَوۡمَئِذٖ مُّسۡفِرَةٞ ٣٨ ضَاحِكَةٞ مُّسۡتَبۡشِرَةٞ ٣٩ وَوُجُوهٞ
يَوۡمَئِذٍ عَلَيۡهَا غَبَرَةٞ ٤٠ تَرۡهَقُهَا قَتَرَةٌ ٤١ أُوْلَٰٓئِكَ هُمُ ٱلۡكَفَرَةُ ٱلۡفَجَرَةُ ٤٢

കൂട്ടിയിട്ടില്ലാത്ത പോലെയായിരിക്കും (അവർക്കു തോന്നുക).

## അബസ (മുഖം ചുളിച്ചു)

### അദ്ധ്യായം 80

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) (2) അദ്ദേഹത്തിന്റെ (നബിയുടെ) അടുത്ത് ആ അന്ധൻ വന്നതിനാൽ അദ്ദേഹം മുഖം ചുളിച്ചു തിരിഞ്ഞുകളഞ്ഞു.

(3) (നബിയേ,) നിനക്ക് എന്തറിയാം? അയാൾ (ആ അന്ധൻ) ഒരുവേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ?

(4) അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും, ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ.

(5) (6) എന്നാൽ സ്വയം പര്യാപ്തത നടിച്ചവനാകട്ടെ നീ അവന്റെ നേരെ ശ്രദ്ധതിരിക്കുന്നു.

(7) അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് കുറ്റം?

(8) - (10) എന്നാൽ (അല്ലാഹുവിനെ) ഭയപ്പെട്ടുകൊണ്ട് നിന്റെ അടുക്കൽ ഓടിവന്നവനാകട്ടെ, അവന്റെ കാര്യത്തിൽ നീ അശ്രദ്ധ കാണിക്കുന്നു.[1]

(11) നിസ്സംശയം ഇത് (ഖുർആൻ) ഒരു ഉൽബോധനമാകുന്നു; തീർച്ച.

(12) അതിനാൽ ആർ ഉദ്ദേശിക്കുന്നുവോ അവനത് ഓർമ്മിച്ചുകൊള്ളട്ടെ.

(13) (14) ആദരണീയവും ഔന്നത്യം നൽകപ്പെട്ടതും പരിശുദ്ധമാക്കപ്പെട്ടതുമായ ചില ഏടുകളിലാണിത്.[2]

(15) (16) മാന്യന്മാരും പുണ്യവാന്മാരുമായ ചില സന്ദേശവാഹകന്മാരുടെ കൈകളിലാണത്.

(17) മനുഷ്യൻ നാശമടയട്ടെ. എന്താണവൻ ഇത്ര നന്ദികെട്ടവനാകാൻ?.

(18) ഏതൊരു വസ്തുവിൽ നിന്നാണ് അല്ലാഹു അവനെ സൃഷ്ടിച്ചത്?.

(19) ഒരു ബീജത്തിൽ നിന്ന് അവനെ സൃഷ്ടിക്കുകയും, എന്നിട്ട് അവനെ (അവന്റെ കാര്യം) വ്യവസ്ഥപ്പെടുത്തു കയും ചെയ്തു.

(20) പിന്നീട് അവൻ മാർഗം എളുപ്പമാക്കുകയും ചെയ്തു.

(21) അനന്തരം അവനെ മരിപ്പിക്കുകയും, ഖബ്റിൽ മറയ്ക്കുകയും ചെയ്തു.

(22) പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ അവനെ ഉയിർത്തെഴുന്നേൽപിക്കുന്നതാണ്.

(23) നിസ്സംശയം, അവനോട് അല്ലാഹു കൽപിച്ചത് അവൻ നിർവ്വഹിച്ചില്ല.

(24) എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ചു നോക്കട്ടെ.

(25) നാം ശക്തിയായി മഴവെള്ളം ചൊരിഞ്ഞു കൊടുത്തു.

(26) പിന്നീടു നാം ഭൂമിയെ ഒരുതരത്തിൽ പിളർത്തി .[3]

(27) - (31) എന്നിട്ടതിൽ ധാന്യവും മുന്തിരിയും പച്ചക്കറി കളും ഒലീവും ഈന്തപ്പനയും ഇടതൂർന്നു നിൽക്കുന്ന തോട്ടങ്ങളും പഴവർഗവും പുല്ലും നാം മുളപ്പിച്ചു.

(32) നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപ യോഗത്തിനായിട്ട്.

(33) എന്നാൽ ചെകിടടപ്പിക്കുന്ന ആ ശബ്ദം വന്നാൽ.

(34) - (36) അതായത് മനുഷ്യൻ തന്റെ സഹോദരനെയും

---

1 നബി(സ) ഒരിക്കൽ ചില ഖുറൈശി പ്രമുഖന്മാരുമായി സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവർ ഇസ്ലാം സ്വീകരിക്കുമെന്ന പ്രതീക്ഷയിലായിരുന്നു അദ്ദേഹം. ആ സന്ദർഭത്തിലാണ് അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം റസൂലി(സ)നോട് ഇസ്ലാമികാദർശങ്ങൾ പഠിപ്പിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അങ്ങോട്ട് കടന്നു ചെന്നത്. ഒരു പാവപ്പെട്ട അന്ധന് നല്കുന്ന പരിഗണന ആ പ്രമുഖന്മാർക്ക് ഇഷ്ടപ്പെടാതെ വരുകയും, അവർ ഇസ്ലാമിനോട് തന്നെ വിമുഖത കാണിക്കാൻ അത് കാരണമാവുകയും ചെയ്തെങ്കിലോ എന്ന ആശങ്ക നിമിത്തം റസൂൽ ആ അന്ധന്റെ ആഗമനത്തിൽ അസന്തുഷ്ടി പ്രകടിപ്പിച്ചു. അത് ശരി യായില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അല്ലാഹു ഈ വചനങ്ങൾ അവതരിപ്പിച്ചത്. വിശുദ്ധ ഖുർആൻ നബി(സ) യുടെ സ്വന്തം വചനങ്ങളല്ലെന്നതിനും, വിശുദ്ധ ഖുർആനിൽ എന്തെങ്കിലും കൂട്ടുകയോ കുറക്കുകയോ ചെയ്യാൻ നബി(സ)ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ലെന്നതിനും പ്രകടമായ ഒരു തെളിവ് കൂടിയാണ് ഈ വചനങ്ങൾ.

2 ഉന്നതലോകത്ത് അല്ലാഹുവിന്റെ വചനങ്ങൾ ആലേഖനം ചെയ്തിട്ടുള്ള സുഭദ്രമായ രേഖകളെപ്പറ്റിയാണ് ഈ പരാമർശമെന്നാണ് പ്രമുഖ വ്യാഖ്യാതാക്കളുടെ അഭിപ്രായം.

3 മഴയിൽ നനഞ്ഞുകുതിർന്ന ഭൂമിയെ പിളർന്നുകൊണ്ട് മുളച്ചുപൊങ്ങുന്ന സസ്യജാലങ്ങൾ വഴിയാണ് മുഴുവൻ ജീവജാലങ്ങൾക്കും ആഹാരം ലഭിക്കുന്നത്.

മാതാ വിനെയും പിതാവിനെയും തന്റെഭാര്യയെയും തന്റെ മക്കളെയും വിട്ടോടിപ്പോകുന്ന ദിവസം.

(37) അവരിൽപ്പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാ വുന്നത്ര(ചിന്താ) വിഷയം അന്ന് ഉണ്ടായിരിക്കും.[1]

(38) (39) അന്ന് ചില മുഖങ്ങൾ പ്രസന്നതയുള്ളതും ചിരിക്കുന്ന വയും സന്തോഷം കൊള്ളുന്നവയുമായിരിക്കും.

(40) വേറെ ചില മുഖങ്ങളാകട്ടെ അന്ന് പൊടി പുരണ്ടിരി ക്കും.

(41) അവയെ കൂരിരുട്ട് മൂടിയിരിക്കും.

(42) അക്കൂട്ടരാകുന്നു അവിശ്വാസികളും അധർമ്മകാ രികളുമായിട്ടുള്ളവർ.

## തക്‌വീർ (ചുറ്റിപ്പൊതിയൽ)

### അദ്ധ്യായം 81

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമ്പോൾ,[2]

(2) നക്ഷത്രങ്ങൾ ഉതിർന്നുവീഴുമ്പോൾ,

(3) പർവ്വതങ്ങൾ സഞ്ചരിപ്പിക്കപ്പെടുമ്പോൾ,

(4) പൂർണഗർഭിണികളായ ഒട്ടകങ്ങൾ അവഗണിക്ക പ്പെടുമ്പോൾ,[3]

(5) വന്യമൃഗങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ,[4]

(6) സമുദ്രങ്ങൾ ആളിക്കത്തിക്കപ്പെടുമ്പോൾ,[5]

(7) ആത്മാവുകൾ കൂട്ടിയിണക്കപ്പെടുമ്പോൾ,[6]

(8) (9) താൻ എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന് (ജീവനോടെ) കുഴിച്ചു മൂടപ്പെട്ട പെൺകുട്ടിയോടു ചോദിക്കപ്പെടുമ്പോൾ,

(10) (കർമ്മങ്ങൾ രേഖപ്പെടുത്തിയ) ഏടുകൾ തുറന്നു വെക്കപ്പെടുമ്പോൾ.

(11) ഉപരിലോകം മറ നീക്കിക്കാണിക്കപ്പെടുമ്പോൾ.

(12) ജ്വലിക്കുന്ന നരകാഗ്നി ആളിക്കത്തിക്കപ്പെടു മ്പോൾ.

(13) സ്വർഗം അടുത്തുകൊണ്ടു വരപ്പെടുമ്പോൾ.

(14) ഓരോ വ്യക്തിയും താൻ തയ്യാറാക്കിക്കൊണ്ടു വന്നിട്ടുള്ളത് എന്തെന്ന് അറിയുന്നതാണ്[7]

سُورَةُ التَّكۡوِيرِ
ترتيبها ٨١ — آياتها ٢٩

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِذَا ٱلشَّمۡسُ كُوِّرَتۡ ﴿١﴾ وَإِذَا ٱلنُّجُومُ ٱنكَدَرَتۡ ﴿٢﴾ وَإِذَا ٱلۡجِبَالُ
سُيِّرَتۡ ﴿٣﴾ وَإِذَا ٱلۡعِشَارُ عُطِّلَتۡ ﴿٤﴾ وَإِذَا ٱلۡوُحُوشُ حُشِرَتۡ
﴿٥﴾ وَإِذَا ٱلۡبِحَارُ سُجِّرَتۡ ﴿٦﴾ وَإِذَا ٱلنُّفُوسُ زُوِّجَتۡ ﴿٧﴾ وَإِذَا
ٱلۡمَوۡءُۥدَةُ سُئِلَتۡ ﴿٨﴾ بِأَيِّ ذَنۢبٖ قُتِلَتۡ ﴿٩﴾ وَإِذَا ٱلصُّحُفُ نُشِرَتۡ
﴿١٠﴾ وَإِذَا ٱلسَّمَآءُ كُشِطَتۡ ﴿١١﴾ وَإِذَا ٱلۡجَحِيمُ سُعِّرَتۡ ﴿١٢﴾ وَإِذَا ٱلۡجَنَّةُ
أُزۡلِفَتۡ ﴿١٣﴾ عَلِمَتۡ نَفۡسٞ مَّآ أَحۡضَرَتۡ ﴿١٤﴾ فَلَآ أُقۡسِمُ بِٱلۡخُنَّسِ ﴿١٥﴾
ٱلۡجَوَارِ ٱلۡكُنَّسِ ﴿١٦﴾ وَٱلَّيۡلِ إِذَا عَسۡعَسَ ﴿١٧﴾ وَٱلصُّبۡحِ إِذَا تَنَفَّسَ ﴿١٨﴾
إِنَّهُۥ لَقَوۡلُ رَسُولٖ كَرِيمٖ ﴿١٩﴾ ذِي قُوَّةٍ عِندَ ذِي ٱلۡعَرۡشِ مَكِينٖ ﴿٢٠﴾ مُّطَاعٖ
ثَمَّ أَمِينٖ ﴿٢١﴾ وَمَا صَاحِبُكُم بِمَجۡنُونٖ ﴿٢٢﴾ وَلَقَدۡ رَءَاهُ بِٱلۡأُفُقِ ٱلۡمُبِينِ
﴿٢٣﴾ وَمَا هُوَ عَلَى ٱلۡغَيۡبِ بِضَنِينٖ ﴿٢٤﴾ وَمَا هُوَ بِقَوۡلِ شَيۡطَٰنٖ رَّجِيمٖ ﴿٢٥﴾
فَأَيۡنَ تَذۡهَبُونَ ﴿٢٦﴾ إِنۡ هُوَ إِلَّا ذِكۡرٞ لِّلۡعَٰلَمِينَ ﴿٢٧﴾ لِمَن شَآءَ مِنكُمۡ أَن
يَسۡتَقِيمَ ﴿٢٨﴾ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ ﴿٢٩﴾

سُورَةُ الانفِطَارِ
ترتيبها ٨٢ — آياتها ٢٩

(15) (16) പിൻവാങ്ങിപ്പോകുന്നവയും സഞ്ചരിച്ചു കൊണ്ടിരിക്കുന്നവയും അപ്രത്യക്ഷമായി കൊണ്ടിരി ക്കുന്നവയുമായവയെ (നക്ഷത്രങ്ങളെ) കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു:

(17) (18) രാത്രി നീങ്ങുമ്പോൾ അതുകൊണ്ടും, പ്രഭാതം വിടർന്നു വരുമ്പോൾ അതുകൊണ്ടും, സത്യം ചെയ്തു പറയുന്നു:

(19) - (21) തീർച്ചയായും ഇത് (ഖുർആൻ) മാന്യനും, ശക്തിയുള്ളവനും, സിംഹാസനസ്ഥനായ അല്ലാഹു വിങ്കൽ സ്ഥാനമുള്ളവനും അവിടെ അനുസരി ക്കപ്പെടുന്നവനും വിശ്വസ്തനുമായ ഒരു ദൂതന്റെ[8] വാക്കാകുന്നു.

(22) നിങ്ങളുടെ കൂട്ടുകാരൻ (പ്രവാചകൻ) ഒരു ഭ്രാന്തനല്ല തന്നെ.

(23) തീർച്ചയായും അദ്ദേഹത്തെ (ജിബിരീൽ എന്ന ദൂതനെ) പ്രത്യക്ഷമായ മണ്ഡലത്തിൽ വെച്ച് അദ്ദേഹം കണ്ടിട്ടുണ്ട്.

(24) അദ്ദേഹം അദൃശ്യവാർത്തയുടെ കാര്യത്തിൽ

---

1 അന്ത്യദിനത്തിൽ ഒരേ മനുഷ്യനും അത്യന്തം ഭയവിഹ്വലനാ യിരിക്കും. സ്വന്തം ഭാവിയെപ്പറ്റി ഉത്കണ്ഠ നിമിത്തം മറ്റു ള്ളവരെപ്പറ്റി ചിന്തിക്കാനോ ഇതരരുടെ പ്രശ്നങ്ങൾ പരിഹ രിക്കാനോ അവർക്ക് ഒഴിവുണ്ടായിരിക്കുകയില്ല.

2 സൂര്യൻ കെട്ടടങ്ങി പ്രകാശരഹിതമാകുമ്പോൾ എന്നർത്ഥം.

3 അറബികളെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട സമ്പത്തായി രുന്നു ഗർഭം മുറ്റിയ ഒട്ടകങ്ങൾ. അന്ത്യദിനത്തിൽ അവയെ തിരിഞ്ഞു നോക്കാൻ ആളില്ലാതാകുമെന്നർത്ഥം.

4 പരിഭ്രാന്തി നിമിത്തം അന്ത്യദിനത്തിൽ വന്യമൃഗങ്ങളെല്ലാം ഓരോ കേന്ദ്രങ്ങളിൽ ഓടിക്കൂടുമെന്നും, ആരെയും ആക്രമിക്കാൻ അവ താല്പര്യം കാണിക്കുകയില്ലെന്നും ആയിരിക്കാം ഉദ്ദേശ്യം.

5 'സുജ്ജിറ' എന്ന വാക്കിന് ആളിക്കത്തിച്ചു എന്നും, തിളച്ചു മറിയുന്നതാക്കി എന്നും അർത്ഥമുണ്ട്.

6 സജ്ജനങ്ങൾ സജ്ജനങ്ങളോടൊപ്പവും, ദുർജ്ജനങ്ങൾ ദുർജ്ജനങ്ങളോടൊപ്പവും സമ്മേളിക്കപ്പെടുമ്പോൾ എന്നാണ് ചില വ്യാഖ്യാതാക്കൾ ഈ വാക്യാംശത്തിന് വിശദീകരണം നല്കിയിട്ടുള്ളത്.

7 പരലോകത്ത് സദ്ഫലങ്ങൾ നൽകുന്ന സദ്കർമ്മങ്ങളാണോ, ദുഷ്ഫലങ്ങൾ നൽകുന്ന ദുഷ്കർമ്മങ്ങളാണോ താൻ ഇഹ ലോകത്ത് അനുഷ്ഠിച്ചിരുന്നതെന്ന് ഉയിർത്തെഴു ന്നേൽപ്പിന്റെ നാളിൽ കർമ്മങ്ങളുടെ രേഖകയ്യിൽ കിട്ടുന്നതോടെ ഓരോരു ത്തർക്കും വ്യക്തമാകുന്നതാണ്.

8 നബി(സ)ക്ക് അല്ലാഹുവിങ്കൽ നിന്ന് സന്ദേശമെത്തിച്ചു കൊ ടുക്കുന്ന ജിബിരീൽ (അ) എന്ന മലക്കിനെ പറ്റിയാണ് ഈ പരാമർശം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِذَا ٱلسَّمَآءُ ٱنفَطَرَتۡ ﴿١﴾ وَإِذَا ٱلۡكَوَاكِبُ ٱنتَثَرَتۡ ﴿٢﴾ وَإِذَا ٱلۡبِحَارُ
فُجِّرَتۡ ﴿٣﴾ وَإِذَا ٱلۡقُبُورُ بُعۡثِرَتۡ ﴿٤﴾ عَلِمَتۡ نَفۡسٞ مَّا قَدَّمَتۡ
وَأَخَّرَتۡ ﴿٥﴾ يَٰٓأَيُّهَا ٱلۡإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلۡكَرِيمِ ﴿٦﴾ ٱلَّذِي
خَلَقَكَ فَسَوَّىٰكَ فَعَدَلَكَ ﴿٧﴾ فِيٓ أَيِّ صُورَةٖ مَّا شَآءَ رَكَّبَكَ ﴿٨﴾
كَلَّا بَلۡ تُكَذِّبُونَ بِٱلدِّينِ ﴿٩﴾ وَإِنَّ عَلَيۡكُمۡ لَحَٰفِظِينَ ﴿١٠﴾ كِرَامٗا
كَٰتِبِينَ ﴿١١﴾ يَعۡلَمُونَ مَا تَفۡعَلُونَ ﴿١٢﴾ إِنَّ ٱلۡأَبۡرَارَ لَفِي نَعِيمٖ ﴿١٣﴾ وَإِنَّ
ٱلۡفُجَّارَ لَفِي جَحِيمٖ ﴿١٤﴾ يَصۡلَوۡنَهَا يَوۡمَ ٱلدِّينِ ﴿١٥﴾ وَمَا هُمۡ عَنۡهَا بِغَآئِبِينَ
﴿١٦﴾ وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ ﴿١٧﴾ ثُمَّ مَآ أَدۡرَىٰكَ مَا يَوۡمُ ٱلدِّينِ
﴿١٨﴾ يَوۡمَ لَا تَمۡلِكُ نَفۡسٞ لِّنَفۡسٖ شَيۡـٔٗاۖ وَٱلۡأَمۡرُ يَوۡمَئِذٖ لِّلَّهِ ﴿١٩﴾

## سُورَةُ المُطَفِّفِين

ترتيبها ٨٣ — آياتها ٣٦

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَيۡلٞ لِّلۡمُطَفِّفِينَ ﴿١﴾ ٱلَّذِينَ إِذَا ٱكۡتَالُواْ عَلَى ٱلنَّاسِ يَسۡتَوۡفُونَ ﴿٢﴾
وَإِذَا كَالُوهُمۡ أَو وَّزَنُوهُمۡ يُخۡسِرُونَ ﴿٣﴾ أَلَا يَظُنُّ أُوْلَٰٓئِكَ أَنَّهُم
مَّبۡعُوثُونَ ﴿٤﴾ لِيَوۡمٍ عَظِيمٖ ﴿٥﴾ يَوۡمَ يَقُومُ ٱلنَّاسُ لِرَبِّ ٱلۡعَٰلَمِينَ ﴿٦﴾

പിശുക്കു കാണിക്കുന്നവനുമല്ല.[1]

(25) ഇതു (ഖുർആൻ) ശപിക്കപ്പെട്ട ഒരു പിശാചിന്റെ വാക്കുമല്ല.

(26) അപ്പോൾ എങ്ങോട്ടാണ് നിങ്ങൾ പോകുന്നത്?

(27) ഇത് ലോകർക്ക് വേണ്ടിയുള്ള ഒരു ഉൽബോധന മല്ലാതെ മറെറാന്നുമല്ല.

(28) അതായത് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് നേരെ നിലകൊള്ളാൻ ഉദ്ദേശിച്ചവർക്ക് വേണ്ടി.

(29) ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെ ങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.[2]

## ഇൻഫിത്വാർ (പൊട്ടിക്കീറൽ)

### അദ്ധ്യായം 82

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ആകാശം പൊട്ടിപ്പിളരുമ്പോൾ.

(2) നക്ഷത്രങ്ങൾ കൊഴിഞ്ഞു വീഴുമ്പോൾ.

(3) സമുദ്രങ്ങൾ പൊട്ടി ഒഴുക്കപ്പെടുമ്പോൾ.

(4) ഖബറുകൾ ഇളക്കിമറിക്കപ്പെടുമ്പോൾ.

(5) ഓരോ വ്യക്തിയും താൻ മുൻകൂട്ടി ചെയ്തു വെ ച്ചതും പിന്നോട്ട് മാററിവെച്ചതും എന്താണ് എന്ന് അറിയുന്നതാണ്.

(6) ഹേ; മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചു കളഞ്ഞതെന്താണ്?[3]

(7) (8) നിന്നെ സൃഷ്ടിക്കുകയും, നിന്നെ സംവിധാനി ക്കുകയും, നിന്നെ ശരിയായ അവസ്ഥയിലാക്കു കയും, താനുദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടി പ്പിക്കുകയും ചെയ്തവനത്രെ അവൻ.

(9) അല്ല; പക്ഷെ, പ്രതിഫല നടപടിയെ നിങ്ങൾ നിഷേ ധിച്ചു തള്ളുന്നു.

(10) തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽ നോട്ട ക്കാരുണ്ട്.

(11) രേഖപ്പെടുത്തിവെക്കുന്ന ചില മാന്യന്മാർ.[4]

(12) നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു.

(13) തീർച്ചയായും സുകൃതവാന്മാർ സുഖാനുഭവത്തിൽ തന്നെയായിരിക്കും.

(14) തീർച്ചയായും ദുർമാർഗികൾ ജ്വലിക്കുന്ന നരകാഗ്നി യിൽ തന്നെയായിരിക്കും.

(15) പ്രതിഫലത്തിന്റെ നാളിൽ അവരതിൽ കടന്ന് എരിയുന്നതാണ്.

(16) അവർക്ക് അതിൽ നിന്ന് മാറിനില്ക്കാനാവില്ല.

(17) പ്രതിഫലനടപടിയുടെ ദിവസം എന്നാൽ എന്താ ണെന്ന് നിനക്കറിയാമോ?

(18) വീണ്ടും; പ്രതിഫല നടപടിയുടെ ദിവസം എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

(19) ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി യാതൊന്നും അധീന പ്പെടുത്താനാവാത്ത ഒരു ദിവസം. അന്നേ ദിവസം കൈകാര്യകർത്തൃത്വം അല്ലാഹുവിന്നായിരിക്കും.

## മുത്വഫ്ഫിഫീൻ (അളവിൽ കമ്മി വരുത്തുന്നവൻ)

### അദ്ധ്യായം 83

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) അളവിൽ കുറക്കുന്നവർക്ക് മഹാനാശം.

(2) (3) അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാ ണെങ്കിൽ തികച്ചെടുക്കുകയും, ജനങ്ങൾക്കു അള ന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെ ങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്.

(4) (5) അക്കൂട്ടർ വിചാരിക്കുന്നില്ലേ? തങ്ങൾ

---

1 നബി(സ)ക്ക് അറിയിച്ചുകൊടുക്കാൻ അല്ലാഹു ഏല്പിച്ച അദൃശ്യവിവരങ്ങൾ ഒട്ടും കമ്മിവരുത്താതെ ജിബ്‌രീൽ(അ) അറിയിച്ചു കൊടുക്കുകതന്നെ ചെയ്യുമെന്നർത്ഥം.

2 ദൈവഹിതത്തിനെതിരായി യാതൊരു തീരുമാനവും എടുത്ത് നടപ്പിലാക്കാൻ മനുഷ്യർക്ക് സാദ്ധ്യമല്ല.

3 നിന്റെ രക്ഷിതാവ് വളരെ ഉദാരമായി അവന്റെ അനുഗ്രഹ ങ്ങൾ നിനക്ക് നൽകിയിട്ടും ആരുടെ വഞ്ചനയിൽ അകപ്പെട്ടിട്ടാണ് നീ അവനെ നിഷേധിച്ചുതള്ളുകയും വ്യാജദൈവങ്ങളെ സ്വീകരി ക്കുകയും ചെയ്തത് എന്നർത്ഥം.

4 അല്ലാഹുവിന്റെ നിർദേശപ്രകാരം ഒരോ മനുഷ്യന്റെയും വാക്കുകളും പ്രവൃത്തികളും രേഖപ്പെടുത്തിവെക്കുന്ന മലക്കുകൾ.

كَلَّآ إِنَّ كِتَٰبَ ٱلْفُجَّارِ لَفِى سِجِّينٍ ﴿٧﴾ وَمَآ أَدْرَىٰكَ مَا سِجِّينٌ ﴿٨﴾ كِتَٰبٌ
مَّرْقُومٌ ﴿٩﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٠﴾ ٱلَّذِينَ يُكَذِّبُونَ بِيَوْمِ ٱلدِّينِ ﴿١١﴾
وَمَا يُكَذِّبُ بِهِۦٓ إِلَّا كُلُّ مُعْتَدٍ أَثِيمٍ ﴿١٢﴾ إِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا قَالَ أَسَٰطِيرُ
ٱلْأَوَّلِينَ ﴿١٣﴾ كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُوا۟ يَكْسِبُونَ ﴿١٤﴾ كَلَّآ إِنَّهُمْ
عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ ﴿١٥﴾ ثُمَّ إِنَّهُمْ لَصَالُوا۟ ٱلْجَحِيمِ ﴿١٦﴾ ثُمَّ يُقَالُ
هَٰذَا ٱلَّذِى كُنتُم بِهِۦ تُكَذِّبُونَ ﴿١٧﴾ كَلَّآ إِنَّ كِتَٰبَ ٱلْأَبْرَارِ لَفِى عِلِّيِّينَ
﴿١٨﴾ وَمَآ أَدْرَىٰكَ مَا عِلِّيُّونَ ﴿١٩﴾ كِتَٰبٌ مَّرْقُومٌ ﴿٢٠﴾ يَشْهَدُهُ ٱلْمُقَرَّبُونَ
﴿٢١﴾ إِنَّ ٱلْأَبْرَارَ لَفِى نَعِيمٍ ﴿٢٢﴾ عَلَى ٱلْأَرَآئِكِ يَنظُرُونَ ﴿٢٣﴾ تَعْرِفُ فِى
وُجُوهِهِمْ نَضْرَةَ ٱلنَّعِيمِ ﴿٢٤﴾ يُسْقَوْنَ مِن رَّحِيقٍ مَّخْتُومٍ ﴿٢٥﴾
خِتَٰمُهُۥ مِسْكٌ ۚ وَفِى ذَٰلِكَ فَلْيَتَنَافَسِ ٱلْمُتَنَٰفِسُونَ ﴿٢٦﴾ وَمِزَاجُهُۥ
مِن تَسْنِيمٍ ﴿٢٧﴾ عَيْنًا يَشْرَبُ بِهَا ٱلْمُقَرَّبُونَ ﴿٢٨﴾ إِنَّ ٱلَّذِينَ
أَجْرَمُوا۟ كَانُوا۟ مِنَ ٱلَّذِينَ ءَامَنُوا۟ يَضْحَكُونَ ﴿٢٩﴾ وَإِذَا مَرُّوا۟ بِهِمْ
يَتَغَامَزُونَ ﴿٣٠﴾ وَإِذَا ٱنقَلَبُوٓا۟ إِلَىٰٓ أَهْلِهِمُ ٱنقَلَبُوا۟ فَكِهِينَ ﴿٣١﴾
وَإِذَا رَأَوْهُمْ قَالُوٓا۟ إِنَّ هَٰٓؤُلَآءِ لَضَآلُّونَ ﴿٣٢﴾ وَمَآ أُرْسِلُوا۟ عَلَيْهِمْ
حَٰفِظِينَ ﴿٣٣﴾ فَٱلْيَوْمَ ٱلَّذِينَ ءَامَنُوا۟ مِنَ ٱلْكُفَّارِ يَضْحَكُونَ ﴿٣٤﴾

ഭയങ്ക രമായ ഒരു ദിവസത്തിനായി എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്.

6 അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴു ന്നേറ്റുവരുന്ന ദിവസം.

7 നിസ്സംശയം;ദുർമാർഗികളുടെ രേഖ 'സിജ്ജീനി' ൽ തന്നെയായിരിക്കും.

8 സിജ്ജീൻ എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

9 എഴുതപ്പെട്ട ഒരു ഗ്രന്ഥമാകുന്നു അത്.[1]

10 അന്നേ ദിവസം നിഷേധിച്ചു തള്ളുന്നവർക്കാകുന്നു നാശം.

11 അതായത് പ്രതിഫലനടപടിയുടെ ദിവസത്തെ നിഷേധിച്ചു തള്ളുന്നവർക്ക്.

12 എല്ലാ അതിരു വിട്ടവനും മഹാപാപിയുമായിട്ടുള്ളവനല്ലാതെ അതിനെ നിഷേധിച്ചു തള്ളുകയില്ല.

13 അവന്ന് നമ്മുടെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുകയാണെങ്കിൽ അവൻ പറയും; പൂർവ്വികന്മാരുടെ ഐതിഹ്യങ്ങളാണെന്ന്.

14 അല്ല; പക്ഷെ, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് അവരുടെ ഹൃദങ്ങളിന്മേൽ കറയുണ്ടാക്കിയിരിക്കുന്നു.

15 അല്ല; തീർച്ചയായും അവൻ അന്നേ ദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു.[2]

16 പിന്നീടവർ ജ്വലിക്കുന്ന നരകാഗ്നിയിൽ കടന്നെരി യുന്നവരാകുന്നു.

17 പിന്നീട് പറയപ്പെടും; ഇതാണ് നിങ്ങൾ നിഷേധി ച്ചുതള്ളിക്കൊണ്ടിരുന്ന കാര്യം.

18 നിസ്സംശയം; പുണ്യവാന്മാരുടെ രേഖ 'ഇല്ലിയ്യൂ' നിൽ തന്നെയായിരിക്കും.

19 'ഇല്ലിയ്യൂൻ' എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

20 എഴുതപ്പെട്ട ഒരു രേഖയത്രെ അത്.[3]

21 സാമീപ്യം സിദ്ധിച്ചവർ അതിന്റെ അടുക്കൽ സന്നി ഹിതരാകുന്നതാണ്.[4]

22 തീർച്ചയായും സുകൃതവാന്മാർ സുഖാനുഭവത്തി ൽ തന്നെയായിരിക്കും.

23 സോഫകളിലിരുന്ന് അവർനോക്കിക്കൊണ്ടിരിക്കും

24 അവരുടെ മുഖങ്ങളിൽ സുഖാനുഭവത്തിന്റെ തിളക്കം നിനക്കറിയാം.

25 മുദ്രവെക്കപ്പെട്ട ശുദ്ധമായ മദ്യത്തിൽ നിന്ന് അവ ർക്ക് കുടിക്കാൻ നല്കപ്പെടും.

26 അതിന്റെ മുദ്ര കസ്തൂരിയായിരിക്കും. വാശി കാണിക്കുന്നവർ അതിനുവേണ്ടി വാശി കാണിക്കട്ടെ.

27 അതിലെ ചേരുവ 'തസ്നീം' ആയിരിക്കും.

28 അതായത് സാമീപ്യം സിദ്ധിച്ചവർ കുടിക്കുന്ന ഒരു ഉറവു ജലം.

29 തീർച്ചയായും കുറ്റകൃത്യത്തിലേർപ്പെട്ടവർ സത്യവി ശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു.

30 അവരുടെ (സത്യവിശ്വാസികളുടെ) മുമ്പിലൂടെ കട ന്നുപോകുമ്പോൾ അവർ പരസ്പരം കണ്ണിട്ടു കാണിക്കുമായിരുന്നു.

31 അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചുചെല്ലുമ്പോൾ രസിച്ചുകൊണ്ട് അവർ തിരിച്ചു ചെല്ലുമായിരുന്നു.

32 അവരെ (സത്യവിശ്വാസികളെ) അവർ കാണുമ്പോൾ, 'തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണ്' എന്ന് അവർ പറയുകയും ചെയ്യുമായിരുന്നു.

33 അവരുടെ (സത്യവിശ്വാസികളുടെ)മേൽ മേൽനോട്ടക്കാ രായിട്ട് അവർ നിയോഗിക്കപ്പെട്ടിട്ടൊന്നുമില്ല.

34 എന്നാൽ അന്ന് (ഖിയാമത്ത് നാളിൽ) ആ സത്യ

---

1 മുഴുവൻ അധർമ്മകാരികളുടെയും കർമ്മങ്ങൾ രേഖപ്പെടുത്തിയ രേഖകളുടെ സമുച്ചയമാണ് 'സിജ്ജീൻ' എന്നാണ് പല വ്യാഖ്യാതാക്കളുടെയും നിഗമനം

2 സത്യവിശ്വാസികൾക്ക് പരലോകത്ത് അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയിലൂടെ അനിതരമായ ആനന്ദാനുഭൂതി ലഭിക്കുന്നതാണ്. എന്നാൽ ഇതിനുള്ള അവസരം അവിശ്വാസികൾക്ക് നിഷേധിക്കപ്പെടുന്നതാണ്.

3 സച്ചരിതരുടെ കർമ്മങ്ങൾ രേഖപ്പെടുത്തിയ രേഖകളുടെ സമാഹാരമാണ് 'ഇല്ലിയ്യുൻ' എന്നാണ് പല വ്യാഖ്യാതാക്കളുടെയും നിഗമനം.

4 'യശ്ഹദു' എന്ന വാക്കിന് സാക്ഷ്യം വഹിക്കും എന്നും സന്നിഹിതരാകും എന്നും അർത്ഥമുണ്ട്. സാമീപ്യം സിദ്ധിച്ച വർ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിന്റെ മലക്കുകളാണെന്നാണ് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്. ആ രേഖാസമാഹാരത്തിന് മലക്കുകളുടെ സാക്ഷ്യം അല്ലെങ്കിൽ കാവൽ ഉണ്ടായിരിക്കുമെന്ന് വിവക്ഷ.

عَلَى ٱلْأَرَآئِكِ يَنظُرُونَ ﴿٣٥﴾ هَلْ ثُوِّبَ ٱلْكُفَّارُ مَا كَانُوا۟ يَفْعَلُونَ ﴿٣٦﴾

ترتيبها ٨٤ — سُورَةُ الانشِقَاق — آياتها ٢٥

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِذَا ٱلسَّمَآءُ ٱنشَقَّتْ ﴿١﴾ وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٢﴾ وَإِذَا ٱلْأَرْضُ مُدَّتْ
﴿٣﴾ وَأَلْقَتْ مَا فِيهَا وَتَخَلَّتْ ﴿٤﴾ وَأَذِنَتْ لِرَبِّهَا وَحُقَّتْ ﴿٥﴾ يَٰٓأَيُّهَا
ٱلْإِنسَٰنُ إِنَّكَ كَادِحٌ إِلَىٰ رَبِّكَ كَدْحًا فَمُلَٰقِيهِ ﴿٦﴾ فَأَمَّا مَنْ أُوتِىَ
كِتَٰبَهُۥ بِيَمِينِهِۦ ﴿٧﴾ فَسَوْفَ يُحَاسَبُ حِسَابًا يَسِيرًا ﴿٨﴾ وَيَنقَلِبُ
إِلَىٰٓ أَهْلِهِۦ مَسْرُورًا ﴿٩﴾ وَأَمَّا مَنْ أُوتِىَ كِتَٰبَهُۥ وَرَآءَ ظَهْرِهِۦ ﴿١٠﴾ فَسَوْفَ
يَدْعُوا۟ ثُبُورًا ﴿١١﴾ وَيَصْلَىٰ سَعِيرًا ﴿١٢﴾ إِنَّهُۥ كَانَ فِىٓ أَهْلِهِۦ مَسْرُورًا ﴿١٣﴾
إِنَّهُۥ ظَنَّ أَن لَّن يَحُورَ ﴿١٤﴾ بَلَىٰٓ إِنَّ رَبَّهُۥ كَانَ بِهِۦ بَصِيرًا ﴿١٥﴾ فَلَآ أُقْسِمُ
بِٱلشَّفَقِ ﴿١٦﴾ وَٱلَّيْلِ وَمَا وَسَقَ ﴿١٧﴾ وَٱلْقَمَرِ إِذَا ٱتَّسَقَ ﴿١٨﴾
لَتَرْكَبُنَّ طَبَقًا عَن طَبَقٍ ﴿١٩﴾ فَمَا لَهُمْ لَا يُؤْمِنُونَ ﴿٢٠﴾ وَإِذَا قُرِئَ
عَلَيْهِمُ ٱلْقُرْءَانُ لَا يَسْجُدُونَ ۩ ﴿٢١﴾ بَلِ ٱلَّذِينَ كَفَرُوا۟ يُكَذِّبُونَ
﴿٢٢﴾ وَٱللَّهُ أَعْلَمُ بِمَا يُوعُونَ ﴿٢٣﴾ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٢٤﴾
إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٢٥﴾

വിശ്വാസികൾ സത്യനിഷേധികളെ കളിയാക്കി ചിരിക്കുന്നതാണ്.

(35) സോഫകളിൽ ഇരുന്ന് അവർ നോക്കികൊണ്ടിരിക്കും.

(36) സത്യനിഷേധികൾ ചെയ്തുകൊണ്ടിരുന്നതിന് അവ ർക്ക് പ്രതിഫലം നൽകപ്പെട്ടുവോ എന്ന്.

## ഇൻശിഖാഖ് (പൊട്ടിപിളരൽ)

### അദ്ധ്യായം 84

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) (2) ആകാശം പിളരുകയും അത് അതിന്റെ രക്ഷിതാവിന് കീഴ്പ്പെടുകയും ചെയ്യുമ്പോൾ– അത് (അങ്ങനെ കീഴ്പെടാൻ) കടപ്പെട്ടിരിക്കുന്നുതാനും.

(3) - (5) ഭൂമി നീട്ടപ്പെടുകയും അതിലുള്ളത് അത് (പുറത്തേക്ക്) ഇടുകയും, അത് കാലിയായി തീരുകയും, അതിന്റെ രക്ഷിതാവിന് അത് കീഴ്പ്പെടുകയും ചെയ്യുമ്പോൾ– അത് (അങ്ങനെ കീഴ്പെടാൻ) കടപ്പെട്ടിരിക്കുന്നുതാനും.[1]

(6) ഹേ, മനുഷ്യാ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് കടുത്ത അദ്ധ്വാനം നടത്തി ചെല്ലുവാനും[2] അങ്ങനെ അവനുമായി കണ്ടുമുട്ടുന്നവനുമാകുന്നു.

(7) (8) എന്നാൽ പരലോകത്ത് ഏതൊരുവന് തന്റെ രേഖ വലതുകയ്യിൽ നൽകപ്പെടുന്നുവോ അവൻ ലഘുവായ വിചാരണക്ക് (മാത്രം) വിധേയനാകു ന്നതാണ്.

(9) അവൻ അവന്റെ സ്വന്തക്കാരുടെ അടുത്തേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ചു പോകുകയും ചെയ്യും.

(10) - (12) എന്നാൽ ഏതൊരുവന്ന് തന്റെ രേഖ അവന്റെ മുതുകിന്റെ പിന്നിലൂടെ കൊടുക്കപ്പെട്ടുവോ അവൻ 'നാശമേ' എന്ന് നിലവിളിക്കുകയും, ആളിക്കത്തുന്ന നരകാഗ്നിയിൽ കടന്ന് എരിയുകയും ചെയ്യും.

(13) തീർച്ചയായും അവൻ അവന്റെ സ്വന്തക്കാർക്കിടയിൽ സന്തോഷത്തോടെ കഴിയുന്നവനായിരുന്നു.

(14) തീർച്ചയായും അവൻ ധരിച്ചു; അവൻ മടങ്ങി വരുന്നതേ അല്ല എന്ന്.

(15) അതെ തീർച്ചയായും അവന്റെ രക്ഷിതാവ് അവനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

(16) - (18) എന്നാൽ അസ്തമയ ശോഭയെകൊണ്ടും, രാത്രിയും അത് ഒന്നിച്ചു ചേർക്കുന്നവയും കൊണ്ടും,[3] ചന്ദ്രൻ പൂർണ്ണത പ്രാപിക്കുമ്പോൾ അതിനെ കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു:

(19) തീർച്ചയായും നിങ്ങൾ ഘട്ടംഘട്ടമായി കയറിക്കൊണ്ടിരിക്കുന്നവരാണ്.[4]

(20) എന്നാൽ അവർക്കെന്തുപറ്റി? അവർ വിശ്വസിക്കുന്നില്ല.

(21) അവർക്ക് ഖുർആൻ ഓതിക്കൊടുക്കപ്പെട്ടാൽ അവർ സുജൂദ് ചെയ്യുന്നുമില്ല.[5]

(22) പക്ഷെ അവിശ്വാസികൾ നിഷേധിച്ചു തള്ളുകയാണ്.

(23) അവർ മനസ്സുകളിൽ സൂക്ഷിച്ചുവെക്കുന്നതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

(24) ആകയാൽ (നബിയേ,) നീ അവർക്ക് വേദനയേറിയ ഒരു ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

(25) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തി

---

1 അന്ത്യദിനത്തിൽ സംഭവിക്കുന്നകാര്യങ്ങളാണ് ഒന്നു മുതൽ അഞ്ച് കൂടി വചനങ്ങളിൽ പറയപ്പെട്ടതെല്ലാം.

2 നല്ലതോ ചീത്തയോ ആയ കാര്യങ്ങൾക്ക് വോണ്ടിയുള്ള നിരന്തരമായ അദ്ധ്വാനത്തിനിടയിലാണ് മനുഷ്യൻ മരണത്തെ കണ്ടുമുട്ടുന്നതും അല്ലാഹുവിങ്കലേക്ക് തിരിച്ചുചെല്ലുകയും ചെയ്യുന്നത്.

3 പ്രഭാതത്തിൽ കൂട് വിട്ട് പറത്തിറങ്ങുന്ന ജന്തുജാലങ്ങളും, വീടുവിട്ട് വിവിധ ജോലികൾക്ക് പുറപ്പെടുന്ന മനുഷ്യരും രാത്രിയിൽ കൂടുകളിലും വീടുകളിലും ഒന്നിച്ചുചേരുന്നതിനെപ്പറ്റിയാകാം സൂചന.

4 മനുഷ്യ ജീവിതം ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു. ഭൗതികവും അത്മീയവുമായ എല്ലാ പുരോഗതിയും ഘട്ടംഘട്ടമായിട്ടാണല്ലോ നട ക്കുന്നത്.

5 ഈ വചനം പാരായണം ചെയ്യുന്ന സമയത്ത് നബി(സ) സാഷ്ടാംഗം ചെയ്തതായി ഹദീസുകളിൽ വന്നിട്ടുണ്ട്. 'ലായസ്ജുദുൻ' എന്ന വാക്കിന് 'അവർ താഴ്മ കാണിക്കുന്നില്ല' എന്നാണ് ചില വ്യാഖ്യാതാക്കൾ അർത്ഥം നല്കിയിട്ടുള്ളത്.

ക്കുകയും ചെയ്തവർക്കൊഴികെ. അവർക്കു മുറിഞ്ഞു പോകാത്ത പ്രതിഫലമുണ്ട്.

## ബുറൂജ്
## (നക്ഷത്ര മണ്ഡലങ്ങൾ)
### അദ്ധ്യായം 85

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) നക്ഷത്ര മണ്ഡലങ്ങളുള്ള ആശാശം തന്നെയാണ സത്യം.
(2) വാഗ്ദാനം ചെയ്യപ്പെട്ട ആ ദിവസം തന്നെയാണ സത്യം.
(3) സാക്ഷിയും സാക്ഷ്യം വഹിക്കപ്പെടുന്ന കാര്യവും തന്നെയാണ സത്യം.
(4) ആ കിടങ്ങിന്റെ ആൾക്കാർ നശിച്ചുപോകട്ടെ
(5) അതായത് വിറകു നിറച്ച തീയുടെ ആൾക്കാർ.
(6) അവർ അതിങ്കൽ ഇരിക്കുന്നവരായിരുന്ന സന്ദർഭം!
(7) സത്യവിശ്വാസികളെക്കൊണ്ട് തങ്ങൾ ചെയ്യുന്നതിന് അവർ ദൃക്സാക്ഷികളായിരുന്നു.[1]
(8) (9) പ്രതാപശാലിയും സ്തുത്യർഹനും ആകാശങ്ങ ളുടെയും ഭൂമിയുടെയും മേൽ ആധിപത്യം ഉള്ളവ നുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നു എന്നത് മാത്രമായിരുന്നു അവരുടെ (സത്യവിശ്വാസികളുടെ) മേൽ അവർ (മർദ്ദകർ) ചുമത്തിയ കുറ്റം. അല്ലാഹു എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു.
(10) സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും മർദ്ദിക്കുകയും, പിന്നീട് പശ്ചാത്തപിക്കാതിരിക്കു കയും ചെയ്തവരാരോ അവർക്കു നരക ശിക്ഷയു ണ്ട്; തീർച്ച. അവർക്ക് ചുട്ടുകരിക്കുന്ന ശിക്ഷയുണ്ട്.
(11) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്കു താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്; തീർച്ച. അതത്രെ വലിയ വിജയം.
(12) തീർച്ചയായും നിന്റെ രക്ഷിതാവിന്റെ പിടുത്തം കഠിനമായതു തന്നെയാകുന്നു.
(13) തീർച്ചയായും അവൻ തന്നെയാണ് ആദ്യമായി ഉണ്ടാക്കുന്നതും ആവർത്തിച്ചുണ്ടാക്കുന്നതും.
(14) (15) (16) അവൻ ഏറെ പൊറുക്കുന്നവനും, ഏറെ സ്നേഹമുള്ളവനും, സിംഹാസനത്തിന്റെ ഉടമയും, മഹത്വമുള്ളവനും, താൻ ഉദ്ദേശിക്കുന്നതെന്തോ അത് തികച്ചും പ്രാവർത്തികമാക്കുന്നവനുമാണ്.
(17) (18) ആ സൈന്യങ്ങളുടെ, അഥവാ ഫിർഔന്റെയും ഥമൂദിന്റെയും വർത്തമാനം നിനക്ക് വന്നുകിട്ടിയിരി ക്കുന്നോ?
(19) അല്ല, സത്യനിഷേധികൾ നിഷേധിച്ചു തള്ളുന്നതി ലാകുന്നു ഏർപ്പെട്ടിട്ടുള്ളത്.

سُورَةُ البُرُوجِ — ترتيبها ٨٥ — آياتها ٢٢

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلسَّمَآءِ ذَاتِ ٱلْبُرُوجِ ﴿١﴾ وَٱلْيَوْمِ ٱلْمَوْعُودِ ﴿٢﴾ وَشَاهِدٍ وَمَشْهُودٍ
﴿٣﴾ قُتِلَ أَصْحَٰبُ ٱلْأُخْدُودِ ﴿٤﴾ ٱلنَّارِ ذَاتِ ٱلْوَقُودِ ﴿٥﴾ إِذْ هُمْ عَلَيْهَا
قُعُودٌ ﴿٦﴾ وَهُمْ عَلَىٰ مَا يَفْعَلُونَ بِٱلْمُؤْمِنِينَ شُهُودٌ ﴿٧﴾ وَمَا نَقَمُوا۟
مِنْهُمْ إِلَّآ أَن يُؤْمِنُوا۟ بِٱللَّهِ ٱلْعَزِيزِ ٱلْحَمِيدِ ﴿٨﴾ ٱلَّذِى لَهُۥ مُلْكُ
ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٩﴾ إِنَّ ٱلَّذِينَ
فَتَنُوا۟ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ثُمَّ لَمْ يَتُوبُوا۟ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ
عَذَابُ ٱلْحَرِيقِ ﴿١٠﴾ إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُمْ
جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۚ ذَٰلِكَ ٱلْفَوْزُ ٱلْكَبِيرُ ﴿١١﴾ إِنَّ بَطْشَ
رَبِّكَ لَشَدِيدٌ ﴿١٢﴾ إِنَّهُۥ هُوَ يُبْدِئُ وَيُعِيدُ ﴿١٣﴾ وَهُوَ ٱلْغَفُورُ ٱلْوَدُودُ ﴿١٤﴾
ذُو ٱلْعَرْشِ ٱلْمَجِيدُ ﴿١٥﴾ فَعَّالٌ لِّمَا يُرِيدُ ﴿١٦﴾ هَلْ أَتَىٰكَ حَدِيثُ ٱلْجُنُودِ
﴿١٧﴾ فِرْعَوْنَ وَثَمُودَ ﴿١٨﴾ بَلِ ٱلَّذِينَ كَفَرُوا۟ فِى تَكْذِيبٍ ﴿١٩﴾ وَٱللَّهُ مِن
وَرَآئِهِم مُّحِيطٌۢ ﴿٢٠﴾ بَلْ هُوَ قُرْءَانٌ مَّجِيدٌ ﴿٢١﴾ فِى لَوْحٍ مَّحْفُوظٍۭ ﴿٢٢﴾

سُورَةُ الطَّارِقِ — ترتيبها ٨٦ — آياتها ١٧

(20) അല്ലാഹു അവരുടെ പിൻവശത്തുകൂടി (അവരെ) വലയം ചെയ്തുകൊണ്ടിരിക്കുന്നവനാകുന്നു.
(21) അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു.
(22) സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്.[2]

## ത്വാരിഖ്
## (രാത്രിയിൽ വരുന്നത്)
### അദ്ധ്യായം 86

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ആകാശം തന്നെയാണ, രാത്രിയിൽ വരുന്നതു തന്നെ യാണ സത്യം.
(2) രാത്രിയിൽ വരുന്നത് എന്താണെന്ന് നിനക്കറിയാമോ?
(3) തുളച്ചുകയറുന്ന നക്ഷത്രമത്രെ അത്.
(4) തന്റെ കാര്യത്തിൽ ഒരു മേൽനോട്ടക്കാരനുണ്ടായിക്കൊണ്ടല്ലാതെ യാതൊരാളുമില്ല.
(5) എന്നാൽ മനുഷ്യൻ ചിന്തിച്ചു നോക്കട്ടെ താൻ എന്തിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്.
(6) തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ

---

1 ധാരാളം വിറക് ശേഖരിച്ച് അഗ്നികുണ്ഡമൊരുക്കി സത്യ വിശ്വാസികളെ അതിലേക്ക് എറിയുകയും, അവർ വെന്തെരിയുന്നത് കണ്ട് രസിക്കുകയും ചെയ്തിരുന്ന ക്രൂരഹൃദയരായിരുന്ന മർദ്ദകന്മാർ പൂർവ്വകാലത്ത് ഉണ്ടായിരുന്നു.

2 അല്ലാഹുവിന്റെ വചനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതും അവന്റെ സവിശേഷ പരിരക്ഷയിലിരിക്കുന്നതുമായ ഒരു രേഖയത്രെ 'അല്ലൗഹുൽ മഹ്ഫൂള്.'

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلسَّمَآءِ وَٱلطَّارِقِ ﴿١﴾ وَمَآ أَدۡرَىٰكَ مَا ٱلطَّارِقُ ﴿٢﴾ ٱلنَّجۡمُ ٱلثَّاقِبُ ﴿٣﴾ إِن كُلُّ
نَفۡسٖ لَّمَّا عَلَيۡهَا حَافِظٞ ﴿٤﴾ فَلۡيَنظُرِ ٱلۡإِنسَٰنُ مِمَّ خُلِقَ ﴿٥﴾ خُلِقَ مِن مَّآءٖ
دَافِقٖ ﴿٦﴾ يَخۡرُجُ مِنۢ بَيۡنِ ٱلصُّلۡبِ وَٱلتَّرَآئِبِ ﴿٧﴾ إِنَّهُۥ عَلَىٰ رَجۡعِهِۦ لَقَادِرٞ ﴿٨﴾
يَوۡمَ تُبۡلَى ٱلسَّرَآئِرُ ﴿٩﴾ فَمَا لَهُۥ مِن قُوَّةٖ وَلَا نَاصِرٖ ﴿١٠﴾ وَٱلسَّمَآءِ ذَاتِ ٱلرَّجۡعِ ﴿١١﴾
وَٱلۡأَرۡضِ ذَاتِ ٱلصَّدۡعِ ﴿١٢﴾ إِنَّهُۥ لَقَوۡلٞ فَصۡلٞ ﴿١٣﴾ وَمَا هُوَ بِٱلۡهَزۡلِ ﴿١٤﴾ إِنَّهُمۡ
يَكِيدُونَ كَيۡدٗا ﴿١٥﴾ وَأَكِيدُ كَيۡدٗا ﴿١٦﴾ فَمَهِّلِ ٱلۡكَٰفِرِينَ أَمۡهِلۡهُمۡ رُوَيۡدَۢا ﴿١٧﴾

## سُورَةُ الأَعۡلَى

ترتيبها ٨٧ — آياتها ١٩

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

سَبِّحِ ٱسۡمَ رَبِّكَ ٱلۡأَعۡلَى ﴿١﴾ ٱلَّذِي خَلَقَ فَسَوَّىٰ ﴿٢﴾ وَٱلَّذِي قَدَّرَ فَهَدَىٰ
﴿٣﴾ وَٱلَّذِيٓ أَخۡرَجَ ٱلۡمَرۡعَىٰ ﴿٤﴾ فَجَعَلَهُۥ غُثَآءً أَحۡوَىٰ ﴿٥﴾ سَنُقۡرِئُكَ
فَلَا تَنسَىٰٓ ﴿٦﴾ إِلَّا مَا شَآءَ ٱللَّهُۚ إِنَّهُۥ يَعۡلَمُ ٱلۡجَهۡرَ وَمَا يَخۡفَىٰ ﴿٧﴾ وَنُيَسِّرُكَ
لِلۡيُسۡرَىٰ ﴿٨﴾ فَذَكِّرۡ إِن نَّفَعَتِ ٱلذِّكۡرَىٰ ﴿٩﴾ سَيَذَّكَّرُ مَن يَخۡشَىٰ ﴿١٠﴾
وَيَتَجَنَّبُهَا ٱلۡأَشۡقَى ﴿١١﴾ ٱلَّذِي يَصۡلَى ٱلنَّارَ ٱلۡكُبۡرَىٰ ﴿١٢﴾ ثُمَّ لَا يَمُوتُ
فِيهَا وَلَا يَحۡيَىٰ ﴿١٣﴾ قَدۡ أَفۡلَحَ مَن تَزَكَّىٰ ﴿١٤﴾ وَذَكَرَ ٱسۡمَ رَبِّهِۦ فَصَلَّىٰ ﴿١٥﴾

അവ ൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

(7) മുതുകെല്ലിനും നെഞ്ചെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറത്തുവരുന്നു.[1]

(8) (9) രഹസ്യങ്ങൾ പരിശോധിക്കപ്പെടുന്ന ദിവസം അവ നെ (മനുഷ്യനെ) തിരിച്ചുകൊണ്ടു വരുവാൻ തീർച്ചയായും അവൻ (അല്ലാഹു) കഴിവുള്ളവനാ കുന്നു.

(10) അപ്പോൾ അവന് (മനുഷ്യന്) യാതൊരു ശക്തിയോ സഹായിയോ ഉണ്ടായിരിക്കുകയില്ല.

(11) (12) ആവർത്തിച്ചു മഴ പെയ്യിക്കുന്ന ആകാശത്തെ ക്കൊണ്ടും സസ്യലതാദികൾ മുളപ്പിക്കുന്ന ഭൂമിയെ ക്കൊണ്ടും സത്യം.

(13) തീർച്ചയായും ഇതു നിർണ്ണായകമായ ഒരു വാക്കാകുന്നു.

(14) ഇതു തമാശയല്ല.

(15) തീർച്ചയായും അവർ (വലിയ) തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും.

(16) ഞാനും (വലിയ) തന്ത്രം പ്രയോഗിക്കും.

(17) ആകയാൽ (നബിയേ,) നീ സത്യനിഷേധികൾക്ക് കാലതാമസം നൽകുക. അല്പ സമയത്തേക്ക് അവർക്ക് നീ താമസം നല്കിയേക്കുക.

## അഅ്ലാ (അത്യുന്നതൻ)

### അദ്ധ്യായം 87

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) (2) സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീ ർത്തിക്കുക.

(3) - (5) വ്യവസ്ഥ നിർണയിച്ചു മാർഗ്ഗദർശനം നൽകി യവനും,[2] മേച്ചിൽ പുറങ്ങൾ ഉൽപാദിപ്പിച്ചവനും എന്നിട്ട് അതിനെ ഉണങ്ങിക്കരിഞ്ഞ ചവറാക്കിത്തീ ർത്തവനുമായ (രക്ഷിതാവിന്റെ നാമം.)

(6) നിനക്ക് നാം ഓതിത്തരാം. നീ മറന്നു പോകുകയില്ല.

(7) അല്ലാഹു ഉദ്ദേശിച്ചതൊഴികെ.[3] തീർച്ചയായും അവൻ പരസ്യമായതും രഹസ്യമായിരിക്കുന്നതും അറിയുന്നു.

(8) കൂടുതൽ എളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യമുണ്ടാക്കിത്തരുന്നതുമാണ്.

(9) അതിനാൽ ഉപദേശം ഫലപ്പെടുന്നുവെങ്കിൽ നീ ഉപ ദേശിച്ചുകൊള്ളുക.

(10) ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചുകൊള്ളുന്ന താണ്.

(11) ഏറ്റവും നിർഭാഗ്യവാനായിട്ടുള്ളവൻ അതിനെ (ഉപദേശത്തെ) വിട്ടകന്നു പോകുന്നതാണ്.

(12) വലിയ അഗ്നിയിൽ കടന്ന് എരിയുന്നവനത്രെ അവൻ.

(13) പിന്നീട് അതിൽ അവൻ മരിക്കുകയില്ല. ജീവിക്കുകയുമില്ല.[4]

(14) (15) തീർച്ചയായും പരിശുദ്ധി നേടുകയും, നിന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും, എന്നിട്ട് നമസ്കരിക്കുകയും ചെയ്തവൻ വിജയം പ്രാപിച്ചു.

(16) പക്ഷെ നിങ്ങൾ ഐഹികജീവിതത്തിന്ന് കൂടുതൽ പ്രാധാന്യം നൽകുന്നു.

(17) പരലോകമാകുന്നു ഏറ്റവും ഉത്തമവും

---

1 'യഖ്റുജു' എന്ന വാക്കിന് 'അവൻ പുറത്തുവരുന്നു' എന്ന് അർത്ഥം നല്കിയ വ്യാഖ്യാതാക്കളുണ്ട്. 'യഖ്റുജു' എന്ന വാക്കിന് ആവിർഭവിക്കുന്നു എന്നും അർത്ഥമാകാവുന്നതാണ്. ഈ വചനത്തെപ്പറ്റി പ്രാചീനരും ആധുനികരുമായ വ്യാഖ്യാതാക്കൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

2 പ്രകൃതിയിലെ സചേതനവും അചേതനവുമായ മുഴുവൻ വസ്തുക്കൾക്കും കലശവും സൂക്ഷ്മവുമായ വ്യവസ്ഥ അല്ലാഹു നല്കിയിട്ടുണ്ട്. ഓരോ വസ്തുവും എങ്ങനെ വർത്തിക്കണമെന്ന് സംബന്ധിച്ച മാർഗദർശനവും അതോടൊപ്പം അവൻ നല്കിയിട്ടുണ്ട്.

3 ഖുർആനിൽ നിന്ന് ഏതെങ്കിലും ഭാഗം നബി(സ) മറന്നു പോകുമെന്ന് ഇതിനർത്ഥമില്ല. ഓർമശക്തി പോലെ തന്നെ മറവിയും അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണ്. ചില കടുത്ത ദുരനുഭവങ്ങൾ മറക്കുവാൻ കഴിയേണ്ടത് ജീവിത യാഥാർത്ഥ്യങ്ങളെ വിജയകരമായി അഭിമുഖീകരിക്കുന്നതിന് അനുപേക്ഷ്യമാണ്. നബി(സ) ഏന്തൊക്കെ ഓർമിക്കണമെന്നും ഏന്തൊക്കെ വിസ്മരിക്കണമെന്നും അല്ലാഹു തീരുമാനിക്കുന്നു.

4 യാതൊരുവിധ സുഖവും സന്തോഷവുമില്ലാത്ത, ദുരിതപൂർണ്ണമായ നരകജീവിതം യഥാർത്ഥത്തിൽ ജീവിതമെന്ന് ആ ദുരിതത്തിന് അവസാനമുണ്ടായെങ്കിൽ എന്ന് നരകാവകാശികൾ കൊതിക്കും. എന്നാൽ അല്ലാഹു അവർക്ക് മരണം വിധിക്കുകയില്ല.

بَلۡ تُؤۡثِرُونَ ٱلۡحَيَوٰةَ ٱلدُّنۡيَا ﴿١٦﴾ وَٱلۡأٓخِرَةُ خَيۡرٞ وَأَبۡقَىٰٓ ﴿١٧﴾ إِنَّ
هَٰذَا لَفِي ٱلصُّحُفِ ٱلۡأُولَىٰ ﴿١٨﴾ صُحُفِ إِبۡرَٰهِيمَ وَمُوسَىٰ ﴿١٩﴾

## سُورَةُ الغَاشِيَةِ

ترتيبها ٨٨ — آياتها ٢٦

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

هَلۡ أَتَىٰكَ حَدِيثُ ٱلۡغَٰشِيَةِ ﴿١﴾ وُجُوهٞ يَوۡمَئِذٍ خَٰشِعَةٌ ﴿٢﴾
عَامِلَةٞ نَّاصِبَةٞ ﴿٣﴾ تَصۡلَىٰ نَارًا حَامِيَةٗ ﴿٤﴾ تُسۡقَىٰ مِنۡ عَيۡنٍ ءَانِيَةٖ ﴿٥﴾
لَّيۡسَ لَهُمۡ طَعَامٌ إِلَّا مِن ضَرِيعٖ ﴿٦﴾ لَّا يُسۡمِنُ وَلَا يُغۡنِي مِن جُوعٖ ﴿٧﴾
وُجُوهٞ يَوۡمَئِذٖ نَّاعِمَةٞ ﴿٨﴾ لِّسَعۡيِهَا رَاضِيَةٞ ﴿٩﴾ فِي جَنَّةٍ عَالِيَةٖ ﴿١٠﴾
لَّا تَسۡمَعُ فِيهَا لَٰغِيَةٗ ﴿١١﴾ فِيهَا عَيۡنٞ جَارِيَةٞ ﴿١٢﴾ فِيهَا سُرُرٞ مَّرۡفُوعَةٞ ﴿١٣﴾
وَأَكۡوَابٞ مَّوۡضُوعَةٞ ﴿١٤﴾ وَنَمَارِقُ مَصۡفُوفَةٞ ﴿١٥﴾ وَزَرَابِيُّ مَبۡثُوثَةٌ ﴿١٦﴾
أَفَلَا يَنظُرُونَ إِلَى ٱلۡإِبِلِ كَيۡفَ خُلِقَتۡ ﴿١٧﴾ وَإِلَى ٱلسَّمَآءِ كَيۡفَ
رُفِعَتۡ ﴿١٨﴾ وَإِلَى ٱلۡجِبَالِ كَيۡفَ نُصِبَتۡ ﴿١٩﴾ وَإِلَى ٱلۡأَرۡضِ كَيۡفَ
سُطِحَتۡ ﴿٢٠﴾ فَذَكِّرۡ إِنَّمَآ أَنتَ مُذَكِّرٞ ﴿٢١﴾ لَّسۡتَ عَلَيۡهِم
بِمُصَيۡطِرٍ ﴿٢٢﴾ إِلَّا مَن تَوَلَّىٰ وَكَفَرَ ﴿٢٣﴾ فَيُعَذِّبُهُ ٱللَّهُ ٱلۡعَذَابَ
ٱلۡأَكۡبَرَ ﴿٢٤﴾ إِنَّ إِلَيۡنَآ إِيَابَهُمۡ ﴿٢٥﴾ ثُمَّ إِنَّ عَلَيۡنَا حِسَابَهُم ﴿٢٦﴾

നിലനിൽ ക്കുന്നതും.
(18) തീർച്ചയായും ഇത് ആദ്യത്തെ ഏടുകളിൽ തന്നെ യുണ്ട്.
(19) അതായത് ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ.[1]

## ഗാശിയ : (മൂടുന്ന സംഭവം)

### അദ്ധ്യായം 88

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) (നബിയേ,) ആ മൂടുന്ന സംഭവത്തെ[2] സംബന്ധിച്ച വർത്തമാനം നിനക്ക് വന്നുകിട്ടിയോ?
(2) (3) അന്നേ ദിവസം ചില മുഖങ്ങൾ താഴ്മ കാണിക്കുന്നതും പണിയെടുത്ത് ക്ഷീണിച്ചതുമായിരിക്കും.[3]
(4) ചൂടേറിയ അഗ്നിയിൽ അവ പ്രവേശിക്കുന്നതാണ്.
(5) ചുട്ടുതിളക്കുന്ന ഒരു ഉറവിൽ നിന്ന് അവർക്കു കുടിപ്പിക്കപ്പെടുന്നതാണ്.
(6) 'ളരീഇ'ൽ[4] നിന്നല്ലാതെ അവർക്ക് യാതൊരു ആഹാരവുമില്ല.
(7) അത് പോഷണം നൽകുകയില്ല. വിശപ്പിനു ശമനമു ണ്ടാക്കുകയില്ല.
(8) ചില മുഖങ്ങൾ അന്ന് തുടുത്തു മിനുത്തതായിരിക്കും.
(9) അവയുടെ പ്രയത്നത്തെപ്പറ്റി തൃപ്തിയടഞ്ഞ വയുമായിരിക്കും.[5]
(10) ഉന്നതമായ സ്വർഗത്തിൽ.
(11) അവിടെ യാതൊരു നിരർത്ഥകമായ വാക്കും അവർ കേൾക്കുകയില്ല.
(12) അതിൽ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയുണ്ട്
(13) - (16) അതിൽ ഉയർത്തിവെക്കപ്പെട്ട കട്ടിലുകളും, തയ്യാറാക്കിവെക്കപ്പെട്ട കോപ്പകളും, അണിയായി വെക്കപ്പെട്ട തലയണകളും, വിരിച്ചു വെക്കപ്പെട്ട പരവതാനികളുമുണ്ട്.
(17) ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേ?[6] അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്.
(18) ആകാശത്തേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നു എന്ന്.
(19) പർവ്വതങ്ങളിലേക്ക് (അവർ നോക്കുന്നില്ലേ?) അവ എങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നു എന്ന്.
(20) ഭൂമിയിലേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ പരത്തപ്പെട്ടിരിക്കുന്നു[7] എന്ന്.
(21) അതിനാൽ (നബിയേ,) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു.
(22) നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല.
(23) (24) പക്ഷേ, വല്ലവനും തിരിഞ്ഞുകളയുകയും അവിശ്വസി ക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു അവനെ ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്.
(25) തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം.
(26) പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ.

---

1 പാപപുണ്യങ്ങളെയും മോക്ഷത്തെയും പറ്റി വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ച കാര്യങ്ങളുടെ സാരാംശം പൂർവ്വപ്രവാചകന്മാർക്ക് നല്കപ്പെട്ട വേദങ്ങളിലുള്ളത് തന്നെയാണ് എന്നർത്ഥം.

2 ഭയവും അമ്പരപ്പും എല്ലാവരെയും ആവരണം ചെയ്യുന്ന അന്ത്യദിനമത്രെ ഉദ്ദേശ്യം.

3 അല്ലാഹുവിന്റെ വിചാരണയെയും ശിക്ഷയെയും പറ്റിയുള്ള ഭയം നിമിത്തം കീഴ്പോട്ട് താഴ്ന്നവയായിരിക്കും ആ മുഖങ്ങൾ. അവർ ഭൗതിക ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പ്രയത്നങ്ങളോ തെറ്റായ മതാനുഷ്ഠാനങ്ങളോ ചെയ്ത് ക്ഷീണിച്ചവരായിരിക്കും. പക്ഷെ അന്ത്യദിനത്തിൽ അതൊന്നും അവർക്ക് ഉപകാരപ്പെടുകയില്ല.

4 വളരെ കയ്പുള്ള ഒരു ചെടിയാണ് 'ളരീഅ്' എന്നാണ് പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്.

5 ഇഹലോകത്ത് തങ്ങൾ ചെയ്ത കർമങ്ങൾ സഫലമായിത്തീർന്നതിൽ അവർ സംതൃപ്തരായിരിക്കും

6 മരുഭൂമിയിലെ മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന, മരുഭൂമിയുടെ പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന ഒട്ടകത്തിന്റെ ശരീരഘടന വിസ്മയകരമാണ്. ഒട്ടകത്തെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഏതൊരാൾക്കും സൃഷ്ടികർത്താവിന്റെ സംവിധാനവൈഭവത്തെപ്പറ്റി ചിന്തിക്കാതിരിക്കാൻ കഴിയില്ല.

7 അതിവേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോളമാണ് ഭൂമി. എന്നിട്ടും അതിന്റെ ഉപരിതലം മനുഷ്യന്റെ എല്ലാവിധ ആവശ്യങ്ങൾക്കും ഉതകുംവിധം പരപ്പും വിശാലതയും ഉള്ളതാക്കപ്പെട്ടിരിക്കുന്നു.

## سُورَةُ الفَجْرِ

ترتيبها ٨٩ — آياتها ٣٠

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلْفَجْرِ ١ وَلَيَالٍ عَشْرٍ ٢ وَٱلشَّفْعِ وَٱلْوَتْرِ ٣ وَٱلَّيْلِ إِذَا يَسْرِ
٤ هَلْ فِى ذَٰلِكَ قَسَمٌ لِّذِى حِجْرٍ ٥ أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِعَادٍ
٦ إِرَمَ ذَاتِ ٱلْعِمَادِ ٧ ٱلَّتِى لَمْ يُخْلَقْ مِثْلُهَا فِى ٱلْبِلَٰدِ ٨
وَثَمُودَ ٱلَّذِينَ جَابُوا۟ ٱلصَّخْرَ بِٱلْوَادِ ٩ وَفِرْعَوْنَ ذِى ٱلْأَوْتَادِ ١٠
ٱلَّذِينَ طَغَوْا۟ فِى ٱلْبِلَٰدِ ١١ فَأَكْثَرُوا۟ فِيهَا ٱلْفَسَادَ ١٢ فَصَبَّ
عَلَيْهِمْ رَبُّكَ سَوْطَ عَذَابٍ ١٣ إِنَّ رَبَّكَ لَبِٱلْمِرْصَادِ ١٤ فَأَمَّا
ٱلْإِنسَٰنُ إِذَا مَا ٱبْتَلَىٰهُ رَبُّهُۥ فَأَكْرَمَهُۥ وَنَعَّمَهُۥ فَيَقُولُ رَبِّىٓ أَكْرَمَنِ
١٥ وَأَمَّآ إِذَا مَا ٱبْتَلَىٰهُ فَقَدَرَ عَلَيْهِ رِزْقَهُۥ فَيَقُولُ رَبِّىٓ أَهَٰنَنِ ١٦
كَلَّا ۖ بَل لَّا تُكْرِمُونَ ٱلْيَتِيمَ ١٧ وَلَا تَحَٰٓضُّونَ عَلَىٰ طَعَامِ
ٱلْمِسْكِينِ ١٨ وَتَأْكُلُونَ ٱلتُّرَاثَ أَكْلًا لَّمًّا ١٩
وَتُحِبُّونَ ٱلْمَالَ حُبًّا جَمًّا ٢٠ كَلَّآ إِذَا دُكَّتِ ٱلْأَرْضُ دَكًّا
دَكًّا ٢١ وَجَآءَ رَبُّكَ وَٱلْمَلَكُ صَفًّا صَفًّا ٢٢ وَجِا۟ىٓءَ يَوْمَئِذٍۭ
بِجَهَنَّمَ ۚ يَوْمَئِذٍ يَتَذَكَّرُ ٱلْإِنسَٰنُ وَأَنَّىٰ لَهُ ٱلذِّكْرَىٰ ٢٣

## ഫജ്ർ (പ്രഭാതം)

### അദ്ധ്യായം 89

**പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

(1) - (5) പ്രഭാതം തന്നെയാണ സത്യം.[1] പത്തു രാത്രികൾ തന്നെയാണ സത്യം. ഇരട്ടയും ഒറ്റയും[2] തന്നെയാണ സത്യം. രാത്രി സഞ്ചരിച്ചുകൊണ്ടിരിക്കെ അത് തന്നെയാണ സത്യം.അതിൽ (മേൽ പറഞ്ഞവയിൽ) കാര്യബോധമുള്ളവന്ന് സത്യത്തിന് വകയുണ്ടോ?

(6) ആദ് സമുദായത്തെ കൊണ്ട് നിന്റെ രക്ഷിതാവ് എന്തുചെയ്തുവെന്ന് നീ കണ്ടില്ലേ?

(7) അതായത് തൂണുകളുടെ ഉടമകളായ 'ഇറം' ഗോത്രത്തെക്കൊണ്ട്[3]

(8) തത്തുല്യമായിട്ടൊന്ന് രാജ്യങ്ങളിൽ സൃഷ്ടിക്കപ്പെട്ടി ട്ടില്ലാത്ത ഗോത്രം[4]

(9) (10) താഴ്‌വരയിൽ പാറവെട്ടി കെട്ടിടമുണ്ടാക്കിയവ രായ ഥമൂദ് ഗോത്രത്തെക്കൊണ്ടും, ആണികളുടെ ആളായ[5] ഫിർഔനെക്കൊണ്ടും.

(11) (12) നാടുകളിൽ അതിക്രമം പ്രവർത്തിക്കുകയും അവിടെ കുഴപ്പം വർദ്ധിപ്പിക്കുകയും ചെയ്തവരാ ണവർ.

(13) അതിനാൽ നിന്റെ രക്ഷിതാവ് അവരുടെ മേൽ ശിക്ഷയുടെ ചെമ്മട്ടി വർഷിച്ചു.

(14) തീർച്ചയായും നിന്റെ രക്ഷിതാവ് പതിയിരിക്കുന്ന സ്ഥാനത്തു തന്നെയുണ്ട്.[6]

(15) എന്നാൽ മനുഷ്യനെ അവന്റെ രക്ഷിതാവ് പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അവന് സൗഖ്യം നൽകുകയും ചെയ്താൽ അവൻ പറയും; എന്റെ രക്ഷിതാവ് എന്നെ ആദരിച്ചിരിക്കുന്നു എന്ന്.

(16) എന്നാൽ അവനെ (മനുഷ്യനെ) അവൻ പരീക്ഷിക്കുകയും എന്നിട്ടവന്റെ ഉപജീവനം ഇടുങ്ങിയ താക്കുകയും ചെയ്താൽ അവൻ പറയും; എന്റെ രക്ഷിതാവ് എന്നെ അപമാനിച്ചിരിക്കുന്നു എന്ന്.[7]

(17) അല്ല, പക്ഷെ നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല.[8]

(18) - (20) പാവപ്പെട്ടവന്റെ ആഹാരത്തിന്ന് നിങ്ങൾ പ്രോത്സാഹനം നൽകുന്നില്ല. അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരികൂട്ടിത്തിന്നുകയും ചെയ്യുന്നു. ധനത്തെ നിങ്ങൾ അമിതമായ തോതിൽ സ്നേഹിക്കു കയും ചെയ്യുന്നു.

(21) - (23) അല്ല, ഭൂമി പൊടിപൊടിയായി പൊടിക്ക പ്പെടുകയും, നിന്റെ രക്ഷിതാവും അണിയണിയായി മലക്കുകളും വരുകയും, അന്ന് നരകം കൊണ്ടുവ

---

1 ദുൽഹിജ്ജഃ മാസത്തിലെ ആദ്യത്തെ പത്ത് രിത്രികളായിരിക്കാം ഇവിടെ ഉദ്ദേശിക്കപ്പെട്ടതെന്നാണ് ചില പ്രമുഖ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുള്ളത്.

2 സംഖ്യകളിലെ ഒറ്റയും ഇരട്ടയും പോലെതന്നെ പദാർത്ഥ ങ്ങളിലുമുണ്ട് ഒറ്റയും ഇരട്ടയും അഥവാ മൂലകങ്ങളും യൗഗികങ്ങളും. ഒന്നിനോടൊന്ന് ചേർന്ന് ഇരട്ടയാകാനും ഇരട്ടിക്കാനുമുള്ള പ്രവണതയാണ് ജൈവസസ്യജാലങ്ങളുടെ വളർച്ചക്ക് നിദാനം. ഇങ്ങനെയൊക്കെയുള്ള പ്രാധാന്യം നിമിത്തമായിരിക്കാം അല്ലാഹു ഒറ്റയും ഇരട്ടയും കൊണ്ട് സത്യം ചെയ്യുന്നത്.

3 'ഇറം'എന്നത് ആദ് സമുദായത്തിന്റെ തന്നെ മറ്റൊരു പേരാണെന്നും, അതല്ല ആദ് സമുദായത്തിന്റെ ആസ്ഥാനത്തിന്റെ പേരാണെന്നും രണ്ട് അഭിപ്രായങ്ങളുണ്ട്. അവരുടെ സ്ഥാന ങ്ങളിൽ സ്മാരകസ്തൂപങ്ങൾ നിർമ്മിച്ചതുകൊണ്ടായിരിക്കാം അവരെ തൂണുകളുടെ ഉടമകൾ എന്ന് വിശേഷിപ്പിച്ചത്.

4 ആകാരസൗഷ്ഠവത്തിലും കായികശേഷിയിലും അതുല്യരായിരുന്നു ആ സമുദായമെന്നർത്ഥം.

5 ഇവിടെ ആണികൾ അധികാരത്തിന്റെ പ്രതീകമാണെന്ന് അഭിപ്രായപ്പെട്ടവരും മർദ്ദനോപാധികളുടെ പ്രതീകമാണെന്നും അഭിപ്രായപ്പെട്ടവരുമുണ്ട്.

6 അവൻ സദാ നിരീക്ഷിക്കുന്നുണ്ട് എന്നർത്ഥം.

7 ഐശ്വര്യവും കഷ്ടപ്പാടും ഒരേപോലെ അല്ലാഹുവിന്റെ പരീക്ഷണമാണെന്ന് മനസ്സിലാക്കി ഉചിതമായി പ്രതികരിക്കുകയാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. അനുഗ്രഹങ്ങൾ കൈവ രുമ്പോൾ അത് സ്വന്തം മഹത്വത്തിന്റെ ഫലമായി കരുതാതെ അത് അല്ലാഹുവിന്റെ ദാനമായി ഗണിച്ച് നന്ദി പൂർവ്വം പ്രതികരിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. കഷ്ടപ്പാട് നേരിടുമ്പോൾ നിരാശയും വേവലാതിയും കൊണ്ട് മനസ്സ് മടുക്കാതെ ക്ഷമ അവലംബിക്കാനും അവന് കഴിയണം. എന്നാൽ മനുഷ്യരിൽ പൂരിഭാഗവും ഇതിന് വിപരീതമായ നിലപാടാണ് സ്വീകരിക്കു ന്നത്.

8 അനാഥയെ സംരക്ഷിക്കുന്നുവെന്ന് അവകാശപ്പെടുന്ന ചില വ്യക്തികളും സ്ഥാപനങ്ങളും അനാഥകളോട് ആദരവ് പുലർത്താത്തവരും അവരെ അധമരായി ഗണിക്കുന്നവരുമാണ്. തങ്ങളുടെ മനസ്സിൽ അനാഥകൾക്ക് ആധരണീയമായ സ്ഥാനം കൽപ്പിക്കുന്നവർക്ക് മാത്രമേ അല്ലാഹുവിങ്കൽ സ്വീകാര്യതയുള്ളൂ.

രപ്പെടുകയും ചെയ്താൽ! അന്നേദിവസം മനുഷ്യന് ഓർമ്മവരുന്നതാണ്.[1] എവിടെ നിന്നാണവന്ന് ഓർമ്മ വരുന്നത്?

(24) അവൻ പറയും; അയ്യോ, ഞാൻ എന്റെ ജീവിതത്തിനുവേണ്ടി മുൻകൂട്ടി (സൽകർമ്മങ്ങൾ) ചെയ്തു വെച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ!

(25) അപ്പോൾ അന്നേദിവസം അല്ലാഹു ശിക്ഷിക്കുന്ന പ്രകാരം ഒരാളും ശിക്ഷിക്കുകയില്ല.

(26) അവൻ പിടിച്ചു ബന്ധിക്കുന്നതുപോലെ ഒരാളും പിടിച്ച് ബന്ധിക്കുന്നതല്ല.

(27) (28) ഹേ; സമാധാനമടഞ്ഞ ആത്മാവേ; നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക.

(29) എന്നിട്ട് എന്റെ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക.

(30) എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.

## ബലദ് (രാജ്യം)

### അദ്ധ്യായം 90

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ഈ രാജ്യത്തെ(മക്കയെ)ക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

(2) നീയാകട്ടെ ഈ രാജ്യത്തെ നിവാസിയാണ് താനും.[2]

(3) ജനയിതാവിനെയും,[3] അവൻ ജനിപ്പിക്കുന്നതിനെ യും തന്നെയാണ സത്യം.

(4) തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത്[4] ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു.

(5) അവനെ പിടികൂടാൻ ആർക്കും സാധിക്കുകയേ ഇല്ലെന്ന് അവൻ വിചാരിക്കുന്നുണ്ടോ?

(6) അവൻ പറയുന്നു; ഞാൻ മേൽക്കുമേൽ ധനം തുലച്ചിരിക്കുന്നു എന്ന്[5]

(7) അവൻ വിചാരിക്കുന്നുണ്ടോ? അവനെ ആരും കണ്ടിട്ടില്ലെന്ന്?.

(8) (9) അവന് നാം രണ്ടു കണ്ണുകളും ഒരു നാവും രണ്ടു ചുണ്ടുകളും ഉണ്ടാക്കിക്കൊടുത്തിട്ടില്ലേ?

(10) തെളിഞ്ഞു നില്ക്കുന്ന രണ്ടു പാതകൾ[6] അവന്നു

يَقُولُ يَٰلَيۡتَنِي قَدَّمۡتُ لِحَيَاتِي ﴿٢٤﴾ فَيَوۡمَئِذٖ لَّا يُعَذِّبُ عَذَابَهُۥٓ أَحَدٞ ﴿٢٥﴾
وَلَا يُوثِقُ وَثَاقَهُۥٓ أَحَدٞ ﴿٢٦﴾ يَٰٓأَيَّتُهَا ٱلنَّفۡسُ ٱلۡمُطۡمَئِنَّةُ ﴿٢٧﴾ ٱرۡجِعِيٓ
إِلَىٰ رَبِّكِ رَاضِيَةٗ مَّرۡضِيَّةٗ ﴿٢٨﴾ فَٱدۡخُلِي فِي عِبَٰدِي ﴿٢٩﴾ وَٱدۡخُلِي جَنَّتِي ﴿٣٠﴾

سُورَةُ ٱلۡبَلَدِ — ترتيبها ٩٠ — آياتها ٢٠

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

لَآ أُقۡسِمُ بِهَٰذَا ٱلۡبَلَدِ ﴿١﴾ وَأَنتَ حِلُّۢ بِهَٰذَا ٱلۡبَلَدِ ﴿٢﴾ وَوَالِدٖ وَمَا وَلَدَ
﴿٣﴾ لَقَدۡ خَلَقۡنَا ٱلۡإِنسَٰنَ فِي كَبَدٍ ﴿٤﴾ أَيَحۡسَبُ أَن لَّن يَقۡدِرَ عَلَيۡهِ
أَحَدٞ ﴿٥﴾ يَقُولُ أَهۡلَكۡتُ مَالٗا لُّبَدًا ﴿٦﴾ أَيَحۡسَبُ أَن لَّمۡ يَرَهُۥٓ أَحَدٌ
﴿٧﴾ أَلَمۡ نَجۡعَل لَّهُۥ عَيۡنَيۡنِ ﴿٨﴾ وَلِسَانٗا وَشَفَتَيۡنِ ﴿٩﴾ وَهَدَيۡنَٰهُ
ٱلنَّجۡدَيۡنِ ﴿١٠﴾ فَلَا ٱقۡتَحَمَ ٱلۡعَقَبَةَ ﴿١١﴾ وَمَآ أَدۡرَىٰكَ مَا ٱلۡعَقَبَةُ ﴿١٢﴾
فَكُّ رَقَبَةٍ ﴿١٣﴾ أَوۡ إِطۡعَٰمٞ فِي يَوۡمٖ ذِي مَسۡغَبَةٖ ﴿١٤﴾ يَتِيمٗا ذَا مَقۡرَبَةٍ
﴿١٥﴾ أَوۡ مِسۡكِينٗا ذَا مَتۡرَبَةٖ ﴿١٦﴾ ثُمَّ كَانَ مِنَ ٱلَّذِينَ ءَامَنُواْ وَتَوَاصَوۡاْ
بِٱلصَّبۡرِ وَتَوَاصَوۡاْ بِٱلۡمَرۡحَمَةِ ﴿١٧﴾ أُوْلَٰٓئِكَ أَصۡحَٰبُ ٱلۡمَيۡمَنَةِ ﴿١٨﴾ وَٱلَّذِينَ
كَفَرُواْ بِـَٔايَٰتِنَا هُمۡ أَصۡحَٰبُ ٱلۡمَشۡـَٔمَةِ ﴿١٩﴾ عَلَيۡهِمۡ نَارٞ مُّؤۡصَدَةُۢ ﴿٢٠﴾

سُورَةُ ٱلشَّمۡسِ — ترتيبها ٩١ — آياتها ١٥

നാം കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു.

(11) എന്നിട്ട് ആ മലമ്പാതയിൽ[7] അവൻ തള്ളിക്കടന്നില്ല.

(12) ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ?

(13) - (16) ഒരടിമയെ മോചിപ്പിക്കുകയോ, പട്ടിണിയുള്ള നാട്ടിൽ കുടുംബബന്ധമുള്ള ഒരനാഥയ്ക്കൊ, കടുത്ത ദാരിദ്ര്യമുള്ള ഒരു സാധുവിനോ, ഭക്ഷണം കൊടുക്കുകയോ ചെയ്യുകയത്രെ അത്.

(17) പുറമെ വിശ്വസിക്കുകയും, ക്ഷമകൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക.

(18) അങ്ങനെ ചെയ്യുന്നവരത്രെ വലതുപക്ഷക്കാർ.

(19) നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവരത്രെ ഇടതുപക്ഷത്തിന്റെ[8] ആൾക്കാർ.

---

1 അല്ലാഹുവിന്റെ വിചാരണയും ശിക്ഷയും ആസന്നമാകുന്ന സന്ദർഭത്തിൽ ന്യായവിധിയുടെ നാളിൽ പ്രവാചകൻമാരുടെ പ്രബോധനവും താക്കീതുകളും സത്യനിഷേധികൾ ഓർമ്മിക്കും. എന്നാ ൽ ആ സമയത്ത് ആ ഓർമ്മ കൊണ്ട് അവർക്ക് ഒരു പ്രയോജന വുമുണ്ടാവില്ല.

2 ‘ഹില്ല്’ എന്ന പദത്തിന് നിവാസി എന്നും, അനുവാദമുള്ളവൻ എന്നും, സ്വാതന്ത്ര്യമുള്ളവൻ എന്നും അർത്ഥമുണ്ട്.

3 ഒരാൾ ജനയിതാവും മറ്റൊരാൾ ജാതനും ആകുന്നത് – മാതാവും പിതാവും സന്തതിയുമാകുന്നത് – പ്രജനനവുമായി ബന്ധപ്പെട്ട അതിസൂക്ഷ്മമായ ദൈവികവ്യവസ്ഥ പ്രകാരമത്രെ.

4 ജീവിതത്തിന്റെ എല്ലാനേട്ടങ്ങൾക്കും നിദാനം കഠിനാദ്ധ്വാനമാണ്. ഒട്ടും അദ്ധ്വാനിക്കാനോ ക്ലേശം സഹിക്കാനോ തയ്യാറില്ലാത്തവന് ജീവിതവിജയം അസാദ്ധ്യമായിരിക്കും.

5 ദൈവഭയമില്ലാത്ത ധനികരൊക്കെ അധാർമികമായി ധനം ധൂർത്തടിക്കുന്നവരും അതിന്റെ പേരിൽ പൊങ്ങച്ചം നടിക്കുന്നവരും തങ്ങളുടെ ചെയ്തികൾ അല്ലാഹു നിരീക്ഷിക്കുന്നുണ്ടെന്ന ബോധമില്ലാത്തവരുമാകുന്നു.

6 സത്യത്തിന്റെയും അസത്യത്തിന്റെയും പാതകൾ തെളിഞ്ഞു കിടക്കുകയാണ്. ഒരു സംശയത്തിനും ഇടയില്ലാത്ത വിധം പ്രവാചകന്മാർ മുഖേന അല്ലാഹു ആ പാതകൾ വേർത്തിരിച്ചു കാണിച്ചിട്ടുണ്ട്.

7 സത്യത്തിന്റെ പാത അനായാസം നടന്നു പോകാവുന്നതല്ല. അൽപ്പം പ്രയാസപൂർവ്വം കയറി കടന്ന് പോകേണ്ട മലമ്പാതയോടാണ് അതിന് സാമ്യം

8 വലതുപക്ഷക്കാർ, ഇടതുപക്ഷക്കാർ എന്നീ വാക്കുകളുടെ വിവക്ഷയെപറ്റി മനസ്സിലാക്കാൻ സൂറത്തുൽ വാഖിഅഃയുടെ

بِسْـــــــــــمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
وَٱلشَّمْسِ وَضُحَىٰهَا ﴿١﴾ وَٱلْقَمَرِ إِذَا تَلَىٰهَا ﴿٢﴾ وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾
وَٱلَّيْلِ إِذَا يَغْشَىٰهَا ﴿٤﴾ وَٱلسَّمَآءِ وَمَا بَنَىٰهَا ﴿٥﴾ وَٱلْأَرْضِ وَمَا طَحَىٰهَا
﴿٦﴾ وَنَفْسٍ وَمَا سَوَّىٰهَا ﴿٧﴾ فَأَلْهَمَهَا فُجُورَهَا وَتَقْوَىٰهَا ﴿٨﴾ قَدْ
أَفْلَحَ مَن زَكَّىٰهَا ﴿٩﴾ وَقَدْ خَابَ مَن دَسَّىٰهَا ﴿١٠﴾ كَذَّبَتْ ثَمُودُ
بِطَغْوَىٰهَآ ﴿١١﴾ إِذِ ٱنۢبَعَثَ أَشْقَىٰهَا ﴿١٢﴾ فَقَالَ لَهُمْ رَسُولُ ٱللَّهِ
نَاقَةَ ٱللَّهِ وَسُقْيَٰهَا ﴿١٣﴾ فَكَذَّبُوهُ فَعَقَرُوهَا فَدَمْدَمَ
عَلَيْهِمْ رَبُّهُم بِذَنۢبِهِمْ فَسَوَّىٰهَا ﴿١٤﴾ وَلَا يَخَافُ عُقْبَٰهَا ﴿١٥﴾

ترتيبها ٩٢ — سُورَةُ اللَّيْلِ — آياتها ٢١

بِسْـــــــــــمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
وَٱلَّيْلِ إِذَا يَغْشَىٰ ﴿١﴾ وَٱلنَّهَارِ إِذَا تَجَلَّىٰ ﴿٢﴾ وَمَا خَلَقَ ٱلذَّكَرَ وَٱلْأُنثَىٰٓ ﴿٣﴾
إِنَّ سَعْيَكُمْ لَشَتَّىٰ ﴿٤﴾ فَأَمَّا مَنْ أَعْطَىٰ وَٱتَّقَىٰ ﴿٥﴾ وَصَدَّقَ بِٱلْحُسْنَىٰ ﴿٦﴾
فَسَنُيَسِّرُهُۥ لِلْيُسْرَىٰ ﴿٧﴾ وَأَمَّا مَنۢ بَخِلَ وَٱسْتَغْنَىٰ ﴿٨﴾ وَكَذَّبَ بِٱلْحُسْنَىٰ
﴿٩﴾ فَسَنُيَسِّرُهُۥ لِلْعُسْرَىٰ ﴿١٠﴾ وَمَا يُغْنِى عَنْهُ مَالُهُۥٓ إِذَا تَرَدَّىٰٓ ﴿١١﴾ إِنَّ عَلَيْنَا
لَلْهُدَىٰ ﴿١٢﴾ وَإِنَّ لَنَا لَلْءَاخِرَةَ وَٱلْأُولَىٰ ﴿١٣﴾ فَأَنذَرْتُكُمْ نَارًا تَلَظَّىٰ ﴿١٤﴾

20 അവരുടെ മേൽ അടച്ചുമൂടിയ നരകാഗ്നിയുണ്ട്.

## ഷംസ് (സൂര്യൻ)
### അദ്ധ്യായം 91

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 സൂര്യനും അതിന്റെ പ്രഭയും തന്നെയാണ സത്യം.
2 ചന്ദ്രൻ തന്നെയാണ സത്യം; അത് അതിനെ തുടർന്നു വരുമ്പോൾ.
3 പകലിനെ തന്നെയാണ സത്യം; അത് അതിനെ (സൂര്യനെ) പ്രത്യക്ഷപ്പെടുത്തുമ്പോൾ.
4 രാത്രിയെ തന്നെയാണ സത്യം; അത് അതിനെ മൂടു മ്പോൾ.
5 ആകാശത്തെയും, അതിനെ സ്ഥാപിച്ച രീതി യെയും തന്നെയാണ സത്യം.
6 ഭൂമിയെയും, അതിനെ വിസ്തൃതമാക്കിയ രീതി യെയും തന്നെയാണ സത്യം.
7 മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാ നിച്ച രീതിയെയും തന്നെയാണ സത്യം.
8 എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു.[1]
9 തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരി ശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു.
10 അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു.
11 ഥമൂദ് ഗോത്രം അതിന്റെ ധിക്കാരം മൂലം (സത്യത്തെ) നിഷേധിച്ചു തള്ളുകയുണ്ടായി.
12 അവരുടെ കൂട്ടത്തിലെ ഏറ്റവും ദുഷ്ടതയുള്ള വൻ ഒരുങ്ങിപുറപ്പെട്ട സന്ദർഭം.
13 അപ്പോൾ അല്ലാഹുവിന്റെ ദൂതൻ അവരോട് പറഞ്ഞു; അല്ലാഹുവിന്റെ ഒട്ടകത്തെയും അതിന്റെ വെള്ളം കുടിയും നിങ്ങൾ സൂക്ഷിക്കുക.[2]
14 അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളു കയും അതിനെ (ഒട്ടകത്തെ) അറുകൊല നടത്തു കയും ചെയ്തു. അപ്പോൾ അവരുടെ പാപം നിമി ത്തം അവരുടെ രക്ഷിതാവ് അവർക്ക് സമൂലനാശം വരുത്തുകയും, (അവർക്കെല്ലാം) അത് സമമാക്കു കയും ചെയ്തു.
15 അതിന്റെ അനന്തരഫലം അവൻ ഭയപ്പെട്ടിരുന്നില്ല.

## ലൈൽ (രാത്രി)
### അദ്ധ്യായം 92

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 രാവിനെ തന്നെയാണ സത്യം; അത് മൂടികൊണ്ടിരി ക്കുമ്പോൾ.
2 പകലിനെ തന്നെയാണ സത്യം; അത് പ്രത്യക്ഷപ്പെ ടുമ്പോൾ.
3 ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച രീതിയെ തന്നെയാണ സത്യം.
4 തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപ ത്തിലുള്ളതാകുന്നു.
5 - 7 എന്നാൽ ഏതൊരാൾ ദാനം നൽകുകയും, സൂക്ഷമത പാലിക്കുകയും, ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന്ന് നാം ഏറ്റ വും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തികൊടു ക്കുന്നതാണ്.[3]
8 - 10 എന്നാൽ ആർ പിശുക്കുകാണിക്കുകയും, സ്വയം പര്യാപ്തത നടിക്കുകയും, ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ അവന്ന് നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കികൊടു ക്കുന്നതാണ്.[4]
11 അവൻ നാശത്തിൽ പതിക്കുമ്പോൾ അവന്റെ ധനം അവന്ന് പ്രയോജനപ്പെടുന്നതല്ല.

---

പരിഭാഷയും വ്യാഖ്യാനവും നോക്കുക.

1 ധർമ്മത്തെയും അധർമ്മത്തെയും പറ്റിയുള്ള അവബോധം മനുഷ്യന്റെ പ്രകൃതിയിൽ തന്നെ അല്ലാഹു ഉൾപ്പെടുത്തിയിരിക്കുന്നു.
2 7:73,79, 11:64,66, 26:155,158 വചനങ്ങൾ കൂടി നോക്കുക.
3 ഔദാര്യവും ധർമ്മനിഷ്ഠയും പുലർത്തുകയും ഉത്തമമായ ആദർശം അഗീകരിക്കുകയും ചെയ്യുന്നവന് അല്ലാഹു ജീവിതം സുഗമമാക്കികൊടുക്കുമെന്നർത്ഥം.
4 ഏറ്റവും ദുരിതപൂർണ്ണമായ ജീവിതത്തിലേക്ക് അല്ലാഹു അവനെ നയിക്കുമെന്നർത്ഥം.

(12) തീർച്ചയായും മാർഗദർശനം നമ്മുടെ ബാധ്യതയാകുന്നു.
(13) തീർച്ചയായും നമുക്കുള്ളതാകുന്നു പരലോകവും ഇഹലോകവും.
(14) അതിനാൽ ആളികത്തികൊണ്ടിരിക്കുന്ന അഗ്നിയെപ്പറ്റി ഞാൻ നിങ്ങൾക്ക് താക്കീത് നൽകിയിരിക്കുന്നു.
(15) (16) നിഷേധിച്ചു തള്ളുകയും, പിന്തിരിഞ്ഞു കളയു കയും ചെയ്ത ഏറ്റവും ദുഷ്ടനായ വ്യക്തിയല്ലാതെ അതിൽ പ്രവേശിക്കുകയില്ല.
(17) (18) പരിശുദ്ധി നേടുവാനായി തന്റെ ധനം നൽകുന്ന ഏറ്റവും സൂക്ഷമതയുള്ള വ്യക്തി അതിൽ നിന്ന് അകറ്റി നിർത്തപ്പെടുന്നതാണ്.
(19) പ്രത്യുപകാരം നൽകപ്പെടേണ്ടതായ യാതൊരു അ നുഗ്രഹവും അവന്റെ പക്കൽ ഒരാൾക്കുമില്ല.[1]
(21) തന്റെ അത്യുന്നതനായ രക്ഷിതാവിന്റെ പ്രീതി തേടുക എന്നതല്ലാതെ.
(20) വഴിയെ അവൻ തൃപ്തിപ്പെടുന്നതാണ്.

## സുഹാ (പൂർവാഹ്നം)
### അദ്ധ്യായം 93

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.
(1) പൂർവാഹ്നം തന്നെയാണ സത്യം;
(2) രാത്രി തന്നെയാണ സത്യം; അത് ശാന്തമാവുമ്പോൾ.
(3) (നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല, വെറുത്തിട്ടുമില്ല.
(4) തീർച്ചയായും പരലോകമാണ് നിനക്ക് ഇഹലോ കത്തേകാൾ ഉത്തമമായത്.
(5) വഴിയെ നിനക്ക് നിന്റെ രക്ഷിതാവ് (അനുഗ്രഹ ങ്ങൾ) നൽകുന്നതും അപ്പോൾ നീ തൃപ്തിപ്പെടു ന്നതുമാണ്.
(6) നിന്നെ അവൻ ഒരനാഥയായി കണ്ടെത്തുകയും,[2] എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ?
(7) നിന്നെ അവൻ വഴിയറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു.
(8) നിന്നെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ടവൻ ഐശ്വര്യം നൽകുകയും ചെയ്തിരിക്കുന്നു.[3]
(9) എന്നിരിക്കെ അനാഥയെ നീ അടിച്ചമർത്തരുത്.

لَا يَصْلَىٰهَآ إِلَّا ٱلْأَشْقَى ﴿١٥﴾ ٱلَّذِى كَذَّبَ وَتَوَلَّىٰ ﴿١٦﴾ وَسَيُجَنَّبُهَا
ٱلْأَتْقَى ﴿١٧﴾ ٱلَّذِى يُؤْتِى مَالَهُۥ يَتَزَكَّىٰ ﴿١٨﴾ وَمَا لِأَحَدٍ عِندَهُۥ مِن
نِّعْمَةٍ تُجْزَىٰٓ ﴿١٩﴾ إِلَّا ٱبْتِغَآءَ وَجْهِ رَبِّهِ ٱلْأَعْلَىٰ ﴿٢٠﴾ وَلَسَوْفَ يَرْضَىٰ ﴿٢١﴾

سُورَةُ الضُّحَىٰ — ترتيبها ٩٣ — آياتها ١١

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلضُّحَىٰ ﴿١﴾ وَٱلَّيْلِ إِذَا سَجَىٰ ﴿٢﴾ مَا وَدَّعَكَ رَبُّكَ وَمَا قَلَىٰ ﴿٣﴾
وَلَلْءَاخِرَةُ خَيْرٌ لَّكَ مِنَ ٱلْأُولَىٰ ﴿٤﴾ وَلَسَوْفَ يُعْطِيكَ رَبُّكَ
فَتَرْضَىٰٓ ﴿٥﴾ أَلَمْ يَجِدْكَ يَتِيمًا فَـَٔاوَىٰ ﴿٦﴾ وَوَجَدَكَ ضَآلًّا
فَهَدَىٰ ﴿٧﴾ وَوَجَدَكَ عَآئِلًا فَأَغْنَىٰ ﴿٨﴾ فَأَمَّا ٱلْيَتِيمَ فَلَا تَقْهَرْ
﴿٩﴾ وَأَمَّا ٱلسَّآئِلَ فَلَا تَنْهَرْ ﴿١٠﴾ وَأَمَّا بِنِعْمَةِ رَبِّكَ فَحَدِّثْ ﴿١١﴾

سُورَةُ الشَّرْحِ — ترتيبها ٩٤ — آياتها ٨

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

أَلَمْ نَشْرَحْ لَكَ صَدْرَكَ ﴿١﴾ وَوَضَعْنَا عَنكَ وِزْرَكَ ﴿٢﴾ ٱلَّذِىٓ
أَنقَضَ ظَهْرَكَ ﴿٣﴾ وَرَفَعْنَا لَكَ ذِكْرَكَ ﴿٤﴾ فَإِنَّ مَعَ ٱلْعُسْرِ يُسْرًا ﴿٥﴾ إِنَّ
مَعَ ٱلْعُسْرِ يُسْرًا ﴿٦﴾ فَإِذَا فَرَغْتَ فَٱنصَبْ ﴿٧﴾ وَإِلَىٰ رَبِّكَ فَٱرْغَب ﴿٨﴾

(10) ചോദിച്ചു വരുന്നവനെ നീ വിരട്ടിവിടുകയും ചെയ്യരുത്
(11) നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് നീ സംസാരിക്കുക.

## ശർഹ് (വിശാലമാക്കൽ)
### അദ്ധ്യായം 94

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.
(1) നിനക്ക് നിന്റെ ഹൃദയം നാം വിശാലതയുള്ളതാക്കി തന്നില്ലേ?
(2) (3) നിന്നിൽ നിന്ന് നിന്റെ മുതുകിനെ ഞെരുക്കിക ഉഞ്ഞ നിന്റെ ആ ഭാരം നാം ഇറക്കിവെക്കുകയും ചെയ്തു.
(4) നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിതരുകയും ചെയ്തിരിക്കുന്നു.[4]

---

1 ആത്മശുദ്ധി ആഗ്രഹിക്കുന്ന വ്യക്തി ഏതൊരാൾക്ക് എന്തൊരു അനുഗ്രഹം ചെയ്യുകയാണെങ്കിലും അത് പ്രത്യുപകാരം ലഭിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാകില്ല. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് മാത്രമായിരിക്കുമെന്നർത്ഥം.

2 നബി(സ) ഗർഭസ്ഥ ശിശുവായിരിക്കെതന്നെ അവിടുത്തെ പിതാവ് മരിച്ചു. ആറ് വയസായപ്പോൾ മാതാവും. അനാഥയായ അദ്ദേഹത്തെ ആദ്യം പിതാമഹനും പിന്നീട് പിതൃവ്യനുമാണ് സംരക്ഷിച്ചു വളർത്തിയത്.

3 പിതാമഹന്റെയും പിതൃവ്യന്റെയും സഹായത്തെ ആശ്രയിച്ച് മാത്രം ജീവിക്കേണ്ടിവന്ന നിർധനനായ നബി(സ) പിന്നീട് ഖദീജ(റ)യുടെ കച്ചവടത്തിന്റെ നടത്തിപ്പ് മുഖേന അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുകയാണ്ടായി.

4 കടുത്ത എതിർപ്പുകളെ നേരിട്ടുകൊണ്ടാണ് നബി(സ) ജീവിതം നയിച്ചത്. മിക്ക മനുഷ്യരും അത്തരം എതിർപ്പുകൾക്കുമുമ്പിൽ മനസ്സുമടുത്തവരോ ക്ഷുഭിതരോ ആയിതീരുകയാണ് പതിവ്. എന്നാൽ നബി(സ) അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹത്താൽ എപ്പോഴും മനസ്സാന്നിധ്യത്തോടും ഹൃദയവിശാലതയോടും കൂടി വർത്തിച്ചു. എല്ലാപ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കാൻ ഇത് അദ്ദേഹത്തെ സഹായിച്ചു. മനുഷ്യ ചരിത്രത്തിലെ അതുല്യമായ നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതും ഇത് തന്നെ.

## سُورَةُ التِّينِ

ترتيبها ٩٥ — آياتها ٨

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلتِّينِ وَٱلزَّيْتُونِ ﴿١﴾ وَطُورِ سِينِينَ ﴿٢﴾ وَهَٰذَا ٱلْبَلَدِ ٱلْأَمِينِ ﴿٣﴾
لَقَدْ خَلَقْنَا ٱلْإِنسَٰنَ فِىٓ أَحْسَنِ تَقْوِيمٍ ﴿٤﴾ ثُمَّ رَدَدْنَٰهُ أَسْفَلَ سَٰفِلِينَ
﴿٥﴾ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَلَهُمْ أَجْرٌ غَيْرُ مَمْنُونٍ ﴿٦﴾
فَمَا يُكَذِّبُكَ بَعْدُ بِٱلدِّينِ ﴿٧﴾ أَلَيْسَ ٱللَّهُ بِأَحْكَمِ ٱلْحَٰكِمِينَ ﴿٨﴾

## سُورَةُ العَلَقِ

ترتيبها ٩٦ — آياتها ١٩

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ﴿١﴾ خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ ﴿٢﴾ ٱقْرَأْ وَرَبُّكَ
ٱلْأَكْرَمُ ﴿٣﴾ ٱلَّذِى عَلَّمَ بِٱلْقَلَمِ ﴿٤﴾ عَلَّمَ ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾ كَلَّآ إِنَّ
ٱلْإِنسَٰنَ لَيَطْغَىٰٓ ﴿٦﴾ أَن رَّءَاهُ ٱسْتَغْنَىٰٓ ﴿٧﴾ إِنَّ إِلَىٰ رَبِّكَ ٱلرُّجْعَىٰٓ ﴿٨﴾ أَرَءَيْتَ
ٱلَّذِى يَنْهَىٰ ﴿٩﴾ عَبْدًا إِذَا صَلَّىٰٓ ﴿١٠﴾ أَرَءَيْتَ إِن كَانَ عَلَى ٱلْهُدَىٰٓ ﴿١١﴾ أَوْ أَمَرَ
بِٱلتَّقْوَىٰٓ ﴿١٢﴾ أَرَءَيْتَ إِن كَذَّبَ وَتَوَلَّىٰٓ ﴿١٣﴾ أَلَمْ يَعْلَم بِأَنَّ ٱللَّهَ يَرَىٰ ﴿١٤﴾ كَلَّا لَئِن
لَّمْ يَنتَهِ لَنَسْفَعًۢا بِٱلنَّاصِيَةِ ﴿١٥﴾ نَاصِيَةٍ كَٰذِبَةٍ خَاطِئَةٍ ﴿١٦﴾ فَلْيَدْعُ نَادِيَهُۥ
﴿١٧﴾ سَنَدْعُ ٱلزَّبَانِيَةَ ﴿١٨﴾ كَلَّا لَا تُطِعْهُ وَٱسْجُدْ وَٱقْتَرِب ۩ ﴿١٩﴾

5 എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും.
6 തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളു പ്പമുണ്ടായിരിക്കും.[1]
7 ആകയാൽ നിനക്ക് ഒഴിവു കിട്ടിയാൽ നീ അദ്ധ്വാനിക്കുക.[2]
8 നിന്റെ രക്ഷിതാവിങ്കലേക്ക് തന്നെ നിന്റെ ആഗ്രഹം സമർപ്പിക്കുകയും ചെയ്യുക.

## തീൻ (അത്തി)
### അദ്ധ്യായം 95

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 - 3 അത്തിയും ഒലിവും, സീനാ പർവ്വതവും, നിർഭയത്ത്വമുള്ള ഈ രാജ്യവും തന്നെയാണ സത്യം.
4 തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു.
5 പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു.[3]
6 വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. എന്നാൽ അവർക്കാകട്ടെ മുറിഞ്ഞുപോകാത്ത പ്രതിഫലമുണ്ടായി രിക്കും.
7 എന്നിരിക്കെ ഇതിനുശേഷം (പരലോകത്തെ) പ്രതിഫല നടപടിയുടെ കാര്യത്തിൽ (നബിയേ,) നിന്നെ നിഷേധിച്ചു തള്ളാൻ എന്ത് ന്യായമാണുള്ളത്?
8 അല്ലാഹു വിധികർത്താക്കളിൽ വെച്ചു ഏറ്റവും വലിയ വിധികർത്താവല്ലയോ?

## അലഖ് (ഭ്രൂണം)
### അദ്ധ്യായം 96

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക.[4]
2 മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരി ക്കുന്നു.
3 4 നീ വായിക്കുക. നിന്റെ രക്ഷിതാവ് പേന കൊണ്ട് പഠിപ്പി ച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു.
5 മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.[5]
6 7 നിസ്സംശയം; മനുഷ്യൻ തന്നെ സ്വയം പര്യാപ്തനാ യിക്കണ്ടതിനാൽ ധിക്കാരിയായിത്തീരുന്നു.[6]
8 തീർച്ചയായും നിന്റെ രക്ഷിതാവിന്റെ അടുക്കലേക്കാണ് മടക്കം.
9 10 ഒരടിയൻ നമസ്കരിച്ചാൽ അത് വിലക്കുന്നവനെ നീ കണ്ടുവോ?
11 12 അദ്ദേഹം സൻമാർഗത്തിലാണെങ്കിൽ, അഥവാ അദ്ദേഹം സൂക്ഷ്മത കൈക്കൊള്ളാൻ

---

1 അശുഭചിന്തകളും ജീവിതനൈരാശ്യങ്ങളുമാണ് ബഹുഭൂ രിപക്ഷം ആളുകളുടെയും പരാജയത്തിന് ഹേതുവായി തീ രുന്നത്. ഏതെങ്കിലും രംഗത്ത് അൽപം ഞെരുക്കം അനുഭവി ക്കുമ്പോഴേക്ക് മടുപ്പ് ബാധിക്കുന്നവർക്ക് വിലപ്പെട്ടതൊന്നും നേടാനാവില്ല. എന്നാൽ ക്ലേശത്തിന്റെയും ത്യാഗത്തിന്റെയും ഫ ലമാണ് സൗകര്യങ്ങളും വികാസങ്ങളും തുറന്നു കിട്ടുന്നതെന്ന സത്യം മനസ്സിലാക്കിയ വ്യക്തിയെ ഒരു പ്രതിബന്ധവും തളർ ത്തുകയില്ല. ഇതാണ് ഈ വചനം നമ്മുക്ക് മനസ്സിലാക്കി തരു ന്നത്.

2 അദ്ധ്വാനങ്ങളും പരിശ്രമങ്ങളും ഒരിക്കലും നിർത്തിവെക്കാതിരിക്കുക. ആലസ്യം കൈവെടിഞ്ഞ് നിരന്തരം സൽപ്രവർ ത്തനങ്ങളിൽ മുഴുകുക. ജീവിത വിജയത്തിന്റെ അനിവാര്യോ പാധിയത്രെ അത്.

3 മറ്റൊരു ജന്തു വർഗത്തിനും നേടാൻ സാധിക്കാത്ത നിരവധി നേട്ടങ്ങൾ നേടിയെടുക്കാൻ പാകത്തിലുള്ള സവിശേഷ ഘടന യോടെയാണ് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. മറ്റൊരു ജന്തുവിനും സാധിക്കാത്തവിധം അത്യന്തം ദുഷ്ടവും ഹീനവുമായ നിലവാരത്തിലേക്ക് അധഃപതിക്കാനുള്ള സാധ്യതയും മനുഷ്യന്റെ ഘടനയിൽ ജഗന്നിയന്താവ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഔന്നത്യ ത്തിലേക്കും അധഃപതനത്തിലേക്കും നയിക്കുന്ന ജീവിതരീതികൾ ഏതെക്കെയെന്ന് അവൻ മനുഷ്യന് വ്യക്തമാക്കിക്കൊടുക്കു കയും ചെയ്തിട്ടുണ്ട്.

4 മുഹമ്മദ് നബി(സ) ആദ്യമായി ലഭിച്ച ദൈവിക സന്ദേശം ഈ അദ്ധ്യായത്തിലെ ആദ്യത്തെ അഞ്ച് വചനങ്ങളാകുന്നു. മക്കയിലെ ഹിറാഗുഹയിൽ വെച്ചാണ് ജിബിരീൽ (അ) എന്ന മലക്ക് ഈ വചനങ്ങൾ കോൾപ്പിച്ചത്.

5 ആശയാവിഷ്കരണത്തിന് തൂലികകൊണ്ടുള്ള ആലേഖനം ഒരു ഉപാധിയായി സ്വീകരിച്ച ഏക ജന്തുവാണ് മനുഷ്യൻ. അക്ഷര വിദ്യയാണ് വിജ്ഞാനക്രോഡീകരണത്തിലൂടെ മനുഷ്യതലമുറകളെ സാംസ്കാരികവും നാഗരികവുമായ ഈടുവെയ്പുകളുടെ അവകാശികളാക്കിത്തീർത്തത്.

6 തനിക്ക് ആരെയും ആശ്രയിക്കേണ്ടതും ഭയപ്പെടേണ്ടതുമില്ല എന്ന ധാരണയിൽ നിന്നാണ് ധിക്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും ഉദ്ഭവം.

കൽപിച്ചി രിക്കയാണെങ്കിൽ [1] (അവന്റെ അവസ്ഥ എന്തായിരി ക്കുമെന്ന്) നീ കണ്ടുവോ?

(13) അവൻ (ആ വിലക്കുന്നവൻ) നിഷേധിച്ചു തള്ളുകയും തിരിഞ്ഞുകളയുകയും ചെയ്തിരിക്കയാണെങ്കിൽ (അവ സ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ?

(14) അവൻ മനസ്സിലാക്കിയിട്ടില്ലേ; അല്ലാഹു കാണു ന്നുണ്ടെന്ന്? [2]

(15) നിസ്സംശയം; അവൻ വിരമിച്ചിട്ടില്ലെങ്കിൽ നാം ആ കുടുമ പിടിച്ചുവലിക്കുക തന്നെ ചെയ്യും.

(16) കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ.

(17) എന്നിട്ട് അവൻ അവന്റെ സഭയിലുള്ളവരെ വിളി ച്ചുകൊള്ളട്ടെ.

(18) നാം 'സബാനിയത്തിനെ' (ശിക്ഷ നടപ്പാക്കുന്ന മല ക്കുകളെ) വിളിച്ചുകൊള്ളാം.

(19) നിസ്സംശയം; നീ അവനെ അനുസരിച്ചു പോകരുത്. നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക.

## ഖദ്ർ (നിർണയം)

### അദ്ധ്യായം 97

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണ്ണ യത്തിന്റെ രാത്രിയിൽ [3] അവതരിപ്പിച്ചിരിക്കുന്നു.

(2) നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ?

(3) നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.

سُورَةُ القَدۡرِ — ترتيبها ٩٧ — آياتها ٥

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إِنَّآ أَنزَلۡنَٰهُ فِي لَيۡلَةِ ٱلۡقَدۡرِ ١ وَمَآ أَدۡرَىٰكَ مَا لَيۡلَةُ ٱلۡقَدۡرِ ٢
لَيۡلَةُ ٱلۡقَدۡرِ خَيۡرٞ مِّنۡ أَلۡفِ شَهۡرٖ ٣ تَنَزَّلُ ٱلۡمَلَٰٓئِكَةُ وَٱلرُّوحُ
فِيهَا بِإِذۡنِ رَبِّهِم مِّن كُلِّ أَمۡرٖ ٤ سَلَٰمٌ هِيَ حَتَّىٰ مَطۡلَعِ ٱلۡفَجۡرِ ٥

سُورَةُ البَيِّنَةِ — ترتيبها ٩٨ — آياتها ٨

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

لَمۡ يَكُنِ ٱلَّذِينَ كَفَرُواْ مِنۡ أَهۡلِ ٱلۡكِتَٰبِ وَٱلۡمُشۡرِكِينَ مُنفَكِّينَ
حَتَّىٰ تَأۡتِيَهُمُ ٱلۡبَيِّنَةُ ١ رَسُولٞ مِّنَ ٱللَّهِ يَتۡلُواْ صُحُفٗا مُّطَهَّرَةٗ ٢
فِيهَا كُتُبٞ قَيِّمَةٞ ٣ وَمَا تَفَرَّقَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ إِلَّا مِنۢ
بَعۡدِ مَا جَآءَتۡهُمُ ٱلۡبَيِّنَةُ ٤ وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ
لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ
ٱلۡقَيِّمَةِ ٥ إِنَّ ٱلَّذِينَ كَفَرُواْ مِنۡ أَهۡلِ ٱلۡكِتَٰبِ وَٱلۡمُشۡرِكِينَ
فِي نَارِ جَهَنَّمَ خَٰلِدِينَ فِيهَآۚ أُوْلَٰٓئِكَ هُمۡ شَرُّ ٱلۡبَرِيَّةِ ٦ إِنَّ
ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ أُوْلَٰٓئِكَ هُمۡ خَيۡرُ ٱلۡبَرِيَّةِ ٧

(4) മലക്കുകളും ആത്മാവും [4] അവരുടെ രക്ഷിതാ വിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തര വുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു.

(5) പ്രഭാതോദയം വരെ അത് സമാധാനമത്രെ.

## ബയ്യിനഃ (വ്യക്തമായ തെളിവ്)

### അദ്ധ്യായം 98

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ട സത്യനിഷേധികൾ വ്യക്തമായ തെളിവ് തങ്ങൾക്ക് വന്ന് കിട്ടുന്നതുവരെ (അവിശ്വാസത്തിൽ നിന്ന്) വേറിട്ടു പോരുന്നവരായിട്ടില്ല.

(2) (3) അതായത് വക്രതയില്ലാത്ത രേഖകളടങ്ങുന്ന പരിശുദ്ധി നൽകപ്പെട്ട ഏടുകൾ ഓതിക്കേൾപ്പിക്കുന്ന, അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ദൂതൻ (വരുന്നതുവരെ)

(4) വേദം നൽകപ്പെട്ടവർ അവർക്ക് വ്യക്തമായ തെളിവ് വന്നു കിട്ടിയതിനുശേഷമല്ലാതെ ഭിന്നിക്കു കയുണ്ടായിട്ടില്ല. [5]

---

1 .നബി(സ) നമസ്കരിക്കുന്നത് വിലക്കാനും തടസ്സപ്പെടുത്താനും ശ്രമിച്ച അബൂജഹ്ലിനെ പറ്റിയാണ് ഈ വചനങ്ങളിലെ പരാമ ർശമെന്ന് മുസ്ലീം റിപ്പേർട്ട് ചെയ്ത ഒരു ഹദീസ് സൂചിപ്പിക്കുന്നു. പ്രാർത്ഥനയിലും സദ്കർമ്മങ്ങളിലും ഏർപ്പെടുന്നവരെ തടസ്സ പ്പെടുത്താൻ ശ്രമിക്കുന്ന എല്ലാവർക്കും ഇത് ബാധകമാണ്. അബൂജഹ്ലിന്നോ കൂട്ടുകാർക്കോ ദ്രോഹമുണ്ടാക്കുന്ന യാതൊ രു കാര്യത്തിലും നബ(സ) ഏർപ്പെട്ടിട്ടില്ല. എന്നിട്ടും അബേത്ധു ഹ്ലും കൂട്ടരും തങ്ങളുടെ പരമ്പരാഗത മതത്തെ അദ്ദേഹം തകർക്കാൻ ശ്രമിക്കുകയാണെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹ ത്തെ എതിർക്കുകയാണ് ചെയ്തത്. അവരുടെ വാദത്തിനും ധാരണക്കും എതിരായി മുഹമ്മദ് നബി(സ) സന്മാർഗചാരിയും ധർമാനുശാസകനും ആണെന്നാണ് സത്യമെങ്കിൻ അവരുടെ നില എത്ര മോശമായിരിക്കുമെന്ന് അല്ലാഹു ചോദിക്കുന്നു.

2 സ്വന്തം മതത്തെ സംരക്ഷിക്കുന്നു എന്ന ഭാവേന അബൂജ ഹ്ൽ ചെയ്യുന്നത് യഥാർത്ഥത്തിൽ സത്യനിഷേദവും സത്യത്തോടുള്ള അവഗണനയു മാണെങ്കിൽ അവന്റെ അവസ്ഥ എത്ര ശോച്യമായിരിക്കുമെന്ന് അവൻ ചിന്തിക്കുന്നില്ലേ എന്ന് അല്ലാഹു ചോദിക്കുന്നു.

3 വിശുദ്ധഖുർആൻ അവതീർണമായ അല്ലെങ്കിൽ അവതരണമാ രംഭിച്ച രാത്രിയെ സൂറഃ ദുഖാനിൽ ലൈലഃ മുബാറകഃ എന്നും, ഇവിടെ ലൈലത്തുൽ ഖദ്ർ എന്നും വിശേഷിപ്പിക്കുന്നു. 'ഖദ്ർ' എന്ന പദത്തിന് നിർണ്ണയം എന്നും അർത്ഥമുണ്ട്. വിശുദ്ധ ഖുർആന്റെ അവതരണം മനുഷ്യ ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവാണ്. മാനവരാശിക്ക് മുഴുവൻ മാർഗദർശകമായി വിശുദ്ധ ഖുർആൻ അവതരിച്ച രാത്രിക്ക് മറ്റു രാത്രി കൾക്കൊന്നും ഇല്ലാത്ത മഹത്വം അല്ലാഹു നല്കിയിരിക്കുന്നു., ആ രാത്രി റമളാനിലാണെന്ന് വിഃഖു: 2:185ൽ നിന്ന് മനസ്സിലാക്കാം. റമളാനിലെ അവസാനത്തെ പത്തുരാത്രികളിലൊന്ന് അതെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു.

4 ഇവിടെ 'റൂഹ്' (ആത്മാവ്) എന്ന പദം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ജിബരീൽ എന്ന മലക്കാണെന്നാണ് പ്രബലമായ അഭിപ്രായം.

5 വേദം ലഭിച്ച സമുദായങ്ങൾ ഭിന്നിച്ച് തെളിവ് ലഭിക്കാ ത്തതുകൊണ്ടല്ല, പരസ്പര വിരോധവും മർക്കടമുഷ്ടിയും

جَزَآؤُهُمْ عِندَ رَبِّهِمْ جَنَّٰتُ عَدْنٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ
فِيهَآ أَبَدًا ۖ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ ۚ ذَٰلِكَ لِمَنْ خَشِىَ رَبَّهُۥ ﴿٨﴾

ترتيبها ٩٩ — سُورَةُ الزَّلْزَلَةِ — آياتها ٨

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِذَا زُلْزِلَتِ ٱلْأَرْضُ زِلْزَالَهَا ﴿١﴾ وَأَخْرَجَتِ ٱلْأَرْضُ أَثْقَالَهَا
﴿٢﴾ وَقَالَ ٱلْإِنسَٰنُ مَا لَهَا ﴿٣﴾ يَوْمَئِذٍ تُحَدِّثُ أَخْبَارَهَا ﴿٤﴾
بِأَنَّ رَبَّكَ أَوْحَىٰ لَهَا ﴿٥﴾ يَوْمَئِذٍ يَصْدُرُ ٱلنَّاسُ أَشْتَاتًا
لِّيُرَوْا۟ أَعْمَٰلَهُمْ ﴿٦﴾ فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا
يَرَهُۥ ﴿٧﴾ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

ترتيبها ١٠٠ — سُورَةُ العَادِيَاتِ — آياتها ١١

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلْعَٰدِيَٰتِ ضَبْحًا ﴿١﴾ فَٱلْمُورِيَٰتِ قَدْحًا ﴿٢﴾ فَٱلْمُغِيرَٰتِ صُبْحًا
﴿٣﴾ فَأَثَرْنَ بِهِۦ نَقْعًا ﴿٤﴾ فَوَسَطْنَ بِهِۦ جَمْعًا ﴿٥﴾ إِنَّ ٱلْإِنسَٰنَ
لِرَبِّهِۦ لَكَنُودٌ ﴿٦﴾ وَإِنَّهُۥ عَلَىٰ ذَٰلِكَ لَشَهِيدٌ ﴿٧﴾ وَإِنَّهُۥ لِحُبِّ
ٱلْخَيْرِ لَشَدِيدٌ ﴿٨﴾ ۞ أَفَلَا يَعْلَمُ إِذَا بُعْثِرَ مَا فِى ٱلْقُبُورِ ﴿٩﴾

(5) കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കു വാനും, നമസ്ക്കാരം നിലനിർത്തുവാനും, സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപ്പിക്കപ്പെ ട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം.

(6) തീർച്ചയായും വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട സത്യനിഷേധികൾ നരകാഗ്നിയിലാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അക്കൂട്ടർ തന്നെയാകുന്നു സൃഷ്ടികളിൽ മോശ പ്പെട്ടവർ.

(7) തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ.

(8) അവർക്ക് അവരുടെ രക്ഷിതാവിങ്കലുള്ള പ്രതിഫലം താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും; എന്നെന്നേ ക്കുമായിട്ട്. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരി ക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടി രിക്കുന്നു, ഏതൊരുവൻ തന്റെ രക്ഷിതാവിനെ ഭയപ്പെട്ടുവോ അവന്നുള്ളതാകുന്നു അത്.

നിമിത്തമാണ് എന്നർത്ഥം.

## സൽസലഃ (പ്രകമ്പനം)

### അദ്ധ്യായം 99

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ഭൂമി പ്രകമ്പനം കൊള്ളിക്കപ്പെട്ടാൽ — അതിന്റെ ഭയങ്കരമായ ആ പ്രകമ്പനം.

(2) (3) ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും, അതിന് എന്തുപറ്റി എന്ന് മനുഷ്യൻ പറയുകയും ചെയ്‌താൽ.[1]

(4) അന്നേ ദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്.

(5) നിന്റെ രക്ഷിതാവ് അതിന് ബോധനം നൽകിയത് നിമിത്തം.

(6) അന്നേദിവസം മനുഷ്യർ പല സംഘങ്ങളായി പുറ പ്പെടുന്നതാണ്. അവർക്ക് അവരുടെ കർമ്മങ്ങൾ കാണിക്കപ്പെടേണ്ടതിനായിട്ട്.

(7) അപ്പോൾ ആർ ഒരണുവിന്റെ തൂക്കം നന്മ ചെയ്‌ തിരുന്നുവോ അവനത് കാണും.

(8) ആർ ഒരണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നു വോ അവൻ അതും കാണും.[2]

## ആദിയാത്ത് (ഓടുന്നവ)

### അദ്ധ്യായം 100

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1)-(5) കിതച്ചുകൊണ്ടു ഓടുന്നവയും, അങ്ങനെ (കുളമ്പ് കല്ലിൽ) ഉരസി തീപ്പൊരി പറപ്പിക്കുന്നവയും, എന്നിട്ട് പ്രഭാതത്തിൽ ആക്രമണം നടത്തുന്നവയും, അന്നേരത്ത് പൊടിപടലം ഇളക്കി വിട്ട് അതിലൂടെ (ശത്രു) സംഘത്തിന്റെ നടുവിൽ പ്രവേശിച്ചവയും (കുതിരകൾ) തന്നെ സത്യം.

(6) തീർച്ചയായും മനുഷ്യൻ തന്റെ രക്ഷിതാവിനോട് നന്ദികെട്ടവൻ തന്നെ

(7) തീർച്ചയായും അവൻ അതിന്ന് സാക്ഷ്യം വഹി ക്കുന്നവനുമാകുന്നു.

(8) തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനുമാകുന്നു.

(9)-(11) എന്നാൽ അവർ അറിയുന്നില്ലേ? ഖബ്റുകളി ലുള്ളത് ഇളക്കി മറിച്ചു പുറത്തുകൊണ്ടു വര പ്പെടുകയും, ഹൃദയങ്ങളിലുള്ളതു വെളിക്കുകൊ ണ്ടുവരപ്പെടുകയും[3] ചെയ്താൽ, തീർച്ചയായും അവ

1 അന്ത്യദിനത്തിലുണ്ടാകുന്ന സംഭവങ്ങളത്രെ ഇവിടെ പ്രതി പാദിക്കപ്പെടുന്നത്.

2 ഇഹലോകത്ത് മനുഷ്യൻ ചെയ്ത ഏത് നിസ്സാരമായ പ്രവൃ ത്തിക്കും കണിശമായ പ്രതഫലം പരലോകത്ത് അല്ലാഹു നല്കുന്നതാണ് എന്നർത്ഥം.

3 ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ആർക്കും യാതൊന്നും മനസ്സിൽ ഒളിപ്പിച്ചുവെക്കാനാവില്ല. ഓരോരുത്തർ ചെയ്തതും പറഞ്ഞതുമായ കാര്യങ്ങളെ സംബന്ധിച്ച് അന്ന് അവരുടെ അവയവങ്ങൾ തന്നെ

രുടെ രക്ഷിതാവ് അന്നേദിവസം അവരെപ്പറ്റി സൂക്ഷ്മ മായി അറിയുന്നവൻ തന്നെയാകുന്നു.

## ഖാരിഅഃ (ഭയങ്കര സംഭവം)

### അദ്ധ്യായം 101

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ഭയങ്കരമായ ആ സംഭവം.
(2) ഭയങ്കരമായ സംഭവം എന്നാൽ എന്താകുന്നു?
(3) ഭയങ്കരമായ സംഭവമെന്നാൽ എന്താണെന്ന് നിനക്കറിയാമോ?
(4) (5) മനുഷ്യന്മാർ ചിന്നിച്ചിതറിയ പാറ്റയെ പോലെ യും പർവ്വതങ്ങൾ കടഞ്ഞ രോമം പോലെയും ആയിത്തീരുന്ന ദിവസം.
(6) (7) അപ്പോൾ ഏതൊരാളുടെ തുലാസുകൾ ഘനം തൂങ്ങിയോ അവൻ സംതൃപ്തമായ ജീവിതത്തി ലായിരിക്കും.[1]
(8) (9) എന്നാൽ ഏതൊരാളുടെ തുലാസുകൾ തൂക്കം കുറഞ്ഞതായോ അവന്റെ സങ്കേതം 'ഹാവിയഃ' ആയിരിക്കും.
(10) 'ഹാവിയഃ' എന്നാൽ എന്താണെന്ന് നിനക്ക റിയാമോ?
(11) ചൂടേറിയ നരകാഗ്നിയത്രെ അത്.

## തകാഥുർ (പെരുമ നടിക്കൽ)

### അദ്ധ്യായം 102

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) (2) നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നതു വരേക്കും പരസ്പരം പെരുമ നടിക്കുക എന്ന കാര്യം. നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു.[2]
(3) നിസ്സംശയം, നിങ്ങൾ വഴിയെ അറിഞ്ഞു കൊ ള്ളും.

وَحُصِّلَ مَا فِي الصُّدُورِ ﴿١٠﴾ إِنَّ رَبَّهُم بِهِمْ يَوْمَئِذٍ لَّخَبِيرٌ ﴿١١﴾

سُورَةُ القَارِعَةِ — ترتيبها ١٠١ — آياتها ١١

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

الْقَارِعَةُ ﴿١﴾ مَا الْقَارِعَةُ ﴿٢﴾ وَمَا أَدْرَاكَ مَا الْقَارِعَةُ
﴿٣﴾ يَوْمَ يَكُونُ النَّاسُ كَالْفَرَاشِ الْمَبْثُوثِ ﴿٤﴾
وَتَكُونُ الْجِبَالُ كَالْعِهْنِ الْمَنفُوشِ ﴿٥﴾ فَأَمَّا
مَن ثَقُلَتْ مَوَازِينُهُ ﴿٦﴾ فَهُوَ فِي عِيشَةٍ رَّاضِيَةٍ
﴿٧﴾ وَأَمَّا مَنْ خَفَّتْ مَوَازِينُهُ ﴿٨﴾ فَأُمُّهُ هَاوِيَةٌ
﴿٩﴾ وَمَا أَدْرَاكَ مَا هِيَهْ ﴿١٠﴾ نَارٌ حَامِيَةٌ ﴿١١﴾

سُورَةُ التَّكَاثُرِ — ترتيبها ١٠٢ — آياتها ٨

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

أَلْهَاكُمُ التَّكَاثُرُ ﴿١﴾ حَتَّىٰ زُرْتُمُ الْمَقَابِرَ ﴿٢﴾ كَلَّا سَوْفَ
تَعْلَمُونَ ﴿٣﴾ ثُمَّ كَلَّا سَوْفَ تَعْلَمُونَ ﴿٤﴾ كَلَّا لَوْ تَعْلَمُونَ
عِلْمَ الْيَقِينِ ﴿٥﴾ لَتَرَوُنَّ الْجَحِيمَ ﴿٦﴾ ثُمَّ لَتَرَوُنَّهَا
عَيْنَ الْيَقِينِ ﴿٧﴾ ثُمَّ لَتُسْأَلُنَّ يَوْمَئِذٍ عَنِ النَّعِيمِ ﴿٨﴾

(4) പിന്നെയും; നിസ്സംശയം, നിങ്ങൾ വഴിയെ അറി ഞ്ഞു കൊള്ളും.
(5) (6) നിസ്സംശയം; നിങ്ങൾ ദൃഢമായ അറിവ് അറിയു മായിരുന്നെങ്കിൽ ജ്വലിക്കുന്ന നരകത്തെ നിങ്ങൾ കാണുക തന്നെ ചെയ്യും.
(7) പിന്നെ തീർച്ചയായും നിങ്ങൾ അതിനെ ദൃഢ മായും കണ്ണാൽ കാണുക തന്നെ ചെയ്യും.
(8) പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങ ളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടു ക തന്നെ ചെയ്യും.[3]

---

സാക്ഷ്യം വഹിക്കുമെന്ന് വി. ഖു. 36:65ലും 41:20ലും കാണാം

1 സൽകർമ്മങ്ങളുടെ തുലാസ്സ്തട്ടുകൾക്ക് ഘനമുണ്ടെങ്കിൽ പരലോകത്ത് സംതൃപ്തമായ ജീവിതം ഉറപ്പാണെന്നർത്ഥം. കർമ്മങ്ങളുടെ തൂക്കവും, അത് കണക്കാക്കാനുള്ള തുലാസ്സും അദൃശ്യലോകത്തെ യഥാർത്ഥ്യ ങ്ങളെന്ന നിലയിൽ വിശുദ്ധ ഖുർആൻ നമുക്ക് വെളിപ്പെടുത്തിത്തരുന്ന കാര്യങ്ങളാണ്. അതിന്റെ വിശദാംശങ്ങൾ ഈ ഭൗതിക ലോകത്ത് വെച്ച് നമുക്ക് ഗ്രഹിക്കാനാവില്ല.

2 –നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നതുവരെ– എന്നതു കൊണ്ട് ഇവിടെ ഉദ്ദേശിക്കപ്പെട്ടത് – നിങ്ങൾ മരിച്ചു മറവ് ചെയ്യ പ്പെടുന്നതുവരെ – എന്നത്രെ. ഭൗതികനേട്ടങ്ങളുടെ പേരിലുള്ള പെരുമയും പൊങ്ങച്ചവും കാരണം സത്യത്തെയും ധർമ്മത്തെ യും പറ്റി മനുഷ്യൻ അശ്രദ്ധയിലാകുന്ന അവസ്ഥ മരണം വരെയും തുടരുന്നു എന്ന സത്യത്തിലേക്ക് ഈ വചനങ്ങൾ നമ്മുടെ ശ്രദ്ധ തിരിക്കുന്നു.

3 അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചു കൊണ്ടാണ് ഓരോ നിമിഷവും നാം ജീവിക്കുന്നത്. ഈ അനുഗ്രഹളോട് നാം ഏത് വിധമാണ് പ്രതികരിച്ചതെന്നതിനെപ്പറ്റി അല്ലാഹുവിന്റെ ചോദ്യം ചെയ്യലിൽ നിന്ന് നമുക്ക് ഒഴിഞ്ഞു മാറാനാവില്ല.

## سُورَةُ العَصۡرِ
ترتيبها ١٠٣ — آياتها ٣

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلۡعَصۡرِ ﴿١﴾ إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ﴿٢﴾ إِلَّا ٱلَّذِينَ ءَامَنُواْ
وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ ﴿٣﴾

## سُورَةُ الهُمَزَةِ
ترتيبها ١٠٤ — آياتها ٩

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَيۡلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ ﴿١﴾ ٱلَّذِي جَمَعَ مَالٗا وَعَدَّدَهُۥ ﴿٢﴾
يَحۡسَبُ أَنَّ مَالَهُۥٓ أَخۡلَدَهُۥ ﴿٣﴾ كَلَّاۖ لَيُنۢبَذَنَّ فِي ٱلۡحُطَمَةِ ﴿٤﴾
وَمَآ أَدۡرَىٰكَ مَا ٱلۡحُطَمَةُ ﴿٥﴾ نَارُ ٱللَّهِ ٱلۡمُوقَدَةُ ﴿٦﴾ ٱلَّتِي تَطَّلِعُ
عَلَى ٱلۡأَفۡـِٔدَةِ ﴿٧﴾ إِنَّهَا عَلَيۡهِم مُّؤۡصَدَةٞ ﴿٨﴾ فِي عَمَدٖ مُّمَدَّدَةِۭ ﴿٩﴾

## سُورَةُ الفِيلِ
ترتيبها ١٠٥ — آياتها ٥

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

أَلَمۡ تَرَ كَيۡفَ فَعَلَ رَبُّكَ بِأَصۡحَٰبِ ٱلۡفِيلِ ﴿١﴾ أَلَمۡ يَجۡعَلۡ كَيۡدَهُمۡ
فِي تَضۡلِيلٖ ﴿٢﴾ وَأَرۡسَلَ عَلَيۡهِمۡ طَيۡرًا أَبَابِيلَ ﴿٣﴾ تَرۡمِيهِم
بِحِجَارَةٖ مِّن سِجِّيلٖ ﴿٤﴾ فَجَعَلَهُمۡ كَعَصۡفٖ مَّأۡكُولِۭ ﴿٥﴾

## അസ്വ്ർ (കാലം)
### അദ്ധ്യായം 103

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) കാലം തന്നെയാണ സത്യം,
(2) തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു.[1]
(3) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കു കയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശി ക്കുകയും, ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശി ക്കുകയും ചെയ്തവരൊഴികെ.

## ഹുമസഃ (കുത്തിപ്പറയുന്നവർ)
### അദ്ധ്യായം 104

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) കുത്തിപ്പറയുന്നവരും അവഹേളിക്കുന്നവരുമായ ഏതൊരാൾക്കും നാശം.
(2) അതായത് ധനം ശേഖരിക്കുകയും അത് എണ്ണി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്.
(3) അവന്റെ ധനം അവന് ശാശ്വത ജീവിതം നൽകി യിരിക്കുന്നു എന്ന് അവൻ വിചാരിക്കുന്നു.
(4) നിസ്സംശയം, അവൻ 'ഹുത്ത്വമ'യിൽ എറിയപ്പെ ടുക തന്നെ ചെയ്യും.
(5) 'ഹുത്ത്വമ' എന്നാൽ എന്താണെന്ന് നിനക്കറിയാമോ?
(6) (7) അത് ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്ന, അല്ലാ ഹുവിന്റെ ജ്വലിക്കപ്പെട്ട അഗ്നിയാകുന്നു.
(8) (9) തീർച്ചയായും അത് നീട്ടിയുണ്ടാക്കപ്പെട്ട സ്തം ഭങ്ങളിലായിക്കൊണ്ട് അവരുടെ മേൽ അടച്ചുമൂട പ്പെടുന്നതായിരിക്കും.

## ഫീൽ (ആന)
### അദ്ധ്യായം 105

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) ആനക്കാരെക്കൊണ്ട് നിന്റെ രക്ഷിതാവ് പ്രവ ർത്തിച്ചത് എങ്ങനെ എന്ന് നീ കണ്ടില്ലേ?
(2) അവരുടെ തന്ത്രം അവൻ പിഴവിലാക്കിയില്ലേ?
(3) (4) ചുട്ടുപഴുപ്പിച്ച കളിമൺകല്ലുകൾ കൊണ്ട് അവൻ അവരെ എറിയുന്ന, കൂട്ടംകൂട്ടമായിക്കൊണ്ടുള്ള പക്ഷി കളെ[2] അവരുടെ നേർക്ക് അവൻ അയക്കുകയും ചെയ്തു.

---

1 ജീവിതത്തിലെ ലാഭനഷ്ടങ്ങളെപ്പറ്റിയുള്ള ഭൗതികമായ വീക്ഷണം ഏതുകാലത്തുമുള്ള മനുഷ്യർക്ക് സുപരിചിതമാണ്. എന്നാൽ ഭൗതികലാഭം ക്ഷണികമാണ്. ആത്യന്തികമായ നഷ്ടത്തിൽനിന്ന്– പരലോക ശിക്ഷയിൽ നിന്ന്–രക്ഷപെടാൻ അത് സഹായിക്കു കയില്ല. വിശ്വാസവും സത്കർമ്മവും, ക്ഷമയും അവലംബിക്കാ നുള്ള ഉദ്ബോധനവും മാത്രമേ ആത്യന്തിക നഷ്ടത്തിൽ നിന്ന് നമ്മെ രക്ഷിക്കുകയുള്ളു.

2 നബി(സ)യുടെ ജനനത്തിന് ഏതാനും മാസങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവത്തെപ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പരാമർശിച്ചി ട്ടുള്ളത്. അന്ന് യമൻ ഭരിച്ചിരുന്നത് എത്യോപ്യയിലെ ചക്രവർ ത്തിയുടെ കീഴിലുള്ള അബ്രഹഃ എന്ന് പേരായ ഒരു ഭരണാ ധികാരിയായിരുന്നു. ക്രിസ്തു മതവിശ്വാസിയായ അബ്രഹഃ യമനിൽ ഒരു വലിയ ദേവാലയം പണിതിട്ട് അത് അറബികളുടെ മുഴുവൻ തീർത്ഥാടനകേന്ദ്രമാക്കി തീർക്കാനും, കഅ്ബയിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചു വിടാനും വേണ്ടി ശ്രമിച്ചുകൊ ണ്ടിരിക്കുകയായിരുന്നു. അറബികൾ ഈ ദേവാലയത്തിന് പറയത്തക്ക പരിഗണനയൊന്നും നൽകാത്തതിൽ അസംതൃ പ്തനായ അബ്രഹഃ കഅ്ബഃ പൊളിച്ചുകളയാൻ വേണ്ടി ആനപ്പുറത്തേറി സൈന്യസമേതം മക്കയിലേക്ക് പുറപ്പെട്ടു. കഅ്ബയുടെ പരിപാലകരായ ഖുറൈശികൾക്ക് അബ്രഹഃയുടെ വലിയ സൈന്യത്തെ നേരിടാൻ കഴിവുണ്ടായിരുന്നില്ല. ചെറുത്തു നിൽക്കാൻ ശ്രമിക്കാതെ അവർ സ്ഥലം വിടുകയാണുണ്ടായത്. ഈ സന്ദർഭത്തിൽ അസാധാരണമായ ഒരു നടപടിയിലൂടെ അല്ലാഹു അബ്രഹഃയുടെ സൈന്യത്തെ നശിപ്പിച്ചു. ചുട്ടുപഴുപ്പി ച്ച കളിമൺ കല്ലുകളെകൊണ്ട് അവരെ എറിയുവാൻ പക്ഷി കൂട്ടങ്ങളെ അല്ലാഹു നിയോഗിച്ചു. ആ കല്ലുകൾ അവരുടെ മേൽ നാശം വിതച്ചു. വിശുദ്ധ കഅ്ബക്ക് ഒരു പോറലും ഏൽപ്പിക്കാ നാവാതെ അക്രമണകാരികൾ നശിച്ചൊടുങ്ങി. അബ്രഹഃയു ടെയും സൈന്യത്തിന്റെയും നാശം തങ്ങളുടെ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമായിട്ടായിരുന്നു ഇസ്ലാമിന്റെ ആവിർഭാവ കാലത്തെ അറബികൾ ഗണിച്ചത്. ആ നാശത്തെ

(5) അങ്ങനെ അവരെ തിന്നൊടുക്കപ്പെട്ട വൈക്കോൽ തുരുമ്പുപോലെയാക്കി.[1]

## ഖുറൈശ്
### അദ്ധ്യായം 106

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1)-(4) ഖുറൈശ് ഗോത്രത്തെ കൂട്ടിയിണക്കിയതിനാൽ, ശൈത്യകാലത്തെയും ഊഷ്ണകാലത്തെയും യാത്രയുമായി അവരെ കൂട്ടിയിണക്കിയതിനാൽ, ഈ ഭവനത്തിന്റെ രക്ഷിതാവിനെ, അതായത് അവർക്ക് വിശപ്പിന്ന് ആഹാരം നൽകുകയും, ഭയത്തിന്ന് പകരം സമാധാനം നൽകുകയും ചെയ്തവനെ അവർ ആരാധിച്ചുകൊള്ളട്ടെ.[2]

## മാഊൻ (പരോപകാരവസ്തുക്കൾ)
### അദ്ധ്യായം 107

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) മതത്തെ വ്യാജമാക്കുന്നവനാരെന്ന് നീ കണ്ടുവോ?

(2) (3) അനാഥക്കുട്ടിയെ തള്ളിക്കളയുകയും, പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്.[3]

(4)-(7) എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും, ജനങ്ങളെ കാണിക്കാൻ വേ

سُورَةُ قُرَيْشٍ — آياتها ٤ — ترتيبها ١٠٦

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

لِإِيلَٰفِ قُرَيْشٍ ١ إِۦلَٰفِهِمْ رِحْلَةَ ٱلشِّتَآءِ وَٱلصَّيْفِ
٢ فَلْيَعْبُدُوا۟ رَبَّ هَٰذَا ٱلْبَيْتِ ٣ ٱلَّذِىٓ أَطْعَمَهُم
مِّن جُوعٍ وَءَامَنَهُم مِّنْ خَوْفٍۭ ٤

سُورَةُ ٱلْمَاعُونِ — آياتها ٧ — ترتيبها ١٠٧

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ١ فَذَٰلِكَ ٱلَّذِى
يَدُعُّ ٱلْيَتِيمَ ٢ وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ٣
فَوَيْلٌ لِّلْمُصَلِّينَ ٤ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ
٥ ٱلَّذِينَ هُمْ يُرَآءُونَ ٦ وَيَمْنَعُونَ ٱلْمَاعُونَ ٧

سُورَةُ ٱلْكَوْثَرِ — آياتها ٣ — ترتيبها ١٠٨

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِنَّآ أَعْطَيْنَٰكَ ٱلْكَوْثَرَ ١ فَصَلِّ لِرَبِّكَ وَٱنْحَرْ ٢
إِنَّ شَانِئَكَ هُوَ ٱلْأَبْتَرُ ٣

ണ്ടി പ്രവർത്തിക്കുന്നവരും, പരോപകാരവസ്തുക്കൾ[4] മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം.

## കൗഥർ (ധാരാളം)
### അദ്ധ്യായം 108

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) തീർച്ചയായും നിനക്ക് നാം ധാരാളമായ നേട്ടം നൽകിയിരിക്കുന്നു.

(2) ആകയാൽ നീ നിന്റെ രക്ഷിതാവിനു വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.

(3) തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)[5]

---

സംബന്ധിച്ച വിശദവിവരങ്ങൾ അവർക്ക് അജ്ഞാതമായിരുന്നു. അല്ലാഹു അറിയിച്ചു തന്നതിൽ കൂടുതലൊന്നും അതിനെപ്പറ്റി മനസ്സിലാക്കാൻ നമുക്കും കഴിയില്ല.

1 കാലികൾ മേഞ്ഞുതിന്ന വയലിൽ അവശേഷിക്കുന്ന തുരുമ്പുപോലെ എന്നോ, പുഴു തിന്ന് നശിച്ച വൈക്കോൽ തുരുമ്പുപോലെ എന്നോ ആകാം ഉദ്ദേശം.

2 അറേബ്യയിലെ അഭിജാതവിഭാഗമായിരുന്നു ഖുറൈശ് ഗോത്രം. ഈ ഗോത്രത്തിലെ ബനുഹാശിം കുടുംബത്തിലാണ് നബി(സ) പിറന്നത്. മക്കാനഗരിക്ക് അറബികൾ പവിത്രത കൽപ്പിക്കുകയും, അവിടെ കയ്യേറ്റവും യുദ്ധവും നടത്തുന്നത് നിഷിദ്ധമായി ഗണിക്കുകയും ചെയ്തിരുന്നതുകൊണ്ട് മക്കാനിവാസികളായ ഖുറൈശികൾ അക്രമണങ്ങളിൽ നിന്ന് സുരക്ഷിതരായിരുന്നു. വിശുദ്ധ കഅ്ബയുടെ പരിപാലകർ എന്ന നിലയിൽ ഖുറൈശികൾക്ക് അറേബ്യയിലുടനീളം ആദരവും അംഗീകാരവും ലഭിച്ചതിനാൽ അവരുടെ കച്ചവട യാത്രകളും സുരക്ഷിതവും ലാഭകരവുമായിരുന്നു. ശൈത്യകാലത്ത് യമനിലേക്കും ഉഷ്ണകാലത്ത് സിറിയയിലേക്കുമുള്ള കച്ചവട യാത്രകളായിരുന്നു അവരുടെ പ്രധാന ഉപജീവനമാർഗ്ഗം. ഈ വക സൗകര്യങ്ങളെല്ലാം അവർക്ക് ഇണക്കിക്കൊടുത്ത അല്ലാഹുവെ 'വിശുദ്ധ കഅ്ബയുടെ നാഥനെ' ആരാധിക്കാൻ അവർ ബാദ്ധ്യസ്ഥരാണെന്ന് അല്ലാഹു അവരെ ഉണർ ത്തുന്നു.

3 ഏത് കാലത്തും മതനിഷേധത്തിനും മതനിഷേധികൾക്കും വളം വെച്ചു കൊടുക്കുന്നത് ദൈവവിശ്വാസം ഉള്ളിൽ കടക്കാതെ മതത്തിന്റെ ബാഹ്യമായ ആചാരങ്ങൾ മാത്രം കൊണ്ടു നടക്കുന്ന ആളുകളാണ്. അനാഥകളുടെയും അഗതികളുടെയും രക്ഷയ്ക്കെത്താത്ത, അലക്ഷ്യമായി പ്രാർത്ഥന ഉരുവിടുന്ന, സേവനങ്ങൾ പോലും ചെയ്യാൻ കൂട്ടാക്കാത്ത ഭക്തി പ്രകടനക്കാർ മതത്തെ പറ്റിയുള്ള വിശ്വാസം തന്നെ കെടുത്തിക്കളയുന്നു.

4 പരോപകാര മനസ്ഥിതിയുള്ള ആളുകൾ പരസ്പരം വായപ കൊടുക്കുന്ന വീട്ടുസാമാനങ്ങളും മറ്റും

5 നബി(സ)ക്ക് ആൺകുട്ടികളില്ലാത്തതിന്റെ പേരിൽ ശത്രുക്കൾ അദ്ദേഹത്തെ 'അബ്തർ' (വാലറ്റവൻ) അഥവാ പിൻഗാമിയില്ലാത്തവൻ എന്ന് വിളിച്ച് അപഹസിക്കാറുണ്ടായിരുന്നു. ഇതിനെ ഖണ്ഡിച്ചുകൊണ്ട്, നബി(സ)യോട് വിദ്വേഷം പുലർത്തുന്നവൻ തന്നെയാണ് 'അബ്തർ' അഥവാ ഭാവി നഷ്ടപ്പെട്ടവൻ എന്ന്

سُورَةُ الكَافِرُونَ
ترتيبها ١٠٩ — آياتها ٦

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴿١﴾ لَآ أَعْبُدُ مَا تَعْبُدُونَ ﴿٢﴾
وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٣﴾ وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴿٤﴾
وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٥﴾ لَكُمْ دِينُكُمْ وَلِىَ دِينِ ﴿٦﴾

سُورَةُ النَّصْرِ
ترتيبها ١١٠ — آياتها ٣

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِذَا جَآءَ نَصْرُ ٱللَّهِ وَٱلْفَتْحُ ﴿١﴾ وَرَأَيْتَ ٱلنَّاسَ
يَدْخُلُونَ فِى دِينِ ٱللَّهِ أَفْوَاجًا ﴿٢﴾ فَسَبِّحْ بِحَمْدِ رَبِّكَ
وَٱسْتَغْفِرْهُ ۚ إِنَّهُۥ كَانَ تَوَّابًۢا ﴿٣﴾

سُورَةُ المَسَدِ
ترتيبها ١١١ — آياتها ٥

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

تَبَّتْ يَدَآ أَبِى لَهَبٍ وَتَبَّ ﴿١﴾ مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا
كَسَبَ ﴿٢﴾ سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾ وَٱمْرَأَتُهُۥ
حَمَّالَةَ ٱلْحَطَبِ ﴿٤﴾ فِى جِيدِهَا حَبْلٌ مِّن مَّسَدٍۭ ﴿٥﴾

## കാഫിറൂൻ (സത്യനിഷേധികൾ)

### അദ്ധ്യായം 109

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) (2) (നബിയേ,) പറയുക; അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല.

(3) ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

(4) നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല.

(5) ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല.

(6) നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും.[1]

## നസ്വ്ർ (സഹായം)

### അദ്ധ്യായം 110

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1)-(3) അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകിട്ടുകയും, ജനങ്ങൾ അല്ലാഹുവിന്റെ മത ത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും, നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

## മസദ് (ഈത്തപ്പനനാര്)

### അദ്ധ്യായം 111

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

(1) അബുലഹബത്തിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു.[2]

(2) അവന്റെ ധനമോ അവൻ സമ്പാദിച്ചു വെച്ചതോ അവന്നു ഉപകാരപ്പെട്ടില്ല.

(3) തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്.

(4) വിറകു ചുമട്ടുകാരിയായ അവന്റെ ഭാര്യയും.

(5) അവളുടെ കഴുത്തിൽ ഈത്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും.[3]

---

അല്ലാഹു ഉണർത്തുന്നു.

1 ഒരു സത്യവിശ്വാസി വിശ്വാസപരവും, ആരാധനാപരവുമായ തന്റെ വ്യതിരിക്തത നിലനിർത്തേണ്ടവനാണ്. ഏകദൈവത്വത്തിനെതിരായ ഒരു ആരാധനാരീതിയും അവന് സ്വീകരിക്കാവുന്നതല്ല. എന്നാൽ ബഹുദൈവവിശ്വാസിക്ക് അയാളുടെ മതവും ആരാധനാരീതിയും തുടരാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം നിഷേധിക്കുന്നില്ല.

2 നബി(സ)യുട പിതൃവ്യനായിരുന്നു അബൂലഹബ് എന്നപേരിൽ പിൽകാലത്ത് അറിയപ്പെട്ട അബ്ദുൽ ഉസ്സാ. നബി(സ)യുടെ പ്രബോധനത്തോട് കടുത്ത എതിർപ്പ് പുലർത്തുകയും, നബി(സ)ക്കെതിരിൽ ദുഷ്പ്രചാരണം നടത്തുകയും ചെയ്തുപോന്നതിനാൽ അയാൾ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമാവുകയാണുണ്ടായത്.

3 വിറകുചുമട്ടുകാരി എന്നത് ഏഷണിക്കാരി എന്ന അർത്ഥത്തിലുള്ള അലങ്കാരപ്രയോഗമാണെന്നാണ് ചില വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുള്ളത്. നബി(സ) നടക്കുന്ന വഴിയിൽ അവൾ മുള്ളുകൾ കൊണ്ടുവന്ന് ഇട്ടിരുന്നതുകൊണ്ടാണ് അവളെ അങ്ങനെ വിശേഷിപ്പിച്ചതെന്നാണ് മറ്റൊരഭിപ്രായം. അവളുടെ കഴുത്തിൽ കയറുണ്ടായിരിക്കുമെന്ന് പറഞ്ഞത് മുള്ളുകെട്ടിക്കൊണ്ടുവരാൻ വേണ്ടി കയറും കഴുത്തിലിട്ടു നടക്കുകയാണവൾ എന്ന അർത്ഥത്തിലായിരിക്കാം. നരകത്തിൽ അവൾക്ക് ലഭിക്കാൻ പോകുന്ന ശിക്ഷയാണ് അതുകൊണ്ട് ഉദ്ദേശ്യമെന്നാണ് ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം.

## ഇഖ്‌ലാസ് (നിഷ്കളങ്കത)

### അദ്ധ്യായം 112

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 (നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.

2 അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.

3 അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.

4 അവന്ന് തുല്യനായി ആരും ഇല്ലതാനും.

## ഫലഖ് (പുലരി)

### അദ്ധ്യായം 113

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു.

2 - 5 അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും, ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും, കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും,[1] അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും.

سُورَةُ الإِخلَاص — آياتها ٤ — ترتيبها ١١٢

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

قُلۡ هُوَ ٱللَّهُ أَحَدٌ ١ ٱللَّهُ ٱلصَّمَدُ ٢ لَمۡ يَلِدۡ
وَلَمۡ يُولَدۡ ٣ وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ ٤

سُورَةُ الفَلَق — آياتها ٥ — ترتيبها ١١٣

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

قُلۡ أَعُوذُ بِرَبِّ ٱلۡفَلَقِ ١ مِن شَرِّ مَا خَلَقَ ٢ وَمِن
شَرِّ غَاسِقٍ إِذَا وَقَبَ ٣ وَمِن شَرِّ ٱلنَّفَّٰثَٰتِ فِي
ٱلۡعُقَدِ ٤ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ٥

سُورَةُ النَّاس — آياتها ٦ — ترتيبها ١١٤

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ١ مَلِكِ ٱلنَّاسِ ٢ إِلَٰهِ
ٱلنَّاسِ ٣ مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ٤ ٱلَّذِي
يُوَسۡوِسُ فِي صُدُورِ ٱلنَّاسِ ٥
مِنَ ٱلۡجِنَّةِ وَٱلنَّاسِ ٦

## നാസ് (ജനങ്ങൾ)

### അദ്ധ്യായം 114

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

1 - 3 പറയുക: മനുഷ്യരുടെ രക്ഷിതാവും, മനുഷ്യരുടെ രാജാവും, മനുഷ്യരുടെ ദൈവവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു.

4 - 6 മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിൻമാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്.

---

1 'കെട്ടുകളിൽ ഊതുന്ന സ്ത്രീകൾ' എന്നതുകൊണ്ടുള്ള വിവക്ഷ മന്ത്രിച്ചൂതുന്ന മന്ത്രവാദിനികളാണെന്ന് അഭിപ്രായമുള്ളവരും മനുഷ്യബന്ധങ്ങൾ തകർക്കാൻ ഏഷണി പറഞ്ഞുണ്ടാക്കുന്ന സ്ത്രീകളാണെന്ന് അഭിപ്രായമുള്ളവരും വ്യാഖ്യാതാക്കളിലുണ്ട്.

## മുസ്ലിമിൻെറ ജീവിതത്തിലെ ചില സുപ്രധാന ചോദ്യങ്ങൾ

**1 മുസ്ലിം തൻെറ വിശ്വാസം പഠിക്കേണ്ടതെവിടെ നിന്നാണ്?** അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ നിന്നും സ്വീകാര്യമായ ഹദീസിൽ നിന്നുമാണ്. നബി ﷺ സ്വയം പ്രകാരം സംസാരിക്കില്ല **(അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. 53:5)** അത് സ്വഹാബത്തും സച്ചരിതരായ സലഫുകളും മനസ്സിലാക്കിയതിന അനുസരിച്ചായിരിക്കേണ്ടതാണ്.

**2 നാം ഭിന്നിച്ചാൽ പരിഹരിക്കേണ്ടത് ഏത് അവലംബിച്ചാണ്?** അല്ലാഹുവിൻെറ ഖുർആനിലേക്കും നബി ﷺ യുടെ സുന്നത്തിലേക്കും മടങ്ങി അതിൽ നിന്ന് മതവിധി സ്വീകരിക്കണം അല്ലാഹു പറഞ്ഞു: **വല്ല കാര്യ ത്തിലും നിങ്ങൾ ഭിന്നിച്ചാൽ നിങ്ങൾ അതിനെ അല്ലാഹുവിലേക്കും റസൂലി ലേക്കും മടക്കുക**) നബി ﷺ പറഞ്ഞു: **രജ8ദജണ്ട ഗ1ക ഡലഗൂ; ഭലറ ിജഴം 0ക്ക. ളടൻ ഗ1ക; രജ8ധ ളിഹ്യൃജ0കഴിലദ; രജ8ധ ജെഞ്ഞ7കഴലികെ ഡുജ3. ള3ല്ലകിജസറയ ൃണരൻഠിക; ളിസറയ രൃജുകസമ വഗൂുകാലനടൻ.** (ഹാകിം)

**3 അന്ത്യനാളിൽ വിജയിക്കുന്ന വിഭാഗമേത്?** രബി ﷺ പറഞ്ഞു; **എൻെറ സമുദായം 70 വിഭാഗമാകും. അവരിൽ ഒരു വിഭാഗമല്ലാത്തവരൊക്കെ നരകത്തിലായിരിക്കും. അവർ ചോദിച്ചു: അല്ലാഹുവിൻെറ റസൂലെ അവരാരാണ്? രബി ﷺ പറഞ്ഞു: ഞാനും എൻെറ സ്വഹാബികളും നിലകൊണ്ട മാർഗ്ഗം.** (തിർമുദി) അപ്പോൾ നബി ﷺ യും സ്വഹാബത്തും സ്വീകച്ച മാർഗ്ഗമാണ് സത്യം. അത് പിമ്പററുക. നവീനമായതിനെ സൂക്ഷിക്കുകയും ചെയ്യുക. എങ്കിലേ രക്ഷയും കർമങ്ങൾക്ക് സ്വീകാര്യതയും ലഭിക്കുകയുള്ളൂ.

**4 സൽകർമ്മം സ്വീകാര്യമാകാനുള്ള നിബന്ധനകൾ?** മൂന്ന് നിബന്ധനകളുണ്ട് 1) ഏകനായ അല്ലാഹുവിൽ വിശ്വസിക്കണം. അതിനാൽ ബഹുദൈവാരാധകരിൽ നിന്ന്. അത് സ്വീകരിക്കപ്പെടുകയില്ല. 2) അല്ലാഹുവിൻെറ പ്രീതിയെ മാത്രം ആഗ്രഹിച്ചുകൊണ്ട് നിഷ്കളങ്കമാക്കണം. 3) നബി ﷺ കൊണ്ടുവന്നതിനുസരിച്ച് പിമ്പററികൊണ്ടാകണം. അതിനാൽ അവിടുന്ന് പഠിപ്പിച്ചതനുസരിച്ചെ ആരാധന ചെയ്യാവൂ. ഈ നിബന്ധനകളിലൊന്ന് നഷ്ടപ്പെട്ടാൽ കർമ്മം തിരസ്കരിക്കപ്പെടുന്നതാണ്. അല്ലാഹു പറഞ്ഞു: **അവർ ചെയ്ത കർമ്മത്തിലേക്ക് നാം മുന്നിടും. എന്നിട്ട് അതിനെ പറക്കുന്ന ധൂളികളാക്കും.**)

**5 ഇസ്ലാം മതത്തിലെ പദവികൾ ഏവ?** മൂന്ന്.ഇസ്ലാം,ഈമാൻ,ഇഹ്സാൻ.

**6 ഇസ്ലാമെന്നാലെന്ത്? ഇസ്ലാം കാര്യങ്ങൾ ഏത്?** ഏകദൈവവിശ്വാസം (തൗഹീദ്) ഉൾകൊണ്ട് എല്ലാം അല്ലാഹുവിന് സമർപ്പിക്കലും അതനുസരിച്ച് കൊണ്ട് കീഴ്പെടലും ബഹുദൈവവിശ്വാസത്തിൽ നിന്നും അതിൻെറ ആളുകളിൽനിന്നും ഒഴിവാകലുമാണത് ഇസ്ലാം. ഇസ്ലാം കാര്യങ്ങൾ അഞ്ചാകുന്നു.നബിﷺ പറഞ്ഞു: **അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് നബിﷺ അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനർത്തൽ,സക്കാത്ത് കൊടുക്കൽ,റമദാനിൽ വ്രതമനുഷ്ടിക്കൽ, കഅ്ബയിൽ ചെന്ന് ഹജ്ജ് ചെയ്യൽ എന്നീ അഞ്ച് കാര്യങ്ങളിൽ ഇസ്ലാം നിർമിക്കപ്പെട്ടിരിക്കുന്നു.** (ബുഖാരി, മുസ്ലിം)

**7 ഈമാൻ എന്ത്? അതിൻെറ കാര്യങ്ങൾ ഏവ?** മനസ് കൊണ്ട് വിശ്വസിക്കലും നാവുകൊണ്ട് പ്രഖ്യാപിക്കലും അവയവങ്ങൾ കൊണ്ട് പ്രവർത്തിക്കലുമാണ്. അത് പുണ്യങ്ങൾ ചെയ്യുന്നത് കൊണ്ട് വർദ്ധിക്കുകയും പാപങ്ങൾ ചെയ്യുന്നത് കൊണ്ട് കുറയുകയും ചെയ്യുന്നതാണ്. അല്ലാഹു പറഞ്ഞു: **അവരുടെ ഈമാനോടൊപ്പം ഈമാനിനെ വർദ്ധിപ്പിക്കാൻ വേണ്ടി.**) നബി ﷺ പറഞ്ഞു: **ഈമാൻ എഴുപതിൽപരം ശാഖകളാണ്. അതിലേററവും**

**ഉന്നതമായത് ലാ ഇലാഹ ഇല്ലല്ലാഹു എന്നതാണ്. ഏററവും താഴെയുള്ളത് വഴിയിലെ ഉപദ്രവം നീക്കലാണ്. ലജ്ജ ഈമാനിൻെറ ശാഖയാ ണ്.** (മുസ്ലിം) പുണ്യകാലങ്ങളിൽ നന്മയിൽ ഉത്സാഹവും, പാപങ്ങൾ ചെയ്യു മ്പോൾ നന്മയിൽ തളർച്ചയും അനുഭവപ്പെടുന്നത് വിശ്വാസത്തിൽ ഏററകുറവ് വരുമെന്നതിനെ ശക്തിപ്പെടുത്തുന്നു. അല്ലാഹു പറഞ്ഞു: **"തീർച്ചയായും നന്മകൾ തിന്മകളെ പോക്കികളയുന്നു.)** ഈമാൻ കാര്യങ്ങൾ ആറാണ് നബി ﷺ പറഞ്ഞു: **അല്ലാഹുവിലും അവൻെറ മലക്കുകളിലും,ഗ്രന്ഥങ്ങളിലും അവൻെറ പ്രവാചകൻമാരിലും അന്ത്യനാളിലും നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹു കണക്കാക്കിയതാണെന്ന ഖദ്റിലും വിശ്വസിക്കണം.** (ബുഖാരി)

**8 ലാ ഇലാഹ ഇല്ലല്ലാഹു എന്നതിൻെറ അർത്ഥമെന്ത്?** ആരാധനക്കുള്ള അർഹത അല്ലാഹുവല്ലാത്തവരിൽ നിന്ന് നിഷേധിക്കുകയും അത് അല്ലാഹു വിന് മാത്രം സ്ഥിരപ്പെടുത്തുകയും ചെയ്യുകയാണ്.

**9 അല്ലാഹു നമ്മോടപ്പമുണ്ടോ?** അതെ അറിഞ്ഞും കേട്ടും കണ്ടും സംരക്ഷിച്ചു കൊണ്ടും കഴിവും ഉദ്ദേശവും കൊണ്ടും നമ്മോടൊപ്പമുണ്ട്. അല്ലാഹുവിൻെറ സത്ത സൃഷ്ടികളിൽ ചേരുന്നതല്ല, സൃഷ്ടികൾക്കാർക്കും അവനെ സൂഷ്മമായി അറിയാനും കഴിയില്ല.

**10 അല്ലാഹുവിനെ നാം നേത്രം കൊണ്ട് കാണുമോ?** അല്ലാഹുവിനെ ഇഹലോകത്ത് വെച്ച് കാണുകയില്ലെന്നും സത്യ വിശ്വാസിക ൾ മഹ്ശറയിലും സ്വർഗത്തിലും വെച്ച് കാണുമെന്നും മുസ്ലികൾ ഏകോപിച്ച കാര്യമാണ്. അല്ലാഹു പറഞ്ഞു; **അന്നെദിനം ചില മുഖങ്ങൾ ശോഭയുള്ളതായിരിക്കും, തങ്ങളുടെ റബ്ബിലേക്ക് നോക്കുന്നതുമാണ്.**

**11 അല്ലാഹുവിൻെറ നാമങ്ങളും വിശേഷണങ്ങളും അറിയുന്നതിലെ നേട്ടമെന്ത്?** അല്ലാഹു സൃഷ്ട്രകൾക്ക് നിർബ്ബന്ധമാക്കിയ പ്രഥമ കാര്യം അല്ലാഹുവിനെ അറിയുകയാണ്. ജനങ്ങൾ അല്ലാഹുവിനെ അറിഞ്ഞാൽ യഥാർത്ഥ രൂപത്തിൽ അവനെ ആരാധിക്കും. അല്ലാഹു പറഞ്ഞു; **തീർച്ചയായും അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല എന്ന് നീ അറിയുക.)** അല്ലാഹുവി ൻെറ വിശാലമായ കാരുണ്യത്തെ ഓർക്കുന്നത് പ്രതീക്ഷ നൽകുന്നു. അവൻെറ കഠിനമായ ശിക്ഷയെ ഓർക്കുന്നത് ഭയത്തെ ജനിപ്പിക്കുന്നു. അവൻെറ മാത്രമായ അനുഗ്രഹങ്ങളെ ഓർക്കുന്നത് നന്ദിയെയും അനിവാര്യമാക്കുന്നു. അല്ലാഹുവിൻെറ ഗുണങ്ങൾ കൊണ്ട് ഇബാദത്ത് ചെയ്യുക എന്നതിൻെറ ഉദ്ദേശം അതിൻെറ ആശയം ഗ്രഹിച്ചു കൊണ്ട് അതറിയുകയും അതനുസരിച്ച് പ്രവർത്തിക്കുക യുമാണ്. അതിൽ മനുഷ്യർക്കുണ്ടാകുന്നത് പ്രശംസിക്കപ്പെടുന്ന ഗുണങ്ങളാണ്. നീതി, കാരുണ്യം, അറിവ് എന്നിവ ഉദാഹരണം. അതിൽ മനുഷ്യരെ വിശേഷി പ്പിക്കുന്നത് ആക്ഷേപിക്കപ്പെട്ടവയുമുണ്ട്.ആരാധ്യനാവുക, സേഛാധി പധിയാവുക, അഹങ്കാരിയാവുക എന്നിവ ഉദാഹരണം. അല്ലാഹുവിനെ വിശേഷിപ്പിക്കാൻ പാടില്ലാത്തതും അടിമകൾക്ക് പ്രശംസനീയവും നിർബന്ധമായി വരുന്നതുമായ ചില ഗുണങ്ങളുണ്ട്. അടിമത്വം, ആശ്രയത്വം, പ്രാർത്ഥന തുടങ്ങിയവ ഉദാഹരണം. സൃഷ്ട്രികളിൽ അല്ലാഹുവിനേററവും ഇഷ്ടപ്പെട്ടവർ അവൻ ഇഷ്ടപ്പെടുന്ന ഗുണങ്ങളുള്ളരാണ്. അവനേററവും വെറുക്കുന്നവർ അവൻ വെറുക്കുന്ന വിശേഷണങ്ങളുള്ളവരുമാണ്.

**12 അല്ലാഹുവിൻ്റെ വിശിഷ്ഠ നാമങ്ങൾ ഏവ?** അല്ലാഹു പറഞ്ഞു: **അല്ലാഹുവിന് സുന്ദരമായ നാമങ്ങളുണ്ട്.അതിനാൽ അവ നോട് അവ മുഖേന നിങ്ങൾ പ്രാർത്ഥിക്കുക.)** നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നിരിക്കുന്നു: **തീർച്ച**

**യായും അല്ലാഹുവിന് 99 നാമങ്ങളുണ്ട്. ആരെങ്കിലും അവ പഠിച്ചു പ്രവർത്തിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്** (ബുഖാരി,മുസ്ലിം) ഖുർആനും സ്വീകാര്യമായ ഹദീസുകളും പരിശോധിച്ചാൽ പ്രസ്തുതനാമങ്ങൾ കണ്ടെത്താവുന്നതാണ്. (അവ ഇതാണ്)

| നാമം | ഉദ്ദേശ്യം |
|---|---|
| അല്ലാഹു | സർവ്വ സൃഷ്ടികളുടേയും ആരാധ്യനായവനും അടിമത്വത്തിന് അവകാശപ്പെട്ടവനും. സർവ്വരും അവന് കീഴ്പെടുകയും ആരാധന കൾ അർപ്പിക്കുകയും ചെയ്യുന്നവൻ.അനാണ് സൂജൂദും റുകൂഉം ആരാധനകളഖിലവും നിർവ്വഹിക്കപ്പെടുന്നത്. |
| അർറഹ്മാൻ | തന്റെ കാരുണ്യത്തിന്റെ വൈപുല്യവും വിശാലതയും എല്ലാത്തിനേ യും ചൂഴ്ന്നു നിൽക്കുന്നതും അല്ലാഹുവിലേക്ക് മാത്രം ചേർത്തിപ്പറ യാവുന്നതും നിരുപാധികം മറ്റൊന്നിലേക്കും ചേർത്തിപ്പറയൽ അനുവദനീയമല്ലാത്തതുമായ നാമം |
| അർറഹീം | സത്യവിശ്വാസികൾക്ക് ഇഹപര ജീവിതത്തിൽ കാരുണ്യം നൽകു കയും പാപങ്ങൾ പൊറുത്ത് കൊടുക്കുകയും പരലോകത്ത് സ്വർ ഗ്ഗം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നവൻ. |
| അൽഗഫൂർ | പാപങ്ങൾ വിട്ടുകൊടുത്ത് മാപാക്കുകയും ശിക്ഷാർഹനാണെങ്കിലും അടിമക്ക് ശിക്ഷയിൽനിന്ന് ഇളവ് നൽകുകയും ചെയ്യു ന്നവൻ. |
| അൽഗഫാർ | ധാരാളം പാപംചെയ്യുന്ന ദാസന് അവൻ പശ്ചാതപിച്ചാൽ പാപങ്ങൾ ധാരാളമായി പൊറുത്തു കൊടുക്കുന്നവൻ |
| അർറഊഫ് | കൃപാലുവും ദയാലുവും. ഐഹിക ജീവിതത്തിൽ പൊതുവെയും പരലോകത്തിൽ തന്റെ മിത്രങ്ങളായ ഔലിയാക്കളിൽ ചിലർക്കും അത് നൽകുന്നവൻ... |
| അൽഹലീം | തന്റെ അടിമയെ ശിക്ഷിക്കുവാൻ അർഹനും കഴിവുള്ളവനുമാണെ ങ്കിലും അതിന് ധൃതികാണിക്കാത്തവനും പാപമോചനം തേടിയതി നാൽ പൊറു ത്ത് കൊടുക്കുന്നവനും. |
| അത്തവ്വാബ് | പശ്ചാതാപത്തിനുള്ള ഭാഗ്യം നൽകുന്നവനും അവരിൽ നിന്ന് അത് സ്വീകരിക്കുന്നവനും. |
| അസ്സത്തീർ | തന്റെ ദാസന്റെ ന്യൂനകൾ ഗോപ്യമാക്കുകയും അവനെ അപമാനി ക്കാതിരിക്കുകയും ചെയ്യുന്നവൻ. തന്റെയും മറ്റുള്ളവരുടെയും ന്യൂനതകൾ മറച്ചുവെക്കുന്നതും പോരായ്മകൾ മറച്ചു വെക്കു ന്നതും ഇഷ്ടപ്പെടുന്നവൻ. |
| അൽ ഗനിയ്യ് | തന്റേയോ തന്റെ വിശേഷണങ്ങളുടേയോ സംമ്പൂർണ്ണതക്ക് മറ്റൊരാളുടേയും സഹായം ആവശ്യമില്ലാത്തവൻ. സൃഷ്ടികൾ മുഴുവനും അവന്റെ സഹായത്തിനും അനുഗ്രഹത്തിനും ആവശ്യ മുള്ളവരുമത്രെ. |
| അൽകരീം | അസംഖ്യം അനുഗ്രഹങ്ങളും നൻമകളും നൽകുന്നവൻ.അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അവൻ ഇഛിക്കുന്നപോലെ അവനോട് പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും നൽകുന്നവൻ. പാപം പൊറുത്ത് കൊടുക്കുന്നവനും ന്യൂനതകൾ മറച്ചുവെക്കുന്നവനും. |
| അൽ അക്റം | ധാരാളമായും അതുല്യമായും ഔദാര്യം ചെയ്യുന്നവൻ. വിശ്വാസിക ൾക്ക് മാപ്പ് നൽകുകയും നിഷേധികൾക്കുപോലും നീതിയോടു കൂടി സമയം നീട്ടിക്കൊടുക്കുന്നവൻ. |
| അൽ വഹ്ഹാബ് | അവനോട് പ്രാർത്ഥിച്ചാലും ഇല്ലെങ്കിലും പകരം നൽകാതെ അസംഖ്യം അനുഗ്രഹം നൽകുന്നവൻ. |
| അൽ ജവ്വാദ് | അസംഖ്യം അനുഗ്രഹം ഉപഹാരമായി തന്റെ വിശ്വാസികളായ ദാസൻമാർക്ക് കനിഞ്ഞനുഗ്രഹി ക്കുന്നവൻ. |
| അൽവദൂദ് | തന്റെ ആത്മമിത്രങ്ങളായ വലിയ്യുകൾക്ക് അസംഖ്യം അനുഗ്രഹം ഇഷ്ടപ്പെട്ടു നൽകുന്നവനും അവർക്ക് പാപമോചനം നൽകുന്നവരു നും അവരെ ഇഷ്ടപ്പെടുന്നവനും. |
| അൽ | തന്റെ ഖജനാവിൽ നിന്ന് തന്റെ ആത്മമിത്രങ്ങളായ വലിയ്യുകളിൽ നിന്ന് |

| | |
|---|---|
| മുഅ്ത്വി | അവൻ ഉദ്ദേശിക്കുന്ന വർക്ക് അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അവൻ ഇഛിക്കുന്നപോലെ ഇഷ്ടപ്പെട്ടു നൽകുന്നവൻ |
| അൽ വാസിഅ് | വിശാലമായ സൽഗുണ വിശേഷണങ്ങളുടെ അധിപൻ, മഹാത്മ്യ വും ആധിപത്യവും പ്രവിശാലമായവൻ. നൻമകളും ഔദാര്യവും കണക്കാക്കാൻ പറ്റാത്തത്ര വൈപുല്യമുള്ളവൻ,ധാരാളമായി പാപ മോചനവും കാരുണ്യവുമുള്ളവൻ. |
| അൽ മുഹ്സിൻ | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളിലും നന്മ നിറ ഞ്ഞവനും സൃഷ്ടികളോട് നൻമകൾ ചൊരിയുന്നവനും. |
| അർ റാസിഖ് | സർവ്വ സൃഷ്ടികൾക്ക് അവരുടെ ആവശ്യത്തിന് അന്നം നൽകുന്നവനും സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ അവ കണക്കാക്കുകയും അത് പൂർണ്ണമായി നൽകുകയും ചെയ്യുന്നവൻ |
| അർ റസ്സാഖ് | തന്റെ ദാസൻമാർക്ക് അവർ നിഷേധികളാണെങ്കിൽ പോലും അവർ ചോദിക്കാതെതന്നെ വിശാലമായി ഉപജീവനം നൽകുന്നവൻ |
| അൽ ലത്ത്വീഫ് | ഒന്നും ഗോപ്യമല്ലാത്തവനും സർവ്വവും അതിസൂക്ഷമമായി അറിയു ന്നവനും .നൻമകളും തിൻമകളും മനുഷ്യർക്ക് അഭൗതികമായ രീതിയിൽ ചെയ്യുന്നവനും. |
| അൽ ഖബീർ | ഓരോ വസ്തുവിനെ കുറിച്ചും ഭാഹ്യവും ആന്തരികവുമായി കൃത്യമായറിയു ന്നവൻ. |
| അൽ ഫത്താഹ് | അവന്റെ യുക്തിയുടെയും അറിവിന്റെയും തേട്ടമനുസരിച്ച് തന്റെ ആധിപത്യ ത്തിന്റെയും ഭക്ഷണത്തിന്റെയും ഭണ്ഢാരം തുറക്കുന്നവൻ. |
| അൽ അലീം | ത്രികാലജ്ഞനും ഒരു കാര്യവും ഗോപ്യമല്ലാത്തവനും രഹസ്യ പരസ്യങ്ങളും ബാഹ്യവും ആന്തരികവുമായ എല്ലാം അറിയുന്ന വനും. |
| അൽ ബർറ് | എണ്ണിത്തിട്ടപ്പെടുത്തുവാൻ അസാധ്യമായ രീതിയിൽ തന്റെ അടിമക ൾക്ക് അനുഗ്രഹം ചൊരിയുകയും വാഗ്ദാനങ്ങൾ നിറവേറ്റുന്ന വനും തന്റെ ദാസനെ സഹായിക്കുകയും സംരക്ഷിക്കുകയും അവർ ചെയ്യുന്ന വളരെചെറിയ നൻമകൾപോലും സ്വീകരിക്കു കയും ചെയ്യുന്നവൻ |
| അൽ ഹകീം | തന്റെ നിയമവ്യവസ്ഥിതിയിൽ യാതൊരു പോരായ്മകൾ ഇല്ലാത്ത വനും എല്ലാകാര്യങ്ങളും അതിന്റെ കൃത്യമായ ചിട്ടയിൽ ക്രമപ്പെടു ത്തുന്നവനും. |
| അൽ ഹുകും | അൽപംപോലും അനീതിയില്ലാതെ തന്റെ സൃഷ്ടികൾക്കിടയിൽ നീതിയോടുകൂടി കാര്യങ്ങൾ തീരുമാനിക്കുന്നവൻ.അതിനായി പരിശുദ്ധ വേദഗ്രന്ഥം അവതരിപ്പിച്ചവനും. |
| അശ്ശാക്കിർ | അവനെ പ്രകീർത്തിച്ചവരേയും അനുസരിച്ചവരേയും പ്രശംസിക്കു കയും കർമ്മങ്ങൾ എത്രകുറഞ്ഞ താണെങ്കിലും പ്രതിഫലം നൽകു കയും നന്ദി ചെയ്യുന്നവർക്ക് അനുഗ്രഹങ്ങൾ വർദ്ധിപ്പിക്കുകയും പര ലോകത്ത് പ്രതിഫലം നൽകുകയും ചെയ്യുന്നവൻ. |
| അശ്ശുകൂർ | തന്റെ അടിമകളുടെ കർമ്മങ്ങൾ എത്ര കുറഞ്ഞതാണെങ്കിലും ഇരട്ടി പ്രതിഫലം നൽകുന്നവൻ. തന്റെ അടിമകളുടെ കർമ്മങ്ങൾ സ്വീകരി ക്കുകയും അവർക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നവൻ |
| അൽ ജമീൽ | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളി ലും ഭംഗിയുള്ള വൻ. പ്രപഞ്ച വസ്തുക്കളിലെല്ലാം കാണപ്പെടുന്ന അലങ്കാരങ്ങൾ അവന്റെ ഭംഗിയു ടെതത്രെ. |
| അൽ മജീദ് | ആകാശ ഭൂമികൾ മുഴുക്കെ പ്രതാപവും പ്രൗഢിയും അഹങ്കാരവും ഔദാര്യവുമുള്ളവൻ |
| അൽ വലിയ്യ് | തന്റെ ആത്മമിത്രങ്ങളായ ഔലിയാക്കൾക്ക് സഹായിയും ആധിപ ത്യത്തിന്റെ നിയന്താവും കാര്യങ്ങളെല്ലാം നടപ്പിൽ വരുത്തുന്നവനും . |
| അൽ ഹമീദ് | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളിലും പ്രശംസക്കർ ഹനും സുഖ ദുഖങ്ങളിലും സുഭിക്ഷതയുടെയും കഷ്ടപ്പാടിന്റെയും സന്ദർഭങ്ങളിൽ സ്തുത്യർഹനും സർവ്വ ന്യൂനതകളിൽൽ നിന്നും പൂർണ്ണനും അതിനാൽ തന്നെ സ്തുത്യർഹനു മായവൻ. |
| അൽ മൗല | തന്റെ ആത്മമിത്രങ്ങളായ ഔലിയാക്കൾക്ക് സഹായിയും രാജാവും നേതാവും സംരക്ഷകനുമായ വൻ. |

| | |
|---|---|
| അന്നസ്വീർ | താൻ ഉദ്ദേശിക്കുന്നവർക്ക് പിന്തുണ നൽകുന്നവൻ. അവനെ അതിജയിക്കുന്നവനോ പിന്തുണ നൽകിയ വനെ പരാചിത നാക്കുന്നവനോ ആരുമില്ല. |
| അസ്സമീഅ് | ഒരു സ്വകാര്യവും ഗോപ്യമല്ലാത്തവനും രഹസ്യ പരസ്യങ്ങളും ബാഹ്യവും ആന്തരികവുമായ എല്ലാം കേൾക്കുന്നവനും അവനോട് പ്രാർത്ഥിച്ചാൽ പ്രാർത്ഥനക്ക് ഉത്തരം ചെയ്യാൻ കഴിവുള്ളവനും. |
| അൽ ബസ്വീർ | പരസ്യവും ആന്തരികവുമായ ഈ പ്രപഞ്ചത്തിലെ സർവ്വ വസ്തുക്ക ളെയും അവ എത്രതന്നെ സൂക്ഷ്മവും നിസ്സാരവും ആയാൽ പോലും സൂക്ഷ്മമായി കാണുന്നവൻ. |
| അഷ്ഷഹീദ് | സൃഷ്ടികളെ നിരീക്ഷിക്കുന്നവനും അല്ലാഹുവിലും അവന്റെ മലക്കു കളിലും പ്രവാചകൻമാരിലും വിശ്വസിക്കുകയും ചെയ്യുന്നത് സാക്ഷ്യപ്പെടുത്തുന്നവനും നീതിയനുസരിച്ച് കാര്യങ്ങൾ കൈകാ ര്യം ചെയ്യുന്നവനും സ്വയം തന്റെ ഏകത്വത്തിന് സാക്ഷ്യം വഹിക്കു ന്നവനുമാണ്. |
| അർ റഖീബ് | സൃഷ്ടികളെ നിരീക്ഷിക്കുന്നവനും ഒരിക്കലും അശ്ര ദ്ധാലുവാകാ ത്തവനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നവനുമാണ്. |
| അർ റഫീഖ് | പ്രവർത്തിൽ സൗമ്യതയുള്ളവനും തന്റെ ദാസൻമാ രോട് മൃതുല മായി വർത്തിക്കുന്നവൻ, കഴിയാത്തതൊന്നും അവരോട് കൽപി ക്കാത്തവൻ. തന്റെ അടിമകളിലും ഈ മൃതുലത ഉണ്ടാവണം എന്ന് ആഗ്രഹിക്കുന്നവൻ. |
| അൽ ഖരീബ് | സർവ്വ വസ്തുക്കളോടും അറിവ്,കഴിവ് എന്നിവ കൊണ്ട് പൊതു വിൽ സമീപസ്ഥൻ,കാരുണ്യം സ്നേഹം എന്നിവകൊണ്ട് വിശ്വാസിക ളോട് പ്രത്യേകിച്ചും അടുപ്പമുള്ളവൻ. അവൻ തന്റെ സത്ത കൊണ്ട് മറ്റുള്ളവയുമായി ഒരിക്കലും കൂടിക്കലരാതെ സിംഹാസനസ്ഥനു മാണ് . |
| അൽ മുജീബ് | തന്റെ അറിവും യുക്തിയും കൊണ്ട് അടിമകളുടെ പ്രാർത്ഥനക്ക് ഉത്തരം ചെയ്യുന്നവനും ചോദ്യത്തിന് മറുപടി നൽകുന്നവനും. |
| അൽ മുഖീത്ത് | സർവ്വ സൃഷ്ടികളേയും സൃഷ്ടിച്ച് അവക്ക് ആവശ്യമുള്ള ഉപജീവന ബാധ്യത ഏറ്റെടുക്കുകയും അത് നൽകുകയും ചെയ്യുന്നവൻ. അവരുടെ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒരു വീഴ്ചയും കാണിക്കാത്തവൻ. |
| അൽ ഹസീബ് | സർവ്വ സൃഷ്ടികൾക്കും അവർക്ക് ഭൗതികവും പാരത്രീകവുമായി ആവശ്യമുള്ളതെല്ലാം നൽകാൻ കഴിവുള്ളവൻ. ഐഹീക ജീവിത ത്തിൽ ചെയ്ത പ്രവർത്തനങ്ങളെ കുറിച്ച് സൂക്ഷമമായി വിചാരണ ചെയ്യുന്നവൻ. |
| അൽ മുഅ്മിൻ | പ്രവാചകൻമാരെ വിശ്വസിച്ചവരെ സത്യപ്പെടുത്തുക യും അവരുടെ സത്യപ്പെടുത്തൽ തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തു ന്നവൻ. സത്യവിശ്വാസികൾക്ക് അന്ത്യനാളിലെ ഭയാശങ്കകളിൽ നിന്ന് നിർഭയത്വം നൽകുന്നവനും അവരോട് അനീതി ചെയ്യാത്തവ നും അന്യായമായി ശിക്ഷിക്കാത്തവനും. |
| അൽ മന്നാൻ | സൃഷ്ടികൾക്ക് ധാരാളം അനുഗ്രഹങ്ങളും ഉപഹാര ങ്ങളും നൻമക ളും ചൊരിയുന്നവൻ |
| അത്വയ്യിബ് | സർവ്വ ന്യൂനതകളിൽനിന്നും മുക്തനും സമ്പൂർണ്ണ നും. സൃഷ്ടിക ളുടെ കർമ്മങ്ങളിൽനിന്ന് നിഷ്കളങ്കമായി ചെയ്യുന്ന സുകൃതങ്ങള ല്ലാതെ മറ്റൊന്നും സ്വീകരിക്കാത്തവൻ. |
| അശ്ശാഫീ | മാനസ്സീകവും ശാരീരികവുമായ രോഗം ശമിപ്പിക്കുന്നവൻ,മനുഷ്യർ പ്രതിരോധമാർഗ്ഗം സ്വീകരിക്കുന്നു വെങ്കിലും ശമനം നൽകുന്നത് അല്ലാഹുവാകുന്നു. |
| അൽ ഹഫീള് | സത്യവിശ്വാസികളായ തന്റെ ദാസൻമാർക്കും മുഴുവൻ സംരക്ഷ ണം നൽകുന്നവൻ |
| അൽ വകീൽ | ലോകത്തുള്ള മുഴുവൻ വസ്തുക്കളെയും സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവൻ.അവയുടെ നിർമ്മാണം നടത്തുന്ന വനും വിശ്വാസികൾ അവരുടെ പ്രവർത്തനങ്ങൾ മുഴുവനും ഏൽ പ്പിക്കപ്പെടുന്നവനും,സഹായം അർത്ഥിക്കുന്നവനും നന്ദി അർപ്പിക്ക പ്പെടുന്നവനും പരീക്ഷിക്കപ്പെടുമ്പോഴും അവനിൽ നിന്നാണെന്ന് മനസ്സിലാക്കി തൃപ്തി യടയുന്നു. |

| | |
|---|---|
| അൽ ഖല്ലാഖ് | എല്ലാത്തിനേയും സൃഷ്ടിച്ചവനും സൃഷ്ടിച്ചക്കു ന്നവനും സൃഷ്ടിച്ചു കൊണ്ടിരിക്കുന്നവനും. |
| അൽ ബാരി | താൻ കണക്കാക്കിയ കാര്യങ്ങൾ നിർമ്മിച്ചവൻ. |
| അൽ മുസ്വവ്വിർ | തന്റെ കാരുണ്യത്താലും യുക്തിയാലും അറിവിനാലും സൃഷ്ടികൾ ക്ക് അവൻ ഉദ്ദേശിച്ച രൂപം നൽകുന്നവൻ |
| അറ്വബ്ബ് | തന്റെ അനുഗ്രഹത്താൽ സൃഷ്ടിക്കുകയും വളർത്തിക്കൊണ്ടു വരികയും തന്റെ വലിയ്യുകളുടെ മനസ്സുകൾ സംസ്കരിക്കുകയും സൃഷ്ടികളുടെ രാജാവാകുകയും ചെയ്തവൻ |
| അൽ അളീം | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളിലും മഹത്ത്വ മുടയവൻ. അതിനാൽ തന്നെ സൃഷ് ടികളെല്ലാം അവനെയും അവന്റെ ആജ്ഞാ നിർദ്ദേശ ങ്ങളേയും മഹത്ത്വപ്പെടുത്തേണ്ടതാണ്. |
| അൽ ഖാഹിർ<br>അൽ ഖഹ്ഹാർ | തന്റെ ദാസൻമാരുടെമേൽ ഔന്നിത്യമുള്ളവനും അവരുടെ യജമാന നും മുഖങ്ങളും ശിരസ്സും അവന്റെ മുമ്പിൽ നമിക്കുന്നവനും. |
| അൽ മുഹൈമിൻ | സർവ്വ വസ്തുക്കളെയും നിയന്ത്രിക്കുന്ന വനും സംരക്ഷിക്കുന്നവ നും അവയെ വലയം ചെയ്തവനും |
| അൽ അസീസ് | സർവ്വ പ്രൗഢിയുടെയും അഭിമാനത്തിന്റെയും മൂർത്തിഭാവം . നിരാശ്രയനും അവന്റെ അനുമതി കൂടാതെ യാതൊന്നിനും ചലിക്കാൻ കഴിയാത്ത വനും . |
| അൽ ജബ്ബാർ | എല്ലാവസ്തുക്കളും അവന് കീഴൊതിങ്ങിയവനും അവയെ അടക്കി ഭരിക്കുന്നവനും അവന്റെ തീരുമാനങ്ങൾ അംഗീകരിക്കേണ്ടവനും |
| അൽ മുതകബ്ബിർ | എല്ലാ ന്യൂനതകളിൽ നിന്നു മുക്തനും അനീതി ചെയ്യാത്തവനും അഹങ്കാരം ചേർത്തിപ്പറയാവുന്നവനും അവനോട് ആ വിഷയത്തി ൽ ആര് മാത്സര്യം കാണിച്ചാലും അവരെ ശിക്ഷിക്കുന്നവനും. |
| അൽ കബീർ | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളിലും മഹത്ത്വ മുടയവൻ. എല്ലാത്തിനേക്കാളും ഏറ്റവും വലിയവനും അവന്റെ മഹാത്മ്യത്തിൻ മുമ്പിൽ എല്ലാം നിസ്സാരമായവനും . |
| അൽ ഹയ്യ് | പരിപൂർണ്ണമായ രീതിയിൽ ശാശ്വതമായി ജീവിക്കുന്നവൻ. ആദ്യമില്ലാത്തവൻ ,അന്ത്യമില്ലാത്തവൻ. സർവ്വ ജീവന്റെ തുടിപ്പും അവനിൽ നിന്നായവൻ |
| അൽ ഹുയയ്യ് | തന്റെ മഹത്വത്തിന് യോജിക്കുന്ന രൂപത്തിൽ ലജ്ജയുള്ളവൻ. നൻമക്കും മാന്യതക്കും കാരണമായേക്കാവുന്ന ലജ്ജാശീലമു ള്ളവൻ. |
| അൽ ഖയ്യൂം. | സൃഷ്ടികളുടെ ആവശ്യമില്ലാത്തവൻ, സ്വയമായി നിലകൊള്ളു ന്നവൻ. |
| അൽവാരിഥ്. | സൃഷ്ടികളെല്ലാം നശിച്ചാലും നിലനിൽ നിൽക്കു ന്നവൻ.നാശത്തിന് ശേഷം എല്ലാം അവനിലേക്ക് തന്നെ തിരിച്ച് പോകുന്നവൻ.നാം എന്ത് ഉടമപ്പെടുത്തി യിട്ടുണ്ടെങ്കിലും അതെല്ലാം യദാർത്ഥ ഉടമയായ അല്ലാഹുന്യവിന് തിരിച്ച് നൽകേണ്ടവൻ. |
| അൽ ദ്ദയ്യാൻ | എല്ലാ സൃഷ്ടികളും കീഴ്പ്പെടേണ്ടവൻ. സൃഷ്ടികൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും അവർ ചെയ്യുന്ന കർമ്മങ്ങൾ നല്ലതാണെ ങ്കിൽ പ്രതിഫലുവും തെറ്റാണെങ്കിൽ ശിക്ഷയും നൽകുന്നവൻ. |
| അൽ മലിക്ക് | കാശനാധികാരമുള്ളവൻ, സൃഷ്ടികളുടെമേൽ നിയന്ത്രണാധികാര മുള്ളവൻ,അന്റെമേൽ മറ്റൊരാൾക്കും യാതൊരധികാരവുമില്ലാത്തവൻ. |
| അൽ മാലിക്ക് | സൃഷ്ടികളുടെ സൃഷ്ടിപ്പിലും അഴയുടെ നാശത്തിലും അധികാര മുള്ളവൻ,ഇതിലൊന്നും മറ്റൊരാൾക്കും യാതൊരു പങ്കുമില്ലാത്ത വൻ. |
| അൽ മലീക്ക് | അൽ മലിക്ക്,അൽ മാലിക്ക് എന്നിവയുടെയെല്ലാം വിവിക്ഷയുൾ ണ്ടിട്ടുള്ളവൻ. |
| അസ്സുബ്ബൂഹ് | സർവ്വ ന്യൂനതകളിൽ നിന്നും അന്യൂൻ, |
| അൽ ഖുദ്ദൂസ് | സർവ്വ ന്യൂനതകളിൽനിന്നും അന്യൂനനും,അനുപയനും, സമ്പൂർണ യുടെ പ്രതീകമായുള്ളവനും. |

| | |
|---|---|
| അസ്സലാം | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളിലും സർവ്വ ന്യൂന തകളിൽനിന്നും അന്യൂനനും,അനുപയനും,സമ്പൂർണയയുടെ പ്രതീ കമായുള്ള വനും. ഐഹീകവും പാരത്രീകവുമായ മുഴുവൻ രക്ഷ യുടെയും സമാധനത്തി ന്റെയും കേതാരം. |
| അൽ ഹഖ് | തന്റെ സത്തയിലും വിശേഷണങ്ങളിലും നാമങ്ങളിലും ദിവ്യത്വത്തി ലും യഥാർത്ഥമായവൻ. അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലാത്തവൻ. |
| അൽ മുബീൻ | തന്റെ ഏകത്വത്തിലും കാരുണ്യം യുക്തി എന്നിവയിലും അവന്റെ കാര്യം സുവ്യക്തമാണ്. അടിമകൾ പിന്തുടരേണ്ട നിർദ്ദേശങ്ങൾ അവതിരിപ്പിക്കുന്നവൻ, സൂക്ഷിക്കേണ്ട ദുർമാർഗ്ഗത്തെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നവൻ. |
| അൽ ഖവിയ്യ് | സർവ്വ ശക്തനായുള്ളവൻ. |
| അൽ മതീൻ | തന്റെ ശക്തിയിലും കഴിവിലും അതിശക്തനും അവനു തുല്യമായി മറ്റാരുമില്ലാത്തവനും. |
| അൽ ഖാദിർ | സർവ്വ ശക്തനായുള്ളവൻ. ആകാശ ഭൂമികളിൽ അവനെ അശക്ത മാക്കുന്ന യാതൊന്നുമില്ലാത്തവൻ. |
| അൽ ഖദീർ | സർവ്വ ശക്തനായുള്ളവൻ.ഖാദിർ എന്നതലുപരി കഴിവുള്ളവൻ അൽ മുഖ്തദിർ |
| അൽ മുഖ്തദിർ | തന്റെ മുൻ അറിവിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നവൻ. |
| അൽ അലിയ്യ്<br>അൽ അഅ്ലാ | തന്റെ സത്തയിലും ആധിപത്യത്തിലും മഹാനും ഉന്നതനും ആയിട്ടുള്ളവൻ. |
| അൽ മുതആൽ | അവന്റെ ഔനിത്യത്തിനു മുമ്പിൽ എല്ലാം കീഴ്പെടുന്നവൻ. മറ്റുള്ള മുഴുവൻ വസ്തുക്കളും അന്റെ കീഴിലായിട്ടുള്ളവൻ. |
| അൽ മുഖദ്ദിം | തന്റെ ഉദ്ദേശ്യവും തീരുമാനവും പ്രകാരം എല്ലാകാര്യങ്ങളും കണക്കാക്കുകുയം വെക്കേണ്ട ക്രമത്തിൽ അതിന്റേതായ കസ്ഥലങ്ങളിൽ ക്രമീകരിക്കുകയും ചെയ്യുന്നവൻ |
| അൽ മുഅഖ്ഖിർ | തന്റെ തീരുമാന പ്രകാരം എല്ലാകാര്യങ്ങളും കണക്കാക്കുകുയം വെക്കേണ്ട ക്രമത്തിൽ അതിന്റേതായ കസ്ഥലങ്ങളിൽ ക്രമീകരിക്കു കയും പിന്തിപ്പിക്കേണ്ട സമയങ്ങളിൽ പിന്തിപ്പിക്കുകയും ചെയ്യുന്ന വൻ.പാപം ചെയ്യുന്നവർക്ക് പശ്ചാതപിക്കാൻ അവസരം ലഭിക്കു മാറ്ശിക്ഷയെ പിന്തിപ്പിക്കുന്നവൻ. |
| അൽ മുസഹ്ഹിർ | തന്റെ വിജ്ഞാനത്തിന്റെ അടിസ്ഥനത്തിൽ വസ്തുക്കളുടെ മൂല്യ വും വിലയും വർദ്ധിപ്പിക്കുന്നവനും കുറക്കുന്നവനും |
| അൽഖാബി ള് | ആത്മാക്കളെ പിടിക്കുന്നവൻ, പരീക്ഷണമെന്നോണം തന്റെ ദാസൻ മാർക്ക് ഉപജീവനം ഇടുസ്സാക്കു ന്നവൻ. |
| അൽ ബാസിത്ത് | തന്റെ കാരുണ്യം കൊണ്ട് തന്റെ ദാസൻൻമാർക്ക് ഉപജീവനം വിശാലമാക്കുന്നവൻ. താൻഉദ്ദേശിക്കുന്നവരുടെ പാപം പൊറുക്കാ നായി കരങ്ങൾ നീട്ടിയിരിക്കുന്നവൻ. |
| അൽ അവ്വൽ | ആദ്യത്തേവൻ. എല്ലാ സൃഷ്ടികളും അവൻ നിർമ്മിച്ചുണ്ടാക്കിയവൻ. |
| അൽ ആഖിർ | അന്ത്യത്തവൻ. എന്നെന്നും അവശേഷിക്കുന്നവൻ. |
| അൽള്ളാഹി ർ | സർവ്വത്തിനേക്കാളും ഉപരിയിലുള്ളവൻ. |
| അൽ ബാത്വിൻ | ഐഹീക ജീവിതത്തിൽ കണ്ണുകൾക്ക് കാണാൻ കഴിയാത്തവൻ. എല്ലാത്തിനേ യും ചൂഴ്ന്ന് നിൽകുന്നവൻ. |
| അൽ വിത്ർ | അതുല്യനാവനും പങ്കുകാരില്ലാത്തവനും . |
| അസ്സയ്യിദ് | സൃഷ്ടികളുടെ സാക്ഷാൽ നേതാവായുള്ളവൻ.ഗൃഷ്ടാവും ഉമസ്ഥനും . |
| അസ്സ്വമദ് | സൃഷ്ടികളെല്ലാം ആശ്രയിക്കുന്നവൻ. അന്നം നൽകുന്നവൻ. |
| അൽ വാഹിദ് | സർവ്വ ഗുണങ്ങളിലും ഏകനായവൻ. |

| | |
|---|---|
| അൽഅഹദ് | ആരാധന സമർപ്പിക്കുന്ന ഏകൻ |
| അൽ ഇലാഹ് | ആരാധനകൾ സമർപ്പിക്കാൻ അർഹതയുള്ള ഏകൻ |

അൽഹകീം എന്ന് പറഞ്ഞാൽ സർവകാര്യങ്ങളും അല്ലാഹുവിൽ അർപ്പിക്കണം. കാരണം എല്ലാ കാര്യങ്ങളും അല്ലാഹുവിൻെറ ഹിക്ക്മത്തനുസരിച്ചാണ് നടക്കുന്നത്.(അൽഖുദ്ദൂസ്) എന്ന് പറയുമ്പോൾ അല്ലാഹു എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണെന്ന് മനസ്സിൽ വരണം. ഇപ്രകാരം അല്ലാഹുവിൻെറ നാമങ്ങളിലോരോന്നുകൊണ്ടും പ്രവർത്തിക്കണം. നാമങ്ങളെ മഹത്വപ്പെടുത്തലും അത് മുഖേന അല്ലാഹുവിനോട് പ്രാർത്ഥിക്കലും അത് പ്രാവർത്തികമാക്കുന്നതിൽ പെട്ടതാണ്.

**13 അല്ലാഹുവിൻെറ നാമങ്ങളും വിശേഷണങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത് ?** അവ മുഖേന അഭയം തേടുക, സത്യം ചെയ്യുക എന്നീ കാര്യത്തിൽ അവ രണ്ടും തുല്ല്യമാണ്. എന്നാൽ അവ തമ്മിൽ ചില വ്യത്യാങ്ങളുണ്ട്. അതിൽ സുപ്രധാനമായവ. 1. നാമങ്ങൾ മുഖേന പ്രാത്ഥിക്കുകയും അടിമത്വ പ്രയോഗവും അനുവദിക്കുന്നു. എന്നാലത് വിശേഷണങ്ങൾക്കില്ല. അതിനാൽ അടിമത്വം സൂചിപ്പിച്ചുകൊണ്ട് അബ്ദുൽ ഖരീം എന്ന് പേരിടാം. എന്നാൽ അബ്ദുൽ കറം എന്ന് പേരിടാവതല്ല. യാ കരീം എന്ന് പ്രാത്ഥിക്കാം എന്നാൽ യാ കറം എന്ന് പ്രാത്ഥിക്കാവതല്ല. 2. നാമങ്ങളിൽ നിന്ന് വിശെ ണ ങ്ങൾവ്യുൽപാദിക്കും. റഹ്മാനിൽ നിന്ന് റഹ്മത്ത് ഉണ്ടാകുന്നത് പോലെ. എന്നാൽ വിശേഷണങ്ങളിൽ നിന്ന് സ്ഥിരപ്പെട്ടതല്ലാത്ത പുതിയ നാമങ്ങൾ ഉണ്ടാക്കാവ തല്ല. അപ്പോൾ (ഇസ്തിവാഅ്) എന്ന വിശേഷണത്തിൽ നിന്ന് (മുസ്തവീ) എന്ന നാമം ഉണ്ടാകുന്നതല്ല 3. അല്ലാഹുവിൻെറ പ്രവർത്തന ങ്ങളിൽ നിന്ന് വരാത്ത പുതിയ നാമങ്ങൾ വ്യുൽപാദിക്കുകയില്ല. (ഗദബ്) എന്ന പ്രവർത്തിയിൽ നിന്ന് (ഗാദിബ്) എന്ന നാമം അല്ലാഹുവിന് പറയാവതല്ല. എന്നാൽ പ്രവർത്തനത്തിൽ നിന്ന് വിശേഷണമുണ്ടാക്കാ വുന്നതാണ്. അപ്പോൾ (ഗദബ്) എന്ന വിശേഷണം അല്ലാഹുവിനുണ്ടെന്ന് പറയാവുന്നതാണ്.

**14 മലക്കുകളിൽ വിശ്വസിക്കുകയെന്നാലെന്ത്?** അവരുണ്ടെന്നും അല്ലാഹു അവരെ സൃഷ്ടിച്ചത് അവനെ ആരാധിക്കാനും അവൻെറ കൽപനകൾ നടപ്പിലാക്കാനും വേണ്ടിയാണെന്നും വിശ്വസിക്കലാണ്. (**അവർ ആദരണീയരായ അടിമകളാണ്. ഒരു വാക്ക് കൊണ്ടും അവനെ അവർ മുൻകടക്കുകയില്ല, അവൻെറ കൽപനയനുസരിച്ച് അവർ പ്രവർത്തിക്കുന്നു**) അവരെ കുറിച്ച് വിശ്വസിക്കേണ്ട കാര്യങ്ങൾ: 1. അവരുടെ അസ്തിത്വം വിശ്വസിക്കൽ. 2. ജിബ്രീലിനെ പോലെ അവരിലെ പേരറിയുന്ന വരിൽ വിശ്വസിക്കൽ. 3. അവരുടെ സൃഷ്ടി വലുപ്പം പോലെയുള്ള അറിയപ്പെട്ട വിശേഷണങ്ങൾ വിശ്വസിക്കൽ. 4. മലക്കുൽ മൗത്തിനെ പോലെ പ്രത്യേക ഉത്തരവാദിത്വമുള്ളവരായി അറിയുന്നവരിൽ വിശ്വസിക്കൽ.

**15 ഖുർആൻ എന്ത്?** അത് അല്ലാഹുവിൻെറ വചനമാണ്. അത് പാരായണം ചെയ്യുന്നത് ആരാധനയാണ്. അല്ലാഹുവിൽ നിന്നത് ആരംഭിച്ചു. അവനിലേക്ക് മടങ്ങുകയും ചെയ്യും. അക്ഷരവും ശബ്ദവുമുള്ള യഥാർത്ഥ രൂപത്തിൽ അല്ലാഹു അത് സംസാരിച്ചു.അല്ലാഹുവിൽ നിന്നത് ജിബ്രീൽ عليه السلام കേൾക്കുകയും അദ്ദേഹം മുഹമ്മദ് നബി ﷺ ക്ക് അതെത്തിച്ചുകൊടുക്കുകയും ചെയ്തു. അല്ലഹു അവതരിപ്പിച്ച മുഴുവൻ വേദഗ്രന്ഥങ്ങളും അല്ലാഹുവിൻെറ വചനമാണ്.

**16 നബിﷺയുടെ ചര്യക്ക് പകരം ഖുർആൻ മാത്രം മതിയോ?** മതിയാവുകയില്ല കാരണം നബി ﷺ യുടെ സുന്നത്ത് സ്വീകരിക്കാൻ അല്ലാഹു നമ്മോട് കൽപിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു: **റസൂൽ നിങ്ങൾക്ക് കൊണ്ടു വന്നത് നിങ്ങൾ സ്വീകരിക്കുക. അദ്ദേഹം നിങ്ങളോട് വിരോധിച്ചത് നിങ്ങൾ വർജിക്കുകയും ചെയ്യുക.**) സുന്നത്ത് ഖുർആന്റെ വിവരണമായി അവതരിച്ചതാണ്. നമസ്കാരം പോലെയുള്ളവയുടെ വിശദീകരണം സുന്നത്ത് കൊണ്ടല്ലാതെ അറിയുകയില്ല. നബി ﷺ പറഞ്ഞു: **അറിയുക ഖുർആനും അതോടൊപ്പം സമാനമായതും എനിക്ക് നൽകപ്പെട്ടു. അറിയുക, നിങ്ങൾ ഒരാൾ തന്റെ സോഫയിലിരുന്ന് ഇങ്ങിനെ പറഞ്ഞേക്കാം. നിങ്ങൾ ഖുർആൻ അവലംബിക്കുക. അതിൽ അനുവദനീയമായി കണ്ടത് നിങ്ങൾ അനുവദിക്കുകയും അതിൽ നിഷിദ്ധമയി കണ്ടത് നിങ്ങൾ നിഷിദ്ധമാക്കുകയും ചെയ്യുക.** (അഹമദ്, അബൂദാവൂദ്)

**17 നബിമാരിൽ വിശ്വസിക്കുന്നതിന്റെ ഉദ്ദേശമെന്ത്?** അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കും അവനല്ലാത്ത ആരാധ്യരെ അവിശ്വസിക്കുന്നതിലേക്കും ക്ഷണിക്കാൻ എല്ലാ സമൂഹങ്ങളിലും പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചിട്ടുണ്ടെന്ന് ദൃഢമായി വിശ്വസിക്കലാണ് .അവരെ ല്ലാം സത്യസന്ധരും സത്യപ്പെടുത്തേണ്ടവരുമാണ്, സന്മാർഗ്ഗം പ്രാവിച്ചവർ, മാന്യർ, പുണ്യവാന്മാർ, ഭക്തർ, വിശ്വസ്തർ, വിവേകമതികൾ എന്നീ ഗുണങ്ങളുള്ളവരുമാണ്. അല്ലാഹുവിന്റെ സന്ദേശം പൂർണ്ണമായും എത്തിച്ചുകൊടുത്തിട്ടുണ്ടെന്നും ജനനം മുതൽ മരണം വരെയും അവർ ശിർക്ക് ചെയ്യാത്ത വിശുദ്ധരും സൃഷ്ടികളിലേററവും ശ്രേഷ്ടരുമാണെന്നും അവരെ കുറിച്ച് വിശ്വസിക്കണം.

**18 ഖിയാമത്ത് നാളിലെ ശഫാഅത്തിന്റെ ഇനങ്ങൾ?** വിവിധയിനമുണ്ട്. ഏറ്റവും പ്രധാനമായത് ശഫാഅത്തുൽ ഉദ്മയാണ്. അത് മഹ്ശറയിൽ 50000 വർഷം വിധിതീർപ്പ് കൽപ്പിക്കുവാൻ വേണ്ടി കാത്തിരുന്ന ശേഷം നബി ﷺ റബ്ബിങ്കൽ അതിനായി ശുപാർശ പറയുകയും വിചാരണക്കെടുക്കുകയും ചെയ്യുന്നതാണ്. ഇത് നബിﷺക്ക് മാത്രം ലഭിക്കുന്നതാണ്. അല്ലാഹു നബി(സ)ക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സ്തുദിക്കപ്പെട്ട (മഖാമുൽ മഹ്മൂദ്) സ്ഥാനമാണ്. (**രണ്ട്**) സ്വർഗ്ഗ കവാടം തുറക്കാനുള്ള ശുപാർശയാണ്. അത് ആദ്യമായി ആവശ്യപ്പെടുന്നത് നബിﷺയും, സമുദായങ്ങളിൽ ആദ്യം പ്രവേശിപ്പിക്കുന്നത് നബി(സ)യുടെ സമുദായവുമാണ്. (**മൂന്ന്**) നരകത്തിലേക്ക് കൊണ്ടുപോകാൻ കൽപിക്കപ്പെട്ട ആളുകളെ അതിൽ പ്രവേശിപ്പിക്കാതിരിക്കാൻ വേണ്ടിയുള്ള ശുപാർശയാണ്. (**നാല്**) നരകത്തിൽ പ്രവേശിപ്പിച്ചു മുവഹിദൂകളെ അതിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടിയുള്ള ശുപാർശയാണ്. (**അഞ്ച്**) സ്വർഗ്ഗത്തിലെത്തിയവരുടെ പദവി ഉയർത്താനുള്ള ശുപാർശശയാണ്. ഈ അവസാനം പ്രസ്താവിച്ച മൂന്ന് ശുപാർശകൾ നബി(സ)ക്ക് മാത്രമുള്ളതല്ല. നബിമാർ, മലക്കുകൾ, രക്ത സാക്ഷികൾ, സ്വാലിഹീങ്ങൾ എന്നിവരും അത് ചെയ്യുന്നതാണ്. എങ്കിലും നബി ﷺ ക്ക് സുപ്രധാന സ്ഥാനമുണ്ട്. (**ആറ്**) വിചാരണയില്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർക്ക് വേണ്ടിയാണ്. (**ഏഴ്**) നബി ﷺ യുടെ പിതൃവ്യനായ അബൂത്വാലിബിന് ശിക്ഷ ലഘൂകരിക്കാൻ വേണ്ടി അവിടെന്ന് ചെയ്യുന്ന ശുപാർശയാണ്. (**എട്ട്**) അല്ലാഹു തന്റെ കാരുണ്യം കൊണ്ട് തൗഹീദിലായി കൊണ്ട് മരിച്ച ആളുകളെ നരകത്തിൽ നിന്ന് ആരുടെയും ശുപാർശയില്ലാതെ മോചിപ്പിക്കുന്നതാണ്. അവരുടെ എണ്ണം അല്ലാഹുവിനേ അറിയൂ.

**19 ജീവിച്ചിരിക്കുന്നവരോട് ശുപാർശയോ സഹായമോ തേടാമോ?**
അതെ അനുവദനീയമാണ്. മററുള്ളവരെ സഹായിക്കാൻ ഇസ്‌ലാം പ്രേരിപ്പിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു: **നന്മയിലും സൂക്ഷ്മതയിലും നിങ്ങൾ പരസ്പരം സഹായിക്കുക.** നബിﷺപറഞ്ഞു: **ഒരു അടിമ തന്റെ സഹോദരനെ സഹായിക്കുമ്പോൾ അല്ലാഹു അവനെയും സഹായിക്കുന്നതാണ്** (മുസ്ലിം) ശുപാർശ പറയുന്നത് വലിയ ശ്രേഷ്ടതയുള്ളതാണ്. അല്ലാഹു പറഞ്ഞു: **ആരെങ്കിലും നല്ല ശുപാർശ ചെയ്യുന്നതായാൽ അതിൽ നിന്നൊരു വിഹിതം അവനുണ്ടാകുന്നതാണ്.**) നബിﷺപറഞ്ഞു: **നിങ്ങൾ ശുപാർശ ചെയ്യുക നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ്.** (ബുഖാരി)
അതിന് ചില നിബന്ധനകളുണ്ട്. 1.അത് ജീവിച്ചിരിക്കുന്നവനിൽ നിന്നായിരിക്കണം. മരിച്ചയാൾ സ്വന്തത്തിന് തന്നെ ഉപകാരം ചെയ്യാൻ കഴിയാതിരിക്കെ മറ്റുള്ളവർക്ക് എങ്ങനെ ഉപകാരംചെയ്യും? 2. പറയുന്നത് മനസ്സിലാകണം. 3.ആവശ്യം പറയപ്പെടുന്നവൻ സ്ഥലത്ത് ഹാജറുള്ളവനായിരിക്കണം. 4.അത് കഴിവിൽപെട്ട കാര്യത്തിലായിരിക്കണം. 5.ഭൗതിക കാര്യത്തിലായിരിക്കണം. 6.ഉപദ്രവമില്ലാത്ത അനുവദനീയ കാര്യത്തിലാകണം.

**20 തവസ്സുലിന്റെ ഇനങ്ങളെത്ര? രണ്ട്.** 1– അനുവദനീയം. ഇത് മൂന്ന് വിതമുണ്ട്. 1) അല്ലാഹുവിനോട് അവന്റെ നാമങ്ങളും വിശേഷണങ്ങളും മുഖേന ഇടതേടൽ. 2) സൽകർമ്മങ്ങൾ മുഖേന അല്ലാഹുവിലേക്ക് ഇടതേടൽ. ഗുഹയിൽപ്പെട്ട മൂന്നാളുകൾ തങ്ങളുടെ സൽകർമ്മങ്ങൾ എടുത്ത് പറഞ്ഞു പ്രാർത്ഥിച്ചത് ഇതിന്റെ ഉദാഹരണമാണ്. 3) പ്രാർത്ഥന സ്വീകരിക്കപ്പെട്ടേക്കുമെന്ന് പ്രതീക്ഷിക്കുന്ന ജീവിച്ചിരിക്കുന്ന സദ്‌വൃത്തനായ ഒരാളുടെ പ്രാഥന മുഖേനയുള്ളത്. 2– നിഷിദ്ധം. ഇത് രണ്ട് വിധമുണ്ട്.1) അല്ലാഹുവെ നിന്റെ നബി ﷺയുടെ ജാഹ് കൊണ്ട്, അല്ലെങ്കിൽ മുഹ്‌യിദ്ദീൻ ശൈഖിന്റെ ജാഹ് കൊണ്ട് നിന്നോട് ഞാൻ ചോദിക്കുന്നു. എന്നിങ്ങിനെ നബിﷺയുടെയോ വലിയ്യിന്റെയോ ജാഹ് കൊണ്ട് അല്ലാഹു വിനോട് പ്രാർത്ഥിക്കുക. നബി ﷺക്ക് അല്ലാഹുവിന്റെ അടുക്കൽ മഹത്തായ പദവിയുണ്ടെന്നത് ശരിയാണ്. അപ്രകാരം സദ്‌വൃത്തർക്കും. എങ്കിലും നന്മ യിൽ ഏററവും താൽപര്യം കാണിച്ചവരായ സ്വഹാബികൾ വരൾച്ചയുണ്ടാ യപ്പോൾ നബി ﷺ യുടെ ഖബർ അവർക്കിടെയിലുണ്ടായിരിക്കെ അവിടുത്തെ ജാഹ് കൊണ്ട് തവസ്സുലാക്കിയില്ല. പ്രത്യുത അബ്ബാസ്رضي الله عنه വിന്റെ പ്രാർത്ഥന കൊണ്ട് തവസ്സുലാക്കുക മാത്രമാണ് ചെയ്തത്. 2) അല്ലാഹുവെ ഇന്ന വലിയ്യിനെ കൊണ്ട് ഞാൻ ചോദിക്കുന്നു. ഇന്ന നബിﷺയുടെ ഹഖ് കൊണ്ട് ഞാൻ ചോദിക്കുന്നു. എന്നീ രൂപത്തിൽ നബിയേയോ വലിയ്യിനേയോ കൊണ്ട് സത്യം ചെയ്ത് റബ്ബിനോട് ആവശ്യങ്ങൾ ചോദിക്കുക. കാരണം സൃഷ്ടിയെ കൊണ്ട് സൃഷ്ടികൾ സത്യം ചെയ്യുന്നത്. വിലക്കപ്പെട്ടതാണ്. അത് അല്ലാഹു വിനോടാകുമ്പോൾ ഗൗരവമേറുകയും ചെയ്യുന്നു. മാത്രമല്ല അല്ലാഹുവിനെ അനുസരിക്കുന്നുവെന്ന കാരണത്താൽ അടിമക്ക് അല്ലാഹു വിന്റെമേൽ യാതൊരു (ഹഖും)അവകാശവുമില്ല.

**21 അന്ത്യനാളിൽ വിശ്വസിക്കുന്നതിന്റെ വിവക്ഷയെന്ത്?** അത് സംഭവിക്കുമെന്ന് ദൃഢമായി വിശ്വസിക്കലാണ്. മരണവും മരണാനന്ത രമുള്ള ഖബറിലെ പരീക്ഷണം, ശിക്ഷയും അനുഗ്രഹവും, കാഹളത്തിലെ ഊത്ത്, റബ്ബിങ്കൽ വിചാരണക്ക് വേണ്ടി മഹ്ശറയിൽ ഒരുമിച്ചു കൂട്ടുന്നതും, ഏടുകൾ നൽകുന്നതും. മീസാൻ (തുലാസ്സ്) സ്ഥാപിക്കലും, സ്വിറാത്ത്, ഹൗള്, ശഫാഅത്ത് എന്നിവയും അവസാനം സ്വർഗ്ഗത്തിലേക്കോ നരകത്തി ലേക്കോ

പ്രവേശിപ്പിക്കപ്പെടുന്നതുമൊക്കെ അന്ത്യനാളിലെ വിശ്വാസത്തിൽ ഉൾപെടുന്നതാണ്.

(22) **അന്ത്യനാളിൻെറ വലിയ അടയാളങ്ങളേത്?** നബി ﷺ പറഞ്ഞു: **നിങ്ങൾ അന്ത്യ നാളിന് മുമ്പ് പത്ത് അടയാളങ്ങൾ കാണുവോളം അത് സംഭവിക്കുകയില്ല. പുകയുണ്ടാവൽ, ദജ്ജാൽ പുറപ്പെടൽ, ദാബ്ബത്തുൽ അർദ് എന്ന മൃഗം വരൽ, സൂര്യൻ പടിഞ്ഞാറ് ഭാഗത്ത് നിന്ന് ഉദിക്കൽ. ഈസാ നബി عليه السلام ഇറങ്ങിവരൽ, യഅ്ജൂജ് മഅ്ജൂജിൻെറ വരവ്, കിഴക്കും പടിഞ്ഞാറും അറേബ്യയിലുമായി മൂന്ന് ഭൂകമ്പങ്ങൾ ഉണ്ടാവൽ, അവസാനം യമൻ ഭാഗത്ത് നിന്ന് തീ പുറപ്പെടുകയും അങ്ങനെ ജനങ്ങളെ ഒരുമിച്ചുകൂട്ടേണ്ടിടത്തേക്ക് അത് തെളിച്ചു കൊണ്ടു പോവുകയും ചെയ്യൽ എന്നീ കാര്യങ്ങൾ അവിടുന്ന് പറഞ്ഞു.** (മുസ്‌ലിം)

(23) **ജനങ്ങൾ അനുഭവിക്കേണ്ടി വരുന്ന ഏററവും വലിയ പരീക്ഷണമേത്?** നബി ﷺ പറഞ്ഞു: **ആദം നബി عليه السلام ൻെറ സൃഷ്ടിപ്പിൻെറയും അന്ത്യനാളിൻെറയും ഇടയിൽ ദജ്ജാലിനേക്കാൾ വലിയ ഒരു പരീക്ഷണവുമില്ല.** (മുസ്‌ലിം) അവൻ അന്ത്യനാളിൽ പുറപ്പെടുന്ന ഒരു മനുഷ്യനാണ്. അവൻെറ നെററിയിൽ (കഫറ) എന്ന ലിഖിതമുണ്ടാകും. അത് സത്യവിശ്വാസികൾക്ക് വായിക്കാൻ സാധിക്കും. അവൻെറ വലതുകണ്ണ് ചപ്പിയ മുന്തിരി പോലെ വികലമായിരിക്കും. ആദ്യം (സ്വലാഹ്) സുകൃതവും ശേഷം പ്രവാചകത്വവും പിന്നീട് ദിവ്യത്വവും അവൻ വാദിക്കും. അവൻ ഒരു സമൂഹത്തിൻെറ അടുക്കൽ ചെന്ന് അവരെ ക്ഷണിക്കും. അപ്പോൾ അവൻ വ്യാജനാണെന്ന് അവർ പറയും. അങ്ങനെ അവൻ അവിടെ നിന്ന് തിരിച്ചു പോകും. അപ്പോൾ അവരുടെ സമ്പത്ത് അവൻെറ കൂടെ പോകും. തന്മൂലം അവർ സമ്പത്തൊന്നുമില്ലാത്തവരായി ത്തീരും. പിന്നീട് മറെറാരു സമൂഹത്തിലേക്ക് അവൻ പോകും. അവർ അവൻെറ ക്ഷണം സ്വീകരിക്കുകയും അവനെ സത്യപ്പെടുത്തുകയും ചെയ്യും. അപ്പോൾ അവൻ അവർക്ക് വേണ്ടി ആകാശത്തോട് മഴ വർഷിപ്പിക്കാൻ കൽപ്പിക്കുകയും മഴ വർഷിക്കുകയും ചെയ്യും. അവൻ ഭൂമിയോട് ഉദ്പാതിപ്പിക്കാൻ കൽപ്പിക്കുകയും അങ്ങനെ അത് മുളപ്പിക്കുകയും ചെയ്യും. അവൻ ജനങ്ങളുടെ അടുത്തേക്ക് വെള്ളവും അഗ്നിയുമായി പുറപ്പെടും. യഥാർത്ഥത്തിൽ അവൻെറ അടുക്കലുള്ള അഗ്നി തണുത്ത ജലവും അവ ൻെറ ജലം അഗ്നിയുമായിരിക്കും.

സത്യവിശ്വാസി എല്ലാ നമസ്കാരത്തിൻെറയും അവസാനത്തിൽ അവൻെറ ഉപദ്രവത്തിൽ നിന്ന് രക്ഷക്ക് വേണ്ടി അല്ലാഹുവിനോട് അഭയം തേടേണ്ടതാണ്. അവനെ കാണുന്നവൻ അൽകഹ്ഫ് സൂറത്തിലെ പ്രഥമ ആയത്തുകൾ പാരായണം ചെയ്യണം. അവനെ അഭിമുഖീകരിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. കാരണം അവനാലുള്ള പരീക്ഷണം ആരും ഭയപ്പെടേണ്ടതാണ്. നബി ﷺ പറഞ്ഞു: **ആരെങ്കിലും ദജ്ജാൽ പുറപ്പെട്ട വിവരം കേട്ടാൽ അവൻ അകന്ന് പോകട്ടെ. അല്ലാഹുവാണെ, സത്യവിശ്വാസിയാണെന്ന് കരുതുന്ന ഒരാൾ അവൻെറയടുക്കൽ ചെല്ലും. അവനുണ്ടാക്കുന്ന സംശയങ്ങളിൽ അകപ്പെട്ട് അവനെ പിൻപറ്റുന്നവ നായേക്കുന്നതാണ്.** (അബൂദാവൂദ്) അവൻ ഭൂമിയിൽ നാൽപ്പത് ദിവസം താസി ക്കും. അതിലൊരു ദിനം ഒരു കൊല്ലം പോലെയും മറെറാരു ദിനം ഒരു മാസം പോലെയും മറെറാരു ദിനം ഒരാഴ്ച പോലെയും ദൈർഘ്യമുള്ളതായിരിക്കും. മററു ദിവസങ്ങൾ സാധാരണ പോലെയായിരിക്കും. മക്കയും മദീനയുമല്ലാത്ത എല്ലാ രാജ്യങ്ങളിലും അവൻ പ്രവേശിക്കും. പിന്നീട് ഈസാ നബി عليه السلام ഇറങ്ങി വരികയും അദ്ദേഹം അവനെ വധിക്കുകയും ചെയ്യുന്നതാണ്.

(24) **സ്വർഗ്ഗവും നരകവും ഇപ്പോഴുണ്ടോ?** അതെ അല്ലാഹു ജനങ്ങളെ സൃഷ്ടിക്കുന്നതിന് മുമ്പെ അത് രണ്ടും സൃഷ്ടിച്ചിട്ടുണ്ട്. അത് രണ്ടും നശിക്കുകയില്ല. അല്ലാഹു അവൻെറ അനുഗ്രഹത്താൽ സ്വർഗ്ഗത്തിലേക്കുള്ള

വരെയും അവൻെറ നീതി അനുസരിച്ച നരകത്തിലേക്കുള്ളരെയും സൃഷ്ടി ക്കുന്നു. എല്ലാം സൃഷടിക്കപ്പെട്ടതിലേക്ക് എളുപ്പമാക്കുന്നതാണ്.

**25 ഖദ്റിൽ വിശ്വസിക്കുന്നതിൻെറ അർത്ഥമെന്ത് ?** **സർവ്വ നന്മയും തിന്മയും അല്ലാഹുവിൻെറ വിധിയും കണക്കാക്കിയതുമനു സരിച്ചാണെന്നും അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നവനാണെന്നും ദൃഢമായും വിശ്വസിക്കലാണ്. നബിﷺപറഞ്ഞു:** **അല്ലാഹു ആകാശഭൂമികളിലുള്ളവരെ ശിക്ഷിക്കുകയാണെ ങ്കിൽ അവരോട് യാതൊരു അക്രമവും ചെയ്യാതെയായിരിക്കും ശിക്ഷിക്കുന്നത്. അവരോട് കാരുണ്യം ചെയ്യുന്നുവെങ്കിൽ ആ കാരുണ്യം അവരുടെ കർമ്മ ങ്ങളേക്കാൾ ഉത്തമമായതായിരിക്കുന്നതാണ്. അല്ലാഹു വിൻെറ മാർഗത്തിൽ ഉഹ്ദ മലയോളം സ്വർണ്ണം ചെലവഴിച്ചാലും നീ ഖദ്റിൽ വിശ്വസിക്കുവോളം നിന്നിൽ നിന്നത് അല്ലാഹു സ്വീകരിക്കുകയില്ല. നിനക്ക് സംഭവിച്ചതൊന്നും പിഴച്ച് സംഭവിച്ചതല്ലെന്നും നിനക്ക് നഷടപ്പെട്ടതൊന്നും നിനക്ക് ലഭിക്കേണ്ടതു മല്ലെന്നും നീ അറിയുക. നീ ഇതിലല്ലാതെ മരിച്ചാൽ നീ നരകത്തിൽ പ്രവേശിക്കുന്നതാണ്.** (അഹ്മദ്)

**ഖദ്റിലുള്ള വിശ്വാസം നാലുകാര്യങ്ങൾ ഉൾക്കൊള്ളുന്നു.1) അല്ലാഹു എല്ലാ കാര്യങ്ങളും മൊത്തത്തിലും വിശദമായും അറിഞ്ഞിട്ടുണ്ടെന്ന് വിശ്വസി ക്കൽ. 2) അത് അല്ലാഹു** ലൗഹുൽ മഹ്ഫൂളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിശ്വസിക്കൽ. **നബിﷺപറഞ്ഞു: ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന് അമ്പതി നായിരം കൊല്ലങ്ങൾക്ക് മുമ്പ് സൃഷ്ടികളുടെ കണക്കുകൾ അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട്.** (മുസ്ലിം) **3) ആർക്കും തടയാൻ സാധിക്കാത്തതും** തീർ ത്തും നടപ്പിലാകുന്നതുമായ അല്ലാഹുവിൻെറ ഉദ്ദേശത്തിലും ആർക്കും പരാ ജയപ്പെടുത്താൻ സാധിക്കാത്ത അല്ലാഹുവിൻെറ കഴിവിലുമുള്ള വിശ്വാസം. അല്ലാഹു ഉദ്ദേശിച്ചത് ഉണ്ടാക്കുന്നു. അവൻ ഉദ്ദേശിക്കാത്തത് ഉണ്ടാകുന്നതു മല്ല. **4) എല്ലാ വസ്തുക്കൾക്കും** അസ്തിത്വം നൽകി സൃഷ്ടിക്കുന്നവൻ അല്ലാഹുവാണെന്നും അവനല്ലാത്തതെല്ലാം അവൻെറ സൃഷ്ടിയാണെന്നുമുള്ള വിശ്വാസം.

**26 മനുഷ്യർക്ക് യഥാർത്ഥമായ ഉദ്ദേശവും കഴിവുമുണ്ടോ ?** മനുഷ്യന് ഉദ്ദേശവും സ്വാതന്ത്ര്യവുമുണ്ട്. പക്ഷെ അത അല്ലാഹുവിൻെറ ഉദ്ദേശത്തിൽ നിന്ന് പുറത്താവുകയില്ല. അല്ലാഹു പറഞ്ഞു: **അല്ലാഹു ഉദ്ദേശി ക്കുന്നത ല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല) നബിﷺ പറഞ്ഞു: നിങ്ങൾ പ്രവർത്തിക്കുക. എല്ലാം എന്തിന് സൃഷ്ടിക്കപ്പെട്ടോ അതിലേക്ക് എളുപ്പമാക്കുന്നതാണ്.** (ബുഖാരി, മുസ്ലിം) നല്ലതും ചീത്തയും വേർതിരിക്കാൻ വേണ്ടി അല്ലാഹു നമുക്ക് ബുദ്ധിയും കേൾവിയും കാഴ്ചയും തന്നിട്ടുണ്ട്. മോഷണം നടത്തിയിട്ട് അല്ലാഹു എനിക്ക് നിശ്ചയിച്ചതാണിത് എന്ന് ബുദ്ധിയുള്ളവൻ പറയുമോ? അങ്ങനെ പറഞ്ഞാൽ ജനങ്ങൾ അവനെ വിടുമോ? ഇല്ല മാത്രമല്ല അവനെ ശിക്ഷിക്കുകയും ചെയ്യും.അപ്പോൾ തെററുകൾക്ക് ഖദ്റിനെ തെളിവാക്കുന്നതും ന്യായീകരിക്കുന്നതും അനുവദനീയമല്ല. അത് നിഷേധ മാണ്.

**അല്ലാഹു പറഞ്ഞു: ബഹുദൈവാരാധകർ പറഞ്ഞേക്കും: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്ക് ചേർക്കുമായിരുന്നില്ല. ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നുമില്ല എന്ന്. അപ്രകാരം അവരുടെ മുന്ഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നത് വരെ നിഷേധിച്ചുകളയുകയുണ്ടായി.** (6:142)

**27 ഇഹ്സാൻ എന്ത് ?** അതിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ നബി ﷺ

പറഞ്ഞു: അല്ലാഹുവിനെ നീ കാണുന്നത് പോലെ ആരാധിക്കുക. നീ അല്ലാഹുവിനെ കാണുന്നില്ലങ്കിലും. നിന്നെ അവൻ കണ്ടുകൊണ്ടിരിക്കുന്നു. (മുസ്ലിം) ഇതാണ് മതത്തിലെ മൂന്ന് പദവികളിൽ ഏററവും ഉന്നതമായത്.

**28 തൗഹീദിൻെറ ഭാഗങ്ങൾ എത്ര ? മൂന്ന്: 1.തൗഹീദുറുബൂബിയ്യ. സൃഷ്ടിപ്പ്, ഉപജീവനം നൽകൽ, ജീവിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ അല്ലാഹുവിനെ ഏകനാക്കലാണത്. നബി ﷺ നിയുക്തനാകുന്നതിന് മുമ്പെ ബഹുദൈവാരാധകർ അത് അംഗീകരിക്കുന്ന വരായിരുന്നു. 2. തൗഹീദുൽ ഉലൂഹിയ്യ. നമസ്കാരം,നേർച്ച,ദാനം തുടങ്ങിയ ആരാധനകളിൽ അല്ലാഹു വിനെ ഏകനാക്കലാണത്. ഇപ്രകാരം ആരാധനകൾ അല്ലാഹുവിന് മാത്രമാ ക്കാൻ വേണ്ടിയാണ് നബിമാർ നിയുക്തരായതും വേദഗ്രന്ഥങ്ങൾ അവതരിപ്പി ച്ചതും. 3. തൗഹീദുൽ അസ്മാഅ് വസ്വിഫാത്ത്. അല്ലാഹുവും റസൂലും അല്ലാഹുവിന് സ്ഥിരപ്പെടുത്തിയ സുന്ദരമായ നാമങ്ങളും ഉന്നതമായ വിശേഷണങ്ങളും വ്യാഖ്യാനമോ രൂപസങ്കൽപമോ നിഷേധമോ സാദൃശ്യ പ്പെടുത്തലോ കൂടാതെ സ്ഥിരപ്പെടുത്തലാണ്.**

**29 വലിയ്യ് ആരാണ് ?** സൂക്ഷ്മതയോടെ ജീവിക്കുന്ന സദ്വൃത്തനായ സത്യവിശ്വാസിയാണ് വലിയ്യ് അല്ലാഹു പറഞ്ഞു: **അറിയുക. തീർച്ചയായും അല്ലാഹുവിൻെറ വലിയുകൾക്ക് ഭയമില്ല, അവർ ദുഖിക്കുന്നവരുമല്ല. അവർ വിശ്വസിക്കുകയും സൂക്ഷ്മതാ ജീവിതം പാലിക്കുകയും ചെയ്യുന്നവരാണ്. നബിﷺപറഞ്ഞു: തീർച്ചയായും എൻെറ വലിയ്യ്(മിത്രം) അല്ലാഹുവും സദ്വൃത്തരായ സത്യവി ശ്വാസികളുമാണ്.** (ബുഖാരി, മുസ്ലിം)

**30 നബി(സ)യുടെ സ്വാഹബികളെ സംബന്ധിച്ച് നാം പുലർത്തേണ്ട സമീപനമെന്ത് ?** അവരെ സ്നേഹിക്കുക,തൃപ്തിപ്പെടുക, നല്ലത് വിചാരി ക്കുകയും ചെയ്യുക,നല്ലത് പറയുക, അവരുടെ ശ്രേഷ്ടഗുണങ്ങൾ പ്രചരിപ്പിക്കു ക,അവരുടെ തെററുകളും അവർക്കിടയിലുണ്ടായ ഭിന്നതകളും പറയാതി രുക്കുക എന്നിവ നമ്മുടെ നിർബന്ധമായ കടമയാണ്. അവർ തെററ് സംഭവിക്കാത്തവര (മഅ്സൂമ്)ല്ലെങ്കിലും ശരിയായത് കണ്ടെത്താൻ വേണ്ടി പരിശ്രമിച്ച (മുജ്തഹിദ്) വരാണ്. അതിനാൽ ശരിയായതിലെത്തിയവർക്ക് രണ്ട് പ്രതിഫലവും അബദ്ധം സംഭവിച്ചവർക്ക് ഒരു പ്രതിഫലവും ലഭിക്കും. ആ അബദ്ധം പൊറുക്ക പ്പെടുന്നതുമാണ്. അവരിൽ നിന്ന് വല്ല തെററും സംഭവിച്ചങ്കിൽ അത് മായ്ച്ചുകളയാൻ മതിയായ പുണ്യകർമ്മങ്ങൾ അവർക്കുള്ളതുമാണ്. അവർ അതി ശ്രേഷ്ഠരാണ്. ഏറ്റവും ശ്രേഷ്ഠരായ പത്താളുകൾ ഇവരാണ്. അബൂബക്കർ,ഉമർ,ഉസമാൻ, അലി, ത്വൽഹ, സുബൈർ, അബ്ദുറഹ്മാൻ ബ്നു ഔഫ്, സഅദ് ബ്നു അബീ വഖാസ്,സഈദ് ബ്നു സൈദ്,അബൂ ഉബൈദത്ത് ബ്നു ജർറാഹ്,ശേഷം മുഹാജിറുകളും,അതിനു ശേഷം ബദറിൽ പങ്കെടുത്തവരായ മുഹാജി റുകളും അൻസാറുകളും പിന്നീട് മറ്റു സഹാബികൾ മുഴുവനും . നബിﷺ പറഞ്ഞു: **നിങ്ങൾ എൻെറ സ്വഹാബി കളെ അധിക്ഷേപിക്കരുത്. എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവനിൽ സത്യം, നിങ്ങളിലൊരാൾ ഉഹദ് മലയോളം സ്വർണ്ണം ദാനം ചെയ്താലും അവർ ദാനം ചെയ്ത ഒരു മുദ്ദി (ഒരു വാരൽ)നോളമോ പകുതിയോളമോ എത്തുകയില്ല.** (ബുഖാരി, മുസ്ലിം) നബി(സ) പറഞ്ഞു.(എന്റെ സഹാബികളെ ആരെങ്കിലും ആക്ഷേപിച്ചാൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടേ യും ശാപം അവർക്കുണ്ടായിരിക്കും.

**31 അല്ലാഹു നിശ്ചയിച്ച പരിധിക്കപ്പുറം അമിതമായി നബി(സ)യെ വാഴ്ത്താമോ?** നബി ﷺ സൃഷ്ടികളിൽ ഏററവും ശ്രേഷ്ടനും ഉന്നതനുമാണെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ക്രിസ്ത്യാനികൾ ഈസാ നബി(ﷺ)യെ അമിതമായി പ്രശംസിച്ച പോലെ നബിﷺയെ അമിത പ്രശംസ നടത്തുന്നത് അനുവദനീയമല്ല. നബിﷺ നമ്മോടത് വിരോധിച്ചുകൊണ്ട് പറഞ്ഞു: **അമി തമായി ക്രസ്ത്യാനികൾ മറിയമിന്റെ പുത്രനെ വാഴ്ത്തിയത് പോലെ നിങ്ങ ൾ എന്നെ അമിതമായി പ്രശംസിക്കരുത്. തീർച്ചയായും ഞാൻ അല്ലാഹുവിന്റെ ദാസണ്. അതിനാൽ അല്ലാഹുവിന്റെ അടിമയും റസൂലു മാണെന്ന് എന്നെ സംബന്ധിച്ച് നിങ്ങൾ പറയുക.**(മുസ്ലിം)

**32 വേദക്കാർ സത്യവിശ്വാസികളാണോ ?** ജൂതരും ക്രിസ്ത്യാനികളും മററു അമുസ്ലിംകളും കാഫിറുകളാണ്. അവരുടെ മതത്തിന്റെ അടിസ്ഥാനം ശരിയായിരുന്നാലും ശരി. നബി ﷺ നിയുക്ത നായ ശേഷം നേരത്തേയുള്ള മതം ഉപേക്ഷിക്കുകയും മുസ്ലിമാവുകയും ചെയ്യാതിരുന്നാൽ (**അവനിൽ നിന്നത് സ്വീകരിക്കപ്പെടുകയില്ല. അവൻ പരലോകത്ത് നഷ്ടക്കാരിൽ പെട്ടവനാണ്**) ഇസ്ലാമല്ലാത്ത മതക്കാരെല്ലാം അവിശ്വാസികളാണെന്ന് വിശ്വസിക്കാതിരിക്കു കയോ അതിൽ സംശയിക്കുകയോ ചെയ്യുന്ന മുസ്ലിം അവിശ്വാസിയായിതീരു ന്നതാണ്. അല്ലാഹു പറഞ്ഞു: **മതവിഭാഗങ്ങളിൽപെട്ട ആരെങ്കിലും ഇസ്ലാമിനെ അവിശ്വസിച്ചാൽ അവന് വാഗ്ദാനം ചെയ്യപ്പെട്ടയിടം നരകമാണ്.) നബി ﷺ പറഞ്ഞു: എന്റെ ആത്മാവിന്റെ ഉടമയായ അല്ലാഹുവിൽ സത്യം, ഈ സമുദാ യത്തിൽ പെട്ട വല്ല ജൂതനോ ക്രിസ്ത്യാനിയോ എന്നെ കുറിച്ച് കേൾക്കുകയും എന്നിട്ട് എന്നിൽ വിശ്വസിക്കുകയും ചെയ്തില്ലെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കാ തിരിക്കില്ല** (മുസ്ലിം)

**33 അമുസ്ലിംകളെ അക്രമിക്കൽ അനുവദനീയമാണോ ? അക്രമം നിഷിദ്ധമാണ്. (അല്ലാഹു പറഞ്ഞു: തീർച്ചയായും ഞാൻ അക്രമം ചെയ്യുന്നത് എന്റെ മേൽ നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാൻ അത് നിഷിദ്ധമാക്കുന്നു. അതിനാൽ നിങ്ങൾ തമ്മിൽ അക്രമം ചെയ്യരുത്. (മുസ്ലിം) അബൂഹുറൈറ(റ)വിൽ നിന്ന് നിവേദനം : നബി(സ) ചോദിക്കുകയുായി : ആരാണ് പാപ്പരെന്ന് നിങ്ങൾക്കറിയാമോ?. അവർ പറയുകയുായി : ദീനാറും സമ്പത്തുമൊന്നുമില്ലാത്തവരാണ് ഞങ്ങളുടെ കൂട്ടത്തിലെ പാപ്പർ. നബി(സ) പറയുകയുായി : എന്റെ സമുദായത്തിലെ പാപ്പർ അന്ത്യനാളിൽ നമസ്കാരവും നോമ്പും സകാത്തും നിർവഹിക്കും പക്ഷെ അന്ത്യനാളിൽ ആളുകളെ അടിക്കുകയും ചീത്ത പറയുകയും അപവാദം പറയുകയും അന്യായമായി അവരുടെ ധനം അപഹരിക്കുകയും രക്തം ചിന്തുകയും ചെയ്തവരായി കാണുന്നവനാണ്. അപ്പോൾ അയാളുടെ സൽകർമങ്ങൾ എടുക്കുകയും അയാളുടെ എതിർ ഭാഗത്തുള്ളവർക്ക് നഷ്ടപരിഹാരമായി നൽകുകയും ചെയ്യും. അയാളുടെ സൽകർമങ്ങൾ തീർന്നുപോയാൽ അവരുടെ തെന്മുകൾ എടുത്ത് അയാളുടെ മേൽ കെട്ടിവെക്കുകയും അങ്ങിനെ അയാൾ നരകത്തിൽ എറിയപ്പെടുകയും ചെയ്യും. (മുസ്ലിം)**

**34 ബിദ്അത്ത് എന്ത് ?** ഹാഫിദ് ഇബ്നു റജബ്(റ) പറഞ്ഞു: മതത്തിൽ അടിസ്ഥാനമില്ലാത്ത പുതിയതായി നിർമിക്കപ്പെടുന്ന കാര്യങ്ങളാണ്. ഇനി ആ നവീന കാര്യത്തിന് മതപരമായ അടിസ്ഥാനമുണ്ടെങ്കിൽ അത് സാങ്കേതിക ഭാഷയിൽ ബിദ്അത്ത ല്ല. ഭാഷാപരമായി അത് ബിദ്അത്താണെങ്കിലും.

**35 മതത്തിൽ നല്ല ബിദ്അത്തുണ്ടോ ?** മതപരമായ ബിദ്അത്തുകളെ ആക്ഷേപിച്ചുകൊണ്ട് ഖുർആനികായത്തു കളും തിരുവചനങ്ങളും ധാരാളം വന്നിട്ടുണ്ട്. അത് മതത്തിൽ അടിസ്ഥാന മില്ലാത്ത നവീനാചാരങ്ങളാണ്. നബി ﷺ പറഞ്ഞു: **നമ്മുടെ കൽപനയില്ലാ ത്ത വല്ല കർമവും ഒരാൾ ചെയ്താൽ അത് തള്ളപെടേണ്ടതാണ്.**(ബുഖാരി, മുസ്ലിം) **തീർച്ചയായും എല്ലാ പുതിയതും ദുരാചാരമാണ് എല്ലാ ദുരാചാരവും പിഴച്ചതുമാണ്** (അഹമ്മദ്) മതപരമായ ബിദ്അത്തിൻെറ വിവക്ഷയെ കുറിച്ച് ഇമാം മാലിക്(റ) പറഞ്ഞു: ആരെങ്കിലും നല്ലതാണെന്ന് ധരിച്ചുകൊണ്ട് ഇസ്ലാമിൽ ഒരു പുതിയ ബിദ്അത്ത് ഉണ്ടാക്കിയാൽ അവൻ മുഹമ്മദ് നബി ﷺ യുടെ ദൗത്യമെത്തിക്കുന്നതിൽ വഞ്ചന ചെയ്തു എന്ന് പറയുകയാ ണ്. കാരണം അല്ലാഹു പറഞ്ഞു: **ഇന്നേ ദിനം നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിതന്നിരിക്കുന്നു.** എൻെറ അനുഗ്രഹം നിങ്ങൾക്ക് സമ്പൂർ ണ്ണമാക്കിത്തന്നിരിക്കുകയും ചെയ്തിരിക്കുന്നു. ഭാഷാപരമായ അർത്ഥത്തിലുള്ള ബിദ്അത്തിനെ പ്രശംസിക്കുന്ന ചില ഹദീസുകൾ വന്നിട്ടുണ്ട്. അത് മത ത്തിലുള്ളതായിരുന്നു എങ്കിലും ജനങ്ങൾ അത് വിസ്മരിച്ചു അപ്പോൾ നബി ﷺ അത് ഓർമ്മിപ്പിക്കാൻ ഉപദേശിച്ചു. നബി ﷺ പറഞ്ഞു: **ആരെ ങ്കിലും ഇസ്ലാമിൽ ഒരു നല്ല സുന്നത്ത് നടപ്പിലാക്കിയാൽ അവന് അതിൻെറ പ്രതിഫലവും ശേഷം അത് അനുസരിച്ച് പ്രവർത്തിച്ചവരുടെയും പ്രതിഫല മുണ്ട്. എന്നാൽ അവരുടെ പ്രതിഫലത്തിൽ ഒട്ടും കുറവ് വരുകയുമില്ല.** (മുസ്ലിം) ഉമർ(റ) തറാവീഹിനെ കുറിച്ച് ഇത് നല്ല ബിദ്അത്താണ് എന്ന് പറഞ്ഞതും ഭാഷാർത്ഥ പ്രകാരമാണ്. കാരണം തറാവീഹ് നമസ്കാരം മതം നിർദ്ദേശിച്ചതും നബി ﷺ അതിനായി പ്രേരിപ്പിച്ചതുമാണ്. മാത്രവുമല്ല മൂന്ന് രാത്രി അവിടുന്ന് നമസ്ക്കരിക്കുകയും പിന്നീട് അത് നിർബന്ധമാക്ക പ്പെട്ടേക്കുമോ എന്ന് ഭയന്നതിനാൽ ഉപേക്ഷിക്കുകയും ചെയ്തതാണ്. ഉമർ(റ) അത് ജമാഅത്തായി സംഘടിപ്പിച്ചു നിർവ്വഹിച്ചുവെന്നേയുള്ളു.

**36 കാപട്യ(നിഫാഖ്)ത്തിൻെറ ഇനങ്ങൾ എത്ര?** രണ്ടിനം 1) വിശ്വാസപരം. അത് അവിശ്വാസം മറച്ചുവെച്ച് സത്യവിശ്വാസം പ്രത്യക്ഷമാക്കലാണ്. അവൻ മതത്തിൽ നിന്ന് പുറത്തായവനാണ് അതിലാ യികൊണ്ട് മരിച്ചാൽ അവിശ്വാസിയായിക്കൊണ്ട് മരിച്ചവനായിത്തീരും.അല്ലാഹു പറഞ്ഞു: **തീർച്ചയാ യും കപടവിശ്വാസികൾ നരകത്തിൻെറ ഏററവും അടിയിലെ തട്ടിലാണ്.** അല്ലാഹുവിനെയും സത്യവിശ്വാസികളേയും വഞ്ചി ക്കുക, സത്യവിശ്വാസികളെ പരിഹസിക്കുക, മുസ്ലിംകൾക്കെതിരെ അവിശ്വാ സികളെ സഹായിക്കുക, സൽകർമ്മങ്ങളിലൂടെ ഭൗതിക നേട്ടങ്ങൾ കാംക്ഷി ക്കുക എന്നിവ കപടവിശ്വാസികളുടെ സ്വഭാവത്തിൽ പെട്ടതാണ്. 2) കർമ്മപരമായ കാപട്യം. ഇത് ചെറുതാണ്. ഇതിനാൽ ഇസ്ലാമിൽ നിന്ന് പുറത്താ വുകയില്ല. പക്ഷെ പശ്ചാതപിച്ചില്ലെങ്കിൽ വലിയ കാപട്യത്തിലേക്ക് എത്തിച്ചേരാൻ ഇടയാകുന്ന താണ്. സംസാരിക്കുമ്പോൾ കളവ് പറയുക,വാഗ്ദാനം ചെയ്താൽ ലംഘിക്കു ക,തർക്കിച്ചാൽ അസഭ്യം പറയുക, കരാർ ചെയ്താൽ വഞ്ചിക്കുക, വിശ്വസി ച്ചാൽ ചതിക്കുക എന്നിവ ഇത്തരക്കാരുടെ സ്വഭാവത്തിൽ പെട്ടതാണ്. അതിനാൽ ഈ കാര്യങ്ങളിൽ വല്ലതും നിന്നിലു ണ്ടാകുന്നതിൽ ജാഗ്രത പാലിക്കുക.

**37 അല്ലാഹുവിങ്കൽ ഏററവും വലിയ മഹാപാപമേത്?** അല്ലാഹുവിനോട് പങ്ക് ചേർക്കൽ. അല്ലാഹു പറഞ്ഞു: **(തീർച്ചയായും ശിർക്ക് വലിയ അക്രമമാണ്.)** നബി ﷺ യോട് ഏററവും വലിയ പാപമേതാണെന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: **നിന്നെ അല്ലാഹു**

സൃഷ്ടിച്ചിരിക്കെ അവന് തുല്യനെ നീ ആക്കുകയാണ്. (ബുഖാരി, മുസ്‌ലിം)

**38 ശിർക്കിൻെറ ഇനങ്ങൾ എത്ര?** രണ്ട്. 1) വലിയ ശിർക്ക്. അത് കൊണ്ട് ഇസ്ലാമിൽ നിന്ന് പുറത്താകുന്നതും അത് അല്ലാഹു പൊറുക്കാത്തതുമാണ്. അല്ലാഹു പറഞ്ഞു: **(തീർച്ചയായും അല്ലാഹു അവനോട് പങ്ക് ചേർക്കുന്നത് പൊറുക്കുകയില്ല. അതല്ലാത്തത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്.)** അത് നാലിനമുണ്ട്. 1 പ്രാർത്ഥനയിലും ചോദിക്കുന്ന തിലുമുള്ള ശിർക്ക്. 2 ഉദ്ദേശത്തിലും കരുതുന്നതിലും വരുന്ന ശിർക്ക്. സൽപ്രവർ ത്തനങ്ങൾ അല്ലാഹുവല്ലാത്തവർക്ക് വേണ്ടി ചെയ്യലാണത്. 3 അനുസരണത്തിൽ വരുന്ന ശിർക്ക്. അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കുകയും അവൻ നിഷിദ്ധമാക്കിയത് അനുവദിക്കുകയും ചെയ്യുന്നതിൽ പണ്ഡിതന്മാരെ അനുസരിക്കലാണത്. 4 സ്നേഹത്തിൽ വരുന്ന ശിർക്ക്. അല്ലാഹുവിനെ സ്നേഹിക്കുന്നത് പോലെ മറ്റാരെയെങ്കിലും സ്നേഹിക്കലാണത്.

2) ചെറിയ ശിർക്ക്. ഈ ശിർക്ക് വരുന്നത് കൊണ്ട് ഇസ്‌ലാമിൽ നിന്ന് പുറത്താവുകയില്ല. അത് രണ്ടു തരമുണ്ട്. 1) പ്രകടമായതും വാകിൽ വരുന്നതുമായവ. .അതിന്റെ ഉദാഹരണ ങ്ങളാണ് അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുക, അല്ലാഹുവും നീയും ഉദ്ദേശിച്ചാൽ എന്ന് പറയുക, ഇന്നവ്യക്തിയും അല്ലാഹുവും ഇല്ലായിരു ന്നെ ങ്കിൽ എന്ന് ചേർത്തിപ്പറയുക,. 2) പ്രകടവും പ്രവർത്തനവുമായി ബന്ധപ്പെട്ടവ.ഉദാഹരണത്തിന് ഉപദ്രവങ്ങൾ മാറാനായി നൂലോ റിംഗുകളോ ധരിക്കുക, കണ്ണേറിൽ നിന്ന് രക്ഷക്കായി ഏലസു ധരിക്കൽ, ശകുനവും പക്ഷിലക്ഷണങ്ങളും നോക്കൽ, രണ്ടു) ഗോപ്യമായ ശിർക്ക്.അത് നിയ്യത്തുകളിലും ഉദ്ദേശ്യ ലക്ഷ്യ ങ്ങളിലുമുള്ളതാണ്. പ്രകടന തൽപരത.(ആളുകളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കൽ) ഈ ഗണത്തിൽ ഉൾപെടുന്നു,

**39 വലിയ ശിർക്കും ചെറിയ ശിർക്കും തമ്മിലുള്ള വ്യത്യാസമെന്താണ്?** വലിയ ശിർക്ക് ചെയ്യുന്നവൻ ഇസ്‌ലാമിൽ നിന്ന് പുറത്താവുന്നതും നരകത്തിൽ ശാശ്വത മായി വസിക്കുന്നതുമാണ്. എന്നാൽ ചെറിയ ശിർക്ക് ചെയ്യുന്നവനെ കുറിച്ച് ഇഹലേകത്ത് അവിശ്വാസിയാണെന്നും പരലോകത്ത് ശാശ്വതമായി നരകത്തിൽ വസിക്കേണ്ടവനാണെന്നും വിധിക്കപ്പെടുകയില്ല. വലിയ ശിർക്ക് എല്ലാ സൽകർമ്മങ്ങളെയും നിഷ്ഫലമാക്കുന്നതാണ്. എന്നാൽ ചെറിയ ശിർക്ക് അത് കലർന്ന കർമ്മത്തെ മാത്രമെ നിഷ്ഫലമാക്കുകയുള്ളൂ. വലിയ ശിർക്ക് പോലെ പശ്ചാത്തപിച്ചാലേ ചെറിയ ശിർക്കും പൊറുക്കപ്പെടുകയുള്ളൂ. അല്ലെങ്കിൽ വലിയ പാപങ്ങൾ പോലെ അല്ലാഹു ഉദ്ദേശിച്ചാൽ പൊറുത്ത് കൊടുക്കുമോ എന്നതിൽ പണ്ഡിതന്മാർക്ക് ഭിന്നവീക്ഷണമുണ്ട്. ഏതായാലും ചെറിയ ശിർക്കും അപകടകരമാണ്.

**40 ശിർക്കിൽ നിന്നുള്ള സുരക്ഷാമാർഗ്ഗമെന്ത്? അത് സംഭവിച്ചാൽ പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ടോ?** അതെ ഉണ്ട്. കർമ്മങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിൻെറ പ്രീതിയെ ആഗ്രഹിക്കുക. അതിലൂടെ ലോകമാന്യതയിൽ നിന്ന് രക്ഷപ്പെടാം. അതിൽ നിന്ന് കുറഞ്ഞത് പോലും വരാതിരിക്കാൻ പ്രാർത്ഥിക്കുകയും വേണം. നബി ﷺ പറഞ്ഞു: **ജനങ്ങളെ, ഈ ശിർക്ക് നിങ്ങൾ സൂക്ഷിക്കുക. ഉറുമ്പിൻെറ നട ത്തത്തേക്കാൾ ഗോപ്യമാണത്.** അപ്പോൾ ചോദിക്കപ്പെട്ടു: പ്രവാചകരെ, ഉറുമ്പിൻെറ നടത്തത്തേക്കാൾ മറഞ്ഞതായിരിക്കെ എങ്ങനെ അതിൽ നിന്ന് രക്ഷപ്പെടും? നബി ﷺ പറഞ്ഞു: **നിങ്ങൾ ഇങ്ങനെ പറയുക: അല്ലാഹുവേ, ഞങ്ങൾക്കറിയുന്ന വല്ലതിനെയും നിന്നോട് പങ്ക് ചേർക്കുന്നതിൽ നിന്ന് നിന്നിലഭയം തേടുന്നു. ഞങ്ങൾക്ക് അറിയാത്തതിൽ നിന്ന് നിന്നോട് പാപമോചനവും തേടുന്നു.** (അഹ്മദ്)

**അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താലുള്ള പ്രായശ്ചിത്തം:** നബി ﷺ

ഇങ്ങനെ പറഞ്ഞു: **ആരെങ്കിലും ലാത്തയെയോ ഉസ്സയെയോ കൊണ്ട് സത്യം ചെയ്താൽ അവൻ "ലാ ഇലാഹ ഇല്ലല്ലാഹു" എന്ന് പറയട്ടെ.** (ബുഖാരി, മുസ്‌ലിം)

**ശകുനത്തിനുള്ള പ്രായശ്ചിത്തം:** നബി ﷺ പറഞ്ഞു: **ആരെയെങ്കിലും ശകുനം തന്റെ ആവശ്യത്തിൽ നിന്ന് മടക്കിയാൽ അവൻ ശിർക്ക് ചെയ്തു.** അവർ ചോദിച്ചു: അതിനുള്ള പ്രായശ്ചിത്തമെന്താണ്? അവിടുന്ന് പറഞ്ഞു: **അല്ലാഹുവേ, നിന്റെ ശകുനമല്ലാതെ മറ്റൊരു ശകുനവുമില്ല. നിന്റെ നന്മയല്ലാതെ മറ്റൊരു നന്മയുമില്ല. നീയല്ലാതെ മറ്റൊരാരാധ്യനുമില്ല എന്ന് അവൻ പറയട്ടെ.** (അഹ്മദ്)

**41 കുഫ്റിന്റെ (അവിശ്വാസത്തിന്റെ) ഇനങ്ങൾ എത്ര?.** രണ്ട്. **1)** ഇസ്‌ലാമിൽ നിന്ന് പുറത്താവുന്ന വലിയ കുഫ്ർ. ഇത് അഞ്ച് രൂപത്തിലുണ്ട്. 1 കളവാക്കുന്നതിലെ കുഫ്ർ. 2 സത്യപ്പെടുത്തുന്നതോടൊപ്പം അഹങ്കരിച്ചുള്ള കുഫ്ർ 3 സംശയത്തിന്റെ കുഫ്ർ 4 അവഗണിക്കുന്നതിലെ കുഫ്ർ 5 കാപട്യത്തിന്റെ കുഫ്ർ **2)** ചെറിയ കുഫ്ർ. ഈ കുഫ്റ് പാപമാണ്. ഇത് കൊണ്ട് മതത്തിൽ നിന്ന് പുറത്താവുകയില്ല. മുസ്‌ലിമിനെ വധിക്കുന്നത് പോലെയാണ് അതിന്റെ വിധി.

**42 നേർച്ചയുടെ വിധിയെന്ത്?** നബിﷺ നേർച്ച ഇഷ്ടപ്പെട്ടിരുന്നില്ല. അവിടുന്ന് ഇപ്രകാരം പറഞ്ഞു: **തീർച്ചയായും അത് ഒരു നന്മയും കൊണ്ട് വരുകയില്ല.** (ബുഖാരി) ഈ പറഞ്ഞത് അല്ലാഹുവിന് വേണ്ടി മാത്രമുള്ള നേർച്ചയാണെങ്കിലാണ്. പ്രത്യുത അത് ഖബ്റ്, വലിയ്യ് പോലെയുള്ള അല്ലാഹുവല്ലാത്തവർക്ക് വേണ്ടിയാണെങ്കിൽ അത് നിഷി ദ്ധമാണ്. ആ നേർച്ച നിർവ്വഹിക്കാൻ പാടില്ലാത്തതുമാണ്.

**43 ജോൽസ്യൻ, ഗണിച്ചു പ്രവചിക്കുന്നവൻ എന്നിവരെ സമീപിക്കുന്നതിന്റെ വിധിയെന്ത്?** അത് നിഷിദ്ധമാണ്.ഫലം തേടിക്കൊണ്ട് അവരെ സമീപിക്കുകയും അത് സത്യപ്പെടുത്താതിരിക്കുകയും ചെയ്യുന്നവന്റെ നാൽപത് ദിവസത്തെ നമ സ്കാരം സ്വീകരിക്കപ്പെടുകയില്ല. നബി(സ) പറഞ്ഞു: **ആരെങ്കിലും ഗണിച്ചു പറയുന്നവന്റെ അടുക്കൽ ചെന്ന് വല്ലതിനെ പററിയും ചോദിച്ചാൽ അവ ന്റെ നാൽപത് രാത്രിയിലെ നമസ്കാരം സ്വീകരിക്കപ്പെടുയില്ല.** (മുസ്‌ലിം) ഇനി അവരെ സമീപിക്കുകയും അവർ പറയുന്ന അദൃശ്യകാര്യം സത്യപ്പെടുത്തുകയും ചെയ്താൽ അവൻ മുഹമ്മദ് നബി(സ)ക്ക് **അവതരിച്ചതിൽ അവിശ്വസിച്ചവനായിത്തീരും.** (അബൂദാവൂദ്)

**44 നക്ഷത്രങ്ങളെ കൊണ്ട് മഴതേടൽ ചെറുതും വലുതുമായ ശിർക്കാവുന്നത് എപ്പോൾ?** അല്ലാഹുവിന്റെ ഉദ്ദേശമില്ലാതെ നക്ഷത്രങ്ങൾക്ക് സ്വാധീനമുണ്ടെന്ന് ആരെങ്കിലും വിശ്വസിക്കുകയും അവയാണ് മഴയുണ്ടാക്കിയതെന്ന് പറയുകയും ചെയ്താൽ അത് വലിയ ശിർക്കാണ്. ഇനി അല്ലാഹുവിന്റെ ഉദ്ദേശപ്രകാരം നക്ഷത്രത്തിന് സ്വാധീനമുണ്ടാകുമെന്നും അല്ലാഹു അതിനെ മഴയുടെ കാരണമാക്കിയതാണെന്നും ആ നക്ഷത്രം പ്രത്യക്ഷമാകുന്ന കാലത്ത് മഴ വർഷിക്കുന്ന ഒരു പതിവ് അല്ലാഹു ഉണ്ടാക്കിയിട്ടുണ്ടെന്നും ഒരാൾ വിശ്വസിച്ചാൽ അത് ചെറിയ ശിർക്കും നിഷിദ്ധവുമാണ്. കാരണം നക്ഷത്രം മഴയുടെ കാരണമാണെന്ന് വിശ്വസിക്കുന്നതിൽ മതമോ ബുദ്ധിയോ അനുഭവമോ അംഗീകരിക്കുന്ന ഒരു തെളിവുമില്ല. എന്നാൽ നക്ഷത്രങ്ങൾ ഉപയോഗിച്ച് കൊണ്ട് ഋതുക്കളും മഴക്കാലവും മനസ്സിലാക്കുന്നത് അനുവദനീയമാണ്.

**45 മുസ്‌ലിം ഭരണാധികാരിയോടുള്ള ബാധ്യതയെന്ത്?** സന്തോഷത്തിലും പ്രയാസത്തിലുമെല്ലാം പ്രജകൾ അവരെ അനുസരിക്കണം. അവർക്കെതിരെ പുറപ്പെടാൻ പാടില്ല. അവർ അനീതി ചെയ്താലും ശരി. അവർക്കെതിരെ പ്രാർത്ഥിക്കാനും പാടില്ല. അവർക്കുള്ള അനുസരണം പിൻവലിക്കാനും അനുവാദമില്ല. അവരുടെ നന്മക്കും സൗഖ്യത്തിനും നേർമാർഗ്ഗത്തിനും വേണ്ടി പ്രാർത്ഥിക്കുകയും വേണം.

അവർ പാപം ചെയ്യാൻ കൽപിക്കാത്ത കാലമത്രയും അവരെ അനുസരിക്കൽ അല്ലാഹുവിനോടുള്ള അനുസരണത്തിൻെറ ഭാഗമായി നാം കാണണം. ഇനി അവർ കുററകരമായത് ചെയ്യാൻ കൽപിക്കുകയാണെങ്കിൽ അത് അനുസരിക്കുന്നത് നിഷിദ്ധമാണ്. നബി ﷺ പറഞ്ഞു: **നീ അമീറിനെ കേട്ടനുസരിക്കുക. നിൻെറ മുതുകത്ത് അടിക്കപ്പെടുകയും നിൻെറ ധനം പിടിക്കപ്പെടുകയും ചെയ്താലും നീ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക.** (മുസ്ലിം)

**46 മതത്തിൻെറ വിധിവിലക്കുകളിലെ യുക്തികൾ എന്തൊക്കെയെന്ന് അന്വേഷിക്കാമോ?** അന്വേഷിക്കാം. എന്നാൽ വിധിവിലക്കുകൾ അംഗീകരിക്കാനും പ്രവർത്തിക്കാനും യുക്തികൾ അറിയണമെന്ന് നിബന്ധനയുണ്ടാകരുത്. അതറിയുന്നത് വിശ്വാസം വർദ്ധിക്കാൻ വേണ്ടിയാകണം. എങ്കിലും യുക്തികൾ അന്വേഷിക്കാതെ നിരുപാധികം അനുസരിക്കുന്നത് സമ്പൂർണ്ണമായ അടിമത്വത്തിൻെറയും അല്ലാഹുവിലും അവൻെറ പരിപൂർണ്ണമായ തത്വജ്ഞാനത്തിലുമുള്ള വിശ്വാസത്തിൻെറയും നിദർശനമാണ്. നബി ﷺ യുടെ അനുചരന്മാരായ സ്വഹാബികൾ അപ്രകാരമായിരുന്നു അനുസരിച്ചത്.

**47 (നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്ന് കിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിൻെറ പക്കൽ നിന്ന് തന്നെ ഉണ്ടാകുന്നതാകുന്നു. 4:79) എന്ന ഖുർആനിക വചനത്തിൻെറ ഉദ്ദേശ്യമെന്ത്?** ഇവിടെ നന്മ കൊണ്ട് അനുഗ്രഹങ്ങളും തിന്മ കൊണ്ട് പരീക്ഷണങ്ങളുമാണ് ഉദ്ദേശിക്കപ്പെട്ടത്. എല്ലാം അല്ലാഹു കണക്കാക്കിയതാണ്. അനുഗ്രഹങ്ങൾ ചെയ്തുതന്നത് അല്ലാഹു ആയതിനാൽ നന്മ അവനിലേക്ക് ചേർത്തു പറഞ്ഞതാണ്. എന്നാൽ തിന്മകൾ സൃഷ്ടിച്ചതിൽ അവന് ചില യുക്തി തത്വങ്ങളുണ്ട്. അത് പരിഗണക്കുമ്പോൾ തിന്മയും അവൻ ചെയ്യുന്ന നന്മയിൽ പെട്ടതാണ്. കാരണം അവൻ ഒരിക്കലും തിന്മ ചെയ്യുകയില്ല. അവൻെറ സർവ്വ പ്രവർത്തനങ്ങളും നന്മ മാത്രമേ ആവുകയുള്ളൂ. നബി ﷺ അല്ലാഹുവിനോട് പറഞ്ഞു: **നന്മ മുഴുവൻ നിൻെറ ഇരുകരങ്ങളിലാണ്. തിന്മ നിന്നിലേക്കല്ലതാനും.** (മുസ്ലിം) അപ്പോൾ അടിമകളുടെ കർമ്മങ്ങൾ അല്ലാഹുവിൻെറ സൃഷ്ടിയാണ്. അതേസമയം തന്നെ അത് അടിമകളുടെ പ്രവർത്തനവുമാണ്. അല്ലാഹു പറഞ്ഞു: **എന്നാൽ ഏതൊരാൾ ദാനം നൽകുകയും സൂക്ഷ്മത പാലിക്കുകയും ഏററവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന് നാം ഏററവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്ക് കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും ഏററവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ അവനെ ഏററവും ഞെരുക്കമുള്ളതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്.** (92:5-10)

**48 ഒരു വ്യക്തിയെ നിർണ്ണയിച്ചുകൊണ്ട് ഇന്നയാൾ (ശഹീദ്) രക്തസാക്ഷിയാണ് എന്ന് പറയാമോ?** അപ്രകാരം പറയുന്നത് ആ വ്യക്തി സ്വർഗ്ഗത്തിലാണെന്ന് വിധിക്കുന്നതിന് സമാനമാണ്. അതിനാൽ ഒരു പ്രത്യേക വ്യക്തിയെ കുറിച്ച് അയാൾ സ്വർഗ്ഗത്തിലാണെന്നോ നരകത്തിലാണെന്നോ നമ്മൾ പറയരുത്. എന്നാൽ നബി ﷺ അപ്രകാരം പ്രസ്താവിച്ചവരെ കുറിച്ച് നമുക്ക് പറയാം. കാരണം മനുഷ്യൻ മരിക്കുമ്പോൾ അവൻെറ മനസ്സിലുള്ളത് അല്ലാഹുവിനേ അറിയുകയുള്ളൂ. അത് രഹസ്യമാണ്. അത് കൃത്യമായും മനസ്സിലാക്കാൻ നമുക്ക് സാധിക്കുകയില്ല. ഒരു മനുഷ്യൻെറ അവസാന ഘട്ടത്തിലുള്ള അവസ്ഥക്കനുസരിച്ചാണ് അവൻെറ കർമ്മങ്ങൾ വിലയിരുത്തപ്പെടുക. അതിനാൽ നന്മ ചെയ്തവന് പ്രതിഫലമുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. തിന്മ ചെയ്തവന് ശിക്ഷയുണ്ടായേക്കുമെന്ന് ഭയപ്പെടുകയും

ചെയ്യാം. ഇതാണ് അഹ്‌ലുസുന്നത്തിൻെറ വീക്ഷണം.

**49 ഒരു മുസ്‌ലിമായ വ്യക്തിയെ നിർണ്ണയിച്ചുകൊണ്ട് അവൻ കാഫിറാണെന്ന് പറയാമോ?** ശിർക്ക്, കുഫ്റ്, നിഫാഖ് എന്നിവയൊന്നും വ്യക്തമാക്കുന്ന ഒരു തെളിവും അവനിൽ നിന്ന് പ്രത്യക്ഷമായിട്ടില്ലെങ്കിൽ അപ്രകാരം വിധിക്കാവതല്ല. അവൻെറ രഹസ്യം നാം അല്ലാഹുവിലേക്ക് വിടുകയാണ് ചെയ്യേണ്ടത്.

**50 കഅ്ബയല്ലാത്ത വല്ലതിനെയും ത്വവാഫ് ചെയ്യാമോ?** ത്വവാഫ് ചെയ്യാൻ അനുവദിക്കപ്പെട്ട ഒരു സ്ഥലവും കഅ്ബയല്ലാതെ ഈ ഭൂമിയിലില്ല. കഅ്ബയോട് മറ്റൊരു സ്ഥലത്തെയും തുലനം ചെയ്യാവതല്ല. ആ സ്ഥലം എത്ര മഹത്വമുള്ളതാണെങ്കിലും ശരി. അതിനാൽ കഅ്ബ യല്ലാത്ത വല്ല സ്ഥലത്തെയും മഹത്വപ്പെടുത്തിക്കൊണ്ട് ആരെങ്കിലും ത്വവാഫ് ചെയ്താൽ അല്ലാ ഹുവിനെ ധിക്കരിച്ചവനാണ്.

# മനസ്സിന്റെ പ്രവർത്തനങ്ങൾ

മനുഷ്യ ശരീരത്തിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ള മനസ്സ് എന്ന പ്രതിഭാ സം ശരീരത്തെ നിയന്ത്രിക്കുന്ന ഭരണാധികാരിയും പഞ്ചേന്ദ്രിയങ്ങളെ ല്ലാം അതിന് കീഴ്പെടുന്ന സൈന്യ വുമാണെന്ന് പറയാവുന്നതാണ്. **അതിനാൽ തന്നെ ഭരണാധിപന്റെ നൻമയനുസരിച്ച് സൈന്യവും നല്ലവരാകും. പ്രവാചകൻ(സ്വ)പറഞ്ഞു, മനുഷ്യ ശരീരത്തിൽ ഒരു മാംസപിണ്ഢമുണ്ട് അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് മോശമായാൽ ശരീരം മുഴുവൻ മോശമായി. അറിയുക, അതാണ് മനസ്സ്** (മുത്തഫഖുൻ അലൈഹി)

സത്യവിശ്വാസത്തിന്റെയും ഭക്തിയുടേയും ഉറവിടമാണ് മനസ്സ്. **അപ്രകാരം തന്നെ സത്യ നിഷേധവും ബഹുദൈവ വിശ്വാസവും ഉത്ഭവിക്കുന്നതും അവിടെയാണ്. പ്രവാചകൻ ﷺ തന്റെ നെഞ്ചിലേക്കു ചൂണ്ടികൊണ്ടു പറഞ്ഞു ഭക്തി ഇവിടെയാണ്.** (മുസ്ലിം)

സത്യവിശ്വാസം എന്നാൽ വിശ്വാസവും കർമ്മങ്ങളും പ്രവർത്തനങ്ങ ളും എല്ലാം സമ്മേളിച്ച താണ്.മനസ്സിന്റെ പ്രവർത്തനങ്ങളും നാവിന്റെ സംസാരവും മനസ്സും അവയവങ്ങളും സമ്മിശ്രമായി ചെയ്യുന്ന പ്രവർത്തനങ്ങളും അതിൽ ഉൾപ്പെടുന്നു. മനസ്സിൽ വിശ്വാസം രൂഢ മൂലമാവുകയും അത് സത്യപ്പെടുത്തുകയും ചെയ്യു മ്പോൾ അതിന്റെ ഫലമായി നാവ് അക്കാര്യം സാക്ഷ്യപ്പെടുത്തുകയും ശേഷം പ്രവർത്ത നമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു.അതിലൂടെയാണ് സ്നേഹം, പ്രതീക്ഷ,ഭയം എന്നിവ ഉണ്ടാകുന്നതും ദിക്റുകൾ,ഖുർആൻ പാരായണം,സുജൂദ്, റുകൂഅ് തുടങ്ങിയ സൽകർമ്മങ്ങളെ ല്ലാം അല്ലാഹുവി ന്റെ സാമീപ്യംനേടാനായി പ്രവർത്തിക്കുന്നതും. അതിനാൽ തന്നെ മനസ്സിനനുസരിച്ചാണ് ശരീരം പ്രതികരി ക്കുന്നതെന്നും മനസ്സിൽ എന്ത് രൂഢമൂലമാകുന്നുവോ അതിന്റെ പ്രതികരണം ഏതെങ്കിലും രൂപത്തി ൽ പ്രതിഫലിക്കപ്പെടുമെന്നതും യാഥാർത്ഥ്യമാണ്.

മനസ്സിന്റെ പ്രവർത്തനങ്ങൾ എന്നാൽ മനസ്സുമായി ബന്ധപ്പെടുന്നതും മനസ്സിൽ നിന്ന്ഉണ്ടാകുന്നതുമായ പ്രവർത്തനങ്ങളാണ് അത്കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അതിൽസുപ്രധാനമായത് അല്ലാഹുവിലുള്ള വിശ്വാസമാകുന്നു.അവനെ അംഗീക രിക്കുക, അവന്റെ നിർദ്ദേശങ്ങൾക്ക് കീഴ്പ്പെടുക,അവന്റെ കൽപനാനിർദ്ദേശങ്ങൾ സത്യപ്പെടു ത്തുക,അവനെ സ്നേഹിക്കുകയും ഭയപ്പെടുകയും അവനിൽ പ്രതീ ക്ഷ അർപ്പിക്കുകയും ചെയ്യുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. അവനിൽ ഭരമേൽപ്പിക്കലും സഹനശീലരായികഴിയലും സുദൃഢ വിശ്വാസം കൈകൊള്ളലും മനസ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

മുകളിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾക്ക് വിരുദ്ധമായി ഉണ്ടാകുന്ന കാര്യങ്ങൾ മനസ്സിന്റെ രോഗങ്ങളായിട്ടാണ് വിലയിരുത്തപ്പെടുക. ആത്മാർത്ഥതക്ക് വിരുദ്ധമാ ണ് പ്രകടന തൽപരത,ദൃഢതക്ക് വിരുദ്ധമാണ് സംശയം,സ്നേഹത്തിന്റെ വിപരീതം വിദ്വേശമാണ്. മനസ്സിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് ബോധമില്ലാതാ കുമ്പോൾ അവിടെ പാപങ്ങൾ കുന്നുകൂടും.അത് മനുഷ്യന്റെ നാശത്തിനു കാരണമാകും. നബി(സ്വ) പറഞ്ഞു,ഒരു ദാസനിൽ നിന്ന് ഒരുപാപം വന്നു പോയാൽ അവന്റെ മനസ്സിൽ ഒരുകറ വീഴുന്നതാണ്. പക്ഷേ പാപമോചനം തേടി യാൽ അയാളുടെ മനസ്സ് പരിശുദ്ധമാകുന്നു.മറിച്ച് പാപം ചെയ്തു കൊണ്ടേ യിരുന്നാൽ ആ കറയും വർദ്ധിക്കും. പിന്നീട് ആ മനസ്സ് കാണാത്ത രൂപത്തിൽ അത് കറുത്തുപോകും. അതാണ് ഈ സൂക്തം സൂചിപ്പിക്കുന്നതും (**വേണ്ട, അവരുടെ കർമ്മങ്ങൾകാരണം അവരുടെ മനസ്സിൽ കറമൂടിയിരിക്കുന്നു.**) വീണ്ടും അവിടുന്ന് പറഞ്ഞു,**നാശത്തിന്റെ ഓരോ ഘടകവും അവർക്ക് പ്രകടിപ്പിക്കപ്പെടും ആരുടെ മനസ്സ് അത് സ്വീകരിക്കുന്നുവോ അവന്റെ മനസ്സിൽ**

**കറുത്ത ഒരുപുള്ളി വീഴുന്നതാണ്.അതിനെ തിരസ്കരിക്കാൻ കഴിയുന്ന മനസ്സുകളിൽ വെളുത്തപുള്ളിയും വീഴും. അപ്രകാരം ആമനസ്സ് തൂവെള്ള പ്രതലം പോലെ സുരക്ഷിതമാകും.പിന്നീട് അതിനെ തിൻമകൾ ബാധിക്കുന്ന തേയല്ല.എന്നാൽ ആദ്യം പ്രതിപാദിച്ചമനസ്സ് തിൻമകളെ സ്വാംശീകരിച്ച് കറുത്തിരുണ്ട് പോകുന്നതാണ്. പിന്നീട് അതിന് നൻമ തിൻമകൾതിരിച്ചറിയാൻ കഴിയാതിരിക്കുകയും ഫലമായിദേഹേഛക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും.**(മുസ്ലിം)

മാനസികമായി ഉണ്ടാകുന്ന അരാധനാ കർമ്മങ്ങൾ എന്തെല്ലാമാ ണെന്ന് മനസ്സിലാക്കുക എന്നത് പഞ്ചേന്ദ്രിയങ്ങൾകൊണ്ട് ചെയ്യുന്ന മറ്റു പ്രവർത്തന ങ്ങളേക്കാൾ സുപ്രധാനമാണ്. കാരണം മനസ്സിന്റെ പ്രവർത്തനങ്ങൾ അടിസ്ഥാനപരവും മറ്റുള്ളവ അതിന്റെ ശാഖകളു മെത്രെ.മാത്രമല്ല മാനസിക പ്രവർത്തനത്തിന്റെ പ്രതികരണവും ഫതവു മായിട്ടാണ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് തന്നെ.അത് മാനസിക പ്രവർത്തനങ്ങ ളുടെ പൂർത്തീകരണമാണെന്ന പറയാം.

പ്രവാചകൻ ﷺ പറഞ്ഞു, **അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ രൂപങ്ങളിലേക്കോ അല്ല നോക്കുന്നത്,മറിച്ച് അവൻ നോക്കുന്നത് നിങ്ങളുടെ മനസ്സിലേക്കും പ്രവർത്തന ങ്ങളിതേക്കുമാണ്.**(മുസ്ലിം)

ചിന്ത,ഉറ്റാലോചന,വിജ്ഞാനം എന്നിവയുടെ കേന്ദ്രമാണ് മനസ്സ്. അതിനാൽ തന്നെ ഒരു ദാസൻ തന്റെ റബ്ബിന്റെ മുമ്പിൽ ശ്രേഷ്ഠനാകുന്നതും ആ വിഷയ ത്തിൽ ഏറ്റക്കു റച്ചിലുണ്ടാകുന്നതും അവന്റെ മനസ്സിൽ രൂഢമൂലമായ വിശ്വാസം നിമിത്തമാണ്.

മഹാനായ ഹസനുൽ ബസ്വരിﷺപറഞ്ഞു,അബൂബക്കർ(റ) മറ്റുള്ളവരു ടെ നമസ്കാരത്തെക്കാൾ കൂടുതൽ നമസ്കാരം നിർവ്വഹിച്ചു കൊണ്ടല്ല മേൻമ നേടിയത്. മറിച്ച് അദ്ദേഹത്തിന്റെ മനസ്സിലെ വിശ്വാസ ദാർഢ്യത്തിലൂടെ ആയിരുന്നു.

**മാനസിക കർമ്മങ്ങൾക്ക് അംഗങ്ങളുടെ പ്രവർത്തനത്തെക്കാൾ അതിശ്രേഷ്ഠ പദവിയുണ്ടാകാനുള്ള കാരണങ്ങൾ വ്യതസ്തമാണ്.** **1** പ്രത്യക്ഷമായ നമ്മുടെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കി മാറ്റാൻ മാനസിക പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു.പ്രകടന തൽപരത (ലോകമാന്യത) പോലുള്ളവ അതിന്റെ ഉദാഹരണമാണ്. **2**പ്രത്യക്ഷമായ പ്രവർത്തനങ്ങളുടെ നിദാനം മാനസിക താൽപര്യ മാണ്.അതുകൊണ്ടാണ് ബോധപൂർവ്വമല്ലാത്ത പാപങ്ങൾ വന്നു പോയാൽ അതിന്റെ പേരിൽ ശിക്ഷാർഹനാകാതി രിക്കുന്നത്. **3** ഐഹീകവിരക്തി പോലുള്ള സൽഗുണങ്ങൾ നേടിയവർ സ്വർഗ്ഗീയാ രാമങ്ങളിൽ മഹത്തായ പദവിനേടുന്നത് മാനസികസന്ധയുടെ പേരി ലാണ്. **4** പ്രത്യക്ഷമായ പ്രവർത്തനത്തെക്കാൾ വളരെ പ്രയാസവും ബുദ്ധി മുട്ടുമുള്ളതാണ് മനസ്സിന്റെ പ്രവർത്തനങ്ങൾ.പൂർവ്വീക മഹാൻമാരിൽ ഒരാളായ ഇബ്നു മുൻകദിർﷺപറയുകയുണ്ടായി.(നാൽപത് വർഷ ത്തെ പരിശ്രമത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയുമാണ് എനിക്ക് ഒരുശരിയായ മുസ്ലീമായി നിലകൊള്ളാൻ സാധിച്ചത്.) **5** അല്ലാഹുവിനോടുള്ള സ്നേഹം പോലെ ഏറ്റവും കൂടുതൽ നിർവൃതിനേടാവുന്ന പ്രവർത്തനങ്ങൾ മാനസിക പ്രവർത്തനത്തിലൂടെ ലഭിക്കുന്നു. **6** ഏറ്റവും പ്രതിഫലം ലഭിക്കാൻഅതിലൂടെ സാധിക്കുന്നു.ഒരിക്കൽ അബൂ ദർദാഅ്ﷺ പറഞ്ഞു,ഒരുമണിക്കൂർ ഉറ്റാലോചിക്കു ന്നത് രാത്രി നമസ്കാരത്തെക്കാൾ പ്രതിഫലാർ ഹമാണ്. **7** അതിന്റെ അടിസ്ഥാനത്തിലാണ് അംഗങ്ങൾ ചലിക്കുന്നത്. **8** പ്രത്യക്ഷമായി നാം ചെയ്യുന്ന ആരാധനകളുടെ പ്രതിഫലം കൂടുന്നതും കുറയുന്നതും ചിലപ്പോൾ നിഷ്ഫലമാകുന്നതും അതിന്റെ അടിസ്ഥാനത്തിലാണ്.(നമസ്കാരത്തിലെ ഭക്തിയെപ്പോലെ) **9** ചിലപ്പോൾ പ്രത്യക്ഷമായ പ്രവർത്തനത്തിന്റെ സ്ഥാനത്ത്

മനസ്സിന്റെ ഉദ്ദേശ്യങ്ങൾക്ക് തന്നെ പ്രതിഫലം ലഭിക്കുന്നു. ഉദാഹരണമായി, നിർദ്ധനനായ വ്യക്തി ധർമ്മം ചെയ്യാൻ ആത്മാർത്ഥമായി ആഗ്രഹിച്ചാ ൽ തന്നെ അദ്ദേഹത്തിന്റെ ആഗ്രഹത്തിന് പ്രതിഫലം ലഭിക്കുന്നു. 10 മാനസിക പ്രവർത്തനത്തിനുള്ള പ്രതിഫലം കണക്കാക്കാവുനനതി ലപ്പുറമാണ്.(സഹനം അതിന്റെ ഉദാഹരണമാണ്) 11 പ്രത്യക്ഷ പ്രവർത്തനങ്ങൾ അവസാനിക്കുകയോ നിർവ്വഹിക്കാൻ സാധിക്കാതെ വരികയോ ചെയ്താലും മാനസിക പ്രവർത്തനങ്ങൾ ക്ക് പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കും. 12 പ്രത്യക്ഷമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പുത ന്നെ മാനസികമായി അത് തുടക്കം കുറിക്കുകയും പ്രത്യക്ഷമായ പ്രവർത്ത നത്തോടൊപ്പം നിലനിൽക്കുകയും ചെയ്യുന്നു.

**മനസ്സ്** **പഞ്ചേന്ദ്രിയങ്ങൾ ഒരു പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പുതന്നെ മനസ്സ് പ്രവർത്തനനിരതമായികൊണ്ടേയിരിക്കും.** 1 ആദ്യമായി അതിനെക്കുറിച്ചുള്ള ബോധം ഉടലെടുക്കുന്നു. 2 മനസ്സിൽ അതിന്റെ രൂപം ഉടലെടുക്കുന്നു. 3അത് ചെയ്യണോ വേണ്ടയോ എന്ന് ആശങ്കിക്കുന്നു. 4ചെയ്യാൻ വേണ്ടി താൽപര്യം ജനിക്കുന്നു. 5 ചെയ്തുതീർക്കുമെന്ന ദൃഢനിശ്ചയം ഉടലെടുക്കുന്നു. ആദ്യം പറഞ്ഞ മൂന്നുഘടകങ്ങളുടെ അടിസ്ഥാനത്തിൻ ഒരാൾ പ്രതിഫലത്തിനോ ശിക്ഷക്കോ അർഹനാകുന്നില്ല. എന്നാൽ നാലാ മത്തെ ഘടകം മുഖേന നൻമ ചെയ്യാനുള്ള താൽപര്യം ഒരാളിൽ ഉടലെ ടുത്താൽ ആതിനുപോലും പ്രതിഫലം രേഖപ്പെടുത്തുന്നു. ചീത്ത കാര്യം ചെയ്യാൻ താൽപര്യം ജനിക്കുകയും എന്നാൽ അത് ചെയ്യാതി രിക്കുകയും ചെയ്താൽ ശിക്ഷാർഹനാകുന്നുമില്ല.

എന്നാൽ അതിനോടനുബന്ധച്ച് മനസ്സ് ഒരുകാര്യത്തിൽ ദൃഢനിശ്ചയം ചെയ്തുകഴി ഞ്ഞാൽ,അത് ഒരുനല്ലകാര്യത്തിനാണെങ്കിൽ പ്രതിഫല വും തെറ്റായകാര്യത്തിലാണെങ്കിൽ ശിക്ഷയും ലഭിക്കുന്നതായിരിക്കും. അല്ലാഹു പറയുന്നു, സത്യവിശ്വാസികൾത്തിടയിൽ വൃത്തി കേടുകൾ പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ,അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും. പ്രവാചകൻﷺ പറഞ്ഞു,രണ്ടാളുകൾ അവരുടെ വാളെടുത്ത് പൊരുതുകയും,ഒരാൾ മറ്റൊരാളെ വധിക്കുകയും ചെയ്താൽ ഘാതകനും കൊല്ല പ്പെട്ടവനും നരകത്തിലാണ്. (സ്വഹാബി പറയുന്നു)ഞാൻ ചോദിച്ചു,ഘാതകന്റെ വിഷയത്തിൽ സന്ദേഹമില്ല. പക്ഷെ കൊല്ലപ്പെട്ടവൻ എങ്ങിനെ നരകാവകാശിയാകും? അദ്ദേഹം പറഞ്ഞു. അയാൾ മറ്റവനെ കൊല്ലമമെന്ന് ആഗ്രഹിച്ചിരു ന്നില്ലേ?.(ബുഖാരി).

തെറ്റായ ഒരുകാര്യം ചെയ്യാനുള്ള തീരുമാനം എടുക്കുകയും പിന്നീട് അത് ചെയ്യാതിരിക്കുകയുമാണെങ്കിൽ അതിൽ നാത് സാഹചര്യം ഉണ്ടായേക്കും.

അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് പിന്തിരിയുക.ഇതാണെങ്കിൽ പ്രതിഫലം ലഭ്യമായി രിക്കും.

## ചിലമാനസ്സിക പ്രവർത്തനങ്ങൾ

**നിയ്യത്ത്** ഉദ്ദേശിക്കുക ,കരുതുക എന്നീ ആശയം ഉള്ള പദമാണ് നിയ്യത്ത് എന്നത്. നിയ്യത്തിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ കർമ്മങ്ങളുടെയും സ്വീകാര്യത നിലകൊള്ളുന്നത്. നബിﷺ പറഞ്ഞു *നിശ്ചയം കർമ്മങ്ങളെല്ലാം നിയ്യത്തിന്റെ അടിസ്ഥാനത്തിലാണ്. എല്ലാവർക്കും അവർ ഉദ്ദേശിച്ച് ഉണ്ടായിരിക്കും . - ബുഖാരി,മുസ്‌ലിം* -

ഇബ്നു മുബാറക്ക് പറഞ്ഞു. എത്രയെത്ര കൊച്ചു കൊച്ചു കാര്യങ്ങ ളാണ് ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വലുതായിത്തീരുന്നത് . അപ്രകാരം തന്നെ എത്രയെത്ര വലിയ കാര്യമാണ്ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തിന്ന

നിസ്സാരമായിത്തീരുന്നതും.

ഫളൈൽ ﷺ പറഞ്ഞു. നിശ്ചയംസ നിന്റെ ഉദ്ദേശ്യവും താൽപര്യവുമാണ് അല്ലാഹുവിന് ആവശ്യമുള്ളത്. ഏത് പ്രവർത്തനമാവട്ടെ അത് അല്ലാഹുവിനായി ചെയ്യുന്നു വെങ്കിൽ ആ കർമ്മത്തിന് ആത്മാർ ത്ഥത എന്ന് പറയപ്പെടും. കർമ്മങ്ങൾ ചെയ്യുമ്പോഴുള്ള മനശുദ്ധിയാണ് അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അതിനാൽ തന്നെ ഉദ്ദേശ്യത്തിൽ കലർപ്പുണ്ടാവാൻ പാടില്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചു കൊണ്ടു മാത്രമായിരിക്കണം നാം എന്തു പ്രവർത്തികളും ചെയ്യുന്നത്. ഒരു പ്രവർത്തനം നാം ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രീതിയല്ലാതെ മറ്റു വല്ലതാൽപര്യങ്ങളും നാം ലക്ഷ്യം വെച്ചാൽ അതാണ് രിയാഅ് (ലോകമാന്യം, പ്രകടന തൽപരത) എന്ന് പറയപ്പെടുന്നത്. അത് ഒരു തരം കാപട്യമാണ്.

**പ്രയോജനം** . പണ്ഡിതൻമാരല്ലാത്തവരെല്ലാം നാശത്തിലാണ്.കർമ്മങ്ങൾ അനുഷ്ഠിക്കാത്ത വരല്ലാത്ത പണ്ഡിതൻമാരെല്ലാം നാശത്തിലാണ്. നിഷ്കളങ്കമായി പ്രവർത്ത നങ്ങൾ ചെയ്യാത്ത പ്രവർത്തകരെല്ലാം നാശത്തിലാണ്.

അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് പുണ്യം ചെയ്യുക എന്നതാണ് സർവ്വരു ടെയും ബാദ്ധ്യത. നിഷ്കളങ്കത,മനശുദ്ധി എന്നീ ഗുണങ്ങൾ കൊണ്ട് കർമ്മങ്ങൾ നന്നാക്കിത്തീർക്കുക, അല്ലാത്തവ ഫലശൂന്യമായി രിക്കും.മനശുദ്ധി നന്നാവാത്ത പ്രവർത്തനം കാപട്യമാണ്. ആത്മാർത്ഥ ധന്യമല്ലാത്ത വിശ്വാസം ധൂളിയായി പോകുന്നതാണ്.

## പ്രവർത്തനങ്ങളെ മൂന്നായി തരം തിരിക്കാം ① പാപങ്ങൾ

കുറ്റകരമായ കാര്യങ്ങൾ നല്ലഉദ്ദേശമുണ്ടെന്ന് കരുതിയാൽ നന്നാവു ന്നതോ പുണ്യമായിത്തീരുന്നതോ അല്ല,എന്നാൽ ചീത്ത ഉദ്ദേശത്തോ ടെയാണ് അത് ചെയ്യുന്നതെങ്കിൽ പാപത്തിന്റെ കാഠിന്യം വർദ്ധിക്കുകയും ചെയ്യുന്നു.

**② അനുവദനീയം** അനുവദനീയമായ ഏതു പ്രവർത്തനം ചെയ്യുമ്പോഴും അതിനും ഒരു ലക്ഷ്യവും ഉദ്ദേശ്യവും ഉണ്ടായിരിക്കും.ചില സന്ദർഭങ്ങളിൽ അത്ത രം പ്രവർത്തനങ്ങൾ പുണ്യാർഹമായ കാര്യമായിത്തീരുന്നതാണ്.

**③ പുണ്യകർമ്മങ്ങൾ** ഇവയുടെ സ്വീകാര്യതയും പ്രതിഫലവും ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. പ്രശസ്തിക്ക് വേണ്ടിയാണ് ചെയ്തത് എങ്കിൽ പാപവും ചെറിയ ശിർക്കുമായി മാറുന്നതാണ്. ചലപ്പോൾ വൻകുറ്റ ങ്ങളിൽ ഉൾപെടുകയും ചെയ്യുന്നതാണ്.

**അതിന് മൂന്ന് കാരണങ്ങളുണ്ട്.** ① അല്ലാഹുവിനു ചെയ്യേണ്ട ആരാധന ജനങ്ങളെ കാണിപ്പിക്കാനായി ചെയ്യുക എന്നത് ഒരു തരത്തിൽ പരിഹാസമാണ്. ആരാധനകളുടെ കാര്യത്തിൽ അടിസ്ഥാനപരമായി ഇത്തരം വഞ്ചന കാണിക്കൽ ബഹു ദൈവ വിശ്വാസത്തിന്റെ ഭാഗമാണ്. അതിനാൽ അത് അസ്വീകാ ര്യമാണ്.

② അല്ലാഹുവിന്റെ പ്രീതി മാത്രം ആഗ്രഹിച്ച് ഒരു പ്രവർത്തനം ആരംഭിക്കുകയും പിന്നീട് അതിൽ പ്രകടന തൽപരത(ലോകമാന്യം) കടന്നു വരികയും ചെയ്യുക . ദാനധർമ്മം പോലുള്ള കാര്യങ്ങളൊന്നും അതിന്റെ തുടക്കം പോലെ തന്നെ അതിന്റെ അവസാനവും പരിശുദ്ധമായിക്കൊള്ളണം എന്നില്ല..ഒരു പക്ഷേ തുടക്കം വളരെയ ധികം നിഷ്കളങ്കവും അവസാനം കളങ്കമുള്ളതുമായേക്കാം . എന്നാൽ അതിനും പ്രതിഫലം ലഭ്യമല്ല.

നമസ്കാരം പോലുള്ള കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ പ്രകടന തൽപരത(ലോകമാന്യം)മോ പ്രശസ്തിയോ ഉദ്ദേശിച്ചിട്ടുണ്ടായിക്കൊള്ളണം എന്നില്ല. എന്നാൽ അതിനു ശേഷം ജനങ്ങളെല്ലാം അറിഞ്ഞിരിക്കുമെന്നും കണ്ടിട്ടുണ്ടാവുമെന്നു ആശ്വസിക്കുകയുമാ ണെങ്കിൽ അതിനും പ്രതിഫലത്തിന്

അർഹതയില്ലാതാവുന്നു.

എന്നാൽ ഒരു കർമ്മം പൂർണ്ണമായും നിഷ്കളങ്കമായി നിർവ്വഹിക്കുകയും അതിനു ശേഷം ജനങ്ങളെല്ലാം അറിഞ്ഞിരിക്കുമെന്നും കണ്ടിട്ടു ണ്ടാവുമെന്നും ആശങ്ക യുണ്ടാവുകയുമാണെങ്കിൽ അതു പ്രതിഫലത്തെ ഒട്ടും തന്നെ കുറക്കുന്നതല്ല.

❶പ്രകടന തൽപരത(ലോകമാന്യം) കടന്നുവരാനുള്ള മുഴുവൻ മാർഗ്ഗ ങ്ങളെ കുറിച്ചും മനസ്സിലാക്കലും അതിനെ സൂക്ഷിക്കലും നമുക്ക് നിർബ ന്ധമാണ്. ഭൗതികമായ താൽപര്യങ്ങൾ ലക്ഷ്യം വെച്ച് ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമാവുകയും അതിന്റെ ആൾ ശിക്ഷക്ക് അർഹനാവുകയും ചെയ്യുന്നു. അതിനുള്ള കാരണങ്ങൾ രണ്ടു രൂപത്തിലാണ്.

❷ അല്ലാഹുവിന്റെ പ്രീതിയും ഭൗതിക ലക്ഷ്യവും ഉദ്ദേശിച്ചു കൊണ്ട് പ്രവർത്തിക്കുക.അവർ വിശ്വാസത്തിൽ പോരായ്മയും ആത്മാർത്ഥതയിൽ അപൂർണ്ണതയും ഉള്ളവരാണ്. വ്യാവസായിക താൽപര്യത്തോ ടെയുള്ള ഹജ്ജ് ഈ ഗണത്തിലാണുൾപെടുക.

③ അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്നു, എന്നാൽ ജോലിക്ക് സഹായകമായ ഭൗതിക കാര്യങ്ങൾ സ്വീകരിക്കുക യും ചെയ്യുന്നു. അവർക്ക് പൂർണ്ണ പ്രതിഫലം ലഭിക്കുന്നതായിരിക്കും . നബി(സ) പറഞ്ഞു , നിശ്ചയംനിങ്ങൾക്ക് കൂലി വാങ്ങാൻ ഏറ്റവും അർഹമായ കാര്യം അല്ലാഹുവിന്റെ ഗ്രന്ഥമാണ്. -ബുഖാരി

**നിഷ്കളങ്കമായി പ്രവർത്തിക്കുന്നവരെ മൂന്നായി തരം തിരിക്കാം. ❶ഏറ്റവും താഴെ തട്ടിലുള്ളവർ,** അവർ പ്രവർത്തിക്കുന്നത് പ്രതിഫലം ആഗ്രഹിച്ചും ശിക്ഷ ഭയപ്പെട്ടു കൊണ്ടുമായിരിക്കും . ❷ **ഇടത്തട്ടുകാർ.** അല്ലാഹുവിന്റെ കൽപന പാലിക്കുകയും അവന് നന്ദി പ്രകടിപ്പിക്കുക യും ചെയ്തു കൊണ്ടുള്ള പ്രവർത്തനം . ❸**ഉന്നത പദവിയിലുള്ളവർ** അല്ലാഹുവിനോടുള്ള സ്നേഹത്താലും അവനേടുള്ള ഗാംഭീര്യവും മഹത്വവും മനസ്സിലാക്ക് പ്രവർത്തിക്കുന്നവർ.ഇവർ സിദ്ധീഖുമാരുടെ കൂട്ടത്തിലുൾപെടുന്നവരാണ്.

**മൂസാ(അ) പറഞ്ഞതായി അല്ലാഹു പറയുന്നു..** ❶ (എന്റെ രക്ഷിതാവേ , നിന്റെ ഇഷ്ടം ലഭിക്കാനായി ഞാൻ നിന്നിലേക്ക് ധൃതിപ്പെട്ടു വന്നിരിക്കുന്നു.)ഇവിടെ മൂസ(അ) അല്ലാഹുവിലേക്ക് ധൃതിപ്പെട്ടു പോകാൻ കാരണം അല്ലാഹുവിനോടുള്ള തൃപ്തിയൊന്നു മാത്രമായിരുന്നു. അല്ലാതെ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം ചെയ്യുക എന്ന താൽപര്യം കൊണ്ടു മാത്രമായിരുന്നില്ല. ❷ അപ്രകാരം തന്നെ മാതാപിതാക്കൾക്ക് നൻമചെയ്യുന്നത് അവരുടെ അടുക്കൽ നിന്ന് വല്ല ശിക്ഷയും ഉണ്ടാവും എന്ന ഭയം കൊണ്ടും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടുമാണെങ്കിൽ ആദ്യം പറഞ്ഞ രൂപത്തി ലായിരിക്കും.എന്നാൽ ഒരാൾ അവർ മക്കൾക്ക് വേണ്ടി സഹിച്ച കഷ്ടപ്പാടുളും പ്രയാസവും മനസ്സിലാക്കിയാണ് പുണ്യം ചെയ്യുന്ന തെങ്കിൽ രണ്ടാമത്തെ വിഭാഗത്തിലാണുൾപെടുക. ❸ അല്ലാഹുവിന്റെ കൽപ്പനയാണെന്നും അവന്റെ നിർദ്ദേശങ്ങളോടുള്ള അവഗണന പാടില്ലെന്നും മനസ്സിലാക്കി മാതാപിതാക്കൾക്ക് സേവനം ചെയ്യുമ്പോൾ അവർ ഉന്നതമായ പദവി കൈവരിക്കുന്നതാണ്.

**◗ പശ്ചാതാപം** പാപം ചെയ്യുക എന്നത് മനുഷ്യ സഹജമാണ്. എന്നാൽ നിരന്തരം പശ്ചാതപിക്കുക എന്നത് അവരുടെ ബാധ്യതയുമാണ്. ***നബി(സ) പറഞ്ഞു. .സർവ്വ മനുഷ്യരും പാപം ചെയ്യുന്നവരാണ് . എന്നാൽ അവരിൽ ഏറ്റവും ഉത്തമൻമാർ പശ്ചാതപിക്കുന്നവരത്രെ.***

നിങ്ങൾ പാപം ***ചെയ്യാതിരിക്കുന്നുവെങ്കിൽ അല്ലാഹും തെറ്റു ചെയ്യുന്ന മറ്റൊരു***

***ജനതയെ കൊണ്ടു വരികയും അവർ അല്ലാഹുവിനോടു മാപിരക്കുകയും അവൻ അവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യുന്നതായിരിക്കും .***

പശ്ചതപിക്കാതിരിക്കലും പാപങ്ങളിൽ ശഠിച്ചു നിൽക്കലും കുറ്റമാണ്. പിശാച് മനുഷ്യരെ പലരൂപത്തിലുള്ള ബന്ധനങ്ങളിൽ അകപ്പെടുത്താൻ ശ്രമിച്ചു കൊണ്ടേയിരിക്കുന്നതാണ്. ഒരു ശ്രമത്തിൽ അവൻ വിജയിക്കാതിരുന്നാൽ മറ്റൊരു തരത്തിൽ മനുഷ്യരെ പരാജയപ്പെടുത്താൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കും. താഴെപറയുന്ന രൂപത്തിലെല്ലാം അവൻ അടവുകൾ പയറ്റി ക്കൊണ്ടിരിക്കും. 1 ശിർക്കും സത്യ നിഷേധവും ചെയ്യാനുള്ള താൽപര്യം ജനിപ്പിക്കുക. 2 വിശ്വാസത്തിലും കർമ്മങ്ങളിലും ബിദ്അത്തുകൾ ചെയ്യിക്കാൻ പ്രേരിപ്പിച്ചു കൊണ്ടിരിക്കുക, 3 വൻകുറ്റങ്ങളിൽ അകപ്പെടുത്താനുള്ള കുതന്ത്ര ങ്ങൾ ആവിഷകരിച്ച് അതിൽ വീഴ്ത്തുക 4ചറുപാപങ്ങൾ ചെയ്യാനുള്ള താൽപര്യം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക 5അനുവദനീയമായ കാര്യങ്ങളിൽ മാത്രം വ്യാപൃത രാക്കുക 6ശ്രേഷ്ഠകരമല്ലാത്ത പുണ്യങ്ങൾ ചെയ്യാൻ അമിത പ്രാധാന്യം തോന്നി പ്പിക്കുക 7 മനുഷ്യരിലും ജിന്നിലുംപെട്ട പിശാചിന്റെ സമ്മർദ്ദങ്ങളിൽ അകപ്പെ ടുത്തുക.എന്നിങ്ങിനെ ഓരോന്നായി അവൻ പരീക്ഷിക്കുന്നതായിരിക്കും.

**പാപങ്ങൾ പലവിധം ①വൻപാപങ്ങൾ** ഭൗതികമായി ശിക്ഷാനടപടികൾ സ്വീകരിക്കപ്പെടാൻ നിർദ്ദേശിക്ക പ്പെട്ട മുഴുവൻ പാപങ്ങളും ഈ കൂട്ടത്തിലാണ് ഉൾപെടുക. അപ്ര കാരം തന്നെ പരലോകത്ത് ശക്തമായ ശിക്ഷയുണ്ട എന്ന് താക്കീതു നൽകിയതും അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും ഇടാകും എന്ന് മുന്നറിയിപ്പു നൽകിയതും വിശ്വാസിയാവുകില്ല എന്ന് വിശേഷി പ്പിക്കപ്പെട്ടതുമായ കുറ്റങ്ങൾ എല്ലാംതന്നെ വൻപാപങ്ങളായിട്ടാ ണ് കാണപ്പെടുന്നത്. **② ചെറു പാപങ്ങൾ.**മുകളിൽ പരാമർശിക്കപ്പെടാത്ത കുറ്റകരമായ കാര്യങ്ങളെല്ലാം ചെറു പാപമായി കണക്കാക്കാവുന്നതാണ്. എന്നാൽ ചെറു പാപങ്ങൾ വന് പാപമായി മറുന്ന കാരണണങ്ങളുണ്ട്. അതിൽപെട്ടതാണ്. പാപങ്ങളിൽ ശഠിച്ചു നിൽക്കലും അത് ആവർത്തിച്ചുകൊണടിരിക്കലും.കുറ്റം ചെയ്യു ന്നതിൽ അഭിനാനിക്കലും അത് പരസ്സ്യമാക്കലും എല്ലാം ആ കാരണങ്ങളിൽ ഉൾപെടുന്നു .

**തൗബ സർവ്വ പാപങ്ങൾക്കും പരിഹാരമാണ്. അന്ത്യനാളിനോടനു ബന്ധിച്ച് സൂര്യൻ പടിഞ്ഞാറു നിന്നുദിക്കുകയോ മരണം തൊണ്ടക്കു ഴിയിൽ എത്തുകയോ ചെയ്യാത്തിടത്തോളം തൗബ സ്വീകരിക്കപ്പെടും. ആകാശ ഭൂമി നിറയെ കുറ്റം ചെയ്തവനാണെങ്കിലും ആത്മാർത്ഥ ധന്യവും നിഷ്കപടവുമായ തൗബ ചെയ്യുന്നവർക്ക് അവരുടെ തിൻമകള പോലും നൻമയാക്കി മാറ്റികൊടു ക്കുന്നതാണ്.**

**തൗബ സ്വീകരിക്കപ്പെടാനുള്ള നിബന്ധനകൾ** ①ചെയ്തുകൊണ്ടിരിക്കുന്ന പാപ ങ്ങളിൽ നിന്ന് പിന്തിരിയുക ② വന്നുപോയ പാപങ്ങൾ ഓർത്ത് ഖേദമുണ്ടായിരി ക്കുക ③ഭാവിയിൽ ഇനി ഒരിക്കലും ആ പാപം ചെയ്യില്ല എന്ന് ദൃഢ നിശ്ചയം എടുക്കുക ④മറ്റു മനുഷ്യരുമായി ബന്ധപ്പെട്ട ബാധ്യതകളുണ്ടെങ്കിൽ അത് കൊടുത്ത് തീർക്കുകയും അവരോട് ചെയ്ത തറ്റുകൾക്ക് മാപ്പ് പറയുകയും ചെയ്യുക

**തൗബയടെ കാര്യത്തിൽ മനുഷ്യർ നാലു തരക്കാരാണ്. ❶** തബ ചെയ്ത ശേഷം മരണം വരേയും അത്തരം പാപങ്ങളിലേക്ക് പിന്നീട് തിരിച്ചുപോകാതെ ജീവിക്കുന്നവർ.അവരിൽ നിന്ന് എന്തകിലും മനുഷ്യ സഹജമായ വീഴ്ചകൾ ഉണ്ടായാലും അവർ സത്യസന്ധ രായിരിക്കും. നൻമയുടെ കാര്യത്തിൽ മുൻകടന്നവരാ യിരിക്കും അവർ . ഇതിനാണ് തൗബത്തുന്നസൂഹ( സ്വീകാര്യയോഗ്യമായ തൗബ) എന്ന് പറയുന്നത്. ഇവർ പര്ശുദ്ധാത്മാക്കളുടെ കൂട്ടത്തിലായിരിക്കും. ❷മഹത്തായ പുണ്യ കർമ്മങ്ങൾ അനുഷ്ഠിച്ചു

കൊണ്ടിരിക്കുന്നവരും എന്നാൽ അതോടു കൂടി ബോധപൂർവ്വമല്ലാതെ പാപങ്ങൾ വന്നു പോകുന്നവരും . അവരിൽ നിന്ന് ഒരു പരീക്ഷണം എന്ന രീതിയിൽ അത് സംഭവിക്കുന്നു. കുറ്റം ചെയ്യുമ്പോഴെല്ലാം മനസ്സിൽ ദുഖവും ഖേദവും ഉണ്ടാവുകയും. അതിൽ നിന്ന് മടങ്ങുകും ചെയ്തുകൊണ്ടി രിക്കുന്നു. ഇതാണ് ആക്ഷേപകരമായ ആത്മാവ് എന്ന് വിശേഷിപ്പിക്ക പ്പെടുന്ന ആത്മാവ്.

❸ തൗബ ചെയ്യുകയും കുറച്ചു കാലം അതിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടു ത്തുകയും പിന്നീട് ചില പാപങ്ങളിൽ അകപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം പുണ്യകർമ്മങ്ങൾ പതിവാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. മാത്രമല്ല, സാഹചര്യ ങ്ങളുണ്ടെങ്കിലും പാപവും ദേഹേഛകളുമായ കാര്യത്തിൽ നിന്ന് അകന്ന് ജീവിക്കു കയും ചെയ്യും. വല്ലപ്പോഴും വന്നു പോകുന്ന പാപങ്ങളിൽ നിന്ന് അവർ പശ്ചാതപിച്ചു കൊണ്ടിരിക്കും. ഈ ആത്മാവിനെ നഫ്സുൻ മസഊല( ചോദ്യം ചെയ്യപ്പെടുന്ന ആത്മാവ്) എന്ന് വിശേഷിപ്പിക്കാം. അതിന്റെ പര്യാവസാനം അപകടകരമായിരിക്കും.കാരണം ചിലപ്പോൾ പശ്ചാത പിക്കുന്നതിന്റെ മുമ്പുതന്നെ മരണപ്പെടാൻ സാധ്യതയുണ്ട്. കർമ്മങ്ങളുടെ സ്വീകാര്യത അതിന്റെ അവസാനത്തെ ആസ്പദമാക്കി കൊണ്ടാണ് പരിഗണിക്കപ്പെടുന്നത് .

❹ തൗബ ചെയ്യുകയും പിന്നീട് പഴയ ജീവിതത്തിലേക്കു തന്നെ തിരിച്ചു പോവുകയും ചെയ്യുന്നവർ. അവർ പിന്നീട് ഒരിക്കലും മറിച്ച് ചിന്തിക്കുക പോലും ചെയ്യുകയുമില്ല. കുറ്റ കൃത്യത്തെ കുറിച്ച് യാതൊരു ദുഖവും അവർക്കു ഉണ്ടാകാറുമില്ല. ഈ ആത്മാവിനെ നഫ്സുൻ അമ്മാറത്തുൻ ബിസ്സൂഅ്( ചീത്ത ആത്മാവ്) എന്ന് പറയപ്പെടുന്നു. അവരും ചീത്ത പര്യാവസാനം ഉണ്ടാവുന്നത് ഭയപ്പെടേണ്ടതാണ് .

**സത്യസന്ധത** മാനസ്സിക പ്രവർത്തനങ്ങളുടെ മുഴുവൻ അടിസ്ഥാനപരമായ കാര്യമാണ് സിദ്ഖ് (സത്യസന്ധ്യത) എന്നആശയം ഉൾകൊള്ളുന്ന ഈ പദം .

**അതിനെ ആറുതരത്തിൽ തരം തിരിക്കാവുന്നതാണ്.**

1. വാക്കിലുള്ള സിദ്ഖ്(സത്യസന്ധ്യത) 2. ഉദ്ദേശങ്ങളിലും താൽപര്യങ്ങളിലുമുള്ള ആത്മാർത്ഥത 3. തീരുമാനങ്ങൾ എടുക്കുന്ന വിഷയത്തിലുള്ള സിദ്ഖ് (സത്യസന്ധ്യത) 4.തീരുമാനങ്ങൾ പൂർത്തീകരിക്കുന്നതിലുള്ള സിദ്ഖ് (സത്യസന്ധ്യത) 5. പ്രവർത്തനങ്ങളുടെ ബാഹ്യവും ആന്തരികവുമായ വിഷയങ്ങ ളിൽ പാലിക്കേണ്ടസിദ്ഖ്(സത്യസന്ധ്യത) 6. മത നിർദ്ദേശങ്ങൾ പാലിക്കുന്നതിലും സാക്ഷാൽക്കരിക്കുന്നതിലു മുള്ള സിദ്ഖ്(സത്യസന്ധ്യത)

ഇതാണ് ഏറ്റവും മഹത്തായ സ്ഥാനം അറിയിക്കുന്നത് . അല്ലാഹു വിനോടുള്ള ഭയം,പ്രതീക്ഷ,മഹത്വപ്പെടുത്തൽ,വിരക്തി,തൃപ്തി, ഭരമേ ൽപിക്കൽ,സ്നേഹിക്കല് തുടങ്ങിയതും അല്ലാത്തതുമായ മനസ്സിന്റെ മുഴുവൻ പ്രവർത്തനങ്ങളും ഈ ഗണത്തിലാണ് ഉൾപെടുന്നത്. മുകളിൽ പരാമർശിക്കപ്പെട്ട മുഴുവൻ കാര്യങ്ങളിലും ആർക്ക് സിദ്ഖ് (സത്യസന്ധ്യത) പാലിക്കാൻ സാധിക്കുന്നുവോ അവനാണ് സത്യസന്ധൻ എന്ന വിശേഷണത്തിന് അർഹനാവുന്നത് .

നബിﷺപറഞ്ഞു. ***നിങ്ങൾ സത്യസന്ധത പുലർത്തുക , നിശ്ചയം അത് പുണ്യ ത്തിലേക്കും പുണ്യം സ്വർഗത്തിലേക്കും നയിക്കും .ഒരാൾ സത്യം പറഞ്ഞു കൊണ്ടിരിക്കും. അങ്ങിനെ അദ്ദേഹത്തെ കുറിച്ച് അല്ലാഹുവിങ്കൽ സത്യവാൻ എന്ന് രേഖപ്പെടുത്തപ്പെടും , -ബുഖാരി,മുസ്ലിം-***

ഒരാൾക്ക് ഏതെങ്കിലും വിഷയത്തിൽ വല്ല സന്ദേഹവും ഉണ്ടാകുന്നു വെങ്കിൽ അപ്പോൾ അയാൾ അല്ലാഹുവിന്റെ പേരിലും അവന്റെ പ്രീതിയും ഉദ്ദേശിച്ച് സത്യം കണ്ടെത്താൻ പരിശ്രമിക്കുകയും ചെയ്താ ൽ അതിന് അല്ലാഹു അയാൾക്ക് സന്ദർഭം ഒരുക്കിക്കൊടുക്കുന്ന താണ്. ഇനി അതുണ്ടായില്ലെങ്കിൽ തന്നെ അല്ലാഹു

അദ്ദേഹത്തിന് ഒഴികിഴിവു നൽകുന്നതായിരിക്കും .

സത്യസന്ധത എന്നതിന്റെ വിപരീത ആശയമാണ് കദിബ്( കളവ്) എന്നത്. മനസ്സിൽ നിന്ന് അത് നാവിലൂടെ പുറത്ത് വരുന്നതോടെ മനുഷ്യനെ നാശത്തിലേക്ക് അത് കൊണ്ടു പോവുന്നു, പിന്നീട് അംഗങ്ങളിലൂടെ അതിന്റെ പ്രതികരണം കർമ്മമായി രൂപപ്പെടുമ്പോൾ പ്രവർത്തനങ്ങളും നിഷ്ഫലമാകും . വാക്കുകളും പ്രവർത്തനങ്ങളും പിന്നീട് ആ മനുഷ്യൻ തന്നെ കുഴപ്പകാരിയായി മാറുന്നു.

**അൽമഹബ്ബ (സ്നേഹം)** സത്യവിശ്വാസത്തിന്റെ മധുരം ആസ്വദിക്കുവാൻ സാധിക്കണമെങ്കിൽ അല്ലാഹുവിനോടും പ്രവാചകനോടും വിശ്വാസികളോടും കഠിനമായ സ്നേഹം ഉണ്ടായിരിക്കണം . നബി ﷺ പറഞ്ഞു. ***മൂന്നു കാര്യങ്ങൾ ആരിലെങ്കിലും ഉണ്ടായിരുന്നാൽ സത്യവിശ്വാസത്തിന്റെ മധുരം അയാൾക്ക് നുകരാൻ സാധിക്കും , അല്ലാഹുവിനേയും പ്രവാചകനേ യുംകാൾ മറ്റാരേയും കൂടുതൽ സ്നേഹിക്കാതിരിക്കുക, അല്ലാഹുവി നു വേണ്ടിയല്ലാതെ മറ്റൊരാളെ സ്നേഹിക്കാതിരിക്കുക, സത്യ നിഷേധത്തിൽ നിന്ന് അല്ലാഹു തന്നെ രക്ഷപ്പെടുത്തിയതിന് ശേഷം അതിലേക്ക്തന്നെ തിരിച്ച് പോകുന്നത് തന്നെ തീയിലേക്ക് എറിയപ്പെ ടുന്നത് വെറുക്കുന്നത് പോലെ വെറുക്കുക എന്നിവയാണത്*** . (ബുഖാരി,മുസ്ലിം)

**നിന്റെ മനസ്സിൽ സ്നേഹമാകുന്ന ഒരു പൂമരം നീ നട്ടുവളർത്തുകയും അതിന് പ്രവാചക ചര്യയും നിഷ്കളങ്കതയുമാകുന്ന വെള്ളം കൊണ്ട് നീ നനച്ചു കൊണ്ടരിക്കുക, അപ്പോൾ അതിൽ നിന്ന് വിവിധ തരം ഫളങ്ങൾ ലഭിച്ചുകൊണ്ടിരിക്കും. അതിനെ നാലു വിഭാഗമായി കാണാവുന്നതാണ്.**

1 സത്യവിശ്വാസത്തിന്റെ അടിസ്ഥാനപരമായ അല്ലാഹുവിനോടുള്ള സ്നേഹം .

2 അല്ലാഹുവിന് വേണ്ടി ഇഷ്ടപ്പെടുകയും അവന്റെ കോപത്തിന് വേണ്ടി കോപിക്കുകയും ചെയ്യുക , ഇത് നിർബന്ധമാണ്.[1]

---

[1] സ്നേഹപ്രകടനത്തിന്റെ വിഷയത്തിൽ മനുഷ്യർ രണ്ടു വിഭാഗമാണ്.

**1) വിദ്വേഷമോ കലർപ്പോ ഇല്ലാത്ത നിർമ്മലവും നിഷ്കപടവുമായ സ്നേഹം കാണിക്കുന്നവർ** പ്രവാചകൻമാരും സിദ്ധീഖുമാരും അടങ്ങുന്ന സത്യവിശ്വാസികൾ ഈ വിഭാഗത്തിലുൾപെടുന്നു. അവരിൽ ഏറ്റവും മഹത്തായ സ്ഥാനത്ത് പ്രവാചകൻ മുഹമ്മദ് (സ)യും അവിടുത്തെ പത്നിമാരും മക്കളും സഹാബികളും ഉൾപെടുന്നു.

**2കോപത്തോടെ മാത്രം കഴിയുന്നവർ** സത്യനിഷേധികളും ബഹുദൈവ വിശ്വാസികളും കപടവിശ്വാസികളും ഈ വിഭാഗത്തിലുൾപെടുന്നു.

**3 ചിലപ്പോൾ സ്നേഹം കാണിക്കുകയും മറ്റു ചിലപ്പോൾ വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്യുക .** പാപികളായ വിശ്വാസികൾ ഈ ഗണത്തിലുൾപെടുന്നു. തങ്ങളിലുള്ള സത്യവിശ്വാസത്തിന്റെ മാറ്റു വർദ്ധിക്കുമ്പോൾ സ്നേഹം കാണിക്കജശ യും പാപം ചെയ്ത് അതിന്റെ തിളക്കം കുറഞ്ഞു പോകുമ്പോൾ വെറുപ്പ് പ്രകടമാക്കുകയും ചെയ്യുന്നു.

**സത്യനിഷേധികളെ ആത്മ മിത്രമാക്കലും അവരെ സ്നേഹിക്കലും**

ഇത് രണ്ട രൂപത്തിലുണ്ട്

1 ഭൗതിക കാര്യങ്ങളിൽ അവരുമായി ഇടകലരുകയും അതിൽ അവരുമായി നല്ലനിലയിൽ വർത്തിക്കലും .

മുസ്ലിംകളുമായി സംഘട്ടനത്തിൽ ഏർപെടാത്തഅമുസ്ലിംകളോടുള്ള സമീപനമാണിത്. എന്നാൽ അവരുടെ മത നിർദ്ദേശങ്ങളോട് നമുക്ക് താൽപര്യം കാണിക്കാൻ പാടില്ലാത്തതാണ്. അവരോട് നീതിയോടെ വർത്തിക്കലും സൽസ്വഭാവം പ്രകടിപ്പിക്കലും നിർമ്മലതയും കാരുണ്യവും കാണിക്കലും അനുവദനീയമാണ്.

അല്ലാഹു പറഞ്ഞിരിക്കുന്നു (.മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ച യായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.(മുംതഹിന 8)

എന്നാൽ മുസ്ലിംകളോട് വിദ്വോഷം പുലർത്തുന്നവരെ കുറിച്ച് അല്ലാഹു പറയുന്നതിപ്രകാരമാണ്. ഹേ;സത്യവിശ്വാസികളേ,എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടു ള്ളവരോട് സ്നേഹബന്ധം

**3 അല്ലാഹുവിനോടൊപ്പം അതേപോലെയോ അതിനേക്കാൾ കൂടുതലോ മറ്റുള്ളവരെ സ്നേഹിക്കുക.** ബഹുദൈവ വിശ്വാസികളിൽ കാണപ്പെടുന്ന സ്വഭാവമാണിത്. അവരുടെ ആരാധ്യൻമാരെ അല്ലാഹുവിനെ സ്നേഹിക്കുന്നതു പോലയോ അതിലുപരി യായോ അവർ ഇഷ്ടപ്പെടുന്നു.ബഹുദൈവ വിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ ഇതാണല്ലോ.

**4 സ്വാഭാവികമായ സ്നേഹപ്രകടനം** മാതാപിതാക്കളോടും സന്താനങ്ങളോടും ഭക്ഷ്യ പദാർത്ഥങ്ങളോടെ ല്ലാമുള്ള സ്നേഹമാണ് ഇതുകൊണ്ട ഉദ്ദേശിക്കപ്പെടുന്നത് .ഇതിനു വിരോധവുമില്ല. ഭൗതിക വസ്തുക്കളോട് നീ അമിതമായ സ്നേഹം കാമിക്കാതിരുന്നാൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടുകയും ചെയ്യും. പ്രവാചകൻ(സ) പറഞ്ഞു. (***നീ ഭൂമിയിൽ വിരക്തി കാണിക്കുക, എന്നാൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടും***) -തിർമുദി-

**തവകികുൽ (അല്ലാഹുവിൽ ഭരമേൽപ്പിക്കുക)** താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ നേടിയെടുക്കാനും തനിക്ക് ഉണ്ടായിട്ടുള്ള പ്രയാസ്സങ്ങൾ നീങ്ങിക്കിട്ടുവാ നുമായി അല്ലാഹുവിലുള്ള ദൃഢ വിശ്വാസത്തോടെയും കാര്യകാരണങ്ങൾ പൂർത്തീകരിച്ചും അല്ലാഹുവിനെ അവലംബിക്കുകയും തന്റെ മനസ്സ് അവനു മായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിനാണ് തവകികുൽ (അല്ലാഹുവിൽ ഭരമേൽപ്പി ക്കുക) എന്ന് പറയുന്നത്.

ഇതില്ലാതിരിക്കുന്നത് തൗഹീദിന്റെ അപൂർണ്ണതയായിട്ടാണ് വിലയിരു ത്തപ്പെടുക . അപ്രകാരം തന്നെ നാം ചെയ്തിരിക്കേണ്ട കാര്യകാരണ ങ്ങൾ പൂർത്തീകരി ക്കുകയും ചെയ്തിരിക്കണം .

**തവകികുൽ (അല്ലാഹുവിൽ ഭരമേൽപ്പിക്കുക) മൂന്നു തരമുണ്ട്**

**1 നിർബന്ധമായതവക്കുൽ (അല്ലാഹുവിൽ ഭരമേൽപ്പിക്കുക)** അല്ലാഹുവിനല്ലാതെ ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ . രോഗശമനം പോലുള്ളത് ഈ ഗണത്തിലാണ് ഉൾപെടുന്നത്

**2 നിഷിദ്ധമായ തവക്കുൽ (അല്ലാഹുവിൽ ഭരമേൽപ്പിക്കുക)**

**അതിനെ രണ്ടായി തരം തിരിക്കാം .** 1) **വലിയ ശിർക്കിൽ പെടുന്നവ** ഉപകാരം ലഭിക്കുന്നതിനും ഉപദ്രവങ്ങൾ മാറ്റുന്നതിനും പൂർണ്ണമായി കാര്യകാരണങ്ങളെ മാത്രം പരിഗണിക്കുക .[1] **2) ചെറിയ ശിർക്കിൽ പെടുന്നവ**

---

സ്ഥാപിച്ച് കൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾക്കു വന്നുകിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്. (മുംതഹിന 1)

നബി(സ) മദീനയിലുണ്ടായിരുന്ന ജൂതൻമാരോട് സ്വീകരിച്ചിരുന്ന നിലപാട് ഇതായിരുന്നു

[1] തവക്കുൽ എന്നാൽ കാര്യകാരണങ്ങളെയെല്ലാം തിരസ്കരിച്ചു കൊണ്ടുള്ളതല്ല, അതിനു പലകാരണങ്ങളുണ്ട്.

തനിക്ക് ലെഭിച്ചിട്ടില്ലാത്ത നൻമ കൊണ്ടു വരിക.അത് മൂന്നു രീതിയിലായേക്കാം .

(എ) ഉറപ്പായ കാരണങ്ങൾ സന്താന ലബ്ധിക്ക് വിവാഹം നടത്തൽ അനിവാര്യമാണ്. അതില്ലാതിരുന്നാൽ ഒരു തരം ഭ്രാന്ത് എന്നേ വിശേഷിപ്പിക്കൂ.

(ബ)ഉറപ്പായ കാരണങ്ങൾ അല്ലാത്തവ എങ്കിലും കാരണങ്ങൾ കൂടാതെ പൊതുവെ അതു ലഭിക്കുകയില്ല. ഉദാഹരണത്തിന് യാത്രാ ഭക്ഷണം തയ്യാറാക്കാതെ ദൈർഘ്യമേറിയ മരുഭൂ യാത്ര നടത്തൽ തവക്കുലായി മനസ്സിലാക്കാൻ പാടില്ല.യാത്രക്ക് പാഥേയം തയ്യാറാക്കുക എന്നത് നബി(സ) യുടെ മാതൃകയാണ്. അവിടുന്ന് മദീനയിലേക്ക് യാത്ര പുറപ്പെട്ടപ്പോൾ വഴികാട്ടയായി ഒരാളെയും യാത്രാ ഭക്ഷണം തയ്യാറാക്കിയിരുന്നു.

(സ) ഒരു കാര്യം നേടിയെടുക്കാൻ പ്രത്യക്ഷത്തിൽ കാരണമായേ ക്കാവു ന്ന കാര്യങ്ങൾ.ഉദഹരണത്തിന് എന്തെങ്കിലും സമ്പാദിക്കണം എന്ന് ആഗ്രഹിക്കുന്നവർ അതിനു വേണ്ട മുഴുവൻ മന്നൊരുക്കവും വളരെ കൃത്യമായും സൂക്ഷ്മമായും ചെയ്തിരിക്കണം.അത് തവക്കുലിനെ തിര സ്കരിക്കലാകുന്നില്ല. ഉമർ(റ) പറഞ്ഞു . കൃഷി എടുക്കാനായി ഭൂമിയിൽ ധാന്യം വിതക്കുന്നവൻ തവക്കുൽ കാരണമാണ് അപ്രകാരം ചെയ്യുന്ന ത്.

ഒരു കേവല പ്രത്യക്ഷ കാരണം എന്നതിൽ ഉപരിയായി നമ്മുടെ ഉപജീവന മാർഗ്ഗങ്ങളെല്ലാം തന്നെ നിശ്ചയിക്കുന്നത് വ്യക്തിയാണ് എന്ന് വിശ്വസിക്കൽ

**3 അനുവദനീയമായ തവക്കുൽ ( അല്ലാഹുവിൽ ഭരമേൽപ്പിക്കുക)** ഒരാൾക്ക് ചെയ്യാൻ കഴിയുന്നകാര്യങ്ങൾ നിർവ്വഹിക്കാനായി മറ്റൊരാളെ ചുമതലപ്പെടുത്തൽ . ഇതിനു വിരോധമില്ല. വാങ്ങലും വിൽക്കലും ഇതിന്റെ ഉദാഹരണമാണ്. പക്ഷേ , അപ്പോൾ നീ പ്രയോഗിക്കേണ്ട പദം ഈ കാര്യം നിർവ്വഹിക്കാനായി ഞാൻ നിന്നെ ചുമതലപ്പെടുത്തുന്നു എന്നോ അതേ ആശയത്തിലുള്ള മറ്റു പദങ്ങളോ ആയിരിക്കണം. . .

**അശുക്റ് (നന്ദി പ്രകടിപ്പിക്കുക)** തന്റെ രക്ഷിതാവിന്റെ മഹാ അനുഗ്രഹങ്ങൾക്ക് നന്ദിയായി മനസ്സിൽ രൂപപ്പെടുന്നതും സത്യവിശ്വാസിയുടെ നാവിലൂടെ ബഹിർഗമിക്കുകയും ചെയ്യുന്ന പ്രകീർത്തനങ്ങളും തങ്ങളുടെ അംഗങ്ങൾ കൊണ്ട് ചെയ്യുന്ന ആരാധനകളും എല്ലാം അല്ലാഹുവിനുള്ള നന്ദിയായി കണക്കാക്കാം. സ്വയം ഉദ്ദേശ്യത്തോടെയും മറ്റുള്ളവരിൽ നിന്ന് ഉണ്ടാവുന്ന അസഹ്യമായ കാര്യങ്ങൾ സഹനപൂർവ്വം ക്ഷമിക്കലും അതിലുൾ പെടുന്നു. ലഭിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെല്ലാം അല്ലാഹുവിന് കീഴ്പെടുന്ന പുണ്യ കർമ്മമായി മാറ്റലാണ് അശുക്റ് (നന്ദി പ്രകടിപ്പിക്കുക) എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

**അസ്സ്വബർ (ക്ഷമാശീലം)** പരീക്ഷണങ്ങൾ നേരിടുകയും വേദന അനുഭവിക്കേണ്ടി വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അതിൽ നിന്ന് ആശ്വാസം ലഭിക്കാനായിക്കൊണ്ടും അതിൽ നിന്ന് മാറ്റം വരുന്നതിന് വേണ്ടിയും അല്ലാഹു വിലേക്ക് തിരിയുകയും അവനോടു മാത്രം തന്റെ പ്രയാസം പറയുകയും ചെയ്യുന്നതിനാണ് അസ്സ്വബർ (ക്ഷമാശീലം) എന്ന് പറയുന്നത്. അല്ലാഹു പറഞ്ഞു. (***നിശ്ചയം ക്ഷമാശീലർക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ അല്ലാഹു നൽകുന്നതാണ്.***)

നബി ﷺ പറഞ്ഞു (***ക്ഷമിക്കാനുള്ള സന്നദ്ധതയുള്ളവർക്ക് അല്ലാഹു ക്ഷമിക്കാനുള്ള ശക്തി നൽകുന്നതാണ്. ക്ഷമയേക്കാൾ വിശാലവും ഉത്തമവുമായ യാതൊരു ഉപഹാരവും ഒരാൾക്കും അല്ലാഹു നൽകിയിട്ടില്ല.***)-ബുഖാരി,മുസ്‌ലിം-
എനിക്ക് എന്തെങ്കിലും ഒരു പരീണം ഉണ്ടാവുകയാണെങ്കിൽ ഞാൻ അതിൽ ക്ഷമ കൈകൊള്ളും , അപ്പോൾ അതിനേക്കാൾ ഗുണകര മായ നാലു അനുഗ്രഹങ്ങൾ എനിക്ക് അല്ലാഹു നൽകാിരുന്നിട്ടില്ല.

**ക്ഷമാശീലത്തിന്റെ വിവിധ പദവികൾ**

**ഏറ്റവു താഴ്ന്ന പടിയിലുള്ളത് .** താൻ അനുഭവിക്കുന്ന പരീക്ഷണങ്ങളോട് വിമ്മിഷ്ടം ഉള്ളതോടൊപ്പം അല്ലാഹു വിനോട് ആവലാതി പറയാതിരിക്കലാണത് .

---

2 നിലവിലുള്ള കാര്യങ്ങളെ സൂക്ഷിക്കലും സംരക്ഷിക്കലും, ഉദാഹരണത്തിന് അനുവദനീയമായ ഭക്ഷണ പദാർത്ഥം കണ്ടെ ത്തുവർ അത് സൂക്ഷിച്ചു വെക്കുന്നത് തവക്കുലിനെ നിഷേധിക്കല്ല. പ്രത്യേകിച്ച് കുടുംബങ്ങളുള്ളവർ അപ്രകാരം ചെയ്തിരിക്കണം. കാരണം നബി(സ) ബനുന്നളീർഗോത്രത്തിൽ നിന്ന് ഈത്തപ്പഴം വാങ്ങു കയും തന്റെ കുടുംബത്തിനായി സൂക്ഷിച്ചു വെക്കുകയും ചെയ്യാറു ണ്ടായിരുന്നു. -ബുഖാരി,മുസ്‌ലിം-

3 ഉപദ്രവങ്ങളെ പ്രതിരോധിക്കുക, പ്രതിരോധ നടപടി സ്വീകരിക്കുക എന്നത് തവക്കുലിന്റെ നിഷേധമല്ല, മൃഗങ്ങളെ ബന്ധിക്കലും യോദ്ധാക്കൾ പടയങ്കി ധരിക്കലും പോലുള്ള കാര്യങ്ങൾ പോലെയുള്ളവ.

4 സംഭവിച്ചി കഴിഞ്ഞ കാര്യങ്ങളെ ഇല്ലാതാക്കൽ. ഉദാഹരണത്തിന് ദാഹിച്ചവൻ ശമനത്തിനായി വെള്ളം കുടിക്കലും ഇപ്രകാരം ഉറപ്പുള്ള കാര്യങ്ങൾ പ്രവർത്തിക്കലും .ആവശ്യവും തവക്കു ലിൽ ഉൾപെടാത്തതുമാണ്. അപ്രകാരം തന്നെ സംശയാസ്പദമായ കാര്യങ്ങൾ ചെയ്യുന്നതിനും വിരോധമില്ല. ദേഹാസ്വസ്ത്യം മാറ്റാനായി കൊമ്പു വെക്കുന്നതെല്ലാം ഈ ഗണത്തിലുൽപെടുത്താം .

**മധ്യമനിലവാരത്തലുള്ളത്** താൻ അനുഭവിക്കുന്ന പരീക്ഷണങ്ങളിൽ തൃപ്തനായി കഴിഞ്ഞു കൂടുക

**ഏറ്റവും ഉന്നത നിലവാരത്തിലുള്ളത് .** പരീക്ഷണങ്ങൾ അനുഭവിക്കേണ്ടി വരുന്ന സന്ദർഭങ്ങളിലും അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരിക്കുക. ഒരാൾ തനിക്കെതിരിൽ അക്രമം അഴിച്ചു വിട്ടാൽ അയാൾക്കെതിരിൽ പ്രാർത്ഥിക്കുന്നു വെങ്കിൽ അതിനു വിരോധമില്ല. എന്നാൽ അതിന് അയാൾ ക്ഷമ കൈകൊണ്ടു എന്ന് പറയാവതല്ല.

**ക്ഷമ രണ്ടു തരമുണ്ട് 1 ശാരീരികം 2 ആത്മീയം** തന്റെ മനസ്സാഗ്രഹിക്കുന്ന ഇഛകളെ തൊട്ട് മാറ്നിൽക്കാൻ പരിശ്രമി ക്കലാണിത്.[1]

എന്നാൽ കാരണങ്ങൾ അവ്യക്തതയുള്ളതാവുമ്പോൾ തവക്കുലിന്റെ പൂർണ്ണതക്ക് ഭംഗം വരുന്നു. രോഗം വരില്ലെന്ന വിശ്വസത്തോടെ ചൂടു വെക്കൽ പ്രസ്തുത കാര്യത്തിന്റെ ഉദാഹരണമായി കാണാവുന്നതാണ്.

**ഒരടിമക്ക് ഭൗതിക ജീവിതത്തിൽ സംഭവിക്കുന്ന മുഴുവൻ കാര്യങ്ങളും ഏതെങ്കിലും രണ്ടു തരത്തിൽ ഉള്ളതായിരിക്കും .**

**❶ തന്റെ ഇഛക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങൾ** അത്തരം കാര്യങ്ങളിൽ അല്ലാഹുവിന്റെ ബാധ്യത നിർവ്വഹിക്കുവാനും അവന് നന്ദി ചെയ്യാനും സാധിക്കുക. അവയിലൊന്നും അല്ലാഹുവിന് എതിർ പ്രവർത്തിക്കാ തിരിക്കുക.

**❷ തന്റെ ഇഛക്ക് പൂർണ്ണമായും വിരുദ്ധമായവ**

**അത് മൂന്നു വിധമുണ്ട് ① അല്ലാഹുവിന് അനുസരണം കാണിക്കുന്നതിലുള്ള ക്ഷമ** അവൻ നിർബന്ധമാക്കിയ കാര്യങ്ങൾ അനുഷ്ഠിക്കലാണ് അതിൽ ഏറ്റവും മഹത്തായത്.ഐശ്ചിക കാര്യങ്ങൾകൂടി അനുഷ്ഠിക്കുമ്പോൾ അത് സുന്ന ത്തുകളായി പരിഗണിക്കപ്പെടുന്നു.

**② അല്ലാഹുവിന് അനിഷ്ടകരമായ കാര്യങ്ങളിൽ നിന്ന് അകന്നു കഴിയുവാനുള്ള ക്ഷമാശീലം.** അതലേറ്റവും ശഅരേഷ്ഠമായത് ഹറാമുക (നിഷിദ്ധമായ കാര്യങ്ങ)ൾ വെടിഞ്ഞു ജീവിക്കലാണ്. കാറാഹത്തായ കാര്യങ്ങൾ പോലും വെടിയാൻ സാധിക്കുന്നു വെങ്കിൽ അതാണ് ഏറ്റവും ശ്രേഷ്ഠം.

**③ അല്ലാഹുവിന്റെ വിധികളെ തൊട്ടുള്ള ക്ഷമ.** പ്രയാസങ്ങൾ ഉണ്ടാവുമ്പോൾ അക്ഷമരാകാതിരിക്കുകയും അല്ലാഹുവിന് ഇഷ്ടമില്ലാത്ത പ്രവർനങ്ങൾ ചെയ്യാതെ യും വാക്കുകൾ ഉപയോഗിക്കാതെയും ജീവിക്കുക, മരണവാർത്ത കേൾക്കുമ്പോൾ മുഖത്തും മാറത്തുമടിച്ചു വാവിട്ടു കരയൽ ഈ ഗണത്തിലുൾപെടുന്നു.

എന്ത് സംഭവിച്ചാലും അത് അല്ലാഹുവിന്റെ തീരുമാനപ്രകാരം നടന്നതാണെന്നും മനസ്സിലാക്കി സമാധനിക്കുക എന്നതാണ് ക്ഷമാശീലം.

ക്ഷമാശീലനായ ദരിദ്രനാണോ അതല്ല നന്ദിയുള്ള ധനാഢ്യനാണോ അല്ലാഹു വിങ്കൽ ഏറ്റവും ഉത്തമൻതന്റെ സമ്പത്ത് അല്ലാഹുവിന് ഇഷ്ടമുള്ള രീതിയിൽ വിനിയോഗിക്കുന്നവനും അതിനായി സൂക്ഷിക്കുന്നവനും ദരിദ്രനേക്കാൾ ശ്രേഷ്ഠനാണ്.എന്നാൽ ധനാഢ്യൻ തന്റെ പണം അധികമായും ചെലവു ചെയ്യുന്ന ത് അനുവദനീയമായ കാര്യത്തിനാണെങ്കിൽ അപ്പോൾ പ്രസ്തുത ധനാഢ്യനേക്കാൾ ശ്രേഷ്ഠൻ ക്ഷമാശീലനായ ദരിദ്രനാണ് .നബി(സ) പറഞ്ഞു.

[1] ഉദരത്തിന്റെയും ദനനേന്ദ്രിയത്തിന്റെയും താൽപര്യങ്ങളെ കടിഞ്ഞാ ണിട്ടി നിയന്ത്രിക്കലാണിത് .ഇതിനാണ് ചാരിത്ര ശുദ്ധി എന്നെല്ലാം പറയപ്പെടുന്നത്. പോരാട്ടത്തിന്റെ രംഗങ്ങളിൽ ധീരതയായും കാര്യങ്ങൾ ഗോപ്യമായി സൂക്ഷിക്കലാകുമ്പോൾ രഹസ്യം സൂക്ഷക്കലായും ജീവിത വിശുദ്ധിയാകുമ്പോൾ വിരക്തിയായും ഭൗതിക ജീവിതത്തിലെ നിസ്സാര തയിൽ അമിതപ്രാധാന്യം നൽകാതെ സംതൃപ്തരാകുമ്പോൾ സന്തു ഷ്ടിയായും വിശേഷിപ്പിക്കാവുന്നതാണ്.

നനദിയോടു കൂടി ഭക്ഷണം നൽകുന്നവന് ക്ഷമാശീലനായ നോമ്പുകാരന്റെ പദവി കരസ്ഥമാക്കാൻ സാധിക്കുന്നതാണ്.

**രിളാ (തൃപ്തി)** എന്തെങ്കിലും അനുഗ്രഹം ലഭിച്ചു കഴിഞ്ഞാൽ അതുകൊണ്ട് സംതൃ പ്തിയടയുകയും മതിയാക്കുകയും ചെയ്യുക എന്നതാണ് തൃപ്തി എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

അല്ലാഹുവിന്റെ തീരുമാനങ്ങളിൽ സംതൃപ്തിയടയുക എന്നത് അവ ന്റെ സാമീപ്യം സിദ്ധിച്ച മഹത്തുകളുടെ വശ്യസ്വഭാവമാകുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും അവനിൽ ഭരമേൽപ്പിക്കു ന്നതിന്റെ സ്വാധീനം കൊണ്ടും മാത്രമേ അത് നേടാൻ സാധിക്കുക യുള്ളൂ.എന്നാൽ തനിക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ മറ്റുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നുവെങ്കിൽ സംതൃപ്തിയുടെ നിഷേധ മായി മാറുന്നതല്ല.

**അൽ ഖുഷൂഅ് (ഭക്തി)** പൂർണ്ണമായ വിധേയത്വത്തവും കീഴ്പെടലും മഹത്വപ്പെടുത്തലും ഭക്തിയിൽ നിന്ന് ഉത്ഭൂതമാകുന്നതാണ്.

മഹാനായ ഹുദൈഫ(റ) പറഞ്ഞു. കപടമായ ഭക്തിയെ നിങ്ങൾ സൂക്ഷിക്കണം.അപ്പോൾ അദ്ദേഹത്തോട് ചോദിച്ചു,കപട ഭക്തി എന്താ ലെന്താണ്. അദ്ദേഹം പറഞ്ഞു.നിന്റെ ശരീരം കൊണ്ട നീ ഭക്തനാണ് എന്ന് അറിയിക്കുകയും മനസ്സിൽ ഭക്തനല്ലാതിരിക്കലുമാണത് . അദ്ദേഹം പറഞ്ഞു.ആദ്യമായി നിങ്ങളുടെ മതത്തിൽ നിന്ന് ചോർന്നു പോകുന്നത് ഭക്തിയായിരിക്കും

നമസ്കാരം പോലെ ഏതൊരു ആരാധന ആയിരുന്നാലും അത് നിർവ്വഹിക്കുമ്പോൾ അതിൽ അന്തർലീനമായി കിടക്കുന്ന ഭക്തിയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രതിഫലം ലഭിക്കുകയുള്ളൂ. നമസ്കാ രത്തെ കുറിച്ച് ഒരിക്കൽ പ്രവാചകൻﷺ ഇപ്രകാരം പറഞ്ഞു. പലരുടേയും നമസ്കാരത്തിൽ നിന്ന് പകുതി മാത്രമേ സ്വീകരിക്ക പ്പെടുകയുള്ളു. ചിലരുടേത് നാലിൽ ഒന്നും മറ്റു ചിലരുടേത് മൂന്നിലൊന്നും മാത്രമേ സ്വീകരിക്കപ്പെടുകയുള്ളു. അങ്ങിനെ പറഞ്ഞു പറഞ്ഞു പത്തിൽ ഒരംശം പോലും സ്വീകാര്യയോഗ്യമല്ലാത്ത നമസ്കാര ക്കാരുണ്ടെന്ന് അവിടുന്ന് പറയുകയുണ്ടായി. ഭക്തിയില്ലാത്ത കാരണത്താൽ ചിലപ്പോൾ നമസ്കാരം പൂർണ്ണമായി തന്നെ തിരസ്കരി ക്കപ്പെടുകയും ചെയ്യും.

**റജാഅ്( പ്രതീക്ഷ)** അസംഖ്യമായ അല്ലാഹുവിന്റെ മാഹാ അനുഗ്രഹങ്ങളെ കുറിച്ച് ശുഭ പ്രതീക്ഷയുണ്ടായിരിക്കലും അതിനെ കുറിച്ച് നിരാശപ്പെടാതിരിക്കലും വിശ്വാസത്തിന്റെ ഭാഗമാണ്. അനുഗ്രഹങ്ങൾ ലഭിക്കുകയില്ലേ എന്ന ആശങ്കയേക്കാൾ അത് ലെഭിക്കുമെന്ന് പ്രതീക്ഷിക്കലാണ് ഉത്തമം . അല്ലാഹു പറഞ്ഞതായി ഒരു ഹദീസിൽ കാണാം . എന്റെ ദാസൻ എന്നെകുറിച്ച് എങ്ങിനെ വിചാരിക്കുന്നുവോ അപ്രകാരമായിരിക്കും ആൻ അവനോട്. അത് രണ്ടു വിധമുണ്ടു.

1 **അത്യുന്നമമായത്** അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് പുണ്യകർമ്മങ്ങൾ അനുഷ്ഠി ക്കുക, മഹതി ആയിശ(റ) ഒരിക്കൽ പറഞ്ഞു. അവർക്ക് ലഭിച്ചദിൽ നിന്ന് അവർ നൽകുന്നവരും അവരുടെ മനസ്സുകൾ ഭയപ്പെടുന്ന വരുമാണ്. എന്ന ഖുർആൻ വചനത്തെ കുറിച്ച് നബി(സ)യോട് ചോദിച്ചു, അല്ലാഹുവിന്റെ പ്രവാചകരേ,മദ്യപിക്കുകയും മോഷണം നടത്തുകയും വ്യഭിചരിക്കുകയും ചെയ്യുന്ന വർ അല്ലാഹുവിനെ കണ്ടുമുട്ടാൻ ഭയപ്പെടു ന്നതിനെ കുറിച്ചാണോ ഇതിൽ പരാമർശിക്കുന്നത്. അപ്പോൾ അവിടുന്ന് പറഞ്ഞു. സിദ്ധീഖിന്റെ പുത്രി ആയിശാ, അതല്ല, ഉദ്ദേശിക്കുന്നത്. മറിച്ച്,നമസ്കരിക്കുകയും നോമ്പനുഷ്ടിക്കുകയും ധർമ്മം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നവർ തന്നെ അതൊന്നും സ്വീകരിക്കപ്പെടില്ലേ

എന്നായിരിക്കും അവർ ഭയപ്പെടുന്നത്.അവരെ കുറിച്ചാണ് അല്ലാഹു പറഞ്ഞത് (*പുണ്യകരമായ കാര്യത്തിൽ അവർ ധൃതി കാണിക്കുന്നവരാണ്*).

**2 താഴ്ന്ന പദവി** പാപികളായ മനുഷ്യർ അല്ലാഹുവിന്റെ അടുക്കൽ പാപമോചനം തേടിക്കൊണ്ടിരിക്കുക.

എന്നാൽ പശ്ചാതപിക്കാത്തവനും കുറ്റകൃത്യങ്ങളിൽ ശഠിച്ചിരിക്കുന്നവരും അല്ലാഹുവിന്റെ കാരുണ്യത്തെ ആഗ്രഹിക്കാവുന്നതാണ്. എന്നാൽ അതിനെ പ്രതീക്ഷ എന്ന് പറയാവതല്ല.മറിച്ച് വ്യാമോഹം എന്നേ പറയാവൂ.മാത്രമല്ല,ഇത് പ്രശംസനീയവുമല്ല, ആക്ഷേപാർഹമത്രെ. സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഭക്തിയും പ്രതിഫലേഛയും അവരിൽ സമ്മേളിക്കുമ്പോൾ , കപടൻമാരിൽ ദുശ്കർമ്മങ്ങളും വ്യാമോഹവും മാത്രമാണുണ്ടാവുക.

**◗ ഖൗഫ് (ഭയം)** അനഭിലഷണീയമായ കാര്യങ്ങൾ സംഭവിക്കുകമ്പോൾ ഉണ്ടാവുന്ന മാനസ്സിക ദുഖമാണ് ഭയം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. അത് വെറുക്ക പ്പെടുന്ന കാര്യമാകുന്നു എങ്കിൽ ഭയപ്പാടെന്നു പറയുന്നു. നിർഭയത്വത്തിന്റെ വിപരീതമാണത്.അപ്പോൾ അസ്വസ്തതയും ഭയവും മനുഷ്യരെ ബാധിക്കുന്നു. ഇത് പ്രതീക്ഷയുടെ നിഷേധവു മാകുന്നില്ല. പ്രതീക്ഷയും ഭയപ്പാടും സ്നേഹവും സമ്മിശ്രമായതാ യിരിക്കണം വിശ്വാസികളുടെ മനസ്സ്. ഇബ്നുൽ ഖയ്യിം(റ) പറഞ്ഞു, അല്ലാഹു വിലേക്ക് ആഗ്രഹിച്ചു കൊണ്ടിരിക്കുന്ന ഒരാളുടെ മനസ്സിനെ ഒരു പക്ഷിയോടു ഉപമിക്കാവുന്നതാണ്. സ്നേഹം എന്നത് ആ പക്ഷിയുടെ ശിരസ്സായും ഭയവും പ്രതീക്ഷയും അതിന്റെ രണ്ടു ചിറകിനോടു ഉപമിക്കാ വുന്നതാണ്.മനസ്സിൽ ഭയമുണ്ടാവുമ്പോൾ ദേഹേഛകളെ അത് എരിച്ചു കളയുന്നു. അപ്പോൾ ഭൗതകതയോടുള്ള ആർത്ഥി യെ തിരസ്കരിക്കാനും അവർക്ക് സാധിക്കുന്നു.

**നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഭയപ്പാട്.** നിർബന്ധമായ കാര്യങ്ങൾ അനുഷ്ഠിക്കുവാനും നിഷിദ്ധങ്ങൾ വെടിയാനും സാധിക്കുക.

**സുന്നത്തായ ഭയപ്പാട്** ഐശ്ചിക കാര്യങ്ങൾ ചെയ്യാനുള്ള സന്നദ്ധതയും വെറുക്കപ്പെട്ടത് പോലും ഒഴിവാക്കാനുള്ള ആഗ്രഹവും .

**ഇത് രണ്ടു രീതിയിലണ്ട്. ① രഹസ്യ സ്വഭാവത്തോടെയുള്ളതും ആരാധന മനോഭാവമുള്ളതും.** ഈ പറഞ്ഞത് അല്ലാഹുവിനുമാത്രം അവകാശപ്പെട്ടതാണ്. അത് അല്ലാഹു അല്ലാത്തവരിലേക്ക് തിരിയുമ്പോൾ വൻകുറ്റമായ ശിർക്ക്(ബഹു ദൈവ വിശ്വാ സമായി) മാറുന്നു. ബഹു ദൈവാരാധകർ അവരുടെ വിഗ്രഹങ്ങളിൽ നിന്ന് വല്ല ഉപദ്രപവും ഗുരുത്വക്കേടുകളും ഉണ്ടാവുമോ എന്ന് ഭയപ്പെട്ടിരുന്നത് ഇതിന്റെ ഉദാഹരണമാണ്. **② നിഷിദ്ധം** ജനങ്ങളെ ഭയപ്പെട്ട് പുണ്യകരമായ കാര്യങ്ങൾ ചെയ്യാതിരിക്കുകയോ നിഷിദ്ധം പ്രവർത്തിക്കുകയോ ചെയ്യുക. **③ സ്വാഭാവികമായ ഭയം** വന്യമൃഗങ്ങളിൽ നിന്നും അതുപോലുള്ള വസ്തുക്കളിൽനിന്നുമുള്ള ഭയപ്പാട് ഇതിൽ ഉൾപ്പെടുന്നു.

**◗ അസ്സുഹ്ദ്(വിരക്തി)** ഏറ്റവും ഗുണകരമായ കാര്യത്തിലേക്ക് മനസ്സിനെ തെറ്റിക്കുക എന്നതാണ് യഥാർത്ഥ വിരക്തി.ഭൗതീകവസ്തുക്കളോടുള്ള വിരക്തി നമ്മു ടെ മനസ്സിനും ശരീരത്തിനും ആനന്ദം പ്രദാനം ചെയ്യും അതി നോടു ള്ള ആർത്തി ദുഖത്തിനും വ്യഥക്കും കാരണമാകും.സർവ്വ തിൻമകളുടെയും മൂലകാരണം ഭൗതീകവസ്തുക്കളോടുള്ള അമിത താൽപര്യമാ ണ്. അതിനാൽ തന്നെ ആർക്ക് അതിനോട് വിമ്മിഷ്ടം ഉണ്ടാകുന്നു വോ അയാൾക്ക് പുണ്യകർമ്മങ്ങളനുഷ്ടിക്കാൻ സാഹചര്യങ്ങളുണ്ടാ കും.ഭൗതീകതയെ മനസാന്തര ത്തിൽ നിന്ന് പിഴുതുമാറ്റാൻ സാധിക്കു ന്നു വെങ്കിൽ അവനാണ് യഥാർത്ഥ വിരക്തിയോടെ ജീവിക്കുന്നവൻ. അതല്ലാതെ മനസ്സിൽ അതിനോട് അമിതഭ്രമമുണ്ടാകുകയും തന്റെ കൈപിടിയിൽ

നിന്ന് അവയെ വർജ്ജിക്കുകയും ചെയ്യുന്നവനല്ല ശരി യായ വിരക്തിയുള്ളവൻ.അത് വിധികളുടെ ലക്ഷണമാണ്. നബിﷺ പറഞ്ഞു,***സൽവൃത്തരായ ഒരാൾക്ക് നല്ല സമ്പാദ്യം എത്ര മഹത്തരം***, **(അഹ്മദ്)**

**ദരിദ്രരായ വ്യക്തിക്ക് സമ്പത്തിനോടുള്ള സമീപനം അഞ്ചു രൂപത്തിലുണ്ടായിരിക്കും.** ❶ പണ സമ്പാദനത്തിന് അധിക പ്രാധാന്യം നൽകാതിരിക്കുകയും അതിൽ മാത്രം വ്യാപൃതരാവുന്നതും അതിന്റെ കുഴപ്പങ്ങളിൽ അകപ്പെടുന്നതും സൂക്ഷിക്കുകയും ചെയ്യുക,ഇത് ശരിയും അനിവാര്യവുമാണ്. ❷ ലഭിക്കുന്നതിൽ സന്തോഷിക്കാതിരിക്കുകയും അതുകൊണ്ട് ഉണ്ടാവുന്ന തിൻമകളിൽ അസ്വസ്ഥതാവാതിരിക്കുകയും ചെയ്യുക . ഇയാളെ കുറിച്ച് സംതൃപ്തൻ എന്ന് പറയാം . ❸ **സമ്പത്ത് ലഭിക്കുമ്പോൾ വലിയ താൽപ്രയവും സന്തോഷവും ഉണ്ടാവുകയ,** അത് ലഭിക്കാതിരിക്കുമ്പോൾ സമ്പത്തുണ്ടാവുന്നതാണ് തനിക്ക് ഇഷ്ടമെന്ന് വിചരിക്കുകയും ചെയ്യുന്നവർ. പക്ഷേ സമ്പാദിക്കാനായി അയാൾ നെട്ടോട്ടമോടുകയില്ല, ലഭിച്ചാൽ തൃപതനാവുകയും ചെയ്യും, പണം ലഭിക്കാൻ കഠിനാധ്വാനം ആവശ്യമാണെങ്കിൽ അതിന് സന്നദ്ധത കാണിക്കുകയുമില്ല. ഇയാളെ ഉള്ളതു കൊണ്ട് തൃപ്തിപ്പെട്ടവൻ എന്ന് പറയാം . ❹ **സാധിക്കാത്തതിനാൽ പണം വേണ്ട എന്ന് വെക്കുന്നവർ.** അല്ലാത്ത പക്ഷം സമ്പത്തിനോട് വലിയ താൽപര്യം ഉണ്ടാവുകയും ചെയ്യും. അതിനായ് കഠിനാധ്വാനം ആവശ്യമാണെങ്കിൽ അതിന് സന്നദ്ധത കാണിക്കുകയും ചെയ്യും. ഇയാളെ അത്യാർത്ഥിയുള്ളവൻ എന്ന് പറയാം .

❺ **അത്യാവശ്യമുള്ളവർ,** പട്ടിണിയും കഷ്ടപ്പാടും കാരണം സമ്പത്ത് അനിവാര്യമായിട്ടുള്ളവർ. ഭക്ഷണം ,പാർപ്പിടം വസ്ത്രം എന്നിവക്ക് വേണ്ടി അയാൾ ആഗ്രഹിക്കുന്നു,അവരെ കുറിച്ച് അത്യാവശ്യക്കാർ എന്ന് പറയാം.

# ശാന്തമായ ഒരു അഭിമുഖം

അബ്ദുല്ല അബ്ദുന്നബിയെ കണ്ടു. അപ്പോൾ അബ്ദുല്ലയുടെ മനസ്സിൽ സുഹൃത്തിൻെറ പേരിനെ കുറിച്ച് വെറുപ്പുതോന്നി. അവൻ ചിന്തിച്ചു: ഒരാൾ എങ്ങനെയാണ് അല്ലാഹുവല്ലാത്തവരുടെ അടിമയാവുക?. പിന്നീട് അവർ സംഭാഷണം തുടങ്ങി. അബ്ദുല്ല ചോദിച്ചു: താങ്കൾ അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നുണ്ടോ?

**അബ്ദുന്നബിയ്യ്:** ഇല്ല. ഞാൻ മുസ്ലിമാണ്. അല്ലാഹുവിനെ മാത്രമെ ആരാധിക്കുകയുള്ളു. അല്ലാഹുവല്ലാത്ത ആരെയും ആരാധിക്കുന്നില്ല.

**അബ്ദുല്ല:** എങ്കിൽ ക്രൈസ്തവർ അബ്ദുൽ മസീഹ് (യേശുദാസ്) എന്ന് പേരിടുന്നത് പോലെയാണല്ലൊ താങ്കളുടെ പേര്. അവർ ഈസാ നബി ﵇ യെ ആരാധി ക്കുന്നതിനാൽ അതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ താങ്കളുടെ പേര് കേട്ടാൽ താങ്കൾ നബി ﷺ യെ ആരാധിക്കുന്നവനാണെന്നല്ലേ തോന്നുക. നബി ﷺ യെ കുറിച്ചുള്ള മുസ്ലിമിൻെറ വിശ്വാസം അങ്ങനെയല്ലല്ലോ. മാത്രമല്ല. നബി ﷺ അല്ലാ ഹുവിൻെറ അടിമയും റസൂലുമാണെന്ന് നാം വിശ്വസിക്കൽ നിർബ്ബന്ധവുമാണ്.

**അബ്ദുന്നബിയ്യ്:** പക്ഷെ നബി ﷺ മനുഷ്യരിൽ ഉത്തമനാണല്ലോ. അവിടുന്ന് പ്രവാച കന്മാരുടെ നേതാവുമാണല്ലൊ. അതിനാൽ അല്ലാഹുവിൻെറ അടുക്കൽ നബി ﷺ ക്കുള്ള സ്ഥാനവും പദവിയും കൊണ്ട് ബർകത്തെടുക്കാനും അല്ലാഹുവിലേക്ക് അടുക്കാനും അതിനായി ശുപാർശ തേടാനും വേണ്ടി ഞങ്ങൾ ഈ പേരിടുന്നു.

അതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. എൻെറ സഹോദരൻെറ പേര് അബ്ദുൽ ഹുസൈൻ, എൻെറ പിതാവിൻെറ പേര് അബ്ദുറസൂൽ എന്നുമാണ്. ഇതൊക്കെ പണ്ടേയുള്ളതും നാട്ടിൽ പ്രചാരത്തിലുള്ളതുമായ പേരുകളാണ്. ഞങ്ങളുടെ പിതാക്കളൊക്കെ ആ പരമ്പര്യത്തിലുണ്ട്. പിന്നെന്തിനാ താങ്കൾ ഇത്ര കാർക്കശ്യം കാണിക്കുന്നത് മതം എളുപ്പമല്ലേ. വിഷയം ലളിതവും.

**അബ്ദുല്ല:** **ആദ്യത്തെതിനേക്കാൾ വലിയ തെററ് ഇപ്പോൾ പറഞ്ഞതാണ്. അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യം അവനല്ലാത്തവരോട് താങ്കൾ തേടുന്നു. ചോദിക്കുന്നത് മുഹമ്മദ് ﷺ യോടോ ഹുസൈനെ ﵁ പോലെയുള്ള സദ്‌വൃത്തരോടോ ആയിരുന്നാലും ശരി. ഇത് തൗഹീദിനും, ലാഇലാഹ ഇല്ലല്ലാഹു എന്നതിൻെറ ആശയത്തിനും എതിരാണ്. വിഷയത്തിൻെറ ഗൗരവവും ഇത്തരം പേരിലെ അപകടവും താങ്കൾക്ക് വ്യക്തമാകാൻ വേണ്ടി ചില കാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം. സത്യവും അസത്യവും തിരിച്ചറിയുകയും സത്യം പിൻപറ്റുകയുമല്ലാതെ എനിക്ക് വേറൊരു ലക്ഷ്യവുമില്ല. എല്ലാം അല്ലാഹുവിൽ അർപ്പിക്കുന്നു. അവനാണല്ലോ സഹായി. അതിൻെറ മുമ്പായി താങ്കളെ ഒരു കാര്യം ഓർമിപ്പിക്കുന്നു. അല്ലാഹു പറഞ്ഞു: തങ്ങൾക്കിടയിൽ വിധി പറയാൻ വേണ്ടി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന് പറയുക മാത്രമായിരിക്കും സത്യവിശ്വാസികളുടെ വാക്ക്. (24:51) അല്ലാഹു പറഞ്ഞു: നിങ്ങൾ വല്ല കാര്യത്തിലും ഭിന്നിച്ചാൽ നിങ്ങൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നരാണങ്കിൽ. (നിസാഅ് 59)**

**അബ്ദുല്ല:** **താങ്കൾ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് സാഷ്യം വഹിക്കുന്നെന്നും അല്ലാഹുവിനെ ഏകനാക്കുന്നുവെന്നും പറഞ്ഞല്ലോ. അതിൻെറ ആശയം എന്താണെന്ന് എനിക്ക് വിവരിച്ച് തരാമോ?**

**അബ്ദുന്നബിയ്യ്:** **തൗഹീദ് എന്നാൽ അല്ലാഹു ഉണ്ട്. അവനാണ് ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത്. ജിവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും ഈ പ്രപഞ്ചം നിയന്ത്രിക്കുന്നവനും അവനാണ്. അവൻ ഉപജീവനം നൽകുന്നവനും എല്ലാം അറിയുന്നവനും എല്ലാത്തിനും കഴിവുള്ളവനുമാണ്.**

**അബ്ദുല്ല:** ഈ പറഞ്ഞത് മാത്രമാണ് തൗഹീദെങ്കിൽ ഫിർഔനും അവൻെറ ആളുകളും അബൂജഹലും അവൻെറ ആൾക്കാരുമെല്ലാം എകദൈവ വിശ്വാസി കളാവേണ്ടി വരും. ഈ കാര്യം അവർക്കൊന്നും അറിയാത്തതായിരുന്നില്ല. എന്നല്ല ബഹുദൈവരാധകരിൽ അധികമാളുകൾക്കും ഇതറിയാവുന്നതുമാണല്ലോ. സ്വയം റബ്ബാണെന്ന് വാദിച്ച ഫിർഔൻ അല്ലാഹു ഉണ്ടെന്നും അവനാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതെന്നും മനസ്സിനുള്ളിൽ അംഗീകരിച്ചിരുന്നു. അല്ലാഹു പറഞ്ഞു: അവയെ പററി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അഹങ്കാരത്താലും അക്രമത്താലും അവർ അത് നിഷേധിച്ചു കളഞ്ഞു.(നംല് 14.) അവർ മുങ്ങിമരിക്കുന്ന സന്ദർഭത്തിൽ ഇത് പ്രത്യക്ഷമായി അംഗീകരിച്ചതുമാണ്. എന്നാൽ യഥാർത്ഥത്തിൽ പ്രവാചകന്മാർ നിയുക്തരായതും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപെട്ടതും ഖുറൈശികളുമായി യുദ്ധം ചെയ്യേണ്ടി വന്നതുമായ തൗഹീദ് അല്ലാഹുവിന് മാത്രം ഇബാദത്ത് ചെയ്യുക എന്നതാണ്. ഇബാദത്തെന്നാൽ അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന പരോക്ഷവും പ്രത്യക്ഷവുമായ എല്ലാ വാക്കുകളും പ്രവർത്തികളും ഉൾക്കൊള്ളുന്ന നാമമാണ്. ലാഇ ലാഹ ഇല്ലല്ലാഹു എന്നതിലെ ഇലാഹിൻെറ വിവക്ഷ ഇബാദത്തിന് അർഹതയുള്ള ഏകനായ ആരാധ്യൻ അല്ലാഹു മാത്രമാണ് എന്നാകുന്നു.

**അബ്ദുല്ല:** അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചത് എന്തിനാണെന്ന് താങ്കൾക്കറിയുമോ? അവരിൽ ആദ്യ റസൂലാണ് നൂഹ് عليه السلام .

**അബ്ദുന്നബി:** അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കും അവന് സങ്കൽപ്പിക്കപ്പെടുന്ന മുഴുവൻ പങ്കാളികളേയും ഉപേക്ഷിക്കുന്നതിലേക്കും ജനങ്ങളെ ക്ഷണിക്കാൻ വേണ്ടി.

**അബ്ദുല്ല:** നൂഹ് നബി عليه السلام യുടെ ജനതയിൽ ശിർക്ക് വരാനുള്ള കാരണം?

**അബ്ദുന്നബി:** അറിയില്ല.

**അബ്ദുല്ല:** അവർ വദ്ദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്വ്ർ എന്നീ സ്വാലിഹീങ്ങളെ സംബന്ധിച്ച് അതിർ വിട്ടപ്പോഴാണ് അല്ലാഹു നൂഹ് നബി عليه السلام യെ നിയോഗിച്ചത്.

**അബ്ദുന്നബി:** വദ്ദ്, സുവാഉ് എന്നൊക്കെ സ്വാലിഹീങ്ങളായ ആളുകളുടെ പേരാണോ? അവരൊക്കെ സത്യനിഷേധികളായിരുന്നില്ലേ?.

**അബ്ദുല്ല:** അതെ, ഇത് സ്വാലിഹീങ്ങളുടെ പേരുകളാണ്. അവരെയാണ് നൂഹി عليه السلام ൻെറ ജനത ആരാധ്യരാക്കിയത്. അവരെ പിന്തുടർന്ന് അറബികളും അങ്ങനെ ചെയ്തു. ഇതിന് തെളിവ് ഇബ്നു അബ്ബാസ് رضي الله عنه പറഞ്ഞു: നൂഹ് നബി عليه السلام യുടെ ജനതയിലുണ്ടായിരുന്ന വിഗ്രഹങ്ങൾ പിന്നീട് അറബികളിലുമെത്തി. അങ്ങനെ വദ്ദ് ദുവ്മത്തുൽ ജൻദലിലെ കൽബ് ഗോത്രത്തിൻെറതായി. സുവാഅ് ഹുദൈലിനും യഗൂസ് മുറാദിനും പിന്നെ സബഇൻെറ അടുത്തുള്ള അൽജൗഫിലെ ബനൂ ഗുത്വൈഫിനുമായി. യഊഖ് ഹംദാനും നസ്വ്ർ ആലു ദിൽകലാഇലെ ഹിംയറിനുമായി. ഇത് നൂഹി عليه السلام ൻെറ ജനതയിലെ സ്വാലിഹീങ്ങളുടെ പേരുകളാണ്. അവർ മരിച്ചപ്പോൾ അവർ ഇരിക്കാറുണ്ടായിരുന്ന സ്ഥലങ്ങളിൽ പ്രതിഷ്ഠകൾ സ്ഥാപിക്കുവാനും ആ പ്രതിഷ്ഠകൾക്ക് അവരുടെ പേര് നൽകാനും പിശാച് അവർക്ക് സന്ദേശം നൽകി. അവർ അങ്ങനെ ചെയ്തു. അവർ മരിക്കു

കയും അതിനെ പററിയുള്ള അറിവ് മായുകയും ചെയ്തപ്പോൾ അവർ ആരാധിക്കപ്പെട്ടു. (ബുഖാരി)

**അബ്ദുന്നബി:** ഇത് അൽഭുത വർത്തമാനമാണല്ലോ.

**അബ്ദുല്ല:** ഇതിനേക്കാൾ അൽഭുതമുള്ള മറെറാരു കാര്യം നിനക്ക് പറഞ്ഞു തരട്ടെ. മുഹമ്മദ് നബി ﷺ യുടെ പ്രബോധിത സമൂഹം പാപമോചനം തേടുകയും ഇബാദത്തുകൾ നിർവഹിക്കുകയും ത്വവാഫും സഅ്‌യും ചെയ്യുകയും ഹജ്ജ് ചെയ്യുകയും ദാനം നൽകുകയും ചെയ്യുന്നവരായിരുന്നു. പക്ഷെ അവർ തങ്ങളുടെയും അല്ലാഹുവിൻെറയും ഇടയിൽ മലക്കുകൾ, ഈസാ നബി عليه السلام, സദ്‌വൃത്തർ തുടങ്ങിയ ചിലരെ മധ്യവർത്തികളാക്കിയിരുന്നു. അവർ തങ്ങളെ അല്ലാഹുവിലേ ക്ക് അടുപ്പിക്കും. തങ്ങൾക്ക് വേണ്ടി അല്ലാഹുവിൻെറ അടുക്കൽ ശുപാർശ ചെയ്യും എന്നായിരുന്നു അവർ പറഞ്ഞിരുന്നത്. അവരിലേക്കാണ് അല്ലാഹു ഇബ് റാഹിം നബി عليه السلام യുടെ മതം പുനരുജ്ജീവിപ്പിക്കാൻ വേണ്ടി മുഹമ്മദ് ﷺ യെ നിയോഗിച്ചത്. ഈ സാമീപ്യം തേടലും ഈ വിശ്വാസവും അല്ലാഹുവിന് മാത്രം അർഹതപ്പെട്ട അവകാശമാണെന്നും മററാരോടും അത് ചെയ്യാവതല്ലെന്നും അവ രോട് നബി ﷺ പറഞ്ഞു. അപ്പോൾ സ്രഷ്ടാവ് അവൻ മാത്രമാണ്. അവനൊരു പങ്കുകാരുമില്ല. ഉപജീവനം നൽകുന്നവനും അവൻ മാത്രം. ആകാശഭൂമിയും അവ യിലുള്ളതുമെല്ലാം അവൻെറ നിയന്ത്രണത്തിലും അടിമത്വത്തിലുമാണ്. അല്ലാഹു വല്ലാത്ത മറെറല്ലാ ആരാധ്യരും അവൻെറ ആധിപത്യത്തിലാണ് എന്ന് അവർ അംഗീകരിച്ചിരുന്നതാണ്.

**അബ്ദുന്നബി:** ഇതൊരു അത്ഭുതമുളള വാർത്തയാണ്. ഇതിനൊക്കെ വല്ല രേഖയുമുണ്ടോ?

**അബ്ദുല്ല:** അതെ. ധാരാളം തെളിവുകളുണ്ട്. അല്ലാഹു പറഞ്ഞു: പറയുക: ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവനാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നവൻ ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹുവാണ്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സുക്ഷ്മത പാലിക്കുന്നില്ലേ.? (യൂനുസ് 31) **അല്ലാഹു പറഞ്ഞു:** (നബിയേ,) ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടെതാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: അല്ലാഹുവിൻെറതാണ്. നീ പറയുക: എന്നാൽ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ? നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിൻെറ രക്ഷിതാവും ആരാകുന്നു? അവർ പറയും: അല്ലാഹുവിന്നാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?. നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവൻെറ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്?. നിങ്ങൾക്കറിയാമെങ്കിൽ (പറയൂ) അവർ പറയും: (അതെല്ലാം) അല്ലാഹുവിനുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽ പെട്ടുപോകുന്നത്? (മുഅ്മിനൂൻ 84-89) മുശ്‌രിക്കുകൾ ഹജ്ജിൽ ഇപ്രകാരം തൽബിയത്ത് ചൊല്ലിയിരുന്നു. “അല്ലാഹുവേ നിൻെറ വിളിക്കുത്തരം ചെയ്യുന്നു. നിനക്കൊരു പങ്കുകാരില്ല. ചില പങ്കുകാരൊഴികെ. ആ പങ്കുകാരനും അവൻ ഉടമപ്പെടുത്തിയതും നീ ഉടമപ്പെടുത്തിയിരിക്കുന്നു.” അപ്പോൾ ഖുറൈശികളിലെ മുശ്‌രിക്കുകൾ അല്ലാഹുവാണ് ഈ പ്രപഞ്ചം നിയന്ത്രിക്കുന്നതെന്ന് വിശ്വസിച്ചിട്ടും തൗഹീദുറുബൂബിയത്ത് അംഗീക

രിച്ചിട്ടും അവർ ഇസ്‌ലാമിൽ പ്രവേശിച്ചില്ല. കാരണം മലക്കുകൾ, നബിമാർ, ഔലിയാക്കൾ എന്നിവരുടെ ശുപാർശയും അവർ മുഖേന അല്ലാഹുവിലേക്ക് അടുക്കാൻ അവർ ഉദ്ദേശിച്ചു. അതിനാൽ അവരോട് യുദ്ധം ചെയ്യാൻ അനു വദിക്കപ്പെട്ടു. അപ്പോൾ പ്രാർത്ഥന മുഴുവൻ അല്ലാഹുവിലേക്ക് മാത്രം തിരിക്കണം. നേർച്ച മുഴുവനും അവന് വേണ്ടി മാത്രമാകണം. ബലിയറുക്കുന്നത് അവന് വേണ്ടി മാത്രമാകണം. സഹായം തേടലും അവനോട് മാത്രമാകണം. ഇത്തര ത്തിലുള്ള ഇബാദത്തുകൾ മുഴുവൻ അല്ലാഹുവിന് മാത്രമായിരിക്കണം.

**അബ്ദുന്നബി:** അല്ലാഹു ഉണ്ടെന്നും, അവനാണ് ഈ പ്രപഞ്ചമൊക്കെ നിയന്ത്രി ക്കുന്നതെന്നും വിശ്വാസിക്കലല്ല തൗഹീദെങ്കിൽ പിന്നെ തൗഹീദെന്താണ്?

**അബ്ദുല്ല:** നബിമാർ നിയോഗിക്കപ്പെട്ടതും മുശ്‌രിക്കുകൾ സമ്മതിക്കാതിരുന്നതു മായ തൗഹീദ് ആരാധനകൾ അല്ലാഹുവിന് മാത്രം സമർപ്പിക്കണമെന്നതാണ്. പ്രാർത്ഥന, നേർച്ച, സഹായം തേടൽ തുടങ്ങിയ ആരാധനയുടെ ഒരു ഇനവും അല്ലാഹുവല്ലാത്തവരിലേക്ക് തിരിക്കാവതല്ല. ഈ തൗഹീദാണ് ലാഇലാഹ ഇല്ലല്ലാ ഹു എന്നതിൻെറ വിവക്ഷ. കാരണം ഖുറൈശികളിലെ മുശ്‌രിക്കുകളുടെ അടു ക്കൽ ഇലാഹ് എന്ന് പറഞ്ഞാൽ പ്രസ്തുത ആരാധനകൾ നിർവ്വഹിക്കപ്പെടുന്ന താണ്. അത് മലക്ക്, നബി, വലിയ്യ്, വൃക്ഷം, ഖബർ, ജിന്ന് എന്നിവയൊക്കെ യാകാം. ഇലാഹ് കൊണ്ട് സ്രഷ്ടാവ്,റിസ്ഖ് നൽകുന്നവൻ, നിയന്താവ് എന്നവർ ഉദ്ദേശിച്ചിരുന്നില്ല. കാരണം ഇതൊക്കെ അല്ലാഹുവിന് മാത്രമുള്ളതാ ണെന്ന് അവർ അംഗീകരിച്ചിരുന്നു. ഇവരെയാണ് നബി ﷺ ലാഇലാഹ ഇല്ലല്ലാഹു എന്ന തൗഹീദിൻെറ വചനത്തിലേക്കും അതിൻെറ ആശയത്തിലേക്കും ക്ഷണിച്ചി രുന്നത്. അത് ഉച്ചരിക്കാൻ വേണ്ടി മാത്രമായിരുന്നില്ല.

**അബ്ദുന്നബി:** ലാഇലാഹ ഇല്ലല്ലാഹുവിൻെറ ഉദ്ദേശം ഖുറൈശികളിലെ മുശ്‌രി ക്കുകൾക്ക് ഇന്നത്തെ മുസ്‌ലിംകളേക്കാൾ അറിയുമെന്നാണോ പറയുന്നത്?

**അബ്ദുല്ല:** അതെ. ഇതാണ് ദുഖകരം. തൗഹീദിൻെറ വചനം കൊണ്ട് നബി ﷺ ഉദ്ദേശിച്ചത് ആരാധന അല്ലാഹുവിന് മാത്രമാക്കുകയും അല്ലാഹുവല്ലാത്ത സർവ്വ ആരാധ്യരെയും അവിശ്വസിക്കലുമാണെന്ന് അക്കാലത്തെ കാഫിറുകൾ മനസ്സിലാ ക്കിയിരുന്നു. അത് കൊണ്ടാണല്ലോ ഈ ലോകത്തിൻെറ നിയന്താവ് അല്ലാഹുവാ ണെന്ന് വിശ്വസിക്കുന്ന ഖുറൈശികളോട് നബി ﷺ ലാ ഇലാഹ ഇല്ലാല്ലാഹു എന്ന് പ്രഖ്യാപിക്കാൻ പറഞ്ഞപ്പോൾ (അവൻ ഇലാഹുകളെ ഒരു ഇലാഹാക്കുകയോ? തീർച്ചയായും ഇത് അൽഭുതമുള്ള കാര്യമാണ്.) (സ്വാദ്:5) അപ്പോൾ ജാഹിലിയ്യ ത്തിലെ കാഫിറുകൾ ഈ കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ ഇസ്‌ലാമാണെന്ന് വാദിക്കുന്നവരുടെ കാര്യമാണ് അൽഭുതം. ഇവർ ഈ വചനം ഉച്ചരിക്കുകയല്ലാ തെ അതിൻെറ ആശയം മനസ്സിലാക്കി വിശ്വസിക്കുന്നില്ല. ഇനി മനസ്സിലാക്കുന്ന വർ തന്നെ അല്ലാഹുവല്ലാതെ സ്രഷ്ടാവില്ല, റിസ്ഖ് നൽകുന്നവനില്ല, നിയന്ത്രി ക്കുന്നവനില്ല എന്ന് മാത്രമാണ് ധരിച്ചുവെച്ചിരിക്കുന്നത്. അപ്പോൾ ഇസ്‌ലാമിൻെറ ആളുകളെന്ന് വാദിക്കുന്നവരേക്കാൾ ലാഇലാഹയുടെ ആശയം അറിയുന്നത് ഖുറൈശികളിലെ വിവരമില്ലാത്തവർക്കാണല്ലേ.

**അബ്ദുന്നബിയ്യ്:** എന്നാൽ ഞാൻ അല്ലാഹുവിനോട് പങ്കുചേർക്കുന്നില്ല. സൃഷ്ടി ക്കുന്നതും റിസ്ഖ് നൽകുന്നതും ഉപകാരവും ഉപദ്രവവുമൊക്ക ചെയ്യുന്നതും അല്ലാഹു മാത്രമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുണ്ട്. അലി رضي الله عنه ക്കോ ഹുസൈനോ رضي الله عنه അബ്ദുൽഖാദിർ ജീലാനി(റ)ക്കോ അവരെ പോലെയുള്ളവർക്കോ സ്വന്തത്തിന് ഉപകാരം ചെയ്യാനോ ഉപദ്രവം തടയാനോ കഴിയില്ല. എന്നല്ല നബി ﷺ ക്ക് പോലും അത്തരം കഴിവില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക്

തെറ്റുപറ്റിപോയിരിക്കുന്നു. എന്നാൽ സ്വാലിഹീങ്ങൾക്ക് അല്ലാഹുവിൻെറ അടുക്കൽ ഉന്നത സ്ഥാനമുണ്ടല്ലോ. അത് മുഖേന ശുപാർശ ചെയ്യാൻ അവരോട് ഞാൻ തേടുന്നതാണ്.

**അബ്ദുല്ല:** നേരത്തെ പറഞ്ഞ മറുപടി തന്നെ പറയട്ടെ. താങ്കൾ പറഞ്ഞതൊക്കെ അംഗീകരിക്കുന്നവരുമായിട്ടാണ് നബി ﷺ യുദ്ധം ചെയ്തത്. ബിംബങ്ങളാണ് ഈ ലോകം നിയന്ത്രിക്കുന്നതെന്ന് അവർ വിശ്വസിച്ചിരുന്നില്ലല്ലോ. പ്രത്യുത അവർ ഉദ്ദേശിച്ചത് പദവിവും ശുപാർശയുമാണ്. ഇതിനുള്ള തെളിവുകൾ ഖുർആനിൽ നിന്ന് ഉദ്ദരിച്ചതുമാണല്ലോ.

**അബ്ദുന്നബി:** പക്ഷെ ഈ ആയത്തുകളൊക്കെ ബിംബങ്ങളെ ആരാധിക്കുന്ന വരെ കുറിച്ചവതരിച്ചതാണ്. നബിമാരെയും സ്വാലിഹീങ്ങളെയും ബിംബങ്ങളെ പോലെയാക്കുന്നതെങ്ങനെ?

**അബ്ദുല്ല:** നൂഹ് നബി (عليه السلام) യുടെ കാലത്തെ പോലെ ചില ബിംബങ്ങൾക്ക് സ്വാലി ഹീങ്ങളുടെ നാമ മാണെന്നും കാഫിറുകൾ അവയിൽ നിന്ന് ഉദ്ദേശിക്കുന്നത് അല്ലാ ഹുവിൻെറ അടുക്കൽ ശുപാർശ നടത്തൽ മാത്രമാണെന്നും നാം മനസ്സിലാക്കിയ താണ്. കാരണം അല്ലാഹുവിൻെറ അടുക്കൽ അവർക്ക് പ്രത്യേക സ്ഥാനമുണ്ട്. അല്ലാഹു പറഞ്ഞു: അവന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാ കുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. (സുമർ 2) നബിമാരെയും സ്വാലീഹീ ങ്ങളെയും ബിംബങ്ങളെ പോലയാക്കുന്നതെങ്ങനെയാണെന്ന് താങ്കൾ പറഞ്ഞ തിനെപററി പറയാനുള്ളത് നബി ﷺ നിയോഗിക്കപ്പെട്ട അവിശ്വാസികളിൽ ഔലിയാ ക്കളോട് പ്രാർത്ഥിക്കുന്നവരുണ്ടായിരുന്നു. അവരെപററി അല്ലാഹു പറഞ്ഞു: അവർ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ അവ രുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏററവും അടുത്തവർ തന്നെ അപ്രകാരം തേടുന്നു. അവർ അവൻെറ കാരുണ്യം ആഗ്രഹിക്കുകയും അവൻെറ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. തീർച്ചയായും നിൻെറ രക്ഷിതാവിൻെറ ശിക്ഷ ഭയപ്പെണ്ടേതാകുന്നു. (ഇസ്റാഅ്:57) അവരിൽ ഈസാ നബി (عليه السلام) യോടും മാതാവിനോടും പ്രാർത്ഥിക്കു ന്നവരുണ്ടായിരുന്നു. അല്ലാഹു പറഞ്ഞു: അല്ലാഹു പറയുന്നു സന്ദർഭം ശ്രദ്ധിക്കുക: മറിയമിൻെറ മകനായ ഈസാ, അല്ലാഹുവിന് പുറമേ എന്നെയും എൻെറ മതാവി നേയും ദൈവങ്ങളാക്കിക്കൊള്ളുവിൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്. (മാഇദ 116) അവരിൽ മലക്കുകളോട് പ്രാർത്ഥിക്കുന്നവരുമുണ്ടായിരുന്നു. അല്ലാഹു പറഞ്ഞു: അവരെ എല്ലാവരെയും ഒരുമിച്ച് കൂട്ടുന്ന ദിനം പിന്നീട് മലക്കുകളോട് പറയുകയും ചെയ്യും ഈ കൂട്ടർ നിങ്ങളെ ആരാധിക്കുന്നവരായിരുന്നോ? (സബഅ്: 40) ഇവിടെ അല്ലാഹു ബിംബങ്ങളോട് പ്രാർത്ഥിച്ചവരെയും നബിമാർ, സ്വാലിഹീ ങ്ങൾ, മലക്കുകൾ തുടങ്ങിയവരോട് പ്രാർത്ഥിച്ചവരെയും തുല്യമായി അവിശ്വാസി കളാക്കിയിരിക്കുകയാണ്. നബി ﷺ യുദ്ധം ചെയ്തപ്പോൾ അവർക്കിടയിൽ ഒരു വ്യത്യാസവും കാണിച്ചിട്ടില്ല. ഈ കാര്യങ്ങളൊക്കെ ചിന്തിച്ചു നോക്കു.

**അബ്ദുന്നബി:** പക്ഷെ അവിശ്വാസികൾ അവരിൽ നിന്ന് ഉപകാരം പ്രതീക്ഷിച്ചിരു ന്നു. എന്നാൽ ഞാൻ ഉപകാരവും ഉപദ്രവവും നിയന്ത്രണവും ചെയ്യുന്നത് അല്ലാ ഹുവാണെന്ന് സാക്ഷ്യം വഹിക്കുന്നുണ്ട്. മാത്രമല്ല അവനിൽ നിന്നല്ലാതെ ഞാന ത് പ്രതീക്ഷിക്കുന്നില്ലല്ലോ. ഇതിൽ സാലിഹീങ്ങൾക്ക് യാതൊരു പങ്കുമില്ല. പ്രത്യു

ത അല്ലാഹുവിൻെറ അടുക്കൽ ശുപാർശ മാത്രമേ അവരിൽ നിന്ന് ഞാൻ പ്രതീക്ഷിക്കുന്നുള്ളൂ.

**അബ്ദുല്ല:** നീ പറഞ്ഞത് തന്നെയാണ് കാഫിറുകളും പറഞ്ഞിരുന്നത്. അല്ലാഹു പറഞ്ഞു: അവർ അല്ലാഹുവിന് പുറമെ അവർക്ക് ഉപദ്രവം ചെയ്യാത്തതിനെയും ഉപകാരം ചെയ്യാത്തതിനെയും ആരാധിക്കുന്നു. ഇവർ അല്ലാഹുവിൻെറ അടുക്കൽ ഞങ്ങൾക്ക് ശുപാർശ ചെയ്യുന്നവരാണ് എന്ന് അവർ പറയുകയും ചെയ്യും (യൂനുസ്: 18)

**അബ്ദുന്നബി:** പക്ഷെ ഞാൻ അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നില്ല. സ്വാലിഹീങ്ങളിൽ അഭയം തേടുന്നതും പ്രാർത്ഥിക്കുന്നതും ആരാധനയല്ലല്ലോ.

**അബ്ദുല്ല:** എന്നാൽ ഞാൻ നിന്നോട് ചോദിക്കട്ടെ. താങ്കൾ ആരാധന അല്ലാഹുവിന് മാത്രമെ ചെയ്യാവൂ എന്ന് അംഗീകരിക്കുമല്ലോ. അങ്ങനെയാണല്ലോ ഖുർആൻ കൽപിച്ചത്. (കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കാനല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല. (ബയ്യിന: 5)

**അബ്ദുന്നബിയ്യ്:** അതെ. അത് നിർബ്ബന്ധമാണ്.

**അബ്ദുല്ല:** എങ്കിൽ താങ്കൾ അല്ലാഹു നിർബ്ബന്ധമാക്കിയ ഈ കാര്യം എന്താണെന്ന് എനിക്ക് വിവരിച്ച് തരുമോ?

**അബ്ദുന്നബി:** ഈ ചോദ്യം കൊണ്ട് താങ്കൾ ഉദ്ദേശിച്ചതെന്താണെന്ന് എനിക്ക് മനസ്സിലായില്ല.

**അബ്ദുല്ല:** ഞാൻ പറയുന്നത് കേൾക്കൂ. അല്ലാഹു പറഞ്ഞു: താഴ്മയോട് കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങളുടെ നാഥനോട് നിങ്ങൾ പ്രാർത്ഥിക്കുക.
അതിൽ അതിര് വിട്ട് കടക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയേയില്ല. (അഅ്റാഫ് 55) അപ്പോൾ പ്രാർത്ഥന ആരാധനയാണോ അല്ലയോ?

**അബ്ദുന്നബി** അതെ. ആരാധനയുടെ മജ്ജ പ്രാർത്ഥനയാണ് എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്.(അബൂദാവൂദ്) അതിനാൽ ആരാധനയുടെ അടിസ്ഥാനം തന്നെ അതാണ്.

**അബ്ദുല്ല:** അപ്പോൾ നീയും അത് ആരാധനയാണെന്ന് അംഗീകരിക്കുന്നു. ഇനി താങ്കൾ ഒരു ആവശ്യം നേടാൻ വേണ്ടി പ്രതീക്ഷ അർപ്പിച്ച് കൊണ്ട് രാപകലുകൾ അല്ലാഹുവിനോട് പ്രർത്ഥിക്കുന്നു. അതെ കാര്യത്തിന് വേണ്ടി മലക്കിനോടോ നബിയോടോ മരിച്ചുപോയ വലിയ്യിനോടോ പ്രാർത്ഥിക്കുന്നു. അപ്പോൾ താങ്കൾ ഈ ആരാധനയിൽ പങ്കുചേർത്തില്ലേ?.

**അബ്ദുന്നബി:** അതെ. ഞാൻ പങ്ക് ചേർത്തവനാകും. താങ്കളീ പറഞ്ഞത് ശരിയാണ്.

**അബ്ദുല്ല:** മറെറാരു ഉദാഹരണം പറയാം. (നീ നിൻെറ റബ്ബിന് വേണ്ടി നമസ്കരിക്കുകയും ബലിയറുക്കുകയും ചെയ്യുക) എന്ന ഖുർആൻ വചനമനുസരിച്ച് താങ്കൾ ബലിയുറുത്താൽ അത് ഇബാദത്താണോ അല്ലയോ?

**അബദുന്നബി:** അതെ. ഇബാദത്താണ്.

**അബ്ദുല്ല:** ഇനി താങ്കൾ അല്ലാഹുവോടൊപ്പം നബിക്കോ ജിന്നിനോ മറേറതെങ്കിലും സൃഷ്ടിക്കോ വേണ്ടി അറുത്താൽ ഈ ഇബാദത്തിൽ താങ്കൾ പങ്ക് ചേർത്തോ?

**അബ്ദുന്നബി:** അതെ. അത് ശിർക്കാണെന്ന കാര്യത്തിൽ സംശയമില്ല.

**അബ്ദുല്ല:** പ്രാർത്ഥന, ബലി എന്നീ രണ്ട് ഉദാഹരണങ്ങൾ താങ്കളോട് ഞാൻ പറഞ്ഞു. വാക്ക് കൊണ്ടുള്ള ആരാധനകളിൽ ഏററവും പ്രാധാന്യമുള്ളതാണ് പ്രാർ

ത്ഥന. കർമ്മം കൊണ്ടുള്ള ആരാധനകളിലേററവും പ്രാധാന്യമുള്ളതാണ് ബലിയറു ക്കൽ. എന്നാൽ ആരാധനകൾ ഇത് രണ്ടും മാത്രമല്ല. നേർച്ച, സത്യം ചെയ്യൽ, സഹായം തേടൽ തുടങ്ങിയവയൊക്കെ അതിൽ ഉൾപ്പെടുന്നു. ഖുർആൻ അവതരി ക്കുന്ന കാലത്തുള്ള മുശ്‌രിക്കുകൾ മലക്കുകളെയും സ്വാലിഹീങ്ങളെയും ലാത്തയെ യും മററും ആരാധിച്ചിരുന്നോ?.

**അബ്ദുന്നബി:** അതെ. അവർ അത് ചെയ്തിരുന്നു.

**അബ്ദുല്ല:** എന്നാൽ അവർ ചെയ്തിരുന്ന ഇബാദത്ത് പ്രാർത്ഥനയും ബലിയറു ക്കലും സഹായം തേടലും അഭയം പ്രാപിക്കലുമല്ലാതെയുണ്ടായിരുന്നോ? അവർ അല്ലാഹുവിൻെറ അടിമകളും അവനാണ് ലോകം നിയന്ത്രിക്കുന്നതെന്നും അംഗീ കരിച്ചിരുന്നല്ലൊ. പിന്നെ അവർ ചെയ്തിരുന്നത് ഇവരോട് പ്രാർത്ഥിക്കുകയും ശുപാർശക്ക് വേണ്ടി അഭയം പ്രാപിക്കുകയുമാണ്. ഇക്കാര്യം വളരെ വ്യക്തമാ ണല്ലോ.

**അബ്ദുന്നബി:** അപ്പോൾ താങ്കൾ നബി ﷺ യുടെ ശുപാർശയെ നിഷേധിക്കു കയാണോ?

**അബ്ദുല്ല:** ഇല്ല. ഞാനത് നിഷേധിക്കുന്നില്ല. എന്ന് മാത്രമല്ല നബി ﷺ ശുപാർശ ചെയ്യുന്നവരും അത് സ്വീകരിക്കപ്പെടുന്നവരുമാണ്. നബി ﷺ യുടെ ശുപാർശ കിട്ടണ മെന്ന് ആഗ്രഹിക്കുന്നവനുമാണ്. പക്ഷെ ശുപാർശ മുഴുവനും അല്ലാഹുവി ൻെറതാണെന്നാണ് ഖുർആൻ പറഞ്ഞത്. (നബിയേ) പറയുക ശുപാർശ മുഴുവനും അല്ലാഹുവിനാണ്. (സുമർ: 44) അത് തന്നെ ചെയ്യുന്നത് അല്ലാഹുവിൻെറ അനു വാദം ലഭിച്ച ശേഷം മാത്രമല്ലാതെ ഉണ്ടാവുകയുമില്ല. അല്ലാഹു തന്നെ പറഞ്ഞില്ലേ. (അവൻെറ അനുമതിയില്ലാതെ അവൻെറ അടുക്കൽ ശുപാർശ ചെയ്യാനാ രുണ്ട്) ആർക്ക് വേണ്ടി ശുപാർശ ചെയ്യണമെന്നതും അല്ലാഹുവിൻെറ അനുമതി പ്രകാരമാണ്. അല്ലാഹു പറഞ്ഞു: അവൻ തൃപ്തിപ്പെട്ടവന് വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയുമില്ല. (അമ്പിയാഅ്: 28) അല്ലാഹുവാണെങ്കിൽ തൗഹീ ദല്ലാതെ തൃപ്തിപ്പെടുകയുമില്ല. അല്ലാഹു പറഞ്ഞു: ഇസ്‌ലാമല്ലാത്തതിനെ മതമായി വല്ലവനും തേടിയാൽ അവനിൽ നിന്നത് സ്വീകരിക്കപ്പെടുകയില്ല അവൻ പരലോകത്ത് എല്ലാം നഷ്ടപ്പെട്ടവരിലുമായിരിക്കും. (ആലുഇംറാൻ:85) അപ്പോൾ ശുപാർശ മുഴുവനും അല്ലാഹുവിനാണ്. അവൻെറ അനുവാദം കിട്ടിയ ശേഷമല്ലാതെ ആർ ക്കും അത് ചെയ്യാനാവുകയുമില്ല. നബിയോ മറേറാ വല്ലവർക്കും വേണ്ടി അത് ചെയ്യണമെങ്കിൽ അതിനും അനുവാദം കിട്ടുന്നത് വരെ കാത്തിരിക്കണം. തൗഹീദ് ഉള്ളവർക്കല്ലാതെ അല്ലാഹുവിൻെറ അനുവാദം ലഭിക്കുകയുമില്ല. ഈ നിലക്ക് ശഫാഅത്തിൻെറ കാര്യം മുഴുവനും അല്ലാഹുവിൻെറ തീരുമാനത്തിലായതിനാൽ ഞാൻ അത് അല്ലാഹുവിനോട് തേടുന്നു. അല്ലാഹുവെ നബി ﷺ യുടെ ശുപാർശ എനിക്ക് വിലക്കരുതേ. അല്ലാഹുവേ നബി ﷺ യുടെ ശുപാർശ എന്നിലും ഉണ്ടാകേ ണമേ എന്നിങ്ങനെ ഞാൻ പ്രാർത്ഥിക്കുന്നുണ്ട്.

**അബ്ദുന്നബി:** ഒരാളുടെ അധീനതയില്ലാത്തത് അവനോട് തേടാവതല്ലെന്ന കാര്യ ത്തിൽ നമുക്ക് യോജിക്കാം. എന്നാൽ ശഫാഅത്ത് നബി ﷺ ക്ക് അല്ലാഹു ഉടമപ്പെടു ത്തികൊടുത്തിട്ടുണ്ടല്ലോ?. അതിനാൽ നബി ﷺ യുടെ അധീനത്തിലുള്ളത് ചോദിക്കു ന്നത് ശിർക്കാവുകയില്ലല്ലോ?.

**അബ്ദുല്ല:** അതെ. അല്ലാഹു വിലക്കുന്നില്ലെങ്കിൽ താങ്കൾ പറഞ്ഞത് ശരിയാണ്. (അതിനാൽ അല്ലാഹുവോടൊപ്പം ആരോടും നിങ്ങൾ പ്രാർത്ഥിക്കരുത്) എന്ന് അല്ലാ ഹു പറഞ്ഞിട്ടുണ്ട്. ശഫാഅത്ത് തേടൽ പ്രാർത്ഥനയാണല്ലോ. നബി ﷺ ക്ക്

ശഫാഅ ത്ത് നൽകുന്നത് അല്ലാഹു ആണ്. അതെ. അല്ലാഹു തന്നെ മററാരാളോട് അതി ന് വേണ്ടി പ്രാർത്ഥിക്കുന്നത് വിലക്കുകയും ചെയ്തിട്ടുള്ളതാണ്. നബിമാർക്ക് മാത്രമല്ല മലക്കുകളും ചെറുപ്പത്തിൽ മരിച്ച കുട്ടികളും ഔലിയാക്കളുമൊക്കെ ശുപാർശ ചെയ്യും അപ്പോൾ അല്ലാഹു അവർക്കെല്ലാം ശഫാഅത്ത് നൽകുന്നതി നാൽ അവരോടൊക്കെ ഞാനത് തേടണമെന്ന് താങ്കൾ പറയുമോ? അതെ എന്ന് നീ പറഞ്ഞാൽ അത് മുമ്പ് പറഞ്ഞ സ്വാലിഹീങ്ങളെ ആരാധിക്കുന്നതിൽ പെടും. ഇല്ലെന്ന് താങ്കൾ പറഞ്ഞാൽ അല്ലാഹു ശഫാഅത്ത് നൽകുന്നവരോട് ഞാൻ
തേടുന്നു എന്ന ന്യായം ദുർബ്ബലമാവുകയും ചെയ്യും.

**അബ്ദുന്നബി:** എന്നാൽ ഞാൻ ശിർക്ക് ചെയ്യുന്നില്ല. സ്വാലിഹീങ്ങളെ അവലംബി ക്കുന്നത് ശിർക്കല്ലല്ലോ?.

**അബ്ദുല്ല:** ശിർക്ക് വ്യഭിചാരത്തേക്കാളും വലിയ ഹറാമാണെന്നും അത് അല്ലാഹു പൊറുക്കാത്ത മഹാപാപമാണെന്നും താങ്കൾ അംഗീകരിക്കുമോ?

**അബ്ദുന്നബി:** അതെ. അംഗീകരിക്കുന്നുണ്ട്. അത് ഖുർആനിൽ നിന്ന് വളരെ വ്യക്തമാണ്.

**അബ്ദുല്ല:** എന്നാൽ അല്ലാഹു ഹറാമാക്കിയതിനാൽ താങ്കൾ ചെയ്യുന്നില്ലെന്ന് പറ ഞ്ഞ ശിർക്ക് എന്താണെന്ന് വ്യക്തമാക്കാമോ?

**അബ്ദുന്നബി:** ശിർക്ക് ബിംബാരാധന കൊണ്ട് അവയിലേക്ക് തിരിയലും അവ യോട് തേടലും അവയെ ഭയപ്പെടലുമാണ്.

**അബ്ദുല്ല:** ബിംബാരാധന കൊണ്ട് വിവക്ഷയെന്താണ്? ഈ മരങ്ങളും കല്ലുക ളുമാകുന്ന ബിംബങ്ങൾ സൃഷ്ടിക്കുകയും റിസ്ഖ് നൽകുകയും അവയോട് പ്രാർ ത്ഥിക്കുന്നവരുടെ കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുമെന്ന് ഖുറൈശികൾ വിശ്വസിച്ചിരുന്നു എന്ന് താങ്കൾ കരുതുന്നുവോ? യഥാർത്ഥത്തിൽ അവർക്കീ വിശ്വാസമുണ്ടായിരുന്നില്ല.

**അബ്ദുന്നബി:** അങ്ങനെ ഞാനും കരുതുന്നില്ല. വൃക്ഷമോ, കല്ലോ, ഖബ്റോ മററോ ലക്ഷ്യം വെച്ച് അതിനോട് പ്രാർത്ഥിക്കുകയും അതിനായി ബലിയറു ക്കുകയും തൻമൂലം അവ അല്ലാഹുവിലേക്ക് അടുപ്പിക്കുകയും അതിൻെറ ബർ ക്കത്ത് കൊണ്ട് ബുദ്ധിമുട്ടുകളെ തടയുകയും ചെയ്യുമെന്ന് പറയുകയും ചെയ്യു ന്നതാണ് അവരുടെ ബിംബാരാധന.

**അബ്ദുല്ല:** താങ്കൾ പറഞ്ഞത് സത്യമാണ്. പക്ഷെ ഇതെ പ്രവർത്തി തന്നെ യാണ് നിങ്ങളും ഖബറുകളിലും കല്ലുകളിലും ചെയ്യുന്നത്. മാത്രമല്ല ശിർക്ക് ബിംബാരാധനയാണെന്ന് താങ്കൾ പറഞ്ഞതിൻെറ ഉദ്ദേശം അത് മാത്രമാണ് ശിർക്ക് എന്നാണോ? സ്വാലിഹീങ്ങളെ അവലംബിക്കലും അവരോട് പ്രാർത്ഥി ക്കലും ശിർക്കിൽ ഉൾപ്പെടുകയില്ലെന്നാണോ?

**അബ്ദുന്നബി:** അതെ. ഇതാണ് ഞാൻ ഉദ്ദേശിച്ചത്.

**അബ്ദുല്ല:** നബിമാരെയും സ്വാലിഹീങ്ങളെയും ആശ്രയിക്കുന്നതും മലക്കുകളെ യും മററും അവലംബിക്കുന്നതും നിഷിദ്ധമാണെന്നും അത് അവിശ്വാസമാണെ ന്നും പറയുന്ന ആയത്തുകളെ കുറിച്ച് താങ്കളുടെ നിലപാടെന്താണ്?.

**അബ്ദുന്നബി:** നബിമാരോടും മലക്കുകളോടും പ്രാർത്ഥിച്ചവർ കാഫിറായത് ആ പ്രാർത്ഥന കൊണ്ടല്ല. മലക്കുകൾ അല്ലാഹുവിൻെറ പെൺമക്കളാണ്, ഈസാ നബി ദൈവപുത്രനാണ് എന്ന് അവർ പറഞ്ഞതിനാലാണ്. എന്നാൽ അബ്ദുൽ ഖാദിർ അല്ലാഹുവിൻെറ പുത്രനാണെന്നോ സൈനബ അല്ലാഹുവിൻെറ മകളാ ണെന്നോ ഞങ്ങൾ പറയുന്നില്ലല്ലോ.

**അബ്ദുല്ല:** അല്ലാഹുവിന് സന്താനമുണ്ടെന്നത് സ്വയം തന്നെ അവിശ്വാസമാണ്. അല്ലാഹു പറഞ്ഞു: (പറയുക കാര്യം അവൻ അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാണ്. അവൻ (ആർക്കും) ജന്മം നൽകി യിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.) ഇത് നിഷേധിച്ചാൽ കാഫിറാ കും. സൂറത്തിൻെറ അവസാന ഭാഗം നിഷേധിച്ചില്ലെങ്കിലും ശരി. അല്ലാഹു യാതൊ രു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടപ്പം മറ്റൊരു ദൈവവുമുണ്ടായിട്ടു മില്ല. അങ്ങനെയായിരുന്നെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോ യ്ക്കളയുമായിരുന്നു. അവരിൽ ചിലർ മററു ചിലരെ അടിച്ചമർത്തുകയും ചെയ്യുമാ യിരുന്നു.(മുഅ്മിനൂൻ:91) അപ്പോൾ ഇവിടെ രണ്ട് കുഫ്റുകളെയും വെവ്വേറെയാക്കി. മാത്രമല്ല മറെറാരു തെളിവാണ് ലാത്ത സ്വാലിഹായ മനുഷ്യനായിട്ടും അയാളോട് പ്രാർത്ഥിച്ചതിനാൽ അവർ അവിശ്വാസികളായി എന്നത്. എന്നാൽ അവർ ലാത്ത ദൈവ പുത്രനാണെന്ന് വിശ്വാസിച്ചിരുന്നില്ല. ജിന്നിനെ ആരാധിച്ചതിനാൽ കാഫിറാ യതും അതിനെ ദൈവപുത്രനാക്കിയത് കൊണ്ടല്ല. മറ്റൊരു കാര്യം മതഭൃഷടനാകു ന്നത് സംബന്ധിച്ച് പ്രതിപാദിക്കുന്ന മദ്ഹബിൻെറ ഗ്രന്ഥങ്ങളിൽ പറയുന്നു: ഒരു മുസ്‌ലിം അല്ലാഹുവിന് സന്താനമുണ്ടെന്ന് പറഞ്ഞാൽ മതഭൃഷ്ടനായി. അവൻ അല്ലാഹുവിനോട് പങ്ക് ചേർത്താൽ അവൻ മതഭൃഷ്ടനായി. ഇവിടെയും രണ്ടിനങ്ങ ളെയും വേതിരിച്ചാണ് വിവരിക്കുന്നത്.

**അബ്ദുന്നബി:** പക്ഷെ (അറിയുക തീർച്ചയായും അല്ലാഹുവിൻെറ ഔലിയാ ക്കൾ അവർക്ക് ഭയമില്ല, അവർ ദുഖിക്കുകയും ചെയ്യുകയില്ല) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.

**അബ്ദുല്ല:** അത് സത്യമാണെന്ന് നമ്മൾ വിശ്വസിക്കുന്നു. എന്നാൽ അവർ ആരാ ധിക്കപ്പെട്ടുകൂടാ. അല്ലാഹുവിൻെറ പുറമെ അവരെ ആരാധിക്കുന്നതിനെയും അവ രെ പങ്കാളിയാക്കുന്നതിനെയുമാണ് നമ്മൾ എതിർക്കുന്നത്. അല്ലാതെ അവരെ സ്നേഹിക്കലും പിൻപററലും അവരുടെ കറാമത്തുകൾ അംഗീകരിക്കലും നിർ ബ്ബന്ധമാണ്. ഔലിയാക്കളുടെ കറാമത്തുകൾ ബിദ്അത്തുകാരല്ലാതെ നിഷേധി ക്കുകയില്ല. അല്ലാഹുവിൻെറ മതം ഈ രണ്ട് അസത്യങ്ങളുടെയും ഇടയിലുള്ള സത്യമാണ്.

**അബ്ദുന്നബി:** ഖുർആൻ അവതരിച്ചിരുന്ന സമൂഹം ലാ ഇലാഹ ഇല്ലാല്ലാഹു വിശ്വാസിക്കാത്തവരാണ്. നബി ﷺ യെ കളവാക്കുന്നവരും പുനരുത്ഥാനത്തെ നിഷേ ധിക്കുന്നവരും ഖുർആൻ വ്യാജമാക്കുന്നവരുമാകുന്നു. ഞങ്ങൾ ലാഇലാഹ ഇല്ല ല്ലാഹു മുഹമ്മദ് റസൂലുല്ലാ എന്ന് സാക്ഷ്യപ്പെടുത്തുന്നവരും ഖുർആൻ സത്യപ്പെടുത്തുകയും വ്രതമനുഷ്ഠിക്കുകയും നമസ്ക്കരിക്കുകയും പുനരുത്ഥാന ത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ്. അപ്പോൾ അവരെപ്പോലെ ഞങ്ങളെയാക്കു ന്നതെങ്ങനെ?

**അബ്ദുല്ല:** ഒരാൾ നബി ﷺ യെ ഒരു കാര്യത്തിൽ സത്യപ്പെടുത്തുകയും മറെറാരു കാര്യത്തിൽ കളവാക്കുകയും ചെയ്താൽ അവിശ്വാസിയാകുമെന്നതിൽ പണ്ഡി തന്മാർക്കിടയിൽ അഭിപ്രായഭിന്നതയില്ല. ഖുർആനിൻെറ ചില ഭാഗങ്ങൾ അംഗീ കരിക്കുകയും ചില ഭാഗങ്ങൾ നിഷേധിക്കുകയും ചെയ്യുന്നവനും മുസ്‌ലിമാവു കയില്ല. ഒരാൾ തൗഹീദ് അംഗീകരിച്ചു. എന്നാൽ നമസ്ക്കാരം നിഷേധിച്ചു. അല്ലെ ങ്കിൽ തൗഹീദും നമസ്ക്കാരവും അംഗീകരിച്ചു സക്കാത്ത് നിർബ്ബന്ധമാണെന്നത് നിഷേധിച്ചു. അല്ലെങ്കിൽ ഇതൊക്കെ അംഗീകരിച്ചു വ്രതത്തെ നിഷേധിച്ചു. അല്ലെ ങ്കിൽ ഇതെല്ലാം അംഗീകരിച്ചു ഹജ്ജ് നിർബ്ബന്ധമാണെന്നത് നിഷേധിച്ചു എന്ന

ത് ഉദാഹരണം. നബി ﷺ യുടെ കാലത്ത് പുനരുത്ഥാനത്തെ നിഷേധിച്ചവൻ കാഫിറാകുമെന്നതിൽ പണ്ഡിതൻമാർ ഏകോപിച്ചതാണ്. അതിനാൽ ഖുർആനിലെ ചിലത് വിശ്വസിക്കുകയും ചിലത് അവിശ്വസിക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിലുള്ള കാഫിറാണെന്ന് ഖുർആനിൽ അല്ലാഹു വ്യക്തമാക്കുകയും ഇസ്‌ലാം മഴുവനായും സ്വീകരിക്കണമെന്ന് കൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യം താങ്കൾ അംഗീകരിക്കുന്നുവോ?

**അബ്ദുന്നബി:** അതെ അംഗീകരിക്കുന്നു. കാരണം അത് ഖുർആനിൽ നിന്ന് വ്യക്തമാണ്.

**അബ്ദുല്ല:** ഒരാൾ നബി ﷺ യെ എല്ലാ കാര്യത്തിലും സത്യപ്പെടുത്തുകയും നമസ്കാരം

നിഷേധിക്കുകയും ചെയ്യുന്നു, അല്ലെങ്കിൽ പുനരുത്ഥാനമല്ലാത്തതൊക്കെ അംഗീകരി ക്കുന്നു. ഈ വ്യക്തിയെ കുറിച്ച് എല്ലാ മദ്ഹബുകാരുടെയും ഏകോപിച്ച തീരുമാനം അവൻ അവിശ്വാസിയാണ്. ഇത് താങ്കൾ സമ്മതിക്കുന്നുണ്ടല്ലൊ. ഇക്കാര്യം ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ നബി ﷺ കൊണ്ടുവന്ന നിർബ്ബന്ധകാര്യങ്ങളിൽ നമസ്കാരം, നോമ്പ്, സകാത്ത് എന്നിവയേക്കാൾ പ്രാധാന്യമുള്ളത് തൗഹീദാണ്, ഈ കർമങ്ങളിലൊന്ന് നിഷേധിക്കുന്ന വ്യക്തി നബി ﷺ കൊണ്ടുവന്ന മററുകാര്യങ്ങളൊക്കെ ചെയ്താലും കാഫിറാകും. എല്ലാ നബിമാരും കൊണ്ടുവന്ന അടിസ്ഥാന വിഷയമായ തൗഹീദ് നിഷേധിച്ചാൽ അവിശ്വാസിയാകാതിരിക്കുകയും ചെയ്യുന്നതെങ്ങനെ? ഈ അറിവില്ലായ്മയാണ് ഏററവും വലിയ അൽഭുതം. മാത്രമല്ല, നബി ﷺയോടപ്പം മുസ്‌ലിമായിരുന്ന, ശഹാദത്ത് കലിമ ചൊല്ലുകയും നമസ്ക്കരിക്കുകയും ബാങ്ക് വിളിക്കുകയും ചെയ്തിരുന്ന യമാമയിലെ ബനൂ ഹനീഫക്കാരോട് സ്വഹാബികൾ യുദ്ധം ചെയ്തതിനെ കുറിച്ച് താങ്കൾ ചിന്തിച്ചുനോക്കു.

**അബ്ദുന്നബി:** പക്ഷെ അവർ മുസൈലിമ നബിയാണെന്ന് വിശ്വാസിച്ചിരുന്നു. ഞങ്ങൾ നബി ﷺ ക്ക് ശേഷം മറെറാരു നബിയുമില്ലെന്ന് പറയുന്നവരാണ്.

**അബ്ദുല്ല:** എന്നാൽ നിങ്ങൾ ചെയ്യുന്നത് അലി, അബ്ദുൽഖാദിർ തുടങ്ങിയവരെ പ്രപഞ്ചനാഥനായ അല്ലാഹുവിൻെറ പദവിയിലേക്ക് ഉയർത്തുകയാണ്. നബി ﷺ യുടെ പദവിയിലേക്ക് ഒരാളെ ഉയർത്തിയാൽ തന്നെ അവൻ കാഫിറാകും അവൻെറ ധനവും രക്തവും അനുവദനിയമാവുകയും ചെയ്യും. അവൻെറ ശഹാദത്തോ നമസ്കാരമോ അവന് ഉപകരിക്കുന്നില്ല. എങ്കിൽ ഒരാളെ അല്ലാഹുവിൻെറ പദവിയിലേക്ക് ഉയർത്തിയാൽ അവൻ അവിശ്വാസിയാകുമെന്ന് വളരെ വ്യക്തമാണല്ലൊ. അലി رضي الله عنه തീയിലിട്ടുകരിച്ച ആളുകൾ ഇസ്‌ലാമാണെന്ന് വാദിക്കുന്നവരായിരുന്നു. അവർ അലി رضي الله عنه യുടെ ആളുകളായിരുന്നു. സ്വഹാബത്തിൽ നിന്ന് അറിവ് പഠിച്ച ഈ ആളുകൾ അലി ﷺ യെ കുറിച്ച് വിശ്വസിച്ചിരുന്നത് നിങ്ങൾ അബ്ദുൽഖാദിറിനെപ്പോലയുള്ളവരെ പറ്റി വിശ്വസിക്കുന്നത് പോലെയായിരുന്നു. അവർ അവിശ്വാസികളാണെന്നും അവരെ വധിക്കണമെന്നും സ്വഹാബികൾ ഏകോപിച്ച് തീരുമാനിച്ചതെങ്ങനെ? സ്വാഹാബികൾ മുസ്‌ലിംകളെ കാഫിറാക്കുകയാണെന്ന് വിചാരിക്കാൻ പറ്റുമോ? അല്ലെങ്കിൽ ഈ വിശ്വാസം തങ്ങന്മാരെ കുറിച്ചാണെങ്കിൽ കുഴപ്പിമില്ലെന്നും അലിرضي الله عنه യെ സംബന്ധിച്ചാണെങ്കിൽ അവിശ്വാസമാകുമെന്നും കരുതാമോ?

വീണ്ടും പറയട്ടെ, ശിർക്ക്, ഖുർആൻ നിഷേധിക്കൽ, നബിയെ വ്യാജമാക്കൽ, പരലോകത്തെ നിഷേധിക്കൽ ഇതെല്ലാം അവരിലുണ്ടായതിനാലാണ് പൂർവ്വികർ

അവരെ അവിശ്വാസികളാക്കിയതെങ്കിൽ എല്ലാ മദ്ഹബിൻെറയും ഗ്രന്ഥങ്ങളിൽ (മതഭൃഷ്ടനാകുന്നവൻെറ വിധി) എന്നൊരു അദ്ധ്യായം കൊടുത്തതിൻെറ ഗുണ മെന്ത്? മുസ്ലിമായ വ്യക്തി അവിശ്വാസിയാകുന്നതിനെ പറ്റിയാണ് അതിൽ ചർച്ച ചെയ്യുന്നത്. അതിൽ ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്ന ഓരോ കാര്യ ങ്ങളും ഇനങ്ങൾ തിരിച്ച് പ്രതിപാദുക്കുന്നുണ്ട്. മനസ്സിലില്ലാതെ നാവ് കൊണ്ട് അല്ലാഹുവിനോട് കോപമുണ്ടെന്ന് സൂചിപ്പിക്കുന്ന ഒരു വാക്ക്, തമാശ രൂപത്തിൽ പറയുന്ന വാക്ക് തുടങ്ങിയ നിസ്സാരമായി കരുതുന്ന കാര്യങ്ങൾ വരെ ആ ഇനത്തിൽ വിവരിക്കുന്നുണ്ട്. അല്ലാഹു പറഞ്ഞു: പറയുക, അല്ലാഹുവിനെയും അവൻെറ ആയത്തുകളെയും അവൻെറ റസൂലിനെയുമാണോ നിങ്ങൾ പരിഹ സിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ കാരണം ബോധിപ്പിക്കേണ്ട. നിങ്ങൾ വിശ്വാസ ത്തിന് ശേഷം അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. (തൗബ: 65,66) ഇവിടെ സത്യവി ശ്വാസത്തിന് ശേഷം അവിശ്വാസികളായി എന്ന് പരിചയപ്പെടുത്തിയത് നബി ﷺ യുടെകൂടെ തബൂക്ക് യുദ്ധത്തിലുണ്ടായിരുന്ന ചിലരെയാണ്. അവർ തമാശയായി ഒരു വാക്ക് പറഞ്ഞതാണതിന് കാരണം. ബനൂഇസ്റാഈലുകൾ മുസ്ലികളും സദ്വൃത്തരുമായിരിക്കെ അവർ മൂസാ നബി عليه السلام യോട് (ഞങ്ങൾക്ക് ഇലാഹുകളെ ആക്കിതരിക) എന്ന് പറഞ്ഞത് അല്ലാഹു ഉദ്ധരിച്ചു. ഞങ്ങൾക്ക് ആയുധം കൊളുത്തിയിടാനുള്ള പ്രത്യേക വൃക്ഷം നിർണയിച്ച് തരിക എന്ന് നബി ﷺ യുടെ സ്വഹാബികളിൽ ചിലർ പറഞ്ഞപ്പോൾ നബി ﷺ സത്യം ചെയ്ത് ഇങ്ങനെ പറഞ്ഞു: അവർക്ക് ആരാധ്യരുള്ളത് പോലെ ഞങ്ങൾക്കും ആരാധ്യരെ നിശ്ചയിച്ചുതരിക എന്ന് മൂസാ നബി عليه السلام യോട് ബനൂഇസ്റാഈല്യർ പറഞ്ഞതിന് സമാനമാണ് നിങ്ങളീ പറഞ്ഞത്. ഇത് ചിന്തിക്കേണ്ടതാണ്.

**അബ്ദുന്നബി:** എന്നാൽ അത് കൊണ്ട് ബനൂഇസ്റാഈല്യരും വൃക്ഷത്തെ ചോദിച്ചവരും അവിശ്വാസിയായിട്ടില്ലല്ലോ?.

**അബ്ദുല്ല:** ബനൂഇസ്റാഈല്യരും നബി ﷺ യോട് അത് ചോദിച്ചവരും അങ്ങനെ ചെയ്തിട്ടില്ല. അവരത് ചെയ്തിരുന്നുവെങ്കിൽ അവിശ്വാസിയാകുമായിരുന്നു. നബി ﷺ വിരോധിച്ചിട്ടും അനുസരിക്കാതെ വൃക്ഷത്തെ ഉണ്ടാക്കിയിരുന്നെങ്കിൽ അവർ അവിശ്വാസികളാകുമായിരിന്നു.

**അബ്ദുന്നബി:** എനിക്കൊരു സംശയമുണ്ട്. ഉസാമത്ത്ബ്നു സൈദ് رضي الله عنه ലഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞയാളെ കൊന്നപ്പോൾ നബി ﷺ വിമർശിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: ഉസാമാ, ലാഇലാഹ ഇല്ലല്ലാ എന്ന് അയാൾ പറഞ്ഞ ശേഷം താങ്കൾ അയാളെ വധിച്ചുവോ(ബുഖാരി) അപ്രകാരം തന്നെ നബി ﷺ പറഞ്ഞല്ലോ (ജനങ്ങൾ ലാഇ ലാഹ ഇല്ലല്ലാഹു എന്ന് പറയുന്നത് വരെ യുദ്ധം ചെയ്യാൻ എന്നോട് കൽപ്പിക്കപ്പെട്ടത്).(മുസ്ലിം) അപ്പോൾ ഈ രണ്ട് ഹദീസുകളും താങ്കൾ പറഞ്ഞതും എങ്ങനെ യോജിക്കും?

**അബ്ദുല്ല:** ലാഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞ യഹൂദികളോട് നബി ﷺ യുദ്ധം ചെയ്യുകയും തടവിലാക്കുകയും ചെയ്തിട്ടുള്ളതും ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാ എന്ന് സാക്ഷ്യപ്പെടുത്തുകയും നമസ്ക്കരിക്കുകയും ചെയ്യുന്ന ബനൂ ഹനീഫ ഗോത്രക്കാരോട് സ്വഹാബികൾ യുദ്ധം ചെയ്തിട്ടുള്ളതും അറിയപ്പെട്ടതാ ണ്. അത് പോലെ അലി رضي الله عنه തീയിലിട്ട് ചുട്ടവരും അറിയപ്പെട്ടതാണ്. പരലോകത്തെ നിഷേധിച്ചാൽ കാഫിറാകുമെന്ന് താങ്കൾ അംഗീകരിക്കുന്നു. അവൻ ലാഇലാഹ ഇല്ലല്ലാഹു ചെല്ലിയാലും. അപ്പോൾ മതത്തിൻെറ അടിസ്ഥാനമായ തൗഹീദ് നിഷേധിച്ചവൻ കാഫിറാകാതിരിക്കുകയും ചെയ്യുന്നത് എങ്ങനെ? മാത്രമല്ല. ഈ ഹദീസുകളുടെ ഉദ്ദേശം വേണ്ടുവോളം താങ്കൾ

മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. ഉസാമ ﷺ വധിച്ചത് ഇസ്‌ലാമാണെന്ന് വാദിച്ച ആളെയാണ്. അവൻ തൻെറ രക്ത വും ധനവും രക്ഷിക്കാൻ വേണ്ടിയാണ് അത് പറഞ്ഞതെന്ന് അദ്ദേഹം ധരിച്ചു. ഒരാൾ ഇസ്‌ലാമാണെന്ന് പ്രത്യക്ഷമാക്കിയാൽ അതിന് എതിരായത് വ്യക്തമാ ക്കുന്നത് വരെ അവനെ രക്ഷിക്കൽ നിർബ്ബന്ധമാണ്. അല്ലാഹു പറഞ്ഞില്ലേ (സത്യവിശ്വാസികളെ, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിങ്ങൾ യുദ്ധത്തിന് പോയാൽ (ശത്രു ആരെന്നും മിത്രം ആരെന്നും) നിങ്ങൾ വ്യക്തമായും മനസ്സിലാക്കണം. 4:94) ഈ ആയത്ത് അവനെ ആക്രമിക്കാതിരിക്കലും അവൻെറ നിജസ്ഥിതി മനസ്സിലാ ക്കലും നിർബ്ബന്ധമാണ് എന്ന് വ്യക്തമാക്കുന്നു. പിന്നീട് അവനിൽ നിന്ന് ഇസ്‌ലാമി ന് എതിരായത് വ്യക്തമായാൽ അവൻ വധിക്കപ്പെടും. ഇങ്ങനെ എതിർ പ്രഖ്യാപനം അവനിൽ നിന്നുമുണ്ടായിട്ടും വധിക്കപ്പെടുകയില്ലെങ്കിൽ സൂക്ഷ്മമായി അന്വേഷണം നടത്തി ഉറപ്പുവരുത്തുന്നതിൽ പ്രയോജനമില്ലല്ലോ. ഇപ്രകാരം തന്നെയാണ് ഹദീസി ൻെറയും ആശയം. ആരെങ്കിലും ഇസ്‌ലാമും തൗഹീദും പ്രത്യക്ഷമാക്കിയാൽ അതി നെ തകർക്കുന്നത് അവനിൽ നിന്ന് വ്യക്തമാവുന്നത് വരെ അവൻ സുരക്ഷിത നായിരിക്കൽ നമുക്ക് നിർബ്ബന്ധമാണ്. അത് കൊണ്ടാണ് നീ അവൻ ലാഇലാഹ ഇല്ലല്ലാഹു പറഞ്ഞ ശേഷം അവനെ വധിച്ചുവോ? എന്ന് നബി ﷺ ചോദിച്ചത്. (ലാഇലാഹ ഇല്ലല്ലാഹ് പറയുന്നത് വരെ ജനങ്ങളോട് യുദ്ധം ചെയ്യാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു) എന്ന് നബി ﷺ പറഞ്ഞല്ലോ. ആ നബി ﷺ തന്നെ ഖവാരിജുക ളെ കുറിച്ച് പറഞ്ഞതിങ്ങനെയാണ്. (നിങ്ങൾ അവരെ എവിടെ വെച്ച് കണ്ടാലും അവരെ വധിക്കുക)(ബുഖാരി) അവർ ആരാധനയും ലാഇലാഹയും ഏറ്റവും കൂടു തൽ നിർവ്വഹിക്കുന്നവരായിരുന്നു. എന്ന് മാത്രമല്ല അവരുടെ ആരാധനകൾ കണ്ടാൽ സ്വഹാബത്തിന് തങ്ങളുടെ ആരാധനാകർമ്മങ്ങൾ നിസ്സാരമായി തോന്നിപ്പോകുമായി രുന്നു. അവർ സ്വഹാബികളിൽ നിന്ന് അറിവ് നേടിയവരായിരുന്നു. എന്നിട്ടും ലാഇലാഹ ഇല്ലല്ലാഹുവോ ആരാധനകളുടെ ആധിക്യമോ ഇസ്‌ലാമാണെന്ന വാദമോ അവരിൽ നിന്ന് ഇസ്‌ലാമിക ശരീഅത്തിന് എതിരായ കാര്യങ്ങൾ പ്രത്യക്ഷമായ പ്പോൾ അവരെ വധിക്കുന്നതിന് തടസ്സമായില്ല.

**അബ്ദുന്നബി:** അന്ത്യനാളിൽ ജനങ്ങൾ ആദം നബി عليه السلام യോടും പിന്നീട് നൂഹ് عليه السلام , ഇബ്റാഹിം عليه السلام , മൂസ عليه السلام , ഈസ عليه السلام എന്നീ നബിമാരോടും സഹായം തേടുകയും അവരൊക്കെ ഒഴിവാകുകയും പന്നീട് നബി ﷺ യെ സമീപിക്കുകയും ചെയ്യുമെന്ന് നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ട് വന്നതാണല്ലോ. അപ്പോൾ അല്ലാഹു വല്ലാ ത്തവരോട് സഹായം തേടൽ ശിർക്കാവുകയില്ലെന്നതിന് ഇത് തെളിവല്ലേ.

**അബ്ദുല്ല:** വിഷയത്തിൻെറ യാഥാർത്ഥ്യം കൂട്ടികലർത്തുകയാണ്. ജീവിച്ചരിക്കു ന്ന സാന്നിധ്യത്തിലുള്ള വ്യക്തിയോട് അയാൾക്ക് കഴിയുന്ന കാര്യത്തിൽ സഹാ യം തേടുകയാണ് ഇവിടെ ചെയ്യുന്നത്. അല്ലാഹു തന്നെ പറഞ്ഞു: മൂസാ നബി യോട് തൻെറ കക്ഷിയിൽ പെട്ടവൻ തൻെറ ശത്രു വിഭാഗത്തിൽ പെട്ടവനെ തിരെ സഹായം തേടി. (ഖസ്വസ്വ്: 15) ഒരു വ്യക്തി യുദ്ധത്തിലും മറ്റുകാര്യങ്ങൾ ക്കും ആളുകളോട് സഹായം ചോദിക്കാറുള്ളത് പോലെയാണ് ഇവിടെയും നട ക്കുന്നത്. ഔലിയാക്കളുടെ ഖബ്റിൻെറ അടുക്കൽ വെച്ചും, അഭാവത്തിലുള്ളവ രോടും അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യത്തിൽ സഹായം തേടുന്നതിനെയാ ണ് നമ്മൾ എതിർക്കുന്നത്. പരലോകത്ത് ജനങ്ങൾ മഹ്ശറയിലെ നിറുത്തത്തി

ലെ പ്രയാസത്തിന് ആശ്വാസം കിട്ടാൻ വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാനാണ് നബിമാരോട് ആവശ്യപ്പെടുന്നത്. ഇത് ഇഹത്തിലും പരത്തിലും അനുവദനീയമാണ്. നല്ല മനുഷ്യനെ സന്ദർശിച്ചു തനിക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുന്നത് പോലെയാണ് അത്. അങ്ങനെ നബി ﷺ യുടെ ജീവിത കാലത്ത് ജനങ്ങൾ അവിടുത്തോട് ആവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ അവിടുന്ന് മരിച്ച ശേഷം ഒരിക്കലും അവർ അത് ചെയ്തില്ല. മാത്രമല്ല അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ നബി ﷺ യുടെ ഖബർ ഉദ്ദേശിച്ചുവരുന്നവരെ പൂർ വ്വികർ എതിർക്കുകയും ചെയ്തിട്ടുണ്ട്.

**അബ്ദുന്നബി:** ഇബ്റാഹീം നബി عليه السلام യെ തീയിൽ എറിഞ്ഞപ്പോൾ ജിബ്രീല عليه السلام പ്രത്യക്ഷപ്പെട്ടു ചോദിച്ചു: താങ്കൾക്ക് എന്തെങ്കിലും ആവശ്യമുണ്ടോ? അപ്പോൾ ഇബ്റാഹീം നബി عليه السلام പറഞ്ഞു: നിന്നിലേക്ക് എനിക്ക് ഒരു ആവശ്യവുമില്ല.) ഇതിനെപറ്റി താങ്കൾ എന്ത് പറയുന്നു? ജിബ്രീലി عليه السلام നോട് സഹായം തേടൽ ശിർക്കാണെങ്കിൽ അദ്ദേഹം ഇബ്റാഹീം നബി عليه السلام ന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമായിരുന്നില്ലല്ലാ.

**അബ്ദുല്ല:** ഇതും മുമ്പ് പറഞ്ഞ സംശയത്തിൽ പെട്ടതാണ്. ഇത് സ്വീകാര്യമായ രേഖയല്ല. ഇനി സ്വീകാര്യമാണെന്ന് സങ്കൽപ്പിച്ചാലും ജിബ്രീലിന് عليه السلام കഴിയുന്ന ഒരു ഉപകാരം ചെയ്തുകെടുക്കാൻ വേണ്ടി വന്നുവെന്നേയുള്ളൂ. (ശക്തിമത്തായ കഴിവുകളുള്ളവനാണ്) എന്ന് ജിബ്രീലി عليه السلام നെ ഖുർആൻ പരിചയപ്പെടുത്തിയതാണ്. ഇബ്റാഹീമി عليه السلام ന്റെ ആ തീയും അതിന് ചുറ്റുമുള്ള സ്ഥലവും എടുത്ത് മറ്റെവിടെങ്കിലും കൊണ്ടിടാൻ അല്ലാഹു കൽപ്പിച്ചിരുന്നെങ്കിൽ ജിബ്രീലി عليه السلام ന് അത് കഴിയാത്തതല്ല. ധനികനായ വ്യക്തി ദരിദ്രന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു കടമായി ധനം നൽകാമെന്ന് പറയുകയും ദരിദ്രൻ അത് സ്വീകരിക്കാതെ അല്ലാഹു ഉപജീവനം നൽകുന്നത് വരെ ക്ഷമിച്ച് കഴിയുന്നത് പോലെയാണത്. ഈ കാര്യവും ജനങ്ങൾ ഇക്കാലത്ത് ചെയ്തുകൊണ്ടിരിക്കുന്ന ശിർക്ക് പരമായ സഹായം തേടലും തമ്മിൽ വലിയ അന്തരമുണ്ട്. സുഹൃത്തെ, നബി ﷺ നിയുക്തനായ സമൂഹത്തിൽ നമ്മുടെ കാലത്തെതിനേക്കാൾ കുറഞ്ഞ ശിർക്കാണെന്ന് വ്യക്തമാകും. അതിന് മൂന്ന് കാരണങ്ങളുണ്ട്. 1- അക്കാലത്തുള്ളവർ ഐശ്വര്യമുള്ളപ്പോഴല്ലാതെ അല്ലാഹുവിനോട് മറ്റാരെയും പങ്കാളിയാക്കിയിരുന്നില്ല. ആപത്ഘട്ടങ്ങളിൽ അവർ അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹു പറഞ്ഞു: അവർ കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ അവരെ കരയിലേക്ക് രക്ഷപ്പെടുത്തിയാൽ അവർ പങ്ക് ചേർക്കുന്നവരാകുന്നു.(അങ്കബൂത്ത്: 65) അല്ലാഹു പറഞ്ഞു: പർവ്വതങ്ങൾ പോലുള്ള തിരമാലകൾ അവരെ മൂടിയാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കികൊണ്ട് അവനോട് പ്രാർത്ഥിക്കുന്നതാണ്. എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിമ്പോഴോ അവരിൽ ചിലർ മാത്രം മര്യാദ പാലിക്കുന്നവരായിരിക്കും. പരമ വഞ്ചകൻമാരും നന്ദികെട്ടവരും ആരെല്ലാമോ അവർ മാത്രമേ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയുള്ളൂ.(ലുഖ്മാൻ: 32) അപ്പോൾ നബി ﷺ യുമായി യുദ്ധം ചെയ്ത മുശ്രിക്കുകൾ ക്ഷേമത്തിൽ അല്ലാഹുവിനോടും മറ്റുള്ളവരോടും പ്രാർത്ഥിച്ചു. എന്നാൽ ബുദ്ധിമുട്ടുമ്പോൾ അല്ലാഹുവിനോട് മാത്രമേ വിളിച്ച് പ്രാർത്ഥിച്ചിരുന്നുള്ളൂ. മറ്റുള്ളവരെയെല്ലാം അവർ വിസ്മരിച്ചിരുന്നു. എന്നാൽ നമ്മുടെ കാലത്ത് ശിർക്ക് ചെയ്യുന്നവർ സുഖക്ഷേമത്തിലും ബുദ്ധിമുട്ടും വിപത്തുമുണ്ടാകുമ്പോഴും അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നു. ഏത് ബുദ്ധിമുട്ട് വന്നാലും

നബിയേ, ഹുസൈനേ എന്നിങ്ങനെ വിളിച്ചു പ്രാർത്ഥിക്കുന്നു. പക്ഷെ ഈ വസ്തുത തിരിച്ചറിഞ്ഞ് മനസ്സിലാക്കുന്നവർ എവിടെ?

2- ആദ്യകാലക്കാർ അല്ലാഹുവിൻെറ അടുക്കൽ സാമീപ്യം ലഭിച്ച നബിമാർ, മലക്കുകൾ, വലിയ്യ് എന്നിവരെയോ അല്ലെങ്കിൽ അല്ലാഹുവിനെ ധിക്കരിക്കാത്ത കല്ല്, മരം തുടങ്ങിയവയെയോ ആയിരുന്നു വിളിച്ച് പ്രാർത്ഥിച്ചിരുന്നത്. എന്നാൽ നമ്മുടെ കാലത്തുള്ളവർ അല്ലാഹുവോടൊപ്പം വിളിച്ചു പ്രാർത്ഥിക്കുന്നവരിൽ അധാർമ്മികതയിൽ ആപതിച്ചവരുണ്ട്. ഒരു തെറ്റും ചെയ്യാത്ത കല്ല്, മരം എന്നിവയിൽ വിശ്വസിക്കുന്നവനാണല്ലോ അധാർമ്മികതയും തെറ്റുകളും കാണപ്പെട്ട വ്യക്തികളിൽ വിശ്വസിക്കുന്നവനേക്കാൾ നിസ്സാരൻ.

3- നബി ﷺ യുടെ കാലത്തെ മുശ്രിക്കുകളുടെ ശിർക്ക് തൗഹീദുൽ ഉലൂഹിയ്യത്തിലായിരുന്നു. തൗഹീദുൽ റുബൂബിയ്യത്തിലായിരുന്നില്ല. എന്നാൽ ഇക്കാലത്തുള്ളവരുടെ ശിർക്ക് റുബൂബിയ്യത്തിലും കൂടിയായിരിക്കുന്നു. ജീവിപ്പിക്കുക, മരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത് പ്രകൃതിയാ(ഉദാ:)ണെന്ന് വിശ്വസിക്കുന്നു. മേൽ പറഞ്ഞതിൽ നിന്ന് മനസ്സിലാകുന്ന സുപ്രധാനമായ വിഷയം പറഞ്ഞുകൊണ്ട് ഈ സംസാരം ഞാൻ അവസാനിപ്പിക്കുകയാണ്. തൗഹീദ് എന്നത് മനസ്സുകൊണ്ട് വിശ്വസിക്കലും നാവിൻെറ ഉച്ചാരണവും അവയവങ്ങളുടെ പ്രവർത്തനങ്ങളുമാണ് എന്നതിൽ തർക്കമില്ലാത്തതാണ്. ഇതിലൊന്നിന് തകർച്ച വന്നാൽ അവൻ മുസ്ലിമാവുകയില്ല. അതിനാൽ തൗഹീദ് മനസ്സിലാക്കുകയും എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്തവൻ അവിശ്വാസിയാകും. ഫിർഔനും ഇബ്ലിസുമൊക്കെ അത്തരിത്തിലുള്ളവരാണ്. ഇതിലാണ് ധാരാളമാളുകൾ പിഴക്കുന്നത്. ഞങ്ങൾക്ക് തൗഹീദ് സത്യമെന്നറിയാം, എന്നാൽ അത് പ്രാവർത്തികമാക്കാൻ കഴിയില്ല, ഞങ്ങളുടെ നാട്ടിലും കുടുബത്തിലും അത് ബുദ്ധിമുട്ടാണ്. അവർക്കനുസരിച്ച് നീങ്ങൽ അനിവാര്യമാണ്. എന്നിങ്ങനെ അവർ പറയും. യഥാർത്ഥിൽ ഈ ലോകത്തെ വലിയ വിഭാഗം നേതാക്കൾക്കും സത്യമറിയാഞ്ഞിട്ടില്ല. പ്രത്യുത പലതരം കാരണങ്ങളാൽ അവർ അത് ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറഞ്ഞു: അവർ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെ തുച്ഛമായ വിലക്ക് വിററുകളയുകയും, അങ്ങനെ അവൻെറ മാർഗ്ഗത്തിൽ നിന്ന് (ആളുകളെ) തടയുകയും ചെയ്തു. തീർച്ചയായും അവർ പ്രവർത്തിച്ചുവരുന്നത് വളരെ ചീത്തയാകുന്നു. (തൗബ: 9) ആരെങ്കിലും തൗഹീദ് മനസ്സിലാക്കുകയോ മനസ്സ് കൊണ്ട് വിശ്വസിക്കുകയോ ചെയ്യാതെ പ്രത്യക്ഷത്തിൽ പ്രാവർത്തികമാക്കിയാൽ അവൻ മുനാഫിഖാണ്. അവൻ കാഫിറിനേക്കാൾ നാശകാരിയാണ്. അല്ലാഹു പറഞ്ഞു: തീർച്ചയായും മുനാഫിഖുകൾ നരകത്തിൻെറ ഏറ്റവും അടിയിലെ തട്ടിലാണ്.) ഈ കാര്യവും ജനസംസാരം ശ്രദ്ധിച്ചാൽ താങ്കൾക്ക് ബോധ്യപ്പെടും. ഖാറൂനെ പോലെ ഭൗതിക നേട്ടമോ, ഹാമാനെ പോലെ സ്ഥാനമോ, ഫിർഔനെ പോലെ അധികാരമോ നഷ്ടപ്പെടുമെന്ന് ഭയന്ന് സത്യം മനസ്സിലാക്കിയിട്ടും അത് പ്രാവർത്തികമാക്കാത്തവരെ നിനക്ക് കാണാം. മുനാഫിഖുകളെ പോലെ അത് ബാഹ്യമായി അംഗീകരിക്കുന്നവരെയും കാണാം. അവനോട് വിശ്വസിക്കുന്ന കാര്യങ്ങളെ കുറിച്ച് ചോദിച്ചാൽ അവനൊന്നുമറിയില്ല. എന്നാൽ താങ്കൾ ഖുർആനിലെ രണ്ട് ആയത്തുകൾ കൂടി മനസ്സിലാക്കേണ്ടതുണ്ട്.

1- (നിങ്ങൾ ഒഴിവ് കഴിവ് പറയണ്ട. നിങ്ങൾ വിശ്വാസിച്ചതിന് ശേഷം അവിശ്വാസികളായിരിക്കുന്നു. -തൗബ: 66) എന്ന ആയത്ത് നമുക്ക് ചിന്തിക്കാം. നബി ﷺ യോടൊപ്പം യുദ്ധം ചെയ്ത ആളുകൾ തമാശയായി ഒരു വാക്ക് പറഞ്ഞതിൻെറ പേരിൽ അവിശാസികളായെന്ന് നേരത്തെ മനസ്സിലാക്കിയില്ലേ. അപ്പോൾ സാമ്പ

ത്തിക നഷ്ടമോ സ്ഥാനനഷ്ടമോ മറ്റുള്ളവരെ തൃപ്തിപ്പെടുത്താനോ വേണ്ടി അവിശ്വാസം പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നത് തമാശയായി അത്തരം വാക്ക് പറയുന്നതിനേക്കാൾ ഗൗരവമേറിയതാണെന്ന് താങ്കൾ മനസ്സിലാക്കിയതാണ്. കാരണം ജനങ്ങളെ ചിരിപ്പിക്കാൻ വേണ്ടി തമാശ പറയുന്നവൻ മിക്കവാറും അത് തൻെറ മനസ്സിൽ വിശ്വാസിക്കാറില്ല. അതിനാൽ തന്നെ സൃഷ്ടികളിൽ നിന്ന് വല്ലതും പ്രതീക്ഷിച്ചോ അല്ലെങ്കിൽ ഭയന്നോ അവിശ്വാസം പറയുകയോ പ്രവർത്തിക്കുയോ ചെയ്യുന്നവൻ പിശാചിൻെറ വാഗ്ദാനത്തെ സത്യപ്പെടുത്തുകയാണ്. (പിശാച് നിങ്ങളോട് ദാരിദ്ര്യത്തെ കുറിച്ച് ഭയപ്പെടുത്തുകയും നീചകാര്യങ്ങൾ ചെയ്യാൻ കൽപിക്കുകയും ചെയ്യും. (അൽബഖറ: 268) അവൻ പിശാചിൻെറ താക്കീതിനെയാണ് ഭയപ്പെടുന്നത്. (തീർച്ചയായും അത് (നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്) പിശാച് മാത്രമാകുന്നു. അവൻ തൻെറ മിത്രങ്ങളെ പററി (നിങ്ങളെ) ഭയപ്പെടുത്തുന്നു. (ആലുഇംറാൻ: 175) എന്നാൽ അവൻ അല്ലാഹുവിൻെറ വാഗ്ദാനം സത്യമാക്കുന്നുമില്ല. (അല്ലാഹു നിങ്ങളോട് അവനിൽ നിന്നുള്ള പാപമോചനവും ഔദാര്യവും വാഗ്ദാനം ചെയ്യുന്നു. (അൽബഖറ: 268) അല്ലാഹുവിൻെറ താക്കീത് അവൻ ഭയപ്പെടുന്നുമില്ല. (നിങ്ങൾ അവരെ ഭയപ്പെടരുത്. നിങ്ങൾ എന്നെ ഭയപ്പെടുക: സത്യവിശ്വാസികളാണെങ്കിൽ (ആലുഇംറാൻ: 175) അപ്പോൾ ഈ അവസ്ഥയിലുള്ള ഒരു വ്യക്തി അല്ലാഹുവിൻെറ ഔലിയാക്കളിലോ അല്ലെങ്കിൽ പിശാചിൻെറ ഔലിയാക്കളിലോ ഉൾപ്പെടുക?.

2- വിശ്വസിച്ചതിന് ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെ മനസ്സ് സത്യവിശ്വാസത്തിൽ സമാധാനമടഞ്ഞവനായിരിക്കെ, നിർബന്ധിക്കപ്പെട്ടവനല്ല. പ്രത്യുത തുറന്ന മനസ്സോടെ അവിശ്വാസം സ്വികരിച്ചതാരോ അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടാകുന്നതാണ്. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും(നഹ്ൽ: 106) അപ്പോൾ മനസ്സ് സത്യവിശ്വാസത്തിൽ സമാധാനമടയുന്നവർക്കല്ലാതെ അല്ലാഹു ഇവിടെ വിട്ടുവീഴ്ച നൽകുന്നില്ല. മറ്റുള്ളവർ അവിശ്വാസിയാകുന്നതാണ്. അത് ഭയന്നോ മോഹിച്ചോ ആരെയെങ്കിലും തൃപ്തിപ്പെടുത്താനോ അല്ലെങ്കിൽ ദേശത്തിനോ കുടുംബത്തിനോ സമ്പത്തിനോ വേണ്ടിയോ അല്ലെങ്കിൽ തമാശയായോ മറ്റോ അവൻ അത് ചെയ്താലും ശരി. കാരണം നിർബന്ധിക്കൽ പറയാനും ചെയ്യാനുമെ ഉണ്ടാവുകയുള്ളു. മനസ്സ് കൊണ്ടുള്ള വിശ്വാസത്തിൽ നിർബ്ബന്ധിക്കലില്ല. അല്ലാഹു പറഞ്ഞു: അത് അവർ പരലോകത്തേക്കാൾ ഇഹലോകത്തെ കൂടുതൽ ഇഷ്ടപ്പെട്ടത് കൊണ്ടാണ്. തീർച്ചയായും അല്ലാഹുവാകട്ടെ സത്യനിഷേധികളായ ആളുകളെ സന്മാർഗ്ഗത്തിലാക്കുകയില്ല.(നഹ്ൽ: 107) അപ്പോൾ ശിക്ഷിക്കപ്പെടുന്നതിൻെറ കാരണം വിശ്വാസവും മതത്തോടുള്ള വിദ്വേഷവും അജ്ഞതയുമല്ല. പ്രത്യുത അതിലൂടെ ഭൗതിക നേട്ടങ്ങൾ കൈവരിക്കലാണ്. അതിനാണ് അവൻ മതത്തേക്കാൾ പ്രാമുഖ്യം നൽകുന്നത്. ഇത്രയും വിവരിച്ചതിന് ശേഷവും താങ്കൾക്ക് റബ്ബിലേക്ക് പശ്ചാത്തപിക്കാനും താങ്കൾ നിലകൊള്ളുന്ന തെറ്റായ കാര്യങ്ങൾ ഉപേക്ഷിക്കുവാനും സമയമായില്ലേ?. കാരണം വിഷയം നിസ്സാരമല്ല. പ്രത്യുത വളരെ പ്രധാന്യവും ഗൗരവമർഹിക്കുന്നതുമാണ്.

**അബ്ദുന്നബി:** അല്ലാഹുവിലേക്ക് ഞാൻ പശ്ചാത്തപിച്ച് മടങ്ങുന്നു. അല്ലാഹുവിന് പുറമെ ഞാൻ ആരാധിച്ചിരുന്ന എല്ലാത്തിലും ഞാൻ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിലും റസൂലിലും ശരിയായ രൂപത്തിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എൻെറ അടുക്കൽ വന്നുപോയ തെറ്റുകളൊക്കെ അല്ലാഹു പൊറുത്തുതരാനും തൗഹീദിലും ശരിയായ വിശ്വാസത്തിലും ഉറപ്പിച്ചുനിർത്താനും ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. സഹോദരാ, താങ്കൾ നൽകിയ ഈ ഉപ

ദേശത്തിന് മഹാത്തായ പ്രതിഫലം റബ്ബ് നൽകട്ടെ. എൻെറ പേര്, എൻെറ വിശ്വാ സം എന്നിവയെ താങ്കൾ വിമർശിച്ചതിനും നന്ദി പറയുന്നു. എൻെറ പേര് അബ്ദു റഹ്മാൻ എന്നാക്കിയിരിക്കുന്നു. പിഴച്ചുപോയ വിശ്വാസത്തിലായിരുന്നു എൻെറ മരണമെങ്കിൽ ഞാൻ രക്ഷപ്പെടുമായിരുന്നില്ല. ഒരു അപേക്ഷ കൂടിയുണ്ട്. അധിക മാളുകൾക്കും അബദ്ധം വന്നിട്ടുള്ള കാര്യങ്ങളെ കുറിച്ച് സൂചിപ്പിച്ചാലും.

അബ്ദുല്ല: സാരമില്ല. ശ്രദ്ധിച്ച് കേട്ടോളൂ.

✷ ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ ഭിന്നവീക്ഷണമുള്ള വല്ലതും കണ്ടാൽ അതിൻെറ വ്യാഖ്യാനം അറിയാനും തൻമൂലം കുഴപ്പം ഉണ്ടാകാനും വേണ്ടി അതനുഗമിക്കുന്നത് താങ്കൾ സൂക്ഷിക്കുക. യാഥാർത്ഥത്തിൽ അതിൻെറ വ്യാഖ്യാനം അല്ലാഹുവിനെ അറിയൂ. അടിയുറച്ച വിജ്ഞാനമുള്ള പണ്ഡിതരുടെ മാർഗ്ഗം താങ്കൾ പിൻപറ്റുക. അവർ സാദൃശ്യമാക്കപെട്ടതിനെ പറ്റി പറയുക (എല്ലാം നമ്മുടെ റബ്ബിങ്കൽ നന്നുള്ളതാണ്. ഞങ്ങൾ അത് വിശ്വസിച്ചിരിക്കുന്നു) എന്നാണ്. ഭിന്നതയുള്ള വിഷയത്തെക്കുറിച്ച് നബി ﷺ പറഞ്ഞു: സംശയമുള്ളത് ഒഴവാക്കി സംശയമില്ലാത്തത് സ്വീകരിക്കുക (അഹ്മദ്, തുർമുദി) നബി ﷺ പറഞ്ഞു: ആരെങ്കിലും സംശയമുള്ളവ സൂക്ഷിച്ചാൽ തൻെറ മതവും അഭിമാനവും കുറ്റമു ക്തമാക്കിയവനായി. സംശയമുള്ളതിൽ അകപ്പെട്ടാൽ അവൻ നിഷിദ്ധമായവ യിൽ അകപ്പെടുന്നതാണ്.(മുസ്ലിം) നബി ﷺ പറഞ്ഞു: നിൻെറ മനസ്സിൽ ചൊറിച്ചിൽ ഉണ്ടാകുകയും ജനങ്ങൾ അറിയുന്നത് വെറുക്കുകയും ചെയ്യുന്നതാണ് കുറ്റം. (മുസ്ലിം) നബി ﷺ പറഞ്ഞു: നീ നിൻെറ മനസ്സിനോട് ചോദിക്കൂ. നീ നിൻെറ ഹൃദ യത്തോട് ചോദിക്കൂ.(മൂന്ന് തവണ) മനസ്സ് സമാധാനമടയുന്നതാണ് പുണ്യം. മനസ്സിൽ ചൊറിച്ചിലുണ്ടാക്കുന്നതും സംശയകരമാകുന്നതുമാണ് തെറ്റ്. ജനങ്ങൾ നിനക്ക് ഫത്ത്വ തന്നാലും) (അഹ്മദ്)

✷ ദേഹേച്ഛയെ പിൻപറ്റുന്നത് നീ സൂക്ഷിക്കുക. (തൻെറ ഇച്ഛയെ ആരാധ്യ നാക്കിയവനെ നീ കണ്ടുവോ?(ഫുർഖാൻ :42) എന്ന് അല്ലാഹു താക്കീത് ചെയ് തിട്ടുണ്ട്.

✷ വ്യക്തിയോടും വീക്ഷണത്തോടും പിതൃപാരമ്പര്യത്തോടുമുള്ള പക്ഷപാതി ത്വം ഉപേക്ഷിക്കുക. അത് സത്യത്തിൽ നിന്ന് താങ്കളെ തടയും. സത്യം വിശ്വാസി യുടെ കളഞ്ഞുപോയ വസ്തുവാണ്. സത്യം ആരിൽ നിന്നായാലും താങ്കൾ സ്വീക രിക്കണം. അല്ലാഹു പറഞ്ഞു: അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപററി ജീവി ക്കുക എന്ന് അവരോട് പറയപ്പെട്ടാൽ അവർ ഇങ്ങനെ പറയും: “ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപററുകയുള്ളൂ” അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ചു മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്തത്താവ രുമായിരുന്നെങ്കിൽ പോലും (അവരെ പിൻപററുകയാണോ?) (അൽ ബഖറ : 170)

✷ അവിശ്വാസികളോട് ചേർന്ന് സമാനമാകുന്നത് സൂക്ഷിക്കുക. അത് എല്ലാ പ്രശ്നങ്ങളുടെയും മുഖ്യകാരണങ്ങളിൽ പെട്ടതാണ്. നബി ﷺ പറഞ്ഞു: വല്ലവനും ഒരു സമൂഹത്തോട് തുല്യനായാൽ അവൻ അവരിൽ പെട്ടവനാണ്.

✷അല്ലാഹു അല്ലാത്തവരിൽ ഭരമേൽപ്പിക്കാതിരിക്കുക. അല്ലാഹു പറഞ്ഞു: അല്ലാഹുവിൽ ആര് ഭരമേൽപിക്കുന്നുവോ അവന് അല്ലാഹു മതിയായവനാണ്. (ത്വലാഖ് 2)

✷ ആരെ അനുസരിച്ചായാലും അല്ലാഹുവിനെ ധിക്കരിക്കേണ്ടി വരുന്ന കാര്യം ചെയ്യാതിരിക്കുക. നബി ﷺ പറഞ്ഞു: സ്രഷ്ടാവിന് എതിരുള്ള കാര്യത്തിൽ ഒരു സൃഷ്ടിയെയും അനുസരിക്കരുത്. (തുർമുദി)

✷ അല്ലാഹുവിനെ കുറിച്ച് ദുഷ്ട വിചാരം വർജിക്കുക. ഖുദ്സിയായ ഹദീസിൽ പറഞ്ഞു: എൻെറ അടിമ എന്നെ കുറിച്ച് ധരിക്കുന്നതിനനുസരിച്ചാണ് ഞാൻ. (ബുഖാരി, മുസ്‌ലിം)
✷ വിപത്ത് വരാതിരിക്കാനോ വന്നത് നീങ്ങാനോ വേണ്ടി ചരട്, വളയം, ഏലസ്സ് തുടങ്ങിയവ കെട്ടുന്നത് വർജജിക്കുക.
✷ കണ്ണേറ് തട്ടാതിരിക്കാൻ വേണ്ടി ഏലസ്സ് കെട്ടുന്നത് വർജജിക്കുക. അത് ശിർക്കാണെന്ന് നബി ﷺ പറഞ്ഞു: ആരെങ്കിലും വല്ലതും ബന്ധിച്ചാൽ അവനെ അതിലേക്ക് ഏൽപ്പിക്കപ്പെടുന്നതാണ് (തുർമുദി)
✷ കല്ല്, മരം, അവശിഷ്ടങ്ങൾ, കെട്ടിടങ്ങൾ പോലെയുള്ളത് കൊണ്ട് ബർക്കത്ത് എടുക്കുന്നത് ഉപേക്ഷിക്കുക.
✷ ഏത് വസ്തു കൊണ്ടും ശകുനം നോക്കൽ ഉപേക്ഷിക്കുക. അത് ശിർക്കാണ് നബി ﷺ പറഞ്ഞു: ശകുനം നോക്കൽ ശിർക്കാണ്. (മൂന്നു തവണ) (അഹമദ്, അബൂദാവൂദ്)
✷ അദൃശ്യജ്ഞാനമുണ്ടെന്ന് വാദിക്കുന്ന നക്ഷത്ര ഫലം പറയുന്നവരെയും മാരണക്കാരെയും സത്യപ്പെടുത്താതിരിക്കുക. അവരെ സത്യപ്പെടുത്തുന്നത് ശിർക്കാണ്. കാരണം അദൃശ്യം അല്ലാഹുവിനല്ലാതെ അറിയുകയില്ല.
✷ മഴയെയും കാലാവസ്ഥയെയും നക്ഷത്രങ്ങളിലേക്ക് ചേർത്ത് പറയാതിരിക്കുക. അത് ശിർക്കാണ്. അതൊക്കെ അല്ലാഹുവിലേക്ക് ചേർത്ത് പറയുക.
✷ അല്ലാഹുവല്ലാത്ത ആരെയും കൊണ്ട് സത്യം ചെയ്യാതിരിക്കുക. അത് ശിർക്കാണ്. നബി ﷺ പറഞ്ഞു: ആരെങ്കിലും അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ അവിശ്വാസിയായി. അല്ലെങ്കിൽ അവൻ ശിർക്ക് ചെയ്തു. (അഹ്മദ്, അബൂദാവൂദ്) നബിയെയോ അമാനത്ത്. അഭിമാനം, ജീവൻ തുടങ്ങിയവയെയോ കൊണ്ട് സത്യം ചെയ്യുന്നത് നിഷിദ്ധമാണ്.
✷ കാലം, കാറ്റ്, സൂര്യൻ, തണുപ്പ്, ഉഷ്ണം തുടങ്ങിയവയെ ദുഷിച്ച് പറയാതിരിക്കുക. അത് അവയുടെ സ്രഷ്ടാവിനെ ദുഷിക്കുന്നതിലേക്ക് എത്തുന്നതാണ്.
✷ (എങ്കിലുകൾ) ഉപേക്ഷിക്കുക. നിനക്ക് വല്ലതും സംഭവിച്ചാൽ അന്നങ്ങനെ ചെയ്തിരുന്നെങ്കിൽ അത് സംഭവിക്കുകയില്ലായിരുന്നു എന്നീ രൂപത്തിൽ എങ്കിൽ എന്ന് പറയുന്നത് ഉപേക്ഷിക്കുക. അത് പിശാചിൻെറ പ്രവർത്തനം തുറക്കുന്നതാണ്. അതിൽ അല്ലാഹുവിൻെറ ഖദ്റിനെ വിമർശിക്കലുമുണ്ട്. “ഇത് അല്ലാഹു കണക്കാക്കിയതാണ്. അവൻ ഉദ്ദേശിക്കുന്നത് സംഭവിക്കുന്നു” എന്ന് താങ്കൾ പറയുക.
✷ ഖബറുകൾ ആരാധനാസ്ഥലങ്ങളാക്കുന്നത് സൂക്ഷിക്കുക. കാരണം ഖബറുള്ള പള്ളിയിൽ നമസ്ക്കരിക്കാവതല്ല. നബി ﷺ മരിക്കുന്നതിന് അല്പം മുമ്പ് പറഞ്ഞു: അല്ലാഹുവിൻെറ ശാപം ജൂതക്രിസ്ത്യാനികൾക്ക് ഉണ്ടാകട്ടെ. കാരണം അവർ തങ്ങളുടെ നബിമാരുടെ ഖബ്റുകൾ ആരാധനാസ്ഥലങ്ങളാക്കി മാററി. അവർ ചെയ്തതിനെ കുറിച്ച് അവിടുന്ന് മുന്നറിയിപ്പ് നൽകുകയായിരുന്നു. ആഇശ(റ) പറഞ്ഞു: അങ്ങനെയുണ്ടാകുമായിരുന്നില്ലെങ്കിൽ അവിടുത്തെ ഖബർ വെളിയിലാക്കുമായിരുന്നു. (ബുഖാരി, മുസ്‌ലിം) നബി ﷺ പറഞ്ഞു: നിങ്ങൾക്ക് മുമ്പുള്ളവർ അവരിലെ നബിമാരുടെയും സ്വാലിഹീങ്ങളുടെയും ഖബ്റുകൾ ആരാധനാസ്ഥലങ്ങളാക്കി. അതിനാൽ നിങ്ങൾ ഖബ്റുകളെ ആരാധനാസ്ഥലങ്ങളാക്കരുത്. ഞാനിതാ നിങ്ങളോട് അത് വിരോധിക്കുന്നു. ( അബൂ അവാന)
✷ വ്യാജ ഹദീസുകൾ സത്യപ്പെടുത്തുന്നത് സൂക്ഷിക്കുക. നബി ﷺ യുടെയോ സ്വാലി ഹീങ്ങളുടെയോ ദേഹം കൊണ്ട് തവസ്സുലാക്കി പ്രാർത്ഥിക്കുന്നതിന്

തെളിവായി പറയുന്ന ഹദീസുകൾ വ്യാജ നിർമ്മിതമാണ്." എന്റെ ജാഹ് കൊണ്ട് നിങ്ങൾ തവസ്സുലാക്കുക. എന്റെ ജാഹ് അല്ലാഹുവിന്റെ അടുക്കൽ മഹത്തായതാണ്." "നിങ്ങൾക്ക് വല്ല കാര്യവും സാധിക്കാതെ വന്നാൽ ഖബ്റാളികളെ അവലംബിക്കുക" "തീർച്ചയായും ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാൻ എല്ലാ വലിയ്യിന്റെയും ഖബറിടത്തിൽ അല്ലാഹു ഒരു മലക്കിനെ ഏൽപ്പിച്ചിരിക്കുന്നു" "നിങ്ങളിലാരെങ്കിലും ഒരു കല്ലിനെ കുറിച്ച് നല്ലത് വിചാരിച്ചാൽ അത് അവന് ഉപകാരം ചെയ്തുകൊടുക്കുന്നതാണ്" തുടങ്ങിയ ഹദീസുകൾ നബി ﷺ യുടെ പേരിൽ കള്ളം പറഞ്ഞുണ്ടാക്കിയതാണ്.

✷ മൗലിദുന്നബിയ്യ്, മിഅ്റാജ് രാവ്, ബറാഅത്ത് രാവ് തുടങ്ങി ദീനിലേക്ക് ചേർത്ത് പറയുന്നവ ആഘോഷങ്ങളായി സ്വീകരിക്കുന്നത് ഉപേക്ഷിക്കുക. ഇതൊന്നും നബി ﷺ ചെയ്തിട്ടില്ല. നല്ല കാര്യങ്ങളിൽ അതീവ തൽപരരും നബി ﷺ യെ ഏററവും സ്നേഹിച്ചവരുമായ സ്വഹാബികളും ചെയ്തിട്ടില്ല. അവരിൽ അത്തരം കാര്യങ്ങൾക്ക് രേഖ കണ്ടെത്താനും കഴിയില്ല. നല്ല കാര്യമായിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നു. ഇതൊക്കെ പിൽകാലത്തുണ്ടാക്കിയ പുതിയ കാര്യങ്ങളാണ്.

# ലാ ഇലാഹ ഇല്ലല്ലാഹു

ഇത് രണ്ട് ഭാഗങ്ങൾ ഉൾക്കൊള്ളുന്നു. (ഒന്ന്) ലാഇലാഹ സാക്ഷാൽ ദിവ്യത്വം അല്ലാഹുവിനല്ലാതെ ഇല്ലാ എന്ന് നിഷേധിക്കുന്നു.(ഇല്ലല്ലാഹ്) സാക്ഷാൽ ദിവ്യത്വം അല്ലാഹുവിന് മാത്രമുള്ളതാണെന്ന് സ്ഥിരീകരിക്കുന്നു.അല്ലാഹു പറഞ്ഞു. ( ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം ( ശ്രദ്ധേയമാകുന്നു) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴി ഞ്ഞു നിൽക്കുന്നവനാകുന്നു.എന്നെ സൃഷ്ടിച്ചവനൊഴികെ.കാരണം തീർച്ച യായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്.

അല്ലാഹുവിനും ആരാധനചെയ്യുന്നത് കൊണ്ട് മാത്രം മതിയാകുന്നതല്ല, മറിച്ച് അല്ലാഹുവിന് മാത്രമായിരിക്കണം ആരാധന ചെയ്യേണ്ടത്.ശരിയായ ഏകദൈവ വിശ്വാസം സാക്ഷാൽകരിക്കപ്പെടണമെങ്കിൽ അല്ലാഹുവിനെ മാത്രം ഏകനാക്കു കയും ശിർക്കിൽ നിന്നും അതിന്റെ ആളുകളിൽ നിന്നും പൂർണ്ണമായി മുക്തരാ വുകയും ചെയ്തിരിക്കണം .

**ലാഇലാഹ ഇല്ലല്ലാഹു എന്നത് സ്വർഗ്ഗത്തിൻെറ താക്കോലാണെന്ന് പറയപ്പെട്ടിരി ക്കുന്നു. അതിനാൽ അത് പറയുന്നവർക്കെല്ലാം സ്വർഗ്ഗം തുറക്കപ്പെടുമോ?**

വഹബ്ബിൻ മുനബ്ബഹി(റ)നോട് ലാ ഇലാഹ ഇല്ലല്ലാഹു എന്നത് സ്വർഗ്ഗത്തിൻെറ താക്കോലല്ലേ എന്ന് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: "അതെ,എന്നാൽ ഏതൊരു താക്കോലിനും പല്ലുകളുണ്ടാവും.പല്ലുകളുള്ള താക്കോ ലുമായി നീ വന്നാൽ നിനക്കത് തുറക്കപ്പെടും. അല്ലെങ്കിൽ നിനക്കത് തുറക്ക പ്പെടുകയില്ല."

അതിൻെറ പല്ലുകൾ വ്യക്തമാക്കുന്ന ധാരാളം നബിവചനങ്ങൾ വന്നിട്ടുണ്ട്. "വല്ലവനും ലാഇലാഹ ഇല്ലല്ലാഹു എന്ന് നിഷ്കളങ്കമാക്കിക്കൊണ്ട്..... മനസ്സിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട്... മനസ്സിൽ നിന്ന് യാഥർത്ഥ്യമാക്കിക്കൊണ്ട് .". തുടങ്ങിയവ അതിൽ ചിലതാണ്. ഈ ഹദീസുകളെല്ലാം ലാ ഇലാഹ ഇല്ലല്ലാഹു എന്നതിൻെറ ആശയം അറിയുക, മരണം വരെയും അതിൽ ഉറച്ച് നിൽക്കുക, അതിൻെറ ആശയത്തിന് കീഴ്പെട്ട് ജീവിക്കുക തുടങ്ങിയവയുമായി സ്വർഗ്ഗ പ്രവേശനത്തെ ബന്ധിപ്പിക്കുന്നു.

ഇത്തരം തെളിവുകളുടെ അടിസ്ഥാനത്തിൽ ലാ ഇലാഹ ഇല്ലല്ലാഹു സ്വർഗ്ഗത്തിൻെറ താക്കോലാകാനും അത് പ്രഖ്യാപിച്ചവന് ഉപകരിക്കാനും അനിവാ ര്യമായും ഉണ്ടാകേണ്ട നിബന്ധനകൾ പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. ആ പല്ലുക ളാകുന്ന നിബന്ധനകൾ പൂർണ്ണമാകുന്നതോടൊപ്പം മററു തടസ്സങ്ങൾ ഇല്ലാതിരി ക്കുകയും വേണം. അതിൻെറ പല്ലുകളാകുന്ന നിബന്ധനകൾ താഴെ പറയുന്നു.

**1 അറിവ്.** ഓരോ വാക്കിനും അർത്ഥമുണ്ടല്ലോ. അതിനാൽ ലാ ഇലാഹ ഇല്ല ല്ലാഹു എന്നതിൻെറ അർത്ഥം കൃത്യമായും അറിയണം. അത് യഥാർത്ഥമായും ആരാധനക്കുള്ള അർഹത അല്ലാഹുവിന് മാത്രം സ്ഥിരപ്പെടുത്തുകയും അല്ലാഹു വല്ലാത്തവരിൽ നിന്ന് അതിനെ നിഷേധിക്കുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു: (അവർ അറിയുന്നവരായിക്കൊണ്ട് സത്യസാക്ഷ്യം വഹിച്ചവരൊഴികെ.) നബി ﷺ പറഞ്ഞു: ഒരാൾ അല്ലാഹുവല്ലാതെ ആരാധനക്ക് അർഹരായി ആരുമില്ലെന്ന് മനസ്സി ലാക്കിക്കൊണ്ട് മരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. (മുസ്‌ലിം)

**2 ദൃഢത.** ലാ ഇലാഹ ഇല്ലല്ലാഹു എന്നതിൻെറ ആശയം ദൃഢമായും വിശ്വ സിക്കണം. അത് യാതൊരു സംശയമോ സന്ദേഹമോ ഊഹമോ കടന്നുവരാൻ ഇടയാവാത്ത രൂപത്തിൽ ഉറച്ചതായിരിക്കണം. അല്ലാഹു സത്യവിശ്വാസികളെ വിശേ ഷിപ്പിക്കുന്നു: അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും, തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാ ഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാ

കുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാന്മാർ. (49:15) അപ്പോൾ ആ സാക്ഷ്യവാക്യം ഉച്ചരിച്ചാൽ മാത്രം മതിയാവില്ല. പ്രത്യുത അത് മനസ്സിൽ ഉറച്ചു വിശ്വസിക്കൽ നിർബ്ബന്ധമാണ്. മനസ്സിലില്ലെങ്കിൽ അത് കപടവിശ്വാസമാണ്. നബി ﷺ പറഞ്ഞു: ഒരാൾ അല്ലാഹുവല്ലാതെ ആരാധനക്ക് അർഹരായി ആരുമില്ലെന്നും ഞാൻ അല്ലാഹുവിൻെറ ദൂതനാണെന്നും അതിലൊരു സംശയവും അവശേഷിക്കാതെ സാക്ഷ്യം വഹിച്ചുകൊണ്ട് അല്ലാഹുവിനെ കണ്ടു മുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ല. (മുസ്ലിം)

**3 സ്വീകാര്യത.** ഈ വാക്യം അറിഞ്ഞുകൊണ്ട് ദൃഢമായി വിശ്വസിച്ചാൽ അതിൻെറ ഫലമായി അത് താൽപര്യപ്പെടുന്ന എല്ലാ കാര്യങ്ങളും മനസ്സാ വാചാ സ്വീകരിക്കണം. അപ്പോൾ തൗഹീദ് സ്വീകരിക്കാതെ അത് തള്ളിക്കളയുന്നവൻ അവിശ്വാസിയാണ്. അത് ചെയ്യുന്നത് അസൂയയോ അഹങ്കാരമോ മത്സരിച്ചോ കൊണ്ടാണെങ്കിലും ശരി. അഹങ്കാരത്താൽ അത് തിരസ്കരിക്കുന്ന അവിശ്വാസികളെ കുറിച്ച് അല്ലാഹു പറഞ്ഞു: തീർച്ചയായും അവർ തങ്ങളോട് ലാ ഇലാഹ ഇല്ലല്ലാഹു എന്ന് പറയപ്പെട്ടാൽ അവർ അഹങ്കരിക്കുന്നവരായിരുന്നു. (സ്വാഫാത്ത്: 35)

**4 കീഴ്പ്പെടൽ.** ഈ വാക്യം കൊണ്ട് ഉദ്ദേശിക്കപ്പെടുന്ന കാര്യങ്ങൾക്ക് പൂർണ്ണമായും കീഴ്പ്പെടണം. അത് വിശ്വാസത്തെ കർമ്മ പഥത്തിലൂടെ പ്രകടമാക്കുന്നതാണ്. അതിനാൽ മതം നിർദ്ദേശിച്ച കാര്യങ്ങൾ പ്രവർത്തിക്കുകയും വിരോധിച്ച കാര്യങ്ങൾ വർജ്ജിക്കുകയും ചെയ്യണം. അപ്പോഴാണ് കീഴ്പെടൽ പൂർണ്ണമാവുന്നത്. അല്ലാഹു പറഞ്ഞു: വല്ലവനും സദ്വൃത്തനായിക്കൊണ്ട് തൻെറ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏററവും ഉറപ്പുള്ള പിടിക്കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാകുന്ന കാര്യങ്ങളുടെ പരിണിതി. (31:22) ഇതാണ് സമ്പൂർണ്ണ കീഴ്പ്പെടൽ.

**5 സത്യസന്ധത.** ഈ വാക്യം വിശ്വസിക്കുന്നുവെന്ന് പറയുന്നത് സത്യസന്ധനായിക്കൊണ്ടായിരിക്കണം. നാവ് കൊണ്ട് മാത്രം പറയുകയും മനസ്സ് കൊണ്ട് അത് കളവാക്കുകയും ചെയ്യുന്നവൻ കപടവിശ്വാസിയാകുന്നതാണ്. അല്ലാഹു കപടവിശ്വാസികളെ ആക്ഷേപിച്ചു കൊണ്ട് പറഞ്ഞു: അവർ തങ്ങളുടെ മനസ്സിലില്ലാത്തത് നാവ് കൊണ്ട് പറയുന്നു. ( ഫത്ഹ്: 11 )

**6 സ്നേഹം.** ഈ വാക്യവും അതനുസരിച്ചുള്ള പ്രവർത്തനങ്ങളും അപ്രകാരം പ്രവർത്തിക്കുന്നവരെയും അവൻ ഇഷ്ടപ്പെടണം. തൻെറ താൽപര്യത്തിനെതിരായാലും അല്ലാഹുവിനോടുള്ള സ്നേഹത്തിന് പ്രാമുഖ്യം നൽകണം. അല്ലാഹുവിനെയും റസൂലിനെയും ഇഷ്ടപ്പെടുന്നവരെ ഇഷ്ടപ്പെടുകയും അവരോട് ശത്രുത പുലർത്തുന്നവരെ വെറുക്കുകയും ചെയ്യണം. അതിനായി നബിﷺയെ പിൻപററുകയും അവിടത്തെ മാതൃകകളും സന്മാർഗ്ഗ നിർദ്ദേശങ്ങളും പിന്തുടരു കയും വേണം. ഇതൊക്കെ സ്നേഹത്തിൻെറ അടയാളങ്ങളാണ്.

**7 നിഷ്കളങ്കത.** ഈ വാക്യം പറയുന്നത് അല്ലാഹുവിൻെറ പ്രീതി മാത്രം ഉദ്ദേശിച്ചായിരിക്കണം. അല്ലാഹു പറഞ്ഞു: (കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല. 98:5) നബി ﷺ പറഞ്ഞു: അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് അവൻെറ മുഖം കാംക്ഷിച്ചുകൊണ്ട് പറഞ്ഞവനെ അല്ലാഹു നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു)(ബുഖാരി) ഉപര്യുക്ത നിബന്ധനകളെല്ലാം പാലിക്കുന്നതോടൊപ്പം ഈ സാക്ഷ്യവാക്യത്തിൽ മരണം വരെയും ഉറച്ചുനിൽക്കൽ അനിവാര്യ മാണ്.

# മുഹമ്മദ് റസൂലുല്ലാഹി

മരിച്ചയാളോട് ഖബറിൽ വെച്ച് മൂന്ന് കാര്യങ്ങൾ ചോദിക്കപ്പെടും. അതിനു ത്തരം പറഞ്ഞാൽ രക്ഷപ്പെടും. അല്ലെങ്കിൽ പരാജയപ്പെടും. അതിൽ പെട്ടതാണ് നിൻെറ നബിയാര്? എന്നത്. ഇഹലോകത്ത് വെച്ച് ആ വാക്യം നിബന്ധനകൾ ഉൾക്കൊണ്ട് വിശ്വസിച്ച് സാക്ഷ്യം വഹിച്ചവനേ അവിടെ വെച്ച് ഉത്തരം പറയാൻ സാധിക്കുകയുള്ളൂ. അവന് ഖബറിൽ വെച്ച് അല്ലാഹു ഉത്തരം തോന്നിപ്പിച്ചു കൊടുക്കും. സന്താനങ്ങളും സമ്പത്തും ഫലം ചെയ്യാത്ത പരലോകത്ത് അവനത് ഉപകരിക്കുകയും ചെയ്യും. ഈ സാക്ഷ്യത്തിൻെറ നിബന്ധനകൾ:

**❶ നബി ﷺ കൽപ്പിച്ച കാര്യങ്ങൾ അനുസരിക്കുക.** അപ്രകാരം നബി ﷺ യെ അനു സരിക്കണമെന്ന് അല്ലാഹു തന്നെ നമ്മോട് കൽപിച്ചതാണ്. അല്ലാഹു പറഞ്ഞു: (വല്ലവനും റസൂലിനെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ച വനായി). അല്ലാഹു പറഞ്ഞു: (നബിയേ) പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേ ഹിക്കുന്നുവെങ്കിൽ നിങ്ങളെന്നെ പിൻപററുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേ ഹിക്കുന്നതാണ്.) സ്വർഗ്ഗപ്രവേശനത്തെ നബി ﷺ യോടുള്ള അനുസരണവുമായി ബന്ധിപ്പിച്ചു കൊണ്ട് അവിടന്ന് പറഞ്ഞു: എൻെറ സമുദായം മുഴുവൻ സ്വർഗ്ഗ ത്തിൽ പ്രവേശിക്കുന്നതാണ്. വിസമ്മതിച്ചവരൊഴികെ. അവർ ചോദിച്ചു: റസൂലെ, വിസമ്മതിച്ചവരാരാണ്?. അവിടുന്ന് പറഞ്ഞു: എന്നെ അനുസരിച്ചവൻ സ്വർഗ്ഗത്തി ൽ പ്രവേശിക്കും. എന്നെ അനുസരിക്കാത്തവൻ വിസമ്മതിച്ചവനാണ്. (ബുഖാരി) നബി ﷺ യെ സ്നേഹിക്കുന്നവൻ അവിടുത്തെ അനുസരിക്കൽ അനിവാര്യമാണ്. കാരണം സ്നേഹത്തിൻെറ ഫലമാണ് അനുസരണം. അതിനാൽ നബി ﷺ യെ അനുസരിക്കുകയും പിൻപററുകയും ചെയ്യാതെ അവിടുത്തെ സ്നേഹിക്കുന്നുവെ ന്ന് പറയുന്നവൻ വ്യാജസ്നേഹവാദിയാണ്.

**❷ നബി ﷺ പറഞ്ഞതൊക്കെ സത്യപ്പെടുത്തുക.** നബി ﷺ യിൽ നിന്ന് സ്വീകാര്യമായ രൂപത്തിൽ ലഭിച്ച വല്ല കാര്യവും സ്വന്തം താൽപര്യത്തിനോ ഇച്ഛക്കോ വേണ്ടി ആരെങ്കിലും വ്യാജമാക്കിയാൽ അല്ലാഹുവിനെയും റസൂലിനെയും കളവാക്കിയവനാകും. കാരണം പ്രവാചകനിൽ നിന്ന് കളവോ തെറ്റോ വരുന്നതല്ല. അദ്ദേഹം അതിൽ നിന്ന് സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

**❸ നബി ﷺ വിരോധിച്ച കാര്യങ്ങൾ വർജ്ജിക്കുക.** പ്രഥമമായി മഹാപാപമായ ശിർക്കും മററു വൻപാപങ്ങളും വർജ്ജിക്കണം. അവസാനം ചെറിയ പാപങ്ങളും വെറുക്കപ്പെട്ട കാര്യങ്ങളും അവൻ വർജ്ജിക്കണം. നബി ﷺ യോടുള്ള സ്നേഹ ത്തിനനുസൃതമായി ഈമാൻ വർദ്ധിക്കുന്നതാണ്. ഈമാൻ വർദ്ധിക്കുമ്പോൾ സൽകർമ്മങ്ങളോട് ഇഷ്ടവും അവിശ്വാസത്തോടും അനുസരണക്കേടിനോടും അനിഷ്ടവും വർദ്ധിക്കുന്നതാണ്.

**❹ അല്ലാഹുവിനെ ആരാധിക്കുന്നത് നബി ﷺ പഠിപ്പിച്ചതനുസരിച്ച് മാത്രമായിരി ക്കുക.** ആരാധനകളിലെ അടിസ്ഥാനം വിലക്കാണ്. അതിനാൽ നബി ﷺ യിൽ നിന്ന് വന്ന പ്രകാരമല്ലാതെ അല്ലാഹുവിനെ ആരാധിക്കാവതല്ല. അവിടുന്ന് പറഞ്ഞു: നമ്മുടെ കൽപനയില്ലാത്ത വല്ല കർമ്മവും ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്. (മുസ്ലിം)

**ഗുണപാഠം.** നബി ﷺ യെ സ്നേഹിക്കൽ നിർബ്ബന്ധമാണ്. സ്നേഹിച്ചാൽ മാത്രം മതിയാവില്ല. അത് എല്ലാത്തിനേക്കാളും സ്വന്തത്തേക്കാൾ പോലും ഉപരിയായിരിക്ക ണം. ഒരാൾ സ്നേഹിക്കുന്നെങ്കിൽ അവൻ സ്നേഹിക്കപ്പെടുന്നവന് പ്രാമുഖ്യം നൽകുകയും യോജിക്കുകയും ചെയ്യും. അതിനാൽ ഒരാൾ യഥാർത്ഥത്തിൽ നബി ﷺ യെ സ്നേഹിക്കുന്നെങ്കിൽ അവൻെറ ജീവിതത്തിൽ അതിൻെറ അടയാള ങ്ങൾ പ്രകടമാവണം. അവൻ വാക്കിലും പ്രവൃത്തിയിലും അവിടുത്തെ പിൻപറ്റും.

കൽപ്പനകൾ അനുസരിക്കും, വിരോധിച്ചവ വർജ്ജിക്കും. അവിടുത്തെ ആചാര മര്യാദകൾ പാലിക്കും. ജീവിതത്തിൽ ഞെരുക്കമുണ്ടായാലും ഐശര്യമുണ്ടായാലും സന്തോഷത്തിൻെറയും സന്താപത്തിൻെറയും ഘട്ടങ്ങളിലുമൊക്കെ അവിടുത്തെ ചര്യകൾ അവൻ പിന്തുടരും. കാരണം അനുസരണവും അനുധാവനവുമാണ് സ്നേഹത്തിൻെറ ഫലം. അതു രണ്ടുമില്ലെങ്കിൽ ആ സ്നേഹം സത്യസന്ധമല്ല.

**പ്രവാചക സ്നേഹത്തിൻെറ അടയാളങ്ങൾ:** നബി ﷺ യെ ഓർക്കുകയും സ്വലാത്ത് ചൊല്ലുകയും ചെയ്യുക. കാരണം ഒരു കാര്യത്തെ ഇഷ്ടപ്പെട്ടാൽ അതിനെ കുറിച്ച് കൂടുതൽ പറയുന്നത് സ്വാഭാവികമാണല്ലോ. നബി ﷺ യെ കാണാൻ ആഗ്രഹിക്കുന്നത് അതിൽ പെട്ടതാണ്. ഏതൊരു സ്നേഹിതനും തൻെറ സ്നേഹിതനെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നതാണ്. നബി ﷺ യെ കുറിച്ച് സംസാരിക്കുമ്പോൾ ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നതും അതിൽപെട്ടതാണ്. ഇസ്ഹാഖ് ﷺ പറഞ്ഞു: നബി ﷺ യുടെ കാലശേഷം സ്വഹാബികൾ അവിടുത്തെ കുറിച്ച് വിനയത്തോടും കരഞ്ഞുകൊണ്ടും രോമാഞ്ചമായും കൊണ്ടല്ലാതെ സംസാരിക്കാറുണ്ടായിരുന്നില്ല. നബി ﷺ യോട് കോപിക്കുന്നവരോട് കോപിക്കുകയും, ശത്രുത കാണിക്കുന്നവരെ ശത്രുവായി കാണുകയും, അവിടുത്തെ സുന്നത്തിനെ എതിർക്കുകയും ബിദ്അത്തുകൾ ഉണ്ടാക്കുകയും ചെയ്യുന്നവരുമായും കപടന്മാരുമായും അകന്ന് നിൽക്കുകയും ചെയ്യുന്നത് അതിൽ പെട്ടതാണ്. നബി ﷺ യുടെ സ്നേഹത്തിന് വിധേയരായ അവിടുത്തെ ഭാര്യമാർ, കുടംബക്കാർ, മുഹാജിറുകളും അൻസ്വാറുകളുമടക്കമുള്ള സ്വഹാബിമാർ തുടങ്ങിയവരെ സ്നേഹിക്കലും, അവിടുന്ന് വിദ്വേഷം പുലർത്തുകയും ശത്രുവായി കാണുകയും അധിക്ഷേപിക്കുകയും ചെയ്തവരെ വെറുക്കലും അതിൽ പെട്ടതാണ്. നബി ﷺ ഏററവും നല്ല സ്വഭാവമുള്ളവരായിരുന്നു. അതിനാൽ അവിടുത്തെ സ്വഭാവഗുണങ്ങൾ പിൻപററുന്നതും അതിൽ പെട്ടതാണ്. ആഇശ(റ) പറഞ്ഞു: (നബി ﷺ യുടെ സ്വഭാവം ഖുർആനായിരുന്നു.) കാരണം. ഖുർആ നിലെ കൽപ്പനകൾ സ്വന്തം ജീവിതത്തിൽ അവിടുന്ന് നിർബ്ബന്ധമായും പ്രാവ ർത്തികമാക്കിയിരുന്നു.

**നബി ﷺ യുടെ ഗുണങ്ങൾ:** അവിടുന്ന് ജനങ്ങളിലേററവും ധീരനായിരുന്നു. അവിടുന്ന് ഏററവും ധീരത പ്രകടിപ്പിച്ചത് യുദ്ധത്തിൻെറ മൂർദ്ധന്യ ഘട്ടത്തിലായിരുന്നു. അവിടുന്ന് ഏററവും ഉദാരനായിരുന്നു. കൂടുതൽ ദാനം ചെയ്തിരുന്നത് റമദാനിലായിരുന്നു. ജനങ്ങളോട് ഏററവും ഗുണകാംക്ഷയുള്ളവരും വിവേകപൂർവ്വം പെരുമാറുന്നവരുമായിരുന്നു. അവിടുന്ന് സ്വന്തത്തിന് വേണ്ടി ആരോടും പ്രതികാരം ചെയ്തിട്ടില്ല. എന്നാൽ അല്ലാഹുവിൻെറ കാര്യത്തിൽ അവിടുന്ന് ജനങ്ങളിലേറ്റവും കണിശത പുലർത്തിയിരുന്നു. ഏററവും താഴ്മയും കന്യകയേക്കാൾ ലജ്ജയുള്ളവരുമായിരുന്നു.

# ശുദ്ധി

അല്ലാഹുവേ, ഞങ്ങളുടെ നബിക്കും അവിടുത്തെ കുടുംബത്തിനും ഭാര്യമാർക്കും സ്വഹാബികൾക്കും താബിഈങ്ങൾക്കും അവരെ പിന്തുടരുന്ന അന്ത്യനാൾ വരെയുള്ള സത്യവിശ്വാസികൾക്കും നീ രക്ഷയും സമാധാനവും നൽകേണമേ. നമസ്കാരം ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തേതാണ്. അത് ശുദ്ധിയില്ലാതെ സാധുവാകുകയില്ല. ശുദ്ധി വരുത്തേണ്ടത് വെള്ളമോ അല്ലെങ്കിൽ മണ്ണോ ഉപയോഗിച്ച് കൊണ്ടായിരിക്കണം.

**വെള്ളത്തിൻെറ ഇനങ്ങൾ : 1) ശുദ്ധമായത്.** അത് സ്വയം ശുദ്ധിയുള്ളതും മററുള്ളതിനെ ശുദ്ധിയാക്കുന്നതുമായ വെള്ളമാണ്. അശുദ്ധി നീക്കാനും മാലിന്യം (നജസ്) കഴുകി വൃത്തിയാക്കാനും അത് കൊണ്ട് സാധിക്കും.

**2- നജസ്- മലിന ജലം:** കുറഞ്ഞ വെള്ളത്തിൽ മാലിന്യം കലർന്നാൽ അത് മലിനമാകുന്നതാണ്. വെള്ളം കൂടുതലുണ്ടെങ്കൽ അതിൻെറ രുചിയോ നിറമോ വാസനയോ മാററം വന്നാൽ അത് ശുചീകരണത്തിന് ഉപയോഗിക്കരുത്. അപ്രകാരം മാററം വന്നെങ്കിലേ കൂടുതൽ വെള്ളം മലിനമാവുകയുള്ളൂ, എന്നാൽ കുറഞ്ഞ വെള്ളത്തിൽ നജസ് ചേർന്നാൽ തന്നെ അത് മലിനമാകുന്നതാണ്. കൂടുതൽ വെള്ളം എന്നതുകൊണ്ടുദ്ദേശിക്കുന്നത് രണ്ട് ഖുല്ലത്തിനേക്കാൾ അധികരിച്ചതാണ്. അതാകട്ടെ ഏകദേശം 210 ലിറ്ററാണ്.

**പാത്രം :** ശുദ്ധിയുള്ള എല്ലാ പാത്രങ്ങളും നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യാം. എന്നാൽ സ്വർണ്ണത്തിൻെറയും വെള്ളിയുടെയും പാത്രങ്ങൾ അനുവദനീയമല്ല. അത് ഉപയോഗിക്കുന്നത് കുറ്റകരമാണെങ്കിലും അതിൽ വുദൂഅ് ചെയ്താൽ സാധുവാകുന്നതാണ്. അമുസ്‌ലിംകളുടെ പാത്രങ്ങളും വസ്ത്രങ്ങളും അനുവദിക്കപ്പെട്ടതാണ്. അതിൽ മാലിന്യമുണ്ടെന്ന് അറിഞ്ഞാലൊഴികെ.

**ശവത്തിൻെറ തോൽ :** അത് നിരുപാധികം നജസാണ്. ശവം രണ്ടുതരമുണ്ട്.
**1-** നി രുപാധികം മാംസം ഭക്ഷിക്കപ്പെടാത്തത്. ഇതിൻെറ തോൽ നജസാണ്.
**2-** മാംസം ഭക്ഷിക്കപ്പെടുന്നവയിൽ പെട്ടതാണെങ്കിലും അറുക്കപ്പെടാത്തത്. ഇതിൻെറ തോൽ ഊറക്കിട്ട് ശുദ്ധിയാക്കിയാൽ ഉപയോഗിക്കാവുന്നതാണ്.

**ശൗച്യം ചെയ്യൽ :** മലം, മൂത്രം തുടങ്ങിയവ പുറത്ത് വന്നാൽ ഗുഹ്യസ്ഥാനം വെ ള്ളം കൊണ്ട് കഴുകി ശുദ്ധിയാക്കണം. അല്ലെങ്കിൽ കല്ല്, ഇല പോലെയുള്ളത് കൊണ്ട് തുടച്ച് വൃത്തിയാക്കണം. ഇതിന് വേണ്ടി ഉപയോഗിക്കുന്നത് ഭക്ഷ്യയോഗ്യമല്ലാത്തതും വൃത്തിയാക്കാൻ പററുന്നതും ശുദ്ധിയുള്ളതും അനുവദിക്കപ്പെട്ടതുമായ വസ്തുവായിരിക്കണം. അത് മൂന്നോ അതിൽ കൂടുതലോ കല്ല് കൊണ്ടായിരിക്കുകയും വേണം. വിസർജ്ജന ശേഷം വളരെ സമയം ആവശ്യമില്ലാതെ തൽസ്ഥാനത്ത് ഇരിക്കുന്നത് നിഷിദ്ധമാണ്. വെള്ളം കുടിക്കുന്ന സ്ഥലം, പൊതുവഴി, തണൽ കൊള്ളുന്നിടം, ഫലങ്ങളുള്ള വൃക്ഷത്തിൻെറ ചുവട്, എന്നിവിടങ്ങളിൽ വിസർജ്ജിക്കുന്നതും നിഷിദ്ധമാണ്. വിസർജ്ജിക്കുന്നത് തുറന്ന സ്ഥലത്താണെങ്കിൽ ഖിബ്‌ലക്ക് അഭിമുഖീകരിച്ച് കൊണ്ടാവുന്നതും നിഷിദ്ധമാണ്. അല്ലാഹുവിൻെറ നാമങ്ങൾ എഴുതപ്പെട്ട വസ്തുക്കളുമായി വിസർജ്ജന സ്ഥലത്ത് പ്രവേശിക്കൽ, അതിനിടയിൽ സംസാരിക്കൽ, മാളം പോലെയുള്ളതിൽ മൂത്രിക്കൽ, വലതുകൈ കൊണ്ട് ഗുഹ്യസ്ഥാനം സ്പർശിക്കൽ, കെട്ടിടത്തിൽ വെച്ചാണെങ്കിലും ഖിബ്‌ലക്ക് അഭിമുഖമായി ഇരിക്കൽ എന്നിവയൊക്കെ വെറുക്കപ്പെട്ടതാണ്. എന്നാൽ ഇതൊക്കെ ആവശ്യമുണ്ടെങ്കിൽ അനുവദിക്കപ്പെടുന്നതുമാണ്. ശൗച്യം ചെയ്യുമ്പോൾ കഴുകുന്നതിൻെറയും തുടക്കുന്നതിൻെറയും എണ്ണം ഒററയാക്കുന്നതും കല്ലും വെള്ളവും ഒരുമിച്ച് ഉപയോഗിക്കുന്നതും അഭിലഷണീയമാണ്.

**ധന്തശുദ്ധി :** അറാക് പോലെയുള്ള മൃദുലമായതും സുഗന്ധമുള്ളതും കൊണ്ട് അത് ചെയ്യൽ സുന്നത്താണ്. വുദൂഅ് ചെയ്യുമ്പോൾ വായിൽ വെള്ളം കൊപ്ളിക്കുന്നതിന് മുമ്പ്, നമസ്കാരം, ഖുർആൻ പാരായണം, ഉറക്കിൽ നിന്നുണർന്നാൽ, പള്ളിയിലോ വീട്ടിലോ പ്രവേശിച്ചാൽ, വായയുടെ വാസനക്ക് മാററം വന്നാൽ തുടങ്ങിയ സന്ദർഭങ്ങളിൽ ദന്തശുദ്ധീകരണം വളരെ പ്രാധാന്യമുള്ളതാണ്. ശുദ്ധിയാക്കുമ്പോഴും പല്ല് തേക്കുമ്പോഴും വലതു ഭാഗം കൊണ്ട് തുടങ്ങുന്നത് സുന്നത്താണ് അഭിലഷണീയമല്ലാത്ത കാര്യത്തിന് ഇടതുകൈ ഉപയോഗിക്കുന്നതും സുന്നത്താണ്.

**വുദൂഅ്: അതിൻെറ ഫർദുകൾ: 1-** മുഖം കഴുകൽ. വായിൽ വെള്ളം കൊപ്ളിക്കലും മൂക്കിൽ വെള്ളം കയററി ചീററലും ഇതിലുൾപ്പെടും. **2-** ഇരുകൈകളും വിരൽ മുതൽ മുട്ടുകൾ വരെ കഴുകുക. **3-** തല മുഴുവൻ ഇരുചെവികൾ ഉൾപ്പെടെ തടവുക. **4-** രണ്ടു കാലുകൾ ഞെരിയാണിയുൾപ്പെടെ കഴുകുക. **5-** ക്രമപ്രകാരം ചെയ്യുക. **6-** തുടർച്ചായി നിർവ്വഹിക്കുക.

**സുന്നത്തുകൾ :** ദന്തശുദ്ധി വരുത്തുക. ആദ്യം മുൻകൈ കഴുകുക. മുഖം കഴുകുന്നതിന് മുമ്പ് വെള്ളം വായിൽ കൊപ്ളിക്കുകയും മൂക്കിൽ കയററി ചീററുകയും ചെയ്യുക. നോമ്പുകാരനല്ലെങ്കിൽ ഇത് നന്നായി ചെയ്യുക. തിങ്ങിയ താടിയുടെ ഉള്ള് തിക്കിയകററുക. വിരലുകൾക്കിടയിൽ തിക്കിയകററുക. അവയവങ്ങളിൽ വലത്തെത് കൊണ്ടാരംഭിക്കുക. രണ്ടോ മൂന്നോ പ്രാവശ്യം ചെയ്യുക. മൂക്കിൽ വെള്ളം കയററുന്നത് വലതു കൈ കൊണ്ടും ചീററുന്നത് ഇടത് കൈ കൊണ്ടും ചെയ്യുക. അവയവങ്ങൾ തേച്ചു കഴുകുക. വുദൂഅ് പൂർണ്ണമായും ചെയ്യുക. വുദൂഇന് ശേഷം പ്രാർത്ഥന ചൊല്ലുക എന്നിവ വുദൂഇൻെറ സുന്നത്തുകളാണ്.

**വാജിബാത്തുകൾ :** വുദൂഅ് തുടങ്ങുമ്പോൾ ബിസ്മി ചൊല്ലുക. രാത്രി ഉറക്കിൽ നിന്നെഴുന്നേററയാൾ വെള്ളത്തിൽ കൈ മുക്കുന്നതിന് മുമ്പ് മൂന്ന് തവണ മുൻ കൈ കഴുകുക.

**കറാഹത്തുകൾ (വെറുക്കപ്പെട്ടത്) :** ചൂടേറിയതോ തണുത്തതോ ആയ വെള്ളം കൊണ്ട് വുദൂഅ് ചെയ്യുക. മൂന്ന് തവണയേക്കാൾ കൂടുതൽ ഒരവയവം കഴുകുക. അവയവങ്ങളിൽ നിന്ന് വെള്ളം കുടയുക. കണ്ണിൻെറ ഉള്ള് കഴുകുക എന്നിവ വെറുക്കപ്പെട്ടതാണ്. എന്നാൽ വുദൂഇന് ശേഷം അവയവങ്ങൾ തോർത്തൽ അനുവദനീയമാണ്.

**ഉണർത്തൽ :** കൊപ്ളിക്കുമ്പോൾ വായിൽ വെള്ളം ചലിപ്പിക്കൽ അനിവാര്യമാണ്. മൂക്കിലേക്ക് വെള്ളം കൈ കൊണ്ട് മാത്രമല്ല ശ്വാസം വലിച്ചു കൊണ്ടും കയററുകയും ചീററുകയും വേണം. ഇപ്രകാരം ചെയ്താലേ അത് സാധുവാകുകയുള്ളൂ.

**വുദൂവിൻെറ രൂപം :** അത് ചെയ്യുന്നുവെന്ന് മനസ്സു കൊണ്ട് ഉദ്ദേശിക്കുക. ശേഷം ബിസ്മി ചൊല്ലി രണ്ട് കൈപടങ്ങളും കഴുകുക. പിന്നെ വായിൽ വെള്ളം കൊപ്ളിക്കുകയും മൂക്കിൽ വെള്ളം കയററി ചീററുകയും ചെയ്യുക. പിന്നീട് മുഖം കഴുകുക. സാധാരണ തലമുടി മുളക്കുന്ന സ്ഥലം മുതൽ താടിയെല്ല് വരെ നീളത്തിലും ഒരു ചെവി മുതൽ മറ്റേ ചെവി വരെ വീതിയിലുമാണ് കഴുകേണ്ട മുഖ പരിധി. ശേഷം കൈകൾ രണ്ടും മുട്ടുൾപ്പെടെ കഴുകുക പിന്നീട് തലയുടെ ബാഹ്യഭാഗം മുഴുവൻ- തലയുടെ മുൻഭാഗം മുതൽ പിരടിവരെ തടവുക. ചേവിക്ക് മുകളിലുള്ള വെളുത്ത ഭാഗം അതിൽ പെട്ടതാണ്. ഇരു ചൂണ്ടുവിരലുകൾ ചെവിക്കുഴിയിൽ പ്രവേശിപ്പിച്ച് പെരുവിരൽ കൊണ്ട് ചെവിയുടെ പുറവും തടവുക. ശേഷം രണ്ടുകാലുകൾ ഞെരിയാണിയടക്കം കഴുകുക.

**ഉണർത്തൽ** : താടി നേരിയതാണെങ്കിൽ അതിനുള്ളിലെ ചർമ്മവും കഴുകണം. തിങ്ങിയതാണെങ്കിൽ അതിൻെറ ബാഹ്യഭാഗം കഴുകിയാൽ മതിയാവുന്നതാണ്.

**ഖുഫ്ഫ തടവൽ** : തോലോ മറേറാ കൊണ്ടുള്ള പാദരക്ഷയാണത്. അത് രോമം പോലെയുള്ളത് കൊണ്ടുള്ളതാണെങ്കിൽ അതിന് ജൗറബ് എന്ന് പറയും. ഇത് തടവൽ അനുവദിക്കപ്പെട്ടത് ചെറിയ അശുദ്ധിക്ക് വേണ്ടി മാത്രമാണ്.

**നിബന്ധനകൾ** : 1- അത് ധരിക്കുന്നത് ഇരുകാലുകൾ കഴുകിക്കൊണ്ട് പൂർണ്ണമായ ശുദ്ധി വരുത്തിയ ശേഷമായിരിക്കണം. 2- വെള്ളം കൊണ്ട് ശുദ്ധിയാക്കു ന്നവനാവുക. 3- നിർബ്ബന്ധമായും കഴുകേണ്ട കാലിൻെറ ഭാഗം മറക്കുന്ന രൂപത്തിലുള്ള ഖുഫ്ഫയാകണം. 4- അത് അനുവദനീയമായതാ യിരിക്കണം. 5- അത് ശുദ്ധിയുള്ളതായിരിക്കണം.

**തലപ്പാവ്** : അതിന്മേൽ തടവുന്നതിൻെറ നിബന്ധനകൾ 1- അത് പുരുഷൻെറ താകണം. 2- തലയിൽ നിന്ന് സാധാരണ ഭാഗം മറക്കുന്നതാകണം. 3- ചെറിയ അശുദ്ധിക്ക് വേണ്ടിയാകണം. 4- വെള്ളം കൊണ്ട് ശുദ്ധിയാക്കുന്നവനാകണം.

**മക്കന** : അതിന്മേൽ തടവുന്നതിൻെറ നിബന്ധനകൾ 1- അത് സ്ത്രീയുടെതാക ണം. 2- കഴുത്തിൻെറ താഴെ ഭാഗത്തിലൂടെ ചുററിയതായിരിക്കണം. 3- ചെറിയ അശുദ്ധിക്ക് വേണ്ടിയാകണം. 4- വെള്ളം കൊണ്ട് ശുദ്ധിയാക്കുന്നവളാകണം. 5- തലയിൽ നിന്ന് സാധാരണ ഭാഗം മറക്കുന്നതാകണം.

**ഖുഫ്ഫ തടവാനുള്ള കാലം:** നാട്ടിൽ താമസിക്കുന്നവന് ഒരു ദിവസവും നമ സ്കാരം ചുരുക്കാവുന്ന യാത്രക്കാരന് മൂന്ന് ദിവസവുമാണ്. അതിൻെറ സമയം ആരംഭിക്കുന്നത് ഖുഫ്ഫ ധരിച്ച ശേഷം ആദ്യം അശുദ്ധിയുണ്ടായത് മുതലാണ്. അപ്പോൾ നാട്ടിലുള്ളവന് അടുത്ത ദിവസം തൽസമയം വരെ തടവാം.

**ഗുണപാഠം** : ഒരാൾ യാത്രയിൽ തടവുകയും പിന്നീട് നാട്ടിൽ എത്തുകയും ചെയ്തു, അല്ലെങ്കിൽ നാട്ടിൽ വെച്ച് തടവിയിട്ട് യാത്ര പുറപ്പെട്ടു, അല്ലെങ്കിൽ തടവൽ തുടങ്ങിയതിനെ സംബന്ധിച്ച് സംശയമുണ്ടായി. എങ്കിൽ അവൻ നാട്ടിൽ താമസിക്കുന്നവനെ പോലെ ഒരു ദിവസം തടവുകയാണ് വേണ്ടത്.

**ബാൻേറജ്** : എല്ലുകൾക്കോ മറേറാ പരിക്കുകൾ സംഭവിച്ചാൽ അത് കെട്ടുന്നതാ ണല്ലോ. അപ്പോൾ ആ കെട്ടിയതിന്മേൽ തടവൽ അനുവദനീയമാണ്. അതിന് ചില നിബന്ധനകളുണ്ട്. 1- അത് കെട്ടിയത് ആവശ്യമായത് കൊണ്ടായിരിക്കണം. 2- അത് ആവശ്യമുള്ള സ്ഥലത്തേക്കാൾ അധിക ഭാഗത്തില്ലാതിരിക്കണം. 3- അതിന്മേൽ തടവുന്നതിനും വുദൂവിൻെറ മററു അവയവങ്ങൾ കഴുകുന്നതി നുമിടയിൽ തുടർച്ച പാലിക്കണം. ഇനി അത് ആവശ്യത്തിലധികം ഭാഗത്തു ണ്ടെങ്കിൽ അധികമുള്ള ഭാഗത്തേത് നീക്കം ചെയ്യണം. അങ്ങനെ ചെയ്താൽ ബുദ്ധിമുട്ട് വരുമെന്ന് ആശങ്കയുണ്ടെങ്കിൽ അത് നീക്കാതെ തടവുന്നത് അനുവദനീയമാണ്.

**ഖുഫ്ഫ തടവുന്നതിൻെറ പരിധി:** അതിൻെറ മേലെ ഭാഗം കാൽ വിരലുകൾ മുതൽ കണങ്കാൽ വരെയാണ്. തടവുന്നത് ഇരുകൈവിരലുകൾ വിടർത്തി കൊണ്ടാ യിരിയിക്കുകയും വേണം.

**ഗുണപാഠം** : ✷ ഇരു ഖുഫ്ഫകളും ഒരുമിച്ച് തടവുന്നതാണ് ഉത്തമം. അപ്പോൾ വല ത്തെതിനെ മുന്തിക്കേണ്ടതില്ല. ✷ ഖുഫ്ഫയുടെ അടിഭാഗമോ മടമ്പോ തടവൽ മശ് ത്തണങ്ങമത്തിലല്ല.. ✷ തടവുന്നതിന് പകരം അത് കഴുകുന്നതും, ആവർത്തിച്ചു തടവു ന്നതും കറാഹത്താണ്. ✷ തലപ്പാവും മക്കനയും തടവുമ്പോൾ അതിൻെറ അധിക ഭാഗവും തടവൽ നിർബ്ബന്ധമാണ്.

**വുദൂഅ് മുറിയുന്ന കാര്യങ്ങൾ** : **1-** ഗുഹ്യ സ്ഥാനത്തിലൂടെ വല്ലതും പുറപ്പെടുക. അത് കാററ്, ശുക്ളം പോലെയുള്ള ശുദ്ധിയുള്ളതായാലും മൂത്രം, മദ്യ് (മദന ജലം) പോലെയുള്ള നജസായായാലും ശരി. **2-** ഉറക്കമോ അബോധാവസ്ഥയോ കൊണ്ട് ബുദ്ധി നീങ്ങുക. എന്നാൽ ഇരുന്നോ, നിന്നോ നേരിയ ഉറക്കമുണ്ടായാൽ വുദൂഅ് മുറിയുകയില്ല. **3-** മൂത്രമോ കാഷ്ടമോ അതിൻെറ സ്ഥാനത്തിലൂടെയല്ലാതെ പുറപ്പെടുക. **4-** അത് രണ്ടുമല്ലാത്ത നജസേതെങ്കിലും കൂടുതലായി ശരീരത്തിൽ നിന്ന് പുറപ്പെടുക. ഉദാഹരണം രക്തം ധാരാളം പുറപ്പെടുക. **5-** ഒട്ടകത്തിൻെറ മാംസം ഭക്ഷിക്കുക. **6-** ഗുഹ്യസ്ഥാനം കൈകൊണ്ട് സ്പർശിക്കുക. **7-** വികാരത്തോടെ സ്ത്രീ പുരുഷനെയോ വിപരീതമായോ മറയില്ലാതെ സ്പർശിക്കുക. (ഇതിൽ പണ്ഡിതന്മാർക്ക് വീക്ഷണ വ്യത്യാസമുണ്ട്. വി:) **8-** മതഭൃഷ്ടനാവുക. ഒരാൾക്ക് ശുദ്ധിയുണ്ടെന്ന് ഉറപ്പുണ്ടായിരുന്നു. പിന്നീട് അശുദ്ധിയുണ്ടായോ എന്ന് സംശയം വന്നു. അല്ലെങ്കിൽ ഇതിന് വിപരീതമായി സംഭവിച്ചു. എങ്കിൽ അവൻ ഉറപ്പുള്ളത് അവലംബിക്കണം.

**കുളി** : അത് നിർബ്ബന്ധമാകുന്ന കാര്യങ്ങൾ **1-** ശുക്ള സ്ഖലനമുണ്ടാവുക. അത് ഉറങ്ങുന്നവനിൽ നിന്നാണെങ്കിലും വൈകാരികോത്തേജനമില്ലാതെയാണെങ്കിലും കുളി നിർബ്ബന്ധമാണ്. **2-** ലൈംഗിക ബന്ധം. ഇത് കൊണ്ട് കുളി നിർബ്ബന്ധമാകാൻ പുരുഷ ലിംഗാഗ്രം യോനിയിൽ പ്രവേശിച്ചാൽ മതി. സ്ഖലനമുണ്ടാകണമെന്നില്ല. **3-** അമുസ്ലിം മുസ്ലിമാവുക. അവൻ മുമ്പ് ഇസ്ലാമിൽ നിന്ന് മതഭ്യഷ്ടനായവനാണെങ്കിലും ശരി. **4-** ആർത്തവമുണ്ടാവുക. **5-** പ്രസവരക്തം പുറപ്പെടുക. **6-** മുസ്ലിം മരിക്കുക. മരിച്ചാൽ മൃതദേഹം കുളിപ്പിക്കൽ നിർബ്ബന്ധമാണ്.

**കുളിയുടെ ഫർദുകൾ** : വലിയ അശുദ്ധിയുള്ളയാൾ അതിൽ നിന്ന് ശുദ്ധിയാകുന്നു എന്ന് മനസ്സു കൊണ്ട് ഉദ്ദേശിച്ച് ശരീരം മുഴുവൻ വെള്ളമൊഴുക്കികഴുക. അപ്പോൾ വെള്ളം വായിൽ കൊപ്ളിക്കുകയും മൂക്കിൽ കയറ്റി ചീറ്റുകയും വേണം. ഇതാണ് കുളിയുടെ മതിയാവുന്ന ചുരുങ്ങിയ രൂപം. അതിൻെറ സമ്പൂർണ്ണമായ രൂപത്തിന് 9 കാര്യങ്ങളുണ്ട്. **1-** നിയ്യത്ത് (കരുതുക). **2-** ബിസ്മി ചൊല്ലുക **3-** പാത്രത്തിൽ കൈ ഇടുന്നതിന് മുമ്പ് കൈ കഴുകുക. **4-**ഗുഹ്യസ്ഥാനവും അഴുക്ക് പുരണ്ട ഭാഗങ്ങഗും കഴുകി വൃത്തിയാക്കുക. **5-** വുദൂഅ് ചെയ്യുക **6-** തലയിൽ മൂന്ന് തവണ വെള്ളമൊഴിക്കുക. **7-** ശരീരത്തിൽ വെള്ളമൊഴിക്കുക **8-** ദേഹം ഉരച്ചു കഴുകുക **9-** വലത്തെത് കൊണ്ട് തുടങ്ങുക.

**ചെറിയ അശുദ്ധിയുള്ളവന് നിഷിദ്ധമാകുന്ന കാര്യങ്ങൾ :**

**1-** മുസ്ഹഫ് തൊടൽ **2-** നമസ്കാരം **3-** ത്വവാഫ്. മേൽപറഞ്ഞ കാര്യങ്ങളോടൊപ്പം **വലിയ അശുദ്ധിയു ള്ളവന് നിഷിദ്ധമാകുന്ന മറ്റ് കാര്യങ്ങൾ** : **4-** ഖുർആൻ പാരായണം. **5-** പള്ളിയിൽ താമസിക്കൽ. വലിയ അശുദ്ധിയുള്ളയാൾ വുദൂഅ് ചെയ്യാതെ ഉറങ്ങുന്നത് കറാഹത്താണ്. അമിതമായി കുളിക്കുന്നതും അപ്രകാരം തന്നെ.

**തയമ്മും: അതിൻെറ നിബന്ധനകൾ** : **1-** വെള്ളം ഉപയോഗിക്കാൻ ബുദ്ധിമുട്ടുണ്ടാവുക. **2-** ചൂളക്ക് വെച്ചതല്ലാത്ത പൊടിയുള്ളതും അനുവദനീയമായതുമായ മണ്ണ് കൊണ്ട് അത് ചെയ്യുക. **അതിൻെറ ഫർദുകൾ** : മുഖം മുഴുവൻ തടവുക. പിന്നെ ഇരു കൈകളും മണികണ്ഠം വരെ തടവുക. തുടർച്ചയായും ക്രമപ്രകാരവും ചെയ്യുക. **അത് അസാധുവാകുന്ന കാര്യങ്ങൾ:** **1-** വുദൂഅ് മുറിയുന്ന കാര്യങ്ങൾ ഉണ്ടാവുക. **2-** വെള്ളമില്ലാത്തതിനാൽ തയമ്മും ചെയ്തവന് വെള്ളം ലഭിക്കുക. **3-** തയമ്മും അനുവദനീയമാകാനുള്ള കാരണം ഇല്ലാതാവുക. രോഗി സുഖം പ്രാപിക്കുന്നത്

പോലെ. **സുന്നത്തുകൾ :** 1- വലിയ അശുദ്ധിക്ക് വേണ്ടി തയമ്മും ചെയ്യുമ്പോൾ ക്രമപ്രകാരവും തുടർച്ചയായും ചെയ്യുക. 2- നമസ്കാരത്തിന്റെ അവസാന സമയം വരെ തയമ്മും പിന്തിക്കുക. 3- വുദൂഇന് ശേഷമുള്ള ദിക്റ് തയമ്മുമിന് ശേഷവും ചൊല്ലുക. അടികൾ ആവർത്തിക്കുന്നത് കറാഹത്താണ്.

**തയമ്മുമിന്റെ രൂപം:** നിയ്യത്തോടെ ബിസ്മി ചൊല്ലി കൊണ്ട് ഇരുകൈകൾ മണ്ണിൽ ഒരു പ്രാവശ്യം അടിക്കുക. ശേഷം ഇരുകയ്യിന്റെയും ഉൾഭാഗം കൊണ്ട് താടിയടക്കം മുഖം മുഴുവൻ തടവുക. പിന്നെ കൈപടങ്ങൾ തടവുക. അപ്പോൾ വലത്തെതിന്റെ പുറം ഇടത്തേതിന്റെ ഉൾഭാഗം കൊണ്ടും തിരിച്ചും തടവേണ്ടതാണ്.

**നജസ് നീക്കൽ :** മൂന്ന് വിധം വസ്തുക്കളുണ്ട് 1- ജീവികൾ ഇവ രണ്ടിനമുണ്ട്. **(1) മലിനമായത്.** നായ, പന്നി, അത് രണ്ടിൽ നിന്നുമുണ്ടായത്, മാംസം ഭക്ഷിക്കൽ അനുവദനീയമല്ലാത്ത പൂച്ചയേക്കാൾ വലിപ്പമുള്ള പക്ഷികളും മൃഗങ്ങളും എന്നിവ യാണത്. ഇവയുടെ മൂത്രം, കാഷ്ടം, ഉമിനീര്, വിയർപ്പ്, ശുക്ളം, പാല് ഛർദ്ദി ച്ചത്, ചീരാപ്പ് (മൂക്കട്ട) എന്നിവ നജസാണ്.

**(2) ശുദ്ധിയുള്ളത്.** ഇത് മൂന്ന് വിധമുണ്ട്. 1) മനുഷ്യൻ: അവന്റെ ബീജം, വിയർപ്പ്, ഉമിനീർ, പാല്, മൂക്കൊലിപ്പ് നീര്, കഫം, യോനിയിലെ നനവ് എന്നിവ ശുദ്ധിയുള്ള താണ്. മനുഷ്യ ശരീരഭാഗങ്ങളും അപ്രകാരം തന്നെ. എന്നാൽ മൂത്രം, കാഷ്ടം, മദ്യ് (വൈകാരികോത്തേജനമുണ്ടാകുമ്പോൾ പുറപ്പെടുന്ന മദന ജലം) വദ്യ് (ക്ഷീണമോ മറ്റോ ഉണ്ടാകുമ്പോൾ പുറപ്പെടുന്ന ദ്രാവകം) എന്നിവ മാലിന്യമാണ്. 2) മാംസം ഭക്ഷിക്കൽ അനുവദിക്കപ്പെട്ടവയുടെ മൂത്രം, കാഷ്ടം, ശുക്ളം, പാല്, വിയർപ്പ്, ഉമിനീർ, മൂക്കൊലിപ്പ്, ഛർദ്ദിച്ചത്, മദ്യ്, വദ്യ് എന്നിവ ശുദ്ധിയുള്ള താണ്. 3) കഴുത, പൂച്ച, എലി പോലെയുള്ള സൂക്ഷ്മത പാലിക്കാൻ ബുദ്ധിമുട്ടുള്ള ജീവികളുടെ ഉമിനീർ വിയർപ്പ് എന്നിവ ശുദ്ധിയുള്ളതാണ്.

2- ശവങ്ങൾ: മനുഷ്യൻ, വെട്ടുകിളി, മത്സ്യം എന്നിവയുടേതും തേൾ, ഉറുമ്പ്, കൊതുക് പോലെയുള്ള ഒഴുകുന്ന രക്തമില്ലാത്തവയുടെതുമായ ശവങ്ങൾ ശുദ്ധിയുള്ളതാണ്. ഇതല്ലാത്ത എല്ലാ ശവങ്ങളും മാലിന്യമാണ്.

3- സാധനങ്ങൾ: ഭൂമി, കല്ല് പോലെയുള്ള ഉറച്ച സാധനങ്ങൾ ശുദ്ധിയുള്ളതാണ്. (ഇതിൽ നിന്ന് മേൽ പറഞ്ഞ മാലിന്യമാകുന്ന വസ്തുക്കൾ ഒഴിവാക്കപ്പെടും.)

**പ്രയോജനകരം :** ✷ രക്തം, ചലം, ചോരകലർന്ന ചലം എന്നിവ മാലിന്യമാണ്. ശുദ്ധിയുള്ള ജീവിയുടേതാണെങ്കിൽ അതിൽ നിന്ന് കുറഞ്ഞതിന് നമസ്കാരത്തിലും മറ്റും വിട്ടുവീഴ്ച ചെയ്യപ്പെടുന്നതാണ്. ✷ മത്സ്യത്തിലുള്ള രക്തം അറുക്കപ്പെട്ടതി ന്റെ മാംസത്തിലും ഞരമ്പുകളിലും അവശേഷിക്കുന്ന രക്തം എന്നിവ ശുദ്ധിയുള്ളതാണ്. ✷ ജിവനുള്ള മൃഗത്തിൽ നിന്ന് മുറിച്ചെടുത്തത് മാംസപിണ്ഡമോ രക്തക്കട്ടയോ ആയ ഭ്രൂണം എന്നിവ മാലിന്യമാണ്. ✷ മാലിന്യം നീക്കുന്നതിന് നിയ്യത്തിന്റെ ആവശ്യമില്ല. അതിനാൽ മഴ പോലെയു ള്ളത് കൊണ്ട് അത് നീങ്ങിയാൽ ശുദ്ധിയാ കുന്നതാണ്. ✷ മാലിന്യം കൈ കൊണ്ട് തൊട്ടതിനാലോ അതിലൂടെ നടന്നാലോ വുദു മുറിയുകയില്ല. അതും ശരീരത്തിലും വസ്ത്രത്തിലും അതായിട്ടുള്ള ഭാഗവും കഴുകി ശുദ്ധിയാക്കൽ നിർബന്ധമാണ്.

**മാലിന്യം ശുദ്ധിയാകാനുള്ള നിബന്ധനകൾ :** 1- ശുദ്ധിയുള്ള വെള്ളം കൊണ്ട് കഴുകുക. 2- വെള്ളത്തിൽ നിന്ന് പുറത്തെടുത്ത് പിഴിയേണ്ടതാണെങ്കിൽ പിഴിയുക. 3- കഴുകിയാൽ മതിയാവാത്തതാണെങ്കിൽ ഉരച്ചോ മറ്റോ അത് നീക്കുക 4- നായയെ കൊണ്ട് മലിനമായതാണെങ്കിൽ ഏഴ് പ്രാവശ്യം കഴുകുക ഒരു തവണ മണ്ണോ സോപ്പോ ഉപയോഗിച്ചു കഴുകുക.

**ഉണർത്തൽ** മൂത്രം പോലെയുള്ള ദ്രാവകം കൊണ്ട് നിലം മലിനമായാൽ ആ മാലിന്യവും അതിൻെറ നിറവും മണവും നീങ്ങാൻ വേണ്ടി കൂടുതൽ വെള്ള മൊഴിച്ചു കഴുകുക. ഇനി കാഷ്ടം പോലെ തടിയുള്ള വസ്തുവാണെങ്കിൽ അതും അതിൻെറ അടയാളങ്ങളും നീക്കൽ നിർബ്ബന്ധമാണ്. മാലിന്യം വെള്ളം കൊണ്ടല്ലാതെ നീക്കാൻ സാധ്യമല്ലെങ്കിൽ വെള്ളമുപയോഗിക്കൽ അനിവാര്യമാണ്. മാലിന്യമായ സ്ഥലം അവ്യക്തമായാൽ ആ സ്ഥലം കഴുകിയെന്ന് ഉറപ്പാകുംവിധം കഴുകുക. സുന്നത്ത് നമസ്കരിക്കാൻ ചെയ്ത വുദു കൊണ്ട് ഫർദ് നമസ്കരിക്കാം. ഉറങ്ങിയതിനാലോ കീഴ്വായു പോയതിനാലോ ശൗച്യം ചെയ്യേണ്ട ആവശ്യമില്ല. അവൻ നമസ്കരിക്കാനോ മറേറാ ഉദ്ദേശിച്ചാലെ വുദു ചെയ്യൽ നിർബ്ബന്ധമാവുകയുള്ളൂ.

# ആർത്തവത്തിൻെറ വിധികൾ

| മസ്അല: | വിധി |
|---|---|
| ആർത്തവത്തിൻെറ ഏററവും കുറ ഞ്ഞതും കൂടിയതുമായ പ്രായം | ഏററവും ചുരുങ്ങിയത് 9 വയസ്സാണ്. അതിന് മുമ്പു ണ്ടാകുന്ന രക്തം രോഗസംബന്ധമായതാണ്. ഏററവും കൂടിയ പ്രായത്തിന് പരിധിയില്ല. |
| അതുണ്ടാകുന്നതിലേററവും കുറഞ്ഞ ദിവസം | ഒരു ദിവസം (24 മണിക്കൂർ). ഇതിനേക്കാൾ കുറഞ്ഞാൽ രോഗസംബന്ധമായ രക്തമാ (ഇസ്തിഹാദത്താ)ണ്. |
| അത് നീണ്ടുനിൽക്കുന്നതിൽ ഏററ വും കൂടിയ ദിനം | 15 ദിവസം. ഇതിനേക്കാൾ കൂടുതലുള്ളത് രോഗ സംബ ന്ധമായ രക്തസ്രാവമാണ്. |
| രണ്ട് ആർത്തവങ്ങൾക്കിടയലെ ശുദ്ധി കാലം | 13 ദിവസം. ഇത് പൂർത്തിയാവുന്നതിന് മുമ്പ് രക്തം കണ്ടാൽ അത് രക്തസ്രാവമാണ്. |
| സാധാരണയായി ആർത്തവമുണ്ടാ കാറുള്ള ദിനം | ആറോ ഏഴോ ദിവസം |
| സാധാരണ ശുദ്ധിയാകാറുള്ളത് | 23 അല്ലെങ്കിൽ 24 ദിവസം |
| ഗർഭിണിയിൽ നിന്ന് പുറപ്പെടു ന്ന രകതം ആർത്തവമാണോ? | അവളിൽ നിന്ന് പുറപ്പെടുന്ന രകതം, ഇരുണ്ട നിറമുള്ള രക്തം, മഞ്ഞനിറമുള്ള രകതം എന്നിവ രക്തസ്രാവമാണ്. ആർത്തവമല്ല. |
| ആർത്തവത്തിൽ നിന്ന് ശുദ്ധി ആയെന്നറിയുന്നതെങ്ങനെ? | രണ്ടു രൂപത്തിൽ അറിയാം 1- ആർത്തവം മുറിഞ്ഞ് ശുദ്ധിയാ യാലുള്ള വെളുത്ത ദ്രാവകം പുറപ്പെടുക 2- അത് കാണുന്നി ല്ലെങ്കിൽ രക്തം അത് മഞ്ഞയോ ഇരുണ്ടതോ ആയ നിറ മാണെങ്കിലും അവസാനിക്കുക. |
| ശുദ്ധിയുള്ള സമയത്ത് പുറപ്പെ ടുന്ന ദ്രാവകത്തിൻെറ വിധി | അത് നേരിയതോ ഒട്ടുന്ന തരത്തിലുള്ള വെളുത്തതോ ആണെങ്കിൽ ശുദ്ധിയുള്ളതാണ്. അത് രക്തമോ ഇരു ണ്ടതോ മഞ്ഞയോ ആണെങ്കിൽ മാലിന്യമാണ്. എല്ലാ രൂപ ത്തിലും അത്കൊണ്ട് വുദു മുറിയുന്നതാണ്. അത് നീണ്ടുനിന്നാൽ രോഗ സംബന്ധമാണ്. |
| ഇരുണ്ടതോ മഞ്ഞയോ ആയ രക്തത്തിൻെറ വിധി | ആർത്തവത്തോട് ചേർന്ന് മുമ്പോ പിമ്പോ പുറപ്പെട്ടാൽ അതാ ർത്തവമാണ്. ചേർന്നല്ലെങ്കിൽ രക്തസ്രാവവുമാണ്. |
| എല്ലാ മാസത്തെയും പതിവനുസരിച്ചുള്ള ആർത്തവ ദിവസങ്ങൾ പൂർത്തിയാകുന്ന തിന് മുമ്പ് ശുദ്ധിയായാൽ | രകതം അവസാനിച്ചത് മുതൽ ശുദ്ധിയുള്ളവ ളാകും. പതിവ് ദിസങ്ങൾ പൂർത്തിയാകേണ്ടതില്ല. |
| ആർത്തവം പതിവ് സമയത്തേക്കാ ൾ നേരത്തെയാവുകയോ പിന്തുക യോ ചെയ്താൽ | ആർത്തവത്തിൻെറ സ്വഭാവങ്ങൾ വ്യക്തമായത് ആർത്തവ മാണ് അതേത് സമയത്തായാലും. എന്നാൽ രണ്ട് രക്ത ത്തിൻെറ ഇടയിലെ ശുദ്ധി കാലം 13 ദിവസത്തേക്കാൾ കുറയരുത്. കുറഞ്ഞാൽ അത് രക്തസ്രാവമാണ്. |
| ആർത്തവ ദിനങ്ങളുടെ എണ്ണം പതിവിനേക്കാൾ കൂടുകയോ കുറ യുകയോ ചെയ്താൽ | അത് ആർത്തവത്തിൻെറ കൂടിയ സമയമായ 15 ദിനത്തേ ക്കാൾ അധികമായില്ലെങ്കിൽ അതാർത്തവമാണ്. |
| ഒരു മാസം മുഴുവനോ അതി നേക്കാൾ അധികമോ സമയം രക്തം നീണ്ടു നിന്നാൽ | അവൾക്ക് മൂന്ന് അവസ്ഥയുണ്ടാകാം: 1-മാസത്തിൻെറ ഏത് ഭാഗത്താണ് ആർത്തവ മുണ്ടാകാറുള്ളതെന്നും അത് എത്ര ദിവസമുണ്ടാകാറുണ്ടെന്നും അറിയുകയും ആർത്ത വര ക്തവും അല്ലാത്തതായ രകതവും തമ്മിൽ തിരിച്ചറിയുകയും ചെയ്യുന്നവൾ. അവൾ പതിവനുസരിച്ചുള്ള സമയവും എണ്ണവും ആർത്തവമായി പരിഗണിക്കണം. 2- മാസത്തിൽ ആർത്തവമുണ്ടാകാറുള്ള കാലം അറിയാം. എന്നാൽ ദിവസങ്ങളെത്ര യാണെന്ന് അറിയില്ല. അവൾ ആറോ ഏഴോ ദിവസം ആർത്തവമായി കണക്കാക്കണം. 3- ആർത്തവമുണ്ടാകാറുള്ള ദിവസങ്ങളുടെ എണ്ണം അറിയാം എന്നാൽ അത് മാസത്തി ലുണ്ടാകാറുള്ള കാലം അറിയില്ല. അവൾ എല്ലാ അറബി മാസത്തിലെയും ആരംഭത്തിൽ അത്രയും ദിവസങ്ങൾ ആർത്തവമായി പരിഗണിക്കണം. |

# നിഫാസ്- പ്രസവം നിമിത്തം പുറപ്പെടുന്ന രക്തം

| മസ്അല : | വിധി : |
|---|---|
| പ്രസവിച്ചു രക്തം കണ്ടില്ലെങ്കിൽ | പ്രസവാശുദ്ധിയുടെ നിയമങ്ങൾ അവൾക്ക് ബാധകമല്ല. അവൾക്ക് കുളി നിർബ്ബന്ധമില്ല. അവളുടെ നോമ്പ് മുറിയുകയില്ല. |
| പ്രസവത്തിന്റെ അട യാളങ്ങളുണ്ടായാൽ | പ്രസവത്തിന് മുമ്പെ വേദനയോടൊപ്പം പുറപ്പെടുന്ന രക്തവും ജലവും പുറപ്പെട്ടാൽ അതിന് രക്ത സ്രാവത്തിന്റെ വിധിയാണ്. |
| പ്രസവത്തിനിടയിൽ പുറപ്പെടുന്ന രക്തം | അത് പ്രസവ രക്തമാണ്. കുട്ടി പുറത്ത് വന്നില്ലെങ്കിലും ശരി. ഈ സമയത്ത് നഷ്ടപ്പെടുന്ന നമസ്കാരം ഖദാഅ് വീട്ടേണ്ടതില്ല. |
| പ്രസവാശുദ്ധി തുടങ്ങുന്നതെപ്പോൾ? | കുട്ടി പൂർണ്ണമായും പുറത്തേക്ക് വന്ന ശേഷം |
| പ്രസവരക്തത്തിന്റെ കുറഞ്ഞകാലം | അതിന് പരിധിയില്ല. പ്രസവിച്ച ഉടനെ രക്തം നിലച്ചാൽ കുളിച്ച് നമസ്കരിക്കൽ നിർബ്ബന്ധമാണ്. 40 ദിവസമാകാൻ കാത്തിരിക്കരുത്. |
| പ്രസവരക്തത്തിന്റെ കൂടിയ കാലം | 40 ദിവസമാണ്. അതിനേക്കാൾ കൂടുതലുള്ളത് പ്രസവ രക്തമായി പരിഗണിക്കുകയില്ല. അതിനാൽ 40 ആയാൽ അവൾ കുളിച്ച് നമസ്കരിക്കണം. എന്നാൽ അത് അവളുടെ ആർത്തവ കാലവുമായി യോജിച്ച് വന്നാൽ ആർത്തവമായി പരിഗണിക്കും |
| ഇരട്ടകുട്ടികളെ പ്രസവിച്ചാൽ | പ്രസവാശുദ്ധികാലം പരിഗണിക്കുന്നത് ആദ്യ കുട്ടിയെ പ്രസവിച്ചത് മുതലാണ് |
| ചാപ്പിള്ളയെ പ്രസവിച്ചാൽ | ആ ചാപ്പിള്ളയുടെ ആയുസ്സ് എൺപതോ അതിൽ കുറവോ ആണെങ്കിൽ അത് രക്തസ്രാവമാണ്. 90ന് ശേഷമാണെങ്കിൽ അത് പ്രസവ രക്തമാണ്. 90ന്റെയും 80ന്റെയും ഇടയിലാണെങ്കിൽ ഭ്രൂണത്തിന്റെ ആകാരത്തിനനുസരിച്ചായിരിക്കും. അതിന് മനുഷ്യ രൂപമുണ്ടെങ്കിൽ പ്രസവരക്താണ്. അല്ലെങ്കിൽ രക്തസ്രാവമാണ്. |
| 40 ദിവസത്തിനുള്ളിൽ ശുദ്ധിയായി. 40 പൂർത്തിയാകുന്നതിന് മുമ്പെ വീണ്ടും രക്തം വന്നാൽ | അതിനുള്ളിലുണ്ടായ ശുദ്ധിയെ പരിഗിണിച്ചു അവൾ കുളിക്കുകയും നമസ്കരിക്കുകയും വേണം. വീണ്ടുമുണ്ടായ രക്തത്തിന് പ്രസവ രക്തത്തിന്റെ വിധിയാണ്. ഈ വിധി 40 വരെയുള്ള രക്തത്തിനാണ്. |

**ഉണർത്തൽ :** ✸ രക്തസ്രാവമുള്ളവൾക്ക് നമസ്കാരം നിർബ്ബന്ധമാണ്. എന്നാൽ അവൾ ഓരോ നമസ്കാരത്തിനും വുദൂഅ് ചെയ്യേണ്ടതാണ്.

✸ സൂര്യാസ്തമയത്തിന് മുമ്പ് ആർത്തവത്തിൽ നിന്നോ പ്രസവാശുദ്ധിയിൽ നിന്നോ ശുദ്ധിയായവൾ ആ ദിവസത്തെ ദുഹ്റും അസ്വ്റും നമസ്കരിക്കണം. സുബ്ഹിക്ക് മുമ്പ് ശുദ്ധിയായാൽ അന്നെ ദിവസത്തെ ഇശാഉം മഅ്രിബും നമസ്കരിക്കണം.

✸ നമസ്കാരസമയമായ ശേഷം അത് നമസ്കരിക്കുന്നതിന് മുമ്പ് ആർത്തവമോ പ്രസവാശുദ്ധിയോ ഉണ്ടായാൽ ആ നമസ്കാരം പന്നീട് ഖദാഅ് വീട്ടേണ്ടതില്ല

✸ ആർത്തവശുദ്ധിക്കോ പ്രസവ ശുദ്ധിക്കോ വേണ്ടി കുളിക്കുന്നവൾ തലമുടിക്കെട്ടുകൾ അഴിക്കൽ നിർബ്ബന്ധമാണ്. എന്നാൽ ജനാബത്ത് വലിയ അശുദ്ധിക്ക് വേണ്ടി കുളിക്കുന്നവൾക്ക് അത് നിർബ്ബന്ധമില്ല.

✸ പ്രസവാശുദ്ധിയുള്ളപ്പോഴും ആർത്തവമുള്ളപ്പോഴും ലൈംഗീക ബന്ധം നിഷിദ്ധമാണ്. എന്നാൽ ഗുഹ്യാവയങ്ങളിലല്ലാതെയുള്ള സുഖമെടുക്കൽ അനുവദനീയമാണ്.

✸ രക്തസ്രാവമുള്ളവളുമായി ലൈംഗിക ബന്ധം വെറുക്കപ്പെട്ടതാണ്. എന്നാൽ ആവശ്യമാണെങ്കിൽ അതനുവദീയമാണ്.

✸ രക്തസ്രാവമുള്ളവൾക്ക് ഓരോ നമസ്കാരത്തിനും വേണ്ടി കുളിക്കൽ സുന്നത്താണ്. അതിന് ബുദ്ധിമുട്ടാണെങ്കിൽ ഒരു കുളി കൊണ്ട് ദുഹ്റും അസ്വ്റും ഒരുമിച്ചും മറെറാരു കുളി കൊണ്ട് മഅ്രിബും ഇശാഉം ഒരുമിച്ചും മൂന്നാമത്തെ കുളികൊണ്ട് സുബ്ഹിയും നമസ്കരിക്കുക. ഇതിന് പ്രയാസമാണെങ്കിൽ ഒരു ദിവസം ഒരു പ്രാവശ്യം കുളിക്കുകയും ഓരോ നമസ്കാരത്തിനും വുദൂഅ് ഉണ്ടാക്കുകയും ചെയ്യുക.

# മുസ്‌ലിം സ്ത്രീ

അല്ലാഹുവിന്റെ അടുക്കലുള്ള സൽകർമ്മങ്ങളുടെയും വിശ്വാസത്തിന്റെയും ശ്രേഷ്ടതകൾ പരിശോധിക്കുമ്പോൾ സ്ത്രീയും പുരുഷനും ആ വിഷയത്തിൽ തുല്യമാണെന്ന് കാണാവുന്നതാണ്. പ്രവാചകൻﷺ പറയുകയുണ്ടായി.സ്ത്രീകൾ പുരുഷൻ മാരുടെ പകുതിയാകുന്നു. - അബൂദാവൂദ്-

അവകാശങ്ങൾ ചോദിക്കുവാനും തനിക്കെതിരിലുള്ള അധർമ്മങ്ങളെ ചെറു ക്കുവാനും അവൾക്ക് അനുവാദം നൽകുന്നു. പരിശുദ്ധ ഇസ്‌ലാമിന്റെ മുഴുവൻ അഭി സംബോധനങ്ങളും അത് സ്ത്രീകൾക്ക് പ്രത്യേകമാണെന്ന് സൂചന ഉള്ള സ്ഥലങ്ങളിലൊഴികെ രണ്ടു വിഭാഗ ത്തെയും ഒരേപോലെയാണ് ഉദ്ദേശിക്കുന്നത്. പൊതുവിലുള്ള നിർദ്ദേശങ്ങൾ പരിശോധനാ വിധേയായക്കിയാൽ അത്തരം സൂചനകൾ വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേഉള്ളു എന്നും മനസ്സിലാക്കാൻ സാധിക്കും. ഇസ്ലാം സ്ത്രീയുടെയും പുരുഷന്റെയും സൃഷ്ടിപരമായ പ്രത്യേക തകളെ പരിഗണിക്കുന്നു. (സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു.) സ്ത്രീകൾക്കും പുരുഷൻൻമാർക്കും അവരുടേതായ പ്രത്രയേകതകളും ഉത്തരവാദിത്വവും നിർവ്വഹിക്കാനുണ്ട്. ഒരാൾ നിർവ്വഹിക്കേണ്ട ധർമ്മം മറ്റൊരാൾ നിർവ്വഹിക്കണം എന്ന് വിചാരിക്കുന്നത് സൃഷ്ടിപ്പിന്റെ സംതുലിതാ വസ്ഥക്ക് അനുഗുണമായിരിക്കില്ല. മാത്രമല്ല, സ്ത്രീകൾ അവരുടെ ബാധ്യത വീട്ടിൽ വെച്ച് നിർവഹി ക്കുന്നവരാണെങ്കിലും മഹത്തായ പ്രതിഫലം അവർക്ക് കരസ്ഥമാക്കാൻ സാധിക്കുന്നു.

അസ്മ ബിൻത് യസീദ്ؓ ഒരിക്കൽനബിﷺ തന്റെ അനുചരൻമാരുടെ കൂടെ ഇരിക്കുമ്പോൾ അവിടെ എത്തുകയും ഇപ്രകാരം പറയുകയും ചെയ്തു.അല്ലാഹുവിന്റെ പ്രവാചകരേ,ഞാൻ ഭൂമുഖത്ത് നിവസിക്കുന്ന മുഴുവൻ സ്ത്രീകളുടെയും പ്രതിനിധിയായി വന്നിരി ക്കുകയാണ്. അവരെല്ലാം ഇത് അറിഞ്ഞാലും ഇല്ലെങ്കിലും എനിക്ക് പറയാനുള്ള കാര്യം അവരുടെ കൂടി കാര്യമാണ്.അങ്ങയെ നിയോഗിച്ചിരിക്കുന്നത് സ്ത്രീകൾക്കും പുരുഷൻമാർക്കു തുല്ല്യമായിക്കൊണ്ടാണ് . അതിനാൽ ഞങ്ങൾ അങ്ങയിലും താങ്കളെ നിയോഗിച്ച നാഥനിലും ഞങ്ങൾ വിശ്വസിച്ചു.

ഞങ്ങൾ സ്ത്രീകളുടെ കാര്യം താങ്കൾക്കറിയാമല്ലോ ,ധാരാളം പ്രതിബന്ധങ്ങളും പോരായ്മകളും ഉള്ളവരാണ്. പുരുഷൻമാരുടെ താൽപര്യം നിർവ്വഹിക്കേണ്ട വരും വീട്ടിലെ കൈകാര്യ കർത്താക്കളുമാണ്, മക്കളെ ഗർഭം ധരിക്കുന്നതും ഞങ്ങളാണ്.

എന്നാൽ പുരുഷൻമാർ ജുമുഅയിലും ജമാഅത്ത് നമസ്കാര ത്തിലും പങ്കെടുക്കുന്നു. .രോഗികളെ സന്ദർശിക്കകുകയും ജനാസ സംസ്കരണത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഹജ്ജു നിർവ്വഹിക്കുകയും ധർമ്മ സമരങ്ങളിൽ പങ്കെടുത്തും ധാരാളം ശ്രേഷ്ഠതകൾ അവർ കരസ്ഥമാക്കുന്നു.

അവർ ഹജ്ജിനോ ഉംറക്കോ ധർമ്മസമരത്തിനോ പുറപ്പെട്ടാൽ സമ്പത്തു സൂക്ഷിക്കുന്നത് ഞങ്ങളാണ്.സന്താനങ്ങൾക്ക് ശിക്ഷണം നൽകുന്നതും ഞങ്ങള ല്ലേ,അല്ലാഹുവിന്റെ പ്രവാചകരേ , എന്നിട്ടും ഞങ്ങൾക്ക് എന്തുകൊണ്ടാണ് അവരുടെ പ്രതിഫലത്തിൽ ഞങ്ങൾക്ക് പങ്കാളിത്തം ലഭിക്കാത്തത് .

അപ്പോൾ അവിടുന്ന് സഹാബത്തിനു നേരെ പൂർണ്ണമായി മുഖം തിരിച്ചുകൊണ്ട് ചോദിച്ചു. ഇവരെപ്പോലെ മതപരമായി ഇതിനേക്കാൾ മർമ്മപ്രധാനമായ വല്ല ചോദ്യവും ചോദിച്ച ഏതെങ്കിലുമൊരു സ്ത്രീയെ നിങ്ങളാരെങ്കിലും കണ്ടിട്ടു ണ്ടോ.അപ്പോൾ അവർ പറഞ്ഞു. ഇത്രമാത്രം മതത്തിന്റെ വിഷയത്തിൽ

ഔത്സുക്യമുള്ള ഒരു സ്ത്രീയേയും ഞങ്ങൾക്ക് പരിചയമില്ല. അപ്പോൾ അവിടുന്ന് ആ മഹതിയെ നോക്കിക്കൊണ്ട പറഞ്ഞു. സോദരീ,നീ നിന്റെ സോദരിമാരുടെ അടുക്കലേക്ക് തിരിച്ചു ചെന്ന് അവരെ വിവരം അറിയിക്കുക, നിശ്ചയം തന്റെ ഭർത്താവിനോട് നല്ലനിലയിൽ വർത്തിക്കുകയും, അവനെ സംതൃപ്തനാക്കുകയും, അവർ പറയുന്നത് അനുസരിക്കു കയും ചെയ്യുന്ന ഒരു സ്ത്രീ അവരുടെ ഭർത്താക്കൻമാർ ചെയ്യുന്ന മുഴുവൻ സൽകർമ്മങ്ങളുടെയും പ്രതിഫലത്തിന് തുല്യമായ പ്രതിഫ ലം അവൾക്കും ലഭിക്കുന്നതാണ്.

അപ്പോൾ തക്ബീർമുഴക്കിയും തഹ്‌ലീൽ ചൊല്ലിയും സന്തോഷ ത്തോടെ ആ സഹോദരി തിരിച്ചുപോയി. ഒരിക്കൽ ഒരു സംഘം സത്രീകൾ നബി(സ)യുടെ അടുത്ത് വന്നകൊണ്ട് ഇപ്രകാരം പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകരേ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം നടത്തി പ്രതിഫലമെല്ലാം പുരുഷൻമാർ കരസ്ഥമാക്കുമ്പോൾ ഞങ്ങൾക്ക് അതിനു മാർഗ്ഗമില്ലല്ലോ, അപ്രകാരം പ്രതിഫലം കിട്ടാൻ ഞങ്ങൾ എന്താണ് ചെയ്യണ്ടത്. അപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങൾ നിങ്ങളുടെ വീട്ടിലെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം നടത്തുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം പോലെയുള്ള പ്രതിഫലം നിങ്ങൾക്കും ലഭിക്കുന്നതാണ്. (ബൈഹഖി)

തന്റെ അടുത്ത സ്ത്രീസഹോദരിമാർക്ക് ആരെങ്കിലും നൻമ ചെയ്യുന്നു വെങ്കിൽ അതുപോലും പ്രതിഫലാർഹമാണെന്ന് പ്രവാചകൻﷺ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവിടുന്ന് പറഞ്ഞു. (തന്റെ രണ്ട് സഹോദരിമാർക്കോ പെൺകുട്ടികൾക്കോ അടുത്ത ബന്ധുവായ സ്ത്രീകൾക്കോ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് ആരെങ്കിലും നൻമ ചെയ്ത് അവരെ സഹായിക്കുകയും ശിക്ഷണം നൽകി സ്വയം പര്യാപ്തമാകുന്ന രീതിയിൽ എത്തിക്കുകയും ചെയ്യുന്നു വെങ്കിൽ അവർ അദ്ദേഹത്തിന് നരകത്തെതൊട്ടുള്ള ഒരു മറയാകാതിരിക്കില്ല.

## സ്ത്രീകളുമായി ബന്ധപ്പെട്ട ചില വിധിവിലക്കുകൾ.

### അന്യ പുരുഷനോടൊപ്പം ഒരു സ്ത്രീയും തനിച്ചിരിക്കൽ

✸ അത് നിഷിദ്ധം(ഹറാം)ആകുന്നു.,പ്രവാചകൻ(സ) പറഞ്ഞു. വിവാഹ ബന്ധം നിഷിദ്ധമാക്കപ്പെട്ട രക്ത ബന്ധമുള്ളവരുടെ കൂടെ അല്ലാതെ അന്യ പുരുഷ നോടൊപ്പം ഒരു സ്ത്രീയും ഒഴുഞ്ഞിരിക്കാൻ പാടില്ല. (മുത്തഫഖുൻ അലൈഹി)

✸ സ്ത്രീകൾ പള്ളിയിൽ വെച്ച് നമസ്കരിക്കൽ അനുവദനീയമാണ്. വല്ല കുഴപ്പവും ഭയപ്പെടുന്നുവെങ്കിൽ അവർക്ക് കറാഹത്തുമാണ്. ആയിശ(റ) പറയുന്നു. സ്തരീകൾക്കിടയിൽ ഇന്നു കാണുന്ന ഈ അവസ്ഥയെങ്ങാനും പ്രവാചകൻ (സ) അറിഞ്ഞിരുന്നു വെങ്കിൽ ഇസ്റാഈൽ വംശത്തിലെ സ്തത്രീകളെ വിലക്കിയ പോലെ ഇവരെയും പള്ളിയെതൊട്ട് വിലക്കുമായിരുന്നു. (മുത്തഫഖുൻ അലൈഹി)

പുരുഷൻമാർക്ക് പള്ളിയിൽ വെച്ചുള്ള നമസ്കാരത്തിന് ഇരട്ടി പ്രതിഫലം ലഭിക്കുന്ന പോലെ സ്ത്രീകൾക്ക് വീട്ടിൽ വെച്ചുള്ള നമസ്കാരത്തിനും ഇരട്ടി പ്രതിഫലം ലഭ്യമാണ്. ഒരിക്കൽ ഒരു സ്ത്രീ നബി(സ)യുടെ അടുത്തു വന്നുകൊണ്ടു അല്ലാഹുവിന്റെ പ്രവാച കരേ, അങ്ങയോടൊപ്പം പള്ളിയിൽ വെച്ച് നമസ്കാരം നിർവ്വഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് പറയുകയുണ്ടായി.അപ്പോൾ അവിടുന്ന് പറഞ്ഞു. തന്നോടൊപ്പം പള്ളിയിൽ വെച്ച് നമസ്കാരം നിർവ്വഹിക്കാൻ നിന്ക്ക് ആഗ്രഹം ഉണ്ടെന്ന് എനിക്കറിയാം . എന്നാൽ അതിനേക്കാൾ നിനക്ക് ഏറ്റവും ഗുണകരമായത് നിന്റെ വീട്ടിൽ വെച്ച്

നമസ്കരിക്കലാണ്. നിന്റെ പ്രത്യേക റൂമിൽ വെച്ച് നീനമസ്കരിക്കലാണ് നിന്റെ വീട്ടിൽ തന്നെ മറ്റെവിടെയെങ്കിലും വെച്ച് നമസ്കരിക്കുന്നതിനേക്കാൾ സനിനക്ക് ഗുണകരം.നിന്റെ നാട്ടിലെ പള്ളി യിൽവെച്ച് നീ നമസ്കരിക്കുന്ന തിനേക്കാൾ സനിനക്ക് ഗുണകരം നിന്റെ വീട്ടിൽ വെച്ച് നമസ്കരിക്ക ലാണ്.എന്റെപള്ളിയിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ സനിനക്ക് ഗുണകരം. നിന്റെ നാട്ടിലെ പള്ളിയിൽവെച്ച് നീ നമസ്കരിക്കലാണ് എന്ന് പറയുകയുണ്ടായി. വീണ്ടും അവിടുന്ന് പറഞ്ഞു. സ്ത്രീകൾക്ക് ഉത്തമമായ പള്ളി അവരുടെ ഭവനങ്ങളത്രെ.)

✸ രക്തബന്ധമുള്ളവർ കൂടെയാത്രചെയ്യാൻ ഇല്ലാതിരിക്കുന്നു വെങ്കിൽ സ്ത്രീകൾക്ക് ഹജ്ജോ ഉംറയോ നിർബന്ധമില്ല.മാത്രമല്ല ഏങ്ങിനെ യാത്ര ചെയ്യലും നിഷിദ്ധമാണ്. പ്രവാചകൻﷺ പറഞ്ഞു. രക്ത ബന്ധമുള്ളവർ കൂടെയില്ലാതെ ഒരു സ്ത്രീയും മൂന്നു ദിവസത്തേക്കാൾ യാത്ര ചെയ്യാൻ പാടില്ല) .(മുത്തഫഖുൻ അലൈഹി)

✸ സ്ത്രീകൾക്ക് ഖബർ സന്ദർശിക്കുവാനും മയ്യിത്തിനെ അനുധാവനം ചെയ്യുവാനം പാടില്ല. പ്രവാചകൻﷺ പറഞ്ഞു.(ഖബർ സന്ദർശിക്കുന്ന സ്ത്രീകളെ അല്ലാഹു ശപിച്ചിരിക്കുന്നു)

ഉമ്മു അത്വിയ്യﷺ പറഞ്ഞു( മയ്യിത്തിനെ അനുധാവനം ചെയ്യുവാനം ചെയ്യുന്ന തിൽ നിന്ന് ഞങ്ങളെ വിലക്കാറുണ്ടായിരുന്നു,എന്നാൽ ആ വിഷയത്തിൽ കർശന നിലപാടു ണ്ടായിരുന്നില്ല)

✸ സ്ത്രീകൾക്ക് അവരുടെ മുടി കറുപ്പല്ലാത്ത ഏത് കളറും നൽകുന്നതിന് വിരോധമില്ല,കറുപ്പ് നൽകിയാൽ അക്കാരണത്താൽ വല്ല വഞ്ചനയും ആകുമെങ്കിലൊഴികെ കറാഹത്തായിട്ടാണ് പരിഗണിക്കപ്പെടുക.

✸ അപ്രകാരം തന്നെ സ്ത്രീകളിലുണ്ടായ അനന്തരാവകാശികൾക്ക് അവരുടെ അവകാശം നൽകലും തടുത്ത് വെക്കാതിരിക്കലും നിർബന്ധമാണ്.

✸ ഭാര്യമാർക്ക് ആവശ്യമുള്ള താമസം ,ഭക്ഷണം ,വസ്ത്രം ചികിൽസ തുടങ്ങിയ മുഴുവൻ കാര്യങ്ങളും നൽകേണ്ടത ഭർത്താവിന്റെ ഉത്തരവാദിത്വമാണ്. അല്ലാഹു പറഞ്ഞു. (കഴിവുള്ളവൻ തന്റെ കഴിവിൽ നിന്ന് ചെലവിനു കൊടുക്കട്ടെ. വല്ലവന്നും തന്റെ ഉപജീവനം ഇടുങ്ങിയതായാൽ അല്ലാഹു അവന്നു കൊടുത്തതിൽ നിന്ന് അവൻ ചെലവിന് കൊടുക്കട്ടെ).

✸ ഭർത്താവില്ലാത്തവർക്ക് പിതാവും സഹോദരൻമാരും ആ ബാധ്യത നിർവഹി ക്കണം.പിന്നീട് അടുത്ത് ബന്ധുകകളും മറ്റുള്ളവരുമാണ് അത് ഏറ്റെടുക്കേണ്ടത്.

✸ പ്രവാചൻ(സ) പറഞ്ഞു. (വിധവകളുടേയും പാവപ്പെട്ടവരുടെയും കാരം ശ്രദ്ധിക്കു ന്നവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മ സമരം ചെയ്യുന്നവരുടേയുംപകലിൽ വ്രതം അനുഷ്ടിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്ന്തിന് തുല്യമാണ് .

✸ കുഞ്ഞിനു മുലയൂട്ടേണ്ടത് മാതാവും ആ മാതാവിനും കുഞ്ഞിനും ചെലവിനു നൽകേണ്ടത് പിതാവുമാണ്.

✸ സ്ത്രീകൾ പ്രത്യേകിച്ചും യുവതികൾ ആണെങ്കിൽ അങ്ങോട്ട് സലാം പറയാതിരിക്കലാണ് ഏറ്റവും നല്ലത്,

✸ ഗുഹ്യരോമങ്ങൾ വൃത്തിയാക്കലും കക്ഷം വടിക്കലും ,നഖം മുറിക്കലുമെല്ലാം ആഴ്ചയിൽ ഒരിക്കലെങ്കിലും ചെയ്യേണ്ടതും നാൽപത് ദിവസത്തേക്കാൾ അത്

പുരികം പറിക്കുവാനോ പാടില്ല. അത് ചെയ്യുന്നവരെ പ്രവാചകൻ ﷺ ശപിച്ചിരിക്കുന്നു.

✸ ഇദ്ദ ആചരിക്കൽ വിവധ തരത്തിലുണ്ട് .

ഭർത്താവ് മരണപ്പെട്ട സ്ത്രീകൾക്ക് മാത്രമേ മൂന്നു ദിവസ്സത്തേക്കാൾ ദുഖം ആചരിക്കാൻ അനുവാദമുള്ളൂ. അവൾക്ക് നാലുമാസവും പത്ത് ദിവസവും ആകാവുന്നതാണ്.

ഇദ്ദ ആചരിക്കുന്നവർ എല്ലാതരത്തിലുള്ള ആഢംബരങ്ങളും വർജ്ജിക്കണം . ആഭരണം അണിയരുത് . അലങ്കാര വസ്ത്രം ധരിക്കരുത് . സുഗന്ധം പൂശരുത് മൈലാഞ്ചിയു കളറുകളും ഉപയോഗിക്കരുത്. സുറുമയിടാൻ പാടില്ല.

എന്നാൽ കുളിക്കുന്നതിനോ നഖം മുറിക്കുന്നതിനോ കക്ഷം വൃത്തി യാക്കുന്നതിനോ വിലക്കില്ലതന്നെ. അവർക്ക് പ്രത്യേക നിറമുള്ള വസ്ത്രം ധരിക്കേണ്ടതില്ല. ഭർത്താവ് മരണപ്പെട്ട വീട്ടിൽ തന്നെ ഇദ്ദ ആചരിക്കുക, അത്യാവശ്യകാര്യങ്ങൾക്ക് വേണ്ടിയല്ലാതെ പുറത്തിറങ്ങാതി രിക്കുക എന്നിവയും അഴർക്ക് നിർബന്ധമാണ്.

✸ സ്ത്രീകൾ തല മുൺഢനം ചെയ്യാൻ പാടില്ല. പുരുഷൻമാരോട് സാദൃശ്യം കാണിക്കുക എന്ന ഉദ്ദേശ്യത്തോടെ അല്ലെങ്കിൽ മുടി വെട്ടുന്ന തിന് വിലക്കില്ല. അത് ചെയ്യുന്നവരെ പ്രവാചകൻ (സ) ശപിച്ചിരിക്കുന്നു. പുരുഷൻമാരോട് രൂപ സാദൃശ്യം കെട്ടുന്ന സ്ത്രീകളെ പ്രവാചകൻ (സ) ശപിച്ചിരിക്കുന്നു.

✸ സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിച്ചു കൊണ്ട് ശരീരം മുഴുവനും മറച്ചിരിക്കണം എന്നത് നിർബന്ധമാണ്.

1 ശരീരം മുഴുവനും മറയുന്നതായിരിക്കണം .
2 ഭംഗിക്കുവേണ്ടിയുള്ളതാകാൻ പാടില്ല
3 നിർമ്മലമല്ലാത്തതായിരിക്കണം .
4 ഇടുങ്ങിയതാകാൻ പാടില്ല.
5 സുഗന്ധം ഉപയോഗിക്കരുത് .
6 പുരുഷൻമാരോട് രൂപ സാദൃശ്യം ഉണ്ടായിരിക്കരുത്.
7 സത്യനിഷേധികളോട് രൂപ സാദൃശ്യം ഉണ്ടായിരിക്കരുത്.
8 കീർത്തിക്കുവേണ്ടിയണിയാൻ പാടില്ല.

ജീവികളുടേയോ മനുഷ്യരുടേയോ ചിത്രങ്ങൾ ഉണ്ടാകാൻ പാടില്ല . അവയുള്ളവ വിരിയായി ഉപയോഗിക്കുവാനോ മറ്റോ പാടില്ല.

അത് ചെയ്യുന്നവരെ പ്രവാചകൻ (സ) ശപിച്ചിരിക്കുന്നു.

മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ സ്ത്രീകൾ മറക്കേണ്ട ഔറത്ത് മൂന്നു രീതിയിലുണ്ട്.

1 ഭർത്താവ് , അവന് ഏത് ഭാഗത്തേക്കും നോക്കാവുന്നതാണ്.
2 രക്ത ബന്ധമുള്ളവരും മറ്റു സ്ത്രീകളും,സാധാരണയായി പുറത്ത് കാണ പ്പെടുന്ന മുൻകൈകൾ ,കാൽ പാദങ്ങൾ മുഖം, കണംകൈകൾ .തുടങ്ങിയവ.
3 അന്യപുരുഷൻമാർ.ചികിൽസ,വിവാഹന്യോഷണം പോലെ അത്യാവശ്യ കാര്യങ്ങൾക്ക് വേണ്ടിയല്ലാതെ അവരെ കാണാൻ പാടില്ല.

കാരണം ,സ്ത്രീകളുടെ നാശം അവരുടെ മുഖത്തിലാണ്.

ഫാത്വിമ ബിൻത്ത് മുൻദിർ ﵂ പറഞ്ഞു , ഞങ്ങൾ പുരുഷൻമാരെ കണ്ടു മുട്ടുമ്പോൾ ഞങ്ങളുടെ മുഖം മറക്കാറുണ്ടായിരുന്നു. ആയിശ ﵂ പറഞ്ഞു. ഞങ്ങൾ ഇഹ്റാമിൽ നബി ﷺ യുടെ കൂടെ ആയിരിക്കുമ്പോഴും അന്യപുരുഷൻ മാരുമായി കാണാൻ ഇടവന്നാൽ ഞങ്ങൾ മുഖം മറക്കാറുണ്ടായിരുന്നു .

✸ ഇദ്ദ ആചരിക്കൽ വിവധ തരത്തിലുണ്ട് . 1 ഗർഭിണികളുടെ ഇദ്ദാകാലം .അവർ ഭർത്താക്കൻമാർ മരണപ്പെട്ട വരാണെ കിലും വിവാഹമോചനം ചെയ്യപ്പെട്ടവരാണെങ്കിലും പ്രസവം വരെയാണ് അവരുടെ ഇദ്ദകാലം.
2 ഭർത്താക്കൻമാർ മരണപ്പെട്ടവരാണെങ്കിലും നാലുമാസവും പത്തു ദിവസവും . 3 ആർത്തവ കാലങ്ങളിൽ ഉള്ളവർ മൂന്നു ശുദ്ധികാലം ഇദ്ദ ആചരിക്കണം . 4 ആർത്തവമില്ലാത്തവർ മൂന്നുമാസം ഇദ്ദ ആചരിക്കണം .
✸ മടക്കിയെടുക്കുന്ന വിവാഹ മോചനം ചെയ്യപ്പെട്ടവൾ ഇദ്ദ ആചരിക്കേണ്ടത് ഭർത്താവിന്റെ കൂടെയാണ്.അവർ പരസ്പരം കാമുന്നതിനും വിരോധമില്ല, ഒരുപക്ഷേ,അത് അവർ തമ്മിൽ പൊരുത്തപ്പെട്ട് പോകാൻ ഇടയാവുകയും ചെയ്തേക്കാമല്ലോ.
✸ മടക്കിയടുക്കുക എന്നത് ഒന്നുകിൽ ഞാൻ നിന്നെ മടക്കിയെടുത്തിരിക്കുവെന്ന് പറയുകയോ അവളുമായി ലൈംഗിക ബന്ധത്തിലേർപെടുകയോ ചെയ്യുന്നതു തന്നെ മതിയായിരിക്കും. മടക്കിയെടുക്കാൻ സ്ത്രീയുടെ പ്രത്യേക സംതൃപ്തി ആവശ്യമില്ല.
✸ ഒരു സ്ത്രീക്കും സ്വയം വിവാഹം കഴിക്കാൻ പാടില്ല,പ്രവാചകൻ (സ) പറഞ്ഞു . ഏതെങ്കിലും സ്ത്രീ സ്വമേധയാ വിവാഹിതയായാൽ ആ വിവാഹം അസാധുവാണ് . മുടി ചേർത്തിവെച്ചു കെട്ടലും ശരീരത്തിൽ പച്ചകുത്തലും നിഷിദ്ധമാണ്. അത് രണ്ടും വൻകുറ്റങ്ങളിൽ പെട്ടതാണ്. കാരണം കൂടാതെ ഒരു സ്ത്രീയും ഭർത്താവിനോട് വിവാഹമോചനം ആവശ്യപ്പെടാൻ പാടില്ല, കാരണം നബിﷺ പറഞ്ഞു. ഏതെങ്കിലും ഒരു സ്ത്രീ കാരണം കൂടാതെ ഭർത്താവിനോട് വിവാഹമോചനം ആവശ്യ പ്പെട്ടാൽ സ്വർഗ്ഗത്തിന്റെ വാസന അവൾക്ക് ലഭ്യമല്ല.) ബൂദാവൂദ് .
✸ ഭർത്താവിനെ അനുസരിക്കലും അവന്റെ ആവശ്യങ്ങൾ നിർവ്വഹിക്കലും നിർബന്ധമാണ് കാരണം നബിﷺ പറഞ്ഞു. ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചാൽ അത് അനുസരിക്കാതിരിക്കുകയും അക്കാര ണത്താൽ അയാൾ കോപിഷ്ഠനായി രാത്രി കഴിച്ചുകൂട്ടുകയും ചെയ്താൽ നേരം പുലരുന്ന വരേയും മലക്കുകൾ അവളെ ശപിക്കുന്നതാണ്. സുഗന്ധം പൂശി പുറത്തിറ ങ്ങൽ നിഷിദ്ധമാണ്.
✸ ഹജ്ജ് ഉംറ ചെയ്യാനോ റമദാൻ വ്രതം പൂർത്തിയാക്കാനോ വേണ്ടി ആർത്തവം തടയാനുള്ള മരുന്നുകൾ ഉപയോഗിച്ച് ആർത്തവം തടയുന്നത് അതിലൂടെ അവൾക്ക് ബുദ്ധിമുട്ടുണ്ടാവുകയില്ലെങ്കിൽ അനുവദനീയമാണ്.

# നമസ്കാരം

**ബാങ്കും ഇഖാമത്തും** വിളിക്കൽ നാട്ടിൽ താമസിക്കുന്ന പുരുഷന്മാർക്ക് ഫർദ് കിഫായ: ആണ്. യാത്രക്കാരനും തനിച്ചു നമസ്കരിക്കുന്നവനും അത് സുന്നത്താണ്. സ്ത്രീകൾക്ക് അത് വെറുക്കപ്പെട്ടതാണ്. അത് സമയമാകുന്നതിന് മുമ്പ് സാധു വാകയില്ല. എന്നാൽ സുബ്ഹിയുടെ ഒന്നാമത്തെ ബാങ്ക് അർദ്ധ രാത്രിക്ക് ശേഷം സാധുവാകുന്നതാണ്.

**നമസ്കാരത്തിൻെറ ശർത്തുകൾ:** 1- മുസ്ലിമാകണം. 2- ബുദ്ധിയുള്ളവനാകണം. 3- വകതിരിവുണ്ടാകണം 4- കഴിവുള്ളവൻ ശുദ്ധി വരുത്തണം. 5- നമസ്കാര സമയമാകണം. ദുഹ്റിൻെറ സമയം സൂര്യൻ മദ്ധ്യത്തിൽ നിന്ന് നീങ്ങിയത് മുതൽ ഒരു വസ്തുവിൻെറ നിഴൽ അതിന് സമാനമാകുന്നത് വരെയാണ്. അത് മുതൽ അസ്വ്റിൻെറ സമയം തുടങ്ങുന്നു. ഒരു വസ്തുവിൻെറ നിഴൽ അതി ൻെറ രണ്ടിരട്ടിയാകുന്നത് വരെയാണ് അതിൻെറ ഉത്തമ സമയം. അസ്തമയം വരെ നിർബ്ബന്ധിത സമയമുണ്ട്. അതിന് ശേഷം മഅ്രിബിൻെറ സമയമായി. അത് ചുവന്ന മേഘം മായുന്നത് വരെയാണ്. അതിനുശേഷം ഇശാഇൻെറ സമയമാണ്. അതിൻെറ ഉത്തമ സമയം അർധരാത്രി വരെയും നിർബ്ബന്ധിത സമയം പ്രഭാതം വെളിവാകുന്നത് വരെയുമാണ്. അത് മുതൽ സൂര്യോദയം വരെ സുബ്ഹിയുടെ സമയമാണ്. 6- തൊലിയുടെ നിറം കാണാത്ത തരത്തിലുള്ള വസ്ത്രം കൊണ്ട് നഗ്നത മറക്കണം. പത്ത് വയസ്സായ ആണിൻെറ നഗ്നത മുട്ട് പൊക്കിളിൻെറ ഇടയിലുള്ള ഭാഗമാണ്. പ്രായപൂർത്തിയായ സ്ത്രീ നമസ്കാര ത്തിൽ മുഖമൊഴിച്ച് ബാക്കിയുള്ളതെല്ലാം മറക്കണം 7- നമസ്കരിക്കുന്നവൻെറ ദേഹം,സ്ഥലം,വസ്ത്രം എന്നിവ മാലിന്യങ്ങളിൽ നിന്ന് ശുദ്ധിയാകണം. 8- ഖിബ്ലക്ക് തിരിയുക. 9- നിയ്യത്തുണ്ടാവുക.

**നമസ്കാരത്തിൻെറ റുക്നുകൾ** : 14 ആകുന്നു. 1- ഫർദ് നമസ്കാരത്തിൽ നിൽ ക്കാൻ കഴിവുള്ളവൻ നിൽക്കുക. 2- തക്ബീറത്തുൽ ഇഹ്റാം ചൊല്ലുക 3- ഫാ തിഹ ഓതുക 4- റുകൂഅ് ചെയ്യുക 5- അതിൽ നിന്ന് ഉയരൽ 6- റുകൂഇന് ശേഷം നിൽക്കൽ 7- ഏഴ് അവയങ്ങളിൽ സുജൂദ് ചെയ്യൽ 8- രണ്ട് സുജൂദുകൾക്ക് ഇടയിൽ ഇരിക്കൽ 9- അവസാനത്തെ തശഹ്ഹുദ് 10- അതിന് വേണ്ടി ഇ രിക്കൽ 11- അവസാന തശഹ്ഹുദിന് ശേഷം നബിﷺയുടെ മേൽ സ്വലാത്ത് ചൊല്ലൽ 12- ആദ്യ സലാം വീട്ടൽ 13- ഫർദുകളിൽ അടങ്ങിതാമസിക്കൽ 14- ക്രമ പ്രകാരം ചെയ്യൽ. ഈ റുകുനുകളില്ലാതെ നമസ്കാരം സാധുവാകയില്ല. അതിലൊന്ന് നഷ്ടപ്പെട്ടാൽ ആ റക്അത്ത് അസാധുവാകുന്നതാണ്. അത് മന:പ്പൂർ വ്വമായാലും മറന്നായാലും ശരി.

**വാജിബാത്തുകൾ** : 8 ആകുന്നു. 1- തക്ബീറത്തുൽ ഇഹ്റാമല്ലാത്ത മററു തക് ബീറുകൾ 2- സമിഅല്ലാഹു ലിമൻ ഹമിദഹു എന്ന് ഇമാമും ഒററക്ക് നമസ്ക രിക്കുന്നവനും പറയുക. 3- റുകുഇൽ നിന്ന് ഉയർന്ന ശേഷം റബ്ബനാ ലകൽഹംദ് എന്ന് പറയുക. 4- സുബ്ഹാന റബ്ബിയൽ അദീം എന്ന് റുകുഇൽ ഒരു പ്രാവശ്യം പറയുക. 5- സുബ്ഹാന റബ്ബിയൽ അഅ്ലാ എന്ന് ഒരു പ്രാവശ്യം സുജൂദിൽ പറയുക. 6- റബ്ബിഗ്ഫിർ ലീ എന്ന് രണ്ട് സുജൂദിൻെറ ഇടിയിലെ ഇരുത്തത്തിൽ പറയുക. 7- ആദ്യ തശഹുഹുദ് 8- അതിന് വേണ്ടി ഇരിക്കുക. ഈ വാജിബാത്തുകളിൽ വല്ലതും മന:പ്പൂർവ്വം ഉപേക്ഷിച്ചാൽ നമസ്കാരം അസാധുവാ കുന്നതാണ്. അത് മറന്ന് നഷ്ടപ്പെട്ടാൽ മറവിയുടെ സുജൂദ് ചെയ്യേണ്ടതാണ്.

**സുന്നത്തുകൾ** : അതിൽ വാക്കുകളും പ്രവൃത്തികളുമുണ്ട്. അത് ഉപേക്ഷിച്ചാൽ നമ സ്കാരം അസാധുവാകയില്ല. മന:പ്പൂർവ്വമാണെങ്കിലും ശരി. സുന്നത്തുള്ള വചന ങ്ങൾ: പ്രാരംഭ പ്രാർത്ഥന, അഊദു, ബിസ്മി, ആമീൻ എന്നിവ ചൊല്ലുക അത് ഉച്ചത്തിൽ ഓതുന്ന നമസ്കാരത്തിൽ ഉച്ചത്തിൽ പറയുക. സൂറത്തോതുക. ഇമാം അത് ഉച്ചത്തിലോതുക. (അത് തുടർന്നവനില്ല. തനിച്ച് നമസ്കരിക്കുന്നവന് ഇഷ്ടാ

നുസാരം ചെയ്യാം) റബ്ബനാ ലകൽഹംദ് എന്നതിന് ശേഷം ഹംദൻ കഥീറൻ... എന്നത് പറയുക. റുകൂഇലും സുജൂദിലും തസ്ബീഹ് കടുതലാക്കുക. റബ്ബിഗ്ഫിർ ലീ എന്നത് വർദ്ധിപ്പിക്കുക. സലാം വീട്ടുന്നതിന് മുമ്പ് പ്രാർത്ഥിക്കുക

**സുന്നത്തായ പ്രവർത്തനങ്ങൾ :** തക്ബീറത്തുൽ ഇഹ്റാം, റുകൂഅ്, അതിൽ നിന്നു യരൽ, ആദ്യ തശഹ്ഹുദിൽ നിന്നുയരൽ എന്നീ സന്ദർഭങ്ങളിൽ ഇരു കൈകൾ ഉയർത്തുക.നിറുത്തത്തിൽ വലതുകൈ ഇടതുകൈയ്യിന്മേൽ നെഞ്ചിൻെറ താഴെ ഭാഗത്ത് വെക്കുക. സുജൂദിൻെറ സ്ഥാനത്ത് നോക്കുക. നിറുത്തത്തിൽ പാദങ്ങൾ വിട്ടുവെക്കുക. സുജൂദിൽ ആദ്യം കാൽമുട്ടുകളും പിന്നെ കൈകളും പിന്നെ നെററിയും മൂക്കും വെക്കുക. കൈകൾ പാർശ്വത്തിൽ നിന്നും വയർ തുടകളിൽ നിന്നും അകററുകയും കാൽമുട്ടുകൾക്കിടയിൽ വിട്ടുവെക്കുകയും ചെയ്യുക. പാദങ്ങളുടെ വിരലുകൾ നിലത്ത് വെക്കുക. കൈകൾ ചുമലിന് നേരെ വിരലുകൾ ചേർത്ത് പരത്തിവെക്കുക. കൈകൾ കാൽമുട്ടിൽ ഊന്നിക്കൊണ്ട് എഴുന്നേൽക്കുക. സുജൂദുകൾക്കിടയിലും ആദ്യ തശഹ്ഹുദിലും ഇഫ്തിറാശായി ഇരിക്കുക. രണ്ടാമത്തെ തശഹ്ഹുദിൽ തവർറുക്കായും ഇരിക്കുക. ആ ഇരുത്തങ്ങളിൽ കൈകൾ വിരലുകൾ ചേർത്ത് പരത്തി തുടയിൽ വെക്കുക. എന്നാൽ തശഹ്ഹുദിൽ വലതുകൈയ്യിൻെറ ചെറുവിരലും മോതിരവിരലും മടക്കിപ്പിടിക്കുകയും നടുവിരലും പെരുവിരലും വട്ടക്കണ്ണിയാക്കുകയും ചൂണ്ട് വിരലുകൊണ്ട് അല്ലാഹുവിനെ കുറിച്ച് പറയുമ്പോഴും പ്രാർത്ഥിക്കുമ്പോഴും സൂചിപ്പിക്കുകയും ചെയ്യുക. അത് അല്ലാഹുവിൻെറ ഏകത്വത്തെ കുറിക്കാനാണ്. സലാം വീട്ടുമ്പേൾ വലത്തോട്ടും ഇടത്തോട്ടും തിരിയുക. അത് ആദ്യം വലത് ഭാഗത്തേക്കാക്കുക.

**മറവിയുടെ സുജൂദ് :** ഖുർആൻ പാരായണം സുജൂദിൽ ചെയ്യുന്നത് പോലെ അസ്ഥാനത്ത് മറന്നു കൊണ്ട് വല്ല വാക്കുകളും പറഞ്ഞാൽ മറവിയുടെ സജൂദ് സുന്നത്താണ്.സുന്നത്തായ കാര്യം ഉപേക്ഷിച്ചാൽ അത് അനുവദനീയമാണ്. റുകൂഅ്,സുജൂദ്,നിറുത്തം എന്നിവയിലേതെങ്കിലും വർദ്ധിപ്പിക്കുകയോ,നമസ്കാരം പൂർത്തിയാകുന്നതിന് മുമ്പ് സലാം വീട്ടുകയോ, ആശയത്തെ വക്രീകരിക്കുന്ന പിഴവ് സംഭവിക്കുകയോ, വാജിബായ കാര്യം ഉപേക്ഷിക്കുകയോ, നമസ്കാരത്തിലായിരിക്കെ വല്ലതും വർദ്ധിച്ചോ എന്ന് സംശയിക്കുകയോ, ചെയ്താൽ മറവിയുടെ സുജൂദ് നിർബ്ബന്ധമാണ്. മറവിക്ക് വേണ്ടി ചെയ്യൽ നിർബ്ബന്ധമായ സുജൂദ് മന:പ്പൂർവ്വം ഉപേക്ഷിച്ചാൽ നമസ്കാരം അസാധുവാകുന്നതാണ്. മറവിയുടെ സുജൂദ് സലാം വീട്ടുന്നതിന് മുമ്പോ ശേഷമോ ചെയ്യാവുന്നതാണ്.

**നമസ്കാരത്തിൻെറ രൂപം :** നമസ്കരിക്കുന്നവൻ ഖിബ്‌ലയിലേക്ക് തിരിഞ്ഞു നിൽക്കുക. (അല്ലാഹു അക്ബർ) എന്ന് പറയുക. ഇമാം അതും മററു തക്ബീറുകളും ഉച്ചത്തിൽ പറയുക. അല്ലാത്തവർ പതുക്കെ പറയുക. തക്ബീർ തുടങ്ങുമ്പോൾ ഇരുകൈളും ചുമലിന് നേരെ ഉയർത്തുകയും ശേഷം ഇടതുകൈ വലത് കൈകൊണ്ട് പടിച്ച് അത് നെഞ്ചിൻെറ താഴെ ഭാഗത്ത് വെക്കുക. സുജൂദിൻെറ സ്ഥാനത്ത് നോക്കുക എന്നിട്ട് പ്രാരംഭ പ്രാർത്ഥന ചൊല്ലുക.

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلَا إِلَهَ غَيْرُكَ – (അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിൻെറ നാമം അനുഗ്രഹീതവും നിൻെറ കാര്യം ഉന്നതവുമായിരിക്കുന്നു. നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ല.) പിന്നെ അഊദും ബിസ്മിയും ഓതുക. ഇവയെക്കെ ചൊല്ലുന്നത് പതുക്കെയാകണം. പിന്നീട് ഫാതിഹ ഓതുക. അത് മഅ്മൂം ഉച്ചത്തിലോതുന്ന നമസ്കാരത്തിൽ ഇമാമിൻെറ അടക്കങ്ങളിലും ഉച്ചത്തിലോതാത്തതിലും ഓതുക. പതുക്കെ ഓതുന്ന നമസ്കാരത്തിൽ അത് ഓതൽ മഅ്മൂമിന്

നിർബ്ബന്ധമാണ്. പിന്നീട് സാധ്യമായ സൂറത്ത് ഓതുക. സുബ്ഹിയിൽ ത്വിവാലുൽ മുഫസ്സലും (സൂറത്ത് ഖാഫ് മുതൽ അമ്മ വരെ) മഅ്രിബിൽ ഖിസ്വാറുൽ മുഫസ്സലും (അമ്മ മുതൽ ദുഹാ വരെ) മററു നമസ്കാരങ്ങളിൽ അവാസ്വിത്വുൽ മുഫസ്സലും (ദുഹാ മുതൽ നാസ് വരെ) പാരായണം ചെയ്യുന്നത് അഭിലഷ ണീയമാണ്. സുബ്ഹിയിലും ഇശാ മഅ്രിബിൻെറ ആദ്യ രണ്ട് റക്അത്തുകളിലും ഉച്ചത്തിലും ബാക്കിയള്ളതിൽ പതുക്കെയും ഇമാം ഓതണം. പിന്നീട് തക്ബീർ ചൊല്ലിക്കൊണ്ട് റുകൂഅ് ചെയ്യുക. അപ്പോൾ തക്ബിറത്തുൽ ഇഹ്റാമിലെ പോലെ കൈകൾ ഉയർത്തണം. കൈവിരലുകൾ അകററിക്കൊണ്ട് അത് കാൽ മുട്ടുകളിൽ വെക്കണം. മുതുക് പരത്തുകയും തല അതിന് നേരെയാക്കുകയും ചെയ്യുക. എന്നിട്ട് سُبْحَانَ رَبِّيَ الْعَظِيم (മഹാനായ എൻെറ നാഥൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.) ഇത് മൂന്ന് തവണ പറയുക. പിന്നീട് സമിഅല്ലാഹു ലിമൻ ഹമിദഹു എന്ന് പറഞ്ഞുകൊണ്ട് കൈകൾ ഉയർത്തി എഴുന്നേററു നിൽക്കുക. അപ്പോൾ ഇങ്ങനെ പറയുക.

رَبَّنَا وَلَكَ الْحَمْدُ حَمْداً كَثِيراً طَيِّباً مُبَارَكاً فِيه مِلْءَ السَّموَاتِ وَمِلْءَ الأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ .

(അനുഗ്രഹീതവും വിശിഷ്ടവുമായ അതിരററ സ്തുതികൾ ഞങ്ങളുടെ നാഥാ നിനക്കിതാ സമർപ്പിക്കുന്നു. ആകാശങ്ങളിലും ഭൂമിയിലും ശേഷം നീ ഉദ്ദേശിച്ച എല്ലായിടത്തും നിറയെയുള്ള സ്തുതി നിനക്കാണ്.) പിന്നീട് തക്ബീർ ചൊല്ലി ക്കൊണ്ട് സുജൂദ് ചെയ്യുക. അതിൽ കൈകൾ ഇരുപാർശ്വങ്ങളിൽ നിന്നും വയർ തുടയിൽ നിന്നും അകററുകയും കൈകളെ ചുമലിന് നേരെ വിരലുകൾ ഖിബ്ല ക്ക്നേരെ വെക്കുകയും ചെയ്യുക. കാലിൻെറ വിരലുകൾ നിലത്ത് വെച്ച് പാദ ങ്ങൾ ഖിബ്ലക്ക് നേരെയാക്കുകയും ചെയ്യുക. എന്നിട്ട് പറയുക. سُبْحَانَ رَبِّيَ الأَعْلَى (അത്യുന്നതനായ എൻെറ നാഥൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.) എന്നത് പോലെ ഹദീസിൽ വന്ന ദിക്റുകളോ ആവശ്യമുള്ള പ്രാർത്ഥനകളോ ചൊല്ലുക. പിന്നീട് തക്ബീർ ചൊല്ലിക്കൊണ്ട് ഇടത് കാൽ പരത്തിവെച്ച് അതിന്മേൽ ഇരി ക്കുക. വലതു കാൽവിരലുകൾ ഖിബ്ലയിലേക്കായി നാട്ടി വെക്കുകയും ചെയ്യുക. അല്ലെങ്കിൽ രണ്ടുകാലുകളും വിരലുകൾ ഖിബ്ലയിലേക്കാവും വിധം നാട്ടി വെച്ച് മടമ്പിന്മേൽ ഇരിക്കുക. رَبِّ اغْفِرْلِي رَبِّ اغْفِرْلِي (നാഥാ എനിക്ക് പൊറുത്ത് തരണേ! (രണ്ടു തവണ പറയുക) اللهُمَّ اغْفِرْلِي ، وَارْحَمْنِي وَاهْدِنِي وَاجْبُرْنِي وَعَافِنِي وَارْزُقْنِي ، وَارْفَعْنِي (അല്ലാഹുവേ, എനിക്ക് പൊറുത്ത് തരണേ! എന്നോട് കരുണ കാണിക്കണേ! എന്നെ നേർ വഴിയിലാക്കണേ! എൻെറ കാര്യങ്ങൾ പരിഹരിക്കണേ! എനിക്ക് സൗഖ്യം നൽകണേ! എനിക്ക് ഉപജീവനം തരേണമേ! എന്നെ ഉയർത്തേണമേ) ഇങ്ങനെ വർദ്ധിപ്പി ക്കുകയും ചെയ്യാം. പിന്നീട് രണ്ടാമത്തെ സജൂദ് ആദ്യത്തേത് പോലെ ചെയ്യുക. പിന്നീട് തക്ബീർ ചൊല്ലിക്കൊണ്ട് എഴുന്നേററ് നിൽക്കുക. ഒന്നാമത്തേത് പോലെ രണ്ടാമത്തെ റക്അത്ത് നിർവ്വഹിക്കുക. അതിൽ നിന്ന് വിരമിച്ചാൽ ഇഫ്തിറാശായി ഇരിക്കുക. കൈകൾ വലത്തെത് വലത്തെ തുടയിലും ഇടത്തെത് ഇടത്തെതുടയിലും വെക്കുക. ചെറുവിരലും മോതിര വിരലും മടക്കി, നടുവിരലും പെരുവിരലും വട്ടക്കണ്ണിയാക്കി ചൂണ്ടുവിരൽ നിവർത്തിപ്പിടിക്കുക. ഇങ്ങനെ പറയുക

اَلتَّحِيَّاتُ لِلهِّ ، وَالصَّلَوَاتُ ، وَالطَّيِّبَاتُ ، السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ ، اَلسَّلاَمُ عَلَيْنَا وَعَلَى عِبَادِ اللهِ الصَّالِحِينَ أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ وَأَشْهَدُ أَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ .

(എല്ലാ തിരുമുൽകാഴ്ചകളും അല്ലാഹുവിനാണ്. നല്ലതും വിശിഷ്ടമായതും (അവ നാണ്). നബിയേ അങ്ങേക്ക് അല്ലാഹുവിൻെറ സമാധാനവും കാരുണ്യവും അവ ൻെറ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ. ഞങ്ങൾക്കും അല്ലാഹുവിൻെറ സദ്വൃത്ത രായ ദാസന്മാർക്കും സമാധാനമുണ്ടാകട്ടെ. അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനു മില്ലെന്ന്

ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് അല്ലാഹുവിൻെറ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.) പിന്നീട് മൂന്നും നാലും റക്അത്തുകളുള്ള നമസ്കാരമാണെങ്കിൽ മൂന്നമാത്തേതിലേക്ക് തക്ബീർ ചൊല്ലി ക്കൊണ്ട് എഴുന്നേററ് ബാക്കി നമസ്കരിക്കുക. അതിൽ ഫാതിഹ പതുക്കെ ഓതുക. സൂറത്ത് ഓതേണ്ടതില്ല. പിന്നീട് അവസാനത്തിൽ തശഹ്ഹുദിന് വേണ്ടി തവർറുകായി ഇരിക്കുക. ചന്തി നിലത്ത് വെച്ച് വലതു കാൽ നാട്ടി വെച്ച് അതിലൂടെ പരത്തിയ ഇടതുകാൽ പുറപ്പെടീക്കുക. ഈ തവൽറുക് രണ്ട് തശഹ്ഹുദുള്ള നമസ്കാരത്തിൻെറ അവസാനത്തിലാണ്. ഇതിൽ തശഹ്ഹുദും ശേഷം സ്വലാത്തും ചൊല്ലുക.

اَللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ ، اَللهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

(അല്ലാഹുവേ, ഇബ്റാഹീമിനും കുടുംബത്തിനും നീ ഗുണം ചെയ്ത പോലെ മുഹമ്മദ് നബിക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനേയും കുടുംബത്തേയും നീ അനുഗ്രഹിച്ചത് പോലെ മുഹമ്മദ് നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ! നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്.)

اَللهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ جَهَنَّمَ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ

(അല്ലാഹുവേ, ഖബർ ശിക്ഷയിൽ നിന്നും നരക ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽ നിന്നും മസീഹു ദ്ദജ്ജാലിൻെറ ഉപദ്രവങ്ങളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു.) എന്ന ദുആയും ചൊല്ലുന്നത് സുന്നത്താണ്. പിന്നീട് രണ്ട് സലാം വലത്തോട്ടും ഇടത്തോട്ടുമായി ചൊല്ലുക. അതോടെ നമസ്കാരത്തിൽ നിന്ന് വിരമിച്ചു. നമസ്കാരാനന്തരം നിർദ്ദേശിക്ക പ്പെട്ട ദിക്റുകൾ ചൊല്ലൽ സുന്നത്താണ്.[1]

---

[1] പ്രസ്തുത ദിക്റുകൾ أَسْتَغْفِرُاللهَ അല്ലാഹുവോട് ഞാൻ പാപമോചനം തേടുന്നു. (മൂന്ന് തവണ പറയുക)
اللهُمَّ أَنْتَ السَّلَامُ ومنك السَّلَام تَبَارَكْتَ يَاذَا الْجَلَالِ والإِكْرَام അല്ലാഹുവേ, നീയാണ് സമാധാനം, നിന്നിൽ നിന്നാണ് സമാധാനം. ഉന്നതിയും മഹത്വവുമുള്ളവനേ നീ അനുഗ്രഹീതനായിരിക്കുന്നു.
لَا إِلَهَ إِلاَّ اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ ، وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ . لَا حَوْلَ وَلَا قُوَّةَ إِلاَّ بِاللهِ ، لَا إِلَهَ إِلاَّ اللهُ ، وَلَا نَعْبُدُ إِلاَّ إِيَّاهُ ، لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ ، لَا إِلَهَ إِلاَّ اللهُ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ
അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അല്ലാഹു വെക്കൊണ്ടല്ലാതെ ഒരു കഴിവും ശേഷിയും ഇല്ല. അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല. അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുന്നുമില്ല. അനുഗ്രഹവും ഔദാര്യവും അവൻേറതാണ്. ഉത്തമമായ സ്തുതികൾ അവനുണ്ട്. അല്ലാഹുവല്ലാതെ ആരാധ്യനില്ല. വണക്കം അവന് നിഷ്കളങ്കമാക്കുന്നവരിലാണ് ഞാൻ. സത്യനിഷേധികൾ വെറുപ്പ് പ്രകടിപ്പിച്ചാലും.
اَللهُمَّ لَا مَانِعَ لِمَا أَعْطَيْتَ ، وَلَا مُعْطِيَ لِمَا مَنَعْتَ ، وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല. നീ തടയുന്നത് നൽകുന്നവനുമില്ല. നിൻെറ അടുക്കൽ ധനം ഉപകരിക്കുകയില്ല.
لَا إِلَهَ إِلاَّ اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ ، وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ഇത് മഗ്രിബ്, സുബ്ഹി എന്നീ നമസ്കാരങ്ങൾക്കു ശേഷം പത്ത് തവണ ചൊല്ലുക.
سُبْحَانَ اللهِ وَالْحَمْدُ لِلهِ وَاللهُ أَكْبَرُ (٣٣) അല്ലാഹുവിനെ ഞാൻ പരിശുദ്ധനാക്കുന്നു. അല്ലാഹുവിനാണ് എല്ലാ സ്തുതിയും, അല്ലാഹു ഏറ്റവും വലിയവനാണ്. [ഇവ ഓരോന്നും 33 പ്രാവശ്യം ചൊല്ലുക]
لَا إِلَهَ إِلاَّ اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ഇത് ഒരു പ്രാവശ്യം ചൊല്ലി നൂറ് പൂർത്തിയാക്കുക.
ആയതുൽ കുർസിയ്യ്: എല്ലാ നമസ്കാരത്തിൻെറയും പിറകെ ഇത് ചൊല്ലുക.
[ قُلْ هُوَ اللهُ أَحَدٌ ... .. ] [ قُلْ أَعُوذُ بِرَبِّ الْفَلَقِ... ] [ قُلْ أَعُوذُ بِرَبِّ النَّاسِ.. .. ] ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ് ഇവ മൂന്നും നമസ്കാര ശേഷം ഓതുക മഗ്രിബ്, സുബ്ഹി എന്നിവകളിൽ മൂന്ന് തവണ ഓതുക.

**രോഗിയുടെ നമസ്കാരം:** നിന്ന് കൊണ്ട് നമസ്കരിക്കാൻ സാധ്യമല്ലാതാവുകയോ അല്ലെങ്കിൽ അതിനാൽ രോഗം കൂടുതലാവുകയോ ചെയ്യുമെങ്കിൽ അവൻ ഇരുന്ന് നമസ്കരിക്കണം. അതിന് സാധ്യമല്ലെങ്കിൽ ചെരിഞ്ഞുകിടന്നും. അതിനും സാധ്യമല്ലെങ്കിൽ മലർന്നു കിടന്നും നമസ്കരിക്കണം. രോഗിക്ക് റുകൂഉം സുജൂദും ചെയ്യാൻ സാധിക്കില്ലെങ്കിൽ അത് സൂചിപ്പിക്കണം. രോഗി നഷ്ടപ്പെട്ട നമസ്കാരം ഖദാഅ് വീട്ടണം. ഇനി രോഗിക്ക് ഓരോ നമസ്കാരവും അതാതിന്റെ സമയത്ത് നിർവ്വഹിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ ദുഹ്റും അസ്വ്റും ഒരുമിച്ചും ഇശാഉം മഅ്രിബും ഒരുമിച്ചും കൂട്ടി നമസ്കരിക്കാവുന്നതാണ്.

**യാത്രക്കാരന്റെ നമസ്കാരം:** 80 കി. മീറ്ററിലധികം ദൂരമുള്ള അനുവദനീയമായ യാത്രയാണെങ്കിൽ അവന് നാല് റക്അത്തുള്ള നമസ്കാരം രണ്ടുറക്അത്താക്കി ചുരുക്കി നമസ്കരിക്കാം. യാക്ക്രിടിയൽ വല്ല സ്ഥലത്തും നാല് ദിവസത്തിലധികം താമസിക്കാൻ ഉദ്ദേശിച്ചാൽ അവൻ അവിടെ എത്തിയത് മുതൽ പൂർത്തിയാക്കി നമസ്കരിക്കേണ്ടതാണ്. യാത്രക്കാരൻ നാട്ടിൽ താമസിക്കുന്നവനെ തുടർന്ന് നമ സ്കരിച്ചു, അല്ലെങ്കിൽ നാട്ടിൽ വെച്ച് മറന്ന നമസ്കാരം യാത്രയിൽ ഓർമ്മ വന്നു. അല്ലെങ്കിൽ ഇതിന് വിപരീതമുണ്ടായി എന്നാൽ അവൻ നമസ്കാരം പൂർത്തിയാക്കേണ്ടതാണ്. യാത്രക്കാരന് നമസ്കാരം പൂർത്തിയാക്കൽ അനുവദ നീയമാണെങ്കിലും ചുരുക്കുന്നതാണ് ശ്രേഷ്ഠകരം.

**ജുമുഅ നമസ്കാരം:** അത് ദുഹ്റിനേക്കാൾ കുടുതൽ ശ്രേഷ്ടതയുള്ളതാണ്. അത് സ്വതന്ത്രമായ നമസ്കാരമാണ്. ദുഹ്റ് ചുരുക്കിയതല്ല. അതിനാൽ അത് നാലു റക്അത്താക്കൽ അനുവദനീയമല്ല. ദുഹ്റിന്റെ നിയ്യത്തോടെ അത് സാധുവാകുകയുമില്ല. അതിനെ അസ്വ്റിനോട് കൂട്ടി നമസ്കരിക്കാവതുമല്ല. കൂട്ടി നമസ്കരിക്കാനുള്ള കാരണമുണ്ടായാലും.

**വിത്റ് നമസ്കാരം:** ഇഷാ നമസ്കാര ശേഷം പ്രഭാതം വെളിവാകുന്നത് വരെയാണ് അതിന്റെ സമയം. ഏറ്റവും ചുരുങ്ങിയത് ഒരു റകഅത്തും ഏറ്റവും കൂടിയാൽ പതി നൊന്ന് റകഅത്തുമാണത്. ഓരോ ഈരണ്ട് റകഅത്തുകളിലും സലാം ചൊല്ലി നമസ്കാരിക്കലാണ് ഏറ്റവും ഉത്തമം.ചുരുക്കി നമസ്കരിക്കുന്നുവെങ്കിൽ മൂന്നു റകഅത്തെ ങ്കിലും ചെയ്യാണ് അതിലെ പൂർണ്ണതയായി പരിഗണിക്കപ്പെടുന്നത്. അപ്പോൾ സൂറ ത്തുൽ അഅലാ,കാഫിറൂൻ, ഇഖ്ലാസ്വു എന്നിവ പാരായണം ചെയ്യലും സുന്ന ത്താകുന്നു.തനിച്ചു നമസ്കരിക്കുകയാണെ ങ്കിലും റുകൂഇനു ശേഷം കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നതും നല്ലതാണ്,

**മയ്യിത്ത് നമസ്കാരം:** മുസ്ലിം മരിച്ചാൽ അവനെ കുളിപ്പിക്കുക, കഫൻ ചെയ്യുക,അവന് വേണ്ടി നമസ്കരിക്കുക, അത് വഹിച്ചുകൊണ്ട് പോവുക, ഖബറടക്കുക എന്നിവ ഫർദ് കിഫയാണ്. എന്നാൽ യുദ്ധത്തിൽ രക്തസക്ഷിയായവനെ കുളിപ്പിക്കുകയും കഫൻ ചെയ്യുകയും വേണ്ടതില്ല. അവന് വേണ്ടി നമസ്കരിക്കൽ അനുവദീയമാണ്. അവനെ മരിച്ച അതേ അവസ്ഥയിൽ മറവ് ചെയ്യേണ്ടതാണ്. മരിച്ചത് പുരുഷനാണെങ്കിൽ മൂന്ന് വെള്ള വസ്ത്രത്തിലും സ്ത്രീയാണെങ്കിൽ അരയുടുപ്പ്, മക്കന, കുപ്പായം, രണ്ട് വസ്ത്രം എന്നീ അഞ്ചെണ്ണത്തിലും കഫൻ ചെയ്യേണ്ടതാണ്. പുരുഷന്റെ നെഞ്ചിനും സ്ത്രീയുടെ

---

**اَللهُمَّ إِنِّي أَسْأَلُكَ علماً نَافِعاً ، وَرِزْقاً طَيِّباً ، وَعَمَلاً مُتَقَبَّلاً** അല്ലാഹുവേ, ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ട മായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന കർമ്മങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു. (ഇത് സുബ്ഹി നമസ്കാരത്തിൽ നിന്ന് വിരമിച്ച ശേഷം ചൊല്ലുക) ( കുറിപ്പ്)

മധ്യഭാഗത്തിനും അടുത്തായി ഇമാമും തനിച്ചു നമസ്കരിക്കുന്നവനും നിൽക്കണം. നാല് തക്ബീർ ചൊല്ലുക. അതിലോരോന്നിലും കൈ ഉയർത്തുക. ഒന്നാമത്തെ തക്ബീറിന് ശേഷം അഊദുവും ബിസ്മിയും ചൊല്ലി ഫാതിഹ മാത്രം പതുക്കെ ഓതുക. പിന്നീട് തക്ബീർ ചൊല്ലി നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുക. ശേഷം മൂന്നാ മത്തെ തക്ബീർ ചൊല്ലി മരിച്ചയാൾക്ക് വേണ്ടി പ്രാർത്ഥിക്കുക. പിന്നെ നാലാമത്തെ തക്ബീർ ചൊല്ലി അല്പ ശേഷം സലാം വീട്ടുക. ഖബ്ർ ഒരു ചാണിനേക്കാൾ ഉയർത്തുക, കുമ്മായമിടുക, ചുംബിക്കുക, സുഗന്ധം പുകയിക്കുക, അതിന്റെ മേലെ എഴുതുക, ഇരിക്കുക, നടക്കുക എന്നിവ നിഷിദ്ധമാണ്. അവിടെ വിളക്ക് കത്തിക്കുക, അതിനെ ത്വവാഫ് ചെയ്യുക, അതിന്മേൽ പള്ളിയുണ്ടാക്കുക, അല്ലെങ്കിൽ പള്ളിയിൽ മറവ് ചെയ്യുക എന്നിവ നിഷിദ്ധമാണ്. ഖബറിന്മേൽ നിർമ്മിച്ച ഖുബ്ബകൾ പൊളിച്ചുനീക്കൽ നിർബ്ബന്ധ മാണ്. അനുശോചനത്തി ന് ഏത് വാക്കുകളുമാകാം. അതിൽ പെട്ടതാണ്

**أَعْظَمَ اللهُ أَجْرَكَ، وَأَحْسَنَ عَزَاءَكَ، وَغَفَرَ لِمَيِّتِكَ** (അല്ലാഹു നിനക്ക് മഹത്തായ പ്രതിഫലം നൽകട്ടെ. നിന്റെ സാന്ത്വനം അല്ലാഹു നന്നാക്കട്ടെ. നിന്റെ പരേതന് പൊറുത്ത് കൊടുക്കുകയും ചെയ്യട്ടെ.)

✷ തന്റെ മരണ ശേഷം ബന്ധുക്കൾ ഗുണഗണങ്ങൾ പറഞ്ഞു കൊണ്ട് നിലവി ളിച്ചു കരയുമെന്ന് അറിയുന്ന വ്യക്തി അങ്ങനെ ചെയ്യരുതെന്ന് വസ്വിയ്യത്ത് ചെ യ്യണം. ചെയ്തില്ലെങ്കിൽ അവർ അങ്ങനെ കരയുന്നതിനാൽ അയാൾ ശിക്ഷിക്ക പ്പെടുന്നതാണ്.

✷ ഇമാം ശാഫിഈ رحمه الله പറഞ്ഞു: അനുശോചനത്തിന് വേണ്ടി ഇരിക്കൽ കറാഹത്താ ണ്. അനുശോചകരെ പ്രതീക്ഷിച്ച് മരണപ്പെട്ടയാളുടെ കുടുംബങ്ങൾ ഒരു വീട്ടിൽ ഒരുമിച്ചുകൂടലാണത്.പ്രത്യുത അവർ തങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടി പോകേണ്ടതാണ്. അവർ സ്ത്രീകളായാലും പുരുഷന്മാരായാലും ശരി."

✷ മരിച്ചയാളുടെ വീട്ടുകാർക്ക് വേണ്ടി ഭക്ഷണം ഉണ്ടാക്കികൊടുക്കൽ സുന്നത്താണ്. എന്നാൽ അവരുടെ ഭക്ഷണം കഴിക്കുന്നതും അവരുടെ അടുത്ത് വരുന്നവർക്ക് വേണ്ടി അവർ ഭക്ഷണമുണ്ടാക്കിക്കൊടുക്കുന്നതും വെറുക്കപ്പെട്ടതാണ്.

✷ മുസ്ലിമിന്റെ ഖബർ സന്ദർശിക്കൽ സുന്നത്താണ്. അതിനായി തീർത്ഥയാത്ര ചെയ്യാതെയാകണം. അമുസ്ലിമിന്റെ ഖബർ സന്ദർശിക്കലും
മുസ്ലിമിന്റെ ഖബർ അമുസ്ലിം സന്ദർശിക്കലും വിലക്കപ്പെട്ടതല്ല.

**ഖബർ സന്ദർശിക്കുമ്പോൾ ഇപ്രകാരം പറയൽ സുന്നത്താണ്.**

**اَلسَّلَامُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللهُ بِكُمْ لَاحِقُونَ وَيَرْحَمُ اللهُ الْمُسْتَقْدِمِينَ مِنَّا وَالْمُسْتَأْخِرِينَ أَسْأَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ اللهُمَّ لَا تَحْرِمْنَا أَجْرَهُمْ وَلَا تفتنا بَعْدَهم واغفر لنا ولهم**

(ഈ പാർപ്പിടങ്ങളിൽ വസിക്കുന്ന മുസ്ലിംകളും മുഅ്മിനുകളുമായിട്ടുള്ളവരേ, നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. അല്ലാഹു ഞങ്ങളിലെ മുൻഗാമികൾക്കും പിൻഗാമികൾക്കും കരുണ ചെയ്യട്ടെ. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകു വാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, ഇദ്ദേഹത്തിന്റെ പേരിലുള്ള പ്രതിഫലം ഞങ്ങൾക്ക് നീ നിഷേധിക്കരുതേ. ഇദ്ദേഹത്തിന് ശേഷം നീ ഞങ്ങളെ പരീക്ഷിക്കുകയും ചെയ്യരുതേ. ഇവർക്കും ഞങ്ങൾക്കും നീ പൊ റുത്ത് തരേണമേ! )

✷ കഫൻ പുടവയിൽ ഖുർആൻ എഴുതുന്നത് നിഷിദ്ധമാണ്. അത് ഖുർആനെ നിന്ദിക്കലും മലിനമാക്കലുമാണ്. അപ്രകാരം നിർദ്ദേശം വന്നിട്ടുമില്ല.

**പെരുന്നാൾ നമസ്കാരം :** ഇത് ഫർദ് കിഫയാണ്.ഇതിൻെറ സമയം ദുഹായുടെത് പോലെ സൂര്യൻ ഉദിച്ചുയർന്ന ശേഷം മധ്യത്തിൽ എത്തുന്നത് വരെയാണ്. പെരുന്നാളാണെന്ന വിവരം സൂര്യൻ മധ്യത്തിൽ നിന്ന് നീങ്ങിയ ശേഷമാണ് അറിയുന്നതെങ്കിൽ അടുത്ത ദിവസം അത് ഖദാഅ് വീട്ടണം. രണ്ട് ഖുത്ബകൾ ഒഴികെയുള്ള ജുമുഅയുടെ നിബന്ധനകൾ ഇതിനും ബാധകമാണ്.അത് ഈദ്ഗാഹിൽ വെച്ച് നിർവ്വഹിക്കുമ്പോൾ അതിന് മുമ്പോ ശേഷമോ സുന്നത്ത് നമസ്കാരമില്ല. **അതിൻെറ രൂപം :** രണ്ട് റകഅത്താണ്. അതിൽ ആദ്യത്തേതിൽ തക്ബീറത്തുൽ ഇഹ്റാമിന് ശേഷം അഊദുവിന് മുമ്പ് ആറ് തക്ബീർ ചൊല്ലുക. രണ്ടാമത്തേതിൽ ഫാതിഹക്ക് മുമ്പായി അഞ്ച് തക്ബീർ ചൊല്ലുക. എല്ലാ തക്ബീറിലും കൈകൾ ഉയർത്തുക. പന്നീട് അഊദുവും ശേഷം ഉച്ചത്തിൽ ഫാതിഹയും സൂറത്തും ഓതുക. ഒന്നാമത്തേതിൽ സബ്ബിഹിസ്മയും രണ്ടാമത്തേതിൽ അൽഗാശിയയും ഓതുക. സലാം വീട്ടിയ ശേഷം ജുമുഅയുടേത് പോലെ രണ്ട് ഖുതുബ നിർവ്വഹിക്കുക. എന്നാൽ അതിൽ തക്ബീറുകൾ വർദ്ധിപ്പിക്കുന്നത് സുന്നത്താണ്. സാധാരണ സുന്നത്ത് നമസ്കാരം പോലെ പെരുന്നാൾ നമസ്കരിച്ചാലും സാധുവാകുന്നതാണ്. കാരണം അതിലെ തക്ബീറുകളും അവക്കിടയിലെ ദിക്റുകളും നിർബ്ബന്ധമല്ല. അതിൻെറ സുന്നത്തുകളിൽ പെട്ടതാണ്.

**ഗ്രഹണ നമസ്കാരം :** അത് സുന്നത്താണ്. അതിൻെറ സമയം സൂര്യനോ ചന്ദ്രനോ ഗ്രഹണം ആരംഭിച്ചത് മുതൽ അത് അവസാനിക്കുന്നത് വരെയാണ്. അതിന് ശേഷം ഖദാഅ് വീട്ടലില്ല. അത് രണ്ട് റക്അത്താണ്. ഒന്നാമത്തേതിൽ ഫാതിഹയും നീണ്ട സൂറത്തും ഉച്ചത്തിൽ ഓതുക. പിന്നീട് ദീർഘമായി റുകൂഅ് ചെയ്യുക. ശേഷം സമി അല്ലാഹു... എന്ന് പറഞ്ഞുകൊണ്ട് ഉയരുക. സുജൂദിലേക്ക് പോകാതെ ഫാതിഹയും നീണ്ട സൂറത്തും ഓതുക. പിന്നീട് ദീർഘമായി റുകൂഅ് ചെയ്യുക. ശേഷം ദീർഘമായി രണ്ട് സുജൂദ് ചെയ്യുക. പിന്നീട് ഒന്നാമത്തേത് പോലെ രണ്ടാമത്തെ റക്അത്തും നിർവ്വഹിക്കുക. ശേഷം തശഹ്ഹുദും സലാമും ചൊല്ലുക. ഇമാമിൻെറ ഒന്നാമത്തെ റുകൂഇന് ശേഷം തുടരുന്ന മഅ്മൂമിന് ആ റക്അത്ത് ലഭിക്കുകയില്ല.

**മഴക്ക് വേണ്ടിയുള്ള നമസ്കാരം :** മഴ കുറയുകയും വരൾച്ചയുണ്ടാവുകയും ചെയ്താൽ അത് നമസ്കരിക്കൽ സുന്നത്താണ്.അതിൻെറ സമയവും രൂപവും വിധികളും പെരുന്നാൾ നമസ്കാരം പോലെയാണ്. പക്ഷെ നമസ്കാര ശേഷം ഒരു ഖുത്തുബ നിർവ്വഹിക്കണം. മേൽ തട്ടം മറിച്ചിടൽ സുന്നത്താണ്.

# സകാത്ത്

**സകാത്ത് നിർബ്ബന്ധമാകുന്ന ഇനങ്ങൾ :** അത് നാലെണ്ണമാണ്. 1- മേഞ്ഞു നടക്കുന്ന കന്നുകാലികൾ. 2- ഉല്പന്നങ്ങൾ. 3- നാണയങ്ങൾ. 4- കച്ചവടചരക്കുകൾ.

**അത് നിർബ്ബന്ധമാകാൻ 5 നിബന്ധനകളുണ്ട്:** 1- മുസ്ലിമായിരിക്കുക. 2- സ്വതന്ത്രനായിരിക്കുക. 3- ധനം നിശ്ചിതതോത് എത്തുക. 4- അതിൽ പൂർണ്ണ ഉടമ സ്ഥതയുണ്ടാവുക. കാർഷികോൽപന്നമല്ലാത്ത ഇനത്തിന് വർഷം തികയണം.

**കന്നുകാലികളുടെ സകാത്ത് :** അത് ആട്, മാട്, ഒട്ടകം എന്നിവയാണ്. അതിന് രണ്ട് നിബന്ധനകളുണ്ട്. 1- അത് വർഷത്തിൽ അധികവും മേഞ്ഞുനടക്കുന്നവയായിരിക്കണം. 2- അത് പാലിനും സന്താനങ്ങൾക്കും വേണ്ടിയുള്ളതാകണം.

**ഒട്ടകത്തിൻെറ സകാത്ത്:**

| | |
|---|---|
| 1 മുതൽ 4 വരെ | സകാത്തില്ല |
| 5 മുതൽ 9 വരെ | ഒരു ആട് |
| 10 മുതൽ 14 വരെ | രണ്ട് ആട് |
| 15 മുതൽ 19 വരെ | മൂന്ന് ആട് |
| 20 മുതൽ 24 വരെ | നാല് ആട് |
| 25 മുതൽ 35 വരെ | ഒരു വയസ്സായ ഒരു ഒട്ടകം |
| 36 മുതൽ 45 വരെ | രണ്ട് വയസ്സായ ഒരു ഒട്ടകം |
| 46 മുതൽ 60 വരെ | മൂന്ന് വയസ്സായ ഒരു ഒട്ടകം |
| 61 മുതൽ 75 വരെ | നാലു വയസ്സായ ഒരു ഒട്ടകം |
| 76 മുതൽ 90 വരെ | രണ്ടു വയസ്സായ രണ്ട് ഒട്ടകം |
| 91 മുതൽ 120 വരെ | മൂന്ന് വയസ്സായ രണ്ട് ഒട്ടകം |
| 120-ൽ അധികമുണ്ടെങ്കിൽ ഓരോ 40-നും രണ്ട് വയസ്സായ ഒരു ഒട്ടകം അല്ലെങ്കിൽ ഒരോ 50-നും മൂന്ന് വയസ്സായ ഒരു ഒട്ടകം എന്ന തോതിൽ കൊടുക്കുക. | |

**പശുവിൻെറ സകാത്ത്:**

| | |
|---|---|
| 1 മുതൽ 29 വരെ | സകാത്തില്ല |
| 30 മുതൽ 39 വരെ | ഒരു വയസ്സ് തികഞ്ഞ ഒരു കാളക്കുട്ടി |
| 40 മുതൽ 59 വരെ | രണ്ടു വയസ്സ് തികഞ്ഞ ഒരു കാളക്കുട്ടി അല്ലെങ്കിൽ ഒരു പശുക്കുട്ടി |
| അതിൽ കൂടുതലുള്ള ഓരോ 30-നും ഒരു വയസ്സ് തികഞ്ഞ കാളക്കുട്ടിയും ഒരോ 40-നും രണ്ട് വയസ്സ് തികഞ്ഞ പശുക്കുട്ടിയും കൊടുക്കണം. | |

**ആടിൻെറ സകാത്ത്:**

| | |
|---|---|
| 1 മുതൽ 39 വരെ | സകാത്തില്ല |
| 40 മുതൽ 120 വരെ | ഒരു ആട്. |
| 121 മുതൽ 200 വരെ | രണ്ട് ആട്. |
| 201 മുതൽ 399 വരെ | മൂന്ന് ആട്. |
| അധിലധികം വരുന്ന ഓരോ 100-നും ഒരു ആട് വീതം കൊടുക്കണം. കൂററൻ, വാർദ്ധക്യം ബാധിച്ചത്, മുടന്തുള്ളത്, കുട്ടിയുള്ളത്, ഗർഭമുള്ളത് എന്നിവ സകാത്തായി സ്വീകരിക്കരുത്. | |

**കൃഷിയുടെ സകാത്ത് :** എല്ലാ ഇനം ധാന്യങ്ങൾക്കും ഫലങ്ങൾക്കും സകാത്ത് നിർബ്ബന്ധമാണ്. അതിന് മൂന്ന് നിബന്ധനകളുണ്ട്. 1- അത് അളന്നെടുക്കപ്പെടുക യും സൂക്ഷിക്കപ്പെടുകയും ചെയ്യുന്നവയായിരിക്കണം. ഗോതമ്പ്, ബാർലി തുടങ്ങി യ ധാന്യങ്ങളും മുന്തിരി, ഈത്തപ്പഴം പോലെയുള്ള ഫലങ്ങളും ഉദാഹരണം. ചീര, പച്ചക്കറി പോലെയുള്ള അളന്ന് സൂക്ഷിക്കപ്പെടാത്തവക്ക് സകാത്തില്ല. 2- നിസ്വാ ബ് (നിശ്ചിത തോത്) എത്തിയിരിക്കണം. 653 കി. ഗ്രാമോ അതിൽ കൂടുതലോ ഉണ്ടായിരിക്കണം. 3- സകാത്ത് നിർബ്ബന്ധമാകുന്ന സമയത്ത് അത് അവൻെറ ഉടമസ്ഥയിലായിരിക്കണം. സകാത്ത് നിർബ്ബന്ധമാകുന്നത് ഫലങ്ങൾ ചുവപ്പോ

മഞ്ഞയോ നിറമായിക്കൊണ്ടും ധാന്യങ്ങൾ വിത്തുറച്ചും ഉണങ്ങിയും കൊണ്ടും കൊള്ളാവുന്നതായിത്തീരുന്ന സമയത്താണ്. കാർഷിക ചെലവില്ലാതെ മഴ, പുഴ പോലെയുള്ളതിൽ നിന്നും നനച്ചുണ്ടാക്കിയതാണെങ്കിൽ പത്തിലൊന്നും കിണറുകളിൽ നിന്ന് വെള്ളമടിക്കുന്നത് പോലെ കാർഷിക ചെലവുകളുള്ളതാണെങ്കിൽ ഇരുപതി ലൊന്നും സകാത് കൊടുക്കണം. എന്നാൽ വർഷത്തിൽ ചില ഘട്ടങ്ങളിൽ അദ്ധ്വാനം വേണ്ടിവരുന്നതും ബാക്കി സമയങ്ങളിൽ ചെലവ് വരാത്തതുമാണെങ്കിൽ അതിൽ അധി കം വരുന്ന അവസ്ഥയെ പരിഗണിച്ച് രണ്ട് സമയത്തിൻെറയും എണ്ണത്തിനനുസരിച്ച് കണക്കാക്കണം.

**നാണയങ്ങൾ :** അത് രണ്ടിനമാണ് **1- സ്വർണ്ണം.** അത് 85 ഗ്രാമുണ്ടെങ്കിലെ സകാ ത്തുള്ളൂ. **2- വെള്ളി.** അത് 595 ഗ്രാം എത്തിയാലെ സകാത്തുള്ളൂ. അവ രണ്ടിൻെറ യും തോതിലേററവും കുറഞ്ഞതിൻെറ വിലക്ക് തുല്യമായ മററു നാണയങ്ങൾ ക്കും സകാത്ത് നിർബ്ബന്ധമാകുന്നതാണ്. അവക്ക് വർഷം തികയുമ്പോൾ രണ്ടര ശതമാനം സകാത്ത് കൊടുക്കണം. ഉപയോഗത്തിന് വേണ്ടിയുള്ള ആഭരണത്തിന് സകാത്തില്ല. എന്നാൽ വാടകക്കോ സൂക്ഷിച്ചുവെക്കാനോ വേണ്ടിയുള്ളതാണെങ്കിൽ സകാത്ത് നിർബ്ബന്ധമാണ്.

സ്വർണ്ണത്തിൻെറയും വെള്ളിയുടെയും ആഭരണങ്ങൾ ധരിക്കുന്നത് സ്ത്രീ കൾക്ക് അനുവദനിയമാണ്. പാത്രത്തിൽ അല്പം വെള്ളി ഉപയോഗിക്കൽ അനു വദനീയമാണ്. മോതിരം, കണ്ണട പോലെയുള്ളതിൽ അല്പം വെള്ളി ഉപയോഗി ക്കുന്നത് പുരുഷന്മാർക്കും അനുവദനീയമാണ്. സ്വർണ്ണം അല്പം പോലും പാത്ര ത്തിൽ ചേർക്കൽ നിഷിദ്ധമാണ്. പല്ല്, വസ്ത്രത്തിൻെറ ബട്ടൺ തുടങ്ങിയവക്ക് വേണ്ടി അല്പം സ്വർണ്ണം ഉപയോഗിക്കൽ പുരുഷന്മാർക്ക് അനുവദനീയമാണ്. അത് തന്നെ സ്ത്രീകളോട് സാദൃശ്യപ്പെടാതെയായിരിക്കണം. ഒരാളുടെ കൈവശം ധനമുണ്ട് അത് കൂടുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കും. ഓരോ ഘട്ട ങ്ങളിലും അത് കണക്ക് നോക്കിക്കൊണ്ടിരിക്കൽ ബുദ്ധിമുട്ടാണ്. അപ്പോൾ അവ ൻ വർഷത്തിൽ ഒരു നിശ്ചിത ദിവസം കണക്ക് നോക്കി അതിൻെറ രണ്ടര ശത മാനം സകാത്ത് കൊടുക്കണം. അതിൽ ചിലത് വർഷം പൂർത്തായായിട്ടില്ലെങ്കിലും ശരി. ശമ്പളമോ വീട് പോലെയുള്ളതിൻെറ വാടകയോ ലഭിക്കുന്ന വ്യക്തി അ തിൽ നിന്ന് സൂക്ഷിപ്പില്ലെങ്കിൽ സകാത്ത് കൊടുക്കേണ്ടതില്ല. അത് കൂടുതലുണ്ടെ ങ്കിലും ശരി. അതിൽ നിന്ന് സൂക്ഷിപ്പുണ്ടെങ്കിൽ വർഷം തികഞ്ഞാൽ സകാത്ത് കൊടുക്കണം. അത് കൃത്യമായും ശ്രദ്ധിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ സകാത്ത് കൊടുക്കാനായി വർഷത്തിൽ ഒരു ദിനം നിശ്ചയിക്കണം.

**കടത്തിൻെറ സകാത്ത് :** ഒരാൾക്ക് ധനികനിൽ നിന്ന് കടം കിട്ടാനുണ്ട്. അല്ലെങ്കിൽ കിട്ടാൻ സാധ്യതയുള്ള ധനമുണ്ട്. എങ്കിൽ അത് തൻെറ കൈവശത്തിൽ വന്നാൽ കഴിഞ്ഞ വർഷങ്ങൾക്കുള്ള സകാത്ത് കൊടുക്കണം. അത് എത്ര കൂടുതലായാലും. പരമദരിദ്രൻെറ കൈവശമെന്ന പോലെ കിട്ടാൻ ബുദ്ധിമുട്ടുള്ള കടമാണെങ്കിൽ അതി ന് സകാത്തില്ല. കാരണം ആ ധനം അവന് കൈകാര്യം ചെയ്യാൻ സാധിക്കില്ല.

**കച്ചവടത്തിൻെറ സകാത്ത് :** അതിന് നാല് നിബന്ധകളുണ്ട്. **1-** അത് അവൻെറ ഉടമസ്ഥതയിലായിരിക്കണം. **2-** അത് കൊണ്ട് കച്ചവടം ഉദ്ദേശിക്കപ്പെട്ടതാകണം. **3-** അത് നിശ്ചിത തോത് എത്തിയതാകണം. അതിന് സ്വർണ്ണത്തിൻെറയോ വെ ള്ളിയുടെയോ കുറഞ്ഞ തോതാണ് കണക്കാക്കുക. **4-** വർഷം പൂർത്തിയാകണം. ഈ നിബന്ധനകൾ പൂർത്തിയായ കച്ചവടച്ചരക്കുകളുണ്ടായാൽ അതിൻെറ വില യുടെ രണ്ടര ശതമനം സകാത്ത് കൊടക്കണം. അവൻെറ കൈവശം സ്വർണ്ണമോ വെള്ളിയോ മററുനാണയമോ ഉണ്ടെങ്കിൽ അത് കച്ചവടച്ചരക്കിൻെറ തോത് പൂർത്തിയാക്കാൻ വേണ്ടി ചേർക്കുന്നതാണ്. വീട്, വാഹനം, വസ്ത്രം പോലെ യുള്ള ഉപയോഗം ഉദ്ദേശിക്കപ്പെട്ട ചരക്കുകൾക്ക് സകാത്തില്ല. എന്നാൽ ഇവ

കൊണ്ട് കച്ചവടം ഉദ്ദേശിച്ചാൽ അത് മുതൽ ഒരു വർഷം പരിഗണിച്ച് സകാത്ത് കൊടുക്കേണ്ടതാണ്.

**സകാത്തുൽ ഫിത്വർ :** പെരുന്നാൾ ദിവസത്തെ ചെലവ് കഴിഞ്ഞ് മിച്ചധനം ഉടമപ്പെടുത്തിയ എല്ലാ മുസ്‌ലിംകൾക്കും അത് നിർബ്ബന്ധമാണ്. നാട്ടിലെ മുഖ്യ ഭക്ഷണം ഒരാൾക്ക് രണ്ടേകാൽ കി.ഗ്രാം വീതം സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ കുടുംബത്തിലെ എല്ലാവർക്കും വേണ്ടി കൊടുക്കണം. ഒരാൾ അയാളുടെത് കൊടുക്കുന്നത് പോലെ ധനമുണ്ടെങ്കിൽ അയാൾ ചെലവ് കൊടുത്ത് സംരക്ഷിക്കൽ നിർബ്ബന്ധമായവർക്ക് വേണ്ടിയും കൊടുക്കൽ അയാൾക്ക് നിർബ്ബന്ധമാണ്. പെരുന്നാൾ നമസ്കാരത്തിന് മുമ്പെ അത് കൊടുക്കണം. അതിനേക്കാൾ പിന്തിക്കാവതല്ല. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിനം മുമ്പ് കൊടുക്കൽ അനുവദനീയമാണ്. ഒരു സംഘം നൽകൽ നിർബ്ബന്ധമായ സകാത്ത് ഒരു വ്യക്തിക്ക് കൊടുക്കാവുന്നതാണ്. ഒരു വ്യക്തി നൽകേണ്ട സകാത്ത് ഒരു സംഘത്തിനും കൊടുക്കാവുന്നതാണ്.

**സകാത്ത് വിതരണം :** അത് നിർബ്ബന്ധമായാൽ ഉടനെ കൊടുക്കൽ നിർബ്ബന്ധമാണ്. കുട്ടിയുടെയും ഭ്രാന്തന്റെയും സകാത്ത് രക്ഷാധികാരി കൊടുക്കണം. അത് പരസ്യപ്പെടുത്തുന്നതും ഉടമസ്ഥൻ സ്വയം കൊടുക്കുന്നതും സുന്നത്താണ്. കൊടുക്കുമ്പോൾ സകാത്താണെന്ന നിയ്യത്ത് ഉണ്ടായിരിക്കണം. ദാനം ചെയ്യുന്നുവെന്ന് മാത്രം കരുതിയാൽ മതിയാവുകയില്ല. ധനം മുഴുവൻ ദാനം ചെയ്താലും ശരി. ധനത്തിന്റെ സകാത്ത് അതാത് നാട്ടിലുള്ള പാവപ്പെട്ടവർക്ക് കൊടുക്കുന്നതാണ് കൂടുതൽ ശ്രേഷ്ടമായത്. എന്നാൽ നന്മ പരിഗണിച്ച് മററുനാട്ടിലേക്ക് അത് കൊണ്ടുപോകൽ അനുവദനീയമാണ്. നിശ്ചിത തോത് എത്തിയാൽ രണ്ട് വർഷത്തെ സകാത്ത് നേരത്തെ കൊടുത്താൽ സാധുവാകുന്നതും മതിയാകുന്നതുമാണ്.

**സകാത്തിന്റെ അവകാശികൾ :** 8 വിഭാഗാമണ് 1- ദരിദ്രർ 2- പാവപ്പെട്ടവർ 3- സകാത്തിന്റെ ജോലിക്കാർ 4- മനസ്സ് ഇണക്കപ്പെട്ടവർ 5- അടിമകളുടെ മോചനം 6- കടം കൊണ്ട് ബുദ്ധിമുട്ടിയവർ 7- അല്ലാഹുവിന്റെ മാർഗ്ഗത്തിൽ 8- വഴിയാത്രക്കാർ. ആവശ്യമനുസരിച്ച് ഇവർക്കെല്ലാം സകാത്തിന്റെ വിഹിതം നൽകേണ്ടതാണ്. എന്നാൽ സകാത്തിന്റെ പ്രവർത്തകർക്ക് അവരുടെ കൂലിയാണ് നൽകേണ്ടത്. അത് അവർ ധനികരാണെങ്കിലും നൽകാം. ഭരണാധികാരി നിർബ്ബന്ധിച്ചോ അല്ലാതെയോ സകാത്ത് വാങ്ങിയാൽ ദാദാവിന്റെ കടമ വീടുന്നതാണ്. ഭരണാധികാരി അതിൽ അനീതി ചെയ്താലും ശരി.

**അമുസ്‌ലിം, ധനികൻ, താൻ ചെലവ് കൊടുക്കൽ നിർബ്ബന്ധമുള്ളവർ, ഹാഷിം കുടുംബം എന്നിവർക്ക് സകാത്ത് കൊടുത്താൽ മതിയാവുകയില്ല. സകാത്തിന് അർഹരല്ലാത്തവർക്ക് അറിയാതെ ഒരാൾ കൊടുക്കുകയും പിന്നീട് അതറിയുകയും ചെയ്താൽ അത് മതിയാവുകയില്ല. എന്നാൽ ദരിദ്രനാണെന്ന് ധരിച്ചു കൊടുക്കുകയും പിന്നീട് ധനികനാണെന്ന് മനസ്സിലാവുകയും ചെയ്താൽ അത് മതിയാവുന്നതാണ്.**

**സുന്നത്തായ ദാനം:** നബി ﷺ പറഞ്ഞു: ഒരു സത്യവിശ്വാസി അറിവ് പഠിപ്പിച്ചു, സദ്‌വൃത്തനായ മകനെ വിട്ടേച്ചു, മുസ്ഹഫ് അനന്തരം നൽകി, പള്ളി നിർമ്മിച്ചു, വഴിയാത്രക്കാരന് വേണ്ടി സത്രം നിർമ്മിച്ചു, പുഴയുണ്ടാക്കി, തനിക്ക് ആരോഗ്യമുള്ള ജീവിത കാലത്ത് ദാനം ചെയ്തു എന്നാൽ അതൊക്കെ മരണാനന്തരം അവനോട് പ്രതിഫലം വന്നുചേരുന്ന പുണ്യകർമ്മങ്ങളിൽ പെട്ടതാണ്. (ഇബ്നു മാജ)

# വ്രതം

നോമ്പെടുക്കാൻ കഴിവുള്ള പ്രായപൂർത്തിയും ബുദ്ധിയുമുള്ള, ആർത്തവവും പ്രസവാശുദ്ധിയുമില്ലാത്ത എല്ലാ മുസ്‌ലിമിനും റമദാനിലെ വ്രതം നിർബ്ബന്ധമാ ണ്. പരിശീലിക്കാൻ വേണ്ടി കുട്ടികളോട് നോമ്പെടുക്കാൻ കൽപിക്കണം. രണ്ട് കാര്യങ്ങൾ കൊണ്ട് റമദാനായെന്ന് അറിയപ്പെടുന്നതാണ്. **1-** നീതിമാനും മതശാ സനകൾ ബാദ്ധ്യസ്ഥനുമായ ഒരു മുസ്‌ലിം മാസപ്പിറവി കണ്ടതായി സാക്ഷ്യം പറയുക. അത് സ്ത്രീയായാലും മതി. **2-** ശഅ്ബാൻ മാസം മുപ്പത് പൂർത്തിയാ ക്കുക. നോമ്പിൻെറ സമയം പ്രഭാതം മുതൽ സൂര്യാസ്തമയം വരെയാണ്. നിർ ബ്ബന്ധമായ നോമ്പിന് പ്രഭാതത്തിന് മുമ്പ് (നിയ്യത്ത്) കരുതൽ നിർബ്ബന്ധമാണ്.

**നോമ്പ് മുറിയുന്ന കാര്യങ്ങൾ:** **1-** സംയോഗം. അത് ചെയ്താൽ നോമ്പ് മുറിയു ന്നതും അത് ഖദാഅ് വീട്ടേണ്ടതുമാണ്. പുറമെ പ്രായശ്ചിത്തവും വേണം. അത് ഒരു അടിമയെ മോചിപ്പിക്കലാണ്. അത് ലഭ്യമല്ലെങ്കിൽ രണ്ട് മാസം തുടർച്ചയായി നോമ്പെടുക്കണം. അതിന് സാധ്യമല്ലെങ്കിൽ അറുപത് അഗതികൾക്ക് ഭക്ഷണം കൊടുക്കണം. അതും ലഭിച്ചില്ലെങ്കിൽ അവന് പ്രായശ്ചിത്തമില്ല. **2-** ഇന്ദ്രിയ സ്ഖ ലനം: ചുംബനം, സ്പർശനം, സ്വയംഭോഗം ഇവയിലേതെങ്കിലും കൊണ്ട് സ്ഖ ലനമുണ്ടായാൽ നോമ്പ് മുറിയുന്നതാണ്. സ്വപ്നസ്ഖലനം കൊണ്ട് അത് മുറി യുന്നതല്ല. **3-** തിന്നുകയോ കുടിക്കുകയോ മനപൂർവ്വം ചെയ്യുക. അത് മറന്നു കൊണ്ടാണെങ്കിൽ അവൻെറ നോമ്പ് സാധുവാകുന്നതാണ്. **4-** കൊമ്പുവെച്ചോ രക്തദാനം ചെയ്യുന്നതിനാലോ രക്തം പുറത്തെടുക്കുക. എന്നാൽ പരിശോധ നക്ക് വേണ്ടിയോ കരുതിക്കൂട്ടിയല്ലാതെ മുറിവിൽ നിന്നോ മൂക്കിൽ നിന്നോ വരു ന്നതോ ആയ രക്തം കൊണ്ട് നോമ്പ് മുറിയുന്നതല്ല. **5-** മനപൂർവ്വം ഛർദ്ദിക്കുക. ഒരാളുടെ തൊണ്ടയിലേക്ക് പൊടി പാറി, വായിൽ വെള്ളം കൊപ്ളിക്കുകയോ മൂക്കിൽ വെള്ളം കയററുകയോ ചെയ്തപ്പോൾ അത് തൊണ്ടയിലെത്തി, ചിന്തി ച്ചതിനാൽ സ്ഖലനമുണ്ടായി, സ്വപനസ്ഖലനം സംഭവിച്ചു, കരുതിക്കൂട്ടിയല്ലാതെ ഛർദ്ദിക്കുകയോ രക്തം വരുകയോ ചെയ്തു എന്നാൽ ഇത് കൊണ്ടൊന്നും നോമ്പ് മുറിയുന്നതല്ല.

ഒരാൾ രാത്രിയാണെന്ന ധാരണയിൽ ഭക്ഷിച്ചു. അങ്ങനെ അത് പകലായിരുന്നു വെന്ന് വ്യക്തമായി. എന്നാൽ അവനത് ഖദാഅ് വീട്ടണം. എന്നാൽ പ്രഭാതമാ യോ എന്ന് സംശയിച്ചുകൊണ്ട് ഒരാൾ രാത്രി ഭക്ഷിച്ചാൽ അവൻെറ നോമ്പ് നഷ്ടപ്പെടുന്നതല്ല. സൂര്യൻ അസ്തമിച്ചുവെന്ന് സംശയിച്ചുകൊണ്ട് പകലിൽ ഭക്ഷി ച്ചാൽ അവനത് ഖദാഅ് വീട്ടേണ്ടതുമാണ്.

**നോമ്പ് മുറിക്കുന്നവരുടെ വിധികൾ:** കാരണമില്ലാതെ റമദാൻ നോമ്പ് മുറിക്കൽ നിഷിദ്ധമാണ്. ആർത്തവകാരി, പ്രസവാശുദ്ധിയുള്ളവൾ, അപകടത്തിൽ നിന്ന് രക്ഷപ്പെടുത്താനുള്ള പ്രവർത്തനത്തിലേർപ്പെട്ടവൻ എന്നിവർക്ക് നോമ്പ് മുറിക്കൽ നിർബ്ബന്ധമാണ്. നമസ്കാരം ചുരുക്കാൻ അനുവദിക്കപ്പെട്ട യാത്രക്കാരനും രോ ഗിക്കും നോമ്പെടുക്കുന്നത് കൊണ്ട് ബുദ്ധിമുട്ടുണ്ടെങ്കിൽ മുറിക്കാവുന്നതാണ്. പകലിനിടയിൽ യാത്ര ചെയ്യേണ്ടുന്ന നാട്ടിലുള്ളവനും കുട്ടിയേയോ സ്വശരീരത്തെ യോ കുറിച്ച് ഭയമുള്ള ഗർഭിണിക്കും മുലയൂട്ടുന്നവൾക്കും നോമ്പ് ഉപേക്ഷിക്കാവു ന്നതാണ്. ഇവർക്കെല്ലാം ഖദാഅ് വീട്ടൽ മാത്രമാണ് നിർബ്ബന്ധം. എന്നാൽ ഗർഭി ണിയും മുലയൂട്ടുന്നവളും കുട്ടിക്ക് വേണ്ടി മാത്രമാണ് നോമ്പ് ഉപേക്ഷിക്കുന്നതെ ങ്കിൽ ഓരോ ദിനത്തിനും അഗതിക്ക് ഭക്ഷണം കൊടുക്കേണ്ടതാണ്.

വാർദ്ധക്യമോ സുഖപ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത രോഗമോ കാരണത്താൽ നോമ്പെടുക്കാൻ കഴിയാത്തവൻ ഓരോ ദിനത്തിനും അഗതിക്ക് ഭക്ഷണം കൊടു ക്കണം, അവൻ അത് ഖദാഅ് വീട്ടേണ്ടതില്ല. കാരണമുള്ളതിനാൽ ഒരാൾ ഖദാഅ് വീട്ടേണ്ടിയിരുന്ന നോമ്പ് അടുത്ത റമദാൻ വരെയും പിന്തിച്ചാൽ അവനത്

ഖദാഅ് വീട്ടിയാൽ മാത്രം മതിയാകുന്നതാണ്. എന്നാൽ അത് അകാരണ മായിട്ടാണെങ്കിൽ ഖദാഅ് വീട്ടുന്നതോടൊപ്പം ഓരോ ദിനത്തിനും അഗതിക്ക് ഭക്ഷണം കൊടുക്കണം. കാരണമുള്ളതിനാൽ ഒരാൾ ഖദാഅ് വീട്ടാൻ കഴിയാതെ മരണപ്പെട്ടാൽ അവന് ഒരു കുററവുമില്ല. അത് അകാരണമായിട്ടാണെങ്കിൽ ഓരോ ദിനത്തിനും അഗതിക്ക് ഭക്ഷണം കൊടുക്കണം. അവന് നഷ്ടപ്പെട്ട റമദാനിലെ നോമ്പും അവൻ നേർച്ചയാക്കിയ നോമ്പും അവൻെറ ബന്ധുക്കൾക്ക് ഖദാഅ് വീട്ടാവുന്നതാണ്. മാത്രമല്ല അയാളുടെ എല്ലാ നല്ല നേർച്ചകളും അവർക്ക് നിർവ്വ ഹിക്കാവുന്നതുമാണ്. ഒരാൾ റമദാനിൽ കാരണമുള്ളതിനാൽ നോമ്പ് ഉപേക്ഷിച്ചു. അതേ പകലിൽ ആ കാരണം നീങ്ങുകയും ചെയ്താൽ അവൻ നോമ്പുള്ളവനെ പോലെ കഴിയേണ്ടതാണ്.റമദാനിൻെറ പകലിൽ അമുസ്‌ലിം ഇസ്‌ലാം സ്വീകരിച്ചു അല്ലെങ്കിൽ ആർത്തവകാരി ശുദ്ധിയായി അല്ലെങ്കിൽ രോഗി സുഖം പ്രാപിച്ചു അല്ലെങ്കിൽ യാത്രക്കാരൻ നാട്ടിലെത്തി. അല്ലെങ്കിൽ കുട്ടിക്ക് പ്രായപൂർത്തിയായി അല്ലെങ്കിൽ ഭ്രാന്തൻ ബുദ്ധിയുള്ളവനായി എങ്കിൽ നോമ്പെ ടുക്കാതിരുന്ന ഇവർക്ക് ഖദാഅ് വീട്ടൽ നിർബ്ബന്ധമാണ്. അന്നെ ദിനം ബാക്കി സമയം നോമ്പെടുത്താലും ശരി. റമദാൻ നോമ്പ് ഉപേക്ഷിക്കാൻ അനുവാദമുള്ളവന് മററൊരാളെകൊണ്ട് പകരം നോമ്പടുപ്പിക്കാവതല്ല.

**സുന്നത്ത് നോമ്പുകൾ:** അതിൽ ശ്രേഷ്ടമായത് ഒന്നിടവിട്ട ദിനങ്ങൾ നോമ്പനു ഷ്ഠിക്കലാണ് പിന്നീട് ആഴ്ചയിൽ തിങ്കളും വ്യാഴവും മാസത്തിൽ മൂന്ന് ദിവസവും നോമ്പെടുക്കുകയാണ്. എല്ലാ അറബി മാസത്തിലെയും 12,13,14 എന്നീ ദിനങ്ങ ളാണ് അതിനേററവും ശ്രേഷ്ടമായത്. മുഹർറം ശഅ്ബാൻ എന്നീ മാസങ്ങളിൽ കൂടുതൽ ദിവസങ്ങൾ വ്രതമെടുക്കൽ സുന്നത്താണ്. ആശൂറാഉം, അറഫ ദിനവും ശവ്വാലിൽ ആറ് ദിനങ്ങളും നോമ്പെടുക്കൽ പ്രത്യേകം സുന്നത്താണ്. റജബ് മാസം മാത്രമായോ വെള്ളിയാഴ്ചയോ ശനിയാഴ്ചയോ മാത്രമായോ നോമ്പെ ടുക്കുന്നത് വെറുക്കപ്പെട്ടതാണ്. ശഅ്ബാൻ മുപ്പതാണോ റമദാൻ ഒന്നാണോ എന്ന് സംശയിക്കപ്പെടുന്ന ദിനം നോമ്പെടുക്കലും വെറുക്കപ്പെട്ടതാണ്. രണ്ട് പെരു ന്നാൾ ദിനങ്ങളും തശ്‌രീഖിൻെറ (ദുൽഹജ്ജ് 11,12,13) ദിനങ്ങളും വ്രതമനുഷ് ഠിക്കൽ നിഷിദ്ധമാണ്. തമത്തുഅ്യോ ഖിറാനായോ ഹജ്ജ് ചെയ്യുന്നവർക്ക് പ്രായശ്ചിതമായ വ്രതം അതിൽ അനുഷ്ഠിക്കാവുന്നതാണ്.

**ഉണർത്തൽ:**

✸ആർത്തവകാരിയോ പ്രസവാശുദ്ധിയുള്ളവളോ സുബഹിക്ക് മുമ്പ് ശുദ്ധിയായി അല്ലെങ്കിൽ ജനാബത്ത് പോലെ വലയിയ അശുദ്ധിയുണ്ടായി എന്നാൽ അവർക്ക് കുളിച്ചു ശുദ്ധി വരുത്തൽ സുബ്ഹി ബാങ്കിൻെറ ശേഷം വരെ പിന്തിക്കുന്നത് അനുവദനീയമാണ്. അത് നോമ്പിൻെറ സാധുതയെ ബാധിക്കില്ല. അത്താഴം മുന്തിക്കലും അപ്രകാരമാണ്.

✸സ്ത്രീക്ക് റമദാൻ വ്രതമെടുക്കാൻ വേണ്ടി മരുന്ന് കൊണ്ട് ഉപദ്രവം വരില്ലെ ങ്കിൽ ആർത്തവം തടയാവുന്നതാണ്.

✸ഉമിനീർ ഉള്ളിലുള്ള കഫം എന്നിവ ഇറക്കാവുന്നതാണ്.

✸നബി ﷺ പറഞ്ഞു : എൻെറ സമുദായം നോമ്പ് ധൃതിയിൽ തുറക്കുകയും അ ത്താഴം പിന്തിക്കുകയും ചെയ്യുവോളം നന്മയിലായിരിക്കുന്നതാണ്. (അഹ്മദ്) നബി ﷺ പറഞ്ഞു: ജനങ്ങൾ നോമ്പ് ധൃതിയിൽ തുറക്കുന്ന കാലത്തോളം ഈ മതം വിജയിച്ചുകൊണ്ടേയിരിക്കും. ക്രിസ്ത്യാനികളും ജൂതരും അത് പിന്തിക്കുന്നവരാണ്. (അബൂദാവൂദ്)

✸നോമ്പ് തുറക്കുമ്പോൾ പ്രാർത്ഥിക്കൽ അഭികാമ്യമാണ്. നബി ﷺ പറഞ്ഞു: നിശ്ചയം നോമ്പുകാരന് നോമ്പ് തുറക്കുമ്പോൾ തിരസ്കരിക്കപ്പെടാത്ത

പ്രാർത്ഥനയുണ്ട്. (ഇബ്നുമാജ) അതിൽ പെട്ടതാണ്-

**ذَهَبَ الظَّمَأُ ، وَابْتَلَّتِ الْعُرُوقُ ، وَثَبَتَ الْأَجْرُ إِنْ شَاءَ اللهُ** ദാഹം ശമിച്ചു. ഞരമ്പുകൾ നനഞ്ഞു. അല്ലാഹു ഇച്ഛിച്ചെങ്കിൽ പ്രതിഫലം ലഭിക്കുകയും ചെയ്യും. (അബൂദാവൂദ്)

✷തുറക്കുന്നത് ഈത്തപ്പഴം കൊണ്ടായിരിക്കൽ സുന്നത്താണ്. അതില്ലെങ്കിൽ കാരക്ക കൊണ്ടും അതുമില്ലെങ്കിൽ വെള്ളം കൊണ്ടും സുന്നത്താണ്.

✷സുറുമയിടുന്നതും കണ്ണിലോ മൂക്കിലോ ഉററിക്കുന്നതും നോമ്പുകാരൻ ഉപേക്ഷിക്കുകയാണ് വേണ്ടത്. അത് സംബന്ധമായ അഭിപ്രായവ്യത്യാസത്തിൽ നിന്നുള്ള മോചനത്തിന് അതാണ് നല്ലത്. ചികിത്സാവശ്യാർത്ഥം അത് ചെയ്യേണ്ടി വന്നാൽ അതിന് വിരോധമില്ല. അപ്പോൾ മരുന്നിൻെറ രുചി തൊണ്ടയിലെത്തിയാലും ആ നോമ്പ് സാധുവാകുന്നതാണ്. നോമ്പുകാരന് ഏത് സമയത്തും ദന്തശുദ്ധി വരുത്താവുന്നതാണ്. അത് കറാഹത്താകുന്ന സമയമില്ലെന്നതാണ് ശരി.

✷നോമ്പുകാരൻ പരദൂഷണം, ഏഷണി, കളവ് തുടങ്ങിയവ വർജ്ജിക്കൽ നിർബ്ബന്ധമാണ്. അവനെ ആരെങ്കിലും ചീത്തവിളിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്താൽ അവൻ നോമ്പുകാരനാണെന്ന് പറയണം.നബിﷺപറഞ്ഞു: വ്യാജവാക്കും തെററായ പ്രവൃത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ ഭക്ഷണവും പാനീയ വും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് ഒരാവശ്യവുമില്ല. (അഹ്മദ്)

✷നോമ്പുകാരനെ ഭക്ഷണത്തിന് ക്ഷണിച്ചാൽ അവൻ ആതിഥേയർക്ക് വേണ്ടി പ്രാർത്ഥിക്കകയും നോമ്പില്ലാത്തവനാണെങ്കിൽ ഭക്ഷിക്കുകയും ചെയ്യൽ സുന്നത്താണ്.

✷ ലൈലത്തുൽ ഖദ്റാണ് വർഷത്തിൽ ഏററവും ശ്രേഷ്ടമായ രാത്രി. അത് റമദാൻ അവസാത്തെ പത്തിലാണ്. അതിൽ പ്രബലമായത് ഇരുപത്തിയേഴാണ്. ഖദ്റിൻെറ രാത്രിയിൽ ചെയ്യുന്ന കർമ്മത്തിന് ആയിരം രാത്രി ചെയ്യുന്നതിനേ ക്കാൾ മഹത്വമാണ്. അതിൻെറ അടയാളങ്ങളിൽ പെട്ടതാണ് പ്രഭാതസൂര്യൻ വെളുത്ത് അധികം പ്രകാശമില്ലാതെയാവുക. അന്തരീക്ഷം സുഖകരമായതാവുക. ചിലർക്ക് അത് അറിയാൻ സാധിക്കാതെ വന്നേക്കാം. അതിനാൽ പ്രധാനം റമ ദാനിൽ പ്രത്യേകിച്ചും അതിൻെറ അവസാനത്തിൽ ആരാധനകളിൽ മുഴുകലാണ്. അതിലെ ഒരു രാത്രിയിലെയും തറാവീഹ് നമസ്കാരം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. അത് ജമാഅത്തായി നമസ്കരിക്കുന്നവൻ ഇമാമോടൊപ്പം പൂർണ്ണ മായും അതിൽ പങ്കെടുക്കണം. എങ്കിൽ ആ രാത്രി മുഴുവൻ നമസ്കരിച്ചത് രേഖ പ്പെടുത്തുന്നതാണ്.

✷ സുന്നത്ത് നോമ്പെടുക്കുന്നവന് അത് പൂർത്തിയാക്കൽ നിർബ്ബന്ധമില്ല. അത് സുന്നത്താണ്. മനപൂർവ്വം അത് മുറിക്കുന്നതിൽ പ്രശ്നമൊന്നുമില്ല അത് ഖദാഅ് വീട്ടേണ്ടതുമില്ല.

**ഇഅ്തികാഫ്:** ആരാധനയിൽ മുഴുകി പള്ളിയിൽ കഴിയലാണത്. അതിന് വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയുണ്ടായിരിക്കൽ നിബന്ധനയാണ്. ഭക്ഷണം, വിസർജ്ജനം, നിർബ്ബന്ധമായ കുളി തുടങ്ങിയ അത്യാവശ്യത്തിനല്ലാതെ പള്ളിയിൽ നിന്ന് പുറത്ത് പോകരുത്. ആവശ്യമില്ലാതെ പുറത്ത് പോകുന്നത് കൊണ്ടും സംയോഗം ചെയ്താലും അത് അസാധുവകുന്നതാണ്. അത് എല്ലാ കാലത്തും സുന്നത്താണ്. റമദാനിൽ സുപ്രധാനവുമാണ്. അതേററവും ശക്തമാവുന്നത് അവസാന പത്തിലാണ്. ചുരുങ്ങിയത് ഒരു മണിക്കൂറെങ്കിലും വേണം. ഒരു ദിവസത്തേക്കാൾ കുറയാതിരിക്കലാണ് അഭികാമ്യം. ഭാര്യക്ക് അതിന് ഭർത്താവിൻെറ അനുവാദം വേണം. ആരാധനകളിൽ മുഴുകിയും അനുവദനീയമായ കാര്യങ്ങൾ വർദ്ധിപ്പിക്കാതെയും അത്യാവശ്യമല്ലാത്തത് വർജ്ജിച്ചും കൊണ്ട് കഴിയുകയും ചെയ്യണം.

# ഹജ്ജും ഉംറയും

**ആയുഷ്കാലത്തിൽ ഒരു തവണ** ഹജ്ജും ഉംറയും ചെയ്യൽ നിർബ്ബന്ധമാണ്. അത് നിർബ്ബന്ധമാകാനുള്ള നിബന്ധനകൾ: 1- മുസ്ലിമാവുക 2- ബുദ്ധിയുണ്ടാവുക 3- പ്രായപൂർത്തിയാവുക 4- സ്വതന്ത്രനായിരിക്കുക 5- യാത്രക്ക് ആവശ്യമായ പാഥേയം, വാഹനം തുടങ്ങിയവക്ക് കഴിവുണ്ടാവുക 6- സ്ത്രീക്ക് ഭർത്താവോ വിവാഹബന്ധം നിഷിദ്ധമായ മഹ്റമോ കൂടെയുണ്ടാകണം. അവരില്ലെങ്കിൽ അവളുടെ ഹജ്ജ് സാധുവാകുമെങ്കിലും അവൾ തെററുകാരിയാകുന്നതാണ്. ഒരാൾ മരണപ്പെടുന്നത് വരെ അത് ചെയ്യാതെ വീഴ്ചവരുത്തിയാൽ അയാളുടെ സ്വത്തിൽ നിന്ന് ചെലവഴിച്ചുകൊണ്ട് അത് നിർവ്വഹിക്കപ്പെടണം. അത് അമുസ്ലിമിൽ നിന്നോ ഭ്രാന്തനിൽ നിന്നോ സാധുവാകയില്ല. കുട്ടിയുടെ ഹജ്ജ് സാധുവാകും. എന്നാൽ അത് നിർബ്ബന്ധമായ ഹജ്ജിന് മതിയാവുകയില്ല. ദരിദ്രൻ കടം വാങ്ങിക്കൊണ്ട് ഹജ്ജ് ചെയ്താൽ സാധുവാകുന്നതാണ്. തനിക്ക് നിർബ്ബന്ധമായ ഹജ്ജ് നിർവ്വഹിക്കാത്ത ഒരാൾ മറെറാരാൾക്ക് വേണ്ടി പകരം അത് ചെയ്താൽ അത് സ്വന്തത്തിൻെറതായിത്തീരുന്നതാണ്. അത് പകരമാവില്ല.

**ഇഹ്റാം:** ഇഹ്റാം ഉദ്ദേശിക്കുന്നവൻ കുളിച്ചു വൃത്തിയാവുക. സുഗന്ധം പൂശുക. ശരീരാകൃതിയിൽ തുന്നിയ വസ്ത്രം ധരിക്കാതെ വെളുത്ത വൃത്തിയുള്ള ഒരു തുണിയും മേൽമുണ്ടും (പുരുഷൻ) ധരിക്കുക. **"ലബ്ബൈകല്ലാഹുമ്മ ഉംറത്തൻ"** എന്നോ **"ലബ്ബൈകല്ലാഹുമ്മ ഹജ്ജൻ"** എന്നോ **"ലബ്ബൈകല്ലാഹുമ്മ ഹജ്ജൻ വഉംറത്തൻ"** എന്നോ പറഞ്ഞുകൊണ്ട് ഇഹ്റാം ചെയ്യുക. വല്ല തടസ്സവും നേരിട്ടേക്കുമെന്ന് ഭയപ്പെട്ടാൽ അവൻ ഇങ്ങനെ പറയണം: **"അല്ലാഹുവെ, വല്ല തടസ്സവും നേരിട്ടാൽ അവിടെ വെച്ച് ഞാൻ ഇതിൽ നിന്ന് വിരമിക്കുന്നതാണ്."**

**മൂന്ന് രൂപത്തിൽ ഹജ്ജ് ചെയ്യാവുന്നതാണ്:** 1- **തമത്തുഅ്:** ഹജ്ജിൻെറ മാസത്തിൽ ഉംറ ചെയ്ത് വിരമിക്കുകയും പിന്നീട് അതേ കൊല്ലം ഹജ്ജ് നിർവ്വഹിക്കുകയും ചെയ്യുക. ഇതാണ് ഏററവും ശ്രേഷ്ടമായത്. 2- **ഇഫ്റാദ്:** അത് ഹജ്ജ് മാത്രം നിർവ്വഹിക്കുകയാണ്. 3- **ഖിറാൻ:** അത് ഹജ്ജിനും ഉംറക്കും ഒരുമിച്ച് ഇഹ്റാം ചെയ്യലാണ്. അല്ലെങ്കിൽ ഉംറക്ക് ഇഹ്റാം ചെയ്ത ശേഷം അതിൻെറ ത്വവാഫിൽ പ്രവേശിക്കുന്നതിന് മുമ്പ് അതിലേക്ക് ഹജ്ജ് കൂടി പ്രവേശിപ്പിക്കുക.

ഹാജി വാഹനത്തിൽ കയറിയാൽ ഇപ്രകാരം തൽബിയത് ചെല്ലിക്കൊണ്ടിരിക്കുക.

**لَبَّيْكَ اللهُمَّ لَبَّيْكَ، لَبَّيْكَ لا شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ، وَالنِّعْمَةَ، لَكَ وَالْمُلْكَ، لا شَرِيكَ لَكَ.**

(അല്ലാഹുവേ, നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു. നിൻെറ വിളി കേട്ടെത്തിയിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിൻെറ വിളിക്കിതാ ഞാനുത്തരം ചെയ്തിരിക്കുന്നു. നിശ്ചയം സർവ്വ സ്തുതിയും അനുഗ്രഹവും നിനക്കാണ്. രാജാധിപത്യവും നിനക്ക് തന്നെയാണ്. നിനക്ക് ഒരു പങ്കാളിയുമില്ല.) അത് വർദ്ധിപ്പിക്കുന്നതും ഉച്ചത്തിലാക്കുന്നതും അഭിലഷണീയമാണ്. എന്നാൽ സ്ത്രീകൾ അത് ഉച്ചത്തിലാക്കേണ്ടതില്ല.

**ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ:** 1- മുടികളയുക 2- നഖം വെട്ടുക 3- പുരുഷന്മാർ തുന്നിയ വസ്ത്രം ധരിക്കുക. അരയുടുപ്പ് ലഭിക്കാത്തവന് പാൻറും ചെരിപ്പില്ലാത്തവന് ഷൂസും ധരിക്കാവുന്നതാണ്. അതിന് വേണ്ടി പ്രായശ്ചിത്തമില്ല. 4- പുരുഷൻ തല മറക്കുക. 5- ദേഹത്തും വസ്ത്രത്തിലും സുഗന്ധം പൂശുക. 6- വേട്ടയെ കൊല്ലുക. അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭക്ഷിക്കൽ അനുവദനീയമായ വന്യജീവിയാണ്. 8-ഗുഹ്യസ്ഥാനമല്ലാത്തതിൽ വികാരത്തോടെയുള്ള ബന്ധം. അതിനുള്ള പ്രായശ്ചിത്തം ഒരു ആടിനെ ബലിയറുക്കുക അല്ലെങ്കിൽ മൂന്ന് ദിനം നോമ്പെടുക്കുക. അല്ലെങ്കിൽ ആറ് അഗതികൾക്ക് ഭക്ഷണം കൊടുക്കുക എന്നതാണ്. 9- ഗുഹ്യസ്ഥാനത്ത് സംയോഗം നടത്തുക. അത് ഒന്നാമത്തെ വിരമിക്കലി

ന് മുമ്പാണെങ്കിൽ ഹജ്ജ് നഷ്ടപ്പെടും. എന്നാൽ അത് പൂർത്തിയാക്കൽ നിർബ്ബന്ധമാണ്. അടുത്ത കൊല്ലം അത് ഖദാഅ് വീട്ടുകയും വേണം. പുറമെ ഒരൊട്ടകത്തെ അറുത്ത് മക്കയിലെ ദരിദ്രർക്ക് ദാനം ചെയ്യുകയും വേണം. സംയോഗം ഒന്നാമത്തെ വിരമിക്കലിന് ശേഷമാണെങ്കിൽ ഹജ്ജ് നഷ്ടപ്പെടുകയില്ല. എന്നാൽ ഒട്ടകത്തെ അറുക്കൽ നിർബ്ബന്ധമാണ്.

ഉംറ ചെയ്യുന്നവൻ സംയോഗം ചെയ്താൽ അത് നഷ്ടപ്പെടുന്നതാണ്. അത് ഖദാഅ് വീട്ടുകയും ഒരാടിനെ ബലിയറുക്കുകയും ചെയ്യൽ നിർബ്ബന്ധമാണ്. ഹജ്ജും ഉംറയും സംയോഗമല്ലാത്തത് കൊണ്ട് നഷ്ടപ്പെടുകയില്ല. ഈ കാര്യങ്ങളിൽ സ്ത്രീ പുരുഷനെ പോലെയാണ്. എന്നാൽ തുന്നിയ വസ്ത്രം അവൾക്ക് ധരിക്കാം. മുഖാവരണം, കയ്യുറ എന്നിവ അവൾ ധരിക്കാവതല്ല.

**പ്രായശ്ചിത്തം:** അത് രണ്ട് വിധമാണ്. 1- തെരെഞ്ഞടുക്കാൻ സ്വാതന്ത്ര്യമുള്ളത്. മുടികളയുക,നഖം വെട്ടുക,തല മറക്കുക, സുഗന്ധം പൂശുക, തുന്നിയ വസ്ത്രം ധരിക്കുക എന്നിവക്കുള്ള പ്രായശ്ചിത്തമാണത്. അതിനായി മൂന്ന് ദിവസം നോമ്പെടുക്കുക അല്ലെങ്കിൽ ഒരു അഗതിക്ക് ഒന്നര കി.ഗ്രാം വീതം ആറ് അഗതികൾക്ക് ഭക്ഷണം കൊടുക്കുക. അല്ലെങ്കിൽ ഒരാടിനെ അറുത്ത് ദാനം ചെയ്യുക എന്നീ മൂന്നെണ്ണത്തിൽ ഏതെങ്കിലുമൊന്ന് തെരഞ്ഞെടുക്കാവുന്നതാണ്. വേട്ടക്കുള്ള പ്രായശ്ചിത്തം കന്നുകാലികളിൽ അതിന് തുല്യമായതുണ്ടെങ്കിൽ അത് കൊടുക്കണം തുല്ല്യമായതില്ലെങ്കിൽ അതിൻെറ വില നൽകണം. 2- ക്രമമനുസരിച്ച് ചെയ്യേണ്ടതാണ്. അത് തമത്തുഅ്യും ഖിറാനായും ചെയ്യുന്നവർക്കുള്ള പ്രായശ്ചിത്തമായ ആടും, സംയോഗത്തിനുള്ള പ്രായശ്ചിത്തമായ ഒട്ടകവുമാണ്. അത് ലഭ്യമല്ലെങ്കിൽ ഹജ്ജ് കാലത്ത് മൂന്നും നാട്ടിൽ വെച്ച് ഏഴും നോമ്പെടുക്കണം. ഹദ്‌യും ഭക്ഷ്യദാനവും മക്കാഹറമിലെ ദരിദ്രർക്കുള്ളതാണ്.

**മക്കയിലേക്കുള്ള പ്രവേശനം:** മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുമ്പോൾ പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള ദിക്റുകൾ ചൊല്ലേണ്ടതാണ്. ശേഷം തമത്തുഅ്യി ചെയ്യുന്നവൻ ഉംറയുടെ ത്വവാഫ് ചെയ്യണം. ഇഫ്റാദോ ഖിറാനോ ആയി ചെയ്യുന്നവൻ ഖുദൂമിൻെറ ത്വവാഫ് ചെയ്യണം. അപ്പോൾ ഇടത് ചുമൽ മറച്ചുകൊണ്ടും വലതു ചുമൽ വെളിവാകുന്ന രീതിയിൽ അതിൻെറ താഴെയായി കൊണ്ടും മേൽമുണ്ട് പുരുഷൻ ധരിക്കണം. ഹജറുൽ അസ്‌വദ് ചുംബിക്കുകയോ, തൊട്ട്മുത്തുകയോ, അല്ലെങ്കിൽ അതിലേക്ക് കൈ കൊണ്ട് സൂചിപ്പിക്കുകയോ ചെയ്തു കൊണ്ട് ത്വവാഫ് ആരംഭിക്കുക. അപ്പോൾ 'ബിസ്മില്ലാഹി വല്ലാഹു അക്ബർ' എന്ന് പറയുക. ഇത് എല്ലാ ചുററലിലും ചെയ്യേണ്ടതാണ്. അങ്ങനെ കഅ്ബ ഇടത് ഭാഗത്തായിക്കൊണ്ട് ഏഴ് തവണ ചുററുക. അതിൽ ആദ്യത്തെ മൂന്ന് ചുററലിൽ കാലടുപ്പിച്ച് വെച്ച് അല്പം വേഗത്തിൽ (റംല്) നടക്കുക. ബാക്കിയുള്ള ചുററലിൽ നടക്കുകയും ചെയ്യുക. 'റുക്നുൽ യമാനി' എന്ന മൂല എത്തുമ്പോൾ സാധിക്കുമെങ്കിൽ അത് സ്പർശിക്കുക. അതിൻെറയും ഹജറുൽ അസ്‌വദിൻെറയും ഇടയിലെത്തുമ്പോൾ ഇങ്ങനെ പറയുക: **رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ** **"ഞങ്ങളുടെ നാഥാ ദുൻയാവിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ. പരലോകത്തും ഞങ്ങൾക്ക് നീ നന്മ നൽകേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ."**. ത്വവാഫിന് ശേഷം ഇബ്റാഹീം മഖാമിൻെറ പിൻഭാഗത്ത് വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കുക. അതിൽ ഒന്നാമത്തേതിൽ കാഫിറൂനയും രണ്ടാമത്തേതിൽ ഇഖ്ലാസും ഓതുക. ശേഷം സംസം വെള്ളം ധാരാളം കുടിക്കുക.പിന്നീട് വീണ്ടും ഹജറുൽ അസ്‌വിദി ൽ ചെന്ന് തൊട്ട് മുത്തുകയും അതിൻെറയും വാതിലിൻെറയും ഇടക്കുള്ള ഭാഗത്ത് (മുൽതസം)

വെച്ച് പ്രാർത്ഥിക്കുകയും ചെയ്യുക. പിന്നീട് സ്വഫയിലേക്ക് പോവുക. അതിൽ കയറുകയും അല്ലാഹു തുടങ്ങിയത് കൊണ്ട് തുടങ്ങുന്നു എന്ന് പറഞ്ഞ് ഈ ആയത്തോതുകയും ചെയ്യുക. ( إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلَا جُنَاحَ عَلَيْهِ أَنْ يَطَّوَّفَ بِهِمَا وَمَنْ تَطَوَّعَ خَيْرًا فَإِنَّ اللَّهَ شَاكِرٌ عَلِيمٌ )

(നിശ്ചയം സഫായും മർവയും അല്ലാഹു മതചിഹ്നങ്ങളായി നിശ്ചയിച്ചതിൽ പെട്ടതാണ്. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുററമൊന്നുമില്ല. ആരെ ങ്കിലും സൽകർമ്മം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു) (2:158) അതിന് ശേഷം സഫ യിൽ കഅ്ബ കാണാവുന്നത്ര കയറി ഖിബ്ലക്കു നേരെ തിരിഞ്ഞുനിന്ന് അല്ലാഹു വിനെ ഏകനാക്കുക (ലാഇലാഹ ഇല്ലല്ലാഹു) യും, തക്ബീർ ചൊല്ലുകയും ചെ യ്യുക. ശേഷം ഇപ്രകാരം പറയുക: لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لَا إِلَهَ إِلَّا اللهُ وَحْدَهُ أَنْجَزَ وَعْدَهُ ، وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ

(അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനു മാണ്. രാജാധിപത്യം അവനാണ്. സർവ്വ സ്തുതിയും അവനാണ്. അവൻ സർവ്വ ശക്തനാണ്. അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ മാത്ര മാണ്. തന്റെ വാഗ്ദത്തം അവൻ പാലിച്ചു. തന്റെ ദാസനെ അവൻ സഹാ യിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.) ഇങ്ങനെ തക്ബീറും തഹ്ലീലും ചൊല്ലുക. ഖിബ്ലയിലേക്ക് തിരിഞ്ഞു കൈകളുയർത്തി പ്രാർത്ഥി ക്കുക. ശേഷം അതിൽ നിന്നിറങ്ങി പച്ച സ്തൂപം വരെ നടക്കുക. അവിടെ നിന്ന് അടുത്ത തൂണ് വരെ ഓടുക. അത് മുതൽ മർവ വരെ നടക്കുക. സ്വഫയിൽ ചെയ്തത് പോലെ ഇവിടെയും ചെയ്യുക. മർവയിൽ നിന്നിറങ്ങി സ്വഫയിലേക്ക് പോവുക. ആദ്യത്തേതിലേത് പോലെ ഓരോന്നിലും ചെയ്തു കൊണ്ട് ഏഴാ മത്തെ പ്രാവശ്യം മർവയിൽ പൂർത്തിയാക്കുക. പിന്നീട് തലമുടി കളയുകയോ വെട്ടുകയോ ചെയ്യുക. കളയുകയാണ് കൂടുതൽ ശ്രേഷ്ടം. തമത്തു ആയി ചെയ്യു ന്നവന് ഉടനെ ഹജ്ജിന് മുടിയുക്കേണ്ടതിനാൽ വെട്ടലാണ് നല്ലത്. ഇഫ്റാദോ ഖിറാനോ ആയി ചെയ്യുന്നവൻ വിരമിക്കുന്നത് ഖുദൂമിന്റെ ത്വവാഫിന് ശേഷമല്ല. പ്രത്യുത അവൻ പെരുന്നാളിൽ ജംറത്തുൽ അഖബയിൽ കല്ലെറിഞ്ഞ ശേഷമാണ്. ഇക്കാര്യങ്ങളിലെല്ലാം സ്ത്രീ പുരുഷനെ പോലെയാണ്. ത്വവാഫിലെ റംലും സഅ് യിലെ ഓട്ടവും അവൾക്കില്ല.

**ഹജ്ജിന്റെ രൂപം:** ദുഹജ്ജ് എട്ടിന് (തർവിയ്യ ദിനം) മക്കയിൽ അവൻ താമ സിക്കുന്നിടത്ത് വെച്ച് ഹജ്ജിന് വേണ്ടി ഇഹ്റാം ചെയ്യുക. ഇത് ചെയ്യേണ്ടത് നേരത്തെ ഹജ്ജിന് ഇഹ്റാമിൽ പ്രവേശിക്കാത്തവരാണ്. എട്ടിന് രാത്രി മിനയിൽ താമസിക്കുക. ഒമ്പതിന് സൂര്യൻ ഉദിച്ച ശേഷം അറഫയിലേക്ക് പോവുക. അവിടെ വെച്ച് ദുഹ്റും അസ്വ്റും കൂട്ടിയും ചുരുക്കിയും നമസ്കരിക്കുക. അറഫയിലെ 'ഇർന' താഴ്വര ഒഴികെയുള്ള ഏത് സ്ഥലത്തും നിൽക്കാവുന്നതാണ്. അവിടെ വെച്ച് ഇത് വർദ്ധിപ്പിച്ച് ചൊല്ലുക

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ലാഇലാഹ ഇല്ലല്ലാഹു... പ്രാർത്ഥനയിലും പശ്ചാതാപത്തിലുമായി മുഴുകുക. അന്നെ ദിനം സൂര്യൻ അസ്തമിച്ചാൽ ശാന്തരായി തൽബിയ്യത്ത് ചൊല്ലിക്കൊണ്ട് മുസ്ദലിഫത്തയിലേക്കു പുറപ്പെടുക. മുസ്ദലിഫയിൽ എത്തിയാൽ അവിടെ വെച്ച് മഅ്രിബും ഇശാഉം ചുരുക്കിയും ചേർത്തും നമസ്കരിക്കുക. അന്ന് രാത്രി അവിടെ താമസിക്കുക. സുബ്ഹി നമസ്കാര ശേഷം പ്രഭാതം നല്ല പോലെ വെളുക്കുവോളം അവിടെ വെച്ച് പ്രാർത്ഥിക്കുക. അവിടെ നിന്ന് സൂര്യോദയത്തിന്

മുമ്പായി മിനയിലേക്ക് പുറപ്പെടുക. വാദി മുഹസ്സറിലെത്തിയാൽ വളരെ വേഗത്തിൽ പോവുക. മിനയിൽ എത്തിയാൽ കടലമണിയോളം വലിപ്പമുള്ള കല്ലുകൾ കൊണ്ട് ജംറത്തുൽ അഖബയിൽ ഏഴ് തവണ എറിയുക. ഓരോ കല്ലെറിയുമ്പോഴും തക്ബീർ ചൊല്ലുക. കല്ല് തടത്തിൽ വീഴണം. സ്തൂപത്തിന് എറിയേണ്ട ആവശ്യമില്ല. ഏറ് തുടങ്ങുന്നതോടെ തൽബിയ്യത്ത് അവസാനിച്ചു. പിന്നീട് ബലി അറുക്കുകയും ശേഷം മുടിയെടുക്കുകയും ചെയ്യുക. മുടികളയലാണ് ശ്രേഷ്ടം. ഇങ്ങനെ എറിഞ്ഞാൽ സംയോഗമ ല്ലാത്ത നിഷിദ്ധ മായിരുന്ന കാര്യങ്ങൾ അനുവദനീയമാകുന്നതാണ്. ഇതോടെ ഹജ്ജിൽ നിന്നുള്ള ഒന്നാമത്തെ വിരാമമായി. പിന്നീട് മക്കയിൽ പോയി ഹജ്ജിൻെറ നിർബ്ബന്ധ ത്വവാഫ് ചെയ്യുക. തമത്തുആക്കിയവനും അല്ലെങ്കിൽ ഖുദൂമിൻെറ ത്വവാഫിനോടൊപ്പം സഅ്യ് ചെയ്യാത്തവനും സഅ്യ് ചെയ്യുക. സഅ്യും കൂടി നിർവ്വഹിച്ചാൽ സംയോഗവും അനുവദനീയമാണ്. ഇതോടെ രണ്ടാമത്തെ വിരമിക്കലായി. പിന്നീട് മിനയിലേക്ക് തരിച്ചുപോവുകയും നിർബ്ബന്ധമായും രാത്രിയിൽ അവിടെ താസിക്കുകയും വേണം. ശേഷം മൂന്ന് ദിനങ്ങളിൽ ഉച്ചക്ക് ശേഷം ജംറകളിൽ എറിയണം. അതിൻെറ രൂപം: ആദ്യം ഒന്നാമത്തെ ജംറയിൽ ഏഴ് കല്ലെറിയുക. അവിടെ നിന്നൽപം മാറി നിന്ന് പ്രാർത്ഥിക്കുക. ശേഷം ജംറത്തുൽ വുസ്ത്വയിൽ ചെന്ന് ഏഴ് തവണ കല്ലെറിയുകയും പ്രാർത്ഥിക്കുകയും ചെയ്യുക. ശേഷം ജംറത്തുൽ അഖബിൽ ചെന്ന് ഏഴ് പ്രാവശ്യം കല്ലെറിയുക. എന്നാൽ അവിടെ പ്രാർത്ഥനയില്ല. പിന്നീട് അപ്രകാരം രണ്ടാം ദിവസവും ചെയ്യുക. ദുൽഹജ്ജ് പന്ത്രണ്ടിന് എറിഞ്ഞ ശേഷം മതിയാക്കി പോവാൻ ഉദ്ദേശിക്കുന്നവർ അന്ന് മഅ്രിബിന് മുമ്പെ അവിടെ നിന്ന് പുറപ്പെടേണ്ടതാണ്. പന്ത്രണ്ടിന് സൂര്യാസ്തമനത്തിന് ശേഷം മിനയിൽ തങ്ങുന്നവർ അന്ന് അവിടെ താമസിക്കേണ്ടതും പതിമൂന്നിന് എറിയേണ്ടതുമാണ്. എന്നാൽ പന്ത്രണ്ടിന് പുറപ്പെ ടാൻ തിരുമാനിച്ചെങ്കിലും തിരക്ക് കാരണമായി പുറപ്പെട്ടത് മഅ്രിബിന് ശേഷമായാൽ പ്രശ്നമില്ല. ഇഫ്റാദായോ ഖിറാനായോ നിർവ്വഹിക്കുന്നവർ തുല്ല്യരാണെങ്കിലും ഖിറാനാക്കിയവന് ബലി നിർബ്ബന്ധമാണ്. തമത്തുആയി ചെയ്യുന്നവനും ബലി നിർ ബ്ബന്ധമാണ്. നാട്ടിലേക്ക് പോകുമ്പോൾ വിടവാങ്ങൽ തവ്വാഫ് ചെയ്യൽ നിർബ്ബ ന്ധമാണ്. എന്നാൽ ഇത് ആർത്തവകാരിക്കും പ്രസവാശുദ്ധിയുള്ളവൾക്കും ബാധക മല്ല. ഈ ത്വവാഫിന് ശേഷം കച്ചവടവും മററുമായി മക്കയിൽ തങ്ങിയാൽ വീണ്ടും വിടവാങ്ങൽ ത്വവാഫ് ചെയ്യേണ്ടതാണ്. ഇത് ചെയ്യാതെ പുറപ്പെട്ടാൽ മക്കയുടെ അടുത്താണെങ്കിൽ തിരിച്ചുവന്ന് അത് നിർവ്വഹിക്കണം. അവൻ വിദൂരത്താണെങ്കിൽ പ്രായശ്ചിത്തമായ ബലിയറുക്കണം.

**ഹജ്ജിൻെറ റുക്നുകൾ: 4** ആകുന്നു. 1- ഹജ്ജിൽ പ്രവേശിക്കുന്നു എന്ന് ഉദ്ദേ ശിച്ചുകൊണ്ട് ഇഹ്റാം ചെയ്യുക 2- അറഫയിൽ നിൽക്കുക. 3- ഹജ്ജിൻെറ ത്വ വാഫുൽ ഇഫാദ ചെയ്യുക 4- ഹജ്ജിൻെറ സഅ്യ് ചെയ്യുക.

**ഹജ്ജിൻെറ വാജിബാത്തുകൾ:** 1- ഇഹ്റാം ചെയ്യുന്നത് മീഖാത്തിൽ വെച്ചായിരിക്കു ക 2-അറഫയിൽ മഗ്രിബ് വരെയും നിൽക്കുക. 3- മുസ്ദലിഫയിൽ അർദ്ധരാത്രി കഴിയും വരെ നിൽക്കുക. 4- തശ്രീഖിൻെറ രാത്രികളിൽ മിനയിൽ താമസിക്കുക 5- ജംറകളിൽ എറിയുക. 6- മുടി കളയുക അല്ലെങ്കിൽ വെട്ടുക. 7- വിടവാങ്ങൽ ത്വവാഫ് ചെയ്യുക.

**ഉംറയുടെ റുക്നുകൾ: 3** ആകുന്നു. 1- ഇഹ്റാം ചെയ്യുക 2- ഉംറയുടെ ത്വവാ ഫ് ചെയ്യുക 3- ഉംറയുടെ സഅ്യ് ചെയ്യുക.

**ഉംറയുടെ വാജിബാത്തുകൾ രണ്ട്:** 1- മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യുക. 2- മുടി കളയുകയോ വെട്ടുകയോ ചെയ്യുക.

✸ ആരെങ്കിലും റുക്നുകളിൽ വല്ലതും ഉപേക്ഷിച്ചാൽ അത് ചെയ്യാതെ ആ കർമ്മം സാധുവാകയില്ല. വല്ല വാജിബും ഉപേക്ഷിച്ചാൽ അത് ബലികൊണ്ട് പരി ഹരിക്കപ്പെടുന്നതാണ്. സുന്നത്ത് ഉപേക്ഷിച്ചാൽ പ്രശ്നമൊന്നുമില്ല.

**കഅ്ബയെ ത്വവാഫ് ചെയ്യുന്നത് സാധുവാകാനുള്ള നിബന്ധനകൾ:** 13 ആകുന്നു. 1- മുസ്ലിമാകണം 2- ബുദ്ധിയുണ്ടാവുക 3- നിയ്യത്ത് 4- ത്വവാഫിൻെറ സമയമാവുക 5- ഔറത്ത് (നഗ്നത) മറക്കുക 6- കുട്ടികളല്ലാത്തവർ ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവുക 7- അത് ഏഴ് പ്രാവശ്യം ചെയ്തുവെന്ന് ഉറപ്പുവരുത്തുക 8- കഅ്ബയെ ഇടത് ഭാഗത്താക്കിക്കൊണ്ട് അത് ചെയ്യുക അതിൽ അബദ്ധം വന്നത് മടക്കിചെയ്യേണ്ടതാണ് 9- തിരിച്ച് നടക്കാതിരിക്കുക. 10- കഴിവുള്ളവൻ നടക്കുക 11- തുടർച്ചയായി ചെയ്യുക 12- ചെയ്യുന്നത് മസ്ജിദുൽ ഹറാമിനുള്ളിലാവുക 13- ഹജറുൽ അസ്‌വദിൽ നിന്ന് തുടങ്ങുക.

**ത്വവാഫിൻെറ സുന്നത്തുകൾ:** ഹജറുൽ അസ്‌വദിനെ തൊടുക, അത് ചുംബിക്കുക, അവിടെ വെച്ച് തക്ബീർ ചൊല്ലുക, റുക്നുൽ യമാനി സ്പർശിക്കുക. ഇദ്ത്വിബാഅ് (ഇടത് ചുമൽ മറച്ചുകൊണ്ടും വലതു ചുമൽ വെളിവാകുന്ന രീതിയിൽ അതിൻെറ താഴെയായി കൊണ്ടും മേൽമുണ്ട് ധരിക്കുക.) ആദ്യത്തെ മൂന്ന് ചുററലിൽ കാലടുപ്പിച്ച് വെച്ച് അല്പം വേഗത്തിൽ (റംല്) നടക്കുക. ത്വഫാവിനിടയിൽ ദിക്റുകളും പ്രാർത്ഥനകളും ചെയ്യുക. കഅ്ബയോട് അടുത്തായി ചെയ്യുക ത്വവാഫിന് ശേഷം രണ്ട് റകഅത്ത് നമസ്കരിക്കുക.

**സഅ്യിൻെറ നിബന്ധനകൾ:** 1- മുസ്ലിമാകണം 2- ബുദ്ധിയുണ്ടാവുക 3-നിയ്യ ത്ത്. 4-തുടർച്ചായി ചെയ്യുക. 5- കഴിവുള്ളവൻ നടക്കുക 6- ഏഴ് തവണ പൂർത്തി യാക്കുക 7- സഫയിലും മർവയിലും പൂർത്തിയാക്കി ചെയ്യുക 8- അത് സാധു വായ ത്വവാഫിന് ശേഷമായിരിക്കുക 9- സഫയിൽ നിന്ന് തുടങ്ങുക മർവയിൽ അവസാനിപ്പിക്കുക.

**സഅ്യിൻെറ സുന്നത്തുകൾ:** അശുദ്ധിയിൽ നിന്നും മാലിന്യത്തിൽ നിന്നും ശുദ്ധിയാവുക, നഗ്നത മറക്കുക, അതിനിടയിൽ ദിക്റുകളും പ്രാർത്ഥനകളും ചൊല്ലുക, നടക്കേണ്ടിടത്ത് നടക്കുകയും ഓടേണ്ടിടത്ത് ഓടുകയും ചെയ്യുക, സഫയിലും മർവയിലും കയറുക, ത്വവാഫിൻെറ തുടർച്ചയായി അത് ചെയ്യുക.

**ഉണർത്തൽ:** നിശ്ചിത ദിവസം തന്നെ എറിയലാണ് ശ്രേഷ്ഠം. ഒരു ദിവസത്തെ ഏറ് അടുത്ത ദിവസത്തിലേക്കോ അല്ലെങ്കിൽ ഏറ് മുഴവൻ അവസാന ദിനത്തിലേക്കോ പിന്തിച്ചാൽ അത് മതിയാകുന്നതാണ്.

**ഉദ്ഹിയ്യത്ത്:** അത് പ്രബലാമായ സുന്നത്താണ്. അത് അറുക്കാൻ ഉദ്ദേശിച്ചവൻ ദുൽഹജ്ജായാൽ അറുക്കുന്നത് വരെ മുടിയും നഖവും നീക്കരുത്. **അഖീഖ:** അത് സുന്നത്താണ്. ആൺകുട്ടിക്ക് രണ്ടാടും പെൺകുട്ടിക്ക് ഒരാടുമാണത്. ജനിച്ചു ഏഴാമത്തെ ദിനമാണ് അറുക്കേണ്ടത്. ഏഴിന് മുടി കളയുക, അതിൻെറ തൂക്കത്തിനുള്ള വെള്ളി ദാനം ചെയ്യുക, നല്ല പേരിടുക എന്നിവ സുന്നത്താണ്. അബ്ദുല്ല, അബ്ദുറഹ്മാൻ എന്നിവ നല്ല പേരാണ്. അബ്ദുന്നബിയ്യ് അബ്ദുൽറസൂൽ എന്നിങ്ങനെ അല്ലാഹുവല്ലാത്തവരുടെ അടിമത്വം സൂചിപ്പിക്കുന്ന പേര് നിശ്ചയിക്കുന്നത് നിഷിദ്ധമാണ്. അഖീഖയുടെയും ഉദ്ഹിയ്യത്തിൻെറയും സമയം ഒരുമിച്ച് വന്നാൽ അതിലൊന്ന് മറ്റൊന്നിനു പകരം മതിയാകുന്നതാണ്.

**ഹജ്ജിൻെറ കർമ്മങ്ങളുടെ സംക്ഷിപ്ത രൂപം :**

<table>
<tr><th>ഇനം</th><th>ഇഫ്റാദ്</th><th>ഖിറാൻ</th><th>തമത്തുഅ്</th></tr>
<tr><td>ഇഹ്റാമും തൽബിയത്തും</td><td>ലബ്ബയ്ക ഹജ്ജൻ</td><td>ലബ്ബയ്ക ഉംറതൻ വഹജ്ജൻ</td><td>ൽബ്ബയ്ക ഉംറതൻ മുതമത്തിഅൻ ബിഹാ ഇലൽ ഹജ്ജ്</td></tr>
<tr><td>ശേഷം</td><td>ഖുദൂമിൻെറ ത്വവാഫ്</td><td>ഖുദൂമിൻെ ത്വവാഫ്</td><td>ഉംറയുടെ ത്വവാഫ്</td></tr>
<tr><td>ശേഷം</td><td>ഹജ്ജിൻെറ സഅ്യ്</td><td>ഹജ്ജിൻെറ സഅ്യ്</td><td>ഉംറയുടെ സഅ്യ്</td></tr>
<tr><td>ശേഷം</td><td>ഇഹ്റാമിൽ തുടരുക</td><td>ഇഹ്റാമിൽ തുടരുക</td><td>മുടി വെട്ടുക</td></tr>
<tr><td>8 ന് ദുഹ്റിന് മുമ്പ്</td><td>മിനയിൽ പോവുക</td><td>മിനയിൽ പോവുക</td><td>ഹജ്ജിന് ഇഹ്റാം ചെയ്ത് മിനയിൽ പോവുക</td></tr>
<tr><td>9ന് സൂര്യൻ ഉദിച്ച ശേഷം</td><td colspan="3">അറഫയിൽ പോയി ദുഹ്റും അസ്വറും ചുരുക്കിയും ചേർത്തും മുന്തിച്ചും നിസ്കരിക്കുക. പിന്നെ മഅ്രിബ് വരെ പ്രാർത്ഥനയിൽ മുഴുകുക</td></tr>
<tr><td>അസ്തമിച്ച ശേഷം</td><td colspan="3">മുസ്ദലിഫയിൽ പോയി അർദ്ധ രാത്രി വരെ രാപാർക്കുക. മഅ്രിബും ഇശാഉം ചുരുക്കിയും ചേർത്തും  നിസ്കരിക്കുക. സുബഹിക്ക് ശേഷം വരെ തങ്ങൽ സുന്നത്താണ്.</td></tr>
<tr><td rowspan="4">10 ന് സുബഹിക്ക് ശേഷം</td><td colspan="3">മിനയിൽ പോവുക. ജംറതുൽ അഖബയിൽ കല്ലേറിയുക</td></tr>
<tr><td></td><td>ബലി അറുക്കുക</td><td>ബലി അറുക്കുക</td></tr>
<tr><td colspan="3">മുടി കളയുക, ഹജ്ജിൻെറ ത്വവാഫ് ചെയ്യുക. ഇതിൽ രണ്ടെണ്ണം ചെയ്താൽ ഒന്നാമത്തെ വിരാമവും മൂന്നും ചെയ്താൽ രണ്ടാമത്തെ വിരാമവുമായി.</td></tr>
<tr><td></td><td></td><td>ഹജ്ജിൻെറ സഅ്യ്</td></tr>
<tr><td>11,12,13</td><td colspan="3">സുഗ്റാ ,വുസ്താ, കുബ്റാ എന്നീ ജംറകളിൽ ഉച്ചക്ക് ശേഷം കല്ലേറിയുക.</td></tr>
<tr><td>നാട്ടിലേക്ക് പോകുമ്പോൾ</td><td colspan="3">വിട വാങ്ങൽ ത്വവാഫ് ചെയ്യുക. ആർത്തമുള്ളവൾക്കും പ്രസവ രക്തമുള്ള വൾക്കും ഇത് നിർബ്ബന്ധമമില്ല.</td></tr>
</table>

# ഗുണ പാഠങ്ങൾ

✸**തിന്മ:** നിഷ്കളങ്കമായി പശ്ചാത്തപിക്കുക, പാപമോചനം തേടുക, നല്ലകാര്യങ്ങൾ ചെയ്യുക, വിപത്തുകൾ കൊണ്ട് പരീക്ഷിക്കപ്പെടുക, ദാനം കൊടുക്കുക, അപരൻെറ പ്രാർത്ഥന ലഭിക്കുക എന്നിവ കൊണ്ട് തിന്മകൾ പൊറുക്കപ്പെടുന്നതും മായിക്കപ്പെടുന്നതുമാണ്. പാപം അവശേഷിക്കുകയും അല്ലാഹു പൊറുത്ത് കൊടുക്കാതിരിക്കുകയുമാണെങ്കിൽ അതിൽ നിന്ന് ശുദ്ധിയാകുന്നത് വരെ ഖബ്റിലോ അന്ത്യനാളിലോ നരകത്തിലോ വെച്ച് ശിക്ഷിക്കപ്പെടുന്നതാണ്. തൗഹീദിലായി മരിച്ചവരെ പിന്നീട് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. ബഹുദൈവാരാധനയിലും അവിശ്വാസത്തിലുമായി മരിച്ചവർക്ക് ശാശ്വത നരകവുമായിരിക്കും.

**പാപങ്ങൾ:** മനഷ്യരിലുണ്ടാക്കുന്ന ദുഷ്ഫലങ്ങൾ ധാരാളമാണ്. അത് മനസ്സിൽ ഏകാന്തതയും അന്ധകാരവും നിന്ദ്യതയും രോഗവുമുണ്ടാക്കുന്നു. അല്ലാഹുവിൽ നിന്ന് തടയുകയും ചെയ്യുന്നു. അത് അപ്രകാരം അവൻെറ മതജീവിതത്തിലും പ്രതിഫലനങ്ങൾ ഉണ്ടാക്കുകയും പുണ്യങ്ങളെ തടയുകയും നബി ﷺ യുടെയും സത്യവിശ്വാസികളുടെയും മലക്കുകളുടെയും പ്രാർത്ഥനകൾ അവന് നിഷേധിക്കുകയും ചെയ്യും. അത് അവന് ഉപജീവനം തടയുകയും അനുഗ്രഹം നീക്കുകയും സാമ്പത്തികാഭിവൃദ്ധിയെ ഇല്ലാതാക്കുകയും ചെയ്യുന്നു. ആയുസ്സിൻെറ ഗുണം നഷ്ടപ്പെടുകയും ജീവിതത്തിൽ പ്രയാസങ്ങൾ വരുത്തുകയും കാര്യങ്ങൾ ഞെരുക്കമുള്ളതാക്കുകയും ചെയ്തുകൊണ്ട് വ്യക്തികളിലും അതിൻെറ നാശമുണ്ടാകുന്നു. സമൂഹത്തിൽ നിർഭയത്വം ഇല്ലാതാവുക, വില വർദ്ധിക്കുക, അക്രമികൾ അധിനിവേശം നടത്തുക, മഴ ലഭിക്കാതിരിക്കുക എന്നിവ സമൂഹത്തെ ബാധിക്കുന്ന ദോഷ ഫലങ്ങളാണ്. ഇതിന് പുറമെ കർമ്മങ്ങളുടെ സ്വീകാര്യതയെയും അത് തടയുന്നതാണ്.

✸**പ്രയോജനകരം:** ഇബ്നുൽജൗസി റഹിമഹുല്ലാഹ് പറഞ്ഞു: ശിക്ഷിക്കപ്പെടുന്നവൻ അത് ശിക്ഷയാണെന്ന് മനസ്സിലാക്കാതിരിക്കുന്നതാണ് ഏററവും ഗുരുതരം. അതിനേക്കാൾ ഗൗരവമുള്ളത് ശിക്ഷ കൊണ്ട് സന്തോഷിക്കുന്നതാണ്. നിഷിദ്ധമായ സമ്പാദ്യം കൊണ്ട് സന്തോഷിക്കുന്നതും തെററ് ചെയ്യാൻ സൗകര്യം ലഭിച്ചതിൽ സന്തോഷിക്കലും അതിൽപെട്ടതാണ്.

✸**ദു:ഖങ്ങൾ:** മനസ്സിൻെറ ആശ്വാസവും സന്തോഷവും സമാധാനവും ആഗ്രഹിക്കാത്തവരായി ആരുമില്ല. അത് നേടുന്നതിലൂടെയാണല്ലോ ജീവിതത്തിൻെറ നന്മ. എന്നാൽ അതിന് മതപരവും പ്രകൃതിപരവും കർമ്മപരവുമായ ചില മാർഗ്ഗങ്ങളുണ്ട്. അതെല്ലാം സത്യവിശ്വാസിക്ക് മാത്രമെ ലഭിക്കുകയുള്ളൂ. അതിൽ പെട്ടതാണ്. 1- അല്ലാഹുവിലുള്ള വിശ്വാസം. 2- കൽപിക്കപ്പെട്ടത് ചെയ്യുകയും വിരോധിക്കപ്പെട്ടത് ഉപേക്ഷിക്കുകയും ചെയ്യുക. 3- വാക്കും പ്രവർത്തിയും മററും കൊണ്ട് സൃഷ്ടികൾക്ക് നന്മ ചെയ്യുക 4- മതത്തിലോ ഭൗതിക കാര്യത്തിലോ ഉപകരിക്കുന്ന വിജ്ഞാനത്തിലോ പ്രവർത്തനങ്ങളിലോ നിരതനാവുക. 5- ഭൂതകാലത്തെയോ ഭാവിയെയോ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കാതിരിക്കുക. പ്രത്യുത വർത്തമാന കാലത്തെ പ്രവർത്തനങ്ങൾ ചെയ്യുക. 6- അല്ലാഹുവിനെ ഓർക്കുന്ന ദിക്റുകൾ വർദ്ധിപ്പിക്കുക. 7- അല്ലാഹുവിൻെറ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ പറയുക. 8- ഭൗതിക നേട്ടങ്ങളിൽ തന്നെക്കാൾ താഴെയുള്ളവരെ കുറിച്ച് ചിന്തിക്കുക. 9- ദു:ഖത്തിൻെറ കാരണങ്ങൾ ഇല്ലാതാക്കാനും സന്തോഷമുണ്ടാക്കുന്ന കാര്യങ്ങൾ കൈവരിക്കാനും ശ്രമിക്കുക. 10- നബി ﷺ പഠിപ്പിച്ചത് പോലെയുള്ള പ്രാർത്ഥനകൾ മുഖേന അല്ലാഹുവിൽ അഭയം തേടുക.

✸**പ്രയോജനകരം:** ഇബ്നഹീമുൽ ഖവ്വാസ് പറഞ്ഞു: മാനസിക രോഗത്തിനുള്ള ചികിത്സ

അഞ്ചാണ്. ഖുർആൻ ചിന്തിച്ചു പാരായണം ചെയ്യുക, വയർ നിറക്കാ തിരിക്കുക, രാത്രി നമസ്കാരം നിർവ്വഹിക്കുക, അത്താഴ സമയത്ത് പ്രാർത്ഥിക്കുക, സജ്ജനങ്ങളോടൊപ്പം ഇരിക്കുക എന്നിവയാണ്.

✸**വിവാഹം**: വ്യഭിചരിച്ചേക്കുമെന്ന് ഭയമില്ലാത്ത ലൈംഗിക വികാരമുള്ള ഏതൊരാൾക്കും വിവാഹം സുന്നത്താണ്. അത് വികാരമില്ലാത്തവന് അനുവദനീയമാണ്. വ്യഭിചരിച്ചേക്കുമെന്ന് ഭയമുള്ളവന് അത് നിർബ്ബന്ധമാണ്. അതിന് നിർബ്ബന്ധമായ ഹജ്ജിനേക്കാൾ പ്രാധാന്യമുണ്ട്. സ്ത്രീയെ നോക്കൽ നിഷിദ്ധമാണ്. കൗമാര പ്രായമുള്ള ആൺകുട്ടിയെയും മുതിർന്ന സ്ത്രീയെയും വികാരത്തോടെ നോക്കലും അവരുമായി തനിച്ചാകലും വികാരം തോന്നുന്ന മൃഗത്തെ നോക്കലും നിഷിദ്ധമാണ്.

✸**വിവാഹകർമ്മം സാധുവാകാനുള്ള നിബന്ധനകൾ**: 1- വധൂവരന്മാർ നിർണ്ണയിക്കപ്പെടണം. അതിനാൽ ഒന്നിലധികം പെൺമക്കളുള്ള രക്ഷിതാവ് എന്റെ പെൺകുട്ടികളിലൊരാളെ നിനക്ക് ഞാൻ വിവാഹം ചെയ്തു തന്നു എന്ന് പറഞ്ഞാൽ മതിയാവുകയില്ല. 2-വിവേകവും മതശാസനകൾ ബാധ്യസ്ഥനുമായ വരനും ബുദ്ധിമതിയും സ്വതന്ത്രയുമായ വധുവും അത് തൃപ്തിപ്പെടണം. 3-രക്ഷാധികാരിയുണ്ടാകണം.അതിനാൽ സ്ത്രീ സ്വയം അവളെ വിവാഹം ചെയ്താൽ സാധുവാകയില്ല.അനുയോജ്യമായ വരന് വിവാഹം ചെയ്തുകൊടുക്കാൻ രക്ഷാധികാരി വിസമ്മതിക്കുന്നില്ലെങ്കിൽ അവളുടെ രക്ഷാധികാരിയല്ലാത്തവർക്ക് അവളെ വിവാഹം ചെയ്തുകൊടുക്കാവതല്ല. പിതാവ് ശേഷം പിതാമഹൻ, പിന്നെ മകൻ, ശേഷം മകന്റെ മകൻ, പിന്നെ മാതാവും പിതാവും യോജിച്ച സഹോദരൻ, പിന്നെ മാതാവൊത്ത സഹോദരൻ, പിന്നെ സഹോദരന്റെ പുത്രൻ .. .. എന്നിവരാണ് രക്ഷാധികാരികൾ. 4- സാക്ഷി. പ്രായപൂർത്തിയും ബുദ്ധിയുമുള്ള നീതിമാന്മാരായ രണ്ട് പുരുഷന്മാർ അതിന് സാക്ഷിയാകണം. 5- വിവാഹത്തിന് രക്തബന്ധം, മുലകുടിബന്ധം, വിവാഹബന്ധം എന്നീ തടസ്സങ്ങൾ ഇല്ലാതിരിക്കണം.

✸**വിവാഹബന്ധം നിഷിദ്ധമായവർ**: 1-സ്ഥിരമായി നിഷിദ്ധമായവർ: അവർ വിവിധ വിഭാഗങ്ങളുണ്ട് 1- തറവാട് ബന്ധം കൊണ്ട് നിഷിദ്ധമായവർ മാതാവ്, മാതാ മഹികൾ, മകൾ, മകന്റെ മകൾ, മകളുടെ മകൾ അവർ എത്ര താഴെ തലത്തിലായാലും ശരി. എല്ലാ തലത്തിലുമുള്ള സഹോദരിമാർ, സഹോദരിയുടെ മകൾ, സഹോദരിയുടെ മകന്റെയോ മകളുടെയോ പുത്രിമാർ, എല്ലാ തലത്തിലുമുള്ള സഹോദരന്റെ മകൾ, അവരുടെ പുത്രിമാർ, അവരുടെ ആൺമക്കളുടെ പുത്രിമാർ, പെൺമക്കളുടെ പുത്രിമാർ, മാതൃസഹോദരിമാർ, പിതൃസഹോദരിമാർ അവർ മേലെ തലത്തിലുള്ളവരായാലും. 2- മുലകുടി ബന്ധം കൊണ്ട് നിഷിദ്ധമായവർ അവർ തറവാട് കൊണ്ട് നിഷിദ്ധമായവരെ പോലെയാണ്. 3- വിവാഹത്തിലൂടെ നിഷിദ്ധമാകുന്നവർ: ഭാര്യാമാതാവും അവരുടെ മാതാക്കളും, പിതാവിന്റെയും പിതാമഹാന്മാരുടെയും ഭാര്യമാർ, ആൺമക്കളുടെ ഭാര്യമാർ, ഭാര്യയുടെ പുത്രിമാർ, അവർ എത്ര താഴോട്ട് വന്നാലും ശരി. 2- നിശ്ചിത കാലം നിഷിദ്ധമാകുന്നവർ: അവർ രണ്ട് വിഭാഗമുണ്ട് 1- രണ്ട് സഹോദരിമാരെ ഒരേ സമയത്ത് ഭാര്യമാരാക്കുന്നത് പോലെ ഒരുമിച്ചുകൂട്ടുന്നത് കൊണ്ട് നിഷിദ്ധമാകുന്നവർ. 2- മററൊരാളുടെ ഭാര്യയെ ആ വിവാഹബന്ധം വേർപ്പെട്ടു ഇദ്ദ കഴിയും വരെ നിഷിദ്ധമാകുന്നത് പോലെ നീങ്ങാവുന്ന കാരണമുള്ളവൾ.

✸**പ്രയോജനകരം**: താൽപര്യമില്ലാത്തവളെ വിവാഹം ചെയ്യാൻ വേണ്ടി മകനെ നിർബ്ബന്ധിക്കാൻ പിതാവിന് അവകാശമില്ല. അതിൽ അനുസരിക്കേണ്ടതുമില്ല. അത് കൊണ്ട് പിതാവിനെ ധിക്കരിച്ചവനാവുകയുമില്ല. ഭാര്യക്ക് ചെലവ് കൊടു

ക്കൽ ഭർത്താവിൻെറ കടമയാണ്. ഭക്ഷണം,വസ്ത്രം, പാർപ്പിടം തുടങ്ങിയ അവൾക്ക് ആവശ്യമുള്ളത് മാന്യമായി അവൻ നൽകണം.

**✸വിവാഹ മോചനം:** ആർത്തവമോ പ്രസവാശുദ്ധിയോ ഉള്ളപ്പോൾ വിവാഹ മോചനം ചെയ്യുന്നത് നിഷിദ്ധമാണ്. ലൈഗിക ബന്ധം നടന്ന ശുദ്ധി കാല ത്തും അത് ചെയ്യുന്നത് നിഷിദ്ധമാണ്. എന്നാൽ അത് ചെയ്താൽ വിവാഹമോ ചനം സംഭവിക്കുന്നതുമാണ്. ആവശ്യമില്ലാതെ അത് ചെയ്യുന്നത് വെറുക്കപ്പെട്ട താണ്. ആവശ്യമായി വന്നാൽ അതനുവദനീയമാണ്. വിവാഹം കൊണ്ട് ബുദ്ധി മുട്ടുന്നവന് അത് ചെയ്യൽ അഭികാമ്യമായേക്കും. വിവാഹമോചന കാര്യത്തിൽ മാതാപിതാക്കളെ അനുസരിക്കൽ നിർബ്ബന്ധമില്ല. വിവാഹമോചനം ഉദ്ദേശിക്കു ന്നവൻ ഒരു ത്വലാഖിനേക്കാൾ കൂടുതൽ ചെയ്യുന്നത് നിഷിദ്ധമാണ്. ത്വലാഖ് ചെയ്യുന്നത് സംയോഗം നടക്കാത്ത ശുദ്ധികാലത്തായിരിക്കണം. അതിനാൽ ഒരു ത്വലാഖ് ചൊല്ലുകയും ഇദ്ദ കഴിയുവേളം കാത്തിരിക്കുകയും വേണം. അത്തര ത്തിൽ തിരിച്ചെടുക്കാവുന്ന ത്വലാഖ് ചെയ്യപ്പെട്ടവൾക്ക് ഇദ്ദ കഴിയുന്നതിന് മുമ്പ് വീട്ടിൽ നിന്ന് പുറത്ത് പോകലും അവളെ പുറത്താക്കലും നിഷിദ്ധമാണ്. ത്വലാഖ് മനസ്സിൽ കരുതിയതുകൊണ്ട് മാത്രം സംഭവിക്കുകയില്ല പ്രത്യുത അതുച്ചരിക്കണം.

**✸സത്യം ചെയ്യൽ:** സത്യം ചെയ്താൽ പ്രായശ്ചിത്തം ചെയ്യൽ നിർബ്ബന്ധമാണ്. അതിന് നാല് നിബന്ധനകളുണ്ട് 1- സത്യം ചെയ്യുന്നത് ഉദ്ദേശ പൂർവ്വമാകണം. അപ്പോൾ മന:പൂർവ്വമല്ലാതെ നാവുകൊണ്ട് പറഞ്ഞുപോയാൽ അത് സത്യമായി പരിഗണിക്കുകയില്ല. അല്ലാഹുവാണെ എന്നോ, അല്ലാഹു സത്യം എന്നോ സംസാര ത്തിനിടയിൽ വന്നുപോകുന്നത് സത്യമല്ല. 2- അത് ചെയ്യുന്നത് ഭാവിയിൽ സംഭ വിക്കുന്ന ഒരു കാര്യത്തിനായിരിക്കണം. അപ്പോൾ കഴിഞ്ഞ ഒരു കാര്യത്തിൽ അറിവി ല്ലാതെയോ അല്ലെങ്കിൽ താൻ സത്യമാണ് പറയുന്നതെന്ന വിചാരത്താലോ അല്ലെ ങ്കിൽ അറിഞ്ഞുകൊണ്ട് കളവ് പറയുന്നവനായോ ചെയ്യുന്നതിലും, അല്ലെങ്കിൽ താൻ സത്യമാണ് പറയുന്നതെന്ന വിചാരത്താൽ സംഭവിക്കാവുന്ന കാര്യത്തിൽ സത്യം ചെയ്യുകയും അതിന് വിപരീതം വ്യക്തമാവുകയും ചെയ്യുന്നതിലും പ്രായശ്ചിത്തം പരിഗണിക്കപ്പെടുകയില്ല. 3- അത് ചെയ്യുന്നത് സേച്ഛയനുസരി ച്ചാകണം. ആരുടെയും നിർബ്ബന്ധത്തിന് വേണ്ടിയാകരുത്. 4- ഉപേക്ഷിക്കുമെന്ന് സത്യം ചെയ്ത കാര്യം പ്രവർത്തിക്കുകയോ പ്രവർത്തിക്കുമെന്ന് സത്യം ചെയ്ത കാര്യം ഉപേക്ഷിക്കുകയോ ചെയ്ത് കൊണ്ട് അത് ലംഘിക്കലാണ്. ഒരാൾ സത്യം ചെയ്തപ്പോൾ "അല്ലാഹു ഉദ്ദേശിച്ചാൽ" എന്ന് കൂടി ചേർത്ത് പറഞ്ഞാൽ പ്രായശ്ചിത്തം നിർബ്ബന്ധമില്ല. അതിന് രണ്ട് നിബന്ധനയുണ്ട്. 1- അത് സത്യ ത്തോട് ചേർത്ത് പറഞ്ഞിരിക്കണം 2- സത്യവുമായി അതിനെ ബന്ധിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കണം ഉദാ: അല്ലാഹുവണെ സത്യം, അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് ചേർത്ത് പറയുന്നത് പോലെ. ഒരാൾ സത്യം ചെയ്തു. അതിനെതിര് ചെയ്യുന്ന തിൽ നന്മയുണ്ടാവുകയും ചെയ്താൽ ആ സത്യത്തിൽ നിന്ന് പിന്മാറുകയും പ്രായശ്ചിത്തം ചെയ്യുകയും ഉത്തമമായത് പ്രവർത്തിക്കുകയും വേണം. അതാണ് സുന്നത്ത്.

**✸സത്യത്തിൻെറ പ്രായശ്ചിത്തം:** പത്ത് അഗതികളിൽ ഓരോരുത്തർക്ക് അര 'സ്വാ അ്' (ഒന്നര കി. ഗ്രാം) വീതം ഭക്ഷണം കൊടുക്കുക, അല്ലെങ്കിൽ അവർക്ക് വസ്ത്രം കൊടുക്കുക. അല്ലെങ്കിൽ അടിമയെ മോചിപ്പിക്കുക, അത് ലഭ്യമല്ലെങ്കിൽ മൂന്ന് ദിനം തുടർച്ചയായി നോമ്പെടുക്കുക. ഭക്ഷണമോ വസ്ത്രമോ കൊടുക്കാൻ കഴിവുണ്ടാ യിരിക്കെ വ്രതമനുഷ്ടിച്ചാൽ ഉത്തരവാദിത്വം ഒഴിവാകുകയില്ല. പ്രായശ്ചിത്തം ചെയ്യു ന്നത് സത്യത്തിൽ നിന്ന് പിന്മാറുന്നതിന് മുമ്പോ ശേഷമോ ആകാവുന്നതാണ്. ഒരേ

കാര്യത്തിൽ ഒന്നിലധികം തവണ സത്യം ചെയ്താൽ അതിന് ഒരു പ്രായശ്ചിത്തം മതിയാകുന്നതാണ്. സത്യം ചെയ്ത കാര്യങ്ങൾ വ്യത്യസ്തമാണെങ്കിൽ തദനുസൃതമായ എണ്ണം പ്രായശ്ചിത്തം ചെയ്യണം.

✸**നേർച്ച:** അത് വിവിധയിനങ്ങളുണ്ട് 1- നിരുപാധികം (ഉദാ: എന്റെ രോഗം സുഖപ്പെടുകയാണെങ്കിൽ അല്ലാഹുവിന് എന്റെ മേൽ നേർച്ചയുണ്ട്) എന്ന് ഒരാൾ പറയുക. അവൻ അത് ഇന്നതാണെന്ന് നിർണ്ണയിച്ചുകൊണ്ട് പറയുകയോ കരുതുകയോ ചെയ്യാതിരിക്കുയും ചെയ്യുക. ഇത്തരം നേർച്ചയിൽ രോഗശമനമുണ്ടായാൽ സത്യത്തിനുള്ള പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. 2- ഒരു കാര്യം ചെയ്യാനോ അല്ലെങ്കിൽ ചെയ്യാതിരിക്കാനോ ഉദ്ദേശിച്ചുകൊണ്ട് ഉപാധി വെച്ചുള്ള നേർച്ച. ഇത് കോപിക്കപ്പെട്ടതാണ്. (ഉദാ: ഞാൻ നിന്നോട് സംസാരിച്ചാൽ ഒരു വർഷത്തെ നോമ്പ് എന്റെ മേൽ നേർച്ചയുണ്ട് എന്ന് പറയുക). അവൻ നേർച്ച പൂർത്തിയാക്കുകയോ അല്ലെങ്കിൽ സംസാരിച്ച് കൊണ്ട് സത്യത്തിനുള്ള പ്രായശ്ചിത്തം ചെയ്യുകയുയോ തെരഞ്ഞെടുക്കാം. 3- അനുവദനീയമായ നേർച്ച. (ഉദാ: വസ്ത്രം ധരിക്കൽ എന്റെ മേൽ അല്ലാഹുവിനോട് നേർച്ചയാക്കിയിക്കുന്നു. എന്ന് പറയുക). അവന് വസ്ത്രം ധരിക്കുകയോ അല്ലെങ്കിൽ സത്യത്തിനുള്ള പ്രായശ്ചിത്തം ചെയ്യുകയോ തെരഞ്ഞെടുക്കാം. 4- വെറുക്കപ്പെട്ടത്: (ഉദാ: എന്റെ ഭാര്യയെ ത്വലാഖ് ചൊല്ലാൻ അല്ലാഹുവിനോട് ഞാൻ നേർച്ചയാക്കിയിരിക്കുന്നു എന്ന് പറയുക). ഇതിൽ സത്യത്തിനുള്ള പ്രായശ്ചിത്തം ചെയ്യുകയും നേർച്ച നടപ്പിലാക്കാതിരിക്കുകയുമാണ് സുന്നത്ത്. അവൻ ത്വലാഖ് ചെയ്താൽ കുററക്കാരനാകുന്നതാണ്. അപ്പോൾ അവന് പ്രായശ്ചിത്തമില്ല. 5- കുററകരമായത്: ( ഉദാ: മോഷണം ചെയ്യാൻ ഞാൻ നേർച്ചയാക്കിയരിക്കുന്നു എന്ന് പറയുക). അത് നടപ്പിലാക്കൽ നിഷിദ്ധമാണ്. സത്യത്തിനുള്ള പ്രായശ്ചിത്തം ചെയ്യുകയും വേണം. ആ നേർച്ച നടപ്പിലാക്കിയാൽ അവൻ കുററക്കാരനാകും. അപ്പോൾ അവന് പ്രായശ്ചിത്തമില്ല. 6- പുണ്യകരമായത്: (ഉദാ: അല്ലാഹുവിനോടുള്ള സാമീപ്യം ഉദ്ദേശിച്ച് കൊണ്ട് ഇന്ന നമസ്കാരം നിർവ്വഹിക്കുമെന്ന് ഞാൻ നേർച്ചയാക്കുന്നു എന്ന് പറയുക). രോഗശമനം പോലെയുള്ളതുമായി അതിനെ ബന്ധിപ്പിച്ചാൽ ആ കാര്യം സാധിച്ചാൽ നേർച്ച പൂർത്തിയാക്കൽ നിർബ്ബന്ധമാണ്. അങ്ങനെ ഉപാധി വെച്ചില്ലെങ്കിൽ നിരുപാധികം അത് പൂർത്തിയാക്കേണ്ടതാണ്.

✸**മുലകുടി ബന്ധം:** തറവാട് ബന്ധം കൊണ്ട് നിഷിധ്ധമാകുന്നത് മുലകുടി ബ ന്ധം കൊണ്ടും നിഷിദ്ധമാകുന്നതാണ്. അതിന് മൂന്ന് നിബന്ധനകളുണ്ട്. 1- മുലപ്പാല് പ്രസവിച്ചത് കൊണ്ടുണ്ടായതാകണം. 2- അത് കുടിക്കുന്നത് പ്രസവിച്ച് രണ്ട് വയസ്സ് തികയുന്നതിന് മുമ്പുള്ള കുട്ടിയാകണം 3- അഞ്ചോ അതിലധികമോ പ്രാവശ്യം കുടിക്കണം. ഒരു തവണയെന്നാൽ കുട്ടിയുടെ വിശപ്പടങ്ങലല്ല, പ്രത്യുത മുല ഉറുമ്പിക്കുടിച്ച് കുട്ടി മതിയാക്കലാണ്. മുലകുടി ബന്ധം കൊണ്ട് അനന്തരാവകാശമോ ചെലവിന് അർഹതയോ ഉണ്ടാവുകയില്ല.

✸**വസ്വിയ്യത്ത്:** തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ ബാധ്യതകൾ കൊടുക്കാനുള്ള വ്യക്തി തന്റെ മരണാനന്തരം അത് നിർവ്വഹിക്കാൻ വേണ്ടി വസ്വിയ്യത്ത് ചെയ്യൽ നിർബ്ബന്ധമാണ്. ധാരാളം ധനം വിട്ടേച്ചുപോകുന്ന വ്യക്തിക്ക് വസ്വിയ്യത്ത് സുന്നത്താണ്. അവൻ അനന്തരാവകാശം ലഭിക്കാത്ത ബന്ധുക്കളിലെ അഗതികൾക്ക് സമ്പത്തിന്റെ അഞ്ചിലൊന്ന് ദാനം ചെയ്യാൻ വസ്വിയ്യത്ത് ചെയ്യലാണ് അഭികാമ്യം. അല്ലെങ്കിൽ പാവപ്പെട്ടവർ, പണ്ഡിതർ, സദ്വൃത്തർ എന്നിവർക്ക് വേണ്ടി വസ്വിയ്യത്ത് ചെയ്യുക. അനന്തരവകാശികളുള്ള ദരിദ്രൻ വസ്വിയ്യത്ത് ചെയ്യൽ വെറുക്കപ്പെട്ടതാണ്. എന്നാൽ അവകാശികൾ ധനികരാണെങ്കിൽ അത്

അനുവദനീയമാണ്. സമ്പത്തിൻെറ മൂന്നിലൊന്നിനേക്കാൾ അധികം അന്യർക്ക് വസ്വിയ്യത്ത് ചെയ്യൽ നിഷിദ്ധമാക്കപ്പെട്ടതാണ്. അനന്തരാവകാശം ലഭിക്കുന്ന വർക്ക് വസ്വിയ്യത്ത് ചെയ്യൽ അതെത്ര കുറച്ചാണെങ്കിലും നിഷിദ്ധമാക്കപ്പെട്ട താണ്. അയാളുടെ മരണാനന്തരം അവകാശികൾ അത് അംഗീകരിച്ചാൽ മാത്രമെ സാധുവാകുകയുള്ളൂ. വസ്വിയ്യത്തിൽ നിന്ന് ഞാൻ മടങ്ങി എന്നോ അല്ലെങ്കിൽ ഞാൻ അസാധുവാക്കി എന്നോ അല്ലെങ്കിൽ അത് പോലെയുള്ളതോ വസ്വിയ്യത്ത് ചെയ്തവൻ പറഞ്ഞാൽ ആ വസ്വിയ്യത്ത് അസാധുവാകുന്നതാണ്. വസിയ്യത്തിൻെറ ആമുഖം ഇപ്രകാരം എഴുതുന്നത് അഭിലഷണീയമാണ്.

((ബിസ്മില്ലാഹി റഹ്മാനി റഹീം. ഇത് ഇന്ന വ്യക്തി ചെയ്യുന്ന വസ്വിയ്യത്താണ്. അയാൾ ഏകനായ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും അവന് ഒരു പങ്കു കാരില്ലെന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹി ക്കുന്നു. സ്വർഗ്ഗം യാഥാർഥ്യമാണ്. നരകം യാഥാർഥ്യമാണ്. അന്ത്യനാൾ സംഭവി ക്കുമെന്നതിൽ ഒരു സംശയവുമില്ല. മരിച്ചവരെയെല്ലാം അല്ലാഹു പുനർ ജീവിപ്പി ക്കും എന്നും വിശ്വസിക്കുന്നു. എൻെറ കുടുംബത്തിൽ അവശേഷിച്ചവരോട് അല്ലാ ഹുവിനെ സൂക്ഷിക്കാനും അവർക്കിടയിൽ രമ്യതയിൽ കഴിയാനും അല്ലാഹുവിനെ യും റസൂലിനെയും അനുസരിക്കാനും ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു. ഇബ്റാഹീം നബിയും യഅ്ഖൂബ് നബിയും സന്താനങ്ങൾക്ക് നൽകിയ വസ്വിയ്യത്ത് നിങ്ങ ളോട് ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു. ((എൻെറ സന്താനങ്ങളെ അല്ലാഹു നിങ്ങൾ ക്ക് ഈ മതം തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ നിങ്ങൾ മുസ്ലിംകളായികൊ ണ്ടല്ലാതെ മരിക്കരുത്.))

✹**അറവ്:** ജീവികളെ ഭക്ഷിക്കാൻ അറവ് നിർബ്ബന്ധമാണ്. അതിനുള്ള നിബന്ധ നകൾ 1-അത് ഭക്ഷിക്കാൻ അനുവദിക്കപ്പെട്ടതാകണം. 2-അറുക്കാൻ സാധി ക്കുന്നതാകണം 3-അത് കരജീവിയാകണം. അറവിന് നാല് നിബന്ധനകളുണ്ട്. 1- അറുക്കുന്നവൻ ബുദ്ധിയുള്ളവനാകണം 2-പല്ലും നഖവുമല്ലാത്ത ആയുധം കൊണ്ട് അറുക്കണം. അവരണ്ട് കൊണ്ട് അറുക്കൽ അനുവദനീയമല്ല. അന്നനാ ളവും കണ്ഠനാളവും ജീവനാഡികളും മുറിയണം. 4-അറുക്കുമ്പോൾ ബിസ്മി ല്ലാഹി എന്ന് പറയണം. അത് മറന്ന് പോയാൽ പ്രശ്നമില്ല. അത് അനറബിയിൽ പറഞ്ഞാലും മതിയാകുന്നതാണ്. ബിസ്മിയോടൊപ്പം തക്ബീർ ചൊല്ലുന്നത് സുന്നത്താണ്.

✹**വേട്ട:** അതിനുള്ള നിബന്ധനകൾ 1- അത് ഭക്ഷിക്കാൻ അനുവദിക്കപ്പെട്ട ജീവി യാകണം 2- അത് വന്യജീവിയാകണം. 3- അറുക്കാൻ സാധിക്കാത്തതാകണം. അത് ആവശ്യത്തിന് വേണ്ടി പിടിക്കൽ അനുവദിക്കപ്പെടുന്നതാണ്. എന്നാൽ അത് വിനോദ ത്തിനാണെങ്കിൽ വെറുക്കപ്പെട്ടതാണ്. വേട്ട പിടിക്കുന്നതിൻെറ പേരിൽ ജനങ്ങളെ ഉപദ്രവിക്കൽ നിഷിദ്ധമാക്കപ്പെട്ടതാണ്. വേട്ട അനുവദിക്കപ്പെടാൻ നാല് നിബന്ധ നകളുണ്ട്. 1- വേട്ട പിടിക്കുന്നവൻ അറവിന് അനുവാദമുള്ള വ്യ ക്തിയായിരിക്ക ണം. 2- അറവിന് ഉപയോഗിക്കാൻ അനുവദിക്കപ്പെട്ട ആയുധമാകണം. അസ്ത്രം, കുന്തം തുടങ്ങിയ മൂർച്ചയുള്ളതായ ആയുധമാണ് അനുവദിക്കപ്പെട്ടത്. നായ, പരു ന്ത് തുടങ്ങിയവയെ ഉപയോഗിച്ചാണ് വേട്ട പിടിക്കന്നതെങ്കിൽ അവ പഠിപ്പിക്കപ്പെട്ട തായിരിക്കണം. 3- വേട്ടയെ ഉദ്ദേശിച്ച് കൊണ്ട് ആയുധം അയക്കണം. അപ്രകാരം ഉദ്ദേശമില്ലെങ്കിൽ അത് ഭക്ഷിക്കൽ അനുവദനീയമല്ല. 4- ആയുധം അയക്കുമ്പോൾ ബിസ്മി ചൊല്ലണം. ഇവിടെ അത് മറന്നാണെങ്കിലും ഒഴിവാകുകയില്ല. അതിനാൽ ബിസ്മി പറയാത്തത് ഭക്ഷിക്കൽ അനുവദനീയമല്ല.

**ഭക്ഷണം:** അനുവദനീയമാണെന്നതാണ് ഭക്ഷണത്തിൽ അടിസ്ഥാനം. അതിനാൽ മൂന്ന് നിബന്ധനകളുള്ള എല്ലാ ഭക്ഷണവും അനുവദനീയമാണ്. 1- അത് ശുദ്ധിയുള്ളതാകണം. 2- അത് ഉപദ്രവമില്ലാത്തതാകണം. 3- മ്ളേച്ഛമല്ലാത്തതായിരിക്കണം. രക്തം പോലെയുള്ള മലിനമായതും വിഷം പോലെയുള്ള ഉപദ്രവമുള്ളതും കാഷ്ടം, മൂത്രം, പേൻ, ചെള്ള് തുടങ്ങിയവ പോലെ മ്ളേച്ഛമായതും ഭക്ഷിക്കുന്നത് നിഷിദ്ധമാണ്. നാടൻ കഴുത, സിംഹം, നരി, ചെന്നായ, പുലി, നായ, പന്നി, കുരങ്ങ്, പൂച്ച, കുറുക്കൻ തുടങ്ങിയ തേററകൊണ്ട് വേട്ടയാടിപ്പിടിക്കുന്ന മൃഗങ്ങൾ, പരുന്ത്, കഴുകൻ, കാക്ക, പ്രാപിടിയൻ, കൂമൻ തുടങ്ങിയ നഖം കൊണ്ട് വേട്ടയാടിപ്പിടിക്കുന്ന പക്ഷികൾ, കഴുകൻ, പരുന്ത് പോലെയുള്ള ശവം തീനികൾ, വണ്ട്, എലി, ഈച്ച, തേനീച്ച, കടന്നൽ, പാററ, പാമ്പ്, മരംകൊത്തി തുടങ്ങിയ അറബികൾ മ്ളേച്ഛമായി കാണുന്നവ, പുഴു, വണ്ട്, എലി, പല്ലി തുടങ്ങിയ പ്രാണികൾ, തേള് പോലെയുള്ള കൊല്ലാൻ കൽപ്പിക്കപ്പെട്ടത്, ഉറുമ്പ് പോലെ കൊല്ലൽ നിഷിദ്ധമാക്കപ്പെട്ടത്, കഴുതപ്പുലിയിൽ ചെന്നായക്ക് ഉണ്ടായത് പോലെ ഭക്ഷിക്കാൻ അനുവദിക്കപ്പെട്ടതിലും അല്ലാത്തതിലുമായി ജനിച്ചത് എന്നിവയൊക്കെ കരജീവികളിൽ നിന്ന് ഭക്ഷിക്കുന്നത് നിഷിദ്ധമാക്കപ്പെട്ടതാണ്. എന്നാൽ കാട്ടുകഴുതയും കുതിരയും എന്ന പോലെ അനുവദിക്കപ്പെട്ട രണ്ടെണ്ണത്തിൽ നിന്ന് ജനിച്ച കോവർകഴുതയെ പോലെയുള്ളത് നിഷിദ്ധമല്ല. അറബികൾക്ക് അജ്ഞാതമായതും മതം പരാമർശിക്കാത്തതുമായ ജീവികളുടെ വിധി ഹിജാസിലെ ജീവികളുമായി തുലനം ചെയ്ത് മനസ്സിലാക്കേണ്ടതാണ്. അവയുമായി സമാനതയുള്ളതിന് തദനുസൃതമായി അനുവദനീയമെന്നോ നിഷിദ്ധമെന്നോ വിധി നൽകേണ്ടതാണ്. അതിന് അനുവദനീയമായതിനോടും നിഷിദ്ധമായതിനോടും തുല്ല്യതയുണ്ടാവുകയാണെങ്കിൽ നിഷിദ്ധതക്ക് പ്രാമുഖ്യം നൽകേണ്ടതാണ്. മേൽ പറഞ്ഞതല്ലാത്ത കുതിര, മററുകന്നുകാലികൾ, ജിറാഫ്, മുയൽ, ഉടുമ്പ്, മാൻ, കൂരൻ തുടങ്ങിയ വന്യമൃഗങ്ങളും ഒട്ടകപക്ഷി, കോഴി, മയിൽ, പ്രാവ്, മുയൽ, തത്ത, താറാവ്, അരയന്നം തുടങ്ങിയ പക്ഷികളും അനുവദനീയമാണ്. ജലത്തിലെ എല്ലാ പക്ഷികളും ജലജീവികളും അനുവദനീയമാണ്. എന്നാൽ തവള, പാമ്പ്, മുതല അനുവദനീയമല്ല. മാലിന്യം വളമായോ വെള്ളമായോ നൽകപ്പെടുന്ന കാർഷികോൽപന്നങ്ങൾ ഭക്ഷിക്കൽ അനുവദനീയമാണ്. എന്നാൽ അതിൽ മാലിന്യത്തിൻെറ രുചിയോ വാസനയോ പ്രകടമായാൽ അത് നിഷിദ്ധമാകുന്നതാണ്. കരിക്കട്ട, മണ്ണ്, ചെളി തുടങ്ങിയവ ഭക്ഷിക്കൽ നിഷിദ്ധമാണ്. ഉള്ളി, വെളുത്തുള്ളി പോലെ ദുർഗന്ധമുള്ളത് വേവിച്ച ശേഷം ഭക്ഷിക്കാവുന്നതാണ്. വിശന്നുവലഞ്ഞ വ്യക്തിക്ക് ജീവൻ നിലനിർത്താൻ ആവശ്യമായ തോതിൽ നിഷിദ്ധമാക്കപ്പെട്ട ഭക്ഷ്യ പദാർത്ഥങ്ങളിൽ നിന്ന് ആഹരിക്കൽ നിർബ്ബന്ധമാണ്.

അവിശ്വാസികളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതും അതിൽ ആശംസ നേരുന്നതും നിഷിദ്ധമാക്കപ്പെട്ടതാണ്. അവരോട് സലാം പറയലും അപ്രകാരമാണ്. എന്നാൽ അവർ സലാം പറഞ്ഞാൽ വഅലൈക്കും എന്ന് മടക്കേണ്ടതാണ്. അവരെ സമാശ്വസിപ്പിക്കുന്നതും അവരിലെ രോഗിയെ സന്ദർശിക്കുന്നതും മതപരമായ നന്മക്ക് വേണ്ടിയാണെങ്കിൽ അനുവദനീയമാണ്.

# അനുവദിക്കപ്പെട്ട മന്ത്രം

അല്ലാഹു നിശ്ചയിച്ച പ്രാപഞ്ചിക വ്യവസ്ഥകളെ കുറിച്ച് ചിന്തിക്കുന്നവർക്ക് അതിൻെറ ഭാഗമാണ് ജീവിതത്തിലുണ്ടാകുന്ന പരീക്ഷണങ്ങളെന്ന് മനസ്സിക്കാൻ സാധിക്കുന്നതാണ്. അല്ലാഹു പറഞ്ഞു: കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർത്തിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. (2:155) അത്തരം പരീക്ഷണത്തിൽ നിന്ന് സജ്ജനങ്ങളും മോചിതരല്ല. മാത്രമല്ല, അത് അവരുടെ സത്യവിശ്വാസത്തിൻെറ തെളിവും കൂടിയാകുന്നതാണ്. നബി ﷺ യോട് ചോദിക്കപ്പെട്ടു: ജനങ്ങളിലേററവും കഠിനമായ പരീക്ഷിക്കപ്പെടുന്നവർ ആരാണ്?. അവിടുന്ന് പറഞ്ഞു: നബിമാർ, പിന്നെ സദ്വൃത്തർ, പിന്നെ ജനങ്ങളിൽ അവരോട് അടുത്തവർ, അതിനോട് അടുത്തവർ. ഓരോരുത്തരുടെയും മതനിഷ്ഠയനുസരിച്ച് പരീക്ഷിക്കപ്പെടുന്നതാണ്. മതത്തിൽ ദൃഢതയുള്ളൻ കൂടുതൽ പരീക്ഷിക്കപ്പെടും. മതത്തിൽ ദുർബ്ബലതയുള്ളവൻ ലഘുവായും പരീക്ഷിക്കപ്പെടും. (ഇബ്നുമാജഃ) പരീക്ഷണം അല്ലാഹു അടിമയെ തൃപ്തിപ്പെടുന്നതിൻെറ അടയാളമാണ്. നബി ﷺ പറഞ്ഞു: അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷിക്കുന്നതാണ്. (അഹ്മദ്) പരീക്ഷണം അല്ലാഹു അടിമക്ക് നന്മ ഉദ്ദേശിക്കുന്നതിൻെറയും അടയാളമാണ്. നബി ﷺ പറഞ്ഞു: അല്ലാഹു തൻെറ ഒരു അടിമക്ക് നന്മ ഉദ്ദേശിച്ചാൽ അവനുള്ള ശിക്ഷ ഇഹലോകത്ത് വെച്ച് നേരത്തെ നൽകുന്നതാണ്. അല്ലാഹു ഒരാൾക്ക് തിന്മ ഉദ്ദേശിച്ചാൽ അവനുള്ള പാപത്തിനുള്ള ശിക്ഷ പിടിച്ചു വെക്കുകയും എന്നിട്ട് അത് പരലോകത്ത് വെച്ച് പൂർണ്ണമായും നൽകുകയും ചെയ്യുന്നതാണ്. (തുർമദി) പരീക്ഷണം പാപങ്ങൾ പൊറുപ്പിക്കുന്നതുമാണ്. അത് എത്ര കുറഞ്ഞ അളവിലുള്ളതാണെങ്കിലും ശരി. നബി ﷺ പറഞ്ഞു: വല്ല മുസ്ലിമിനെയും മുള്ള് തറക്കുകയോ അതിനേക്കാൾ കൂടുതലുള്ള ഉപദ്രവം ബാധിക്കുകയോ ചെയ്താൽ വൃക്ഷത്തിൻെറ ഇലകൾ കൊഴിയുന്നത് പോലെ അല്ലാഹു അവൻെറ പാപങ്ങൾ പൊറുത്തു കൊടുക്കാതിരിക്കില്ല. (ബുഖാരി) അതിനാൽ സദ്വൃത്തനായ മുസ്ലിമിനുണ്ടാകുന്ന പരീക്ഷണം മുഖേന അവൻെറ പാപങ്ങൾ പൊറുക്കപ്പെടുകയോ അല്ലെങ്കിൽ അവൻെറ പദവി ഉയർത്തപ്പെടുകയോ ചെയ്യുന്നതാണ്. അവൻ പാപിയാണെങ്കിൽ പാപങ്ങൾ പൊറുക്കാനും അതിൻെറ ഗൗരവത്തെ കുറിച്ച് ചിന്തിക്കാനും പരീക്ഷണം ഇടയാക്കുന്നു. അല്ലാഹു പറഞ്ഞു: മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിൻെറ ഫലം അവർക്ക് ആസ്വദിക്കാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കാം. (30:41)

**പരീക്ഷണത്തിൻെറ ഇനങ്ങൾ:** സാമ്പത്തിക ഐശ്വര്യം പോലെയുള്ള നന്മകൾ കൊണ്ടും ഭയം, വിശപ്പ്, സാമ്പത്തിക നഷ്ടം തുടങ്ങിയ തിന്മകൾ കൊണ്ടും പരീക്ഷിക്കപ്പെടുന്നതാണ്. അല്ലാഹു പറഞ്ഞു: ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മനൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ് (21:35) രോഗം, മരണം എന്നിവ കൊണ്ടും പരീക്ഷിക്കപ്പെടും. ഇതിൻെറ പ്രധാന കാരണങ്ങളിൽ പെട്ടതാണ് അസൂയാലുവിൻെറ കണ്ണേറും സിഹ്റും. നബി ﷺ പറഞ്ഞു: അല്ലാഹുവിൻെറ വിധിനിർണ്ണയത്തിന് പുറമെ എൻെറ സമുദായത്തിൽ അധികമാളുകളും മരിക്കുന്നത് കണ്ണേറ് കൊണ്ടാണ്. (ത്വയാലീസി)

**കണ്ണേറിൽ നിന്നും മാരണത്തിൽ നിന്നുമുള്ള രക്ഷാമാർഗ്ഗം:** ചികിത്സയേക്കാൾ നല്ലത് പ്രതിരോധമാണല്ലോ. അതിനുള്ള സുപ്രധാന മാർഗ്ഗങ്ങൾ ഇവിടെ പറയുന്നു.

✸ അല്ലാഹുവാണ് ഈ പ്രപഞ്ചം നിയന്ത്രിക്കുന്നവൻ എന്ന വിശ്വാസവും തൗഹീദും ശക്തിപ്പെടുത്തുക. നല്ല കാര്യങ്ങൾ വർദ്ധിപ്പിക്കുക.
✸ അല്ലാഹുവെ കുറിച്ച് നല്ല വിചാരം പുലർത്തുകയും അവനിൽ ഭരമേൽപ്പിക്കുകയും ചെയ്യുക. അതിനാൽ എന്ത് ബുദ്ധിമുട്ടുണ്ടാകുമ്പോഴും അത് കണ്ണേറാണെന്നും രോഗമാണെന്നും ഊഹിക്കരുത്. കാരണം ആ തോന്നൽ തന്നെ ഒരു മാനസികരോഗമാണ്.
✸ മാരണം ചെയ്യുന്നവനാണെന്നോ കണ്ണേറിൻെറ ആളാണെന്നോ അറിയപ്പെട്ട വ്യക്തിയിൽ നിന്ന് അകന്നു കഴിയുക. അത് ഭയന്നിട്ടല്ല. പ്രത്യുത രക്ഷക്കുള്ള ഒരു കാരണമെന്ന നിലക്കാണ്.
✸ കൗതുകമുള്ള വല്ലതും കണ്ടാൽ അല്ലാഹു നിനക്ക് അനുഗ്രഹം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുക. നബി ﷺ പറഞ്ഞു: നിങ്ങളിലൊരാൾ സ്വദേഹത്തിലോ ധനത്തിലോ തൻെറ സഹോദരനിലോ ഇഷ്ടപ്പെടുന്ന വല്ലതും കണ്ടാൽ അവൻ ബർകത്തിനായി പ്രാർത്ഥിക്കട്ടെ. തീർച്ചയായും കണ്ണേറ് യാഥാർത്ഥമാണ്. (ഹാക്കിം)
✸ മദീനയിലെ 'അജ്വ' എന്ന ഈത്തപ്പഴം ഏഴെണ്ണം പ്രഭാതത്തിൽ തിന്നുന്നത് മാരണത്തിൽ നിന്നും രക്ഷക്കുള്ള മാർഗ്ഗമാണ്.
✸ അല്ലാഹുവിൽ അഭയം തേടുക, ഭരമേൽപ്പിക്കുക, നല്ലവിചാരം പുലർത്തുക, മാരണത്തിൽ നിന്നും കണ്ണേറിൽ നിന്നും അല്ലാഹുവിനോട് കാവൽ ചോദിക്കുക, പ്രഭാതത്തിലും വൈകുന്നേരവും ചൊല്ലേണ്ട ദിക്റുകളും പ്രാർത്ഥനകളും പതിവാക്കുക എന്നിവ ചെയ്യുക. ഈ ദിക്റുകൾക്ക് അല്ലാഹുവിൻെറ അനുമതിയനുസരിച്ച് സ്വാധീനമുണ്ട്. അത് കൂടിയും കുറഞ്ഞുമിരിക്കും. അതിന് രണ്ട് കാരണങ്ങളുണ്ട് 1- അതിൽ വന്നതൊക്കെ സത്യമാണെന്നും അല്ലാഹുവിൻെറ അനുമതി പ്രകാരം അത് ഫലം ചെയ്യുമെന്നും വിശ്വസിക്കണം. 2- അത് മനസ്സാന്നിധ്യത്തോടെ, കേൾക്കുന്ന രീതിയിൽ ഉച്ചരിക്കുകയും ചെയ്യുക. കാരണം അത് പ്രാർത്ഥനകളാണ്. അശ്രദ്ധമായി ചൊല്ലുന്ന പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുകയില്ലെന്ന് നബി ﷺ വ്യക്തമാക്കിയിട്ടുണ്ട്.

**ദിക്റുകളും അഭയത്തിനായുള്ള പ്രാർത്ഥനകളും ചൊല്ലേണ്ട സമയം:** പ്രഭാതത്തിലേത് സുബ്ഹി നമസ്കരിച്ച ശേഷവും വൈകുന്നേരത്തേത് അസ്വ്ർ നമസ്കരിച്ച ശേഷവുമാണ്. അത് ചൊല്ലാൻ മറവിയോ അശ്രദ്ധയോ സംഭവിച്ചാൽ ഓർമ്മ വരുമ്പോൾ ചൊല്ലേണ്ടതാണ്.

**കണ്ണേറും അതുപോലെയുള്ളതും ബാധിച്ചതിൻെറ അടയാളങ്ങൾ:** മതപരമായ മന്ത്രവും വൈദ്യശാസ്ത്രവും തമ്മിൽ വൈരുധ്യമില്ല. അതിനാൽ ഖുർആനിൽ ശാരീരികവും ആത്മീയവുമായ രോഗങ്ങൾക്കുള്ള ചികിത്സയുണ്ട്. അവയവ സംബന്ധമായ രോഗങ്ങളിൽ നിന്ന് സുരക്ഷിതനായ വ്യക്തിയിൽ രോഗം പ്രകടമാവുന്നത് മിക്കവാറും ഇങ്ങനെയായിരിക്കും. ഇടക്കിടെ വരുന്ന തലവേദന, മുഖത്ത് മഞ്ഞനിറം, മൂത്രമൊഴിക്കലും വിയർക്കലും അധികമാവുക. ഭക്ഷണത്തിനോട് ആഗ്രഹം കുറയുക. വിരലുകളിൽ തരിപ്പോ തണുപ്പോ ചൂടോ അനുഭവപ്പെടുക. ഹൃദയത്തിൽ പിടച്ചിൽ തോന്നുക, മുതുകിൻെറ താഴ്ഭാഗത്തും ചുമലുകളിലും മാറിക്കൊണ്ടിരിക്കുന്ന വേദന, നെഞ്ചിൽ തടസ്സവും വിഷമവുമുണ്ടാവുക. രാത്രിയിൽ ഉറക്കമില്ലായ്മ, സ്വാഭാവികമല്ലാത്ത കോപമോ ഭയമോ ഉണ്ടാവുക, അമിതമായി ഏമ്പക്കം വരിക, ഒററപ്പെട്ടു കഴിയാനുള്ള താൽപര്യം, അലസത, ഉറങ്ങാനുള്ള ആഗ്രഹം തുടങ്ങിയ ആരോഗ്യപരമായ പ്രശ്നങ്ങളുണ്ടാവുന്നത് രോഗ ലക്ഷണങ്ങളാണ്. എന്നാൽ ഇതിനൊന്നും വൈദ്യശാസ്ത്രപരമായ കാരണങ്ങളില്ലാതി

രിക്കുകയും ചെയ്യുന്നു. രോഗത്തിൻെറ ഏററക്കുറവിനനുസരിച്ച് ഈ അടയാള ങ്ങൾ മുഴുവനോ ചിലതോ കണ്ടേക്കാം.

മുസ്‌ലിം തൻെറ വിശ്വാസവും മനസ്സും ശക്തിപ്പെടുത്തണം. അവനിൽ വസ്‌വാസുകൾ വരരുത്. ഏതെങ്കിലും രോഗലക്ഷണം കാണുമ്പോഴേക്കും രോഗി യാണെന്ന തോന്നൽ അവനുണ്ടാകരുത്. ചികിത്സിക്കാൻ ഏററവും പ്രയാസമു ള്ളത് ഈ തോന്നല് കൊണ്ടുണ്ടാവുന്ന രോഗമാണ്. രോഗമില്ലാത്ത ആളുകളിലും ചിലപ്പോൾ അടയാളങ്ങൾ കണ്ടേക്കാം. ചിലപ്പോൾ അതിൻെറ കാരണം ശാരീരിക മായേക്കും. ചിലപ്പോൾ വിശ്വാസത്തിൻെറ ദുർബ്ബലതയായേക്കും. അതിൽ പെട്ടതാ ണ് നെഞ്ചിലുണ്ടാകുന്ന പ്രയാസവും വ്യഥയും ബലഹീനതയും. അതിനാൽ അവൻ അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയാണ് വേണ്ടത്.

**കണ്ണേറ് കൊണ്ടുണ്ടാകുന്ന രോഗത്തിനുള്ള ചികിത്സ:** രണ്ട് രീതിയിലാണ്.
1- കണ്ണ് വെച്ച ആളെ അറിയാമെങ്കിൽ അവനോട് കുളിക്കാൻ പറയുകയും ആ വെള്ളമെടുത്ത് കുളിക്കുകയും ചെയ്യുക. അല്ലെങ്കിൽ അവൻ (കുടിച്ചതിൻെറയോ തിന്നതിൻെറയോ ബാക്കിയോ) സ്പർശിച്ച വല്ലതുമോ എടുക്കുക. എന്നിട്ട് അ തിൽ വെള്ളം ചേർത്ത് കണ്ണേറ് ബാധിച്ചവൻ കുളിക്കുകയും കുടിക്കുകയും ചെയ്യുക. 2- ആളാരാണെന്ന് അറിയില്ലെങ്കിൽ ശമനത്തിന് വേണ്ടി മന്ത്രവും പ്രാർ ത്ഥനയും നടത്തുകയും കൊമ്പ് വെക്കുകയും ചെയ്യുക. എന്നാൽ അല്ലാഹുവി ൻെറ സഹായത്താൽ രോഗം സുഖപ്പെടുന്നതാണ്.

**രോഗമുണ്ടയത് മാരണം കൊണ്ടാണെങ്കിൽ:** താഴെ പറയുന്ന മാർഗ്ഗങ്ങൾ കൊണ്ട് ചികിത്സിച്ചാൽ അല്ലാഹുവിൻെറ സഹായത്താൽ രോഗം സുഖപ്പെടുന്നതാണ്.

1- മാരണം ചെയ്തുവെച്ച സ്ഥലം അറിയാൻ സാധിക്കുക. അങ്ങനെ അത് ക ണ്ടെത്തിയാൽ മുഅവ്വിദത്തയ്നി (ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ്) പാരായണം ചെയ്ത് കൊണ്ട് അത് അഴിക്കുകയും പിന്നീട് കരിച്ചുകളയുകയും ചെയ്യുക.

2- ഖുർആനിലെ ആയത്തുകളും പ്രാർത്ഥനകളും ഓതികൊണ്ട് മന്ത്രിക്കുക. മുഅ വ്വിദത്തയ്നിയും അൽബഖറയും അതിൽ പ്രത്യേകം പ്രാധാന്യമുള്ളതാണ്.

3- നുശ്‌റത്ത്: അത് രണ്ട് രൂപത്തിലുണ്ട് 1) നിഷിദ്ധമായത്. മാരണത്തെ മാരണം കൊണ്ട് നശിപ്പിക്കുന്നതാണത്. അതിന് വേണ്ടി മാരണം ചെയ്തുകൊടുക്കുന്ന വരെ സമീപിക്കുകയും ചെയ്യുന്നു. 2) അനുവദനീയമായത്. അത് ഏഴ് താളി (ഇലന്ത) ഇലകൾ എടുത്ത് പൊടിച്ച് അതിൽ മൂന്ന് പ്രാവശ്യം കാഫിറൂൻ, ഇഖ്‌ലാ സ്, ഫലഖ്, നാസ് എന്നീ സൂറത്തുകൾ പാരായണം ചെയ്യുക. ശേഷം അത് വെള്ളത്തിൽ ചേർത്ത് കുളിക്കുകയും കുടിക്കുകയും ചെയ്യുക. അല്ലാഹു ശമനം നൽകുന്നത് വരെ അത് ആവർത്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുക. (മുസ്വന്നഫ് അബ്ദുറസാഖ്)

[ഇത് നബി ﷺ യുടെ ഹദീസല്ല. പ്രത്യുത വഹബുബ്ന് മുനബ്ബഹിൻെറ ഗ്രന്ഥ ത്തിൽ വന്നത് ഉദ്ധരിച്ചതാണ്. വിവ:]

4- മാരണം നീക്കം ചെയ്യുക. അത് വയററിലാണെങ്കിൽ വയറിളക്കിയും അല്ലാത്തി ടത്താണെങ്കിൽ കൊമ്പ് വെച്ചും കൊണ്ട് അത് ചെയ്യാവുന്നതാണ്.

**മന്ത്രങ്ങൾ: അതിനുള്ള നിബന്ധനകൾ** 1- അത് ചെയ്യുന്നത് ഖുർആനിലെ ആയ ത്തുകളും മതം പഠിപ്പിച്ച പ്രാർത്ഥകളും ചൊല്ലിക്കൊണ്ടായിരിക്കണം. 2- അത് അറബി ഭാഷയിലായിരിക്കണം. എന്നാൽ പ്രാർത്ഥന അനറബിയിലുമാകാവുന്ന താണ്. 3- മന്ത്രത്തിന് സ്വന്തമായ സ്വാധീനമില്ലെന്നും ശമനം നൽകുന്നത് അല്ലാ ഹുവാണെന്നും വിശ്വസിക്കണം. അതിൻെറ ഫലം വർദ്ധിക്കാൻ വേണ്ടി ഖുർആ

ൻ പാരായണം ചെയ്യുമ്പോൾ രോഗശമനവും മനഷ്യർക്കും ജിന്നുകൾക്കും സന്മാർഗ്ഗവും ലഭിക്കണമെന്ന് ഉദ്ദേശിക്കുകയും വേണം. കാരണം ഖുർആനിൽ രോഗശമനവും സന്മാർഗ്ഗവുമുണ്ട്. പിശാച് പോകാൻ പ്രയാസപ്പെട്ടാലല്ലാതെ വധിക്കാൻ ഉദ്ദേശിച്ച് കൊണ്ട് അത് പാരായണം ചെയ്യരുത്.

**മന്ത്രിക്കുന്നവന് ഉണ്ടായിരിക്കേണ്ട നിബന്ധനകൾ:** 1- അവൻ ഭക്തനും സദ്വൃത്തനുമായ മുസ്‌ലിമായിരിക്കണം. ഭക്തി വർദ്ധിക്കുന്നതിനനുസരിച്ച് ഫലവും വർദ്ധിക്കുന്നതാണ്. 2- അവൻ മന്ത്രത്തിനിടയിൽ നാവും മനസ്സും സംയോജിക്കുന്ന രൂപത്തിൽ അല്ലാഹുവിലേക്ക് പൂർണ്ണമായും തിരിയണം. ഒരാൾ സ്വന്തത്തിന് വേണ്ടി സ്വയം മന്ത്രിക്കുന്നതാണ് ഏറെ ശ്രേഷ്ടം. കാരണം ബുദ്ധിമുട്ടുകളും ആവശ്യങ്ങളും ഏററവും അനുഭവിച്ചറിയുന്നവൻ അവനെപ്പോലെ മററാരുമുണ്ടാവുകയില്ല. മററുള്ളവരുടെ മനസ്സ് അശ്രദ്ധമായേക്കാനുമിടയുള്ളതാണ്. മാത്രമല്ല, ബുദ്ധിമുട്ടുന്നവൻെറ പ്രാർത്ഥന സ്വീകരിക്കാമെന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിട്ടുമുണ്ട്.

**മന്ത്രിക്കപ്പെടുന്നവൻെറ നിബന്ധനകൾ:** 1- അവൻ സദ്വൃത്തനായ സത്യവിശ്വാസിയായിരിക്കൽ അഭിലഷണീയമാണ്. ഈമാനിൻെറ തോതിനനുസരിച്ച് ഫലത്തിലും മേന്മയുണ്ടാകുന്നതാണ്. അല്ലാഹു പറഞ്ഞു: സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ (മറെറാന്നും) വർദ്ധിപ്പിക്കുകയില്ല. (ഇസ്‌റാഅ്:82) 2- രോഗശമനത്തിന് വേണ്ടി അല്ലാഹുവിലേക്ക് പൂർണ്ണമായും തിരിയണം. 3- ശമനം വൈകുന്നതായി തോന്നരുത്. കാരണം മന്ത്രം പ്രാർത്ഥനയാണ്. ഉത്തരം കിട്ടാൻ ധൃതി കാണിച്ചാൽ ചിലപ്പോൾ അത് ലഭിക്കാതിരുന്നേക്കാം. നബി ﷺ പറഞ്ഞു: നിങ്ങളിലൊരാൾ ഞാൻ പ്രാർത്ഥിച്ചിട്ടും എനിക്ക് ഉത്തരം ലഭിച്ചില്ല എന്ന് പറയും വിധം ധൃതി കാണിക്കാതിരിക്കുവോളം ഉത്തരം നൽകപ്പെടുന്നതാണ്. (ബുഖാരി, മുസ്‌ലിം)

**മന്ത്രത്തിൻെറ വിവധ രൂപങ്ങൾ:** 1- മന്ത്രം ചൊല്ലുകയും ഊതുകയും ചെയ്യുക. 2- ഓതുക മാത്രം ചെയ്യുക. 3- വിരലിൽ ഉമിനീരാക്കി അത് മണ്ണിൽ വെച്ച് വേദനയുള്ളിടത്ത് അത് കൊണ്ട് തടവുക. 4- അങ്ങനെ തടവുന്നതോടൊപ്പം മന്ത്രം ചൊല്ലുകയും ചെയ്യുക.

**മന്ത്രത്തിനായുള്ള സൂറത്തുകളും ആയത്തുകളും:**

ഫാതിഹ, ആയത്തുൽ കുർസിയ്യ്, അൽബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ, കാഫിറൂൻ, ഇഖ്‌ലാസ്, ഫലഖ്, നാസ് എന്നീ സൂറത്തുകൾ ഓതുക.

﴿ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَلَا يَـُٔودُهُۥ حِفْظُهُمَا وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴾[1]

﴿ ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيْهِ مِن رَّبِّهِۦ وَٱلْمُؤْمِنُونَ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِۦ وَقَالُوا۟ سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ ٱلْمَصِيرُ ﴿٢٨٥﴾ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ

---

[1] അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവൻ. (അവൻ) എല്ലാം നിയന്ത്രിക്കുന്നവൻ. ഉറക്കമോ മയക്കമോ അവനെ ബാധിക്കുകയില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവൻേറതാണ്. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്നും അവൻ ഉദ്ദേശിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ പീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.

وَعَلَيْهَا مَا ٱكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن

[1] ﴿ قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴾

[2] ﴿ فَسَيَكْفِيكَهُمُ ٱللَّهُ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴾

[3] ﴿ يَٰقَوْمَنَآ أَجِيبُوا۟ دَاعِىَ ٱللَّهِ وَءَامِنُوا۟ بِهِۦ يَغْفِرْ لَكُم مِّن ذُنُوبِكُمْ وَيُجِرْكُم مِّنْ عَذَابٍ أَلِيمٍ ﴾

[4] ﴿ وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ ۙ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارًا ﴾

[6] ﴿ وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴾ [5] ﴿ أَمْ يَحْسُدُونَ ٱلنَّاسَ عَلَىٰ مَآ ءَاتَىٰهُمُ ٱللَّهُ مِن فَضْلِهِۦ ﴾

[8] ﴿ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ ﴾ [7] ﴿ وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ ﴾

[10] ﴿ فَٱرْجِعِ ٱلْبَصَرَ هَلْ تَرَىٰ مِن فُطُورٍ ﴾ [9] ﴿ لَوْ أَنزَلْنَا هَٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ﴾

[11] ﴿ وَإِن يَكَادُ ٱلَّذِينَ كَفَرُوا۟ لَيُزْلِقُونَكَ بِأَبْصَٰرِهِمْ لَمَّا سَمِعُوا۟ ٱلذِّكْرَ وَيَقُولُونَ إِنَّهُۥ لَمَجْنُونٌ ﴾

﴿ وَأَوْحَيْنَآ إِلَىٰ مُوسَىٰٓ أَنْ أَلْقِ عَصَاكَ ۖ فَإِذَا هِىَ تَلْقَفُ مَا يَأْفِكُونَ ﴿١١٧﴾ فَوَقَعَ ٱلْحَقُّ وَبَطَلَ مَا كَانُوا۟ يَعْمَلُونَ ﴿١١٨﴾ فَغُلِبُوا۟

هُنَالِكَ وَٱنقَلَبُوا۟ صَٰغِرِينَ[1] ﴾

---

[1] തൻെറ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവൻെറ മലക്കുകളിലും, അവൻെറ വേദ ഗ്രന്ഥങ്ങളിലും, അവൻെറ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ! നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം. അല്ലാഹു ഒരാളോടും അവൻെറ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ ദുഷ്ഫലവും അവരവർക്കുതന്നെ. ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്കു തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ! ഞങ്ങളുടെ നാഥാ ഞങ്ങളുടെ മുൻഗാമികളുടെ മേൽ ചുമത്തിയത് പോലെയുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ! ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ! ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അത്കൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി ഞങ്ങളെ നീ സഹായിക്കേണമേ!

[2] അവരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ.

[3] ഞങ്ങളുടെ സമുദായമേ, അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന ആൾക്ക് നിങ്ങൾ ഉത്തരം നൽകുകയും, അദ്ദേഹത്തിൽ നിങ്ങൾ വിശ്വസിക്കുകയും ചെയ്യുക. അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും വേദനയേറിയ ശിക്ഷയിൽ നിന്ന് അവൻ നിങ്ങൾക്ക് അഭയം നൽകുകയും ചെയ്യുന്നതാണ്.

[4] സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവത രിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ ( മറ്റൊന്നും ) വർദ്ധിപ്പി ക്കുന്നില്ല. (17:82)

[5] അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് മനു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അവർ അസൂയപ്പെടുകയാണോ? (4:54)

[6] എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. (26:80)

[7] വിശ്വാസികളായ ആളുകളുടെ ഹൃദയങ്ങൾക്ക് അവൻ ശമനം നൽകുകയും ചെയ്യുന്നതാണ്. (9:14)

[8] നീ പറയുക:അത് (ഖുർആൻ)സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമനൗഷധവു മാകുന്നു. (41:44)

[9] ഈ ഖുർആനിനെ നാം ഒരു പർവ്വതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവ്വതം) വിനീതമാകുന്നതും അല്ലാഹുവെപ്പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്കു കാണാമായിരുന്നു. (59:21)

[10] എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ട് വരൂ.വല്ല വിടവും നീ കാണുന്നു ണ്ടോ? (67:3)

[11] സത്യനിഷേധികൾ ഈ ഉൽബോധനം കേൾക്കുമ്പോൾ അവരുടെ കണ്ണുകൾകൊണ്ട് നോക്കിയിട്ട് നീ ഇടറി വീഴുമാറാക്കുക തന്നെ ചെയ്യും. തീർച്ചയായും ഇവൻ ഒരു ഭ്രാന്തൻ തന്നെയാണ് എന്നവർ പറയും. (68:51)

﴿قَالُوا يَا مُوسَىٰ إِمَّا أَن تُلْقِيَ وَإِمَّا أَن نَّكُونَ أَوَّلَ مَنْ أَلْقَىٰ ﴿٦٥﴾ قَالَ بَلْ أَلْقُوا ۖ فَإِذَا حِبَالُهُمْ وَعِصِيُّهُمْ يُخَيَّلُ إِلَيْهِ مِن
سِحْرِهِمْ أَنَّهَا تَسْعَىٰ ﴿٦٦﴾ فَأَوْجَسَ فِي نَفْسِهِ خِيفَةً مُّوسَىٰ ﴿٦٧﴾ قُلْنَا لَا تَخَفْ إِنَّكَ أَنتَ الْأَعْلَىٰ ﴿٦٨﴾ وَأَلْقِ مَا فِي
يَمِينِكَ تَلْقَفْ مَا صَنَعُوا ۖ إِنَّمَا صَنَعُوا كَيْدُ سَاحِرٍ ۖ وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَىٰ﴾[2]

[3]﴿ثُمَّ أَنزَلَ اللَّهُ سَكِينَتَهُ عَلَىٰ رَسُولِهِ وَعَلَى الْمُؤْمِنِينَ﴾

[4]﴿فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا﴾

[5]﴿فَأَنزَلَ اللَّهُ سَكِينَتَهُ عَلَىٰ رَسُولِهِ وَعَلَى الْمُؤْمِنِينَ وَأَلْزَمَهُمْ كَلِمَةَ التَّقْوَىٰ﴾

[6]﴿لَقَدْ رَضِيَ اللَّهُ عَنِ الْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ الشَّجَرَةِ فَعَلِمَ مَا فِي قُلُوبِهِمْ فَأَنزَلَ السَّكِينَةَ عَلَيْهِمْ وَأَثَابَهُمْ فَتْحًا قَرِيبًا﴾

[7]﴿هُوَ الَّذِي أَنزَلَ السَّكِينَةَ فِي قُلُوبِ الْمُؤْمِنِينَ لِيَزْدَادُوا إِيمَانًا مَّعَ إِيمَانِهِمْ﴾

## ഹദീസിൽ വന്ന ചില മന്ത്രങ്ങൾ:

**أَسْأَلُ اللهَ الْعَظِيمِ رَبَّ الْعَرْشِ الْعَظِيمِ أَنْ يَشْفِيَكَ മഹത്തായ സിംഹാസനത്തിൻെറ ഉടമയായ മഹാനായ അല്ലാഹുവിനോട് നിൻെറ രോഗശമനത്തിന് വേണ്ടി ഞാൻ ചോദിക്കുന്നു.** ( ഏഴ് തവണ പറയുക )

**أَعِيذُكَ بِكَلِمَاتِ اللهِ التَّامَّةِ مِنْ كُلِّ شَيْطَانٍ وَهَامَّةٍ وَمِنْ كُلِّ عَيْنٍ لاَمَّةٍ എല്ലാ പിശാചിൽ നിന്നും എല്ലാ വിഷജീവികളിൽ നിന്നും എല്ലാ ദുഷ്ടകണ്ണുകളിൽ നിന്നും അല്ലാഹുവിൻെറ പരിപൂർണ്ണമായ വചനങ്ങളുടെ പേരിൽ ഞാൻ നിനക്ക് അഭയം തേടുന്നു.** ( മൂന്ന് പ്രാവശ്യം പറയുക )

**اللهم رب الناس أذهب البأس اشف أنت الشافي لاشفاء إلا شفائك شفاء لايغادر سقما ജനങ്ങളുടെ നാഥനായ അല്ലാഹുവെ, ഇയാളുടെ പ്രയാസം ഇല്ലാതാക്കേണമേ. നീയാണ് സൗഖ്യം നൽകുന്നവൻ. നീ നൽകുന്ന ശമനമല്ലാതെ യാതൊരു ശമനവുമില്ല. രോഗം അവശേഷിക്കാത്ത രൂപത്തിൽ നീ സുഖപ്പെടുത്തേണമേ.** ( മൂന്ന് പ്രാവശ്യം പറയുക )

**اللهم أذهب عنه حرّها وبَرْدها ووصبها അല്ലാഹുവേ, രോഗത്തിൻെറ ചൂടും തണുപ്പും ക്ഷീണയും അവനിൽ നിന്ന് നീക്കിക്കളയേണമേ.**

---

[1] മൂസായ്ക്ക് നാം ബോധനം നൽകി; നീ നിന്റെ വടി ഇട്ടേക്കുക എന്ന്. അപ്പോൾ ആ വടിയതാ അവർ കൃത്രിമമായി ഉണ്ടാക്കിയതിനെ വിഴുങ്ങുന്നു. അങ്ങനെ സത്യം സ്ഥിരപ്പെടുകയും, അവർ പ്രവർത്തിച്ചിരുന്നതെല്ലാം നിഷ്ഫലമാകുകയും ചെയ്തു. അങ്ങനെ അവിടെ വെച്ച് അവർ പരാജയപ്പെടുകയും, അവർ നിസ്സാരൻമാരായി മാറുകയും ചെയ്തു. (7:117-119)

[2] അവർ ( ജാലവിദ്യക്കാർ ) പറഞ്ഞു: ഹേ; മൂസാ, ഒന്നുകിൽ നീ ഇടുക. അല്ലെങ്കിൽ ഞങ്ങളാകാം ആദ്യമായി ഇടുന്നവർ. അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളിട്ട് കൊള്ളുക. അപ്പോഴതാ അവരുടെ ജാലവിദ്യ നിമിത്തം അവരുടെ കയറുകളും വടികളുമെല്ലാം ഓടുകയാണെന്ന് അദ്ദേഹത്തിന് തോന്നുന്നു. അപ്പോൾ മൂസായ്ക്ക് തന്റെ മനസ്സിൽ ഒരു പേടി തോന്നി. നാം പറഞ്ഞു: പേടിക്കേ. തീർച്ചയായും നീ തന്നെയാണ് കൂടുതൽ ഔന്നത്യം നേടുന്നവൻ. (20:65-69)

[3] പിന്നീട് അല്ലാഹു അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കും അവന്റെ പക്കൽ നിന്നുള്ള മനസ്സമാധാനം ഇറക്കികൊടുക്കുകയും ചെയ്തു. (9:26)

[4] അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കു കയും,നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുക യും ചെയ്തു. (9:18)

[5] അല്ലാഹു അവന്റെ റസൂലിന്റെ മേലും സത്യവിശ്വാസികളുടെമേലും അവന്റെ പക്കൽ നിന്നുള്ള മനസ്സമാധാനം ഇറക്കികൊടുത്തു.സൂക്ഷ്മത പാലിക്കാനുള്ള കൽപന സ്വീകരി ക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. (48:26)

[6] ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു. (48:18)

[7] അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കികൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരുന്നതിന് വേണ്ടി. (48:4)

حَسْبِيَ اللهُ لاَ إِلَهَ إِلاَّ هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ **എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധ്യനില്ല. അവനിൽ ഞാൻ ഭരമേൽപ്പിക്കുന്നു. അവൻ മഹത്തായ സിംഹാസ നത്തിൻെറ നാഥനാണ്.** ( ഏഴു പ്രാവശ്യം ചൊല്ലുക )

بسم الله أرقيك من كل داء يؤذيك ومن شر كل نفس أو عين حاسد الله يشفيك بسم الله أرقيك

അല്ലാഹുവിൻെറ നാമത്തിൽ. നിനക്ക് ഉപദ്രവകരമായ എല്ലാ രോഗത്തിൽ നിന്നും അസൂയാലുവി ൻെറ കണ്ണേറിൽ നിന്നും എല്ലാ ദുഷിച്ച ആത്മാവിൻെറ നാശത്തിൽ നിന്നും നിന്നെ ഞാൻ മന്ത്രിക്കുന്നു. അല്ലാഹു നിനക്ക് ശമനം നൽകട്ടെ, അല്ലാഹുവി ൻെറ നാമത്തിൽ. നിന്നെ ഞാൻ മന്ത്രിക്കുന്നു. ( മൂന്ന് പ്രാവശ്യം പറയുക )

**ശരീരത്തിൽ വേദനിക്കുന്ന ഭാഗത്ത് കൈ വെക്കുക, മൂന്ന് തവണ ബിസ്മില്ലാഹി എന്ന് പറയുക. ശേഷം ഏഴു പ്രാവശ്യം ഇപ്രകാരവും പറയുക.**

أَعُوذُ بِاللهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَ أُحَاذِرُ **എന്നെ ബാധിച്ചതിൻേറയും ഞാൻ ഭയപ്പെടുന്നതി ൻേറയും വിഷമത്തിൽ നിന്ന് അല്ലാഹുവിലും അവൻെറ കഴിവിലും ഞാൻ അഭ യം തേടുന്നു.**

## ഉണർത്തൽ:

❶ കണ്ണേറ് ചെയ്തവൻെറ മൂത്രം അവൻ അറിയാതെ ശേഖരിച്ചു കുടിച്ചാൽ രോഗം സുഖപ്പെടുമെന്നത് പോലെയുള്ള അന്ധവിശ്വാസങ്ങൾ സത്യപ്പെടുത്താതി രിക്കുക.

❷ കണ്ണേറ് സംഭവിച്ചേക്കുമെന്ന് ഭയപ്പെടുന്ന വസ്തുക്കളിൽ വള,തോല്, കണ്ഠാഭരണം തുടങ്ങിയ ഏലസ്സുകൾ കെട്ടുന്നത് അനുവദനീയമല്ല. നബി ﷺ പറഞ്ഞു: ആരെങ്കിലും വല്ല വസ്തുവും ബന്ധിച്ചാൽ അവൻ അതിലേക്ക് ഏൽപി ക്കപ്പെടുന്നതാണ്. (തുർമുദി) അത് ഖുർആനിൽ നിന്നാണെങ്കിൽ അതിൽ അഭി പ്രായ ഭിന്നതയുണ്ടെങ്കിലും ഉത്തമം അത് ഉപേക്ഷിക്കലാണ്.

❸ മാശാഅ അല്ലാഹു, തബാറക അല്ലാഹു എന്ന് എഴുതി വെക്കുക,വാള്, കത്തി, കണ്ണ് എന്നിവയുടെ ചിത്രം വരച്ചുവെക്കുക, വാഹനത്തിൽ ഖുർആൻ വെക്കുക, വീടുകളിൽ ഖുർആനിലെ ആയത്തുകൾ കെട്ടിത്തൂക്കുക എന്നിവയൊന്നും കണ്ണേറി നെ തടയുകയില്ല.മാത്രമല്ല അത് നിഷിദ്ധമാക്കപ്പെട്ട ഏലസ്സുകളിൽ പെട്ടേക്കാ വുന്നതാണ്.

❹ രോഗി പ്രാർത്ഥനക്ക് ഉത്തരം കിട്ടുമെന്ന് ഉറച്ചു വിശ്വസിക്കണം. ശമനം വൈകുന്നെന്ന് വേവലാതിയുണ്ടാവുകയും അരുത്. ജീവിതകാലം മുഴുവൻ മരുന്ന് കഴിക്കണമെന്ന് പറഞ്ഞാൽ അസ്വസ്ഥരാകാത്തവർ ദീർഘകാലം മന്ത്രിക്കണമെന്ന് പറയുമ്പോൾ അസ്വസ്ഥരാകുന്നത് കാണാം. യഥാർഥത്തിൽ ഖുർആൻ കൊണ്ട് മന്ത്രിക്കുമ്പോൾ അതിലെ ഓരോ അക്ഷരവും പാരായണം ചെയ്യുന്നതിന് പതിന്മ ടങ്ങായി നന്മ പ്രതിഫലമായി ലഭിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. അവൻ അല്ലാ ഹുവിനോട് പ്രാർത്ഥിക്കുകയും പാപമോചനം തേടുകയും ദാനം വർദ്ധിപ്പി ക്കുകയും വേണം. കാരണം ഇതെല്ലാം രോഗശമനത്തിൻെറ മാർഗ്ഗങ്ങളാണ്.

❺ ഒരു സംഘം ഒരുമിച്ച് മന്ത്രം പാരായണം ചെയ്യുന്നത് നബി ﷺ ചര്യക്കെതി രും ഫലം കുറഞ്ഞതുമാണ്. കേസറ്റ് കൊണ്ട് മതിയാക്കുന്നതും അപ്രകാരമാണ്. കാരണം അത് കേൾക്കുന്നത് നന്മയാണെങ്കിലും അതിൽ നിയ്യത്തുണ്ടാവുകയി ല്ലല്ലോ. നിയ്യത്ത് മന്ത്രിക്കുന്നവൻെറ നിബന്ധനയാണെന്ന് മുമ്പ് വിവരിച്ചതാണ്. രോഗശമനം ലഭിക്കുന്നത് വരെ മന്ത്രം ആവർത്തിക്കണം. എന്നാൽ അത് മടുപ്പു ണ്ടാക്കുമെങ്കിൽ ചുരുക്കലാണ് ഉത്തമം. ആയത്തോ പ്രാർത്ഥനയോ തെളിവില്ലാ തെ എണ്ണം നിശ്ചയിച്ചുകൊണ്ട് ആവർത്തിക്കുന്നത് സാധുവല്ല.

**6 മന്ത്രിക്കുന്നവൻ ഖുർആൻ കൊണ്ടുള്ള മന്ത്രമല്ല മാരണമാണ് ചെയ്യുന്നതെന്ന് അടയാളങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. മന്ത്രിക്കുന്നവൻ ചില മത കാര്യങ്ങൾ പ്രകടിപ്പിക്കുന്നവനാണെങ്കിലും ശരി.ചിലപ്പോൾ ഖുർആൻ കൊണ്ട് ആരംഭിക്കുകയും താമസിയാതെ അത് മാററി മററുമന്ത്രങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്യും. ജനങ്ങളെ വഞ്ചിക്കാൻ വേണ്ടി പള്ളിയിൽ പോകുന്നവരും അവരിലുണ്ട്. രോഗി കാണാൻ വേണ്ടി ദികറുകൾ ചൊല്ലുകയും ചെയ്തേക്കും. ഇത് കൊണ്ടൊന്നും വഞ്ചിതരാകാതെ ശ്രദ്ധിക്കേണ്ടതാണ്.**

**മാരണത്തിൻെറ അടയാളങ്ങളിൽ പെട്ടതാണ്: രോഗിയുടെ നാമമോ അവൻെറ മാതാവിൻെറ നാമമോ ചോദിക്കുന്നത്. കാരണം രോഗിയുടെ പേര് അറിയുന്നത് കൊണ്ടോ അറിയാതിരിക്കുന്നത് കൊണ്ടോ ചികിത്സയിൽ ഒരു മാററവും വരു ത്തേണ്ടി വരില്ല. രോഗിയുടെ ഷർട്ട്, ബനിയൻ തുടങ്ങിയ വല്ല വസ്ത്രവും ആവശ്യപ്പെടുന്നു. ചിലപ്പോൾ പ്രത്യേക വിശേഷണങ്ങളുള്ള ജീവിയെ ജിന്നുകൾക്ക് ബലിയറുക്കാൻ വേണ്ടി രോഗിയോട് ആവശ്യപ്പെടുന്നു. ചിലപ്പോൾ അതിൻെറ രക്തം രോഗിയുട ദേഹത്ത് പൂശുകയും ചെയ്യും. ഒരു അർത്ഥവുമില്ലാത്ത മന്ത്ര വരകൾ എഴുതുകയോ വായിക്കുകയോ ചെയ്യുന്നു. സുരക്ഷക്ക് വേണ്ടി (ഹിജാബ്) കള്ളികൾ വരച്ച് അതിൽ അക്ഷരങ്ങളും നമ്പറുകളും എഴുതിയ പേപ്പർ രോഗിക്ക് കൊടുക്കുന്നു. കുറച്ച് കാലം ജനങ്ങളിൽ നിന്നകന്ന് ഇരുട്ടുമുറിയിൽ കഴിയാൻ കൽപിക്കുന്നു.നിശ്ചിതകാലം ജലം സ്പർശിക്കരുതെന്ന് കൽപ്പിക്കുന്നു.മണ്ണിൽ കുഴിച്ചുമൂടാനുള്ളതോ തിയ്യിലിട്ട് കത്തിച്ച് പുകകൊള്ളാനുള്ളതോ ആയ വല്ല ലിഖിതങ്ങളും കൊടുക്കുന്നു. രോഗിക്ക് മാത്രം അറിയാവുന്ന ചില പ്രത്യേക കാര്യങ്ങൾ അവനോട് പറയുന്നു. അവൻ സംസാരിക്കുന്നതിന് മുമ്പെ അവൻെറ പേര്,നാട്,രോഗം എന്നിവയെ കുറിച്ച് പറയുന്നു.രോഗി പ്രവേശിക്കുമ്പോഴേക്കും രോഗം നിർണ്ണയിക്കുന്നു. ഇവയൊക്കെ സിഹ്റ് ചെയ്യു ന്നവരെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങളാണ്.**

**7 ജിന്ന് മനുഷ്യനുമായി ബന്ധപ്പെടുമെന്നാണ് അഹ്ലുസുന്നത്തിൻെറ വീക്ഷണം. അല്ലാഹു പറഞ്ഞു: പലിശ തിന്നുന്നവൻ പിശാച് "മസ്സ്" *നിമിത്തം മറിഞ്ഞു വീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല.* (2 : 275) ഇവിടെ (മസ്സ്) എന്നതിൻെറ വിവക്ഷ ജിന്ന് മനുഷ്യനോട് ബന്ധപ്പെടുന്നതിനാൽ മനുഷ്യനുണ്ടാകുന്ന പൈശാചിക വിഭ്രാന്തിയാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ ഏകോപിച്ചിട്ടുണ്ട്.**

സിഹ്റിന്റെ പൂർണ്ണത വിശുദ്ധ ഖുർആൻ കൊണ്ടും ശരിയായ ഹദീസുകൾകൊണ്ടും സ്ഥിരപ്പെട്ട കാര്യമാണ് സിഹ്റിന് അസ്ഥിത്വം ഉണ്ടെന്ന വസ്തുത. അത് വളരെയധികം ഗുരുതരവും കഠിനവുമായ പാപവും അതിനാൽ തന്നെ നിഷിദ്ധവുമാണ് . പ്രവാചകൻﷺ പറഞ്ഞു.

(നാശകാരികളായ ഏഴു മഹാ പാപങ്ങളെ നിങ്ങൾ വർജ്ജിക്കുക, അപ്പോൾ അവർ ചോദിച്ചു,അല്ലാഹുവിന്റെപ്രവാചകരേ,ഏതാണ്അവ.അദ്ദേഹം പറഞ്ഞു. അല്ലാഹുവിൽ പങ്കുചേർക്കുക, സിഹ്റ് ചെയ്യുക.) -ബുഖാരി ,മുസ്‌ലിം)

അല്ലാഹു പറഞ്ഞു ﴿وَلَقَدْ عَلِمُوا۟ لَمَنِ ٱشْتَرَىٰهُ مَا لَهُۥ فِى ٱلْـَٔاخِرَةِ مِنْ خَلَٰقٍ﴾ *അത് ( ആ വിദ്യ) ആർ വാങ്ങി (കൈവശപ്പെടുത്തി )യോ അവർക്ക് പരലോക ത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്.*

**അത് രണ്ടു തരമുണ്ട്** 1 കെട്ടുകൾ ഉണ്ടാക്കുകയും അതിൽ മന്ത്രം ചൊല്ലുകയും ചെയ്യുന്നത്. പിശാചിനെസ്വാധീനിച്ച് മറ്റൊരാൾക്ക് ഉപദ്രവവും തിൻമകളും ഏൽപിക്കുന്ന രീതിയാണിത്.

2 ചില മരുന്നുകൾ ഉപയോഗിച്ച് സിഹ്റ് ചെയ്യപ്പെടുന്നവർക്ക് ദേഹാസ്വസ്ഥതയും ബുദ്ധി ഛിദ്രതയും ഉണ്ടാക്കുക.അപ്പോൾ അയാൾക്ക് തന്റെ മുമ്പിലുള്ള വസ്തുക്കൾ ചലിക്കുന്നുവോ എന്നും അസ്വാഭാവികമായ രീതിയിൽ കാണുന്നു എന്ന തോന്നലുണ്ടാക്കുകയും ചെയ്യുന്നു.

ആദ്യം പരാമർശിച്ചത് ശിർക്കിൽ ഉൾപെടുന്നതാണ്. കാരണം പിശാചിനെ സ്വാധീനിക്കുന്നതിലൂടെ മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. അല്ലാഹു വിനെ നിഷേധിക്കാതെ ഒരാൾക്കും പിശാചിനെ സ്വാധീനിക്കാൻ കഴിയുകയില്ല എന്നത് സ്ഥിരപ്പെട്ട കാര്യമാണല്ലോ. അതിനാൽ രണ്ടു രീതികളും കഠിന പാപമാണ്.

# പ്രാർത്ഥന

**അല്ലാഹു പരാശ്രയമുക്തനും ധന്യനുമാണ്. ലോകത്തുള്ള സർവ്വരും അവനെ ആശ്രയിക്കുന്നവരും ആവശ്യക്കാരുമാണ്. അതിനാൽ അല്ലാഹുവിനോട് പ്രാർത്ഥി ക്കൽ അടിമകൾക്ക് നിർബ്ബന്ധമാണ്. അല്ലാഹു പറഞ്ഞു: നിങ്ങൾ എന്നോട് പ്രാർ ത്ഥിക്കുവിൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകുന്നതാണ്. എന്നെ ആരാധി (പ്രാർ ത്ഥി)ക്കുന്നതിൽ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായി നരക ത്തിൽ പ്രവേശിക്കുന്നതാണ്, തീർച്ച. (ഗാഫിർ:60) നബി ﷺ പറഞ്ഞു: വല്ലവനും അല്ലാഹുവിനോട് ചോദിക്കുന്നില്ലെങ്കിൽ അവനോട് അല്ലാഹു കോപിക്കുന്നതാണ്.) മാത്രമല്ല അവനോട് പ്രാർത്ഥിക്കുമ്പോൾ അവൻ സന്തോഷിക്കുന്നതാണ്. അവ നോട് കീർത്തിച്ചു ചോദിക്കുന്നവരെ ഇഷ്ടപ്പെടുകയും അവരെ അടുപ്പിക്കുകയും ചെയ്യുന്നുതുമാണ്. നബി ﷺ യുടെ സ്വഹാബികൾ ഈ കാര്യം നല്ലവണ്ണം മനസ്സിലാ ക്കിയിരുന്നു. അതിനാൽ ചെറിയ കാര്യങ്ങൾക്ക് പോലും അല്ലാഹുവിനോട് അവർ പ്രാർത്ഥിച്ചിരുന്നു. സൃഷ്ടികളിൽ ആരോടും അവർ പ്രാർത്ഥിച്ചരുന്നുമില്ല. കാരണം അല്ലാഹുവിനോടുള്ള അവരുടെ സാമീപ്യവും ബന്ധവും ശക്തമായിരുന്നു. (എന്നെ സംബന്ധിച്ച് എൻെറ ദാസന്മാർ താങ്കളോട് ചോദിച്ചാൽ തീർച്ചയായും ഞാൻ അടുത്തവനാണ്) എന്ന് പറയുക എന്ന അല്ലാഹുവിൻെറ കൽപ്പന അവർ അനുസരിക്കുന്നവരായിരുന്നു. പ്രാർത്ഥനക്ക് അല്ലാഹുവിൻെറ അടുക്കൽ മഹത്താ യ സ്ഥാനുമുണ്ട്. അവൻെറ അടുക്കൽ ആദരണീയ കാര്യമാണത്. ചിലപ്പോൾ വിധി യെപോലും അത് മാററുന്നതാണ്. കാരണങ്ങൾ ഉണ്ടാവുകയും തടസ്സങ്ങൾ ഇല്ലാതി രിക്കുകയും ചെയ്താൽ മുസ്ലിമിൻെറ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്. നബി ﷺ പറഞ്ഞു: ഏതൊരു മുസ്ലിമും കുടുബബന്ധം മുറിക്കലോ കുറ്റമോ ഇല്ലാ ത്ത പ്രാർത്ഥന ചെയ്താൽ അവന് മൂന്നിലൊരു കാര്യം നൽകപ്പെടാതിരിക്കില്ല. അവൻെറ പ്രാർത്ഥനക്ക് ഉടനെ ഉത്തരം നൽകപ്പെടും. അല്ലെങ്കിൽ പരലോകത്തി ലേക്ക് നിക്ഷേപിക്കും. തത്തുല്ല്യമായൊരു തിന്മ അവനിൽ നിന്ന് തിരിച്ചുകളയും. അപ്പോൾ അനുചരർ ചോദിച്ചു: എങ്കിൽ ഞങ്ങൾ അത് വർദ്ധിപ്പിക്കട്ടെയോ? നബി ﷺ പറഞ്ഞു: അപ്പോൾ അല്ലാഹു കൂടുതൽ വർദ്ധിപ്പിക്കുന്നതാണ്. (അഹ്മദ്, തുർമദി)**

**പ്രാർത്ഥനയുടെ ഇനങ്ങൾ:** അത് രണ്ടാണ്. **1-** നമസ്കാരം, നോമ്പ് പോലെയുള്ള ആരാധനാപരമായത് **2-** ചോദിക്കുന്ന തരത്തിലുള്ളത്.

**കർമ്മങ്ങളുടെ ശ്രേഷ്ടതയിലുള്ള വ്യത്യാസം:** ഖുർആൻ പാരയണം, ദിക്റ്, ദുആഅ് എന്നിവയിലേററവും ശ്രേഷ്ടതയുള്ളതേതാണ്? പൊതുവിൽ ശ്രേഷ്ടത കൂടിയത് ഖുർആൻ പാരയണമാണ്. പിന്നെ ദിക്റും പിന്നെ ദുആയുമാണ്. എന്നാൽ ചില സാഹ ചര്യത്തിൽ ഈ ക്രമം വ്യത്യാസപ്പെടുന്നതാണ്. അറഫയിൽ പ്രാർത്ഥനക്കാണ് ഖുർആൻ പാരയണത്തേക്കാൾ പ്രാധാന്യം. നമസ്കാരത്തിൻെറ ശേഷം നിർദ്ദേശിക്കപ്പെട്ട ദിക്റുകൾ ചൊല്ലുന്നതാണ് ഖുർആൻ പാരയണത്തേക്കാൾ ഉത്തമം.

**പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ വേണ്ട കാര്യങ്ങൾ:** അത് പ്രത്യക്ഷം, പരോക്ഷം എന്നിങ്ങനെ രണ്ട് വിധമുണ്ട്.

**1- പ്രത്യക്ഷമായവ:** ദാനം,വുദൂഅ്,നമസ്കാരം,ഖിബ്ലക്ക് തിരിയുക, കൈകളു യർത്തുക,അല്ലാഹുവിനെ പുകഴ്ത്തുക,പ്രാർത്ഥിക്കപ്പെടുന്ന കാര്യത്തിനനു യോജ്യ മായ അല്ലാഹുവിൻെറ നാമവിശേഷണങ്ങൾ പറയുക എന്നിവ ബാഹ്യമായതിൽ പെട്ടതാണ്.സ്വർഗ്ഗം ചോദിക്കുമ്പോൾ അല്ലാഹുവിൻെറ ഔദാര്യവും കാരു ണ്യവും എടുത്തുപറയണം.അക്രമിക്കെതിരെ പ്രാർത്ഥിക്കുന്നവൻ റഹ്മാൻ, കരീം തുടങ്ങിയ അല്ലാഹുവൻെറ നാമങ്ങൾ ഉപയോഗിക്കരുത്. പ്രത്യുത ജബ്ബാർ, ഖഹ്ഹാർ എന്നിവ ഉപയോഗിക്കുകയും വേണം. പ്രാർത്ഥനയുടെ തുടക്കത്തിലും മധ്യത്തിലും അവസാനത്തിലും നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലുക, പാപ

ങ്ങൾ ഏററുപറയുക, അല്ലാഹുവിനോട് അനുഗ്രഹങ്ങൾക്ക് നന്ദി പറയുക, ഉത്ത രം കിട്ടാൻ സാധ്യതയുള്ള ഉത്തമ സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുക എന്നിവ യും അതിൽ പെട്ടതാണ്.

**ഉത്തരം ലഭിക്കുന്ന സന്ദർഭങ്ങൾ: ദിവസത്തിൽ**

അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുന്ന സമയമായ രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന്, ബാങ്കിൻെറ യും ഇഖാമത്തിൻെറയും ഇടയിലുള്ള സമയം. വുദൂഇന് ശേഷം, സജൂദിൽ വെച്ച്, നമസ്കാത്തിൽ സലാം വീട്ടുന്നതിന് മുമ്പ്,നമസ്കാരങ്ങൾക്ക് ശേഷം,ഖുർആൻ മുഴുവൻ പരായണം ചെയ്ത ശേഷം,കോഴി കൂവുമ്പോൾ,യാത്രാവേളയിൽ എന്നീ സമയങ്ങളിലെ പ്രാർത്ഥന കളും മർദ്ദിതൻെറ പ്രാർത്ഥന,ബുദ്ധിമുട്ടുന്നവൻെറ പ്രാർത്ഥന, സന്താന ങ്ങൾക്ക് വേണ്ടി മാതാപിതാക്കളുടെ പ്രാർത്ഥന, സഹോദരന്ന് വേണ്ടി അവൻെറ അഭാവത്തിലുള്ള പ്രാർത്ഥന, യുദ്ധത്തിൽ വെച്ച് ശത്രുവിനെ കണ്ടുമുട്ടുമ്പോഴുള്ള പ്രാർത്ഥന എന്നിവയും ഉത്തരം ലഭിക്കുന്നവയാണ്.

**ആഴ്ചയിൽ:** ഉത്തരം ലഭിക്കുന്ന ദിനം വെള്ളിയാഴ്ചയാണ്. പ്രത്യേകിച്ചും അതി ലെ അവസാനഭാഗം.

**മാസത്തിൽ:** റമദാനിൽ നോമ്പ് തുറക്കുമ്പോഴും അത്താഴ സമയത്തും, ഖദറിൻെറ രാത്രിയും അറഫ ദിനവുമാണ്.

**സ്ഥലങ്ങൾ:** പൊതുവിൽ എല്ലാ പള്ളികളും, കഅ്ബയുടെ അടുത്ത് വെച്ച് പ്രത്യേ കിച്ചും അതിൻെറ മുൽതസമിൽ വെച്ച്, മഖാമ് ഇബ്റാഹീം, സ്വഫ, മർവ, ഹജ്ജ് കാലത്ത് അറഫ, മുസ്ദലിഫ, മിന എന്നിവിടങ്ങളും സംസം വെള്ളം കുടിക്കുന്ന സന്ദർഭവും അതിൽ പെട്ടതാണ്.

**2- പരോക്ഷമായ കാരണങ്ങൾ:**നിഷ്കളങ്കമായി പശ്ചാത്തപിക്കുക, അനർഹമായ സമ്പാദ്യങ്ങൾ അവകാശികൾക്ക് തിരിച്ചുകൊടുക്കുക. ഭക്ഷണം വസ്ത്രം വീട് തുടങ്ങിയവ അനുവദനീയ സമ്പാദ്യത്തിൽ നിന്നാവുക, സൽകർമ്മ ങ്ങൾ വർദ്ധിപ്പിക്കുക,നിഷിദ്ധമാക്കപ്പെട്ടതൊക്കെ വർജ്ജിക്കുക, കുററകരമാ യേക്കാ നിടയുള്ളതിൽ നിന്ന് അകന്നുനിൽക്കുക എന്നിവ പ്രാർത്ഥനക്ക് മുമ്പെ വേണ്ട കാര്യങ്ങളാണ്. മനസ്സാന്നിദ്ധ്യം, അല്ലാഹുവിലുള്ള വിശ്വാസം, അവനിൽ ശക്തമായ പ്രതീക്ഷ, അവനിലേക്ക് അഭയം തേടൽ, ഉത്തരം കിട്ടാൻ കീർത്തിച്ചു ചോദിക്കൽ, വിനയവും ഭക്തിയുമുണ്ടാകൽ, എല്ലാം അവനിൽ ഏൽപ്പിക്കൽ, അവനല്ലാത്ത വരോട് പ്രാർത്ഥിക്കാതിരിക്കൽ, ഉത്തരം കിട്ടുമെന്ന് ഉറച്ച് വിശ്വസി ക്കൽ എന്നീ കാര്യങ്ങൾ പ്രാർത്ഥനക്കിയടിൽ ഉണ്ടാവേണ്ടതാണ്.

**ഉത്തരം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ:** **പ്രാർത്ഥിച്ചിട്ട് ഉത്തരം ലഭിക്കാതിരിക്കുകയോ അത് വൈകുകയോ ചെയ്യുന്നുവെങ്കിൽ അതിന് ചില കാരണങ്ങളുണ്ടാകും. അതിൽ പെട്ടതാണ് അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന. നരകത്തിൽ നിന്ന് മോചനം നൽ കേണമേ എന്ന് പ്രാർത്ഥിച്ചാൽ മതിയാകുമെങ്കിലും അതിൻെറ ചൂടിൽ നിന്നും ഇരു ട്ടിൽ നിന്നും രക്ഷിക്കണേ എന്നത് പോലെ വിവരിച്ചു പ്രാർത്ഥിക്കുക, സ്വന്തത്തിനോ മററുള്ളവർക്കോ നാശം വരാൻ അക്രമമായി പ്രാർത്ഥിക്കുക. കുററകരമായതിനോ കുടുംബ ബന്ധം മുറിക്കാനോ വേണ്ടിയുള്ളതാവുക, അല്ലാഹുവേ നീ ഉദ്ദേശിക്കുന്നെ ങ്കിൽ എന്നോട് പൊറുക്കേണമേ എന്നീ രൂപത്തിൽ പ്രാർത്ഥനയെ അല്ലാഹുവിൻെറ ഉദ്ദേശവുമായി ബന്ധിപ്പിക്കുക, ഞാൻ പ്രാർത്ഥിച്ചുവെങ്കിലും ഉത്തരം കിട്ടിയില്ല എന്നി ങ്ങനെ ഉത്തരം കിട്ടാൻ വേണ്ടി ധൃതികാണിക്കുക, പ്രാർത്ഥന മടുത്ത് കൊണ്ട് ഉപേ ക്ഷിക്കുക, പ്രാർത്ഥിക്കുമ്പോൾ മനസ്സ് അശ്രദ്ധമാവുക, പ്രാർത്ഥനയുടെ മര്യാദകൾ പാലിക്കാതിരിക്കുക: ഒരിക്കൽ നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലാതെ നമ**

സ്കാരത്തിൽ പ്രാർത്ഥിക്കുന്നത് അവിടന്ന് കേട്ടു. അപ്പോൾ അവിടന്ന് പറഞ്ഞു: ഇയാൾ ധൃതി കാണിച്ചിരിക്കുന്നു. ശേഷം അയാളെ വിളിച്ചുകൊണ്ട് പറഞ്ഞു: നിങ്ങളിലാരെങ്കിലും പ്രാർത്ഥിക്കുന്നതായാൽ തുടക്കത്തിൽ അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യട്ടെ. ശേഷം നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും പിന്നീട് അവൻ ഉദ്ദേശിച്ച കാര്യങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യട്ടെ (അബൂദാവൂദ്, തുർമുദി) ഇഹലോകത്ത് ശാശ്വതവാസം ലഭിക്കുക പോലെയുള്ള കാര്യത്തിന് വേണ്ടി പ്രാർത്ഥിക്കുക. പ്രാർത്ഥന കൃത്രിമമായി പ്രാസം യോജിപ്പിച്ചു കൊണ്ടുള്ളതാവുക. അല്ലാഹു പറഞ്ഞു: താഴ്മയോട് കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (7:55) ഇബ്നു അബ്ബാസ് ﷺ പറഞ്ഞു: പ്രാർത്ഥനയിൽ പ്രാസമുണ്ടാക്കുന്നത് നിങ്ങൾ സൂക്ഷിക്കുക. അത് വർജ്ജിക്കേണ്ടതാണ്. നബ ﷺ യും സ്വഹാബികളും അപ്രകാരം ചെയ്യുമായിരുന്നില്ല. (അവർ പ്രാസം വർജ്ജിക്കുമായിരുന്നു.) (ബുഖാരി) പ്രാർത്ഥന അമിതമായി ഉച്ചത്തിലാക്കുക. അല്ലാഹു പറഞ്ഞു: പ്രാർത്ഥന നീ ഉച്ചത്തിലാക്കരുത് അത് പതുക്കെയുമാക്കരുത് അതിന്നിടയിലുള്ള ഒരു മാർഗ്ഗം നീ തേടിക്കൊള്ളുക. (17:100) ആഇശ(റ) പറഞ്ഞു: ഇത് അവതരിച്ചത് പ്രാർത്ഥനയെ കുറിച്ചാണ്.

## പ്രാർത്ഥന ഇപ്രകാരം ക്രമപ്പെടുത്തുന്നത് അഭികാമ്യമാണ്.

**1-** അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുക. **2-** നബിﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലുക **3-** പാപം ഏററു പറയുക **4-** അല്ലാഹുവിനോട് അനുഗ്രഹങ്ങൾക്ക് നന്ദി പറയുക **5-** പ്രാർത്ഥനയിൽ പ്രവേശിക്കുകയും അതിനായി എല്ലാം ഉൾകൊ ള്ളുന്ന പൊതുവായതും നബി ﷺ യിൽ നിന്നും സ്വഹാബത്തിൽ നിന്നും സ്ഥിരപ്പെട്ടതുമായ പ്രാർത്ഥനകൾ തെരഞ്ഞെടുക്കുക **6-** നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലിക്കൊണ്ട് അവസാനിപ്പിക്കുക.

## മന:പാഠമാക്കേണ്ട സുപ്രധാന പ്രാർത്ഥനകൾ:

| സന്ദർഭം | നബി ﷺ യുടെ പ്രാർത്ഥനകൾ |
|---|---|
| ഉറങ്ങുന്നതിന് മുമ്പ് | بِاسْـمِكَ اَللهُمَّ أَمُوتُ وَأَحْيَا അല്ലാഹുവേ, നിൻെറ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. |
| ഉറക്കമുണരുമ്പോൾ | اَلْحَمْدُ لِلّٰهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُور നമ്മെ മരിപ്പി(ഉറക്കി)ച്ച ശേഷം ജീവിപ്പിച്ച അല്ലാ ഹുവിനാണ് സർവ്വസ്തുതിയും. അവങ്കലാണ് നമ്മുടെ പുനർജന്മം. |
| ഉറക്കിൽ ഭയപ്പെട്ടാൽ | أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ غَضَبِهِ وَعِقَابِهِ ، وَشَرِّ عِبَادِهِ ، وَمِنْ هَمَزَاتِ الشَّيَاطِينَ وَأَنْ يَحْضُرُون അല്ലാഹുവിൻെറ കോപത്തിൽ നിന്നും ശിക്ഷയിൽ നിന്നും അവൻെറ അടിമകളുടെ തിന്മയിൽ നിന്നും പിശാചിൻെറ ദുർബോധനങ്ങളിൽ നിന്നും പിശാചുക്കൾ ഹാജറാകുന്നതിൽ നിന്നും അല്ലാഹുവിൻെറ സമ്പൂർണ്ണ വചനങ്ങൾ കൊണ്ട് ഞാൻ അഭയം തേടുന്നു. |
| സ്വപ്നം കണ്ടാൽ | നിങ്ങളിലൊരാൾ ഇഷ്ടപ്പെടുന്ന സ്വപനം കണ്ടാൽ അത് അല്ലാഹുവിൽ നിന്നുള്ളതാണ്. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അത് പറയുകയും ചെയ്യട്ടെ. വെറുക്കുന്ന സ്വപ്നം കണ്ടാൽ അത് പിശാചിൽ നിന്നാണ്. അതിൻെറ തിന്മയിൽ നിന്നഭയം തേടട്ടെ. അത് ആരോടും പറയാതിരിക്കുകയും ചെയ്യട്ടെ. എന്നാൽ അത് അവന് ബുദ്ധിമുട്ടുണ്ടാക്കുകയില്ല. |
| വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ | اَللهُمَّ إِنِّي أَعُوذُ بِكَ أَن أَضِلَ ، أَوْ أَضَلَّ ، أَوْ أَزِلَ ، أَوْ أَزَلَّ أَوْ أَظْلِمَ ، أَوْ أَظْلَمَ ، أَوْ أَجْهَلَ ، أَوْ يُجْهَلَ عَلَيَّ . بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ അല്ലാഹുവേ, ഞാൻ വഴി തെറ്റുകയോ തെറ്റിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ വ്യതിചലിക്കുകയോ വ്യതിയാനത്തിന് വിധേയമാക്കപ്പെടുക |

| | |
|---|---|
| | യോ ചെയ്യുന്നതിൽ നിന്നും, ആക്രമിക്കുകയോ ആക്രമിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും അവിവേകം ചെയ്യുകയോ അവിവേകത്തിന് വിധേയമാകുകയോ ചെയ്യുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറമേൽ ഞാൻ ഭരമേൽപ്പിക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു ശക്തിയും കഴിവുമില്ല. |
| പള്ളിയിൽ പ്രവേശിക്കുമ്പോൾ വലതു കാൽ മുന്തിക്കുക | بسْمِ الله ، وَالسَّلاَمُ عَلَى رَسُول الله اَللــهُمَّ اغفِــرْلِي ذَنْبِــى وافْــتَحْ لِــى أَبْــوَابَ رَحْمَتِــكَ .അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ സമാധാനം ഉണ്ടാകട്ടെ. അല്ലാഹുവേ, എൻെറ പാപങ്ങൾ പൊറുത്തുതരേണമേ, നിൻെറ കാരുണ്യത്തിൻെറ കവാടങ്ങൾ നീ എനിക്ക് തുറന്നു തരേണമേ! |
| പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ഇടത് കാൽ മുന്തിക്കുക | بسْمِ الله وَالسَّلاَمُ عَلَى رَسُــول الله اَللــهُمَّ اغْفِــرْلِي ذَنْبِــي وافْــتَحْ لِــي أَبْــوَابَ فَضْــلِكَ അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതൻെറ മേൽ സമാധാനം ഉണ്ടാകട്ടെ. അല്ലാഹുവേ, എൻെറ പാപങ്ങൾ നീ പൊറുത്ത് തരേണമേ. നിൻെറ ഔദാര്യത്തൻെറ കവാടങ്ങൾ എനിക്ക് തുറന്ന് തരേണമേ |
| പുതിയ വിവാഹിതന് വേണ്ടിയുള്ള | بَارَكَ اللهُ لَكَ وَبارَكَ عَلَيْك وَجمَعَ بَيْنَكُمَا فِي خَيْر അല്ലാഹു നിനക്ക് (നിൻെറ ഇണയിൽ) അനുഗ്രഹം ചെയ്യട്ടെ. നിൻെറ മേൽ അനുഗ്രഹം ചൊരിയുകയും നിങ്ങൾ രണ്ടു പേരേയും നന്മയിൽ ഒരുമിപ്പിക്കുകയും ചെയ്യട്ടെ. |
| കോഴി കൂവുന്നതോ കഴുത കരയുന്നതോ രാത്രിയിൽ നായ കുരക്കുന്നതോ കേട്ടാൽ | കോഴി കൂവുന്നത് നിങ്ങൾ കേട്ടാൽ അല്ലാഹുവിൻെറ ഔദാര്യത്തിൽ നിന്ന് ചോദിക്കുക. നിശ്ചയം അത് മലക്കിനെ കണ്ടിരിക്കുന്നു. കഴുത കരയുന്നത് കേട്ടാൽ നിങ്ങൾ അല്ലാഹുവിനോട് പിശാചിൽ നിന്ന് അഭയം ചോദിക്കുക. നിശ്ചയം അത് പിശാചിനെ കണ്ടിരിക്കുന്നു രാത്രിയിൽ നായ കുരക്കുന്നതോ കഴുത കരയുന്നതോ നിങ്ങൾ കേട്ടാൽ അവയിൽ നിന്ന് അല്ലാഹുവിൽ അഭയം തേടുക. കാരണം നിങ്ങൾ കാണാത്ത ചിലത് അവ കാണുന്നു. |
| താങ്കളെ അല്ലാഹുവിന് വേണ്ടി ഞാൻ സ്നേഹിക്കുന്നു വെന്ന് പറഞ്ഞാൽ | അനസി ﷺ ൽ നിന്ന് നബി ﷺ യുടെ അടുക്കലുണ്ടായിരുന്ന ഒരാൾ അതിലെ നടന്നുപോയ മറെറാരാളെ കുറിച്ച് ഞാൻ അയാളെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞു. അവിടുന്ന് ചോദിച്ചു: അത് അയാളെ താങ്കൾ അറിയിച്ചുവോ? അദ്ദേഹം പറഞ്ഞു: ഇല്ല. അവിടുന്ന് പറഞ്ഞു: അറിയിക്കുക. അപ്പോൾ അയാളുടെ അടുക്കൽ ചെന്ന് പറഞ്ഞു: അല്ലാഹുവിന് വേണ്ടി ഞാൻ താങ്കളെ സ്നേഹിക്കുന്നു. അ യാൾ പ്രതിവചിച്ചു: താങ്കൾ ആർക്കു വേണ്ടി എന്നെ സ്നേഹി ച്ചുവോ അവൻ താങ്കളേയും സ്നേഹിക്കട്ടെ. |
| തുമ്മിയാലുള്ള പ്രാർത്ഥന | الحمد لله ، يرحمك الله، يَهْدِيكُمُ اللهُ وَيُصْــلِحُ بَــالَكُمْ നിങ്ങളിലൊരാൾ തുമ്മിയാൽ അവൻ 'സർവ്വ സ്തുതിയും അല്ലാഹുവിനാണ്' എന്ന് പറയട്ടെ. അത് കേട്ട അവൻെറ സഹോദരൻ 'അല്ലാഹു നിനക്ക് കരുണ ചെയ്യട്ടെ' എന്ന് പറയട്ടെ. തുമ്മിയവൻ 'അല്ലാഹു നിങ്ങളെ സന്മാർത്തിലാക്കു കയും നിങ്ങളുടെ അവസ്ഥ നന്നാക്കുകയും ചെയ്യട്ടെ' എന്ന് പറയട്ടെ. തുമ്മിയിട്ട് അല്ലാഹുവിനെ സ്തുതിച്ച കാഫിറിനോട് പറയേണ്ടത് يَهْدِيكُمُ اللهُ وَيُصْلِحُ بَــالَكُمْ 'അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കുകയും നിങ്ങളുടെ അവസ്ഥ നന്നാക്കു കയും ചെയ്യട്ടെ' യർഹമുകല്ലാഹു എന്ന് പറയരുത്. |

| | |
|---|---|
| പ്രയാസം ഉണ്ടാകുമ്പോൾ | لا إلهَ إلاَّ اللهُ الْعَظِيمُ الْحَلِيمُ لا إلهَ إلاَّ اللهُ رَبُّ الْعَرْشِ الْعَظِيمِ ، لا إلهَ إلاَّ اللهُ رَبُّ السَّمواتِ وَرَبُّ الأَرْضِ وربُّ الْعَرْشِ الْكَرِيمِ<br>സഹനശീലനും മഹാനുമായ അല്ലാഹു അല്ലാതെ യാതൊരു ആരാധ്യനുമില്ല. മഹാനും സിംഹാസനത്തിൻെറ നാഥനുമായ അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ല. ആ കാശങ്ങളുടേയും ഭൂമിയുടേയും സിംഹാസനത്തിൻേറയും രക്ഷിതാ വും അത്യുദാരനുമായ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല.<br>اللهُ اللهُ رَبِّي لا أُشْرِكُ بِهِ شَيْئاً അല്ലാഹു, അല്ലാഹുവാണ് എൻെറ രക്ഷിതാവ്. അവ നോട് ഞാൻ ഒന്നിനേയും പങ്ക് ചേർക്കുകയില്ല.<br>يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ നിൻെറ കാരുണ്യം കൊണ്ട് എന്നെ സഹായിക്കേണമേ<br>سُبْحَانَ اللهِ الْعَظِيمِ മഹാനായ അല്ലാഹുവിൻെറ പരിശുദ്ധി ഞാൻ വാഴ്ത്തുന്നു. |
| ശത്രുവിനെതിരെയുള്ള പ്രാർത്ഥന | اَللهُمَّ مُجْرِيَ السَّحَابِ مُنْزِلَ الْكِتَابِ، سَرِيعَ الْحِسَابِ، اهْزِمِ الأَحْزَابَ، اَللهُمَّ اهْزِمْهُمْ وَزَلْزِلْهُمْ<br>മേഘങ്ങൾ സഞ്ചരിപ്പിക്കുന്നവനും ഗ്രന്ഥം അവതരിപ്പിച്ചവനും വേഗത്തിൽ വി ചാരണ ചെയ്യുന്നവനുമായ അല്ലാഹുവേ, ശത്രുവിഭാഗങ്ങളെ നീ പരാജയപ്പെ ടുത്തേണമേ! അല്ലാഹുവേ അവരെ പരാജയപ്പെടുത്തുകയും അവരെ വിറപ്പി ക്കുകയും ചെയ്യേണമേ. |
| രാത്രി ഉറക്കിൽ നിന്ന് എഴുന്നേറ്റാൽ | لاَ إلَهَ إلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. سُبْحَانَ اللهِ ، وَالْحَمْدُ للهِ ، وَلاَ إلَهَ إلاَّ اللهُ ، وَاللهُ أَكْبَرُ ، وَلاَحَوْلَ وَلاَ قُوَّةَ إلاَّ باللهِ الْعَلِيِّ الْعَظِيمِ، اللهمّ اغْفِرْ لِي<br>അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കു കാരില്ല. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. അല്ലാഹു എത്ര പരിശു ദ്ധൻ! സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അല്ലാഹു അല്ലാതെ ആരാധ്യനില്ല. അല്ലാഹുവാണ് ഏറ്റവും മഹാൻ. പാപത്തിൽ നിന്നുള്ള പിൻമാറ്റവും ആരാധനക്കുള്ള ശക്തിയും ഉന്നതനും മഹാനുമായ അല്ലാഹുവിനെ കൊണ്ടുമാത്രമാണ്. നാഥാ എനിക്ക് പൊറുത്ത് തരേ ണമേ. ഇതു ചൊല്ലിയവന് അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുന്നതാണ്. എഴുന്നേറ്റ് വുളുവെടുത്ത് നമ സ്കരിച്ചാൽ അത് സ്വീകരിക്കുന്നതാണ്. |
| ഒരുകാര്യം പ്രയാസകരമായിത്തീർന്നാൽ. | اَللهُمَّ لاَ سَهْلَ إلاَّ مَا جَعَلْتَهُ سَهْلاً وَأَنْتَ تَجْعَلُ الْحَزْنَ إذَا شِئْتَ سَهْلاً അല്ലാഹുവേ നീ എളുപ്പമാക്കിയാലല്ലാതെ ഒരെളുപ്പവുമില്ല. നീ ഉദ്ദേശിച്ചാൽ ഉറപ്പുള്ള ഭൂമിയെ മാർദ്ദവമുള്ള സമതലമാക്കുന്നവനാണല്ലോ. |
| കടം വീട്ടാൻ | اَللهُمَّ إنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ ، وَالْعَجْزِ وَالْكَسَلِ ، وَالْبُخْلِ وَالْجُبْنِ ، وَضَلَعِ الدَّيْنِ ، وَغَلَبَةِ الرِّجَالِ<br>അല്ലാഹുവേ, ദു:ഖം, വിഷാദം, ദുർബ്ബലത, അലസത, പിശുക്ക്, ഭീരുത്വം, കടത്തിൻെറ ഭാരം, ആളുകൾക്ക് വിധേയമാകൽ എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നിലഭയം തേടുന്നു. |
| വിസർജന സ്ഥലത്ത് | വിസർജ്ന സ്ഥലത്ത് പ്രവേശിക്കുമ്പോൾ اَللّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ അല്ലാഹുവേ, എല്ലാ ആൺ, പെൺ പിശാചുക്കളിൽ നിന്നും നിന്നോട് ഞാൻ കാവൽ ചോദിക്കുന്നു.. അതിൽ നിന്ന് പുറത്ത് വരുമ്പോൾ غُفْرَانَكَ (അല്ലാഹുവേ) നിന്നോട് ഞാൻ പാപമോചനം തേടുന്നു. |
| വസ്വാസുണ്ടാകുമ്പേൾ | നമസ്കാരത്തിൽ വസ്വാസുണ്ടാക്കുന്നത് ഖൻസബ് (خنزب) എന്ന പിശാചാണ്. അത് ബാധിച്ചാൽ പിശാചിൽ നിന്ന് അല്ലാഹുവിൽ അഭയം ചോദിക്കണം ശേഷം മൂന്ന് തവണ ഇടത് ഭാഗത്ത് തുപ്പുകയും ചെയ്യുക. |
| ദു: | سُبْحَانَكَ اَللهُمَّ رَبَّنَا وَبِحَمْدِكَ اَللهُمَّ اغْفِرْلِي ഞങ്ങളുടെ നാഥനായ അല്ലാഹുവേ നിന്നെ സ്തുതി |

| | |
|---|---|
| | ക്കുന്നതോടൊപ്പം നിൻെറ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു. അല്ലാഹുവേ എനിക്ക് പൊറുത്ത് തരേണമേ! اَللهُمَّ اغْفِرْلِي ذَنْبِي كُلَّهُ ، دِقَّهُ وَجِلَّهُ وَأَوَّلَهُ وَآخِرَهُ وَعَلاَنِيَّتَهُ وَسِرَّهُ അല്ലാഹുവേ, ചെറുതും വലുതും ആദ്യത്തേതും അവസാനത്തേതും പരസ്യവും രഹസ്യവുമായ എൻെറ എല്ലാ പാപങ്ങളും നീ പൊറുത്തു തരേണമേ!<br>اَللهُمَّ إِنِّي أَعُوذُ بِرِضَاكَ مِنْ سَخَطِكَ وَبِمُعَافَاتِكَ مِنْ عُقُوبَتِكَ وَأَعُوذُ بِكَ مِنْكَ لاَ أُحْصِي ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ<br>അല്ലാഹുവേ, നിശ്ചയം ഞാനിതാ നിൻെറ പ്രീതി കൊണ്ട് നിൻെറ കോപത്തിൽ നിന്നും നിൻെറ വിട്ടു വീഴ്ചകൊണ്ട് നിൻെറ ശിക്ഷയിൽ നിന്നും അഭയം തേടുന്നു. നിന്നിൽ നിന്നുള്ള എല്ലാ വിഷമങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. നിൻെറ മേലുള്ള സ്തുതിയെ കണക്കാക്കാൻ എനിക്ക് കഴിയില്ല. നീ നിന്നെക്കുറിച്ച് പ്രകീർത്തിച്ചത് എങ്ങനെയാണോ അങ്ങനെയാണ് നീ. |
| ഖുർആൻ പാരാണത്തിൻെറ സുജൂദിൽ | اَللهُمَّ لَكَ سَجَدْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ سَجَدَ وَجْهِيَ لِلَّذِي خَلَقَهُ وَصَوَّرَهُ وَشَقَّ سَمْعَهُ وَبَصَرَهُ تَبَارَكَ اللهُ أَحْسَنُ الْخَالِقِينَ<br>അല്ലാഹുവേ നിനക്ക് ഞാനിതാ സാഷ്ടാംഗം ചെയ്തിരിക്കുന്നു. നിന്നെ വിശ്വസിക്കുകയും നിനക്ക് കീഴ്പെടുകയും ചെയ്തിരിക്കുന്നു. സൃഷ്ടിക്കുകയും രൂപം നൽകുകയും കണ്ണും കാതും കീറുകയും ചെയ്തവന് എൻെറ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. സൃഷ്ടിക്കുന്നവനിൽ ഉത്തമനായ അല്ലാഹു അനുഗ്രഹീതനായിരിക്കുന്നു. |
| നമസ്കാരത്തിലെ പ്രാർത്ഥന | اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ، اللَّهُمَّ نَقِّنِي مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ، اللَّهُمَّ اغْسِلْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ<br>അല്ലാഹുവെ  കിഴക്കിനും പടിഞ്ഞാറിനുമിട യിൽ നീ അകറ്റിയതുപോലെ എന്റെയും എന്റെ പാപങ്ങളുടെയും ഇടയിൽ നീ അകറ്റേണമേ . അല്ലാഹുവേ വെള്ള വസ്ത്രം അഴുക്കിൽ  നി ന്ന് ശുദ്ധിയാക്ക പെടുന്നതു പോലെ  എന്നെ  പാപത്തിൽ നിന്ന്  നീ ശുദ്ധിയാക്കേണമെ, അല്ലാഹുവേ എന്നെ പാപങ്ങളിൽ നിന്നും ആലി ഷഠം കൊണ്ടും മഞ്ഞ് കൊണ്ടും വെള്ളം കൊണ്ടും കഴുകേണമേ |
| നമസ്കാരത്തിൻെറ അവസാനത്തിൽ | اَللهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ<br>അല്ലാഹുവേ, ഞാൻ എൻെറ ആത്മാവിനോട് അനേകം അക്രമങ്ങൾ ഠŶയ്തുപോയിട്ടുണ്ട്. പാപങ്ങൾ പൊറുക്കാൻ നഘയല്ലാതെയില്ല. അതിന▯ ൽ നിൻെറ അടുത്ത് നിന്നുള്ള പാപമോചനം എനിക്ക് ചെയ്ത് തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ! നിശ്ചയം നീ കൂടുതൽ പൊറുക്കുന്നവനും കാരുണ്യവാനുമാണല്ലോ. |
| നമസ്കാരത്തിന് പിറകെ | اَللهُمَّ أَعِنِّي عَلَى ذِكْرِكَ ، وَشُكْرِكَ ، وَحُسْنِ عِبَادَتِكَ അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിന്നോട് നന്ദി കാണിക്കാനും നിനക്ക് നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യാനും എന്നെ നീ സഹായിക്കേണമേ!<br>اَللهُمَّ إِنِّي أَعُوذُ بِكَ مِنَ الْكُفْرِ وَالْفَقْرِ وَعَذَابِ الْقَبْرِ അല്ലാഹുവേ, അവിശ്വാസത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. |
| നല്ല കാര്യം ചെയ്തവന് വേണ്ടി | جَزَاكَ اللهُ خَيْرًا അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകട്ടെ എന്ന് പറഞ്ഞാൽ അവൻ നന്നായി പുകഴ്ത്തി അപ്പോൾ അവൻ താങ്കൾക്കും അല്ലാഹു പ്രതിഫലം തരട്ടെ എന്ന് പ്രതിവചിക്കണം. |
| മഴ വർഷിക്കുമ്പോൾ | اللهُمَّ صَيِّبًا نَافِعًا അല്ലാഹുവേ ഉപകരിക്കുന്ന ധാരാളം മഴ നൽകേണമേ!<br>مُطِرْنَا بِفَضْلِ اللهِ وَرَحْمَتِهِ അല്ലാഹുവിൻെറ ഔദാര്യവും കാരുണ്യവും കൊണ്ട് നമുക്ക് മഴ ലഭിച്ചു. |
| കാറ്റടിക്കുമ്പോൾ | اَللهُمَّ إِنِّي أَسْأَلُكَ خَيْرَهَا وَخَيْرَ مَا فِيهَا وَخَيْرَ مَا أُرْسِلَتْ بِهِ وَأَعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَا فِيهَا وَشَرِّ مَا أُرْسِلَتْ بِهِ<br>അല്ലാഹുവേ, കാറ്റിൽ നല്ലതിനേയും അതിലുള്ളതിൻെറ നന്മയേയും അത് അയക്കപ്പെട്ടതിനാലുള്ള നന്മയേയും നിന്നോട് ഞാൻ ചോദിക്കുന്നു. കാറ്റി |

| | |
|---|---|
| | ൽ മോശമായതിൽ നിന്നും അതിലുള്ള തിന്മയിൽ നിന്നും അത് അയക്കപ്പെട്ടതിനാലുള്ള തിന്മയിൽ നിന്നും നിന്നിലഭയം തേടുന്നു. |
| **മാസപ്പിറവി കണ്ടാൽ** | **اللهُمَّ أَهِلَّهُ عَلَيْنَا بِالأَمْنِ وَالإِيمَانِ وَالسَّلَامَةِ وَالإِسْلَامِ هِلَالُ خَيْرٍ وَرُشْدٍ رَبِّي وَرَبُّكَ اللهُ** അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹുവേ നിർഭയത്വവും വിശ്വാസവും സമാധാനവും കൊണ്ട് ഈ മാസത്തെ ഞങ്ങളിൽ ഉദിപ്പിക്കേണമേ. [ മാസത്തെ നോക്കി പറയുക ] എന്റെയും നിന്റേയും നാഥൻ അല്ലാഹുവാണ്. |
| **യാത്ര പോകുന്നവന് വേണ്ടി** | **أَسْتَوْدِعُ اللهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ** താങ്കളുടെ മതവും വിശ്വസ്തതയും പ്രവർത്തനങ്ങളുടെ പര്യവസാനവും ഞാൻ അല്ലാഹുവിൽ ഏൽപിക്കുന്നു.<br>**യാത്ര ചോദിക്കുമ്പോൾ: أَسْتَوْدِعُكُمُ اللهَ الَّذِي لَا تَضِيعُ وَدَائِعُهُ** നിങ്ങളെ ഞാൻ അല്ലാഹുവിൽ ഏൽപിക്കുന്നു. അവനിൽ വിശ്വസിച്ചേൽപ്പിക്കപ്പെടുന്നവ പാഴാവുകയില്ല. |
| **യാത്രയിലെ പ്രാർത്ഥന** | **اللهُ أَكْبَرُ ، اللهُ أَكْبَرُ ، اللهُ أَكْبَرُ ، سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ اللهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى ، وَمِنَ الْعَمَلِ مَا تَرْضَى ، اللهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ ، وَالْخَلِيفَةُ فِي الأَهْلِ اللهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالأَهْلِ ،**<br>അല്ലാഹു ഏറ്റവും വലിയവനാണ്. (മൂന്ന് തവണ പറയുക) ഈ വാഹനം ഞങ്ങൾക്ക് കീഴ്പെടുത്തിതന്നവനായ അല്ലാഹു പരിശുദ്ധനാണ്. ഞങ്ങൾ അത് കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് മടങ്ങുന്നവരാകുന്നു. അല്ലാഹുവേ ഞങ്ങളുടെ ഈ യാത്രയിൽ പുണ്യവും തഖ്‌വയും നീ തൃപ്തിപ്പെടുന്ന കർമ്മവും നിന്നോട് ഞങ്ങൾ ചോദിക്കുന്നു. അല്ലാഹുവേ ഈ യാത്ര ഞങ്ങൾക്ക് എളുപ്പമുള്ളതാക്കി തരികയും ദൂരം ചുരുക്കിതരികയും ചെയ്യേണമേ. അല്ലാഹുവേ യാത്രയിലെ കൂട്ടുകാരനും കുടുംബത്തിലെ പകരക്കാരനും നീയാണ്. അല്ലാഹുവേ യാത്രാ ക്ലേശത്തിൽ നിന്നും ദു:ഖകരമായ കാഴ്ചയിൽ നിന്നും കുടുംബത്തിലും ധനത്തിലും മോശമായ പരിണിതിയുണ്ടാകുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.<br>**യാത്രയിൽ നിന്ന് മടങ്ങിയാൽ** മേൽ വചനങ്ങളുടെ പുറമെ **آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ** മടങ്ങുന്നവരും പശ്ചാത്തപിക്കുന്നവരും ആരാധിക്കുന്നവരും ഞങ്ങളുടെ നാഥനെ സ്തുതിക്കുന്നവരുമാണ് ഞങ്ങൾ എന്നും പറയുക. |
| **പള്ളിയിലേക്ക് പോകുമ്പോൾ** | **اَللهُمَّ اجْعَلْ فِي قَلْبِي نُوراً ، وَفِي لِسَانِي نُوراً ، وَفِي سَمْعِي نُوراً ، وَفِي بَصَرِي نُوراً ، وَمِنْ فَوْقِي نُوراً ، وَمِنْ تَحْتِي نُوراً ، وَعَنْ يَمِينِي نُوراً ، وَعَنْ شِمَالِي نُوراً ، وَمِنْ أَمَامِي نُوراً وَمِنْ خَلْفِي نُوراً وَاجْعَلْ فِي نَفْسِي نُوراً ، وَأَعْظِمْ لِي نُوراً ، وَعَظِّمْ لِي نُوراً ، وَاجْعَلْ لِي نُوراً ، وَاجْعَلْنِي نُوراً اللّهُمَّ أَعْطِنِي نُوراً ، وَاجْعَلْ فِي عَصَبِي نُوراً ، وَفِي لَحْمِي نُوراً ، وَفِي دَمِي نُوراً ، وَفِي شَعْرِي نُوراً ، وَفِي بَشَرِي نُوراً ،**<br>അല്ലാഹുവേ, എന്റെ ഹൃദയത്തിലും നാവിലും കാതിലും കണ്ണിലും നീ പ്രകാശം നൽകേണമേ! എന്റെ മുകളിലും താഴെയും വലതും ഇടതും ഭാഗങ്ങളിലും എന്റെ മുന്നിലും പിന്നിലും നീ പ്രകാശം നൽകേണമേ! എനിക്ക് പ്രകാശത്തെ മഹിതമാക്കുകയും അത് മഹത്വപ്പെടുത്തിതരികയും ചെയ്യേണമേ! എനിക്ക് പ്രകാശം നൽകുകയും എന്നെ പ്രകാശിതമാക്കുകയും ചെയ്യേണമേ! അല്ലാഹുവേ, എനിക്ക് പ്രകാശത്തെ നൽകുകയും എന്റെ ഞരമ്പുകളിലും മാംസത്തിലും രക്തത്തിലും രോമത്തിലും ആ പ്രകാശത്തെ നീ ആക്കുകയും ചെയ്യേണമേ! |

**ഉറങ്ങാൻ കിടക്കുമ്പോൾ**

اَللهُمَّ أَسْلَمْتُ نَفْسِي إِلَيْكَ ، وَفَوَّضْتُ أَمْرِي إِلَيْكَ ، وَوَجَّهْتُ وَجْهِي إِلَيْكَ ، وَأَلْجَأْتُ ظَهْرِي إِلَيْكَ ، رَغْبَةً وَرَهْبَةً إِلَيْكَ ، لاَ مَلْجَأَ وَلاَ مَنْجَا مِنْكَ إِلاَّ إِلَيْكَ ، آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ وَبِنَبِيِّكَ الَّذِي أَرْسَلْتَ

അല്ലാഹുവേ എന്നെ ഞാൻ നിന്നിലേൽപ്പിക്കുകയും എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുകയും എന്റെ മുതുകിനെ ഞാൻ നിന്നിലേക്ക് ചേർ ക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ കാംക്ഷിച്ചു കൊണ്ടും നിന്റെ ശിക്ഷയെ ഭയ ന്നുകൊണ്ടുമാണ് (അങ്ങനെ ചെയ്തത്) നിന്നിലേക്ക് മടങ്ങുകയല്ലാതെ നിന്റെ ശിക്ഷയിൽ നിന്ന് അഭയമോ രക്ഷയോ ഇല്ല. നീ അവതരിപ്പിച്ച വേദത്തിലും നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.

اَلْحَمْدُ لِلهِ الَّذِي أَطْعَمَنَا وَسَقَانَا وَكَفَانَا وَآوَانَا فَكَمْ مِمَّنْ لاَ كَافِيَ لَهُ وَلاَ مُؤْوِيَ ഞങ്ങളെ ഭക്ഷിപ്പിക്കുകയും ഞങ്ങളെ കുടിപ്പിക്കുകയും ഞങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ഞ ങ്ങൾക്ക് അഭയം നൽകുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും. അഭയം നൽകുവാനോ ആവശ്യം നിർവ്വഹിക്കുവാനോ ആരുമില്ലാത്തവർ എത്ര!

اَللهُمَّ قِنِي عَذَابَكَ يَوْمَ تُبْعَثُ عِبَادَكَ അല്ലാഹുവേ,നിന്റെ ദാസന്മാരെ പുനർജീവിപ്പിക്കുന്ന ദിനത്തിൽ നിന്റെ ശിക്ഷയിൽ നിന്ന് എന്നെ കാത്ത് രക്ഷിക്കേണമേ! [ഇത് മൂന്ന് പ്രാവശ്യം ചൊല്ലുക]

سُبْحَانَكَ اللهُمَّ رَبِّي بِكَ وَضَعْتُ جَنْبِي وَبِكَ أَرْفَعُهُ إِنْ أَمْسَكْتَ نَفْسِي فَاغْفِرْ لَهَا وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ

എന്റെ രക്ഷിതാവേ, നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. എന്റെ നാഥാ, നിന്റെ സഹായം കൊണ്ട് ഞാനിതാ എന്റെ പാർശ്വം വെക്കുന്നു. അതിനെ ഞാൻ ഉയർത്തുന്നതും നിന്റെ സഹായം കൊണ്ടാണ്. എന്റെ ആത്മാവിനെ നീ പിടിക്കുക യാണെങ്കിൽ അതിനോട് നീ പൊറുക്കേണമേ! അതിനെ നീ വിട്ടു തരികയാണെങ്കിൽ നിന്റെ സദ്വൃത്തരായ ദാസന്മാരെ സംരക്ഷിക്കുന്നത് കൊണ്ട് അതിനേയും നീ സംര ക്ഷിക്കേണമേ!

قُلْ هُوَ اللهُ أَحَدٌ ، قُلْ أَعُوذُ بِرَبِّ الْفَلَقِ ، قُلْ أَعُوذُ بِرَبِّ النَّاسِ എന്നീ സൂറത്തുകൾ ഓതി (ഇരുകൈ കളിലും ഊതി) തലയും മുഖവും ശരീരത്തിന്റെ ഭാഗങ്ങളുമൊക്കെ തടവുക. ഇത് മൂന്ന് പ്രാവശ്യം ചെയ്യുക. അലിഫ് ലാം മീം സജദയും സൂറത്തുൽ മുൽകും ഓതുക

**ഉത്തമമായതേതാണെന്ന് വെളിപ്പെടാൻ വേണ്ടിയുള്ള നമസ്കാരവും ദുആയും**

ജാബിർ ﷺ പറയുന്നു: തിരുദൂതർ ﷺ ഖുർആനിലെ സൂറത്ത് പഠിപ്പിക്കുന്ന പോലെ സർവ്വകാര്യങ്ങളിലും ഇസ്തിഖാറത്ത് ചെയ്യേണ്ടത് ഞങ്ങളെ പഠിപ്പിച്ചിരുന്നു. നബി ﷺ പറഞ്ഞു: ഒരു കാര്യം ചെയ്യുന്നതിനെക്കുറിച്ച് തീരുമാനത്തിലെത്താൻ കഴിയു ന്നില്ലെങ്കിൽ രണ്ടു റക്അത്ത് നമസ്കരിക്കുകയും ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്താൽ ഉത്തമമായ മാർഗ്ഗം പടച്ചവൻ കാണിച്ചു തരും.

اَللهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ ، وَأَسْتَقْدِرُكَ بِقُدْرَتِكَ ، وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ وَتَعْلَمُ وَلاَ أَعْلَمُ وَأَنْتَ عَلاَّمُ الْغُيُوبِ اللهم إن كُنْتَ تعلم أَنَّ هٰذا الأَمر - خَيرٌ لى فِي دِينِي ومعاشى وعَاقِبَةِ أَمْرِي أَوْ قَالَ عاجله وآجله - فَاقْدره لِى وَيسره لِى ثُمَّ بارك لى فِيه ، وإِنْ كُنْتَ تَعْلَمُ أَنَّ هٰذا الأمر شَرٌّ لِى فى دينى ومعاشى وعاقبة أمرِي أَو قَال عاجله وآجله - فاصرفه عنى واصرفنى عنه واقدر لى الخير حيث كان ثم رضنى به .

അല്ലാഹുവേ, നിന്റെ അറിവിന്റെ അടിസ്ഥാനത്തിൽ നിന്നോട് ഉത്തമമേതെന്ന് ഞാൻ ചോ ദിക്കുന്നു. നിന്റെ കഴിവിന്റെ അടിസ്ഥാനത്തിൽ നിന്നോട് ഞാൻ കഴിവിനെ ചോദിക്കുന്നു. നിന്റെ മഹത്തായ ഔദാര്യത്തിൽ നിന്ന് ഞാൻ ചോദിക്കുകയും ചെയ്യുന്നു. കാരണം നീ കഴിവു ള്ളവനും ഞാൻ കഴിവില്ലാത്തവനുമാണ്. നീയെല്ലാം അറിയുന്നു. ഞാൻ അറിയുന്നുമില്ല. നീയാ കട്ടെ എല്ലാ പരമ രഹസ്യങ്ങളും നല്ലപോലെ അറിയുന്നവനുമാണ്. അല്ലാഹുവേ, ഈ കാര്യം- ഇവിടെ കാര്യമെന്തെന്ന് പറയുക- എനിക്ക് എന്റെ മതത്തിലും ഐഹിക കാര്യത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും -അഥവാ എന്റെ വർത്തമാനത്തിലും ഭാവിയിലും- ഉത്തമമാ ണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും എനിക്കത് എളുപ്പമാക്കിത്തരികയും പിന്നീട് എനിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ! ഈ കാര്യം എന്റെ മതത്തിലും ഐഹിക കാര്യത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും ദോഷകരമാണെന്ന് നീ അറി യുന്നുവെങ്കിൽ എന്നെ അതിൽ നിന്നും അതിനെ എന്നിൽ നിന്നും തിരിച്ചു കളയേണമേ! നന്മ എവിടെയാണോ അതെനിക്ക് വിധിക്കുകയും എന്നിട്ട് അതിനെ എനിക്ക് തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ!

| | |
|---|---|
| ജനാസ നമസ്കാരത്തിലെ പ്രാർത്ഥന | اللّٰهمّ اغفِرْ له وارْحمْه، وعافِه واعفُ عنْه، وأكْرِمْ نزُلَه، ووسِّعْ مدْخَلَه، واغْسِلْه بالْماءِ والثّلْجِ والبَرَدِ، ونَقِّه من الخَطايا كما نقَّيتَ الثَّوْبَ الأبْيَضَ من الدنَسِ،وأبدِلْه دارا خيرا من دارِه، وأهلا خيرا من أهْلِه، وزوجا خيرا من زوْجِه، وأدْخِلْه الجنَّةَ، وأعِذْه من عذابِ القَبرِ، ومن عذابِ النَّار. <br> അല്ലാഹുവേ ഇദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും കാരുണ്യം ചൊരികുകയും ചെയ്യേണമേ. ഇതിന് നീ മാപ്പ് നൽകയും സുഖം നൽകുയും ചെയ്യേണമേ. അല്ലാഹുവേ,അദ്ദേഹത്തിന്റെ വിരുന്ന് നീ ആദരപൂർവ്വമാക്കേണമേ,അതിന്റെ പ്രവേശന മാർഗ്ഗം നീ പ്രവിശാലമാക്കേണമേ. വെള്ളം കൊണ്ടും മഞ്ഞു കൊണ്ടും ആലിപ്പഴം കൊണ്ടും കഴുകേണമേ. അഴുക്കിൽ നിന്നും വെള്ള വസ്ത്രം ശുദ്ധിയാക്കിയ പോലെ അദ്ദേഹത്തിന്റെ പാപങ്ങളിൽ നിന്നും നീ അതിനെ ശുദ്ധിയാക്കേണമേ. അദ്ദേഹത്തിന്റെ വീടിനെക്കാൾ ഉത്തമായവീടും വീട്ടുക്കാരേക്കാൾ നല്ല വീട്ടുക്കാരേയും ഇണയേക്കാൾ നല്ല ഇണയേയും നീ നൽകേണമേ.അല്ലാഹുവെ,നരക ശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ഇതിനെ നീ രക്ഷപ്പെടുത്തുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യേണമേ. |
| ദുഃഖങ്ങൾ മാറാനുള്ള പ്രാർത്ഥന | اللهم إني عبدك، وابن عبدك، وابن أمتك، ناصيتي بيدك، ماض في حكمك ، عدل في قضاؤك، أسألك بكل اسم هو لك، سميت به نفسك، أو علمته أحدا من خلقك، أو أنزلته في كتابك أو استأثرت به في علم الغيب عندك، أن تجعل القرآن ربيع قلبي ونور صدري، وجلاء حزني، وذهاب همي <br> (അല്ലാഹുവേ, ഞാൻ നിന്റെ ദാസനും നിന്റെ ദാസന്റെ പുത്രനും നിന്റെ ദാസിയുടെ മകനുമാണ്.എന്റെ മൂർദ്ദാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പിലാകുന്നു. നിന്റെ വിധി എന്നിൽ നീതിയായിത്തീരുന്നു. നീ നിനക്ക് നിശ്ചയിച്ചതും നിന്റെ വേദത്തിൽ അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും നിന്റെ പക്കലുള്ള അദൃശ്യജ്ഞാനത്തിൽ നീ സ്വന്തമാക്കി വെച്ചതുമായ നിനക്കുള്ള മുഴുവൻ പേരുകളുടേയും പേരിൽ ഞാൻ നിന്നോട് ചോദിക്കുന്നു. ഖുർആൻ എന്റെ ഹൃദയത്തിന് വസന്തവും എന്റെ നെഞ്ചിന് പ്രകാശവും എന്റെ ദു:ഖത്തിന് പരിഹാരവും എന്റെ വിഷാദത്തെ നീക്കുന്നതുമാക്കിത്തീർക്കേണമേ!) എന്ന് ദുഖാകുലനായ വ്യക്തി പ്രാർത്ഥിച്ചാൽ അത് അല്ലാഹു അവനില്ലാതാക്കുകയും പകരം സന്തോഷം നൽകുകയും ചെയ്യുമെന്ന് നബി ﷺ പറഞ്ഞു. (അഹ്മദ്). |

## ലാഭകരമായ കച്ചവടം

അല്ലാഹു മനഷ്യന് സൃഷ്ടികളിൽ ഉന്നത സ്ഥാനം നൽകി. സംസാരിക്കാനുള്ള നാവ് കൊണ്ട് അവനെ അനുഗ്രഹിച്ചു. അത് നല്ലതിന് ഉപയോഗിക്കുകയാണെങ്കിൽ ഇഹത്തിലും പരത്തിലും വിജയം നേടാൻ അവന് സാധിക്കുന്നതാണ്. അല്ലാത്ത മാർഗ്ഗത്തിൽ ഉപയോഗിച്ചാൽ ഇരു ലോകത്തും നാശത്തിലെത്തിക്കുന്നതു മാണ്. നാവ് ഉപയോഗിക്കുന്നതിൽ ഉത്തമമായത് ഖുർആൻ പാരായണമാണ്.അത് കഴിഞ്ഞാൽ ദികറുകളുമാണ്.

**ദിക്റിൻെറ മഹത്വം:** അതിനെ കുറിച്ച് ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്.

നബി ﷺ പറഞ്ഞു: നിങ്ങളുടെ കർമ്മങ്ങളിൽ ഏററവും ഉത്തമവും, നിങ്ങളുടെ രാജാധി രാജൻെറ അടുക്കൽ ഏററവും വിശുദ്ധവും, പദവികളിൽ ഉന്നതവും, സ്വർണ്ണവും വെള്ളിയും ചെലവഴിക്കുന്നതിനേക്കാൾ ഉത്തമവും, ശത്രുവിനോട് ഏററുമുട്ടുക യും നിങ്ങൾ അവരുടെയും അവർ നിങ്ങളുടെയും കഴുത്തുകൾ വെട്ടുകയും ചെയ്യുന്നതിനേക്കാൾ ഉത്തമവുമായ ഒരു കാര്യം അറിയിച്ചു തരട്ടെയോ? അവർ പറഞ്ഞു: അതെ തിരുദൂതരെ. അവിടുന്ന് പറഞ്ഞു: അത് അല്ലാഹുവിനുള്ള ദിക്റാണ്. (തുർമദി) ഖുദ്സിയ്യായ ഒരു ഹദീസിൽ അല്ലാഹു പറഞ്ഞു: "എൻെറ ദാസൻ എന്നെ കുറിച്ച് വിചാരിക്കുന്നതിനുസരിച്ചാണ് ഞാൻ. അവൻ മനസ്സിൽ എന്നെ സ്മരിച്ചാൽ ഞാനവനെ മനസ്സിൽ സ്മരിക്കുന്നതാണ്. അവൻ എന്നെ ഒരു സമൂഹത്തിൽ വെച്ച് സ്മരിച്ചാൽ ഞാനവനെ അതിനേക്കാൾ ഉത്തമമായ ഒരു സമൂഹത്തിൽ സ്മരിക്കുന്നതാണ്. അവൻ എന്നോട് ഒരു ചാൺ അടുത്താൽ ഞാന വനോട് ഒരു മുഴം അടുക്കുന്നതാണ്."

(ബുഖാരി) നബി ﷺ പറഞ്ഞു: മുഫര്രിദുകൾ മുന്നിലെത്തിയിരിക്കുന്നു. സ്വഹാബികൾ ചോദിച്ചു: തിരുദൂതരെ, മുഫര്രിദുകളാ രാണ്? അവിടുന്ന് പറഞ്ഞു: അല്ലാഹുവിന് കൂടുതൽ ദിക്റുകൾ ചെയ്യുന്ന പുരുഷ ന്മാരും സ്ത്രീകളുമാണ്.(മുസ്ലിം) നബി ﷺ ഉപദേശിച്ചു: അല്ലാഹുവിന് ദിക്ര് ചൊ ല്ലിക്കൊണ്ട് നിൻെറ നാവ് പച്ചപ്പുള്ളതായിക്കൊണ്ടിരിക്കട്ടെ. (തുർമദി)

**പ്രതിഫലം ഇരട്ടിപ്പിക്കൽ:** ഖുർആൻ പാരായണത്തിൻെറ പ്രതിഫലം ഇരട്ടിപ്പിക്ക പ്പെടുന്നത് പോലെ സൽക്കർമ്മങ്ങളുടെ പ്രതിഫലവും രണ്ട് കാര്യങ്ങളുണ്ടായാൽ ഇരട്ടിപ്പിക്കപ്പെടുന്നതാണ്. 1- അവൻെറ മനസ്സിലുള്ള ഈമാനും നിഷ്കളങ്കതയും അല്ലാഹുവിനോടുള്ള സ്നേഹവും അതിൻെറ അനുബന്ധങ്ങളുമാണ്. 2- നാവിൻെറ ഉച്ചാരണം മാത്രമാകാതെ അതിൽ മനസ്സാന്നിദ്ധ്യത്തിനും ചിന്തക്കുമുള്ള പങ്കാണ്.ഇക്കാര്യങ്ങൾ സമ്പൂർണ്ണ മായും ഉണ്ടെങ്കിൽ പൂർണ്ണമായ പ്രതിഫലവും പാപമോചനവും ലഭിക്കു ന്നതാണ്. മറിച്ചാണെങ്കിൽ അതിനനുരിച്ച് കുറവമുണ്ടാകു ന്നതുമാണ്.

**ദികറ് കൊണ്ടുള്ള ഗുണങ്ങൾ:**

✸ ശൈഖുൽ ഇസ്ലാം പറഞ്ഞു: മനസ്സിന് ദിക്റ് മത്സ്യത്തിന് വെള്ളമെന്നത് പോലെയാണ്. വെള്ളത്തിൽ നിന്ന് പുറത്തേക്ക് വന്നാൽ അതിൻെറ സ്ഥിതി എന്താകും!

✷ അല്ലാഹുവിനോടുള്ള സ്നേഹവും സാമീപ്യവും അവൻെറ തൃപ്തിയും ഭക്തിയും അവനിലേക്ക് മടങ്ങലും അതുണ്ടാക്കുകയും സൽകാര്യങ്ങൾക്ക് സഹായക മായി വർത്തിക്കുകയും ചെയ്യുന്നു.

✷ദു:ഖവും വ്യഥയും മനസ്സിൽ നിന്ന് നീക്കുകയും സന്തോഷം കൊണ്ടുവരികയും മനസ്സിന് ശക്തിയും സജീവതയും ശുദ്ധിയും നൽകു കയും ചെയ്യും.

✷മനസ്സിൻെറ ശൂന്യതക്ക് പരിഹാരവും അതിൻെറ കാഠിന്യത്തിന് മൃദുലതയും നൽകുന്നു. അതിന് ദിക്റല്ലാതെ മറെറാന്നുമില്ല.

✷ മനസ്സിൻെറ രോഗമാണ് അശ്രദ്ധ. അതിനുള്ള ഔഷധവും ആഹാരവും ആന ന്ദവുമാണ് ദിക്ർ.

✷ ദിക്റിൻെറ കുറവ് കാപട്യത്തെയും അതിൻെറ ആധിക്യം ഈമാനിൻെറ ശക് തിയെയും അല്ലാഹുവിനോടുള്ള യഥാർത്ഥ സ്നേഹത്തെയും സൂചിപ്പിക്കുന്നു. കാരണം സ്നേഹമുള്ളവൻ സ്നേഹിക്കപ്പെടുന്നവരെ കൂടുതൽ സ്മരിക്കുമല്ലോ.

✷ ക്ഷേമമുള്ളപ്പോൾ അല്ലാഹുവിനെ സ്മരിക്കുന്നവരെ അവർക്ക് പ്രയാസമുണ്ടാ കുമ്പോൾ അല്ലാഹുവും ഓർക്കുന്നതാണ്. പ്രത്യേകിച്ചും മരണാവസരത്തിൽ.

✷ ദിക്റ് മുഖേന അല്ലാഹുവിൻെറ ശിക്ഷയിൽ നിന്ന് മോചനവും സമാധാനവും കാരുണ്യവും മലക്കുകളടെ പ്രാർത്ഥനയും ലഭിക്കുന്നു.

✷ നിഷിദ്ധമാക്കപ്പെട്ടതും വെറുക്കപ്പെട്ടതുമായ സംസാരങ്ങളിൽ നിന്ന് നാവിനെ സൂക്ഷിക്കാൻ ദിക്ർ മുഖേന സാധിക്കും.

✷ ദിക്റ് ശ്രേഷ്ഠതയും മഹത്വമേറിയതും എന്നാൽ എളുപ്പമുള്ളതുമായ ഒരു ആരാധനയാണ്. അത് സ്വർഗ്ഗത്തിലേക്കുള്ള ചെടികളാണ്.

✷ അത് ചൊല്ലുന്നത് മുഖപ്രസന്നതയും മാധുര്യവും ഗാംഭീര്യവും ഉണ്ടാകാനിട യാക്കും. അത് ഇഹത്തിലും ഖബ്റിലും പരലോകത്തും പ്രകാശം നൽകുന്നതുമാണ്.

✷ അത് ചൊല്ലുന്നവന് അല്ലാഹുവിൻെറയും മലക്കുകളടെയും സ്വലാത്ത് ലഭി ക്കുന്നതും അല്ലാഹു മലക്കുകളോട് അഭിമാനപൂർവ്വം അവരെ കുറിച്ച് പറയുന്ന തുമാണ്.

✷ സൽകർമ്മങ്ങൾ ചെയ്യുമ്പോൾ അതിൽ അല്ലാഹുവിനെ കൂടുതൽ സ്മരിക്കു ന്നവരാണ് അവരിലേററവും ശ്രേഷ്ഠർ.

✷ അത് പ്രയാസകരമായതിനെ എളുപ്പമാക്കുകയും ലഘൂകരിക്കുകയും ചെയ്യും ഉപജീവനം നേടിത്തരികയും ശരീരത്തിന് ശക്തി പകരുകയും ചെയ്യും.

✷ അത് പിശാചിനെ അകററുകയും കീഴ്പ്പെടുത്തുകയും നിന്ദ്യനാക്കുകയും ചെയ്യും.

# പ്രഭാതത്തിലും വൈകുന്നേരവുമുള്ള ദിക്റുകൾ

| | ദിക്റ് | സമയം എണ്ണം | ഗുണം |
|---|---|---|---|
| 1 | ആയതുൽ കുർസിയ്യ്[1] | രാവിലെ, വൈകുന്നേരം, ഉറ ങ്ങുന്നതിന് മുമ്പ്, ഫർദ് നമ സ്കാരത്തിന് ശേഷം. | പിശാച് അടുക്കുകയില്ല. സ്വർഗ്ഗപ്രവേശം ലഭിക്കും. |
| 2 | അൽബഖറയിലെ അവസാ നത്തെ രണ്ട് ആയത്തു കൾ[2] | വൈകുന്നേരം ഉറങ്ങുന്ന തിന് മുമ്പ് | സർവ്വ തിന്മകളിൽ നിന്നും സുരക്ഷ. |
| 3 | ഇഖ്ലാസ് ഫലഖ് നാസ് എന്നീ സൂറത്തുകൾ | രാവിലെ 3 വൈകിട്ട് 3 | തിന്മകളിൽ നിന്നും സുരക്ഷ |
| 4 | بِسۡمِ اللهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. | രാവിലെ 3 വൈകിട്ട് 3 | പെട്ടെന്ന് വിപത്തുകളോ ഉപദ്രവങ്ങളോ ബാധിക്കില്ല. |
| 5 | أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ അല്ലാഹുവിൻെറ സമ്പൂർണ്ണ മായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിന്മ യിൽ നിന്ന് ഞാൻ അഭയം തേടുന്നു | വൈകുന്നേരം3 വല്ല സ്ഥലത്തും ഇറങ്ങിയാൽ | ആസ്ഥലത്തെ ഉപദ്രവത്തിൽ നിന്ന് രക്ഷ |
| 6 | حَسْبِيَ اللهُ لاَ إِلَهَ إِلاَّ هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ എനിക്ക് അല്ലാഹുമതി. അവനല്ലാതെ ആരാധ്യനില്ല. അവനിൽ ഞാൻ ഭരമേൽപ്പിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തിൻെറ നാഥനാണ്. | രാവിലെ 7 വൈകുന്നേരം 7 | വിഷമകരമായ ഇഹപര കാര്യത്തിന് പരിഹാരം |

---

1 ﴿ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلۡحَيُّ ٱلۡقَيُّومُۚ لَا تَأۡخُذُهُۥ سِنَةٞ وَلَا نَوۡمٞۚ لَّهُۥ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلۡأَرۡضِۗ مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ يَعۡلَمُ مَا بَيۡنَ أَيۡدِيهِمۡ وَمَا خَلۡفَهُمۡۖ وَلَا يُحِيطُونَ بِشَيۡءٖ مِّنۡ عِلۡمِهِۦٓ إِلَّا بِمَا شَآءَۚ وَسِعَ كُرۡسِيُّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَۖ وَلَا يَـُٔودُهُۥ حِفۡظُهُمَاۚ وَهُوَ ٱلۡعَلِيُّ ٱلۡعَظِيمُ ﴾
അല്ലാഹു അവനല്ലാതെ ആരാധ്യനില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവൻ. (അവൻ) എല്ലാം നിയന്ത്രിക്കുന്നവൻ. ഉറക്കമോ മയക്കമോ അവനെ ബാധിക്കുകയില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവൻേറതാണ്. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്നും അവൻ ഉദ്ദേശിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ പീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.

2 ﴿ ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ مِّن رُّسُلِهِۦۚ وَقَالُواْ سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ٢٨٥ لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ لَهَا مَا كَسَبَتۡ وَعَلَيۡهَا مَا ٱكۡتَسَبَتۡۗ رَبَّنَا لَا تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ رَبَّنَا وَلَا تَحۡمِلۡ عَلَيۡنَآ إِصۡرٗا كَمَا حَمَلۡتَهُۥ عَلَى ٱلَّذِينَ مِن قَبۡلِنَاۚ رَبَّنَا وَلَا تُحَمِّلۡنَا مَا لَا طَاقَةَ لَنَا بِهِۦۖ وَٱعۡفُ عَنَّا وَٱغۡفِرۡ لَنَا وَٱرۡحَمۡنَآۚ أَنتَ مَوۡلَىٰنَا فَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ﴾
തൻെറ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവൻെറ മലക്കുകളിലും, അവൻെറ വേദ ഗ്രന്ഥങ്ങളിലും, അവൻെറ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപ്പിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ! നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം. അല്ലാഹു ഒരാളോടും അവൻെറ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ ദുഷ്ഫലവും അവരവർക്കുതന്നെ. ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്കു തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ! ഞങ്ങളുടെ നാഥാ ഞങ്ങളുടെ മുൻഗാമികളുടെ മേൽ ചുമത്തിയത് പോലെയുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ! ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ! ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അത്കൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി ഞങ്ങളെ നീ സഹായിക്കേണമേ!

| | | | |
|---|---|---|---|
| 7 | رَضِيتُ بِاللهِ رَبًّا وَبِالإِسْلاَمِ دِينًا وَبِمُحَمَّدٍ نبيا അല്ലാഹുവിനെ രക്ഷകനായും ഇസ്‌ലാമിനെ മതമായും മുഹമ്മദി ﷺ നെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു. | രാവിലെ 3<br>വൈകുന്നേരം 3 | അല്ലാഹു തൃപ്തിപ്പെടുത്തും |
| 8 | اَللهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا ، وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورْ<br>അല്ലാഹുവേ, നിൻെറ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. നിൻെറ(സഹായം) കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലുമായിരിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് മടക്കവും. [തുർമുദി].<br>വൈകുന്നേരമായാൽ ഇങ്ങനെ പ്രാർത്ഥിക്കുക.<br>اَللهُمَّ بِكَ أَمْسَيْنَا وَبِكَ أَصْبَحْنَا وَبِكَ نَحْيَا وَبِكَ نَمُوتُ ، وَإِلَيْكَ الْمَصِيرْ | രാവിലെ<br>വൈകുന്നേരം | പ്രോൽസാഹിപ്പിക്കപ്പെട്ടത് |
| 9 | وعَلَى مِلَّةِ أَبِينَا ﷺ أَصْبَحْنَا عَلَى فِطْرَةِ الإِسْلاَمِ، وَعَلَى كَلِمَةِ الإِخْلاَصِ ، وَعَلَى دِينِ نَبِيِّنَا مُحَمَّدٍ إِبْرَاهِيمَ حَنِيفًا مُسْلِمًا وَمَا كَانَ مِنَ الْمُشْرِكِينَ .<br>ഇസ്‌ലാമിൻെറ പ്രകൃതിയിലും നിഷ്കളങ്ക വചനത്തിലും നമ്മുടെ പ്രവാചകൻെറ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ ചര്യയിലുമായി ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. അദ്ദേഹം ഋജുമനസ്കനും കീഴ്പെടവനുമാണ്. ബഹുദൈവാരാധകരിൽ പെട്ടവനുമല്ല. | രാവി ലെ | നബി ﷺ ഇത് പ്രാർത്ഥിക്കുമായിരുന്നു |
| 10 | اللَّهُمَّ مَا أَصْبَحَ بِي مِنْ نِعْمَةٍ أَوْ بِأَحَدٍ مِنْ خَلْقِكَ فَمِنْكَ وَحْدَكَ لاَ شَرِيكَ لَكَ فَلَكَ الْحَمْدُ وَلَكَ الشُّكْرُ<br>അല്ലാഹുവേ, എനിക്കോ നിൻെറ സൃഷ്ടികളിലാർക്കെങ്കിലുമോ ലഭിച്ചിട്ടുള്ള ഏതൊരനുഗ്രഹവും നിന്നിൽ നിന്ന് മാത്രമാണ്. നിനക്ക് പങ്കുകാരില്ല. സർവ്വസ്തുതിയും നിനക്കാണ്. നന്ദിയും നിനക്ക് തന്നെ. | രാവിലെ<br>വൈകുന്നേരം | ഒരു ദിനത്തെ നന്ദി ചെയ്തവനാകും |
| 11 | اَللهُمَّ إِنِّي أَصْبَحْتُ أُشْهِدُكَ ، وَأُشْهِدُ حَمَلَةَ عَرْشِكَ ، وَمَلآئِكَتِكَ ، وَجَمِيعَ خَلْقِكَ ، أَنَّكَ أَنْتَ اللهُ لاَ إِلَهَ إِلاَّ أَنْتَ ، وَحْدَكَ لاَ شَرِيكَ لَكَ ، وَأَنَّ مُحَمَّدًا عَبْدُكَ وَرَسُولُكَ<br>അല്ലാഹുവേ, ഞാൻ പ്രഭാതത്തിലായിരിക്കുന്നു. നിന്നെ ഞാനിതാ സാക്ഷിയാക്കുന്നു. നിൻെറ അർശിൻെറ വാഹകരേയും മലക്കുകളേയും നിൻെറ മുഴുവൻ സൃഷ്ടികളേയും ഞാൻ സാക്ഷിയാക്കുന്നു. നിശ്ചയം നീ അല്ലാഹുവാണ്. നീയല്ലാതെ ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്. തീർച്ചയായും മുഹമ്മദ് ﷺ നിൻെറ ദാസനും ദൂതനുമാണ്. [ഇത് 4 തവണ ചൊല്ലേണ്ടതാണ്] വൈകുന്നേരമായാൽ اَللهُمَّ إِنِّي أَصْبَحْتُ എന്നതിനു പകരം اَللهُمَّ إِنِّي أَمْسَيْتُ എന്നാണ് പറയേണ്ടത്. | രാവിലെ 4<br>വൈകുന്നേരം 4 | ഇത് നാല് തവണ ചൊല്ലിയാൽ നരക മോചനം ലഭിക്കും |
| 12 | اَللهُمَّ عَالِمَ الْغَيْبِ وَالشَّهَادَةِ فَاطِرَ السَّمَوَاتِ وَالأَرْضِ رَبَّ كُلِّ شَيْءٍ وَمَلِيكَه ، أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَعُوذُ بِكَ مِنْ شَرِّ نَفْسِي وَمِنْ شَرِّ الشَّيْطَانِ وَشَرَكِه ، وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءًا أَوْ أَجُرَّهُ إِلَى مُسْلِمٍ<br>ദൃശ്യവും അദൃശ്യവും അറിയുന്നവനും ഭൂമിയും ആകാശങ്ങളും സൃഷ്ടിച്ചവനും സർവ്വ വസ്തുക്കളുടേയും നാഥനും ഉടമയുമായ അല്ലാഹുവേ, നിശ്ചയം നീ അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. സ്വശരീരത്തോടോ മറ്റൊരു മുസ്‌ലിമിനോടോ തിന്മ ചെയ്യുന്നതിൽ നിന്നും പിശാചിൻേറയും അവൻെറ കൂട്ടുകാരുടേയും തിന്മയിൽ നിന്നും സ്വശരീരത്തിൻെറ തിന്മയിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു. | രാവിലെ<br>വൈകുന്നേരം<br>ഉറങ്ങുന്നതിന്മുമ്പ് | പിശാചിൻെറ ദുർമന്ത്രങ്ങളിൽ നിന്ന് രക്ഷ |
| 13 | اَللهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ وَالْعَجْزِ وَالْكَسَلِ وَالْبُخْلِ وَالْجُبْنِ وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ<br>അല്ലാഹുവേ, ദു:ഖം, വിഷാദം, ദുർബ്ബലത, അലസത, പിശുക്ക്, ഭീരുത്വം, കടത്തിൻെറ ഭാരം, ആളുകൾക്ക് വിധേയമാകൽ എന്നിവയിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. | രാവിലെ 1<br>വൈകുന്നേരം 1 | ദു:ഖം തീരും, കടം വിടും |

| | | | |
|---|---|---|---|
| 14 | اللهم أنت ربي لا إله إلا أنت خلقتني وأنا عبدك وأنا على عهدك ووعدك ما استطعت أعوذ بك من شر ما صنعت أبوء لك بنعمتك علي وأبوء بذنبي فاغفرلي فإنه لا يغفر الذنوب إلا أنت<br>അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പടിയും പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തു തന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല. | രാവിലെ വൈകിട്ട് | അതിൽ ദൃഢമായി വിശ്വസിച്ച് രാത്രിയോ പകലോ ചൊല്ലിയിട്ട് അതിൽ മരിച്ചാൽ സ്വർഗ്ഗത്തിലാണ്. |
| 15 | يا حي يا قيوم برحمتك أستغيث أصلح لي شأني كله ، ولا تكلني إلى نفسي طرفة عين<br>എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ നിന്റെ കാരുണ്യം കൊണ്ട് എന്നെ സഹായിക്കേണമേ! എന്റെ എല്ലാ കാര്യങ്ങളും നന്നാക്കിത്തീർക്കുകയും ചെയ്യേണമേ! ഇമവെട്ടുന്ന സമയത്തേക്കുപോലും എന്നെ സ്വന്തത്തിലേക്ക് തന്നെ ഏൽപ്പിക്കരുതേ! | രാവിലെ വൈകുന്നേരം | നബി ﷺ ഫാതിമയോട് ഉപദേശിച്ചത് |
| 16 | اللهم عافني في بدني ، اللهم عافني في سمعي ، اللهم عافني في بصري ، لا إله إلا أنت ، اللهم إني أعوذ بك من الكفر ، والفقر وأعوذ بك من عذاب القبر لا إله إلا أنت<br>അല്ലാഹുവേ, എന്റെ ശരീരത്തിന് നീ സൗഖ്യം നൽകേണമേ. അല്ലാഹുവേ, എന്റെ കേൾവിക്ക് നീ സൗഖ്യം നൽകേണമേ! അല്ലാഹുവേ, എന്റെ കാഴ്ചക്ക് നീ സൗഖ്യം നൽകേണമേ! നീ അല്ലാതെ ആരാധ്യനില്ല. അല്ലാഹുവേ, അവിശ്വാസത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. നീ അല്ലാതെ ഒരാരാധ്യനുമില്ല. | രാവിലെ 3 വൈകുന്നേരം 3 | നബി ﷺ യുടെ പ്രാർത്ഥന |
| 17 | اللهم إني أسألك العفو والعافية في الدنيا والأخرة اللهم إني أسألك العفو والعافية في ديني ودنياي وأهلي ومالي اللهم استر عوراتي وآمن روعاتي ، اللهم احفظني من بين يدي ومن خلفي وعن يميني وعن شمالي ومن فوقي وأعوذ بعظمتك أن أغتال من تحتي<br>അല്ലാഹുവേ, മാപ്പും, ഇഹത്തിലും പരത്തിലും സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ മതകാര്യത്തിലും ഐഹിക ജീവിതത്തിലും കുടുംബത്തിലും ധനത്തിലും സൗഖ്യവും, മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ രഹസ്യങ്ങൾ നീ മറച്ചുവെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ! അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതു ഭാഗത്തിലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ! താഴ്ഭാഗത്തിലൂടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു. | രാവിലെ വൈകുന്നേരം | നബി ﷺ ഇത് പതിവാക്കിയിരുന്നു. |
| 18 | سبحان الله وبحمده ، عدد خلقه ، ورضا نفسه ، وزنة عرشه ، ومداد كلماته<br>അല്ലാഹു പരിശുദ്ധൻ. അവനാണ് സ്തുതി. അവന്റെ സൃഷ്ടികളുടെ എണ്ണത്തോളം, അവന്റെ മനസ്സിന്റെ തൃപ്തിയോളം, അവന്റെ സിംഹാസനത്തിന്റെ ഭാരത്തോളം, അവന്റെ വചനങ്ങളുടെ അളവോളം. | രാവിലെ 3 തവണ | പ്രഭാതം മുതൽ രാവിലെ വരെ ദിക്റിന് വേണ്ടി ഇരിക്കുന്നതിനേക്കാൾ ഉത്തമം |

# മഹത്തായ പ്രതിഫലമുള്ള വചനങ്ങളും കർമ്മങ്ങളും

| | വാക്ക് , കർമ്മം | പ്രതിഫലം: നബി ﷺ പറഞ്ഞു: |
|---|---|---|
| 1 | لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَىْءٍ قَدِيرٌ. അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. | ഇത് ആരെങ്കിലും ഒരു ദിനം നൂറ് തവണ പറഞ്ഞാൽ പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്യവും നൂറ് നന്മ രേഖപ്പെടുത്തുന്നതും നൂറ് തിന്മ മായിക്കപ്പെടുന്നതും അന്നെ ദിനം വൈകുന്നേരം വരെ പിശാചിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതുമാണ്. ഇതിനേക്കാൾ കൂടുതൽ ചെയ്തവരല്ലാതെ മററാരും ഇതിനേക്കാൾ ശ്രേഷ്ഠമായത് ചെയ്യുകയില്ല. |
| 2 | سُبْحَانَ اللهِ الْعَظِيمِ وَبِحَمْدِهِ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു. | ഇത് ചൊല്ലുന്നവന് സ്വർഗ്ഗത്തിൽ ഒരു ഈന്തപ്പന നട്ടുപിടിപ്പിക്കപ്പെടുന്നതാണ്. |
| 3 | അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു. سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ الْعَظِيمِ -ഉ മഹാനായ അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവൻെറ പരിശു ദ്ധിയെ ഞാൻ വാഴ്ത്തുന്നു. | 1- പ്രഭാതത്തിലും പ്രദോഷത്തിലും നൂറു പ്രാവശ്യം ചൊല്ലുക എന്നാൽ അവൻെറ പാപങ്ങൾ മായിക്കപ്പെടുന്നതാണ്.അത് സമുദ്രത്തിലെ നുരപോലെയാണെങ്കിലും.ഇതിനേക്കാൾ കൂടുതൽ ചെയ്തവരല്ലാതെ മററാരും ഇതിനേക്കാൾ ശ്രേഷ്ടമായത് ചെയ്യുകയില്ല. 2- റഹ്മാന് ഇഷ്ടപ്പെട്ടതും മീസാനിൽ ഭാരമു ള്ളതും നാവിന് എളുപ്പമുള്ളതുമായ രണ്ട് വചനങ്ങളാണിത്. |
| 4 | لاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ പാപത്തിൽ നിന്നുള്ള പിൻമാറ്റവും ആരാധനക്കുള്ള ശക്തിയും ഉന്നതനും മഹാനുമായ അല്ലാഹുവിനെ കൊണ്ട് മാത്രമാണ്. | സ്വർഗ്ഗത്തിലേക്കുള്ള ഒരു നിക്ഷേപം നിന്നെ അറിയിക്കട്ടെ. ഞാൻ പറഞ്ഞു: അതെ. നബി ﷺ പറഞ്ഞു: ലാഹൗല വലാ... |
| 5 | സ്വർഗ്ഗം ചോദിക്കുകയും നരകത്തിൽ നിന്ന് രക്ഷ തേടുകയും ചെയ്യുക. | സ്വർഗ്ഗം ചോദിക്കുകയും നരകത്തിൽ നിന്ന് രക്ഷതേടുകയും ചെയ്യുക. ആരെങ്കിലും മൂന്നു പ്രാവശ്യം അല്ലാഹുവിനോട് സ്വർഗ്ഗത്തെ ചോദിച്ചാൽ സ്വർഗ്ഗം ഇപ്രകാരം പറയും അല്ലാഹുവേ അദ്ദേഹത്തെ നീ സ്വർഗ്ഗത്തിൽ പ്രവേശിക്കേണമേ.ആരെങ്കിലും മൂന്നു പ്രാവശ്യം അല്ലാഹുവിനോട് നരകത്തിൽ നിന്ന് രക്ഷ ചോദിച്ചാൽ നരഗം ഇപ്രകാരം പറയും അല്ലാഹുവേ അദ്ദേഹത്തെ നീ നരഗത്തിൽനിന്ന് രക്ഷ നൽകേണമേ. |
| 6 | سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീ അല്ലാതെ ഒരാരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് പാപമോചനത്തിനായി അർ ത്ഥിക്കുകയും നിന്നിലേക്ക് പശ്ചാതപിച്ചു മടങ്ങു കയും ചെയ്യുന്നു | ബഹളമയമായ സംസാരമുണ്ടായ സദസ്സിൽ നിന്ന് എഴുന്നേററ് പോകുന്നതിന് മുമ്പ് അത് പറഞ്ഞാൽ അവിടെ വെച്ചുണ്ടായ പാപങ്ങൾ പൊറുക്കപ്പെടാതിരിക്കില്ല. |
| 7 | അൽ കഹ്ഫിലെ ആയത്തുകൾ പഠിക്കുക. | അൽ കഹ്ഫ് സൂറത്തിലെ ആദ്യ പത്തായത്തുകൾ മന: പാഠമാക്കിയാൽ ദജ്ജാലിൽ നിന്ന് സംരക്ഷിക്കപ്പെടും. |
| 8 | നബി ﷺ യുടെ പേരിൽ സ്വലാ ത്ത് ചൊല്ലുക. | ആരെങ്കിലും എൻെറ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് സ്വലാത്ത് ചെയ്യുകയും പത്ത് പാപങ്ങൾ കുറക്കുകയും പത്ത് പദവികൾ ഉയർത്തുകയും പത്ത് നന്മകൾ രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്. |
| 9 | ഖുർആനിലെ ആയത്തുകൾ ഓതുക. | ആരെങ്കിലും ഒരു ദിനം 50 ആയത്തോതിയാൽ അവനെ അശ്രദ്ധരുടെ കൂട്ടത്തിൽ രേഖപ്പെടുത്തുകയില്ല. 100 ആയത്തോതിയാൽ ഭക്തരിൽ രേഖപ്പെടുത്തും. 200 ആയത്തോതിയാൽ അന്ത്യനാളിൽ ഖുർആൻ അവനോട് തർക്കികുയില്ല. 500 ആയത്തോതിയാൽ ഒരു വലിയ മലയോളം പ്രതിഫലം രേഖപ്പെടുത്തും. |

| | | |
|---|---|---|
| 10 | **ബാങ്ക് വിളിക്കുന്നവർക്കുള്ള പ്രതിഫലം** | ബാങ്ക് വിളിക്കുന്നവൻെറ ശബ്ദം എത്തുന്നിടത്തെ മനുഷ്യനും ജിന്നും മററുവസ്തുക്കളും അന്ത്യനാളിൽ അവന് സാക്ഷി പറയാതിരിക്കില്ല. ബാങ്ക് വിളിക്കുന്നവർ അന്ത്യനാളിൽ കഴുത്ത് നീണ്ടവരായിരിക്കും. |
| 11 | **ബാങ്ക് വിളിക്കുന്നവനെ അനുഗമിക്കലും ശേഷം പ്രാർത്ഥിക്കലും** | اَللّهُمّ رَبّ هَذِهِ الدّعْوَةِ التّامّةِ وَالصّلاَةِ الْقَائِمَةِ آتِ مُحَمّدًا الْوَسِيلَةَ وَالْفَضِيلَةَ وَابْعَثْهُ مَقَامًا مَحْمُودًا الّذِي وَعَدْتَهُ إِنَّكَ لاَ تُخْلِفُ الْمِيعَادْ<br>ഈ പരിപൂർണമായ പ്രാർത്ഥനയുടേയും ആസന്നമായ നമസ്കാരത്തിൻേറയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി ﷺ ക്ക് വസ്വീല, ഫദീല എന്നീ പദവികൾ നൽകേണമേ നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കു കയും ചെയ്യേണമേ എന്ന് ബാങ്ക് കേൾക്കുന്നവൻ പറഞ്ഞാൽ അന്ത്യനാളിൽ എൻെറ ശുപാർശ അവന് ലഭിക്കുന്നതാണ്. |
| 12 | **പൂർണ്ണമായ വുദൂഅ് ചെയ്യുക** | ആരെങ്കിലും വുദൂഅ് നല്ലവണ്ണം ചെയ്താൽ അവൻെറ പാപങ്ങൾ ദേഹത്തിൽ നിന്ന് പുറപ്പെടുന്നതാണ് അത് നഖത്തിൻെറ താഴ്ഭാഗത്തിലൂടെ വരെയും. |
| 13 | **വുദൂഇൻെറ ശേഷമുള്ള പ്രാർത്ഥന** | أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ<br>അല്ലാഹു അല്ലാതെ ആരാധ്യനായി ആരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. നിശ്ചയം മുഹമ്മദ് ﷺ അവൻെറ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു എന്ന് ആരെങ്കിലും പൂർണ്ണമായ വുദൂഅ് ചെയ്ത ശേഷം പറഞ്ഞാൽ സ്വർഗ്ഗത്തിൻെറ എട്ട് കാവാടങ്ങൾ അവന് തുറക്കപ്പെടാതിരിക്കില്ല. അതിൽ നിന്ന് ഉദ്ദേശിക്കുന്നതിലൂടെ പ്രവേശിക്കാം. |
| 14 | **വുദൂഇൻെറ ശേഷം രണ്ട് റകഅത്ത് നമസ്കാരം** | ആരെങ്കിലും നന്നായി വുദൂഅ് ചെയ്ത ശേഷം രണ്ട് റക്അത്ത് അതിലേക്ക് മനസ്സും മുഖവും തിരിച്ചുകൊണ്ട് നമസ്കരിച്ചാൽ സ്വർഗ്ഗം അവന് നിർബ്ബന്ധമാകാതിരിക്കില്ല. |
| 15 | **പള്ളിയിലേക്കുള്ള കാലടികളുടെ ആധിക്യം** | ആരെങ്കിലും പള്ളിയിലേക്ക് പുറപ്പെട്ടാൽ പോക്കുവരവിലെ ഓരോ കാലടികൾക്കും ഒരു നന്മ രേഖപ്പെടുത്തുകയും ഒരു തിന്മ മായിക്കപ്പെടുകയും ചെയ്യും. |
| 16 | **ജുമുഅക്ക് വേണ്ടി നേരത്തെ പുറപ്പെടുക.** | ജുമുഅ ദിനം ആരെങ്കിലും കുളിക്കുകയും ഭാര്യയുമായി സഹവസിച്ച് ജനാബത്ത് കുളിപ്പിക്കുകയും വാഹനം കയറാതെ കാൽനടയായി വളരെ നേരത്തെ പുറപ്പെടുകയും ഇമാമിനോട് അടുത്ത സ്ഥലത്തിരിക്കുകയും പാഴ്കാര്യങ്ങളൊന്നും ചെയ്യാതെ ഖുത്തുബ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്താൽ അവൻെറ ഓരോ കാലടിക്കും ഒരു വർഷത്തെ നമസ്കാരത്തിൻെറയും വ്രതത്തിൻെറയും പ്രതിഫലം ലഭിക്കുന്നതാണ്. ഒരാൾ വെള്ളിയാഴ്ച ദിനം കുളിക്കുകയും സാധ്യമായ വിധം കുളിച്ചു ശുദ്ധിയാവുകയും തൻെറ അടുക്കലുള്ള എണ്ണ തേക്കുകയും തൻെറ ഭവനത്തിലുള്ള സുഗന്ധം പൂശുകയും, ശേഷം അവൻ പുറപ്പെട്ട് രണ്ടാളുകൾക്കിടയിൽ ചാടിക്കടക്കാതെ ചെന്ന് അവന് നിശ്ചയിക്കപ്പെട്ട രണ്ട് റക്അത്ത് നമസ്കരിക്കുകയും പിന്നീട് ഇമാമിൻെറ ഖുത്തുബ മൗനമായി ശ്രദ്ധിച്ചു കേൾക്കുകയും ചെയ്താൽ അതിൻെറയും അടുത്ത ജുമുഅയുടെയുമിടയിലെ പാപങ്ങൾ പൊറുക്കപ്പെടാതിരിക്കില്ല. |
| 17 | **ഇമാമിൻെറ തക്ബീറത്തുൽ ഇഹ്റാം ലഭിക്കുക.** | ആരെങ്കിലും നാൽപത് ദിനം ആദ്യ തക്ബീർ മുതൽ ജമാഅത്തിൽ പങ്കെടുത്തുകൊണ്ട് അല്ലാഹുവിന് വേണ്ടി നമസ്കരിച്ചാൽ നരകവിമുക്തിയും കാപട്യത്തിൽ നിന്ന് മോചനവും രേഖപ്പെടുത്തുന്നതാണ്. |
| 18 | **ഫർദ് ജമാഅത്ത്** | ജമാഅത്ത് നമസ്കാരം തനിച്ചുള്ള നമസ്കാരത്തേക്കാൾ ഇരുപത്തിയേഴ് പദവി ശ്രേഷ്ടമാണ്. |
| 19 | **സുബ്ഹിയും, ഇശായും ജമാഅത്തായി നിസ്കരിക്കൽ** | ഒരാൾ ഇശാഅ് ജമാഅത്തായി നമസ്കരിച്ചാൽ രാത്രിയുടെ പകുതി നമസ്കരിച്ചവനെ പോലെയാണ്. സുബ്ഹി ജമാഅത്തായി നമസ്കരിച്ചാൽ രാത്രി മുഴുവൻ നമസ്കരിച്ചവനെ പോലെയാണ്. |
| 20 | **ഒന്നാമത്തെ** | ബാങ്ക് വിളിക്കുന്നതിനും ഒന്നാമത്തെ സ്വഫ്ഫിനുമുള്ള മഹത്വം |

| | | |
|---|---|---|
| | സ്വഫ്ഫിൽ നമസ്കരിക്കൽ | ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അതിന് വേണ്ടി നറിക്കിടുകയല്ലാതെ മററുവഴി അവർ കണ്ടെത്താതാവുകയും അതിനാൽ അവർ നറുക്കിടുകയും ചെയ്യുമായിരുന്നു. |
| 21 | റവാത്തിബ് സുന്നത്തുകൾ പതിവായി ചെയ്യൽ | ദുഹ്റിന് മുമ്പ് നാല്, അതിന് ശേഷം രണ്ട്, മഗ്രിബിന് ശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, സുബഹിക്ക് മുമ്പ് രണ്ട് എന്നീ പന്ത്രണ്ട് റക്അത്തുകൾ പകലും രാത്രിയിലുമായി ഒരാൾ നമസ്കരിച്ചാൽ സ്വർഗ്ഗത്തിൽ ഒരു ഭവനം അവന് വേണ്ടി നിർമ്മിക്കപ്പെടുന്നതാണ്. |
| 22 | സുന്നത്ത് നമസ്കാരം വർദ്ധിപ്പിക്കൽ | താങ്കൾ അല്ലാഹുവിന് വേണ്ടി സുജൂദ്(നമസ്കാരം) അധികമാക്കുക. അല്ലാഹുവിന് വേണ്ടി താങ്കൾ ചെയ്യുന്ന ഓരോ സുജൂദും മുഖേന അല്ലാഹു താങ്കളുടെ ഒരു പദവി ഉയർത്തുകയും ഒരു പാപം കുറക്കുകയും ചെയ്യാതിരിക്കില്ല. രാത്രിയിൽ മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടാതെ ഐഛികമായ നമസ്കാരം നിർവ്വഹിച്ചാൽ ആളുകൾ കാണുന്ന സന്ദർഭങ്ങ ളിൽ സുന്നത്തു നമസ്കാരം 27 ഇരട്ടി നമസ്കരിച്ചത്ര പ്രതിഫലം രേഖപ്പെടുത്തപ്പെടും. |
| 23 | സുബഹിയും അതിൻെറ സുന്നത്തും | സുബഹിയുടെ രണ്ട് റക്അത്ത് ഇഹലോകത്തേക്കാളും അതിലുള്ളതിനേക്കാളും ഉത്തമമാണ്. ഒരാൾ സുബഹി നമസ്കരിച്ചാൽ അവൻ അല്ലാഹുവിൻെറ സംരക്ഷത്തി ലായി. |
| 24 | ദുഹാ നമസ്കാരം | നിങ്ങളിലോരോരുത്തർക്കും ധർമ്മമുണ്ട്. എല്ലാ തസ്ബീഹും ധർ മ്മമാണ്. എല്ലാ തഹ്ലീലും ധർമ്മമാണ്. എല്ലാ തക്ബീറും ധർ മ്മമാണ്. നന്മ കൽപിക്കൽ ധർമ്മമാണ്. തിന്മ വിരോധിക്കൽ ധർമ്മമാണ്. ഇതിനെല്ലാം രണ്ട് റക്അത്ത് ദുഹാ നമസ്കാരം മതിയാവുന്നതാണ്. |
| 25 | നമസ്കാര സ്ഥലത്ത് കഴിയൽ | നിങ്ങളിലൊരാൾ നമസ്കാര സ്ഥലത്ത് കാത്തിരിക്കുമ്പോൾ അശുദ്ധിയുണ്ടാകാത്തിടത്തോളം മലക്കുകൾ അവന് വേണ്ടി അല്ലാഹുവെ ഇവനോട് പൊറുക്കേണമേ അല്ലാഹുവെ, ഇവന് കരുണ ചെയ്യേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. |
| 26 | സുബ്ഹി നമസ്കാരശേഷം സൂര്യോദയം വരെ ദിക്റും ശേഷംരണ്ട് റക്അത്ത് നമസ്കാരവും ചെയ്യൽ | ഒരാൾ ജമാഅത്തായി സുബ്ഹി നമസ്കരിക്കുകയും ശേഷം സൂര്യോദയം വരെ അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് ഇരിക്കുകയും പിന്നീട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ പരിപൂർണ്ണമായ, പരിപൂർണ്ണമായ, പരിപൂർണ്ണമായ ഉംറയുടെയും ഹജ്ജിൻെറയും പ്രതിഫലം പോലെയുള്ളത് അവനുണ്ടാകുന്നതാണ്. |
| 27 | രാത്രി നമസ്കരിക്കുകയും ഭാര്യയെ അതിനയി ഉണർത്തുകയും ചെയ്യൽ | ഒരാൾ രാത്രി എഴുന്നേൽക്കുകയും ഭാര്യയെ ഉണർത്തുകയും അവരൊരുമിച്ച് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അല്ലാഹുവിനെ കൂടുതൽ സ്മരിക്കുന്ന സ്ത്രീ പുരുഷന്മാരിൽ അവരെ രേഖപ്പെടുത്തുന്നതാണ്. |
| 28 | രാത്രി നമസ്കരിക്കാൻ ഉദ്ദേശിച്ചു വെങ്കിലും ഉറക്കത്തിൽ പെട്ടാൽ | രാത്രി നമസ്കരിക്കാറുണ്ടായിരുന്ന ഒരാൾക്ക് ഉറക്കം കീഴ്പെടുത്തിയതിനാൽ അതിന് സാധിച്ചില്ലെങ്കിൽ അവന് നമസ്കാരത്തിൻെറ പ്രതിഫലം രേഖപ്പെടുത്താതിരിക്കില്ല. ആ ഉറക്കം അവന് ധർമ്മമാവുകയും ചെയ്യും. |
| 29 | അങ്ങാടികളിൽ പ്രവേശിക്കുമ്പോൾ | അല്ലാഹുവല്ലാതെ ആരാധ്യനില്ല, അവൻ ഏകനും പങ്കുകാരൻ ഇല്ലാത്തവനുമാണ്. ആധിപത്യം അവനാണ്. സർവ്വസ്തുതിയും അവനാണ്. അവനാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. അവൻ ഒരിക്കലും മരിക്കുകയില്ല. സർവ്വ നൻമകളും അവന്റെ കൈകളിലാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. ഇപ്രകാരം പ്രാർത്ഥിച്ചാൽ ആയിരം നൻമകൾ എഴുതപ്പെടുകയും ആയിരം തിൻമകൾ മായ്ക്കപ്പെടുകയും ആയിരം പദവികൾ ഉയർത്ത പ്പെടുകയും ചെയ്യുന്നതാണ്. |
| 30 | സുബ്ഹാനല്ലാഹി അൽ | നിങ്ങളിലൊരാൾ നമസ്കാര ശേഷം 33 പ്രാശ്യം അല്ലാഹുവിന് തസ്ബീഹും 33 പ്രാവശ്യം അല്ലാഹുവിന് |

| | | |
|---|---|---|
| | ഹംദുലില്ലാഹി അല്ലാഹു അക്ബർ എന്നിവ 33 ത വണയും ലാ ഇലാഹ.. യും ചൊല്ലുക. | ഹംദും 33 പ്രാവശ്യം അല്ലാഹുവിന് തക്ബീറും ചൊല്ലുകയും അതിനോട് ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശയ്ഇൻ ഖദീർ എന്ന് ചേർത്ത് നൂറ് പൂർത്തിയാക്കുകയും ചെയ്താൽ അവൻെറ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അത് സമുദ്രത്തിലെ നുര പോലെയാണെങ്കിലും ശരി. |
| 31 | ഫർദിന് ശേഷം ആയതുൽ കുർസിയ്യ് ഓതൽ | ഒരാൾ എല്ലാ ഫർദ് നമസ്കാരങ്ങൾക്കും പിറകെ ആയതുൽ കുർസിയ്യ് ഓതിയാൽ സ്വർഗ്ഗ പ്രവേശനത്തിൽ നിന്ന് മരണമല്ലാതെ അവനെ തടയുകയില്ല. |
| 32 | രോഗിയെ സന്ദർശിക്കൽ | ഒരാൾ മുസ്‌ലിമായ രോഗിയെ പ്രഭാതത്തിൽ സന്ദർശിച്ചാൽ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി വൈകുന്നേരം വരെ പ്രാർത്ഥിക്കാതിരിക്കില്ല. അവൻ വൈകുന്നേരം സന്ദർശിച്ചാൽ എഴു പതിനായിരം മലക്കുകൾ പ്രഭാതമാകുവേളം അവന് വേണ്ടി പ്രാർ ത്ഥിക്കാതിരിക്കില്ല. അവന് സ്വർഗ്ഗത്തിൽ ഒരു തോപ്പുണ്ടായിരിക്കു കയും ചെയ്യുന്നതാണ്. |
| 33 | പരീക്ഷണത്തിന് വിധേയമായവരെ കാണുമ്പോൾ | പരീക്ഷണത്തിന് വിധേയമായവരെ കാണുമ്പോൾ ആരെങ്കിലും ഇപ്രകാരം പറഞ്ഞാൽ അയാളെ അത് ബാധിക്കുകയില്ല. ( എന്നെ ധാരാളം ആളുകളെക്കാൾ ശ്രേഷ്ഠമാക്കുകയും നിന്നെ പരീക്ഷിച്ച തിൽ നിന്ന് എനിക്ക് ഐശ്വര്യം നൽകുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും .) |
| 34 | വിപത്ത് ബാധിച്ചവനെ ആശ്വസിപ്പിക്കൽ | ഒരാൾ വിപത്ത് ബാധിച്ചവനെ ആശ്വസിപ്പിച്ചാൽ അവന് തുല്യ പ്രതിഫലമുണ്ട്. ഒരു സത്യവിശ്വാസി വിപത്ത് ബാധിച്ച തൻെറ സഹോദരനെ സമാധാനിപ്പിച്ചാൽ അല്ലാഹു അവന് മാന്യതയുടെ വസ്ത്രം ധരിപ്പിക്കാതിരിക്കില്ല. |
| 35 | ജനാസയെ ഖബറടക്കുവോളം അനുഗമിക്കൽ | ഒരാൾ ജനാസയെ നമസ്കരിക്കുവോളം അനുഗമിച്ചാൽ അവനൊരു ഖീറാത്ത് പ്രതിഫലമുണ്ട്. മറവ് ചെയ്യുന്നത്വരെ അനുഗമിച്ചാൽ രണ്ട് ഖീറാത്ത് പ്രതിഫലമുണ്ട്. അപ്പോൾ ചോദിക്കപ്പെട്ടു: രണ്ട് ഖീറാത്ത് എന്താണ്? അവിടന്ന് പറഞ്ഞു: രണ്ട് വലിയ പർവ്വതങ്ങൾക്ക് സമാനമായത്. ഇബ്നു ഉമർ(റ) പറഞ്ഞു: കുറെ ഖീറാത്തുകൾ നാം നഷ്ടപ്പെടുത്തിയിരിക്കുന്നു. |
| 36 | പള്ളി നിർമ്മാണം | ഒരാൾ അല്ലാഹുവിന് വേണ്ടി പള്ളി നിർമ്മിച്ചാൽ അതൊരു കാടയുടെ കൂട് പോലെയുള്ളതാണെങ്കിലും ശരി അല്ലാഹു അവന് വേണ്ടി സ്വർഗ്ഗത്തിൽ ഒരു ഭവനം നിർമ്മിക്കുന്നതാണ്. |
| 37 | ചെലവഴിക്കൽ | എല്ലാ ദിനവും പ്രഭാതത്തിൽ രണ്ട് മലക്കുകൾ ഇറങ്ങിവരും. അവരിലൊരാൾ പറയും: അല്ലാഹുവവെ, ധർമ്മിഷ്ഠന് നീ പകരം നൽകേണമേ! മറെറ മലക്ക് പ്രാർത്ഥിക്കും. അല്ലാഹുവെ ലുബ്ധന് നീ നാശം വരുത്തേണമേ! |
| 38 | ദാനം ചെയ്യൽ | ദാനം ചെയ്യുന്നത് ധനത്തിൽ ഒരു കുറവും വരുത്തുകയില്ല. മാപ്പ് ചെയ്യുന്നത് കൊണ്ട് ഒരാൾക്കും അല്ലാഹു ഉന്നതിയല്ലാതെ വർദ്ധിപ്പിക്കില്ല. അല്ലാഹുവിന് വേണ്ടി വിനയം പ്രകടിപ്പിക്കുന്ന ഏതൊരാൾക്കും ഉയർച്ച നൽകാതിരിക്കില്ല. ഒരു ദിർഹം ഒരു ലക്ഷത്തെ മുൻകടന്നിരിക്കുന്നു. അവർ ചോദിച്ചു: തിരുദൂതരെ, അതെങ്ങനെയാണ്? അവിടന്ന് പറഞ്ഞു: രണ്ട് ദിർഹമുണ്ടായിരുന്ന ഒരാൾ ഒരു ദിർഹം എടുക്കുകയും ഒരു ദിർഹം ദാനവും ചെയ്തു ധാരാളം ധനമുള്ള ഒരാൾ അതിൻെറ ഒരു ഭാഗത്തിൽ നിന്ന് ഒരു ലക്ഷം ദാനം ചെയതു. ഒരു മുസ്‌ലിം വല്ല മരമോ കൃഷിയോ ഉണ്ടാക്കുകയും അതിൽ നിന്ന് മോഷ്ടിക്കപ്പെടുകയോ പ ക്ഷികളോ മൃഗങ്ങളോ തിന്നുകയോ ചെയ്താലും അയാൾ ക്ക് ധർമ്മത്തിന്റെ പ്രതിഫലം എഴുതപ്പെടുന്നതാണ്. |
| 39 | നേട്ടം പ്രതീക്ഷിക്കാതെ കടം കൊടുക്കൽ | ഒരു മുസ്‌ലിം മറെറാരു മുസ്‌ലിമിന് രണ്ട് പ്രാവശ്യം കടം കൊടുത്താൽ ഒരു പ്രാവശ്യം ദാനം കൊടുത്തത് പോലെയാകാതിരിക്കില്ല. |

| | | |
|---|---|---|
| 40 | ഞെരുക്കമുള്ളവന് ആശ്വാസം ചെയ്യൽ | ജനങ്ങൾക്ക് കടം കൊടുക്കാറുണ്ടായിരുന്ന ഒരാൾ തൻെറ യുവാവിനോട് “നീ ഞെരുക്കമുള്ളവൻെറ അടുക്കൽ ചെന്നാൽ അവന് വിട്ടുകൊടുക്കണം അല്ലാഹു നമുക്കും വിട്ടുതന്നേക്കും” എന്ന് പറ യു മായിരുന്നു. അയാൾ അല്ലാഹുവിനെ കണ്ടുമുട്ടിയപ്പോൾ അല്ലാഹു അയാൾക്കും വിട്ടുകൊടുത്തു. ഞെരു ക്കമുള്ളവർക്ക് ആശ്വാസം നൽകുന്നവന് ആ കട ബാധ്യത വീട്ടുന്നവരേയും ധർമ്മത്തിന്റെ പ്രതിഫ ലം എഴുതപ്പെടും.വീട്ടിക്കഴിഞ്ഞാൽ ഇരട്ടി ദർമ്മമാ യും എഴഉതപ്പെടുന്നു. |
| 41 | അല്ലാഹുവിൻെറ മാർഗ്ഗത്തിലെ വ്രതം | ഒരാൾ ഒരു ദിനം അല്ലാഹുവിൻെറ മാർഗ്ഗത്തിലായി നോമ്പെടുത്താൽ അല്ലാഹു എഴുപത് കാതമകലെ നരകത്തിൽ നിന്ന് അവൻെറ മുഖം അകററുന്നതാണ്. |
| 42 | എല്ലാ മാസത്തിലും മൂന്ന് ദിനം, അറഫ, ആശൂറാഅ് എന്നീ ദിനങ്ങളിലെ വ്രതം | എല്ലാ മാസത്തിലും മൂന്ന് ദിനങ്ങളിലെ നോമ്പ് കാലം മുഴുവൻ നോമ്പ് ഏടുത്ത പ്രതിഫലമായി. അറഫദിനത്തെ നോമ്പിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: അത് കഴിഞ്ഞ വർഷത്തെയും വരുന്ന വർഷത്തെയും പാപങ്ങൾ പൊറുപ്പിക്കുന്ന താണ്. ആശൂറാഅ് നോമ്പിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: അത് കഴിഞ്ഞ വർഷത്തെ പാപം പൊറുപ്പിക്കുന്നതാണ്. |
| 43 | ശവ്വാലിലെ ആറ് നോമ്പ് | ഒരാൾ റമദാനും തുടർന്ന് ശവ്വാലിൽ ആറും നോമ്പ് അനുഷ്ഠിച്ചാൽ വർഷം മുഴുവൻ വ്രതമെടുത്തവനെ പോലെയായി. |
| 44 | ഇമാമോടൊപ്പം തറാവീഹ് | ഒരാൾ ഇമാമിനോടൊപ്പം വിരമിക്കുന്നത് വരെ നമസ്കരിച്ചാൽ രാത്രി മുഴുവൻ നമസ്കരിച്ചതായി കണക്കാക്കപ്പെടും. |
| 45 | റമദാനിലെ ഉംറ | റമദാനിലെ ഉംറ ഹജ്ജിന് (എന്നോടൊപ്പമുള്ള ഹജ്ജിന്) തുല്യമാണ്. റമളാനിലുള്ള ഉംറ ഒരു ഹജ്ജ് നിർവ്വഹിച്ചതിനു തുല്ല്യമാണ്. അല്ലെങ്കിൽ എന്റെ കൂടെ ഒരു ഹജ്ജ് നിർവ്വഹിച്ചതിനു തുല്ല്യമാണ്. കഅബയെ ഏഴു പ്രാവശ്യം ത്വവാഫ് ചെയ്യുകയും രണ്ടു റകഅത്ത് നമസ്കരിക്കുകയും ചെയ്യുന്നത് ഒരു അടിമയെ മോചിപ്പിക്കുന്നതിന് തുല്ല്യമാണ്. |
| 46 | സ്വീകാര്യമായ ഹജ്ജ് | വല്ലവനും ലൈംഗീക കാര്യത്തിലേർപ്പെടുകയോ തെററുകൾ പ്രവർത്തിക്കുകയോ ചെയ്യാതെ ഹജ്ജ് ചെയ്താൽ മാതാവ് പ്രസവിച്ച ദിനത്തിലെ പോലെ പരിശുദ്ധനായിതിരിച്ചു പോരും. |
| 47 | ദുൽഹജ്ജിലെ പത്ത് ദിനങ്ങളിലെ കർമ്മം | ആ പത്ത് ദിവസത്തേക്കാൾ അല്ലാഹുവിന് സൽകർമ്മങ്ങൾ കൂടു തൽ ഇഷ്ടപ്പെട്ട മറെറാരു ദിനവുമില്ല. അവർ ചോദിച്ചു അല്ലാഹു വിൻെറ മാർഗ്ഗത്തിലെ യുദ്ധത്തേക്കാളുമോ? അവിടന്ന് പറഞ്ഞു: അല്ലാഹുവിൻെറ മാർഗ്ഗത്തിലെ യുദ്ധത്തേക്കാളും. സ്വശരീരം കൊണ്ടും ധനം കൊണ്ടും യുദ്ധത്തിന് പുറപ്പെട്ട് അവയിൽ നിന്ന് ഒന്നും തിരിച്ചുകൊണ്ടുവരാൻ കഴിയാത്തവനൊഴികെ. (അങ്ങനെ രക്തസാക്ഷിയായവൻ കൂടുതൽ ഉത്തമനാണ്.) |
| 48 | ഉദ്ഹിയ്യത്ത് | സ്വഹാബികൾ ചോദിച്ചു തിരുദൂതരെ ഈ ഉദ്ഹിയ്യത്ത് എന്താണ്? അവിടന്ന് പറഞ്ഞു: നിങ്ങളുടെ പിതാവയ ഇബ്റാഹീമിൻെറ ചര്യയാ ണ്. അവർ ചോദിച്ചു: ഞങ്ങൾക്കിതിൽ എന്താണ്? അവിടുന്ന് പറഞ്ഞു: ഓരോ മുടിക്കും ഓരോ നന്മയുണ്ട്. അവർ ചോദിച്ചു: ഓരോ രോമത്തി നുമുണ്ടാ? അവിടന്ന് പറഞ്ഞു: ഓരാ രോമത്തിനും നന്മയുണ്ട് |
| 49 | പണ്ഡിതൻെറ പ്രതിഫലം | ഭക്തനേക്കാൾ പണ്ഡിതനുള്ള മഹത്വം എനിക്ക് നിങ്ങളിൽ താഴ്ന്നവനേക്കാളുള്ള മഹത്വം പോലെയാണ്. അല്ലാഹുവും മലക്കുകളും ആകാശഭൂമികളിലുള്ളവരും മാളത്തിലെ ഉറുമ്പും മത്സ്യവും വരെ ജനങ്ങൾക്ക് നന്മ പഠിപ്പിച്ചു കൊടുക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കും |
| 50 | രക്ത സാക്ഷ്യം ചോദിക്കൽ | രക്തസാക്ഷ്യം ആത്മാർത്ഥമായി ചോദിച്ചാൽ അല്ലാഹു അവനെ ശുഹദാക്കളുടെ സ്ഥാനത്ത് എത്തിക്കുന്നതാണ്. അവൻ വിരിപ്പിൽ വെച്ച് മരിച്ചാലും ശരി. |

| | | |
|---|---|---|
| 51 | **അല്ലാഹുവിനെ ഭയന്ന് കരയൽ** | രണ്ട് കണ്ണുകളെ നരകം സ്പർശിക്കുകയില്ല. അല്ലാഹുവിനെ ഭയന്ന് കരയുന്ന നേത്രവും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ഉറക്കമൊഴിച്ച് പാറാവ് നിൽക്കുന്ന നേത്രവും. |
| 52 | **അല്ലാഹുവിൽ ഭരമേൽപിക്കൽ** | നബി ﷺ ക്ക് സ്വപ്നത്തിൽ സമുദായങ്ങളെ കാണിക്കപ്പെട്ടു അവരിൽ എഴുപതിനായിരമാളുകൾ വിചാരണയും ശിക്ഷയുമില്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരാണ്. അവർ ചൂട് വെക്കുകയോ മന്ത്രിക്കാനാവശ്യപ്പെടുകയോ ശകുനം നോക്കുകയോ ചെയ്യാത്തവരും അല്ലാഹുവിൽ ഭരമേൽപിക്കുന്നവരുമാണ്. |
| 53 | **ചെറിയ കുട്ടികൾ മരിച്ചാൽ** | പ്രായപൂർത്തിയാകാത്ത മൂന്ന് കുട്ടികൾ മരണപ്പെടുന്ന ഏതൊരു മുസ്ലിമിനെയും അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കില്ല. |
| 54 | **നേത്രം നഷ്ടപ്പെട്ടാൽ** | അല്ലാഹു പറഞ്ഞു: എൻെറ അടിമയെ രണ്ട് കണ്ണുകൾ കൊണ്ട് പരീക്ഷിക്കുകയും എന്നിട്ട് അവൻ ക്ഷമിക്കുകയും ചെയ്താൽ അതിന് പകരമായി സ്വർഗ്ഗം ഞാൻ അവന് നൽകുന്നതാണ് |
| 55 | **അല്ലാഹുവിന് വേണ്ടിഉപേക്ഷിച്ചാൽ** | നീ അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ട് വല്ലതും ഉപേക്ഷിച്ചാൽ അതി നേക്കാൾ ഉത്തമമായത് അല്ലാഹു നിനക്ക് തരാതിരിക്കില്ല. |
| 56 | **നാവുംഗുഹ്യവും സൂക്ഷിച്ചാൽ** | വല്ലവനും രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും കാലുകൾക്കിടയിലുള്ളതും തെററുകളിൽ നിന്ന് സൂക്ഷിക്കുമെന്ന് എന്നോട് ജാമ്യം നിന്നാൽ അവന് സ്വർഗ്ഗത്തിന് ഞാനും ജാമ്യം നിൽക്കുന്നതാണ്. |
| 57 | **വീട്ടിൽ പ്രവേശിക്കുമ്പോഴും ആഹരിക്കുമ്പോഴും ബിസ്മി ചൊല്ലൽ** | ഒരാൾ വീട്ടിൽ പ്രവേശിച്ചു. അപ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ ഓർത്താൽ പിശാച് പറയും: നിങ്ങളുടെ അടുക്കൽ രാത്രി പാർപ്പിടവുമില്ല ഭക്ഷണവുമില്ല. അവൻ വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ പാർപ്പിടം ലഭിച്ചുവെന്ന് പിശാച് പറയും. ഭക്ഷണം കഴിക്കുമ്പോൾ അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ ഭക്ഷണവും പാർപ്പിടവും ലഭിച്ചുവെന്ന് അവൻ പറയും. |
| 58 | **ആഹാര ശേഷവും പുതുവസ്ത്രം അണിയുമ്പോഴും** | **الحَمدُ للهِ الّذي أطعَمَني هذَا ، ورَزَقَنيهِ مِنْ غَيْرِ حَوْلٍ مِني ولَا قُوَّة** അല്ലാഹുവേ, എൻെറ കഴിവോ ശേഷിയോ കൂടാതെ ഇതെനിക്ക് നൽകുകയും എന്നെ ഭക്ഷിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. എന്ന് ഭക്ഷണത്തിന് ശേഷം ഒരാൾ പറഞ്ഞാൽ അവൻെ ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.<br>**الْحَمْدُ للهِ الَّذِي كَسَانِي هَذَا . ( الثَّوْبَ ) وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةً** — എൻെറ ഒരു കഴിവും ശക്തിയും കൂടാതെ എനിക്ക് ഈ വസ്ത്രം നൽകുകയും അണിയിക്കുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും. ഇത് പുതു വസ്ത്രം ധരിക്കുമ്പോൾ പറയുക. |
| 59 | **തൊഴിലിലെ പ്രയാസം ലഘൂകരിക്കാൻ** | നബി ﷺ യോട് വേലക്കാരനെ ചോദിച്ച ഫാത്വിമ(റ)യോടും അലിയ്യി(റ) നോടും പറഞ്ഞു: നിങ്ങൾ ചോദിച്ചതിനേക്കാൾ ഉത്തമമായത് അറിയിക്കട്ടെയോ? നിങ്ങൾ കിടപ്പറയിൽ എത്തിയാൽ 34 തവണ തക്ബീറും 33 തസ്ബീഹും 33 ഹംദും ചൊല്ലുക. അതാണ് വേലക്കാരനേക്കാൾ നിങ്ങൾക്ക് ഉത്തമം. |
| 60 | **സംയോഗത്തിനു മുമ്പ്** | **بِسمِ اللهِ اللهمَّ جَنِّبْنا الشَّيطَانَ ، وجَنِّبِ الشَّيطَانَ ما رَزَقْتَنا** അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവേ പിശാചിനെ ഞങ്ങളിൽ നിന്ന് നീ അകറ്റേണമേ. ഞങ്ങൾക്ക് നൽകുന്നതിൽ നിന്നും നീ പിശാചിനെ അകറ്റേണമേ. എന്ന് ഒരാൾ ഭാര്യയെ സമീപിക്കുമ്പോൾ പറഞ്ഞാൽ അല്ലാഹു അതിൽ സന്താനത്തെ കണക്കാക്കുന്നുവെങ്കിൽ പിശാച് ആ സന്താനത്തെ ഉപദ്രവിക്കുകയില്ല. |
| 61 | **ഭർത്താവിനെ തൃപ്തിപ്പെടുത്തൽ** | ഒരു സ്ത്രീ അഞ്ച് നേരം നമസ്കരിക്കുകയും, റമദാൻ നോമ്പെടുക്കുകയും,ഗുഹ്യസ്ഥാനത്തെ സൂക്ഷിക്കുകയും, ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ ഇഷ്ടമുള്ള കവാടത്തിലൂടെ സ്വർഗ്ഗ ത്തിൽ നീ പ്രവേശിക്കുക എന്ന് അവളോട് പറയപ്പെടും. ഭർത്താവ് തൃപ്തിപ്പെട്ടവനായികൊണ്ട് |

| | | |
|---|---|---|
| | | മരിക്കുന്ന ഏതൊരു സ്ത്രീയും സ്വർഗ്ഗ ത്തിൽ പ്രവേശിക്കുന്നതാണ്. |
| 62 | കുടുംബ ബന്ധം ചേർക്കൽ | ഉപജീവനം വിശാലമാകുന്നതും ആയുസ്സ് ദീർഘിക്കുന്നതും സന്തോഷമായി കാണുന്നവൻ കുടുംബ ബന്ധം ചേർക്കട്ടേ. |
| 63 | അനാഥയെ സംരക്ഷിക്കൽ | ചൂണ്ട് വിരലും നടുവിരലും കാണിച്ചുകൊണ്ട് നബി ﷺ പറഞ്ഞു: ഞാനും യതീമിനെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇപ്രകാ രമാണ്. |
| 64 | സൽ സ്വഭാവം | സത്യവിശ്വാസി സൽസ്വഭാവം കൊണ്ട് പകലിൽ വ്രതവും രാത്രി നമസ്കാരവും നിർവ്വഹിക്കുന്നവൻെറ പദവി നേടുന്നതാണ്. നല്ല സ്വഭാവ മുള്ളവന് സ്വർഗ്ഗത്തിൻെറ ഉന്നതിയിൽ ഒരു ഭവനമുണ്ട്. |
| 65 | സൃഷ്ടിക ളോടുള്ള കാരുണ്യം | കരുണ ചെയ്യുന്ന അടിമകൾക്ക് അല്ലാഹുവും കാരുണ്യം ചെയ്യുന്നതാണ്. നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ ചെയ്യുക. എന്നാൽ ആകാശത്തിലുള്ളവൻ നിങ്ങളോടും കരുണ ചെയ്യുന്നതാണ്. |
| 66 | നന്മ കാംക്ഷിക്കുക | നിങ്ങളിലൊരാൾ സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തൻെറ സഹോദരന് ഇഷ്ടപ്പെടുന്നത് വരെ സത്യവിശ്വാസിയാവുകയില്ല. |
| 67 | ലജ്ജ | ലജ്ജ നന്മയല്ലാതെ കൊണ്ടുവരികയില്ല. ലജ്ജ ഈമാനിൽ പെട്ടതാണ്. ലജ്ജ, സുഗന്ധം പൂശൽ, ദന്ത ശുദ്ധി വരുത്തൽ, വിവാഹം ചെയ്യൽ എന്നിവ പ്രവാചകന്മാരുടെ ചര്യയിൽ പെട്ടതാണ്. |
| 68 | സലാം ആരംഭിക്കൽ | നബി ﷺ യുടെ അടുക്കൽ വന്ന ഒരാൾ അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞു. അവിടന്ന് പറഞ്ഞു: പത്ത്. പിന്നീട് വന്നയാൾ അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി എന്ന് പറഞ്ഞു. അവിടന്ന് പറഞ്ഞു: ഇരുപത്. പിന്നീട് വന്നയാൾ അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബറകാതുഹു എന്ന് പറഞ്ഞു. അവിടന്ന് പറഞ്ഞു: മുപ്പത് (നന്മകൾ). |
| 69 | ഹസ്ത ദാനം ചെയ്യൽ | രണ്ടു മുസ്ലിംകൾ കണ്ടുമുട്ടുകയും അവർ ഹസ്തദാനവും ചെയ്താൽ അവർ വേർപിരിയുന്നതിന് മുമ്പ് അവരുടെ പാപങ്ങൾ പൊറുക്കപ്പെടാതിരിക്കില്ല. |
| 70 | അഭിമാനം രക്ഷിക്കൽ | ഒരാൾ തൻെറ സഹോദരൻെറ അഭിമാനം കാത്തുരക്ഷിച്ചാൽ അല്ലാഹു അവൻെറ മുഖത്തെ നരകത്തിൽ നിന്ന് രക്ഷിക്കുന്നതാണ് |
| 71 | സജ്ജനങ്ങളോ ടൊപ്പം സ്നേ ഹിച്ചു കഴിയൽ | താങ്കൾ ആരെ സ്നേഹിക്കുന്നവോ അവരോടൊപ്പമായിരി ക്കും. അനസ് പറഞ്ഞു: ഇത് പോലെ സ്വഹാബികൾ സന്തോ ഷിച്ച മറെറാരു ഹദീസുമില്ല. |
| 72 | അല്ലാഹുവിന് വേണ്ടിസ്നേഹി ക്കുന്നവർ | അല്ലാഹു പറഞ്ഞു: എൻെറ മഹത്വം മാനിച്ചുകൊണ്ട് സ്നേഹിക്കുന്നവർക്ക് പ്രകാശത്താലുള്ള മിമ്പറുകളുണ്ട്. നബിമാരും രക്തസാക്ഷികളും അത് ആഗ്രഹിക്കുന്നതാണ്. |
| 73 | മുസ്ലിമിന് വേണ്ടിയുള്ള പ്രാർത്ഥന | പ്രവാചകൻﷺപറഞ്ഞു.ഒരാൾ തന്റെ സഹോദരന്റെ അസാന്നിദ്ധ്യത്തിൽ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥന ഉത്തരം ലഭിക്കുന്നതായി പരിഗണിക്കപ്പെടും. അപ്പോൾ അയാളുടെ തലക്കു മുകളിലുള്ള മലക്ക് ഇപ്ര കാരം പറയും ആമീൻ,നിനക്കും അപ്രകാരം ലഭിക്കട്ടെ. |
| 74 | വിശ്വാസികൾക്ക് വേണ്ടി പാപമോ ചനം തേടൽ | ഒരാൾ സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടി പാപമോചനം തേടിയാൽ അല്ലാഹു അവന് മുഴുവൻ വിശ്വാസികൾക്കും വിശ്വാസിനികൾക്കുമനുസരിച്ച് നന്മ രേഖപ്പെടു ത്തുന്നതാണ്. |
| 75 | വഴിയിലെ ഉപദ്രവം നീക്കൽ | ജനങ്ങൾക്ക് ഉപദ്രവമാകും വിധം വഴിയിലുണ്ടായിരുന്ന ഒരു വൃക്ഷം മുറിച്ചു നീക്കിയ കാരണത്താൽ സ്വർഗ്ഗത്തിൽ സഞ്ചരി ക്കുന്ന ഒരാളെ ഞാൻ കണ്ടു. |
| 76 | തർക്കവും കളവും ഉപേക്ഷിക്കൽ | തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിൻെറ മദ്ധ്യത്തിൽ ഒരു ഭവനമുണ്ടാകുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു. അവൻ പറയുന്നത് സത്യമാണെങ്കിലും ശരി. കളവ് പറയൽ ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിൻെറ മധ്യത്തിൽ ഒരു ഭവനമുണ്ടാകുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു. അവൻ പറയുന്നത് തമാശയായിട്ടാണെങ്കിലും ശരി. |

| | | |
|---|---|---|
| 77 | **കോപം ഒതുക്കൽ** | ഒരാൾ കോപിച്ചു അവനത് നടപ്പിലാക്കാൻ കഴിവുണ്ടായിരിക്കെ ക്ഷമിച്ചാൽ അന്ത്യനാളിൽ അല്ലാഹു അവനെ സൃഷ്ടികൾക്കിടയിൽ വെച്ച് വിളിക്കുകയും എന്നിട്ട് അവന് ഇഷ്ടമുള്ള ഹൂറിയെ തെരഞ്ഞെ ടുക്കാൻ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നതാണ്. |
| 78 | **പ്രശംസക്ക് വിധേയമാക്കൽ** | നിങ്ങൾ ഒരാളെ കുറിച്ച് നന്മ പ്രശംസിച്ചു പറഞ്ഞാൽ അവന് സ്വർഗ്ഗം നിർബ്ബന്ധമാകുന്നതാണ്. നിങ്ങൾ ഒരാളെ കുറിച്ച് തിന്മ പ്രശംസിച്ചു പറഞ്ഞാൽ അവന് നരകം നിർബ്ബന്ധമായി. നിങ്ങൾ അല്ലാഹുവിൻെറ ഭൂമിയിലെ സാക്ഷികളാണ്. |
| 79 | **സഹായിക്കലും എളുപ്പം ചെയ്തുകൊടുക്കലും** | സത്യവിശ്വാസിയുടെ ഇഹലോകത്തെ ഒരു പ്രയാസത്തിന് ആശ്വാസം നൽകിയാൽ അല്ലാഹു അവൻെറ പരലോകത്തെ പ്രയാസത്തിന് ആശ്വാസം നൽകുന്നതാണ്. ഞെരുക്കമുള്ളവന് എളുപ്പമാക്കിക്കൊടുത്താൽ അല്ലാഹു അവന് ഇഹത്തിലും പരത്തിലും എളുപ്പമാക്കിക്കൊടുക്കുന്നതാണ്. മുസ്ലിമിൻെറ ന്യൂനതകൾ മറച്ചുവെച്ചാൽ അല്ലാഹു ഇഹത്തിലും പരത്തിലും അവൻെറ ന്യൂനതകൾ മറച്ചുവെക്കുന്നതാണ്. ഒരു അടിമ തൻെറ സഹോദരനെ സഹായിക്കുമ്പോഴൊക്കെയും അല്ലാഹു അവനെയും സഹായിക്കുന്നതാണ്. |
| 80 | **പരലോകത്തിന് പ്രാധാന്യം നൽകൽ** | ഒരാളുടെ ഉദ്ദേശം പരലോകമായാൽ അല്ലാഹു അവൻെറ മനസ്സിൽ ഐശര്യം നൽകുകയും അവൻെറ വേർപിരിഞ്ഞ കാര്യങ്ങളെ ഒരുമിച്ചു കൂട്ടിക്കൊടുക്കുകയും ചെയ്യുന്നതാണ്. ഇഹലോകം അവഗണിക്കപ്പെട്ടതായിരിക്കെ അതവൻെറ അടുക്കലേക്ക് വരും. |
| 81 | **നീതിമാനായ ഭരണാധികാരി ,സദ്‌വൃത്തനായ യുവാവ്, പള്ളിയോട് ബന്ധം** | അല്ലാഹുവിൻെറതല്ലാത്ത മറെറാരു തണലുമില്ലാത്ത ദിനം ഏഴ് വിഭാഗങ്ങൾക്ക് അവൻ തണൽ നൽകുന്നതാണ്. 1-നീതിമാനായ ഭരണാധികാരി 2-അല്ലാഹുവിന് ആരാധന ചെയതുകൊണ്ട് വളർന്ന യുവാവ് 3-പള്ളികളുമായി ഹൃദയബന്ധമുള്ള വ്യക്തി 4-അല്ലാഹുവിൻെറ പ്രീതി ക്ക് വേണ്ടി സ്നേഹിച്ച രണ്ടാളുകൾ അവർ ഒരുമിക്കുന്നതും വേർപിരിയുന്നതും അല്ലാഹുവിന് വേണ്ടിയാണ്. 5- പദവിയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ വ്യഭിചാരത്തിന് ക്ഷണിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറഞ്ഞു കൊണ്ട് അതിൽ നിന്ന് പിന്മാറിയ വ്യക്തി 6- വലത് കൈ ചെലവഴിച്ചത് ഇടത് കൈ പോലും അറിയാതെ രഹ സ്യമായി ദാനം ചെയ്തവൻ. 7- ഏകാന്തതയിൽ അല്ലാഹുവിനെ ഓർ ത്തു കൊണ്ട് ഇരു നേത്രങ്ങളിൽ നിന്നും കണ്ണുനീർ ഒഴുക്കുന്നവൻ |
| 82 | **പാപമോചനത്തിന് തേടുക** | ആരെങ്കിലും സ്ഥിരമായി അല്ലാഹുവിനോട് പാപമോചനത്തിന് തേടുകയാണെങ്കിൽ അയാളുടെ പ്രയാസങ്ങളും ദുഖങ്ങളും അല്ലാഹു ഇല്ലാതാക്കുയും അയാൾ അറിയാത്ത രൂപത്തിൽ ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. |

# വിരോധിക്കപ്പെട്ട കാര്യങ്ങൾ

| | വിരോധിക്കപ്പെട്ടവ | നബി ﷺ പറഞ്ഞു: |
|---|---|---|
| 1 | ജനങ്ങൾ കാണാൻ വേണ്ടിയുള്ള കർമ്മം | അല്ലാഹു പറഞ്ഞു: നിങ്ങളിൽ നിന്ന് പങ്ക് ചേർക്കുന്നവരുടെ പങ്ക് ചേർക്കലിൽ നിന്ന് ഞാൻ ഐശര്യവാനാണ്. ഒരാൾ എന്നോടൊപ്പം മറ്റൊരാളെ പങ്ക്ചേർത്തുകൊണ്ട് ഒരു കർമ്മം ചെയ്താൽ അവനെയും അവൻ പങ്ക് ചേർത്തതും ഞാൻ ഉപേക്ഷിക്കും. |
| 2 | ബാഹ്യമായി നല്ലത് പ്രകടിപ്പിക്കുകയും രഹസ്യമായി തെറ്റു ചെയ്യുകയും ചെയ്യുന്നവർ. | പ്രവാചകൻ(സ) പറഞ്ഞു. എനിക്ക് ഒരു വിഭാഗത്തെ അറിയാം . അവർ ഉഹ്ദ് മലയോളം നിൻമകളുമായി അന്ത്യ ദിനത്തിൽ വരുന്നവരാണ് . എന്നാൽ അവയെല്ലാം അല്ലാഹു ധൂളികകളാക്കി പറത്തിക്കളയും . അപ്പോൾ ഥൗബാൻ(റ) ചോദിച്ചു ,പ്രവാചകരേ , അവർ ആരാണെന്ന് ഞങ്ങൾക്കു വിവരിച്ചു തന്നാലും ,എന്നാൽ അറിയാതെ അവരിൽ പെട്ടു പോകുന്നത് ഞങ്ങൾക്ക് സൂക്ഷിക്കാമല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു, അവർ നിങ്ങളുടെ സഹോദരൻമാരും നിങ്ങളുടെ കൂട്ടത്തിലും പെട്ടവർ തന്നെയാണ്. പക്ഷേ, അവർ രാത്രിയിൽ നിങ്ങൾ ചെയ്യുന്ന തെല്ലാം ചെയ്യുന്നവരായേക്കാം,എന്നാൽ അല്ലാഹു വിലക്കിയ അവന്റെ നിഷിദ്ധം ലംഘിക്കുന്ന വരത്രെ. |
| 3 | അഹങ്കാരം | മനസ്സിൽ അണുത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അഹങ്കാരമെന്നാൽ സത്യത്തെ പുഛിക്കലും ജനങ്ങളെ നിസ്സാരമായി കാണലുമാണ്. |
| 4 | വസ്ത്രം വലിച്ചിഴക്കൽ | ഉടുതുണിയോ ഷർട്ടോ, തലപ്പാവോ അഹങ്കാരത്തോടെ വലിച്ചിഴച്ചാൽ അല്ലാഹും അന്ത്യ ദിനത്തിൽ അയാളിലേക്ക് നോക്കുന്നതല്ല. |
| 5 | അസൂയ | നിങ്ങൾ അസൂയയെ സൂക്ഷിക്കുക. അത് തീ വിറക് തിന്നുന്നത് പോലെ നന്മ കളെ തിന്നുന്നതാണ്. |
| 6 | പലിശ | പലിശ തിന്നുന്നവനെയും തീററുന്നവനെയും നബി ﷺ ശപിച്ചു. ഒരു ദിർഹം പലിശ അറിഞ്ഞുകൊണ്ട് തിന്നുന്നത് മുപ്പത്തിയാറ് തവണ വ്യഭിചരിക്കുന്നതിനേക്കാൾ കഠിനമാണ്. |
| 7 | മദ്യപാനി | മദ്യപാനിയും മാരണത്തിൽ വിശ്വസിക്കുന്നവനും കുടംബ ബന്ധം മുറിക്കുന്നവനും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. |
| 8 | കളവ് പറയൽ | ജനങ്ങളെ ചിരിപ്പിക്കുവാൻ വേണ്ടി കളവ് പറയുന്നവന് നാശം. അവന് നാശം. അവന് നാശം. |
| 9 | ചാരവൃത്തി | ജനങ്ങൾ വെറുക്കുന്നവനോ അല്ലെങ്കിൽ അവർ ഓടിയകലുന്നവനോ ആയ ഒരു വ്യക്തി അവരുടെ സംസാരം ശ്രദ്ധിച്ചു കേൾക്കുകയാണെങ്കിൽ അന്ത്യനാളിൽ അവൻെറ ചെവിയിൽ ഈയ്യം ഉരുക്കിയൊഴിക്കുന്നതാണ്. |
| 10 | രൂപ മുണ്ടാക്കൽ | രൂപം വരക്കുന്നവർ അന്ത്യനാളിൽ കഠിനശിക്ഷ ലഭിക്കുന്നവരാണ്. നായയോ ചിത്രമോ ഉള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല. |
| 11 | ഏഷണി പറയൽ | ജനങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ വേണ്ടി ഏഷണി പറയുന്നവൻ സ്വർഗ്ഗ ത്തിൽ പ്രവേശിക്കുകയില്ല. |
| 12 | പരദൂഷണം പറയൽ | പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: അല്ലാഹുവിനും റസൂലിനും അറിയാം. അവിടന്ന് പറഞ്ഞു: നിൻെറ സഹോദരനെ കുറിച്ച് അവൻ വെറുക്കുന്നത് പറയലാണത്. അവർ പറഞ്ഞു: അത് എൻെറ സഹോദരനിലുള്ളതാണെങ്കിലോ? അവിടന്ന് പറഞ്ഞു: അവനിലുള്ളതാണെങ്കിൽ നീ അവനെ പററി പരദൂഷണം പറഞ്ഞു. അവനിൽ ഇല്ലാത്തതാണെങ്കിൽ അവനെ കുറിച്ച് നീ കളവ് പറഞ്ഞു. |
| 13 | ശപിക്കൽ | സത്യവിശ്വാസിയെ ശപിക്കുന്നത് അവനെ വധിക്കുന്നതിന് സമാനമാണ്. സത്യവിശ്വാസയെ ശപിക്കുന്ന് അവനെ വധിക്കുന്നതിന് തുല്യമാണ്. ( നിങ്ങൾ കാറ്റിനെ ശപിക്കരുത് , അത് നിർദ്ദേശാനുസാരം അടിച്ചു വീശുന്നതാണ്. എന്തെങ്കിലും ഒന്നിനെ ആരെങ്കിലും ശപിച്ചാൽ അത് അനിനുള്ള അർഹതയില്ലാത്തതായിരുന്നു വെങ്കിൽ ആ ശാപം അതേ വ്യക്തിയിലേക്ക് തന്നെ തിരിച്ചെത്തുന്നതാണ്. |
| 14 | രഹസ്യം പരസ്യപ്പെടുത്തൽ | അന്ത്യനാളിൽ അല്ലാഹുവിൻെറ അടുക്കൽ ജനങ്ങളിലേററവും ദുഷിച്ചവർ ഭാര്യയുമായി ലൈംഗീക ബന്ധം നടത്തുകയും എന്നിട്ട് ആ രഹസ്യം പരസ്യ പ്പെടുത്തുകയും ചെയ്യുന്നവനാണ്. |

| | | |
|---|---|---|
| 15 | അസഭ്യം പറയൽ | അസഭ്യ വാക്കുകൾ ഭയന്ന് കൊണ്ട് ജനങ്ങൾ അകററുന്ന വക്തിയാണ് അല്ലാഹുവിൻെറ അടുക്കൽ അന്ത്യനാളിൽ ഏററവും മോശമായ സ്ഥാനമുള്ളവൻ. മനുഷ്യരിൽ ഏറ്റവും പാപം വന്നുപോകു ന്നത് അവന്റെ നാക്ക് കാരണമാണ് . |
| 16 | മുസ്ലിമിനെതിരെ കുഫ്റ് ആരോപിക്കൽ | കാഫിറേ എന്ന് തൻെറ സഹോദരനെ ഒരാൾ വിളിച്ചാൽ രണ്ടിലൊ രാൾ അതുമായി തിരിച്ചുപോകുന്നതാണ്. അവൻ പറഞ്ഞത് പോലെ യാണെങ്കിൽ അത് ശരിയായിത്തീരുന്നതാണ്. അല്ലെങ്കിൽ അത് പറഞ്ഞ വനിലേക്ക് തിരിച്ച് വരുന്നതാണ്. |
| 17 | പിതൃത്വം അന്യനിലേക്ക്ചേർ ക്കൽ | ഒരാൾ അറിഞ്ഞു കൊണ്ട് തൻെറ പിതാവല്ലാത്തവരിലേക്ക് പിതൃത്വം ചേർ ക്കാൻ വാദിച്ചാൽ സ്വർഗ്ഗം അവന് നിഷിദ്ധമാണ്. തൻെറ പിതാവിനെ വെറുക്കൽ അവിശ്വാസമാണ്. |
| 18 | മുസ്ലിമിനെ ഭീതിപ്പെടുത്തൽ | ഒരു മുസ്ലിമിനെയും ഭയപ്പെടുത്തൽ മുസ്ലിമിന് അനുവദനീയമല്ല. തൻെറ സഹോദരനിലേക്ക് ആയുധം ചൂണ്ടിയാൽ അത് ഉപേക്ഷിക്കുവോളം മലക്കു കൾ അവനെ ശപിച്ചു കൊണ്ടിരിക്കും. |
| 19 | മുസ്ലിം രാജ്യത്ത് നിർഭയത്വം ലഭിച്ചവനെ വധിക്കൽ | സംരക്ഷണ കരാർ നൽകപ്പെട്ടവനെ വല്ലവനും അന്യായമായി വധി ച്ചാൽ സ്വർഗ്ഗത്തിൻെറ വാസന അവൻ അനുഭവിക്കുകയില്ല. അതിൻെറ ഗന്ധം നൂറ് വർഷത്തെ ദൂരത്ത് വെച്ച് അനുഭവിക്കാവുന്നതാണ്. |
| 20 | അല്ലാഹുവിൻെറ വലിയ്യുകളെ എതിർക്കൽ | അല്ലാഹു പറഞ്ഞു: വല്ലവനും എൻെറ വലിയ്യിനോട് ശത്രുത കാണി ച്ചാൽ അവനോട് ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നു. |
| 21 | കപട വിശ്വാസിയെ നേതാവാക്കൽ | നിങ്ങൾ കപടവിശ്വാസിയെ നേതാവെ എന്ന് വളിക്കരുത്. അങ്ങനെ അവൻ നേതാവായാൽ നിങ്ങൾ അല്ലാഹുവിനെ കോപിപ്പിച്ചവരാകും. |
| 22 | പ്രജകളെ വഞ്ചിക്കൽ | അല്ലാഹു ഒരാൾക്ക് പ്രജകളുടെ ഉത്തരവാദിത്വം നൽകുകയും എന്നിട്ട് അവരെ വഞ്ചിച്ചവനായി കൊണ്ട് അവൻ മരിക്കുകയും ചെയ്താൽ അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കാതിരിക്കില്ല. |
| 23 | അറിവില്ലാതെ മതവിധി നൽകൽ | ആരെങ്കിലും അറിവില്ലാതെ ഫത്വ കൊടുത്താൽ അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെ കുററം അവനായിരിക്കും |
| 24 | ജുമുഅ നിസ്സാരമായി ഉപേക്ഷിക്കൽ | ആരെങ്കിലും മൂന്ന് ജുമുഅ നിസ്സാരമാക്കിക്കൊണ്ട് ഉപേക്ഷിച്ചാൽ അല്ലാഹു അവൻെറ ഹൃദത്തിൽ മുദ്ര വെക്കുന്നതാണ്. ആരെങ്കിലും അസർ നമസ്കാരം ഉപേക്ഷിച്ചാൽ അയാളുടെ കർമ്മങ്ങളെല്ലാം നിഷ്ഫലമാകുന്നതാണ്.. |
| 25 | നമസ്കാരത്തിൽ വീഴ്ച വരുത്തൽ | നമ്മുടെയും അവരുടെയുമിടയിലുള്ള കരാർ നമസ്കാരമാണ്. അതിനാൽ അത് ഉപേക്ഷിക്കുന്നവൻ അവശ്വാസിയാകുന്നതാണ്. നമസ്കാരം ഉപേക്ഷി ക്കൽ ഒരാളുടെയും ശിർക്കിൻേറയുമിടയിലുള്ള വ്യത്യാസമാണ്. |
| 26 | നമസ്കരിക്കുന്ന വൻെറ മുന്നിലൂടെ നടക്കൽ | നമസ്കരിക്കുന്നവൻെറ മുന്നിലൂടെ നടക്കുന്നവൻ തനിക്കുണ്ടാവു ന്ന കുററം അറിഞ്ഞിരുന്നുവെങ്കിൽ അതിനേക്കാൾ ഉത്തമം നാൽപ്പത് ദിനം നിൽക്കലാണ്. |
| 27 | നമസ്കരിക്കുന്നവ ര ബുദ്ധിമുട്ടിക്കൽ | ഒരാൾ ഉള്ളിയോ വെളുത്തുള്ളിയോ കുർറാഥോ തിന്നാൽ അവൻ നമ്മുടെ പള്ളിയെ സമീപിക്കരുത്. ജനങ്ങൾക്ക് ഉപദ്രവമുള്ളത് കൊണ്ട് മലക്കുകൾക്കും ഉപദ്രവമുണ്ടാകുന്നതാണ്. |
| 28 | ഭൂമി കവർന്നെടുക്കൽ | ആരെങ്കിലും അക്രമമായി ഒരുചാൺ ഭൂമി കവർന്നെടുത്താൽ അല്ലാഹു അന്ത്യ നാ ളിൽ അത് ഏഴ് ഭൂമിയിൽ നിന്നായി അവൻെറ കഴുത്തിലണിയിക്കുന്ന താണ്. |
| 29 | അല്ലാഹുവിന് കോപമുള്ളത് പറയൽ | അല്ലാഹു ഒരു വിലയും കൽപിക്കാത്തതും അവന് കോപമുള്ളതുമായ വാക്ക് പറയുന്നവൻ അതിനാൽ നരകത്തിൽ എഴുപതാണ്ട് ആണ്ടു കൊണ്ടിരിക്കുന്നതാണ്. |
| 30 | അമിത സംസാരം | അല്ലാഹുവിനെ സ്മരിക്കുന്നതല്ലാത്ത സംസാരം അധികമാക്കരുത്. അത് ഹൃദയത്തിന് കാഠിന്യമുണ്ടാക്കുന്നതാണ്. |

| | | |
|---|---|---|
| 31 | സംസാരത്തിൽ അഭിനയിക്കൽ | അന്ത്യദിനത്തിൽ നിങ്ങളിൽ വെച്ച് എന്നിൽ നിന്നേററവും അകററപ്പെടു ന്നവരും കോപിക്കപ്പെടുന്നവരും അമിതമായി സംസാരിക്കുന്നവരും ജന ങ്ങളെ കുറിച്ച് കുററാരോപണം പറയുന്നവരും അഹങ്കാരി കളുമായിരി ക്കും. |
| 32 | ല്ലാഹുവിനെ സ്മരിക്കൽ | ആരെങ്കിലും ഒരു സദസ്സിൽ ഒരുമിച്ചിരിക്കുകയും എന്നിട്ട് അല്ലാഹുവിനെ സ്മരിക്കാതിരിക്കുകയും എന്റെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അത് അവർക്ക് നഷ്ടമാകാതിരിക്കുകയില്ല. അവൻ ഉദ്ദേശിച്ചാൽ ശിക്ഷിച്ചേക്കാം, അല്ലെങ്കിൽ പൊറുത്ത് കൊടുത്തേക്കാം. |
| 33 | മുസ്ലിമിനോട് വെറുപ്പ് പ്രകടിപ്പിക്കൽ | നീ നിന്റെ സഹോദരനോട് വെറുപ്പ് പ്രകടിപ്പിക്കരുത്സ. എങ്കിൽ അല്ലാഹു നിന്നെ അനുഗ്രഹിച്ചേക്കാം. |
| 34 | പിണങ്ങൽ | രു മുസ്ലിമിനും തന്റെ മുസ്ലിമായ സഹോദരനോട് മൂന്നു ദിവസത്തേക്കാൾ കൂടുൽ പിണങ്ങികഴിയാൻ പാടില്ല.അങ്ങിനെ സംഭവിക്കുകയും അയാൾ മരണപ്പെടുക യും ചെയ്യുന്നുവെങ്കിൽ അയാൾ നരകത്തിൽ പ്രവേശിക്കുന്നതാണ്. |
| 35 | പാപം ചെയ്ത് അത് പരസ്യമാക്കൽ | പാപം ചെയ്ത് അത് പരസ്യമാക്കാത്തവർക്കെല്ലാം അല്ലാഹു മാപ്പു നൽകിയേക്കാം . |
| 36 | ദുസ്വഭാവം | സുർക്ക തേനിനെ നശിപ്പിക്കുന്ന പോലെ ദുസ്വഭാവം നമ്മുടെ സൽകർമ്മങ്ങളെ നശിപ്പിച്ചേക്കാം |
| 37 | ദാനം തിരിച്ചു വാങ്ങൽ | ദാനം നൽകിയത് തിരിച്ചുവാങ്ങുന്നവൻ ഛർദ്ദിച്ചത് വീണ്ടും സ്വയം തിന്നുന്ന നായയെ പോലെയാണ്. ദാനം കൊടുക്കുകയും പിന്നീട് അത് മടക്കി വാങ്ങുകയും ചെയ്യുന്നത് ഒരാൾക്കും അനുവദനീയമല്ല. |
| 38 | അയൽവാസിയുടെ പത്നിയെ ഉപദ്രവിക്കൽ | സ്വന്തം അയൽവാസിയുടെ പത്നിയെ വ്യഭിചരിക്കുന്നത് മറ്റു പത്ത് സ്ത്രീകളെ വ്യഭിചരിക്കുന്നതിനേക്കാൾ ഗുരുതരമാണ്. ഒരാൾ പത്ത് അടിമയെ മോഷ്ടിക്കു ന്നതിനേക്കാൾ ഭയങ്കരമാണ് സ്വന്തം അയൽവാസിയുടെ വസ്തുക്കൾ മോഷ്ടി ക്കുന്നത്. |
| 39 | കാണൽ നിഷിദ്ധമാക്കപ്പെട്ടവരെ നോക്കൽ | മനുഷ്യന് വ്യഭിചാരത്തിൽ ഒരു വിഹിതം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അത് അവൻ എത്തിക്കുക തന്നെ ചെയ്യും. ഇരുനേത്രങ്ങളുടെ വ്യഭിചാരം നോട്ട മാണ്. ചെവികളുടെത് കേൾക്കലും നാവിൻെറത് സംസാരവും കയ്യിൻെറത് പിടിക്കലും കാലിൻെറത് നടത്തവുമാണ്. മനസ്സ് ഇച്ഛിക്കുകയും ആഗ്രഹി ക്കുകയും ചെയ്യുന്നു ഗുഹ്യാവയവം അത് യാഥാർത്ഥ്യമാക്കുകയോ കളവാ ക്കുകയോ ചെയ്യുന്നു. |
| 40 | അന്യസ്ത്രീകളെ സ്പർശിക്കൽ | ഒരാളുടെ തലയിൽ ഇരുമ്പു നൂൽകൊണ്ട് കുത്തുന്നതിനേക്കാൾ പാപമാണ് തനിക്ക് അനുവദിക്കപ്പെടാത്ത അന്യ സ്ത്രീകളെ സ്പർശിക്കൽ,അവിടുന്ന പറഞ്ഞു . നിശ്ചചയം ഞാൻ സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യില്ല. |
| 41 | ശിഗാർ വിവാഹം | വിവാഹമൂല്യമില്ലാതെ ഒരാൾ തൻെറ മകളെ അപരന് അയാളുടെ മകളെ തനിക്ക് വിവാഹം ചെയ്തുതരണമെന്ന് നിശ്ചയിച്ച് കൊണ്ട് വിവാഹം ചെയ്തു കൊടുക്കുന്നത് നബി ﷺ നിരോധിച്ചു. |
| 42 | നിയാഹത്ത് കരയൽ | വല്ലവനും മരണപ്പെട്ടവൻെറ പേരിൽ അവൻെറ ഗുണങ്ങൾ പറഞ്ഞു കൊണ്ട് കരഞ്ഞാൽ അക്കാരണത്താൽ അന്ത്യനാളിൽ അവൻ ശിക്ഷി ക്കപ്പെടുന്നതാണ്. മരിച്ചവൻെറ പേരിൽ കരയുന്ന കാരണത്താൽ അയാൾ ഖബറിൽ ശിക്ഷിക്കപ്പെടുന്നതാണ്. |

| | | |
|---|---|---|
| 43 | അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ | ആരെങ്കിലും അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ അവിശ്വസിച്ചു അല്ലെങ്കിൽ പങ്ക് ചേർത്തു.ആരെങ്കിലും സത്യം ചെയ്യുന്നെങ്കിൽ അല്ലാഹവെ കൊണ്ട് സത്യം ചെയ്യട്ടെ അല്ലെങ്കിൽ അവൻ മൗനം പാലിക്കട്ടെ അല്ലാഹുവിന്റെ പേരിലല്ലാതെ ആരെങ്കിലും സത്യം ചെയ്താൽ അവൻ സത്യ നിഷേധി യോ ബഹുദൈവ വിശ്വാസിയോ ആയി.ആരോങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യട്ടെ ,അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. അമാനത്ത് (വിശ്വസ്തത) യെ പിടിച്ച് സത്യം ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല. |
| 44 | കള്ളസത്യം ചെയ്യൽ | ആരെങ്കിലും വ്യാജസത്യം ചെയ്തുകൊണ്ട് മറെറാരു മുസ്‌ലിമിൻെറ ധനം പകുത്തെടുത്താൽ അവൻ അല്ലാഹുവിനെ കണ്ടെത്തുന്നത് അവ നോട് കോപമുള്ളവനായിക്കൊണ്ടാവും. |
| 45 | കച്ചവടത്തിൽ സത്യം ചെയ്യൽ | കച്ചവടത്തിൽ അമിതമായി സത്യം ചെയ്യുന്നത് സൂക്ഷിക്കുക. അത് ചരക്ക് ചെലവാക്കുന്നതും എന്നാൽ അതിൻെറ നന്മയെ ഇല്ലാതാക്കു ന്നതുമാണ്. സത്യം ചരക്ക് വിററഴിക്കുന്നതും അനുഗ്രഹത്തെ മായി ക്കുന്നതുമാണ്. |
| 46 | അമുസ്‌ലിംകളോട് സാദൃശ്യപ്പെടൽ | ഒരു ജനതയോട് സാദൃശ്യമാകുന്നവൻ അവരിൽ പെട്ടവനാണ്. നമ്മ ഉല്ലാത്തവരോട് സാദൃശ്യ പ്പെടുന്നവൻ നമ്മിൽ പെട്ടവനല്ല. |
| 47 | ഖബറിന്മേൽ നിർമ്മിക്കൽ | ഖബ്ർ കുമ്മായമിടുന്നതും അതിന്മേൽ ഇരിക്കുന്നതും അതിന്മേൽ കെട്ടി ടം നിർമ്മിക്കുന്നതും നബി ﷺ വിരോധിച്ചു. |
| 48 | വഞ്ചന | അല്ലാഹു ആദ്യകാലത്തും പിൽക്കാലത്തുമുള്ള മുഴുവനാളുകളെയും ഒരുമിച്ചു കൂട്ടുമ്പോൾ എല്ലാ ] കർ ക്കും ഓരോ പതാക ഉർത്തപ്പെടുകയും എന്നിട്ട് ഇന്ന വ്യക്തിയുടെ മകൻ ഇന്നയാളിൻെതാണിത് എന്ന് പറയപ്പെടുകയും ചെയ്യും. |
| 49 | ഖബറിന്മേൽ ഇരിക്കൽ | നിങ്ങളിലൊരാൾ തീക്കനലിൽ ഇരിക്കുകയും അത് വസ്ത്രത്തെ കരിച്ച് ദേഹത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതാണ് ഖബറിന്മേൽ ഇരിക്കുന്നതിനേക്കാൾ ഉത്തമം. |
| 50 | ആദരിക്കാനായിഎഴുന്നേറ്റു നിൽക്കൽ | തനിക്ക് വേണ്ടി മറ്റുള്ളവർ എഴുന്നേൽക്കണം എന്ന് ആരെങ്കിലും ആഗ്രഹിക്കുന്നു വെങ്കിൽ അയാൾ അയാളുടെ സീറ്റ് നരകത്തിലാണ് എന്ന് ഉറപ്പിച്ചു കൊള്ളട്ടെ. |
| 51 | ആവശ്യമില്ലാതെ യാചിക്കൽ | മൂന്നാളുകളെ കുറിച്ച് ഞാൻ സത്യം ചെയ്തു പയുന്നത് ശ്രദ്ധിച്ചു പാലിക്കുക... യാചനയുടെ കവാടം തുറക്കുന്ന ഒരാൾക്കും അല്ലാഹു ദാരിദ്ര്യത്തിൻെറ കവാടം തുറക്കാതിരിക്കില്ല. ഏതെങ്കിലും ഒരാൾ യാചനയുടെ കവാടം തുറക്കാൻശ്രമിച്ചാൽ ദാരിദ്ര്യത്തിന്റെ വാതിലുകൾ അയാൾക്ക് തുറക്കപ്പെടുന്നതാണ്. പണം സംഭരിക്കാനായി ആരെങ്കിലും ആളുകളോട് യാചിച്ചാൽ നരകാഗ്നിയാണ് അയാൾ ചോദിക്കുന്നത്.അതിനാൽ അയാൾ ചോദിക്കുകയോ ചോദിക്കാതിരി ക്കുകയോ ചെയ്യട്ടെ. |
| 52 | വില കയറ്റി പറയൽ | നാട്ടിലുള്ളവൻ ഗ്രാമത്തിലുള്ളവന് വേണ്ടി വിൽക്കുന്നത് നബി ﷺ വിരോ ധിച്ചു. നിങ്ങൾ (വഞ്ചിക്കനായി) വിലകയററി പറയരുത്. സഹോദരൻ കച്ചവടം പറഞ്ഞിരിക്കെ അത് വിൽക്കുകയും അരുത്. |
| 53 | നഷ്ടപ്പെട്ടത് പള്ളിയിൽ അന്വേഷിക്കൽ | വല്ലവനും നഷ്ടപ്പെട്ട വസ്തു പള്ളിയിൽ വെച്ച് അന്വേഷിക്കുന്നത് കേട്ടാൽ അല്ലാഹു നിനക്കത് തിരിച്ചുതരാതിരിക്കട്ടെ എന്ന് പറയുക. പള്ളി അതിന് ഉണ്ടാക്കിയതല്ല. |
| 54 | പിശാചിനെ ആക്ഷേപിക്കൽ | നിങ്ങൾ പിശാചിനെ ആക്ഷേപിക്കാതിരിക്കുക,അവന്റെ തിൻമയിൽ നിന്ന് നിങ്ങൾ കാവലിനെ ചോദിക്കുക, ഒരു സഹാബി ഇപ്രകാരം പറയുകയുണ്ടായി. ഞാന് ഒരിക്കൽ നബി(സ)യുടെ കൂടെ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ എന്റെ മൃഗത്തെ ഞാൻ ആക്ഷേപിച്ചകൊണ്ടു പറഞ്ഞു. പിശാച് നശിച്ചിരിക്കുന്നു. . അപ്പോൾ അവിടുന്നു പറഞ്ഞു. നീ അപ്രകാരം പറയരുത് .അങ്ങിനെ പറയുമ്പോൾ അത് അവന്റെ ഗർവ് വർദ്ധിപ്പിക്കുകയും വീടിനോളം അവൻ ഉയരുകയും ചെയ്യും . നീ പറയേണ്ടത് , ബിസ്മില്ലാഹ് എന്നാണ് . എങ്കിൽ അവൻ ഈച്ചയെ പ്പോലെ നിസ്സാരനാകുന്നതാണ്. |
| 55 | പനിയെ | നിങ്ങൾ പനിയെ ആക്ഷേപിക്കാതിരിക്കുക, നിശ്ചയം ഉല ഇരുമ്പിന്റെ |

| | | |
|---|---|---|
| | ആക്ഷേപി**ക്കൽ** | തുരുമ്പ് ശുദ്ധിയാക്കുന്ന പോലെ പനി മനുഷ്യ മക്കളുടെ പാപങ്ങളെ ശുദ്ധിയാക്കും. |
| 56 | **പിഴച്ച മാർഗ്ഗത്തിലേക്ക് ക്ഷണിക്കൽ** | ആരെങ്കിലും വഴികേടിലേക്ക് ക്ഷണിച്ചാൽ അവനെ പിന്തുടർന്നവരുടെ പാപത്തിന് സമാനമായത് അവനുണ്ടാകുന്നതാണ്. എന്നാൽ അവരുടെ കുററങ്ങളിൽ കുറവ് വരുത്തപ്പെടുകയുമില്ല. |
| 57 | വിരോധിക്കപ്പെട്ട കുടി | തോൽപാത്രത്തിൻെറ വായിലൂടെ കുടിക്കുന്നത് നബി ﷺ വിരോധിച്ചു. നിന്ന് കുടിക്കുന്നത് നബി ﷺ വിലക്കി. |
| 58 | സ്വർണ്ണത്തിൻെറയുംവെള്ളിയുടെയും പാത്രത്തിൽ കുടിക്കൽ | നിങ്ങൾ സ്വർണ്ണത്തിൻെറയും വെള്ളിയുടെയും പാത്രത്തിൽ കുടിക്കരുത് നേർത്തതോ കട്ടിയുള്ള തോ ആയ ഒരു പട്ടും ധരിക്കരുത്. അത് ഇഹ ലോകത്ത് അവർക്കുള്ളതും പരലോകത്ത് നിങ്ങൾക്കുള്ളതുമാണ്. |
| 59 | ഇടതു കൈകൊണ്ട് ഭക്ഷിക്കൽ. | നിങ്ങൾ ആരും തന്നെ ഇടത് കൈകൊണ്ടു തിന്നുകയും കുടിക്കുകയും ചെയ്യരുത് ,നിശ്ചയം പിശാചാണ് ഇടതു കൈകൊണ്ട് തുന്നുന്നതു കുടിക്കുന്നതും. |
| 60 | **കുടുംബ ബന്ധം മുറിക്കൽ** | കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. |
| 61 | **നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കൽ** | ഒരാളുടെ അടുക്കൽ വെച്ച് എന്നെ പറയപ്പെടുകയും എന്നിട്ട് എൻെറ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തവൻെറ മൂക്ക് മണ്ണോട് ചേരട്ടെ. ഒരാളുടെ അടുക്കൽ വെച്ച് എന്നെ പറയപ്പെടുകയും എന്നിട്ട് എൻെറ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കയും ചെയ്തവനാണ് പിശു ക്കൻ. |
| 62 | **നായയെ വളർത്തൽ** | ആരെങ്കിലും വേട്ടക്കോ കന്നുകാലികൾക്കോ വേണ്ടിയല്ലാതെ നായയെ വളർത്തിയാൽ ഓരോ ദിനവും രണ്ട് ഖീറാത്ത് വീതം അവൻെറ പ്രതിഫ ലം കുറയുന്നതാണ്. |
| 63 | മൃഗത്തെ പീഡിപ്പിക്കൽ | ഒരു സ്ത്രീ പൂച്ചയെ അത് ചാവുന്നത് വരെ കെട്ടിയിട്ടു. അതിനാൽ അവൾ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ശിക്ഷിക്കപ്പെടുയും ചെയ്തു. നിങ്ങൾ ജീവനുള്ള ഒന്നിനെയും ആയുധ പ്രയോഗത്തിനുള്ള ലക്ഷ്യമാക്കരുത്. |
| 64 | **മൃഗത്തിൽ മണി കെട്ടിതൂക്കൽ** | നായയോ മണിയോ ഉള്ള യാത്രാസംഘത്തോടൊപ്പം മലക്കുകൾ സഹവ സിക്കുകയില്ല. ൦ണി പിശാചിൻെറ വാദ്യോപകരണമാണ്. |
| 65 | അനുഗ്രഹങ്ങൾ നിഷേധിക്കുന്നവൻ | ധിക്കാരിയായ ഒരാൾക്ക് അല്ലാഹു അനുഗ്രഹം ചൊരിയുന്നതായി നീ കണ്ടാൽ അത് താൽക്കാലികം മാത്രമാണെന്ന് നീ മനസ്സിലാക്കിയാൽ മതി. പിന്നീട് അവിടുന്ന് ഇപ്രകാരം പാരായണം ചെയ്തു.( അങ്ങനെ അവരോട് ഉൽബോധിപ്പി ക്കപ്പെട്ട കാര്യങ്ങൾ അവർ മറന്നുകളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടെയും വാതിലുകൾ നാം അവർക്ക് തുറന്നുകൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു. ) |
| 66 | ഇഹ ലോകത്തിന് പ്രാധാന്യം നൽകിയാൽ | ഒരാളുടെ മുഖ്യലക്ഷ്യം ഭൗതികമായാൽ അല്ലാഹു അവൻെറ നേത്രങ്ങൾക്ക് മുന്നിൽ ദാരിദ്ര്യം നൽകുകയും അവൻെറ കാര്യങ്ങൾ ചിദ്രീകരിക്കുകയും ചെയ്യും. ഇഹലോത്ത് അവന് അല്ലാഹു വിധിച്ചതല്ലാതെ മറെറാന്നും ലഭിക്കുകയുമില്ല. |

# ശാശ്വത യാത്ര

## (സ്വർഗ്ഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക്)

﴾ സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്കു വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. ﴿

**ഖബർ:** അത് പരലോകത്തെ ആദ്യഭവനം. അവിശ്വാസിക്കും കപടവിശ്വാസിക്കും നരകക്കുഴി. സത്യവിശ്വാസിക്ക് സ്വർഗ്ഗത്തോപ്പ്. മൂത്രത്തിൽ നിന്ന് പരിശുദ്ധി പാലിക്കാതിരിക്കുക, ഏഷണി പറയുക, യുദ്ധാർജിത ധനത്തിൽ നിന്ന് വഞ്ചിച്ചെടുക്കുക, കളവ് പറയുക, നമസ്കരിക്കാതെ ഉറങ്ങുക, ഖുർആൻ ഉപേക്ഷിക്കുക, വ്യഭിചാരം, പ്രകൃതി വിരുദ്ധരതി എന്നിവ ചെയ്യുക, പലിശ തിന്നുക, കടം തിരിച്ചു നൽകാതിരിക്കുക തുടങ്ങിയ ചില പ്രത്യേക പാപങ്ങൾക്ക് ലഭിക്കുന്ന ഖബർ ശിക്ഷയെ കുറിച്ച് വന്നിട്ടുണ്ട്. നിഷ്കളങ്കമായ സൽകർമ്മങ്ങൾ, ശിക്ഷയിൽ നിന്ന് അല്ലാഹുവിനോട് അഭയം തേടൽ, സൂറത്തുൽ മുൽക് ഓതൽ പോലെയുള്ളവ കൊണ്ട് അതിൽ നിന്ന് രക്ഷ പ്രാപിക്കാം. ശഹീദ്, അതിർത്തിയിൽ കാവൽ നിൽക്കുന്നവൻ, വെള്ളിയാഴ്ച മരണപ്പെട്ടവൻ, ഉദര രോഗത്താൽ മരിച്ചവൻ തുടങ്ങിയവർ ഖബർ ശിക്ഷയിൽ നിന്ന് സംരക്ഷണം ലഭിക്കുന്നവരാണ്.

**കാഹളത്തിൽ ഊതൽ:** അത് ഇസ്റാഫീൽ എന്ന മലക്കിൻെറ ചുമതലയിലാണ്. അദ്ദേഹം ഊതാൻ വേണ്ടിയുള്ള കൽപന പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. രണ്ട് ഊത്തുണ്ട്. വിഹ്വലതയുണ്ടാക്കുന്ന ഊത്ത്. അല്ലാഹു പറഞ്ഞു: കാഹളത്തിൽ ഊതപ്പെടുന്ന ദിവസത്തെ (ഓർക്കുക). അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ഭയവിഹ്വലരായിപ്പോകും. അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. (27:87) അപ്പോൾ പ്രപഞ്ചം തകർന്നടിയുന്നതാണ്. നാൽപതിന് ശേഷം പുനരുത്ഥാനത്തിന് വേണ്ടി രണ്ടാമത് ഊതുന്നതാണ്. അല്ലാഹു പറഞ്ഞു: പിന്നീട് അതിൽ (കാഹളത്തിൽ) മറെറാരിക്കൽ ഊതപ്പെടും. അപ്പോഴതാ അവർ എഴുന്നേററ് നോക്കുന്നു. (39 : 68)

**പുനരുത്ഥാനം:** അല്ലാഹു ഒരു മഴ വർഷിപ്പിക്കും. അപ്പോൾ ചെടികൾ മുളക്കുന്നത് പോലെ ശരീരം വാൽക്കുററിയിലെ അസ്ഥിയിൽ നിന്ന് മുളക്കുന്നതാണ്. അവർ പുനഃസൃഷ്ടിക്കപ്പെട്ട ശേഷം നഗ്നരും പാദരക്ഷയില്ലാത്തവരും മരണമില്ലാത്തവരുമായിരിക്കും. അവർ മലക്കുകളെയും ജിന്നുകളെയും കാണും. ഓരോരുത്തരുടെയും പുനരുത്ഥാനം അവരുടെ കർമ്മത്തിനനുസരിച്ചായിരിക്കും.

**മഹ്ശറയിൽ സമ്മേളിക്കൽ:** വിചാരണക്ക് വേണ്ടി എല്ലാ സൃഷ്ടികളെയും ഒരുമിച്ചു കൂട്ടും. അവർ ലഹരി ബാധിച്ചവരെ പോലെ ഭയചികതരായിരിക്കും. അന്നെ ദിനത്തിന് അമ്പതിനായിരം വർഷത്തെ ദൈർഘ്യമുണ്ടാകും. അപ്പോൾ ഇഹലോക ജീവിതം ഒരു മണിക്കൂർ പോലെയായിരിക്കും. സൂര്യൻ ഒരു മൈൽ അടുത്തേക്ക് കൊണ്ടുവരപ്പെടും. ആളുകൾ കർമ്മങ്ങൾക്കനുസരിച്ച് വിയർപ്പിൽ മുങ്ങിയിരിക്കും. അന്ന് ദുർബ്ബലരും അഹങ്കാരികളും തമ്മിൽ തർക്കിക്കും. അവിശ്വാസി അവൻെറ ഖരീനുമായും പിശാചുമായും സ്വന്തം അവയവങ്ങളുമായും തർക്കിക്കും. പരസ്പരം ശപിക്കും. അക്രമി അന്ന് കൈ കടിക്കും. 70000 കണ്ണികളുള്ള നരകത്തെ വലിച്ചു കൊണ്ടുവരും. അതിൻെറ ഓരോ കണ്ണിയിലും 70000 മലക്കുകളുണ്ടാവും. അവിശ്വാസി അത് കാണുമ്പോൾ പ്രായശ്ചിത്തം നൽകാനും മണ്ണായിത്തീരാനും ആഗ്രഹിച്ചുപോകും. സകാത്ത് കൊടുക്കാത്ത പാപിയുടെ ധനം അഗ്നിയാക്കി മാററി അത് കൊണ്ട് അവന് ചൂടുവെക്കും. അഹങ്കാരികളെ ഉറുമ്പുകളെ പോലെ ഒരുമിച്ചുകൂട്ടപ്പെടും. വഞ്ചകനെയും കവർച്ചക്കാരനെയും വഷളാക്കപ്പെടും. മോഷ്ടാവ് മോഷ്ടിച്ച വസ്തുവുമായി വരും. മറച്ചുവെച്ചത് പ്രത്യക്ഷമാക്കപ്പെടും. സത്യവിശ്വാസികളായ ഭക്തർ ഭയപ്പെടേണ്ടി വരില്ല. പ്രത്യുത അവർ വാഹനത്തിലെന്ന പോലെ നടന്നു പോകുന്നതാണ്.

**ശുപാർശ:** മഹ്ശറയിൽ സൃഷ്ടികളെ വിചാരണക്കെടുക്കാൻ വേണ്ടി നബി ﷺ മാത്രം ചെയ്യുന്ന ശുപാർശയാണ് അതിലേററവും വലിയത്. സത്യവിശ്വാസികളുടെ പദവികൾ ഉയർത്താനും അവരെ നരകത്തിൽ നിന്ന് മോചിപ്പിക്കാനും വേണ്ടി നബിമാരും മററുള്ളവരും നടത്തുന്ന പൊതുവായ ശുപാർശകളുമുണ്ട്.

**വിചാരണ:** ജനങ്ങളെ അണികളായി അല്ലാഹുവിങ്കൽ പ്രദർശിപ്പിക്കപ്പെടും. അവരുടെ കർമ്മങ്ങൾ കാണിച്ച് അതെകുറിച്ച് ചോദ്യം ചെയ്യപ്പെടും. ആയുസ്സ്, യുവത്വം, അറിവ്, സമ്പത്ത്, കരാർ, കണ്ണ്, കാത്, ഹൃദയം, അനുഗ്രഹം എന്നിവയെ കുറിച്ചെല്ലാം ചോദ്യമുണ്ടാകും. അവിശ്വാസികളും കപടവിശ്വാസിളും സൃഷ്ടികൾക്ക് മുമ്പിൽ വെച്ച് വിചാരണ ചെയ്യപ്പെടുകയും അവർക്കെതിരെയുള്ള തെളിവുകൾ ഹാജറാക്കപ്പെടുകയും അവർ അധിക്ഷേപിക്കപ്പെടുകയും ചെയ്യും. ജനങ്ങൾ, ഭൂമി, ദിവസങ്ങൾ, മലക്കുകൾ, അവയവങ്ങൾ എന്നിവയൊക്കെ അവിടെ സാക്ഷ്യം വഹിക്കും. കുററം സ്ഥിരപ്പെടുകയും അവർ സമ്മതിക്കുന്നതുമാണ്. അല്ലാഹു സത്യവിശ്വാസിയുമായി തനിച്ചാവുകയും അവൻെറ പാപങ്ങൾ സ്ഥിരീകരിക്കുകയും താൻ പരാജയപ്പെട്ടുവെന്ന് അവൻ വിചാരിക്കുകയും ചെയ്യും. അപ്പോൾ അല്ലാഹു അവനോട് പറയും: ഇഹലോകത്ത് വെച്ച് നിൻെറ കുററങ്ങൾ ഞാൻ മറച്ചുവെച്ചു. ഇന്നിതാ നിനക്ക് ഞാൻ പൊറുത്തു തരുന്നു". ആദ്യം വിചാരണ ചെയ്യപ്പെടുന്നത് മുഹമ്മദ് നബി ﷺ യുടെ സമുദായമാണ്. വിചാരണക്ക് വിധേയമാകുന്ന പ്രഥമ കർമ്മം നമസ്കാരവും ആദ്യം തീർപ്പ് കൽപിക്കുന്ന വിഷയം കൊലപാതകവുമാണ്.

**ഗ്രന്ഥങ്ങൾ:** ശേഷം കർമ്മരേഖ എല്ലാവർക്കും നൽകപ്പെടും.അത് സത്യ വിശ്വാസിക്ക് വലതുകൈയ്യിലും അവിശ്വാസിക്കും കപടവിശ്വാസിക്കും പിന്നിലൂടെ ഇടതുകൈയ്യിലുമാണ് ലഭിക്കുക. ചെറുതോ വലുതോ ആയ ഒരു കാര്യവും കൃത്യമായി രേഖപ്പെടുത്താതെ അത് വിട്ടുകളയുകയില്ല.

**മീസാൻ:** ശേഷം കർമ്മങ്ങൾക്ക് പ്രതിഫലം നൽകുവാനായി അത് തൂക്കപ്പെടും. അതിനായി രണ്ട് തട്ടുള്ള സൂക്ഷ്മവും യാഥർത്ഥ രൂപത്തിലുള്ളതുമായ തുലാസ്സുണ്ടായിരിക്കും. മതനിയമങ്ങൾ പ്രകാരം അല്ലാഹുവിന് വേണ്ടി ആത്മാർത്ഥമായി ചെയ്ത കർമ്മങ്ങൾക്കാണ് അതിൽ ഭാരമുണ്ടാവുക. അതിൽ പെട്ടതാണ് ലാഇലാഹ ഇല്ലല്ലാഹു .. . അൽ ഹംദുലില്ലാഹി, സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അദീം, സൽസ്വഭാവം തുടങ്ങിയവ. ജനങ്ങൾ നന്മകളും തിന്മകളും കൊടുത്തും വാങ്ങിയും പരസ്പരമുള്ള ബാദ്ധ്യതകൾ അവിടെ വെച്ച് തീർക്കുന്നതാണ്.

**ഹൗദ്:** ശേഷം സത്യവിശ്വാസികൾ ഹൗദുൽ കൗസറിലേക്ക് ചെന്ന് വെള്ളം കുടിക്കും. അത് കുടിച്ചാൽ പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. അത് ഓരോ നബിമാർക്കുമുണ്ട്. അതിലേററവും വലുത് മുഹമ്മദ് നബി ﷺ ക്കുള്ളതാണ്. അതിലെ ജലം പാലിനേക്കാൾ വെളുത്തതും തേനിനേക്കാൾ മധുരമുള്ളതും കസ്തൂരിയേക്കാൾ സുഗന്ധമുള്ളതുമാണ്. അതിൽ നക്ഷത്രത്തിൻെറ എണ്ണത്തിന് സമാനം സ്വർണ്ണത്തിൻെറയും വെള്ളിയുടെയും പാത്രങ്ങളുണ്ട്. അതിൻെറ നീളം ജോർഡാനിലെ അയ്ല മുതൽ അദൻ വരെയുണ്ട്. അതിലേക്ക് ജലമെത്തുന്നത് കൗസർ നദിയിൽ നിന്നാണ്.

**പരീക്ഷണം:** മഹ്ശറയിൽ അവസാനം അവിശ്വാസികൾ തങ്ങളുടെ ആരാധ്യന്മാരെ അനുഗമിക്കും. അങ്ങനെ ആട്ടിൻ പററങ്ങളെ പോലെ സംഘങ്ങളായി അവരെ മുഖം കുത്തിയവരായും കാലുകളിലായും കൊണ്ട് നരകത്തിലെത്തിക്കും. പിന്നീട് മഹ്ശറയിൽ അവശേഷിക്കുക സത്യവിശ്വാസികളും കപടവിശ്വാസികളും മാത്രമാണ്. അല്ലാഹു അവരുടെ അടുക്കൽ വന്നു ചോദിക്കും നിങ്ങൾ എന്താണ് പ്രതീക്ഷിച്ചിരിക്കുന്നത്?. അവർ പറയും: ഞങ്ങളുടെ റബ്ബിനെ കാത്തിരിക്കുകയാണ്. അപ്പോൾ അല്ലാഹു തൻെറ കണങ്കാൽ വെളിവാക്കും. അതിനാൽ അവനെ അവർ തിരിച്ചറിയും. അപ്പോൾ അവർ സുജൂദിൽ വീഴും. എന്നാൽ കപടവിശ്വാ സികൾക്ക് അത് ചെയ്യാൻ സാധിക്കുകയില്ല. അല്ലാഹു പറഞ്ഞു: "കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കു കയില്ല"(68:42). പിന്നീട് അവർ അല്ലാഹുവിനെ അനുഗമിക്കും. പാലം സ്ഥാപിക്ക പ്പെടും. വിശ്വാസികൾക്ക് പ്രകാശം നൽകുകയും കപടന്മാരുടെത് അണച്ചുകളയു കയും ചെയ്യും.

**സ്വിറാത്ത്:** അത് നരകത്തിൻെറ മീതെ സ്ഥാപിക്കപ്പെടുന്ന പാലമാണ്. സത്യ വിശ്വാസികൾ അതിലൂടെ സ്വർഗ്ഗത്തിലേക്ക് കടന്നുപോകും. നബി ﷺ അതിനെ വിശേഷിപ്പിച്ചു: "അത് വഴുക്കലുള്ളതും തെന്നിപോവുന്നതുമാണ്. അതിൽ സഅ്ദാൻ മുള്ള് പോലെയുള്ള കൊളുത്തുകളും റാഞ്ചിയെടുക്കുന്ന കോലുകളുമുണ്ട്. മുടിയേക്കാൾ നേരിയതും വാളിനേക്കാൾ മൂർച്ചയേറിയതുമാണ്."(മുസ്ലിം) അവിടെ വെച്ച് സത്യവിശ്വാസികൾക്ക് കർമ്മത്തിൻെറ തോതനുസരിച്ച് പ്രകാശം നൽകപ്പെടും. പർവ്വതങ്ങൾ പോലെ ഉയർന്ന പ്രകാശമുള്ളവരും കാലിൻെറ പെരു വിരലിൽ മാത്രം പ്രകാശമുള്ള താഴെ നിലവാരത്തിലുള്ളവരും അവരിലുണ്ടാകും. അവർ കണ്ണിമ വെട്ടുന്നത് പോലെ, മിന്നൽ വേഗത്തിൽ, കാററിനെ പോലെ, പറവകളെ പോലെ, മുന്തിയ കുതിരകളെ പോലെ, വാഹനത്തിൽ യത്ര ചെയ്യുന്നവരെ പോലെ വ്യത്യസ്ത വേഗതകളിൽ അതിലൂടെ കടന്നുപോകും.(അവരിൽ സുരക്ഷിതമായി രക്ഷപ്പെടുന്നവരുണ്ട്. തടയപ്പെടുക യും വിട്ടയക്കപ്പെടുകയും ചെയ്യുന്നവരുമുണ്ട്. നരകത്തിലേക്ക് തള്ളിയിടപ്പെടുന്നവരു മുണ്ട്.) എന്നാൽ കപടവിശ്വാസികൾക്ക് പ്രകാശമുണ്ടാവുകയില്ല. അവർ തിരിച്ചുപോ വുകയും അവരുടെയും വിശ്വാസികളുടെയും ഇടയിൽ ഒരു മറ സ്ഥാപിക്കപ്പെടുക യും ചെയ്യും. അങ്ങനെ അവർ പാലം കടക്കാനുള്ള ശ്രമത്തിനിടയിൽ നരകത്തിൽ പതിക്കുന്നതാണ്.

**നരകം:** അതിൽ പ്രവേശിക്കുന്നത് അവിശ്വാസികളും ശേഷം പാപികളായ സത്യ വിശ്വാസികളും പിന്നെ കപട വിശ്വാസികളുമാണ്. ആയിരത്തിൽ 999 ആളുകൾ അതിൽ പ്രവേശിക്കും. അതിന് ഏഴ് കവാടങ്ങളുണ്ട്. അതിൻെറ ചൂട് ഇഹലോകത്തെ തീയുടെ ചൂടിനേക്കാൾ 70 ഇരട്ടിയാണ്. അവിശ്വാസിയുടെ ശരീരം ശിക്ഷ അനുഭവിക്കാൻ വേണ്ടി വലുതാക്കപ്പെടും. അപ്പോൾ ഇരു ചുമലുകൾക്കിടയിലെ അകലം മൂന്ന് ദിനത്തെ യാത്രാദൂരമുണ്ടാകും. അവൻെറ അണപ്പല്ല് ഉഹ്ദ് പർവ്വതം പോലെയായിരിക്കും. ചർമ്മത്തിന് കട്ടി നൽകുകയും അത് മാററിക്കൊണ്ടിരിക്കുകയും ചെയ്യും. അവർക്കുള്ള പാനീയം കുടലുകൾ മുറിഞ്ഞു പോകുന്ന കഠിന ചൂടുള്ള വെള്ളമാണ്. ഭക്ഷണമാകട്ടെ സഖൂം, ഗിസ്ലീൻ, സ്വരീദ് എന്നിവയാണ്. ഏററവും കുറഞ്ഞ ശിക്ഷ ലഭിക്കുന്നത് പാദങ്ങൾക്കടിയിൽ രണ്ട് തീക്കനൽ വെക്കപ്പെടുകയും തന്മൂലം തലച്ചോറ് തിളച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവനാണ്. ചർമ്മങ്ങൾ വെന്തെരിയുക, ഉരുകുക, കരിഞ്ഞുപോവുക, വലിച്ചിഴക്കപ്പെടുക എന്നിവ അവിടെയുണ്ടാകും. ചങ്ങലകളും വിലങ്ങുകളും അതിലുണ്ട്. അത് അത്യധികം ആഴമേറിയതാണ്. അതിലേക്ക് ഒരു കുട്ടിയെ ഇട്ടാൽ അടിത്തട്ടിലേക്ക്

എത്തുമ്പോഴേക്കും എഴുപത് വർഷം പിന്നിട്ടിരിക്കും. അതിലെ വിറക് അവിശ്വാസികളും കല്ലുകളുമാണ്. അതിലെ കാററ് വിഷമുള്ളതും കരിമ്പുക നിറഞ്ഞതുമാണ്. വസ്ത്രം അഗ്നിയുടെതാണ്. അത് എല്ലാത്തിനെയും തിന്നു നശിപ്പിക്കും. ഒന്നിനെയും അവശേഷിപ്പിക്കില്ല. അത് കോപിക്കുകയും കത്തിജ്വലിക്കുന്ന ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യും. അതിൻെറ ജ്വാല ചർമ്മങ്ങളെ കരിച്ചു അസ്ഥികളിലേക്കും ഹൃദയത്തിലേക്കുമെത്തുന്നതാണ്.

**ഖൻത്വറത്:** നബി ﷺ പറഞ്ഞു: "സത്യവിശ്വാസികൾ നരകത്തിൽ നിന്ന് മോചിതരാകും. സ്വർഗ്ഗത്തിൻെറയും നരകത്തിൻെറയും ഇടയിലുള്ള ഒരു പാലത്തിൽ അവരെ തടഞ്ഞുനിർത്തപ്പെടുകയും ഇഹലോകത്ത് വെച്ച് ചെയ്ത അക്രമങ്ങളുടെ പേരിലുള്ള പ്രതിക്രിയ അവിടെ വെച്ച് നടപ്പിലാക്കപ്പെടുകയും ചെയ്യും. അങ്ങനെ ശുദ്ധീകരണവും സംസ്കരണവും കഴിഞ്ഞ ശേഷം അവർക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അനുമതി ലഭിക്കും. എൻെറ ആത്മാവിൻെറ ഉടമയായ അല്ലാഹുവിൽ സത്യം, ഇഹലോകത്ത് തങ്ങളുടെ വീട് അറിയുന്ന പോലെ അവർ സ്വർഗ്ഗത്തിലെ തങ്ങളുടെ ഭവനത്തിലേക്കുള്ള വഴിയറിയുന്നവരായരിക്കും." (ബുഖാരി)

**സ്വർഗ്ഗം:** അത് സത്യവിശ്വാസികളുടെ പാർപ്പിടമാണ്. അത് വെള്ളിയും സ്വർണ്ണവും കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. അതിലെ ചുണ്ണാമ്പുകല്ല് കസ്തൂരിയാണ്. ചരലുകൾ മുത്തും പവിഴവുമാണ്. മണ്ണ് കുങ്കുമവും. അതിന് എട്ട് കവാടങ്ങളുണ്ട്. അതിലൊന്നിൻെറ വീതി മൂന്ന് ദിനത്തെ യാത്രാദൂരമാണ്. എന്നാലും അതിൽ തിരക്ക് നിറഞ്ഞിരിക്കും. അതിൽ 100 പദവികളുണ്ട്. ഓരോ പദവികൾക്കിടയിലുമുള്ള വ്യത്യാസം ആകാശഭൂമികൾക്കിടയിലേതിന് സമാനമായിരിക്കും. അതിലേററവും ഉന്നതമായത് ഫിർദൗസാണ്. അവിടെ നിന്നാണ് സ്വർഗ്ഗത്തിലെ നദികൾ ഒഴുകുന്നത്. അതിൻെറ മീതെയാണ് അല്ലാഹുവിൻെറ അർശുള്ളത്. തേൻ, പാല്, മദ്യം, ജലം എന്നീ ഇനം നദികൾ അതിലുണ്ട്. കുഴികളില്ലാതെ ഒഴുകുന്ന ആ നദികളെ സത്യവിശ്വാസിക്ക് ഉദ്ദേശിക്കും വിധം എങ്ങോട്ടും ഒഴുക്കാൻ സാധിക്കും. അതിലെ ഫലങ്ങൾ നിത്യവും ഉണ്ടായിരിക്കുന്നതും അടുത്തതുമായിരിക്കും. അതിൽ മുത്തിൻെറ ടെൻറുണ്ട്. അതിൻെറ ഉൾഭാഗം അറുപത് മൈൽ വീതിയുള്ളതാണ്. അതിൻെറ എല്ലാ കോണുകളിലും അവന് കുടുംബമുണ്ടായിരിക്കും. സുറുമയിട്ടവരും രോമമില്ലാത്തവരുമായ സുന്ദരികളുണ്ട്. അവരിലെ യുവത്വം നശിക്കുകയില്ല. വസ്ത്രം ദ്രവിക്കുകയില്ല. മൂത്രമോ കാഷ്ടമോ മ്ളേഛതയോ അവർക്കുണ്ടാവില്ല. ചീർപ്പുകൾ സ്വർണ്ണത്തിൻെറതും വിയർപ്പ് കസ്തൂരിയുമായിരിക്കും. അതിലെ സ്ത്രീകൾ സുന്ദരികളും കന്യകകളും സമപ്രായക്കാരുമായ സൽഗുണകളായിരിക്കും. അതിലേക്ക് ആദ്യം പ്രവേശിക്കുന്നത് മുഹമ്മദ് നബിﷺയും മററു നബിമാരുമാണ്. സ്വർഗ്ഗവാസികളിൽ ഏററവും കുറഞ്ഞ പദവിയിലുള്ളവന് ലഭിക്കുന്നത് അവൻ ആഗ്രഹിക്കുന്നതും അതിൻെറ പത്തിരട്ടിയുമാണ്. അതിലെ സേവകർ വിതറിയ മുത്തുകൾ പോലെ സുന്ദരന്മാരും ശാശ്വത വാസികളുമായ കുട്ടികളാണ്. അതിൽ വെച്ച് ലഭിക്കുന്ന ഏററവും വലിയ അനുഗ്രഹം അല്ലാഹുവിനെ ദർശിക്കലും അവൻെറ തൃപ്തി നേടലും ശാശ്വത വാസവുമാണ്.

# വുദൂവിൻെറ രൂപം



വുദൂഅ് ഇല്ലാതെ നമസ്കാരം ശരിയാവുകയില്ല. അത് ശുദ്ധമായ ജലം കൊണ്ടാവുക എന്നത് അനിവാര്യമാകുന്നു. സമുദ്രം, കിണറുകൾ, അരുവികൾ, നദികൾ മുതലായവയിലെ വെള്ളം പോലെ അത് സ്വച്ഛമായ ജലമാണ്.

കുറിപ്പ് : നജസ് ചേർന്നാൽ വെള്ളം മലിനമാകുന്നതാണ്. കൂടുതൽ (സുമാർ 210 ലിററർ) വെള്ളമുണ്ടെങ്കിൽ അതിൻെറ രുചിയോ, നിറമോ, വാസനയോ മാററം വന്നാലേ മലിനമാവുകയുള്ളൂ.



വുദൂഅ് ബിസ്മി കൊണ്ടാരംഭിക്കുക. എല്ലാ വുദുവിലും കൈപടങ്ങൾ കഴുകുക എന്നത് സുന്നത്താകുന്നു. ഇത് മൂന്ന് തവണ കഴുകൽ ഉറക്കിൽ നിന്നെഴുന്നേററവന് വളരെ പ്രാധാന്യമുള്ളതാണ്.

കുറിപ്പ് : വുദൂഇൻെറ ഏത് അവയവവും മൂന്നിലധികം പ്രാവശ്യം കഴുകൽ വെറുക്കപ്പെട്ടതാണ്.



ശേഷം നിർബ്ബന്ധമായും വായിൽ വെള്ളം ഒരു തവണ കൊപ്ളിക്കുക. ഇത് മൂന്ന് പ്രാ വശ്യം ചെയ്യൽ അഭിലഷണീയമാണ്.

കുറിപ്പ് : 1. കൊപ്ളിക്കുന്ന സമയത്ത് വെറുതെ വായിൽ വെള്ളം കയറ്റുന്നത് കൊണ്ട് മതിയാവുക യില്ല. വെള്ളം വായിൽ ചുഴററി ചലിപ്പിക്കൽ അനിവാര്യമാകുന്നു. 2. പ്രസ്തുത സമയത്തിനിടയിൽ ദന്തശുദ്ധി



ശേഷം നിർബ്ബന്ധമായും മൂക്കിൽ വെള്ളം ഒരു തവണ കയറ്റി ചീററുക. അത് മൂന്ന് പ്രാവശ്യം ചെയ്യലാണ് ശ്രേഷ്ഠകരം.

കുറിപ്പ് : മൂക്കിലേക്ക് വെറുതെ വെള്ളം കടത്തിയാൽ മതിയാവുകയില്ല. അപ്പോൾ ശ്വാസം വലിച്ചു കൊണ്ട് വെള്ളം തരിമൂക്കിൽ കയററണം. മൂക്കിൽ നിന്ന് ശ്വാസം പുറപ്പെടുവിച്ച് കൊണ്ട് വെള്ളം പുറത്തേക്കെടുക്കുകയും ചെയ്യുക. ആ രൂപത്തിലേ അത്



ശേഷം മുഖം നിർബ്ബന്ധമായും ഒരു തവണ കഴുകുക. അത് മൂന്ന് പ്രാവശ്യം ചെയ്യലാണ് ശ്രേഷ്ഠകരം. ഒരു ചെവി മുതൽ മറ്റെ ചെവി വരെ വീതിയിലും സാധാരണ തല മുടി മുളക്കുന്നിടം മുതൽ താടിയെല്ല് വരെ നീളത്തിലുമാണത് നിർബ്ബന്ധമായും കഴു കേണ്ട സ്ഥലം.

കുറിപ്പ് : നേരിയതാടി തിക്കിയകററൽ നിർബ്ബന്ധമാണ്. തിങ്ങിയതാണെങ്കിൽ അത് അഭിലഷണീ യമാണ്.



ശേഷം രണ്ടു കൈകൾ വിരൽ മുതൽ മുട്ടുകളുൾപ്പെടെ ഒരു പ്രാവശ്യം കഴുകണം. അത് മൂന്ന് പ്രാവശ്യം ചെയ്യലാണ് ശ്രേഷ്ഠകരം.

കുറിപ്പ്: ഇടത്തതിനെക്കാൾ വലത്തേതിനെ മുന്തിക്കൽ സുന്നത്താണ്.



ശേഷം തല മുഴുവനായും തടവുക. തുടർന്ന് രണ്ട് ചൂണ്ടു വിരലുകൾ ചെവിക്കുള്ളിൽ പ്രവേശിപ്പിക്കുകയും പെരുവിരലുകൾ കൊണ്ട് ചെവിയുടെ പുറം ഭാഗങ്ങൾ തടവുകയും ചെയ്യുക. ഇത് രണ്ടും ഒരു പ്രാവശ്യം മാത്രം ചെയ്യുക.

കുറിപ്പ് : 1. തലയിൽ നിന്ന് തടവേണ്ട ഭാഗം മുൻഭാഗം മുതൽ പിരടി വരെയാകുന്നു. 2. തൂങ്ങിക്കിടക്കുന്ന മുടി തടവൽ നിർബ്ബന്ധമില്ല. 3. മുടിയില്ലെങ്കിൽ തലയിലെ ചർമ്മം തടവണം. 4. ചെവിയുടെയും മുടിയുടെയും ഇടയിലുള്ള വെളുത്ത ഭാഗം തലയിൽ പെട്ടതിനാൽ തടവേണ്ടതാണ്.



ശേഷം രണ്ട് കാൽപാദങ്ങൾ ഞെരിയാണിയുൾപ്പെടെ ഒരു തവണ നിർബ്ബന്ധമായും കഴുകണം. അത് മൂന്ന് പ്രാവശ്യം ചെയ്യലാണ് ശ്രേഷ്ഠകരം.

ഉണർത്തൽ 1. വുദൂവിൻെറ അവയവങ്ങൾ നാലാകുന്നു : i. വായിൽ വെള്ളം കൊപ്ളിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും, മുഖം കഴുകലും. ii. രണ്ട് കൈകൾ കഴുകുക. iii. തലയും ചെവിയും തടവുക.
വച. രണ്ടു കാൽപ്പാദങ്ങൾ ഞെരിയാണിയുൾപ്പെടെ കഴുകുക. അവയവങ്ങൾക്കിടയിൽ ക്രമം പാലിക്കൽ നിർബ്ബന്ധമാണ്. ഒന്നിനെക്കാൾ മറ്റൊന്നിനെ മുന്തിക്കൽ വുദൂവിനെ നിഷ്ഫലമാക്കും.

2. ഒരു അവയവം കഴുകിയ വെള്ളം വററുന്നതിന് മുമ്പെ അടുത്തത് കഴുകുന്ന രൂപത്തിൽ തുടർച്ച പാലിക്കൽ നിർബ്ബന്ധമാണ്.

3. വുദൂഅ് ചെയ്ത ശേഷം ഇങ്ങനെ പറയൽ സുന്നത്താണ്.

أَشْهَدُ أَن لاَّ إِلَهَ إِلاَّ الله وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ . അല്ലാഹു അല്ലാതെ ആരാധ്യനായി ആരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. നിശ്ചയം മുഹമ്മദ് ﷺ അവൻെറ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.”

# നമസ്കാരത്തിൻെറ രൂപം

■നമസ്കാരത്തിൻെറ റുക്നുകൾ മനഃപ്പൂർവ്വമോ, മറവിയാലോ ഒഴിവാക്കിയാൽ നമസ്കാരം ദുർബ്ബലപ്പെടുന്നതാണ്. ■നമസ്കാരത്തിൻെറ വാജിബുകൾ മനഃപ്പൂർവ്വം ഉപേക്ഷിച്ചാൽ നമസ് കാരം നിഷ്ഫലമാകുന്നതും മറവിയാൽ ഉപേക്ഷിച്ചാൽ മറവിയുടെ സുജൂദിലൂടെ പരിഹരിക്ക പ്പെടുന്നതുമാണ്. ■നമസ്കാരത്തിൻെറ സുന്നത്തുകൾ ഉപേക്ഷിക്കുന്നതിലൂടെ നമസ്കാരം നിഷ്ഫലമാവുകയില്ല.



**നീ നമസ്കാരിക്കാൻ ഉദ്ദേശിച്ചാൽ നേരെ നിവർന്ന് നിന്ന് അല്ലാഹു അക്ബർ എന്ന് പറഞ്ഞു കൊണ്ട് തുടങ്ങണം. ഇമാം അതും മററു തക്ബീറുകളും ഉച്ചത്തിൽ പറയണം. അല്ലാത്തവർ പതുക്കെ പറയണം. തക്ബീർ തുടങ്ങുമ്പോൾ ഇരുകൈകൾ വിരലുകൾ കൂട്ടിപ്പിടിച്ച് ചുമലിന് നേരെ ഉയർത്തണം. ഇമാമിൻെറ തക്ബീർ പൂർത്തിയായാൽ മഅ്മൂം തക്ബീർ ചൊല്ലണം.**

**കുറിപ്പ് :** പതുക്കെ ഓതേണ്ട നമസ്കാരമാണെങ്കിലും സ്വന്തത്തെ കേൾപ്പിക്കും വിധം ശബ്ദത്തിൽ നിർബ്ബന്ധമായ വാക്കുകൾ പറയൽ നിർബ്ബന്ധമാണ്.



വലതു കൈ കൊണ്ട് ഇടതു കൈയ്യിൻെറ മണികണ്ഠമോ കൈപടമോ പിടിക്കുക. അവ രണ്ടും നെഞ്ചിൽ വെക്കുക. സുജൂദിൻെറ സ്ഥാനത്ത് നോക്കുക. ശേഷം سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلَاإِلَهَ غَيْرُكَ എന്നതുപോലുള്ള സുന്നത്തിൽ വന്നിട്ടുള്ള ഏതെങ്കിലും പ്രാരംഭ പ്രാർത്ഥനകളിലൊന്ന്, ശേഷം അഊദു, ബിസ്മി എന്നിവ പതുക്കെ ചൊല്ലുക. ശേഷം ഫാതിഹ ഓതുക. ഉച്ചത്തിലോതുന്ന റക്അത്തുകളിൽ ഫാതിഹ ഓതൽ മഅ്മൂമിന് നിർബ്ബന്ധമില്ല. അത് ഇമാം ഏറെറടുക്കുന്നതാണ്. എങ്കി ലും ഇമാമിൻെറ അടക്കത്തിൽ അത് ഓതലാണ് അവന് സുന്നത്ത്. ഉച്ചത്തിൽ ഓതാത്ത നമസ്കാരത്തിൽ അവൻ അത് ഓതേണ്ടതാണ്. തുടർന്ന് സൗകര്യപ്പെട്ട സൂറത്തും ഓതുക. ഇമാം സുബ്ഹിയിലും ഇശാഇൻെറയും മഅ്രിബിൻെറയും ആദ്യ രണ്ട് റക്അത്തുകളിലും ഉച്ചത്തിലും മററുള്ളതിൽ പതുക്കെയും ഓതുക.

**കുറിപ്പ് :** മുസ്ഹഫിലെ ക്രമമനുസരിച്ച് ഓതുകയാണ് അഭിലഷണീയം. അതിന് വിപരീതം ചെയ്യുന്നത് കറാഹത്താണ്. ഒരേ സൂറത്തിലെ ആയത്തുകളോ വാക്കുകളോ ക്രമം തെററിച്ചോതുന്നത് നിഷിദ്ധമാണ്.



ശേഷം അവൻ തക്ബീർ ചൊല്ലി കൈകൾ ഉയർത്തിക്കൊണ്ട് റുകൂഅ് ചെയ്യണം. കൈകൾ രണ്ടും കാൽമുട്ടിൽ അതിനെ പിടിക്കുന്ന നിലയിലായി വെക്കണം. അപ്പോൾ വിരലുകൾ അകററിപ്പിടിക്കണം. മുതുക് പരത്തി ശരിപ്പെടുത്തുകയും തല അതിന് നേരെയാക്കുകയും വേണം. ശേഷം "സുബ്ഹാന റബ്ബിയൽ അദീം" എന്ന് മൂന്ന് പ്രാവ ശ്യം പറയുക. ഈ റുക്നോടുകൂടി ഒരു റക്അത്ത് ലഭിക്കും.

**കുറിപ്പ് :** തക്ബീറ്, സമിഅല്ലാഹു ലിമൻ ഹമിദഹു എന്നിവ ഓരോ കർമ്മത്തിലേക്കും നീങ്ങുന്ന സമയത്താണ് ചൊല്ലേണ്ടത്. മററു സമയം അതിൻെറ സ്ഥാനമല്ല. അവ മനഃപ്പൂർവ്വം താമസിപ്പിച്ചാൽ നമസ്കാരം ബാത്വിലാവുന്ന താണ്.



**ശേഷം സമിഅല്ലാഹു ലിമൻ ഹമിദഹു എന്ന് പറഞ്ഞു കൊണ്ട് തല ഉയർത്തുകയും കൈകൾ ഉയർത്തുകയും ചെയ്യുക. ശരിയായി നിന്ന് ഇങ്ങനെ ചൊല്ലുക** رَبَّنَا وَلَكَ الْحَمْدُ حَمْداً كَثِيراً طَيِّباً مُبَارَكاً فِيهِ مِلْءَ السَّمَوَاتِ وَمِلْءَ الأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ.

**കുറിപ്പ് :** റുകൂഇന് ശേഷം പൂർണ്ണമായി നിന്നിട്ടേ അത് ചൊല്ലാവൂ. അതല്ലാതെ റുകൂഇൽ നിന്നുയരുന്നതിനിടയിലല്ല അതിൻെറ സമയം.



ശേഷം തക്ബീർ ചൊല്ലി കൊണ്ട് സുജൂദിലേക്ക് പോകണം. തോൾ കൈകൾ ഇരുപാർശ്വങ്ങളിൽ നിന്നും, ഉദരം തുടകളിൽ നിന്നും, തുടകൾ കണങ്കാലിൽ നിന്നും അകററണം. കൈകൾ ചുമലിന് നേരെ വെക്കണം. കാലിൻെറയും കൈകളുടെയും വിരലുകൾ ഖിബ്ലക്ക് നേരെയാവും വിധം പാദങ്ങളും വെക്കണം. ശേഷം സുബ്ഹാന റബ്ബിയൽ അഅ്ലാ എന്ന് മൂന്ന് പ്രാവശ്യം പറയുക.

**കുറിപ്പ് :** രണ്ട് കാൽപാദങ്ങൾ, കാൽമുട്ടുകൾ, മുൻ കൈകൾ, നെററിയോടൊപ്പം മൂക്ക് എന്നീ ഏഴ് അവയവങ്ങൾ സുജൂദിൽ നിലത്ത് വെക്കൽ നിർബ്ബന്ധമാണ്. ഇതിൽ ചിലത് മനഃപൂർവ്വം വെക്കാതിരുന്നാൽ നമസ്കാരം ദുർബ്ബലമാകുന്നതാണ്.



ശേഷം തക്ബീർ ചൊല്ലി ഇരിക്കണം. സുജൂദിനിടയിൽ ഇരിക്കുന്നത് രണ്ട് രൂപത്തിലാവാം. 1- ഇടതുകാൽ പരത്തിവെച്ച് അതിന്മേൽ ഇരിക്കുകയും വലതുകാൽ നാട്ടിവെക്കുകയും അതിൻെറ വിരലുകൾ ഖിബ്'ലയിലേക്കാവും വിധം കുത്തിവെക്കുകയും വേണം. 2- **രണ്ടുകാലുകളും വിരലുകൾ ഖിബ്'ലക്കാവും വിധം നാട്ടി വെക്കു കയും മടമ്പിന്മേൽ ഇരിക്കുകയും ചെയ്യുക.**

رَبِّ اغْفِرْلِي എന്ന് മൂന്ന് തവണ പറയുക. അല്ലെങ്കിൽ മുഴുവനായും ചൊല്ലുക رَبِّ اغْفِرْلِي، وَارْحَمْني وَاجْبُرْني وَارْفَعْني وَارْزُقْني وَانْصُرْني وَاهْدِني وَعَافِني، واعف عنّي ശേഷം ആദ്യത്തേത് പോലെ രണ്ടാമത്തെ സുജൂദ് ചെയ്യുക. ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് എഴുന്നേററ് നിൽക്കുകയും രണ്ടാമത്തെ റക്'അത്ത് നമസ്കരിക്കുകയും ചെയ്യുക.

**കുറിപ്പ് :** പൂർണ്ണമായും നിന്ന ശേഷമേ ഫാതിഹ ഓതാവൂ. അതിന് മുമ്പെ ഓതിയാൽ നിറുത്തം പൂർത്തിയാക്കിയ ശേഷം ആദ്യം മുതൽ ഓതണം. ഇല്ലെങ്കിൽ നമസ്കാരം ബാത്വിലാകും.



രണ്ടാമത്തെ റക്'അത്തിലെ സുജൂദിൽ നിന്ന് വിരമിച്ചാൽ ഇഫ്തിറാ ശായി ഇരിക്കണം. വലതു കൈ വലത്തെ തുടയിലും ഇടതു കൈ ഇടത്തെ തുടയിലും വെക്കണം. അപ്പോൾ വലതുകൈയ്യിൻെറ ചെറു വിരലും മോതിര വിരലും മടക്കിപ്പിടിക്കുകയും നടുവിരലും പെരുവിര ലും വട്ടക്കണ്ണിയാക്കുകയും ചൂണ്ടുവിരൽ കൊണ്ട് സൂചിപ്പിക്കുകയും ചെയ്യണം. അതിൽ തശഹ്ഹുദ് (അത്തഹിയ്യാത്തുൽ മുബാറകാതു...) എന്നത് ചൊല്ലണം.

ശേഷം മൂന്നും നാലും റക്'അത്തുകളുള്ള നമസ് കാരത്തിൽ മൂന്നാമത്തേതിലേക്ക് തക്ബീർ ചൊല്ലി എഴുന്നേൽക്കുകയും കൈകൾ ഉയർത്തുകയും ചെയ്യണം. മുമ്പ് വിവരിച്ച പോലെ ബാക്കി പൂർത്തിയാക്കണം. പക്ഷെ ഉച്ചത്തിലോതരുത്. ഫാതിഹ മാത്രം ഓതിയാൽ മാതി.




ശേഷം മൂന്നും നാലും റക്'അത്തുകളുള്ള നമസ്കാരമാണെങ്കിൽ അ വസാനത്തെ തശഹ്ഹുദിന് വേണ്ടി തവർറുകായി ഇരിക്കുക. അതി ന് പല രൂപങ്ങളുണ്ട്. അതെല്ലാം ശരിയായതാണ്. തവർറുകിൻെറ രൂപം. 1- വലതുകാൽ നാട്ടി വെച്ച് അതിന്നടിയിലൂടെ ഇടതുകാൽ പുറപ്പെടുവിച്ച് പരത്തി വെക്കുക. ചന്തി നിലത്ത് വെച്ചിരിക്കുക. 2- അതേ രൂപം തന്നെ. പക്ഷെ വലതുകാലും പരത്തി വെക്കുക. 3- രൂപം ആദ്യ ത്തേത് പോലെ. എന്നാൽ ഇടത്കാൽ കണങ്കാലിൻെറയും തുടയു ടെയും ഇടയിൽ വെക്കുക. ഹദീസിൽ രണ്ട് തശഹ്ഹുദ് വരുന്ന നമ സ്കാരത്തിലേ തവർറുകിൻെറ ഇരുത്തമുള്ളൂ. ശേഷം അത്തഹിയ്യാത്ത് ചൊല്ലുക. ശേഷം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ... എന്ന നബി ﷺ യുടെ പേരിലുള്ള സ്വലാത്ത് ചൊല്ലുക. ശേഷം ഹദീസിൽ വന്ന പ്രാർത്ഥനകളിൽ നിന്നും അവൻ ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കൽ സുന്നത്താണ്.

അതിൽപെട്ടതാണ് താഴെയുള്ള പ്രാർത്ഥന:

أَعُوذُ بالله مِنْ عَذَابِ النّارِ وَعَذَابِ الْقَبْرِ ، وَفِتْنَةِ الْمَحْيَا وَالْمَمَاتِ ، وَفِتْنَةِ الْمَسِيحِ الدَّجَّالِ നരക ശിക്ഷയിൽ നിന്നും, ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണ ത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിൻെറ ഉപദ്രവങ്ങളിൽ നിന്നും ഞാൻ അല്ലാഹുവിനോട് രക്ഷ തേടുന്നു"



**ശേഷം രണ്ട് സലാം വീട്ടുക. ആദ്യം അസ്സലാമു അലയ്കും വറഹ്മത്തുല്ലാഹ് എന്ന് ആദ്യം വലത്തോട്ട് തിരിഞ്ഞും പിന്നെ ഇടത്തോട്ട് തിരിഞ്ഞും പറയുക. സലാമിന് ശേഷം അവിടെ ഇരുന്ന് ഹദീസിൽ വന്ന പ്രാർത്ഥനകൾ ചൊല്ലുക.**

# അറിവും കർമ്മവും

അറിവനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അത് അല്ലാഹുവിൻെറയും റസൂലിൻെറയും സത്യവിശ്വാസികളുടെയും ആക്ഷേപത്തിന് വിധേയമാണ്. അല്ലാഹു പറഞ്ഞു : സത്യവിശ്വാസികളെ നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു?. നിങ്ങൾ ചെയ്യാത്തത് പറയുന്നത് അല്ലാഹുവിങ്കൽ വലിയ കോപമുള്ള തായിരിക്കുന്നു. അബൂഹുറയ്റ ﵁ പറഞ്ഞു : കർമ്മ പഥത്തിൽ കൊണ്ടുവരാത്ത വിജ്ഞാനത്തിൻെറ ഉപമ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചെലവഴിക്കാത്ത നിക്ഷേപം പോലെയാണ്. ഫുദയ്ൽ(റ) പറഞ്ഞു : പണ്ഡിതൻ ജ്ഞാനമനുസരിച്ച് പ്രവർത്തിക്കു ന്നത്വരെ ജ്ഞാനിയായിരിക്കുന്നതാണ്. മാലിക് ബ്നു ദീനാർ പറഞ്ഞു : കർമ്മം മുഴുവൻ തെററായ ഒരു വ്യക്തിയെയും അവൻ പറയുന്നതിനെയും നീ തിരസ്കരിക്കുക."

**മുസ്ലിം സഹോദരീ സഹോദരന്മാരെ,**

ഈ ഗ്രന്ഥത്തിൻെറ വായന അല്ലാഹു താങ്കൾക്ക് എളുപ്പമാക്കിത്തരട്ടെ. തൽഫ ലമായി അതനുസരിച്ചുള്ള പ്രവർത്തനം അവശേഷിക്കുകയും ചെയ്യട്ടെ.

✱ ഖുർആനി കായത്തുകളുടെ അർത്ഥവും വിവരണവും പഠിക്കുകയും അപ്രകാരം പ്രവർത്തി ക്കുകയും ചെയ്യുന്നതിൽ താങ്കൾ അതിയായി തൽപരനാകണം. നബി ﷺ യുടെ സ്വഹാബത്ത് പത്ത് ആയത്തുകൾ ഓതികേട്ടാൽ അതിലെ വിജ്ഞാനം പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടെ അടുത്ത പത്ത് ആയത്തുകൾ പഠിച്ചിരിന്നുള്ളൂ. ഞങ്ങൾ അറിവും കർമ്മവും പഠിച്ചു എന്നായിരുന്നു അവർ പറഞ്ഞിരു ന്നത്. അത് മതം വളരെ പ്രോത്സാഹിപ്പിച്ചതുമാണ്. (ഖുർആൻ പാരായണം ചെയ്യേണ്ട യഥാർത്ഥവിധം അവർ പാരായണം ചെയ്യുന്നു.) എന്ന ആയത്തിന് ഇബ്നുഅബ്ബാസ് ﵁ വിവരണം നൽകിയത് അതിനെ യഥാർത്ഥ രൂപത്തിൽ പിൻപററുന്നു എന്നാണ്. ഫുദയ്ൽ(റ) പറഞ്ഞു: ഖുർആൻ അവതരിച്ചത് അത് കൊണ്ട് പ്രവർത്തിക്കാനാണ്. എന്നാൽ ജനങ്ങൾ കർമ്മമാക്കിയിരിക്കുന്നത് അത് പാരായണം ചെയ്യലാണ്.

✱ നബിﷺയുടെ സുന്നത്തുകളിൽ ചിലത് വിവരിച്ചല്ലോ. അതും താങ്കൾ ധൃതിയിൽ ജീവതത്തിൽ പകർത്തണം. സജ്ജനങ്ങൾ അപ്രകാരമായിരുന്നു. പഠിക്കുന്നത് പകർത്തുകയും അതിലേക്ക് മററുള്ളവരെ ക്ഷണിക്കുകയും ചെയ്യുന്നതിൽ അവർ അതീവ തൽപരരായി കൊണ്ട് മത്സരിക്കുമായിരുന്നു. നബി ﷺ പറഞ്ഞു: നിങ്ങളോട് ഞാൻ വല്ല കാര്യവും കൽപിച്ചാൽ കഴിയുന്നത്ര നിങ്ങളത് ചെയ്യുക. നിങ്ങളോട് ഞാൻ വിരോധിച്ചത് നിങ്ങൾ വർജ്ജിക്കുകയും ചെയ്യുക. (ബുഖാരി, മുസ്ലിം) അത് ലംഘിക്കുന്നതിൻെറ ഗൗരവം വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറഞ്ഞു: അവൻെറ കൽപനക്ക് വിപരീതം പ്രവർത്തിക്കുന്നവർ തങ്ങളെ പരീക്ഷണം ബാധിക്കുകയോ വേദനയേറിയ ശിക്ഷക്ക് വിധേയമാവുകയോ ചെയ്യുന്നത് ഭയപ്പെടട്ടെ.) ചില മാതൃകകൾ :

■ ഉമ്മുഹബീബ(റ) നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ രാവും പകലുമായി 12 റക്അ ത്ത് നമസ്കരിച്ചാൽ അവന് സ്വർഗ്ഗത്തിൽ ഒരു ഭവനം നിർമ്മിക്കപ്പെടും. (മുസ്ലിം) ഇതുകേട്ട ശേഷം ഞാൻ അത് ഉപേക്ഷിച്ചിട്ടില്ല എന്ന് അവർ പറഞ്ഞു.

■ ഒരു മുസ്ലിമിന് വസ്വിയ്യത്ത് ചെയ്യേണ്ട വല്ലതുമുണ്ടായിട്ട് അത് എഴുതി വെക്കാ തെ മൂന്ന് ദിവസം കഴിഞ്ഞു പോകരുത് (മുസ്ലിം) എന്ന നബിവചനം ഉദ്ധരിച്ചു കൊണ്ട് ഇബ്നുഉമർ ﵁ പറയുന്നു: നബി ﷺ ഇത് പറയുന്നത് ഞാൻ കേട്ടശേഷം വസ്വിയ്യത്ത് എഴുതി വെക്കാതെ ഒരു രാത്രിയും കഴിഞ്ഞുപോയിട്ടില്ല.

■ ഇമാം അഹ്മദ്(റ) പറഞ്ഞു: പ്രവർത്തി പഥത്തിൽ വരുത്താതെ ഒരു ഹദീസും ഞാൻ എഴുതിയിട്ടില്ല. നബി ﷺ കൊമ്പുവെക്കുകയും അബൂത്വയ്ബക്ക് ഒരു ദീനാർ നൽകു കയും ചെയ്തു എന്ന ഹദീസ് എത്തിയപ്പോൾ ഞാൻ കൊമ്പു വെക്കുകയും ഒരു ദീനാർ കൊടുക്കുകയും ചെയ്തു.

■ ഇമാം ബുഖാരി(റ) പറഞ്ഞു: പരദൂഷണം നിഷിദ്ധമാണെന്ന് അറിഞ്ഞ ശേഷം ഓരാളോടും ഞാൻ അത് പറഞ്ഞിട്ടില്ല. അത് പറഞ്ഞതിന്റെ പേരിൽ വിചാരണ ചെയ്യപ്പെടാനിടവരാതെ അല്ലാഹുവിനെ കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

■ നമസ്കരിച്ച ശേഷം ആയത്തുൽ കുർസിയ്യ് ഓതിയാൽ സ്വർഗ്ഗ പ്രവേശനത്തിൽ നിന്ന് അവനെ തടയുന്നത് മരണം മാത്രമാണ് (സുനനുൽകുബ്റാ) എന്ന് ഹദീസിലുണ്ട്. ഇബ്നുൽഖയ്യിം(റ) പറയുന്നു: മറവി പോലെയുള്ളത് കൊണ്ടല്ലാതെ ഒരു നമസ്കാരത്തിന് ശേഷവും അത് ചൊല്ലാതിരുന്നിട്ടില്ല എന്ന് ശൈഖുൽ ഇസ്ലാം ഇബ്നുതയ്മിയ്യ(റ) പറഞ്ഞ വിവരം നമുക്ക് ലഭിച്ചിട്ടുണ്ട്.

✱ വിജ്ഞാനവും കർമ്മവും തമ്മിൽ പൊരുത്തമുണ്ടായാൽ മാത്രം പോരാ അതി ലേക്ക് ക്ഷണിക്കുകയും വേണം. താങ്കൾക്ക് ലഭിച്ച ഈ മഹത്തായ അനുഗ്രഹം മററുള്ളവർക്ക് പ്രബോധനം ചെയ്യുന്നതിലൂടെ താങ്കൾക്കും അവർക്കും ലഭിക്കുന്ന പ്രതിഫലം വളരെ മഹത്തരമാണ്. അത് താങ്കൾ നഷ്ടപ്പെടുത്തരുത്. നബി ﷺ പറഞ്ഞു: ആരെങ്കിലും നന്മ അറിയിച്ചു കൊടുത്താൽ അവന് അതനുസരിച്ച് പ്രവർ ത്തിക്കുന്നവന്റെ പ്രതിഫലത്തിന് തുല്യമായതുണ്ട്. (മുസ്ലിം) "നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്. (ബുഖാരി) "എന്നിൽ നിന്ന് നിങ്ങൾ എത്തിച്ചുകൊടുക്കുക അതൊരു ആയത്തായാലും ശരി. (ബുഖാരി, മുസ്ലിം) താങ്കൾ നന്മയുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് പ്രതിഫലവും വർദ്ധിച്ചുകൊണ്ടിരിക്കും. അതിന്റെ പുണ്യം ജീവിതത്തിലും മരണാനന്തരവും ലഭിക്കുന്നതുമാണ്. നബി ﷺ പറഞ്ഞു: ഒരാൾ മരിച്ചാൽ അവന്റെ കർമ്മങ്ങളിൽനിന്ന് നിലനിൽക്കുന്ന ദാനം, ഉപകരിക്കുന്ന വജ്ഞാനം, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തനായ സന്താനം, എന്നീ മൂന്നെണ്ണം ഒഴികെയുള്ളതെല്ലാം അവസാനിക്കുന്ന താണ്. (മുസ്ലിം)

പ്രകാശത്തിലേക്ക്: ഓരോ ദിനവും പതിനേഴ് പ്രാവശ്യത്തിലധികം നാം ഫാതിഹ പാരായണം ചെയ്യുന്നു. അല്ലാഹുവിന്റെ കോപത്തിന് വിധേയവരായവരിൽ നിന്നും വഴിപിഴച്ചവരിൽ നിന്നും അതിൽ അഭയം തേടുന്നു. എന്നിട്ട് അറിവില്ലാതെ പ്രവർത്തിച്ച് കൊണ്ട് ക്രിസ്ത്യാനികളോടും പഠിച്ചത് പ്രവർത്തിക്കാതെ ജൂതന്മാരോടും നാം തുല്യരാകുന്നതെങ്ങനെയാണ്.

അല്ലാഹു നമുക്കെല്ലാം ഉപകാരപ്രദമായ വിജ്ഞാനവും സ്വീകാര്യമായ സൽകർമ്മ ങ്ങളും നൽകി അനുഗ്രഹിക്കട്ടെ. അല്ലാഹുവും റസൂലുമാണ് ഏററവും അറിയുന്ന വർ. അല്ലാഹുവിന്റെ രക്ഷയും സമാധാനവും നബിക്കും കുടുംബത്തിനും സ്വഹാബി കൾക്കുമുണ്ടാകട്ടെ.

മലയാളം

# تفسير العشر الأخير

## من القرآن الكريم